# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ആറാം സമ്മേളനം

2022 ആഗസ്റ്റ് 29, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എ. എം. ബഷീർ**

ചീഫ് എഡിറ്റർ

**ശ്രീമതി എസ്. ജയശ്രീ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

400/2023

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി,പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...83

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1029-ന്റെ തിരുത്തിയ ഉത്തരം ...487

**III. അടിയന്തരപ്രമേയം**

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി ...487

- ശ്രീ. എം. വിൻസെന്റ്

(അവതരണാനുമതി നിഷേധിച്ചു)

**IV. ശ്രദ്ധ ക്ഷണിക്കൽ**

(1) നാളികേര വിലത്തകർച്ച ...510

- ശ്രീ. സി. എച്ച്. കുഞ്ഞമ്പു

(2) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ ...513

- ശ്രീ. രമേശ് ചെന്നിത്തല

**V. സബ്മിഷൻ**

(1) ഓൺലൈൻ വായ്പാ തട്ടിപ്പ് ...521

- ശ്രീ. വി. ജോയി

(2) പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണം ...523

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

(3) പാഠ്യപദ്ധതിയിൽ നിയമപഠനം ഉൾപ്പെടുത്തൽ ...525

- ശ്രീ. വി. ആർ. സുനിൽ കുമാർ

*പേജ്*

(4) ആംബുലൻസ് സർവ്വീസുകൾക്കുള്ള പ്രവർത്തന മാർഗ്ഗരേഖ ...526

- ശ്രീ. സജി ചെറിയാൻ

(5) ഗോശ്രീ പാലങ്ങളും റോഡുകളും ഏറ്റെടുക്കൽ ...528

- ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

(6) ഏറനാട്ടിലെ റോഡ് നവീകരണം ...530

- ശ്രീ. പി. കെ. ബഷീർ

(7) പെരുവാമൂഴി-പിറവം റോഡ് പൂർത്തീകരണം ...533

- ശ്രീ. അനൂപ് ജേക്കബ്

(8) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ...534

- ശ്രീ. ടി. ജെ. വിനോദ്

(9) കണ്ണൂർ ജില്ലാ ആശുപത്രിയുടെ വികസനം ...537

- ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

(10) കുന്നംകുളം താലൂക്കാശുപത്രിയുടെ വികസനം ...540

- ശ്രീ. എ. സി. മൊയ്തീൻ

**VI. റിപ്പോർട്ടുകളുടെ സമർപ്പണം**

(1) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ടുകൾ ...542

(2) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ട് ...542

(3) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് ...542

(4) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് ...543

*പേജ്*

**VII. റൂളിംഗ്** ...543

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ നോട്ടീസുകൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

**VIII. നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും: ...545

(i) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ...545

(ii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ ...584

**അനുബന്ധം** ...642

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ആറാം സമ്മേളനം

*2022 ആഗസ്റ്റ് 29, തിങ്കൾ*

| വാല്യം 189] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 4 |
|---|---|---|

നിയമസഭ 2022 ആഗസ്റ്റ് മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I . ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ ....ചോദ്യം നമ്പർ (*61)

### വനാശ്രിത സമൂഹത്തിന്റെ സംരക്ഷണം

1 (*61) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഭൂമിയും വിഭവങ്ങളും വൻകിട കോർപ്പറേറ്റുകൾക്ക് ചൂഷണം ചെയ്യുന്നതിന് അവസരം നൽകിക്കൊണ്ട് കേന്ദ്ര വന സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സാഹചര്യം തരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ വനാശ്രിത സമൂഹത്തിന്റെ തൊഴിലും വരുമാനവും സുരക്ഷിതമാക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വനമേഖലയിലെ വിഭവശേഖരണത്തിന് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള അവകാശം നിലനിർത്തുന്നതിനും വനമേഖലയുമായി ബന്ധപ്പെട്ട അറിവുകൾ പൈതൃക സ്വത്തായിത്തന്നെ നിലനിർത്തുന്ന വിധത്തിൽ വനാശ്രിത സമൂഹത്തെ സംരക്ഷിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) ആദിവാസി ഭൂമിയും വിഭവങ്ങളും വൻകിട കോർപ്പറേറ്റുകൾക്ക് ചൂഷണം ചെയ്യുന്നതിന് അവസരം നൽകിക്കൊണ്ട് കേന്ദ്ര വനസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ല. എന്നാൽ വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്ന പുതിയ ചട്ടമാണ് 28-6-2022-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വന (സംരക്ഷണ) ചട്ടം 2022. ഈ ചട്ടത്തിന്മേൽ ആദിവാസി ഭൂമിയും വിഭവങ്ങളും ചൂഷണം ചെയ്യുന്നതിന് അവസരം നൽകുന്ന രീതിയിലുള്ള വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(ബി) വനാശ്രിത സമൂഹത്തിന്റെ തൊഴിലും വരുമാനവും സുരക്ഷിത മാക്കുന്നതിനുവേണ്ടി ആവിഷ്കരിക്കുന്നതിനുദ്ദേശിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വനങ്ങളിൽനിന്നും ലഭ്യമായ ചെറുകിട വനവിഭവങ്ങളുടെ ശേഖരണമാണ് ആദിവാസികളുടെ ജീവനോപാധിയും വരുമാനവും. 206-ലെ വനാവകാശ നിയമ (The Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act, 2006) പ്രകാരം പരമ്പരാഗതമായി വനങ്ങളിൽ ജീവിച്ചുപോരുന്നവർക്ക് വനഭൂമിക്കും വന വിഭവങ്ങൾക്കുംമേൽ നിബന്ധനകളോടുകൂടി അവകാശങ്ങൾ അംഗീകരിച്ച് കൊടുക്കുന്നുണ്ട്. വനാവകാശ നിയമത്തിലെ സാമൂഹിക അവകാശപ്രകാരം വനത്തിനുള്ളിൽനിന്നും ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നതിനും വില്പന നടത്തുന്നതിനുമുള്ള അവകാശം ആദിവാസികളിൽ നിക്ഷിപ്തമാണ്. വനമേഖലയുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പൈതൃകമായ അറിവുകൾകൂടി ഉൾകൊള്ളിച്ചാണ് വനവിഭവ ശേഖരണം, വനസംരക്ഷണം, വനപരിപാലനം എന്നിവ നടപ്പിലാക്കി വരുന്നത്. ആയതിനാൽ വനമേഖലയുമായി ബന്ധപ്പെട്ട അറിവുകൾ പൈതൃകസ്വത്തായിത്തന്നെ നിലനിർത്താൻ സാധിക്കുന്നുണ്ട്.

ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: സർ, 2006-ലെ വനാവകാശ നിയമം വളരെ പുരോഗമനപരമാണ്. വനത്തിനുള്ളിൽ അധിവസിക്കുന്ന ആദിവാസി-ദളിത് വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമിയും ജീവിതത്തിനുള്ള അവകാശവും ഉറപ്പുവരുത്തുന്നതായിരുന്നു ഈ നിയമം. എന്നാൽ പൊതുമേഖലാസ്ഥാപനങ്ങൾ, കടൽ, കൃഷിഭൂമി എന്നിവയെല്ലാം കോർപ്പറേറ്റുകൾക്ക് നൽകുന്നതിന്റെ തുടർച്ചയായി കേന്ദ്ര ഗവൺമെന്റ് പുതുതായി കൊണ്ടുവരുന്ന വനസംരക്ഷണ ചട്ടങ്ങളിലൂടെ കോർപ്പറേറ്റുകൾ വനമേഖലയിൽ നടത്തുന്ന കടന്നുകയറ്റം അനായാസമാക്കുന്നതാണ്. വനാശ്രിത സമൂഹത്തിന്റെ ഉപജീവനവും വരുമാനവും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അവരുടെ സംരക്ഷണത്തിനുവേണ്ടി സംസ്ഥാന വനം വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ?

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനാവകാശ നിയമപ്രകാരം അവിടത്തെ ജനവിഭാഗത്തിന് സഹായം നൽകുന്ന നിരവധി പദ്ധതികളെക്കുറിച്ചുള്ള വിശാദാംശങ്ങൾ ഉത്തരത്തിന്റെ (ബി) പിരിവിലെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് വനപരിപാലന/വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തൽ, നിയമാനുസൃതവും നീതിപൂർവ്വവുമായി വനവിഭവങ്ങൾ വിനിയോഗിക്കൽ, വനസംരക്ഷണം മുതലായ കാര്യങ്ങൾ ഈ കമ്മിറ്റികളിൽ നിക്ഷിപ്തമാക്കി ക്കൊണ്ടുള്ള സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, സുസ്ഥിര വനപരിപാലനം ഉറപ്പുവരുത്തുന്നതിനും വനനശീകരണം തടയുന്നതിനും വനവത്ക്കരണം വർദ്ധിപ്പിക്കുന്നതിനും വന്യജീവി ആക്രമണം തടയുന്നതിനും സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനഭൂമി വിസ്തൃതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വനത്തിനുള്ളിൽ ഉൾക്കൊള്ളുന്ന വനമല്ലാത്ത പ്രദേശങ്ങൾകൂടി വനഭൂമിയാക്കി മാറ്റുന്നതിനും അവിടെ വന്യമൃഗങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന ഫലവൃക്ഷങ്ങളുൾപ്പെടെ നട്ടുപിടിപ്പിക്കുന്നതിനുമുള്ള സംവിധാനമാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി സി. കെ. ആശ: സർ, വനപരിപാലനത്തിന് വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിശീലനം ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് വിശദമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനപാലകർക്ക് ആധുനിക സങ്കേതങ്ങളുപയോഗിച്ച് കൃത്യനിർവ്വണം ഫലപ്രദമായി നടപ്പാക്കാനുള്ള പരിശീലന പരിപാടികൾ ആരംഭിക്കുകയും അതിനാവശ്യമായ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ ആദിവാസികൾക്ക് ഭൂമിയും വീടും നൽകുന്ന നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. രേഖകളിൽ ഭൂമി ലഭിച്ചിട്ടും സ്വന്തം ഉപയോഗത്തിനും കൃഷിക്കും ഭൂമി ലഭിക്കാത്ത ആദിവാസികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി വാർത്തകളിലുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരുടെയും ഭവനരഹിതരുടെയും കാര്യം പ്രത്യേകം കണക്കിലെടുത്ത് അവർക്ക് അതിവേഗം വീടും ഭൂമിയും നൽകാനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വനം വകുപ്പുമന്ത്രിയെയും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമന്ത്രിയെയും റവന്യൂ വകുപ്പുമന്ത്രിയെയും വിളിച്ചുവരുത്തി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്നത്തെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ പട്ടികയിൽ ഈ ചോദ്യം ഉൾപ്പെട്ടിട്ടുണ്ട്. ആ ഘട്ടത്തിൽ വകുപ്പുമന്ത്രി വിശദമായ കാര്യങ്ങൾ സഭയെ അറിയിക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, 2006-ലെ വനാവകാശ സംരക്ഷണ നിയമം വളരെ പ്രധാനപ്പെട്ടതാണ്. അത് സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. വനമേഖലയിലടക്കം തൊഴിലവസരങ്ങൾ കുറയുന്നത് വനാശ്രിത സമൂഹത്തെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയ വിഷയമാണ്. വനമേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടതുണ്ട്. ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി ആദിവാസി വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് ഇക്കോ ഡെവലപ്മെന്റ് സൊസൈറ്റികൾ രൂപീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനുപുറമെ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി 500 ആദിവാസി യുവാക്കളെ പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമാവലിയനുസരിച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കാനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. അത് പൂർത്തിയാകുന്നമുറയ്ക്ക് അവർക്കെല്ലാവർക്കും ജോലി നൽകാൻ സാധിക്കുന്നതാണ്. അങ്ങനെ പടിപടിയായി പരമാവധി പേർക്ക് ജോലി നൽകാനുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ആദിവാസികളുടെ ഭൂമി ആളുകൾ വാങ്ങിക്കൂട്ടുന്ന പ്രവണത ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ആദിവാസികൾക്ക് പതിച്ചുനൽകിയ ഭൂമി 25 വർഷം കഴിഞ്ഞ് മാത്രമെ കൈമാറ്റം ചെയ്യപ്പെടാൻ പാടുള്ളൂവെന്നത് ഇപ്പോൾ 12 വർഷമാക്കി ചുരുക്കിയിരിക്കുകയാണ്. ആദിവാസികളുടെ നിഷ്കളങ്കതയും അറിവില്ലായ്മയും ചൂഷണംചെയ്ത് രേഖാമൂലവും അല്ലാതെയും ആളുകൾ വാങ്ങിക്കൂട്ടുന്ന ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിരവധി കേസ്സുകളെടുത്തിട്ടുണ്ട്. ഇനിയും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള വനഭൂമിയിലെ തോട്ടവിളകൾ സംരക്ഷിക്കുന്നതിനും അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികളാണ് വനം വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇതിന്റെ ഉത്തരം ഞാൻ മാത്രം പറഞ്ഞാൽ മതിയാകില്ല. ഇതിന് വ്യക്തമായ മറുപടി നൽകേണ്ടത് തൊഴിൽ വകുപ്പുമന്ത്രിയാണ്. തൊഴിലാളികളുടെ ആവശ്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ ആലോചനകൾ ഗവൺമെന്റ് ഇതിനോടകം നടത്തിക്കഴിഞ്ഞിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ, ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ മുഖാന്തരം ഈ മേഖലയിൽ ഇടപെട്ട് പ്രവർത്തിക്കാനുള്ള സാധ്യതകളെക്കുറിച്ച് ആരായുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, സ്വന്തം ആവാസവ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ടും അതിൽ അലിഞ്ഞുചേർന്ന് ജീവിച്ചുകൊണ്ടും മാതൃകയാകുന്ന ആദിവാസി വിഭാഗക്കാർ നേരിടുന്ന പ്രധാന വെല്ലുവിളി അവരുടെ ആശ്രയമായ വനവിഭവങ്ങളുടെ സ്ഥിരലഭ്യതയും അവയുടെ വിപണനത്തിന് നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതുമാണ്. ആദിവാസി മേഖലയിലെ സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. അവരുടെ പരമ്പരാഗത അറിവുകളും വൈദഗ്ദ്ധ്യവും ഉപയോഗപ്പെടുത്തി കുടുംബശ്രീയുമായും പട്ടികവർഗ്ഗ വകുപ്പുമായും ചേർന്ന് പുതിയ തൊഴിൽ മേഖലകളിൽ നൈപുണ്യ വികസനത്തിനായി പ്രത്യേക പദ്ധതികൾ ആദിവാസി മേഖലയിലെ സ്ത്രീകൾക്കായി ആവിഷ്കരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനം വകുപ്പ് ഇക്കാര്യത്തിൽ വനശ്രീ എന്ന പദ്ധതിയാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പും ഇക്കാര്യത്തിൽ ചില നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അടുത്ത ചോദ്യത്തിനുള്ള മറുപടിയിൽ പറയുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വനത്തിൽ ജീവിക്കുന്ന ആദിവാസികൾക്ക് വനവിഭവങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളും അനുബന്ധകാര്യങ്ങളും ചെയ്യാൻ സാധിക്കുന്നില്ല. അവർ പാരമ്പര്യമായി ചെയ്തുകൊണ്ടിരുന്ന തൊഴിലുകൂടിയാണിത്. വനാവകാശ നിയമം നിലവിൽ വന്നതോടെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ കർശന നടപടി സ്വീകരിക്കുന്ന പശ്ചാത്തലത്തിൽ പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളും വനവിഭവങ്ങൾ എടുക്കാനുള്ള അവരുടെ അവകാശങ്ങളും പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാടെന്താണ്; അവരെ സഹായിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുമോ; അതിനുള്ള നിർദ്ദേശം ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് നൽകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വനാവകാശ നിയമപ്രകാരമുള്ള ചട്ടം ലംഘിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം അക്കാര്യം ഗൗരവത്തോടെ പരിശോധിക്കുന്നതാണ്. വനാവകാശ നിയമം നിലവിലുള്ളതുകൊണ്ട് വനത്തിൽ അധിവസിക്കുന്ന ആദിവാസികൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ തടസ്സങ്ങൾ ഉണ്ടാകുന്നുവെന്നത് സത്യമാണ്. അക്കാര്യത്തിൽ കൂടുതൽ ഉദാരമായ നിലപാട് സ്വീകരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കഴിഞ്ഞ ആറുമാസമായി കാസർഗോഡിന്റെ കിഴക്കൻ മലയോര മേഖലയിൽ ഒരുകൂട്ടം ആനകൾ തമ്പടിച്ചിരിക്കുന്നതിനാൽ അവിടത്തെ കൃഷിക്കും ജനങ്ങളുടെ ജീവനും വലിയ ഭീഷണി നേരിടുകയാണ്. കാട്ടാനകളെ ഭയന്ന് ആളുകൾ കൂട്ടത്തോടെ നാടുവിടേണ്ട സ്ഥിതി വന്നിരിക്കുകയാണ്. ഇവയെ കർണ്ണാടക വനത്തിലേയ്ക്ക് അയയ്ക്കാനും തദ്ദേശവാസികൾക്കാവശ്യമായ സംരക്ഷണം നൽകാനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കാട്ടാനകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വനാവകാശ സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലല്ല നടപ്പാക്കി ക്കൊണ്ടിരിക്കുന്നത്. കാട്ടാനകളിൽനിന്ന് മനുഷ്യരെ സംരക്ഷിക്കുകയെന്നത് പ്രധാനപ്പെട്ട പ്രശ്നമെന്നനിലയ്ക്ക് അതിന് സാധ്യമായ എല്ലാ നടപടികളും നിലവിൽ സ്വീകരിച്ചുവരികയാണ്. നാട്ടിലെ കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്ന നടപടിയിൽ പുരോഗതിയുണ്ടായിട്ടുണ്ട്. പക്ഷെ അവയുടെ തിരിച്ചുള്ള ആക്രമണം ഇരട്ടിയായി വർദ്ധിച്ച സാഹചര്യത്തിൽ ഫലപ്രദമായ പ്രതിരോധ നടപടി സ്വീകരിക്കുകയെന്ന മാർഗ്ഗമാണുള്ളത്. പ്രസ്തുത നടപടി സാമ്പത്തിക ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, വനത്തിനുള്ളിൽ ജീവിക്കുന്ന ആദിവാസി സമൂഹങ്ങൾക്ക് വൈദ്യുതി ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് വളരെയേറെ ചെലവ് വരുന്നുണ്ട്. അവരുടെ വനാശ്രിത ജീവിതം നഷ്ടപ്പെടുത്താതെതന്നെ വനപ്രാന്തങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കാനുള്ള ചില പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിരുന്നു. അവയുടെ പുരോഗതി വിശദമാക്കാമോ; അതിനോട് സഹകരിക്കാൻ ആദിവാസി സമൂഹം തയ്യാറാകുന്നുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അത്തരം നടപടി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വേഗത ശക്തിപ്പെടുത്താനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, അതിരപ്പിള്ളി, വാഴച്ചാൽ എന്നീ പ്രദേശങ്ങളിലെ വനമേഖലയിൽ പതിനഞ്ചോളം ആദിവാസി ഊരുകളാണുള്ളത്. ആദിവാസികൾ വന്യമൃഗങ്ങളോട് മല്ലിട്ട് കൃഷി ചെയ്തുണ്ടാക്കുന്ന അവരുടെ ഗുണമേന്മയുള്ള വനവിഭവങ്ങൾ അവർക്ക് മദ്യം നൽകിയും ഉയർന്ന പലിശയ്ക്ക് പണം കടം കൊടുത്തും ഇടനിലക്കാർ ചൂഷണം ചെയ്യുന്ന അവസ്ഥയാണുള്ളത്. അവരുടെ ഉന്നമനത്തിനായി രൂപീകരിച്ച ഷോളയാർ ഗിരിജൻ സൊസൈറ്റിയുടെ പ്രവർത്തനം കഴിഞ്ഞ എട്ടുവർഷമായി നിലച്ചിരിക്കുകയാണ്. സൊസൈറ്റിയുടെ കീഴിലുള്ള 210 ഏക്കർ ഭൂമി നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ അടിയന്തരമായി ഇടപെട്ട് അവരുടെ ഉന്നമനത്തിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ മേഖലയിൽ ഇപ്പോൾത്തന്നെ സർക്കാർ ഇടപെട്ടുകഴിഞ്ഞിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചില നടപടി ഇതിനോടകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അവരുടെ സംരക്ഷണം എല്ലാവർക്കും ഒരുപോലെ താൽപ്പര്യമുള്ളതിനാൽ അതിനാവശ്യമായ പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തുന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, വന്യമൃഗശല്യം വളരെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വനമേഖലയുമായി ബന്ധപ്പെട്ട് ജനവാസ മേഖലകളിൽ ഫെൻസിംഗ്, കിടങ്ങുകൾ തുടങ്ങിയ പ്രതിരോധ സംവിധാനങ്ങൾ ഒരുക്കി വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള സംരക്ഷണ സംവിധാനങ്ങൾ ഒരുക്കാൻ സാധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത്തരം മേഖലകളിൽ പ്രതിരോധ പ്രവർത്തനങ്ങൾ മാത്രമെ നടത്താൻ കഴിയുകയുള്ളൂ. ട്രഞ്ച് കുഴിക്കുക, ഫെൻസിംഗുകളും മതിലുകളും നിർമ്മിക്കുക തുടങ്ങിയ കാര്യങ്ങൾ ഓരോ വർഷത്തേയും സാമ്പത്തികസ്ഥിതിക്കനുസരിച്ച് മാത്രമെ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഈ വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി അങ്ങയുടെ നിയോജകമണ്ഡലത്തിലെ പ്രദേശങ്ങളിലും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## 2019-ലെ ബഫർ സോൺ ഉത്തരവ് പിൻവലിക്കാൻ നടപടി

2(*62) ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണായി പ്രഖ്യാപിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ 2022 ജൂലൈ 27-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ബഫർ സോണുമായി ബന്ധപ്പെട്ട 2019-ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് പിൻവലിച്ച് ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ഓരോ വന്യജീവി സങ്കേതത്തിനും ദേശീയോദ്യാനത്തിനും നിർണ്ണയിക്കപ്പെട്ട അതിർത്തികൾക്ക് ചുറ്റും കുറഞ്ഞത് ഒരു കിലോമീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖലകൾ (ഇക്കോ സെൻസിറ്റീവ് സോൺ) ഉണ്ടായിരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലും ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽനിന്ന് ഇളവ് നേടാനുള്ള വിവിധ നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്. ടി നടപടികളുടെ ഭാഗമായി 27-7-2022-ലെ മന്ത്രിസഭാ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ 10-8-2022-ലെ സ.ഉ.(കൈ) നമ്പർ 44/2022/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് അതേ രൂപത്തിൽ നടപ്പാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) ബഫർസോണുമായി ബന്ധപ്പെട്ട 2019-ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല.

കാരണം, 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെടെ വരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ (0-1 കി.മീ) ഇക്കോസെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കിലോമീറ്റർ നിർബന്ധമായും ബഫർസോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രമല്ല, കരട് വിജ്ഞാപനങ്ങൾക്കുള്ള കരട് തയ്യാറാക്കാൻ മാത്രമാണ് ആ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളത്. അതുപ്രകാരം കേന്ദ്ര സർക്കാർ ഗസറ്റ്‌വഴി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചാൽ അതിൽപ്പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ലെന്ന വ്യവസ്ഥയുമില്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയെന്നതാണ്. കരട് വിജ്ഞാപനങ്ങളിന്മേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽനിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 28-9-2020-ൽ അന്നത്തെ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടത്. ഈ യോഗതീരുമാനപ്രകാരവും 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരവും പറഞ്ഞിട്ടുള്ള പൂജ്യം കിലോമീറ്റർ എന്ന വ്യവസ്ഥ ജനവാസമേഖലയും മറ്റുമുൾപ്പെടുന്ന സ്ഥലങ്ങളിൽ നടപ്പാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ തീരുമാനത്തിന് വിരുദ്ധമോ അതിൽനിന്നും വ്യതിചലിച്ചുകൊണ്ടോ ഉള്ളതല്ല. പ്രസ്തുത യോഗതീരുമാനപ്രകാരം തയ്യാറാക്കിയ ജനവാസമേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശമാണ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഇപ്രകാരം സ്വീകരിച്ച നടപടി അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനവും കോടതി വിധിയും ലഭ്യമാകുന്നതിനുവേണ്ടിയാണ് 27-7-2022-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതും അപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നിലനിൽക്കെ പുതിയ തീരുമാനം കൈക്കൊണ്ടെന്ന തെറ്റായ സന്ദേശം ഉണ്ടാകാതിരിക്കേണ്ടതുമാണ്. ആയതിനാൽ അനാവശ്യമായി 31-10-2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കേണ്ടതില്ല.

(സി) 2019-ലെ ഉത്തരവ് പരിഗണിച്ചല്ല ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പുറപ്പെടുവിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് കേരളത്തിന് മാത്രമല്ല, ഇന്ത്യയിലൊട്ടാകെ ബാധകമാണ്. 2003-ൽ സെൻട്രൽ എംപവേർഡ് കമ്മിറ്റി രാജസ്ഥാനിലെ ഒരു വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ വിധി വന്നിട്ടുള്ളത്. ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ പ്രസ്തുത സർക്കാർ ഉത്തരവ് പിൻവലിക്കുകയല്ല വേണ്ടത്. മറിച്ച് ഉത്തരവുപ്രകാരം ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ അംഗീകരിച്ച് ജനവാസമേഖലകൾ ഉൾപ്പെടെ പൂർണ്ണമായും ഒഴിവാക്കി കിട്ടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെകൂടി അംഗീകാരം ലഭ്യമാക്കുകയാണ് വേണ്ടത്. ഇതിനുവേണ്ടിയാണ് കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾകൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് 17-8-2022-ന് സംസ്ഥാനം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളത്. അതിനാൽത്തന്നെ ജനങ്ങൾക്ക് ആശങ്കപ്പെടേണ്ട സാഹചര്യമില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, 2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വന്നതെന്നും ആയതിനാൽ പ്രസ്തുത ഉത്തരവ് സംസ്ഥാന സർക്കാരിന്റെ ക്യാബിനറ്റ് ചേർന്ന് റദ്ദാക്കുമെന്നും കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ വ്യക്തമായി സൂചിപ്പിച്ചതാണ്. പക്ഷെ ഇന്ന് അദ്ദേഹത്തിന്റെ മറുപടിയിൽ ആ ഉത്തരവ് റദ്ദാക്കിയിട്ടില്ല, പുതിയ ഉത്തരവിറക്കി എന്നാണ് പറയുന്നത്. ഇത് കർഷകർക്കിടയിൽ വലിയ ആശങ്കയുണ്ടാക്കുന്നതാണ്. കാരണം ഇപ്പോൾ പരിധി 0-1 കി.മീ. എന്ന് പറയുകയും അതനുസരിച്ച് ജനവാസമേഖലയെ ഒഴിവാക്കാനുള്ള അവസാന വിജ്ഞാപനത്തിൽ അത് കൊണ്ടുവരുമെന്നുമാണ് അങ്ങ് പറയുന്നത്. അക്കാര്യം തീർത്തും പ്രായോഗികമല്ല. അതുകൊണ്ട് കർഷകരും മലയോര മേഖലയിലെ ജനങ്ങളും ആവശ്യപ്പെടുന്നപ്രകാരം പൂർണ്ണമായും ആ ഉത്തരവ് റദ്ദാക്കിക്കൊണ്ട് പുതിയ ഉത്തരവിറക്കാൻ സർക്കാർ തയ്യാറാകുമോ; അല്ലെങ്കിൽ നിലവിലുള്ള പ്രതികൂലവിധി അതേരീതിയിൽത്തന്നെ തുടരുന്ന സാഹചര്യമുണ്ടാകുമെന്ന് അങ്ങയെ അറിയിക്കുകയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഗവൺമെന്റിന്റെ ഉദ്ദേശ്യം ഏതെങ്കിലുമൊരു ഉത്തരവ് റദ്ദാക്കുകയോ പുറപ്പെടുവിക്കുകയോ അല്ല; മറിച്ച് സർക്കാർ സ്വീകരിക്കേണ്ട അഭിപ്രായവ്യത്യാസമില്ലാത്ത നിലപാടെന്നു പറയുന്നത്, ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കുക എന്നതാണ്. 2019-ൽ പുറപ്പെടുവിച്ച ഉത്തരവ് 2020-ൽ പരിഷ്കരിച്ചുകൊണ്ട്

ജനസാന്ദ്രത കൂടിയ മേഖലയെ ഒഴിവാക്കണമെന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. അന്നിവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റംഗങ്ങളും അത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെടുകയും അപ്രകാരം ചെയ്യാമെന്ന് ഞാൻ ഉറപ്പ് നൽകുകയും ചെയ്തിരുന്നു. 2016-ലെ ഉത്തരവിനെത്തുടർന്ന് 2020-ൽ തയ്യാറാക്കിയ പുതുക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ 23 ദേശീയോദ്യാനങ്ങളുൾപ്പെടെയുള്ള മേഖലകൾ ബഫർ സോണായി പ്രഖ്യാപിക്കാൻ തീരുമാനമെടുത്തത്. 2019-ലെ ഉത്തരവും മന്ത്രിസഭാ യോഗതീരുമാനവും നിലനിൽക്കെ മന്ത്രിതല യോഗത്തിന് നിയമസാധുതയില്ലെന്ന കാര്യം ശരിയാണെന്ന് ഞാൻ സമ്മതിച്ചിട്ടുണ്ട്. 2019-ലെടുത്ത തീരുമാനത്തിന്റെ തുടർച്ചയായി, 2020-ലെടുത്ത തീരുമാനവും 2019-ലെടുത്ത തീരുമാനം ഭേദഗതി ചെയ്തുകൊണ്ടും ഈ നടപടി അംഗീകരിച്ചുകൊണ്ടുമാണ് ഉത്തരവ് സ്വീകരിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നതിനുശേഷമല്ല നമ്മൾ ഈ ആവശ്യമുന്നയിച്ചത് എന്നതാണ് അതിനുള്ള പ്രധാന കാരണം. സർക്കാർ നേരത്തെ ഉന്നയിച്ച ആവശ്യങ്ങൾ സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ആ പ്രൊപ്പോസൽ നിലനിൽക്കെ ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചാൽ മാത്രമെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും കേന്ദ്ര സർക്കാരിലും കൂടുതൽ സമ്മർദ്ദം ചെലുത്താനും നിയമപരമായ നടപടി സ്വീകരിക്കാനും കഴിയുകയുള്ളൂ എന്ന നിയമോപദേശമാണ് ലഭിച്ചത്. ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ, ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ Advocate counsel, നിയമ വകുപ്പ്, നിയമ മന്ത്രാലയം എന്നിവയുടെ പരിശോധനയ്ക്കുശേഷമാണ് ഇത്തരത്തിൽ ഉത്തരവ് പുറപ്പെടുവിച്ചത്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ കാര്യമായ ആർഗ്യുമെന്റാണ് നടത്തുന്നത്. 2019-ലെ മന്ത്രിസഭാ തീരുമാനവും അതിന്റെ അടിസ്ഥാനത്തിലെ സർക്കാർ ഉത്തരവും പ്രകാരം 1 കി.മീ. വരെ ജനവാസ മേഖലയിലേയ്ക്ക് ESZ (Eco Sensitive Zone) വ്യാപിപ്പിക്കാമെന്നാണ് പറയുന്നത്. അത് നിലനിൽക്കെ ഇപ്പോൾ പരിധി കുറയ്ക്കണമെന്ന് പറഞ്ഞാൽ, 'നിങ്ങൾ അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ലേ, 'whether you have altered it or whether you have amended it' എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയോ സെൻട്രൽ എംപവേർഡ് കമ്മിറ്റിയോ ചോദിച്ചാൽ നിങ്ങളുടെ ഉത്തരംമുട്ടും. അതുകൊണ്ടാണ് ഇത് ഒരു പിടിവാശിയുടെയോ ദുരഭിമാനത്തിന്റെയോ പ്രശ്നമാക്കാതെ പ്രായോഗികതലത്തിൽ നമുക്ക് സംഭവിച്ച പോരായ്മയെയും പാളിച്ചയെയും തിരുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞങ്ങൾ അടിയന്തരപ്രമേയത്തിലൂടെയും ഗവൺമെന്റ് പ്രമേയത്തിലൂടെയും ചോദ്യോത്തരങ്ങളിലൂടെയും വകുപ്പിന്റെ ചർച്ചകളിലൂടെയും ഉന്നയിച്ചത്. ഇത് ന്യായവും യുക്തവും വ്യക്തവുമായ ആവശ്യമാണ്. അതിനിപ്പോഴും പോസിറ്റീവായ മറുപടിയുണ്ടായിട്ടില്ല. അക്കാര്യം ഗവൺമെന്റ് പുനഃപരിശോധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെ പിടിവാശിയുടെയോ തർക്കത്തിന്റെയോ പ്രശ്നമില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇപ്രകാരമൊരു ചോദ്യം ഉന്നയിച്ചാൽ എന്താണ് മറുപടിയെന്ന് ചോദിച്ചാൽ, നമ്മുടെ മുന്നിൽ ഏറ്റവും ഒടുവിൽ പാസ്സാക്കിയ ഉത്തരവുണ്ട്. 2019-ലെ തീരുമാനത്തെത്തുടർന്നുണ്ടായ പ്രശ്നങ്ങൾ പരിഹരിക്കാനാണ് 2020-ൽ മന്ത്രിതല യോഗം നടന്നത്. പക്ഷേ അതിലുള്ള പ്രശ്നം, മന്ത്രിസഭാ യോഗവും മന്ത്രിതല യോഗവും തമ്മിലുള്ള വ്യത്യാസമാണ്. ആ വ്യത്യാസം പരിഹരിക്കണമെങ്കിൽ ഈ തീരുമാനത്തെ മന്ത്രിസഭ സാധൂകരിക്കണം. അതിനുള്ള നിയമനടപടിയാണ് സർക്കാർ സ്വീകരിച്ചത്. അതല്ലാതെ ഒരു പിടിവാശിയും ഇക്കാര്യത്തിലില്ല. ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ള ബഫർ സോൺ എന്ന സർക്കാർ നിലപാടിന് ദോഷം വരുന്ന യാതൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 10-8-2022-ൽ പുതിയതായി ഇറക്കിയ അഞ്ച് പേജുകൾ അടങ്ങുന്ന ഇത്രയും വിചിത്രവും അവ്യക്തവുമായ ഒരു ഉത്തരവ് സംസ്ഥാന സർക്കാർ ഇതിനുമുമ്പ് ഇറക്കിയിട്ടുണ്ടോയെന്ന് സംശയമാണ്. എന്താണ് നമ്മുടെ ഉദ്ദേശ്യം; 31-10-2019-ലെ ഉത്തരവ് മന്ത്രിസഭാ യോഗതീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ചതാണ്. ആ തീരുമാനം 28-9-2020-ൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മാറ്റിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയുന്നത്. അതെങ്ങനെ നിലനിൽക്കും? 23-10-2019-ലെ മന്ത്രിസഭാ യോഗതീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച ഒരു സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മറ്റൊരു യോഗത്തിൽ മാറ്റാൻ കഴിയുമോ? അങ്ങനെയാണെങ്കിൽ മന്ത്രിസഭ ചേർന്ന് തീരുമാനമെടുക്കേണ്ടതില്ലല്ലോ; ആ തീരുമാനം ഇപ്പോഴും നിലനിൽക്കുകയാണ്. മാത്രമല്ല പ്രസ്തുത ഉത്തരവിൽ വസ്തുതാപരമായ തെറ്റുണ്ട്. 5-10-2020 മുതൽ 7-4-2022 വരെ വിവിധ കത്തുകളിലൂടെ സംസ്ഥാന സർക്കാർ സമർപ്പിച്ച നിർദ്ദേശങ്ങളാണ് ഇക്കോ സെൻസിറ്റീവ് സോണായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്നത് എന്നുള്ളത് തെറ്റാണ്. കേന്ദ്ര സർക്കാരിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും പരിഗണനയിലുണ്ടായിരുന്നത് 31-10-2019-ലെ ഉത്തരവാണ്. ഈ ഉത്തരവുമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയോ സെൻട്രൽ എംപവേഡ് കമ്മിറ്റിയുടെയോ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റ്സിന്റെയോ മുമ്പാകെ പോകേണ്ടിവരികയാണെങ്കിൽ നിങ്ങൾ സമർപ്പിക്കേണ്ടത് ഇപ്പോൾ നിലനിൽക്കുന്ന മന്ത്രിസഭായോഗ തീരുമാനത്തെ

ത്തുടർന്നുണ്ടായ ഉത്തരവായിരിക്കും. അതുകൊണ്ടാണ് നിങ്ങളുടെ ദുർവാശി മാറ്റിവച്ച് ഈ ഉത്തരവ് റിവൈസ് ചെയ്യണമെന്ന് പറയുന്നത്. 23-10-2019-ലെ സർക്കാർ ഉത്തരവ് നിലനിൽക്കില്ല. അത് റദ്ദാക്കുന്നു എന്നുതന്നെ പറയണം. അതിനെ ഉപോൽബലകമായി സാധൂകരിക്കുന്ന കത്തുകളാണ് പിന്നീട് അയച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മുന്നിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഒരു യോഗത്തിന് എന്ത് പ്രസക്തിയാണുള്ളത്? നിയമപരമായും സാങ്കേതികപരവുമായല്ലേ അവർ ഈ വിഷയത്തെ സമീപിക്കുന്നത്; അപകടകരമായ സ്ഥിതി വിശേഷമാണുണ്ടാകാൻ പോകുന്നതെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ഉത്തരവുമായി മുന്നോട്ടുപോയാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽനിന്നും എംപവേർഡ് കമ്മിറ്റിയിൽനിന്നും തിരിച്ചടി യുണ്ടാകുമെന്ന് മാത്രമല്ല, അതിന്റെ പൂർണ്ണ ഉത്തരവാദിത്വം സർക്കാരിനും വനം വകുപ്പിനുമായിരിക്കുമെന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. ഈ ഉത്തരവ് റിവൈസ് ചെയ്ത് പുതുക്കിയ ഉത്തരവിറക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങ് സമർത്ഥമായി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഒരു സർക്കാരിന്റെ ഏതെങ്കിലും വകുപ്പിലെ ഉത്തരവ് തെറ്റായതോ സാധൂകരണമില്ലാത്തതോ ആണെങ്കിൽ അത് മന്ത്രിസഭ സാധൂകരിക്കുമ്പോൾ നിയമാനുസൃതമായ ഉത്തരവാകുന്നതാണ്. അതാണ് സാധാരണ ഗതിയിലുള്ള കീഴ്വഴക്കം; നടപടിക്രമങ്ങളിലും അപ്രകാരമാണ് സൂചിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് 'സാധൂകരണം' എന്ന വാക്കുതന്നെ നിയമസഭാ രേഖകളിൽ കൂടുതലായി കണ്ടുവരുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിട്ടുള്ളത് കേരളത്തിന്റെ അഭ്യർത്ഥനയിന്മേലല്ല. കേരളം മുന്നോട്ടുവച്ച, ബഫർ സോൺ സംബന്ധിച്ച പ്രൊപ്പോസലുമായി ബന്ധപ്പെട്ട ഏതെങ്കിലുമൊരു കേസിലോ അപേക്ഷയിന്മേലോ അല്ല ബഹുമാനപ്പെട്ട സുപ്രീംകോടതി തീരുമാനമെടുത്തത്. ഗോവ ഫൗണ്ടേഷൻ Vs ഗവൺമെന്റ് ഓഫ് ഇന്ത്യ, ഗോദവർമ്മൻ തിരുമുൽപ്പാട് Vs ഗവൺമെന്റ് ഓഫ് ഇന്ത്യ എന്നീ കേസുകളിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി തീരുമാനമെടുത്തത്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി കേരളത്തിന്റെയും മറ്റ് സംസ്ഥാനങ്ങളുടെയും ഭാഗം കേട്ടിട്ടില്ല. ഇതിന്മേൽ ഒരു കേസോ ഹർജിയോ വാദപ്രതിവാദമോ സുപ്രീംകോടതിയിൽ നടന്നിട്ടുമില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി കുറച്ചുകൂടി വ്യക്തത വരുത്തുന്നതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി പറഞ്ഞത് വളരെ വ്യക്തമാണ്. '2019-ലെ മന്ത്രിസഭാ ഉത്തരവിനെത്തുടർന്നുണ്ടായ ബഹുമാനപ്പെട്ട സുപ്രീംകോടതി

വിധി' എന്ന് പലപ്പോഴും പരാമർശിക്കപ്പെടുന്നുണ്ട്. അതും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയും തമ്മിൽ യാതൊരു ബന്ധവുമില്ല. ഇവിടെ പരാമർശിക്കപ്പെട്ട രണ്ട് കേസുകളിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നിട്ടുള്ളത്. മന്ത്രിസഭാ തീരുമാനം റദ്ദാക്കുന്നു എന്നുപറഞ്ഞാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി മറികടക്കാനുള്ള ശ്രമമെന്ന രൂപത്തിലാണ് വ്യാഖ്യാനിക്കപ്പെടാനിടയുള്ളത്. 2019-ൽ 0 മുതൽ 1 കി.മീ. വരെ എന്ന പരിധി വ്യക്തമാക്കിയിരുന്നതിനെത്തുടർന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മന്ത്രിതല സമിതി 'ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ട്' എന്നുള്ള തീരുമാനമെടുത്തു. ജനവാസമുള്ള പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷനുകളാണ് തുടർന്ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. ആ നോട്ടിഫിക്കേഷനുകളുൾപ്പെടെ അംഗീകരിക്കുന്ന തീരുമാനമാണ് ഒടുവിൽ ക്യാബിനറ്റ് എടുത്തിട്ടുള്ളത്. ഇതുസംബന്ധിച്ച് മന്ത്രിസഭ ഒടുവിലെടുത്ത തീരുമാനത്തിന്റെ തുടർച്ച എങ്ങനെ വന്നുവെന്ന് ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒടുവിൽ പുറപ്പെടുവിച്ച ഉത്തരവാണ് നിലനിൽക്കുന്നത്. ഇത് എല്ലാ തരത്തിലുമുള്ള നിയമോപദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ളതാണ്. 2019-ലെടുത്ത തീരുമാനമാണ് ഈ വിധിയിലേയ്ക്കെത്തിച്ചതെന്ന രീതിയിലുള്ള പ്രസ്താവനകൾ പൂർണ്ണമായും തെറ്റാണ്. എല്ലാ നിയമോപദേശങ്ങളെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വളരെ കൃത്യമായ നിലപാടാണ് സർക്കാർ സ്വീകരിച്ചത്.

### പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും

3 (*63) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും എന്ന ലക്ഷ്യം നേടുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഇക്കാലയളവിൽ പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനായുള്ള ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ;

(സി) പട്ടികജാതിയിൽപ്പെട്ട ഭൂരഹിതർക്ക് ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂരഹിതരായ പട്ടികഗോത്ര കുടുംബങ്ങൾ ഇല്ലാത്ത ജില്ലയായി തിരുവനന്തപുരത്തെ മാറ്റുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയാണ് നിലവിൽ ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.

ഇതിനുപുറമെ, എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ പ്രത്യേകമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പട്ടികജാതി വിഭാഗങ്ങൾ

ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലുൾപ്പെടുത്തി 3998 കുടുംബങ്ങൾക്കും പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 4041 കുടുംബങ്ങൾക്കുമുൾപ്പെടെ 8039 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭവനനിർമ്മാണത്തിന് ഭൂമി അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ

ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 271 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ ലാൻഡ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി 164 കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം 1273 കുടുംബങ്ങൾക്കും നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 80 കുടുംബങ്ങൾക്കും ഉൾപ്പെടെ ആകെ 1517 കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭവനനിർമ്മാണത്തിന് ഭൂമി അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ട്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

നിലവിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള പ്രായപരിധി 60 വയസ്സിൽ നിന്നും 70 വയസ്സായും വാർഷിക വരുമാന പരിധി 50,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകളെ ധനസഹായത്തിന് പരിഗണിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കൂടാതെ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഭൂമി, ഭവനനിർമ്മാണം, തനിക്കോ കുടുംബാംഗങ്ങൾക്കോ ഉണ്ടാകുന്ന ഗുരുതരമായ അസുഖം, പെൺമക്കളുടെ വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കൾക്ക് പൊതുമേഖലാ/ഷെഡ്യൂൾഡ്/സഹകരണ ബാങ്കുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ വായ്പയ്ക്കായി പണയപ്പെടുത്താവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തി നിലവിലുള്ള വ്യവസ്ഥ ഭേദഗതി ചെയ്തിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിൽ ഭൂരഹിതരാണെന്ന് കണ്ടെത്തിയ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വീരണകാവ് വില്ലേജിൽ വാങ്ങിയ 2.49 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം 128 പേർക്ക് 73.0643 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും വിതരണം ചെയ്തിട്ടുണ്ട്.

വനാവകാശ നിയമപ്രകാരം കൈവശരേഖയ്ക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേൽ ത്വരിത നടപടി കൈക്കൊണ്ട് തിരുവനന്തപുരം ജില്ലയെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരില്ലാത്ത ജില്ലയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ സഖാവ് എ. കെ. ബാലനും രണ്ടാം പിണറായി സർക്കാരിന്റെ കാലയളവിൽ ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ പ്രകടമായ മാറ്റം പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ കാണാൻ സാധിക്കുന്നുണ്ട്. പട്ടികജാതിയിൽപ്പെട്ടവരിൽ ആർക്കെങ്കിലും അസുഖം ബാധിച്ചാൽ അപ്പോൾതന്നെ ചികിത്സാ സഹായമുൾപ്പെടെ ലഭിക്കുന്ന പദ്ധതികളാണ് ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും നടപ്പിലാക്കിയത്. ചെറ്റച്ചൽ ഭൂസമരം അവസാനിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 2003 മുതലാണ് ചെറ്റച്ചലിൽ ഭൂമിക്കുവേണ്ടിയുള്ള സമരം ആരംഭിച്ചത്. ഏകദേശം 19 വർഷങ്ങൾ പിന്നിട്ടശേഷം ഈ ഗവൺമെന്റ് അവർക്ക് ഭൂമി കൊടുക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന സാങ്കേതിക തടസ്സങ്ങൾ സർക്കാർ-ഉദ്യോഗസ്ഥ തലങ്ങളിൽ ഇടപെട്ട് പരിഹരിച്ചുകൊണ്ട് 128 കുടുംബങ്ങൾക്ക് 73 ഏക്കറിലധികം ഭൂമിയുടെ കൈവശാവകാശ രേഖ 25-8-2022-ന് കൊടുത്തിട്ടുണ്ട്. നിരവധി ശ്രമങ്ങളുടെ ഫലമായാണ് അവർക്ക് ഭൂമി കൊടുക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഭവനനിർമ്മാണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഭവനനിർമ്മാണം സാങ്കേതികമായി പൂർത്തീകരിക്കപ്പെടുന്നുവെങ്കിലും ചില പ്രദേശങ്ങളിൽ സുരക്ഷിതമായ താമസത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. നമ്മൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന പ്രവൃത്തി മാത്രമാണ് ചെയ്യുന്നത്, അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടോയെന്ന് പലപ്പോഴും പരിശോധിക്കുന്നില്ല. വൃത്തിയുള്ള അടുക്കളയുണ്ടോ, ടോയ്‌ലറ്റുണ്ടോ, തറ ഏത് രീതിയിലാണ് പണിതിരിക്കുന്നത്, പ്ലംബിംഗ്, വയറിംഗ് തുടങ്ങിയ കാര്യങ്ങളൊന്നും പരിശോധിക്കാതെ ഭവനനിർമ്മാണം പൂർത്തീകരിക്കുക മാത്രമാണ് ചെയ്യുന്നത്. ആയതിനാൽ തുടർന്ന് അക്കാര്യങ്ങളെല്ലാം പരിശോധിച്ച് എല്ലാ അർത്ഥത്തിലും വാസയോഗ്യമായ ഭവനങ്ങളാണ് നിർമ്മിച്ചുനൽകേണ്ടതെന്ന് ചർച്ച ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച വീടുകൾ സുരക്ഷിതമാക്കി എല്ലാ അർത്ഥത്തിലും ജീവിക്കാൻ കഴിയുന്ന സാഹചര്യം അവർക്ക് ഒരുക്കിക്കൊടുക്കുന്നതിനുവേണ്ടി 'SAFE' (Secure Accommodation and Facility Enhancement) എന്ന പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീമതി ഒ. എസ്. അംബിക: സർ, സർക്കാർ ധനസഹായം ലഭിച്ച് നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നിലവിൽ നൽകുന്ന ആനുകൂല്യങ്ങളുടെ വ്യവസ്ഥകളിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നിലവിലെ വ്യവസ്ഥകളിൽ മാറ്റം വരുത്തിയ കാര്യം ഉത്തരത്തിൽ സൂചിപ്പിച്ചിരുന്നു. 60 വയസ്സ് കഴിഞ്ഞവർക്ക് വീട് കൊടുക്കുന്നതിന് നേരത്തെ വ്യവസ്ഥയുണ്ടായിരുന്നില്ല; എന്നാലിപ്പോൾ അത് 70 വയസ്സായി വർദ്ധിപ്പിച്ചിട്ടുണ്ട്. വാർഷിക വരുമാന പരിധി 50,000 രൂപയായിരുന്നത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ഇവർക്ക് നിർമ്മിച്ചുനൽകുന്ന വീടുകൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താനുള്ള ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ലൈഫ് പദ്ധതിയിൽ പട്ടികജാതി വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകി അവരെ ഉൾപ്പെടുത്തുന്നുണ്ടെന്ന വകുപ്പിന്റെ തീരുമാനത്തെ അഭിനന്ദിക്കുകയാണ്. എന്നാൽ വീട് നിർമ്മിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് മറ്റ് വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിലെ അളവിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളിൽപ്പെട്ടവർക്ക് ലൈഫ് പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെടുന്നതിനായി അവരുടെ കൈവശമുള്ള ഭൂമിയുടെ വിസ്തീർണ്ണവുമായി ബന്ധപ്പെട്ട രേഖയുടെ അടിസ്ഥാനത്തിൽ ഇളവുകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നിലവിൽ ലൈഫ് പദ്ധതിയിൽ പൊതുമാനദണ്ഡമാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽനിന്നും വ്യത്യസ്തമായ മാനദണ്ഡം നിശ്ചയിക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അത്തരം കാര്യങ്ങൾ ലൈഫ് മിഷനുമായി ചർച്ച ചെയ്തുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. കുറച്ചുകൂടി സൗകര്യങ്ങളോടുകൂടിയ ഭവനം നിർമ്മിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ മാത്രം മതിയാകുമോയെന്ന് പരിശോധിക്കുന്നതാണ്.

ശ്രീമതി ഉമ തോമസ്: സർ, എന്റെ മണ്ഡലമായ തൃക്കാക്കരയിലെ കണ്ണങ്കേരി കോളനിയിൽ ലൈഫ് പദ്ധതി പൂർത്തിയാക്കുന്നതിന് അധികതുക അനുവദിക്കാൻ നടപടിയുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പ്രസ്തുത കോളനിയിൽ നിലവിൽ അനുവദിച്ച തുകയേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായി വരുന്നതാണ്. ആയതിനാൽ അക്കാര്യം പരിശോധിച്ചശേഷം മാത്രമെ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. രാജ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിന് അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു. മൂന്നാർ ഉൾപ്പെടെ തോട്ടം

മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. ലൈഫ് പദ്ധതിയുടെ പട്ടികയിൽ ഉൾപ്പെട്ടവർക്കാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. ഈ മേഖലകളിൽ വീട് ആവശ്യമുള്ളവരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ ലൈഫ് ലിസ്റ്റിലുൾപ്പെട്ട കൂടുതൽ പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തോട്ടം തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് തൊഴിൽവകുപ്പ് നല്ലരീതിയിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. തോട്ടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഭൂമി കണ്ടെത്തി പാർപ്പിട സൗകര്യമൊരുക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇതിൽ അധികംപേരും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്നവരാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന് എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് തൊഴിൽവകുപ്പുമായി ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, അംബേദ്കർ ഗ്രാമവികസന പദ്ധതിയനുസരിച്ച് 2016-17-ൽ കുറെ കോളനികൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. തിരൂരങ്ങാടി മണ്ഡലത്തിൽ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ അയ്യങ്കാളി എസ്.സി. കോളനി, മീൻകുഴി നഗരിയിൽ കാരി കോളനി എന്നിവ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തെ ഉന്നയിച്ചിരുന്നു. ഇതുസംബന്ധിച്ച് അങ്ങ് നടത്തിയ അവലോകന യോഗതീരുമാനമനുസരിച്ച് കഴിഞ്ഞ വർഷം മാർച്ച് മാസത്തിൽ പണി പൂർത്തീകരിക്കുമെന്നാണ് പറഞ്ഞതെങ്കിലും നാളിതുവരെ പ്രവൃത്തിപോലും ആരംഭിക്കാത്ത സാഹചര്യമാണുള്ളത്. ഇതിലുള്ള അപകടകരമായ സ്ഥിതിവിശേഷമെന്ന് പറയുന്നത്, അക്രെഡിറ്റഡ് ഏജൻസി ഒരു കോളനിയേറ്റെടുത്ത് പ്രവൃത്തി ഉടൻ ആരംഭിക്കുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള പല കോളനി നിവാസികളും വീടുകൾ പൊളിച്ചെങ്കിലും പണി ആരംഭിക്കാമെന്ന് പറഞ്ഞ ഏജൻസിയെ ഇപ്പോൾ കാണാനില്ല; അവർ ആ വഴി വരുന്നില്ല. ഇപ്പോൾ അവിടത്തെ നിവാസികൾ താല്ക്കാലിക വീടുകൾ നിർമ്മിച്ചിരിക്കുകയാണ്. ഇന്നത്തെ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിൽ 2017-ൽ ആരംഭിക്കുന്ന ഈ പദ്ധതി പ്രകാരം പണി പൂർത്തീകരിക്കാത്ത കേസുകളെക്കുറിച്ച് പല മെമ്പർമാരും ചോദ്യം ഉന്നയിച്ചിട്ടുണ്ട്. അക്രെഡിറ്റഡ് ഏജൻസി ഉത്തരവാദിത്വമില്ലാത്തവരായതിനാലും ഇതൊരു ഗൗരവമായ പ്രശ്നമായതിനാലും അംബേദ്കർ കോളനിയുടെ ഇന്നത്തെ സാഹചര്യത്തിന് ബദലായി എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ കഴിയുമോ; അല്ലെങ്കിൽ ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുമോ? അങ്ങ്

വിളിച്ചുചേർത്ത അവലോകന യോഗതീരുമാനപ്രകാരം ഈ വരുന്ന മാർച്ച് മാസം 30-ാം തീയതി പ്രവൃത്തികൾ പൂർത്തീകരിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും നാളിതുവരെയും ആരംഭിക്കാൻ സാധിക്കാത്ത പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ട് അങ്ങ് ഈ വിഷയം പ്രത്യേകം പരിശോധിക്കണം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മഞ്ചേരി അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. അംബേദ്കർ കോളനിയുടെ പ്രവൃത്തി മാർച്ച് 31-ന് പൂർത്തിയാക്കുന്നതിന് വിവിധ ഏജൻസികളെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ അവർ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാത്ത സ്ഥിതിയുണ്ടായി. അതുകൊണ്ടാണ് ഈ ഗവൺമെന്റ് അധികാരമേറ്റശേഷം മുഴുവൻ കോളനികളുടെയും പ്രവൃത്തി ചെയ്തുകൊണ്ടിരുന്ന വിവിധ ഏജൻസികളുമായി റിവ്യൂ മീറ്റിംഗ് നടത്തി 2021 ഡിസംബർ 31-നും 2022 മാർച്ച് 31-നും പൂർത്തീകരിക്കാൻ കഴിയുന്ന കോളനികൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയത്. ചില ഏജൻസികൾ ഫലപ്രദമായി ഇടപെട്ട് പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും മറ്റ് ഏജൻസികൾ പൂർത്തീകരിച്ചിട്ടില്ല. അത്തരം ഏജൻസികളെ ഒഴിവാക്കി റിസ്ക് ആൻഡ് കോസ്റ്റിൽ ടി വർക്കുകൾ വീണ്ടും ഏറ്റെടുത്ത് ചെയ്യാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കുറച്ച് കാലതാമസമുണ്ടായിട്ടുണ്ട്. അത് ഏജൻസികളുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതിനാൽ പ്രസ്തുത ഏജൻസികളെ മാറ്റി പകരം പുതിയ ഏജൻസികൾക്ക് ചുമതല നൽകിക്കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

<u>ശ്രീ. എം. എസ്. അരുൺകുമാർ</u>: സർ, ലൈഫ് ഭവന പദ്ധതിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന വാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസിലും ഇളവ് ലഭിക്കുന്നുണ്ടെങ്കിലും പട്ടികജാതി വികസന വകുപ്പ് മുഖേന വാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ മാത്രമാണ് ഇളവ് ലഭിക്കുന്നത്. ഇത്തരം ഭൂമിക്ക് രജിസ്ട്രേഷൻ ഫീസിനത്തിലും ഇളവ് ലഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കേണ്ടതില്ലെന്നും പട്ടികജാതി വികസന വകുപ്പ് മുഖേന വാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കേണ്ടിവരികയും ചെയ്യുന്ന പ്രശ്നത്തെക്കുറിച്ച് ധനകാര്യ-രജിസ്ട്രേഷൻ വകുപ്പുകളുമായി ചർച്ചചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാനുള്ള കാര്യം പരിഗണനയിലുമാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ലൈഫ് പദ്ധതിയിലൂടെ ഭൂരഹിതർക്ക് ഭൂമി ലഭിക്കുമ്പോൾ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളാണ് ലഭിക്കുന്നത്. പ്രസ്തുത

പ്രദേശങ്ങൾ ഒന്നുകിൽ വെള്ളക്കെട്ടായിരിക്കും അല്ലെങ്കിൽ പാറ പുറമ്പോക്കായിരിക്കുമെന്ന വ്യാപകമായ പരാതിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഇത്തരത്തിൽ ലഭ്യമായ ഭൂമി മാറ്റി ലഭിക്കുന്നതിനായി അപേക്ഷ നൽകിയാലും ഒരു കാലത്തും ഈ ആവശ്യം നടപ്പാകാതെ പാവപ്പെട്ടവർ ഓഫീസുകൾ കയറിയിറങ്ങി മടുത്തിരിക്കുകയാണ്. അതിനാൽ പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേക ഭവന പദ്ധതി ലഭ്യമാക്കേണ്ടത് അനിവാര്യമാണ്; ഇക്കാര്യം സർക്കാർ പുനഃപരിശോധിക്കണം. പട്ടികജാതി വിഭാഗങ്ങൾക്കു വേണ്ടിയുള്ള ഭവന പദ്ധതി ലൈഫ് പദ്ധതിയിൽനിന്നും മാറ്റി പ്രത്യേക പദ്ധതിയായി കൊണ്ടുവരണം. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടിയുണ്ടാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അങ്ങ് ചൂണ്ടിക്കാണിച്ചത് ശരിയാണ്. ചില സന്ദർഭങ്ങളിൽ വെള്ളക്കെട്ടുള്ള പ്രദേശത്താണ് ഭൂമി വാങ്ങിക്കൊടുക്കുന്നത്. ഇത്തരം പ്രദേശങ്ങളിൽ വേനൽക്കാലത്ത് ഭൂമി വാങ്ങിക്കൊടുക്കുന്നതിനാൽ അവിടെ വെള്ളക്കെട്ടുണ്ടായിരിക്കുകയില്ല. മഴക്കാലമാകുമ്പോൾ അവിടങ്ങളിൽ 5 മാസക്കാലത്തോളം വെള്ളം നിറഞ്ഞുനിൽക്കുന്ന സ്ഥിതിയുമായിരിക്കും. പക്ഷെ ചില സന്ദർഭങ്ങളിൽ വീടുപണി ആരംഭിക്കുന്ന സമയത്ത് വെള്ളക്കെട്ടുണ്ടാകുന്നുണ്ട്. അത്തരം കേസുകളിൽ ഭൂമി വാങ്ങി നൽകിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാങ്ങിക്കൊടുക്കുന്ന സ്ഥലങ്ങളിലും ഇത്തരം വീഴ്ചകൾ കണ്ടെത്തിയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകണം. അതിനുമാറ്റം വരുത്താനാണ് പ്രധാനമായും എം.എൽ.എ.-മാർ നേതൃത്വം കൊടുക്കുന്ന റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. എല്ലാ മണ്ഡലാടിസ്ഥാനത്തിലും എം.എൽ.എ.-മാരുടെ നേതൃത്വത്തിലുള്ള റിവ്യൂ കമ്മിറ്റിയും മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരികയാണ്. ഇത്തരം പ്രയാസകരമായ പ്രദേശങ്ങളിൽ സ്ഥലം വാങ്ങിക്കൊടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ അതത് തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലെ ജനപ്രതിനിധികളും പട്ടിജാതി-പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥരുമുണ്ടാകും. അങ്ങനെവരുമ്പോൾ തീർച്ചയായും കുറെ അപാകത പരിഹരിക്കാൻ സാധിക്കുന്നതാണ്. ആയതിനാൽ ലൈഫ് പദ്ധതിയിൽനിന്നും ഈ വിഭാഗക്കാരെ മാറ്റേണ്ടതില്ലെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ലൈഫ് പദ്ധതിയിലൂടെ ഈ വർഷം കുറേയധികം ഗുണഭോക്താക്കൾക്ക് വീടുകൾ കൊടുക്കാൻ കഴിയും. അതുകൂടാതെ വാങ്ങിക്കൊടുക്കുന്ന സ്ഥലം വീട് വയ്ക്കാൻ കഴിയുന്നതാണോയെന്ന് കൃത്യമായി പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, 'ഹരിതരശ്മി' മുതൽ 'ഗോത്രസാരഥി' ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കുകയും പഞ്ഞമാസങ്ങളിൽ ആദിവാസി സമൂഹത്തിന് കിറ്റും ഓണത്തിന് ഓണപ്പുടവ ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യ കിറ്റുകൾ നൽകുകയും ചെയ്യുന്ന ഗവൺമെന്റിനെയും വകുപ്പിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. 1517 പേർക്കാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ഭൂമി നൽകിയത്. അവിടെ നടക്കുന്ന ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വലിയ തോതിലുള്ള ചൂഷണമാണ് നടക്കുന്നത്. ഭവന നിർമ്മാണ രംഗത്ത് പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനും പട്ടികവർഗ്ഗ വകുപ്പ് നടപ്പാക്കിയ 'ഗോത്രജീവിക' പദ്ധതിയുടെ ഭാഗമായി എത്രപേർക്ക് ഏതെല്ലാം മേഖലകളിൽ പരിശീലനം നൽകാൻ കഴിഞ്ഞെന്നും എത്രപേർക്ക് തൊഴിലും കൂലിയും ലഭ്യമാക്കിയെന്നും വിശദമാക്കാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആദിവാസി വിഭാഗങ്ങൾക്ക് വീട് വച്ചുകൊടുക്കുമ്പോൾ മുൻകാലങ്ങളിൽ ഇടനിലക്കാർ വലിയരീതിയിലുള്ള തട്ടിപ്പ് നടത്തിയിട്ടുള്ളത് മുൻനിർത്തി അത് കുറച്ചുകൊണ്ടുവരുന്നതിനുള്ള ഇടപെടലാണ് ഗവൺമെന്റ് ഇപ്പോൾ നടത്തുന്നത്. അവർക്കാവശ്യമായ പാർപ്പിടങ്ങൾ അവരുടെ പങ്കാളിത്തത്തോടെ നിർമ്മിക്കുക എന്ന രീതിയിലേയ്ക്ക് അവരെ ചിന്തിപ്പിക്കാൻ കഴിയുന്ന ഇടപെടലാണ് ഗവൺമെന്റ് നടത്തുന്നത്. അതുകൊണ്ടാണ് ട്രൈബൽ വിഭാഗത്തിൽ സിവിൽ എഞ്ചിനീയറിംഗ്, ഐ.ടി.ഐ., പോളിടെക്നിക്, ബി.ടെക്. എന്നീ കോഴ്സുകൾ പാസ്സായ ഇരുന്നൂറോളം പേരെ അക്രെഡിറ്റഡ് എഞ്ചിനീയേഴ്സാക്കി ഈ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പരിശോധന നടത്തുന്നതിനായി നിയോഗിക്കാൻ തീരുമാനിച്ചത്. അവരുടെ നിയമനം അടുത്ത മാസം ആദ്യം നടത്തുന്നതാണ്. അതിനുശേഷം പാവപ്പെട്ടവർക്ക് നൽകുന്ന എല്ലാ നിർമ്മാണപ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കാൻ അവർക്ക് കഴിയും. അത്തരത്തിലുള്ള ഇടപെടൽ അവരിൽനിന്നുണ്ടാകുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. അതോടൊപ്പം ട്രൈബൽ പ്രൊമോട്ടേഴ്സിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതാണ്; ആദ്യ ബാച്ചിന്റെ പരിശീലനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഉദ്ഘാടനം ചെയ്തത്. ഗോത്രജീവിക എന്ന പദ്ധതിയിലൂടെ എത്രപേർക്ക് ജോലി നൽകാൻ സാധിച്ചുവെന്നും എത്ര വീടുകൾ പണി പൂർത്തീകരിച്ചുവെന്നുമുള്ള കാര്യങ്ങൾ സംബന്ധിച്ച് പരിശോധനകൾ നടത്തിവരികയാണ്. അതിനുശേഷം കൃത്യമായ മറുപടി നൽകുന്നതാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സമൂഹത്തിൽ വളരെയേറെ പിന്നാക്കം നിൽക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സ്വന്തമായി ഭൂമിയും വീടും എന്ന മഹത്തായ തീരുമാനമെടുത്ത് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും എത്രപേർക്ക് വാസയോഗ്യമായ വീടും സ്ഥലവും കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്; കണക്കനുസരിച്ച് എത്രപേർക്ക് ഇനിയും വീടും സ്ഥലവും കൊടുക്കേണ്ടതുണ്ട്; ഒരു തീവ്രയത്ന പ്രവർത്തനത്തിലൂടെ സമയപരിധിവച്ച് ഇത് പൂർത്തീകരിക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എല്ലാവർക്കും ഭൂമിയും വീടും കൊടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നത്. അതുസംബന്ധിച്ച് കൃത്യമായ കണക്കെടുപ്പ് നടത്തുന്നതിനായി ഗ്രാസ് റൂട്ട് ലെവലിൽ സർവ്വേ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. അത് കൃത്യമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത മാസത്തോടുകൂടി കൃത്യമായ കണക്ക് സ്വരൂപിക്കാൻ സാധിക്കുന്നതാണ്. അതിനുശേഷം ഗ്രാസ് റൂട്ട് ലെവലിൽ മൈക്രോ ലെവൽ പ്ലാനിംഗ് നടപ്പാക്കുമ്പോൾ ഓരോ കുടുംബത്തിന്റെയും കുടുംബത്തിലെ അംഗങ്ങളുടെ പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കി പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയും. അക്കാര്യത്തിൽ ജനപ്രതിനിധികളുടെ നല്ല രീതിയിലുള്ള ഇടപെടലുണ്ടാകണം. ഈ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ എം.എൽ.എ.-മാരടക്കം മോണിറ്ററിംഗ് ചെയ്യാൻ ആരംഭിച്ചതിനാൽ നല്ല പ്രതികരണമാണുണ്ടായിരിക്കുന്നത്. എം.എൽ.എ.-മാരുടെ മേൽനോട്ടത്തിൽ ഇതുവരെയും ഇത്തരം സംവിധാനമുണ്ടായിരുന്നില്ല. എം.എൽ.എ.-മാർ കൂടി പങ്കെടുത്തുകൊണ്ട് മോണിറ്ററിംഗ് നടത്തുമ്പോൾ വലിയ രീതിയിലുള്ള മാറ്റമാണുണ്ടായിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾ രാഷ്ട്രീയ ഭേദമെന്യേ ഒരുമിച്ചുനിന്നുകൊണ്ട് കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

**ബഫർ സോൺ**

4 (*64) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവയ്ക്ക് ചുറ്റുമുള്ള ജനവാസ മേഖലകൾ ബഫർ സോണിൽനിന്നും പൂർണ്ണമായും ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാടിനനുസൃതമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ അനുകൂല തീരുമാനമുണ്ടാകണമെന്ന അഭ്യർത്ഥനയോട് കേന്ദ്ര സർക്കാർ അനുകൂലമായി പ്രതികരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വിഷയത്തിന്മേലുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പുനഃപരിശോധിക്കാൻ വേണ്ട നിയമനടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) ഓരോ വന്യജീവി സങ്കേതത്തിനും ദേശീയോദ്യാനത്തിനും നിർണ്ണയിക്കപ്പെട്ട അതിർത്തികൾക്ക് ചുറ്റും കുറഞ്ഞത് ഒരു കി.മീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖലകൾ (ഇക്കോ സെൻസിറ്റീവ് സോൺ) ഉണ്ടായിരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലും ജനങ്ങൾക്കുണ്ടായിരിക്കുന്ന ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽനിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്. ടി നടപടികളുടെ ഭാഗമായി 27-7-2022-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10-8-2022-ലെ സ.ഉ.(കൈ)നമ്പർ 44/2022/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിപ്രകാരം സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ. ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ 25-6-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിലുള്ളതെന്നും ആയതിനാൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കിയതും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പരിഷ്കരിച്ച ശിപാർശകൾ പരിഗണിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കണമെന്നുമാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ പൊതുതാൽപര്യപ്രകാരമുള്ള ടി ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവ് സംസ്ഥാനത്ത് പൊതുവെയും മലയോരമേഖലയിൽ പ്രത്യേകിച്ചും ആശങ്കകൾ സൃഷ്ടിച്ച സാഹചര്യത്തിൽ 8-6-2022-ൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുമായി യോഗം ചേരുകയും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ

പ്രൊപ്പോസലുകൾ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യാനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്താനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 8-6-2022-ലും 5-7-2022-ലും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-6-2022-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്തതിൻപ്രകാരം ഒരു റിവ്യൂ പെറ്റീഷൻ 17-8-2022-ൽ ഡയറി നം. 25588-2022 പ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിൽ നിർദ്ദേശിക്കുന്നപ്രകാരം സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കി.മീ. ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ടി ഉത്തരവിൽ പരാമർശിക്കുന്ന കാലയളവിനുള്ളിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കാനാണുദ്ദേശിക്കുന്നത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി ബാധകമായ സംസ്ഥാനങ്ങളുടെ ഭാഗം കോടതി കേട്ടിട്ടില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈ വിധിയുടെ ഭാഗമായി റിവ്യൂ പെറ്റീഷൻ സമർപ്പിക്കാനും കേന്ദ്ര സർക്കാരിനെ സമീപിക്കാനും സംസ്ഥാന ഗവൺമെന്റ് ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം നടപടി സ്വീകരിക്കുന്നതോടൊപ്പം ഈ വിധിയുടെ ഭാഗമായി ഇത് ബാധകമാകുന്ന ഇക്കോ സെൻസിറ്റീവ് സോൺ പ്രദേശങ്ങളിലെ ജനവാസ കേന്ദ്രങ്ങൾ, കൃഷി, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ വിവരം ശേഖരിക്കാനും അത് സമർപ്പിക്കാനും സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത്തരത്തിലൊരു പരിശോധന നടത്തണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് 23 മേഖലകളിലും ഇന്നലെയോടുകൂടി പരിശോധനകൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പരിശോധനകൾ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൃഷി, വൈദ്യുതി, ജലസേചനം എന്നീ വകുപ്പുമന്ത്രിമാരുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാരുടെയും യോഗം ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് ചേരുന്നുണ്ട്. പ്രസ്തുത യോഗത്തിൽ വിശദാംശങ്ങൾ പരിശോധിച്ചതിനുശേഷം നിശ്ചയിച്ച തീയതിക്കുമുമ്പ്; ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽതന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതി ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും സമർപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട നടപടി പുരോഗമിച്ചുവരികയാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, 1977-ന് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്ന കൃഷിക്കാരുടെ പട്ടയം കൊടുക്കുന്നതിനായി ജോയിന്റ് വെരിഫിക്കേഷൻ നടത്തി, ഗവൺമെന്റ് തന്നെ അനുമതി നൽകിയ ഭൂമിയിൽ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ഇത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; അക്കാര്യംകൂടി പരിഗണിച്ചുകൊണ്ട് നിലപാട് സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ പ്രശ്നത്തിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വനം-പരിസ്ഥിതി മന്ത്രാലയത്തിലെ ക്യാബിനറ്റ് മന്ത്രിക്ക് ജൂലൈ 14-ാം തീയതി കേരളത്തെ പ്രതിനിധീകരിച്ച് നേരിട്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച അപേക്ഷകളിൽ ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ടവയ്ക്ക് അനുകൂലമായ തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ അനുവാദം ലഭിച്ചാൽ വനഭൂമിയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ പട്ടയം ലഭിക്കാതെപോയ പതിനായിരത്തിലധികം പാവപ്പെട്ടവർക്ക് പട്ടയം നൽകാൻ സാധിക്കുന്നതാണ്. അതിനുള്ള ശ്രമങ്ങൾ തുടരുന്നതാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ബഫർ സോൺ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനൊരു നിലപാടുണ്ട്. തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാടും കർണ്ണാടകവും ഈ കാര്യത്തിൽ ചില സമീപനങ്ങളെടുത്തിട്ടുണ്ട്. എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്താണ് തമിഴ്നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട മലയോര മേഖല വരുന്നത്. വൈകുണ്ഠം, ശിവലോകം, പേച്ചിപ്പാറ, പെരുഞ്ചാണി, കുലശേഖരം തുടങ്ങിയ സ്ഥലങ്ങളിൽ ലക്ഷക്കണക്കിന് ഏക്കർ ഭൂമി കൈമാറ്റം ചെയ്യാൻ കഴിയാത്ത അവസ്ഥയിലാണ്. അക്കാര്യംകൂടി പരിഗണിച്ചുകൊണ്ട് മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് പുറത്തുവന്നിരിക്കുന്നത്. ഇക്കാര്യത്തിൽ ടി സംസ്ഥാനങ്ങളുമായി ബന്ധപ്പെടാൻ നമുക്ക് സാധിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മറ്റ് സംസ്ഥാനങ്ങളുമായി ഉദ്യോഗസ്ഥ തലത്തിലുള്ള കൂടിയാലോചനകൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. കേരളം മാത്രമാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞ സമയത്തിനുള്ളിൽ പെറ്റീഷൻ സമർപ്പിച്ചത്. ഇന്ത്യയിലെ മറ്റൊരു ഗവൺമെന്റും ഇന്നുവരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിട്ടില്ല. മറ്റ് സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് കൂട്ടായ ശ്രമം നടത്തുന്നതാണ് ഉചിതമെന്നാണ് ആദ്യം കരുതിയത്. പക്ഷെ, കേരളമൊഴികെ മറ്റ് സംസ്ഥാന ഗവൺമെന്റുകളൊന്നുംതന്നെ ഇന്നേവരെ അത്തരത്തിലൊരു ഹർജിയുമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയെയോ കേന്ദ്ര ഗവൺമെന്റിനേയോ സമീപിച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി കേരളം സമർപ്പിച്ച നിവേദനവുമായി ബന്ധപ്പെട്ട് അറിയിച്ചത്, മറ്റ് സംസ്ഥാനങ്ങളുടെ അഭിപ്രായംകൂടി ആരാഞ്ഞപ്പോൾ അവരും ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നാണ്. ആ അനുകൂല ഘടകത്തെ പ്രയോജനപ്പെടുത്താനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

ശ്രീ. കെ. പ്രേംകുമാർ: സർ, ബഫർ സോണിലെ ജനവാസ കേന്ദ്രങ്ങളെ അതിൽനിന്നും ഒഴിവാക്കുമ്പോഴും വനാതിർത്തിയിൽ പരിസ്ഥിതിക്ക് കോട്ടമുണ്ടാകുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. ബഫർ സോൺ തന്നെ വേണ്ടെന്ന നിലപാട് നമുക്ക് സ്വീകരിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ആ കാര്യത്തിൽ പ്രതിപക്ഷവും ഭരണകക്ഷിയുമായി അഭിപ്രായവ്യത്യാസമില്ല. ബഫർ സോണുകളുണ്ടാകണം, പരിസ്ഥിതി സംരക്ഷിക്കണം, അതുമായി ബന്ധപ്പെട്ട് കേന്ദ്ര ഹരിത ട്രൈബ്യൂണൽ കാലാകാലങ്ങളിൽ തരുന്ന നിർദ്ദേശങ്ങൾ നാം പാലിക്കണം എന്നിങ്ങനെയുള്ള കാര്യങ്ങളുണ്ട്. അക്കാര്യങ്ങളെല്ലാം പാലിച്ചുകൊണ്ടായിരിക്കും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നത്.

മി.സ്പീക്കർ: ഓർഡർ.......ഓർഡർ.......ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി, പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ വിദ്യാഭ്യാസ പുരോഗതി

5 (*65) ശ്രീ. കെ. ആൻസലൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്ര വർഗ്ഗങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക, സാമൂഹിക ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവരുടെയും പട്ടികജാതിയിൽപ്പെട്ട ദുർബല വിഭാഗക്കാരുടെയും ഉന്നമനത്തിന് പ്രത്യേകം പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ& ബി) പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക, സാമൂഹിക ശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*

(സി) കരിയർ ഗൈഡൻസിനും മത്സരപരീക്ഷകൾക്കുമുള്ള കോച്ചിംഗിനും പ്രത്യേക സൗകര്യമേർപ്പെടുത്തി ഇവരെ ആധുനിക തൊഴിൽ മേഖലയിലേയ്ക്കെത്തിക്കുന്നതിനുവേണ്ടി ആരംഭിച്ച വിജ്ഞാൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. വിജ്ഞാൻവാടികൾ സ്ഥിതി ചെയ്യുന്ന സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയും വിജ്ഞാനപ്രദമായ വായനയ്ക്ക് പുസ്തകശേഖരം, പത്രമാസികകൾ എന്നിവയും ലഭ്യമാണ്. നിലവിൽ 210 സ്ഥലങ്ങളിൽ വിജ്ഞാൻവാടികൾ പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരിയർ ഗൈഡൻസിനും മത്സരപരീക്ഷകൾക്കുള്ള കോച്ചിംഗിനും പ്രത്യേക സൗകര്യം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏർപ്പെടുത്തുന്നതിന്റെയും വെർച്വൽ ലേണിംഗ് സെന്ററുകളായി വിജ്ഞാൻവാടികളെ മാറ്റുന്നതിന്റെയും ഭാഗമായി ഡിജിറ്റൽ പഠന സൗകര്യമൊരുക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 14 ജില്ലകളിലും ഓരോ വിജ്ഞാൻവാടികളെ വീതം തെരഞ്ഞെടുക്കുകയും 2022 മാർച്ച് മാസം ഡിജിറ്റൽ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി

6(*66) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ടി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കാൻ സാധിക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ഗതാഗത പ്രശ്നങ്ങളുണ്ടാകുന്നുവെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

ഗൗരവത്തോടെ കാണുന്നുണ്ട്. റോഡുകളുടെ ഉടമസ്ഥാവകാശം നിക്ഷിപ്തമായിരിക്കുന്ന PWD, KRFB, NHAI തുടങ്ങിയ ഏജൻസികൾ അംഗീകരിച്ചുതരുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ടി ഏജൻസിക്ക് അടയ്ക്കുന്നമുറയ്ക്കാണ് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിരുന്നത്. കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന ജോലികളുമായി ബന്ധപ്പെട്ട പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനാവശ്യമായ തുക അതത് വകുപ്പുകളിൽ ഒടുക്കുകയാണ് ചെയ്തുവന്നിരുന്നത്. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ഡിപ്പാർട്ടുമെന്റുകൾക്കുമായിരുന്നു. എന്നിരുന്നാലും പുതുതായി കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതുവഴി തകരാറിലാകുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ കാൽനടയാത്രക്കാർക്കും വാഹനഗതാഗതത്തിനും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ കേരള വാട്ടർ അതോറിറ്റി താല്ക്കാലികമായി പുനരുദ്ധാരണം നടത്തിവരുന്നുണ്ട്.

24-2-2022-ലെ G.O.(MS)8/2022/PWD പ്രകാരം പൊതുമരാമത്ത് റോഡുകളിൽ പൈപ്പിട്ടശേഷം റോഡ് പുനഃസ്ഥാപിക്കുന്ന ചുമതല വാട്ടർ അതോറിറ്റിക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം, പൈപ്പ്ലൈൻ പ്രവൃത്തികളുടെ കരാർ തുകയിൽ റോഡുകളുടെ അറ്റകുറ്റപ്പണിക്കുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് കരാർ നൽകിവരുന്നത്.

(ബി) കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണിക്കുള്ള തുക കരാറുകാരുമായുണ്ടാക്കുന്ന കരാറിൽ തന്നെ വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

24-2-2022-ലെ G.O.(MS)8/2022/PWD നമ്പർ പ്രകാരം പൊതുമരാമത്ത് റോഡുകളിൽ പൈപ്പിട്ടശേഷം റോഡ് പുനഃസ്ഥാപിക്കുന്ന ചുമതല വാട്ടർ അതോറിറ്റിക്ക് നൽകി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം കരാർ തുകയിൽ റോഡുകളുടെ അറ്റകുറ്റപ്പണിക്കുള്ള തുക കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഇപ്പോൾ കരാർ നൽകുന്നത്.

(സി) എങ്കിൽ പ്രസ്തുത കരാർ വ്യവസ്ഥ ലംഘിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

24-2-2022-ലെ G.O.(MS)No.8/2022/PWD ഉത്തരവിനുശേഷം റോഡ് പുനരുദ്ധാരണം ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയാണ് പ്രവൃത്തി കരാർ ചെയ്യുന്നത്. ബന്ധപ്പെട്ട കരാറുകാരന്റെ മേൽനോട്ട പരിപാലന കാലാവധി നിശ്ചയിക്കുകയും ആ കാലഘട്ടത്തിൽ ഏതെങ്കിലും കരാർ ലംഘനം ഉണ്ടെങ്കിൽ ആയത് കരാറുകാരന്റെ Risk & Cost-ൽ ഉൾപ്പെടുത്തിയോ കരാറുകാരനെക്കൊണ്ട് തന്നെ ടി പ്രവൃത്തികൾ ചെയ്യിക്കുന്നതിനോ കരാറിൽ വ്യവസ്ഥയുണ്ട്. ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം കരാറുകാരനെതിരെ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഉത്തരവുപ്രകാരം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട പൊതുമരാമത്തുവകുപ്പ് ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലാണ് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തുവരുന്നത്.

(ഡി) ഇത്തരത്തിൽ കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിനായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജില്ലാതലത്തിൽ വിവിധ വകുപ്പുകളുടെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിലും ബന്ധപ്പെട്ട ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിങ്ങനെ വിവിധ തലത്തിൽ അവലോകനയോഗങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളുമായുള്ള ചർച്ചകൾ, കരാറുകാർക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകൽ, ആവശ്യമെങ്കിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കൽ എന്നീ

നടപടികൾ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുന്നതിനുവേണ്ടി സ്വീകരിച്ചുവരുന്നു. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനായി ഇരുവകുപ്പുകളിലെയും ചീഫ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി മാസത്തിൽ ഒരു പ്രാവശ്യം കൂടി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ അവലോകനം ചെയ്തുവരുന്നു.

നിലവിൽ കേന്ദ്ര കാര്യാലയത്തിൽ പരാതി പരിഹരിക്കുന്നതിനായി ഓൺലൈൻ പരാതി പരിഹാര സംവിധാനവും പ്രവർത്തിച്ചുവരുന്നു.

## പട്ടികജാതി, പട്ടികഗോത്ര വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ സൗകര്യങ്ങൾ

7(*67) ശ്രീ. പി. പി. സുമോദ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശീയ ജനതയുടെ അന്തർദേശീയ വാരാചരണത്തിന്റെ ഭാഗമായി രൂപം നൽകിയ "മികച്ച വിദ്യാഭ്യാസം മെച്ചപ്പെട്ട ആരോഗ്യം" എന്ന മുദ്രാവാചകം സാർത്ഥകമാക്കുന്നതിന് പട്ടികഗോത്ര ജനതയ്ക്കുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തദ്ദേശീയ ജനതയുടെ അന്തർദ്ദേശീയ ദിനമായ ആഗസ്റ്റ് 9 മുതൽ 15 വരെയുള്ള ഒരാഴ്ചക്കാലം വാരാചരണമായി ആചരിക്കുന്നതിന്റെ ഭാഗമായി രൂപം നൽകിയ "മികച്ച വിദ്യാഭ്യാസം മെച്ചപ്പെട്ട ആരോഗ്യം" എന്ന സന്ദേശത്തിന്റെ പൂർത്തീകരണത്തിനായി സംസ്ഥാനതല ഉദ്ഘാടന വേദിയിൽ വച്ച് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ജീവിതനൈപുണ്യ വിദ്യാഭ്യാസം നൽകുന്ന പദ്ധതി, സിവിൽ സർവ്വീസ് കോച്ചിംഗിനായി 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി തുടങ്ങിയവ ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. വാരാചരണത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിരവധിയായ ആരോഗ്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. കരിയർ ഗൈഡൻസ് ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പുകൾ, നിയമ ബോധവത്കരണ ക്ലാസ്സുകൾ, ലഹരിക്കെതിരെയുള്ള ബോധവത്കരണം എന്നിവ

മേൽ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി നടപ്പിൽവരുത്തിയിട്ടുണ്ട്. വിവിധ സർവ്വകലാശാലകളിൽ പട്ടികവർഗ്ഗക്കാർക്ക് പ്രവേശനവും പഠനത്തുടർച്ചയും ഉറപ്പുവരുത്തുന്നതിന് സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് സ്റ്റുഡന്റ് ഫെസിലിറ്റേഷൻ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രീ-പ്രൈമറി മുതൽ പ്രൊഫഷണൽ കോഴ്സുകൾക്കും കൂടാതെ പി.എച്ച്.ഡി. വരെയുമുള്ള പഠനത്തിനും സിവിൽ സർവ്വീസ് വരെയുള്ള സർക്കാർ ജോലികൾക്കും പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യ കോച്ചിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ?

ഉണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

- കേരള സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് (ബിരുദം യോഗ്യത) വകുപ്പിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻസ് ട്രെയിനിംഗ് സൊസൈറ്റി മുഖേന ട്യൂഷൻ ഫീസ്, പ്രതിമാസ സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ഫീസ് മുതലായ വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തെ മറ്റ് സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിലേയ്ക്കായി സ്ഥാപനം ആവിഷ്കരിച്ച് നടപ്പിലാക്കിയ 'ലക്ഷ്യ' സ്കോളർഷിപ്പ് മുഖേന തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 30 വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, പ്രതിമാസ സ്റ്റൈപ്പന്റ്, ബുക്ക് കിറ്റ് അലവൻസ്, ഹോസ്റ്റൽ ഫീസ് എന്നിവ അനുവദിച്ചുവരുന്നു.

- വിവിധ മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്ന പട്ടികവിഭാഗം ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിന് വകുപ്പിനുകീഴിൽ നാലു പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടുകൂടിയ പരിശീലനം നൽകിവരുന്നു. തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

- പട്ടികജാതി വികസന വകുപ്പിനുകീഴിൽ 'VISION' പദ്ധതി പ്രകാരം Plus One പഠനത്തോടൊപ്പം Medical/Engineering Entrance പരിശീലനം നടത്തുന്നതിന് ധനസഹായമായി 20,000 രൂപയും, പ്ലസ്ടു പഠനത്തിനുശേഷം Medical/Engineering Entrance പരിശീലനം നടത്തുന്നതിന് 54,000 രൂപയും ധനസഹായം നൽകിവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികജാതി, പട്ടികഗോത്ര വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് നൽകുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിദേശത്ത് PG Course തലംമുതൽ പഠിക്കുന്നതിനായി വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നുണ്ട്.

- TIMES-ന്റെ ലോക റാങ്കിന്റെ 500 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പി.ജി. പഠനം നടത്തുന്നവർക്കാണ് ആനുകൂല്യം നൽകുന്നത്.
- അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന് 35 വയസ്സ് കഴിയുവാൻ പാടില്ല.
- അപേക്ഷകൻ യോഗ്യതാപരീക്ഷയിൽ 55 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം.
- ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്, വിമാന യാത്രാചാർജ്, വിസ ചാർജ്, ഇൻഷ്വറൻസ് എന്നിവയ്ക്കായി പരമാവധി 25 ലക്ഷം രൂപ അനുവദിക്കുന്നു.

അപേക്ഷകളുടെ എണ്ണം, സർവ്വകലാശാലകളുടെ മികവ് എന്നിവ പരിഗണിച്ച് അർഹരായവർക്ക് സ്കോളർഷിപ്പ് നൽകുന്നതാണ്. പദ്ധതി വിപുലീകരിക്കേണ്ട ആവശ്യകത നിലവിലില്ല.

## തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാൻ നടപടി

8(*68) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനിയന്ത്രിതമായി പെരുകുന്ന തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന "അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാമിന്റെ" പുരോഗതി വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് 2017 മുതൽ തെരുവുനായ നിയന്ത്രണ പദ്ധതി കുടുംബശ്രീ മുഖേനയാണ് നടപ്പിലാക്കിയിരുന്നത്. കുടുംബശ്രീക്ക് അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമില്ലാത്തതിനാൽ ഹൈക്കോടതിയിൽ നിലവിലുള്ള 19-7-2021-ലെ WP(C)No.13204/2021 ഇടക്കാല വിധിപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ മുഖാന്തരം ABC പദ്ധതി നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച 27-12-2021-ലെ സ.ഉ. (സാധാ)നമ്പർ 474/2021/AHD പ്രകാരം കുടുംബശ്രീ മുഖേനയുള്ള ABC പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നിർത്തിവയ്ക്കുകയുണ്ടായി. ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി കൂടുതൽ ശാസ്ത്രീയവും ഫലപ്രദവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് കൊല്ലം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തുക വിനിയോഗിച്ച് എ.ബി.സി. പ്രവർത്തനം നടത്തി വരുന്നു. 2021 വർഷത്തിൽ ഈ അഞ്ചു ജില്ലകളിലായി 18,550 തെരുവുനായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനം ഇതേരീതിയിൽ മറ്റു ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. മൃഗസംരക്ഷണ വകുപ്പിനുകീഴിൽ നിലവിലുള്ള എ.ബി.സി. സെന്ററുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തിക്കൊണ്ട് പദ്ധതി കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. തെരുവുനായ്ക്കളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് അഡോപ്ഷൻ ക്യാമ്പുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പേവിഷബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കൂടുതൽ നായ്ക്കൾക്ക് പേവിഷബാധയുണ്ടാകാത്ത തരത്തിൽ തെരുവുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു. പേവിഷബാധ നിർമ്മാർജ്ജനത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പേവിഷബാധ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് "റാബീസ് ഫ്രീ കേരള"

പദ്ധതി പ്രകാരം, നായ്ക്കളിൽ പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരുന്നു. 2021 വർഷം 127128 പേവിഷ പ്രതിരോധ കുത്തിവയ്പ്പ് ഇപ്രകാരം നായ്ക്കളിൽ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതമുപയോഗിച്ച് ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തിയും പേവിഷ പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തിവരുന്നു. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി വിഹിതം നീക്കിവയ്ക്കുന്നത്.

(ഡി) സംസ്ഥാനത്തെ അരുമ മൃഗങ്ങളെ പൂർണ്ണമായും നിർബന്ധിത പേവിഷ പ്രതിരോധ കുത്തിവയ്പ്പ് എടുപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിൽ 26-7-2022-ന് നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനമുണ്ടായിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് നിർബന്ധിത പേവിഷ പ്രതിരോധകുത്തിവയ്പ്പും ലൈസൻസും നിർബന്ധമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രസ്തുത കമ്മിറ്റി തീരുമാനപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇക്കോ-സെൻസിറ്റീവ് സോൺ

9(*69) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ എല്ലാ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് സംരക്ഷിത വനങ്ങൾക്കുചുറ്റുമുള്ള ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങളെയും ഉപജീവന പ്രവർത്തനങ്ങളെയും ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് സംരക്ഷിത വനങ്ങൾക്കുചുറ്റുമുള്ള ഗ്രാമങ്ങളിലെ വികസന പ്രവർത്തനങ്ങളെയും ഉപജീവന പ്രവർത്തനങ്ങളെയും ഒരു പരിധിവരെ ബാധിക്കുമെന്നതും ടി ഉത്തരവ് സംസ്ഥാനത്തെ മലയോര മേഖലയിൽ ആശങ്കകൾ

സൃഷ്ടിക്കുമെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തെ ഗൗരവമായി കണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോദ്ധ്യപ്പെടുത്തി ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്.

(ബി) പരിസ്ഥിതിലോല മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-6-2022-ലെ ഡി2/46/2019/വനം കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ക്ലാരിഫിക്കേഷൻ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-6-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും ക്ലാരിഫിക്കേഷൻ/ മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 8-6-2022-ലും 5-7-2022-ലും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-6-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും റിവ്യൂ പെറ്റീഷൻ 17-8-2022-ൽ ഡയറി നം.25588-2022 ആയി സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ 2022 ജൂലൈ 27-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഓരോ വന്യജീവി സങ്കേതത്തിനും ദേശീയോദ്യാനത്തിനും നിർണ്ണയിക്കപ്പെട്ട അതിർത്തികൾക്കുചുറ്റും കുറഞ്ഞത് ഒരു കിലോമീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖലകൾ (ഇക്കോ സെൻസിറ്റീവ് സോൺ) ഉണ്ടായിരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോരമേഖലയിലും ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്.
ടി നടപടികളുടെ ഭാഗമായി 27-7-2022-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 10-8-2022-ൽ സ.ഉ.(കൈ)നമ്പർ 44/2022/വനം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ബഫർ സോണുമായി ബന്ധപ്പെട്ട് 2019-ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ബഫർസോണുമായി ബന്ധപ്പെട്ട 2019-ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം, 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെട്ടുവരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ (0-1 കി.മീ) ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കിലോമീറ്റർ നിർബന്ധമായും ബഫർസോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രവുമല്ല, കരട് വിജ്ഞാപന നിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചാൽ അതിൽ പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ലെന്ന വ്യവസ്ഥയുമില്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയെന്നതാണ്. കരട് വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ

സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 28-9-2020-ൽ അന്നത്തെ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗതീരുമാനവും 31-10-2019-ലെ സർക്കാർ ഉത്തരവിനകത്തുനിന്നുകൊണ്ട് അതിൽ പറഞ്ഞിട്ടുള്ള പൂജ്യം കിലോമീറ്റർ എന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമോ അതിൽനിന്നും വ്യതിചലിച്ചുകൊണ്ടോ ഉള്ളതല്ല.

ഈ യോഗതീരുമാനപ്രകാരം തയ്യാറാക്കിയ ജനവാസമേഖലകളും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതി വിധി ലഭ്യമാകുന്നതിനുവേണ്ടിയാണ് 27-7-2022-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതും അപ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നിലനിൽക്കെ അനാവശ്യമായി 31-10-2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കേണ്ടതില്ല.

**ബഫർ സോണുമായി ബന്ധപ്പെട്ട 2019-ലെ ഉത്തരവ്**

10(*70) <u>ശ്രീമതി കെ. കെ. രമ</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>) സദയം മറുപടി നൽകുമോ:

(എ) ബഫർ സോണുമായി ബന്ധപ്പെട്ട 2019-ലെ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പൂർണ്ണമായി പിൻവലിച്ചുകൊണ്ട് ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ തയ്യാറാകുമോ?

(എ&ബി) ബഫർ സോണുമായി ബന്ധപ്പെട്ട 2019-ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെട്ടുവരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ (0-1 കി.മീ) ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കിലോമീറ്റർ നിർബന്ധമായും ബഫർ സോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രവുമല്ല കരട് വിജ്ഞാപന നിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചാൽ അതിൽ പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ല എന്ന വ്യവസ്ഥയും ഇല്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക എന്നതാണ്. കരട് വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽനിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 28-9-2020-ൽ അന്നത്തെ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗ തീരുമാനവും 31-10-2019-ലെ സർക്കാർ ഉത്തരവിന് അകത്തുനിന്നുകൊണ്ട് അതിൽ പറഞ്ഞിട്ടുള്ള പൂജ്യം കിലോമീറ്റർ എന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ ഉത്തരവിന് വിരുദ്ധമോ അതിൽ നിന്നും വ്യതിചലിച്ചുകൊണ്ടോ ഉള്ളതല്ല. ഈ യോഗതീരുമാനപ്രകാരം തയ്യാറാക്കിയ ജനവാസ മേഖലകളും സർക്കാർ/അർദ്ധ സർക്കാർ/പൊതു മേഖലാസ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതി വിധി ലഭ്യമാക്കുന്നതിനു വേണ്ടിയാണ് 27-7-2022-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതും അപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നിലനിൽക്കെ പുതിയ തീരുമാനം കൈക്കൊണ്ടുവെന്ന തെറ്റായ സന്ദേശം ഉണ്ടാകാതിരിക്കേണ്ടതുമാണ്. ആയതിനാൽ അനാവശ്യമായി 31-10-2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കേണ്ടതില്ല.

(സി) സംസ്ഥാനത്തെ 23 വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റുമുള്ള ജനവാസമേഖലകളുൾപ്പെടുത്തി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുന്നവരിൽനിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ജനവാസമേഖലകളും കൃഷിയിടങ്ങളും സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി വനം-വന്യജീവി വകുപ്പ് കേന്ദ്രസർക്കാരിന് സമർപ്പിച്ച രേഖകളും നടപടികളും ജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നത് സംബന്ധിച്ച കരട് വിജ്ഞാപനവും അന്തിമ വിജ്ഞാപനവും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിലാണ് പ്രസിദ്ധീകരിക്കുന്നത്. 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തുനിന്ന് 3-1-2020-ൽ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ പെരിയാർ വന്യജീവി സങ്കേതത്തിന്റേത് ഒഴികെയുള്ള എല്ലാ കരട് വിജ്ഞാപനവും മതികെട്ടാൻഷോല ദേശീയോദ്യാനത്തെ സംബന്ധിക്കുന്ന അന്തിമ വിജ്ഞാപനവും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. 2019-ലെ സർക്കാർ ഉത്തരവ് ഇക്കോ സെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-9-2020-ൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളും സർക്കാർ/അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി 5-10-2020 മുതൽ 07-4-2022 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച കരട് നിർദ്ദേശങ്ങളിന്മേൽ അധിക വിവരങ്ങൾ കൂടി ലഭ്യമാക്കിക്കൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ സമിതി യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരവെയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവ് ലഭിക്കുകയും ആയതിനെത്തുടർന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 29-6-2022-ലെ എഫ് 11/20/2018-ESZ കത്ത് പ്രകാരം സംസ്ഥാനത്ത് നിന്ന് സമർപ്പിച്ചിരുന്ന കരട് നിർദ്ദേശങ്ങൾ മടക്കി അയയ്ക്കുകയും ചെയ്തത്.

10-8-2022-ലെ സർക്കാർ ഉത്തരവ് 44/2022/വനം. പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസമേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനുമുള്ള നടപടികൾക്കായി ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിയും ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം ഒരു പുനഃപരിശോധനാ ഹർജി 17-8-2022-ൽ ഡയറി നമ്പർ 25558-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായി അപേക്ഷിച്ചിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമെ ടി കരട് വിജ്ഞാപന നിർദ്ദേശങ്ങൾ അന്തിമവിജ്ഞാപനമായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയുള്ളൂ.

**ദേവസ്വം ബോർഡുകൾക്ക് വരുമാനദായകമായ പദ്ധതികൾ**

11(*71) <u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ഡോ. സുജിത് വിജയൻപിള്ള</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>) സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്നത് സംബന്ധിച്ചും ക്ഷേത്രങ്ങളിലെ വഴിപാടുകളിൽ നിന്നും ലഭിക്കേണ്ട നിശ്ചിത ശതമാനം തുകയിൽ (സപ്ലൈയർ-കോസ്റ്റ് സേവിംഗ് റിട്ടേൺ) ഇളവുകൾ വരുത്തിയതാണ് ദേവസ്വം ബോർഡിന് കോടികളുടെ വരുമാനം കുറവുണ്ടാകാൻ ഇടയായതെന്ന വാദഗതിയുടെയും നിജസ്ഥിതി വ്യക്തമാക്കാമോ?

ഓരോ ദേവസ്വത്തിലും ഒരു ദിവസം ലഭിക്കുന്ന ആകെ സപ്ലൈയർ തുകയിൽ നിന്നും നിശ്ചിത ശതമാനം കണക്കാക്കി ഒരു തുക സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേണായി കുറവുചെയ്ത് മുതൽകൂട്ടിൽ ചേർത്ത് ഒടുക്കേണ്ടതാണെന്ന്

തീരുമാനിച്ച് ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചിത ശതമാനം അധികമായി മുതൽക്കൂട്ടിൽ ചേർത്ത് ഒടുക്കുവരുത്തുമ്പോൾ പല വഴിപാടുകളും മുമ്പുണ്ടായിരുന്ന ഗുണനിലവാരത്തിൽ തയ്യാറാക്കുന്നതിന് സാധിക്കാതെ വരുന്നതായി ചുമതലക്കാരായ ഉദ്യോഗസ്ഥർ പലഘട്ടങ്ങളിലും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചുറ്റുവിളക്ക്, കളഭാഭിഷേകം, ഉത്സവബലി, ചതുശ്ശതം, മുഴുക്കാപ്പ്, പുഷ്പാഭിഷേകം തുടങ്ങി ഒരു ദിവസം ഒരെണ്ണം മാത്രം നടത്തുന്ന വഴിപാടുകൾ സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേണിൽ നിന്നും ഒഴിവാക്കി ശതമാന നിരക്കിൽ ഭേദഗതി വരുത്തി ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു രൂപ മുതൽ 500 രൂപ വരെയുള്ളതിന് 5 ശതമാനം സപ്ലൈയർ കോസ്റ്റിൽ നിന്നും ഈടാക്കുന്നതിനും (മുൻ ഉത്തരവിൽ ഒരു രൂപ മുതൽ 500 രൂപ വരെ സപ്ലൈയർ കോസ്റ്റ് സേവിംഗ്സ് റിട്ടേൺ ഇല്ലായിരുന്നു) 6001 രൂപ മുതൽ 10,000 രൂപവരെ 30 ശതമാനവും 10,001 രൂപ മുതൽ 35 ശതമാനമാക്കിയുമാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവ് വഴിപാടുകളുടെ ഗുണനിലവാരം ഉയർത്തുകയെന്ന സദുദ്ദേശത്തോടെ പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡുകളുടെ വക സ്ഥലസൗകര്യങ്ങളും സ്ഥാപനങ്ങളും ഉപയോഗിച്ച് ക്ഷേത്രാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വിഘാതം വരാത്തവിധം വരുമാനദായകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ്, ആഡിറ്റോറിയം മുതലായ കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനും, പാർക്കിംഗ് ഗ്രൗണ്ടായി ഉപയോഗിക്കുന്നതിനും, തരിശുഭൂമി കൃഷിക്കായി ദേവഹരിതം, ക്ഷേത്രത്തോടു ചേർന്ന് നക്ഷത്ര വനം പദ്ധതി കൂടാതെ വരുമാനം ലഭിക്കുന്ന പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിൽവരുത്തുവാനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശായി കിടക്കുന്ന ഭൂമി കൃഷി, വാണിജ്യം മുതലായ ആവശ്യങ്ങൾക്കുപയോഗപ്പെടുത്തി സ്ഥായിയായ വരുമാനമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിൽ ഷോപ്പിംഗ് കോംപ്ലക്സ്, കൃഷി, പാർക്കിംഗ്, വെയർഹൗസ്, വർക്ക് ഷോപ്പ്, ട്രേഡ് ഫെയർ തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ചുനൽകുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

കൂടൽമാണിക്യം ദേവസ്വം ഉടമസ്ഥതയിൽ ഇരിങ്ങാലക്കുട ഠൗണിലുള്ള സംഗമേശ്വര ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടകയിനത്തിൽ വരുമാനം ലഭിക്കുന്നുണ്ട്. വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപാരസമുച്ചയങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള തെക്കേനടയിൽ ഭക്തജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ള കല്യാണമണ്ഡപങ്ങളും, ലോഡ്ജ് ബിൽഡിംഗും നിർമ്മിക്കുവാനുദ്ദേശിക്കുന്നുണ്ട്.

(സി) ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനും പെൻഷൻകാരുടെ ഡി.എ. വർദ്ധനവ് നടപ്പാക്കുന്നതിനുമായി അധികമായിവരുന്ന തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനും പെൻഷൻകാരുടെ ഡി.എ. വർദ്ധനവ് നടപ്പാക്കുന്നതിനുമായി അധികമായി വേണ്ടി വരുന്ന തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേവസ്വം ബോർഡിന്റെ പ്രധാന വരുമാന സ്രോതസ്സ് ദേവസ്വങ്ങളിൽ നിന്നുള്ള നടവരവാണ്. ദേവസ്വം ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്കും സർക്കാരിൽ നിന്നുള്ള സഹായം ലഭ്യമാക്കിയും ശമ്പള പരിഷ്കരണത്തിനും, ഡി.എ. വർദ്ധനവിനുമുള്ള അധികതുക കണ്ടെത്തി നടപ്പിൽ വരുത്താവുന്നതാണ്.

മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം അതത് ക്ഷേത്രഫണ്ടിൽ നിന്നുമാണ് വഹിക്കേണ്ടത്. എന്നാൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിൽ ജീവനക്കാരുടെ ശമ്പളം നൽകുന്നതിനായി തികയാതെ വരുന്ന തുക നിശ്ചിത മാനദണ്ഡങ്ങൾക്കുവിധേയമായി ബോർഡിൽനിന്നും അനുവദിച്ചുവരുന്നുണ്ട്. ക്ഷേത്ര ജീവനക്കാരുടെ 1-1-2019 പ്രാബല്യത്തിൽ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവിൽ വന്നിട്ടുള്ള അനോമലികൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൊച്ചിൻ ദേവസ്വം ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ വഴിപാട് ബുക്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ ബുക്കിംഗ് വഴി പ്രസാദം വീടുകളിലേയ്ക്ക് എത്തിച്ചുകൊടുക്കുന്ന നടപടിയാരംഭിച്ചു. ബോർഡിനുകീഴിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ നിശ്ചിത തുകയ്ക്ക് ക്ഷേത്രാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വിഘാതം വരാത്തവിധം വിവിധയാവശ്യങ്ങൾക്ക് അനുവദിച്ചുവരുന്നുണ്ട്.

കൂടൽമാണിക്യം ദേവസ്വം വഴിപാടിതര വരുമാനം വർദ്ധിപ്പിച്ച് അധിക തുക കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വിവിധ ദേവസ്വം ബോർഡുകൾക്കായി എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രളയം, കോവിഡ് മഹാമാരി മുതലായവമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 120 കോടി രൂപയും കൊച്ചിൻ ദേവസ്വം ബോർഡിന് 25 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 20 കോടി രൂപയും കൂടൽമാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 165 കോടി 15 ലക്ഷം രൂപ വിവിധ ദേവസ്വം ബോർഡുകൾക്കായി അനുവദിച്ചിരുന്നു. ആയതിന്റെ തുടർച്ചയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവിതാംകൂർ ദേവസ്വം ബോർഡിന് 28-7-2021-ലെ G.O.(Rt)2474/2021/Rev പ്രകാരം 10 കോടി രൂപയും, 20-11-2021-ലെ G.O.(Rt) 4010/2021/Rev. ഉത്തരവുപ്രകാരം 10 കോടി രൂപയും ചേർത്ത് ആകെ 20 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 2021-2022, 2022-2023 സാമ്പത്തികവർഷം (31-7-2022 വരെ) ഗ്രാന്റ്-ഇൻ-എയ്ഡായി ആകെ 44,32,58,260 രൂപയും അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തിക, സാമൂഹിക സ്ഥിതി**

12(*72) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിലവിലെ സാമ്പത്തിക, സാമൂഹിക സ്ഥിതിയെപ്പറ്റി സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പട്ടികജാതി ജനസംഖ്യയുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ലക്ഷ്യംവച്ച് ആരംഭിച്ച ഡിജിറ്റൽ സർവ്വേയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ വ്യക്തിപരവും കുടുംബപരവും അവരുടെ ഊരുകൾ അടിസ്ഥാനമാക്കിയുമുള്ള വിശദമായ വിവരശേഖരണം പട്ടികവർഗ്ഗ വികസന വകുപ്പ് പൂർത്തിയാക്കിവരുന്നു.

(ബി) എങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ സംരംഭകത്വ വികസന പദ്ധതിയിലൂടെ സ്ഥാപിച്ച മെർജിയോസ് ഐ.റ്റി. സൊല്യൂഷൻ എന്ന സ്റ്റാർട്ടപ് സ്ഥാപനത്തെയാണ് സർവ്വേ നടത്തുന്നതിനുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

സർവ്വേ നടത്തി ശേഖരിക്കുന്ന വിവരങ്ങളും കണ്ടെത്തലുകളും വിദഗ്ദ്ധരുടെ നേതൃത്വത്തിൽ വിശകലനം ചെയ്ത് കരട് റിപ്പോർട്ട് തയ്യാറാക്കിയശേഷം ആധികാരികത ഉറപ്പുവരുത്തി ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അന്തിമ റിപ്പോർട്ട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയും കേന്ദ്ര വിഹിതവും സമയബന്ധിതമായി ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

തുക ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമില്ല.

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതികൾ**

13 (*73) ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. നൗഷാദ്:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ സ്വയംതൊഴിൽ, ബിസിനസ്സ് വായ്പാ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ കേന്ദ്ര ഏജൻസികളായ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ ഫണ്ട് വിനിയോഗിച്ച് പിന്നാക്ക മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നടപ്പിലാക്കിവരുന്ന സ്വയം തൊഴിൽ, ബിസിനസ്സ് വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള "ന്യൂ സ്വർണ്ണിമ" പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

വനിതകളിൽ സ്വയംപര്യാപ്തത വളർത്തണമെന്ന ലക്ഷ്യത്തോടെ കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പ്രത്യേക പദ്ധതിയാണ് "ന്യൂ സ്വർണ്ണിമ". ടി പദ്ധതി പ്രകാരം ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പുതിയ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപ വരെ 5 ശതമാനം പലിശ നിരക്കിൽ വായ്പയായി അനുവദിച്ചുവരുന്നു. പ്രായപരിധി 18 മുതൽ 55 വയസ്സുവരെയാണ്.

2021-22 സാമ്പത്തികവർഷം ടി പദ്ധതിയിലുൾപ്പെടുത്തി 56 ഗുണഭോക്താക്കൾക്ക് 85.74 ലക്ഷം രൂപയും, 2022-23 സാമ്പത്തികവർഷം നാളിതുവരെ 24 ഗുണഭോക്താക്കൾക്ക് 37.34 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ദേശീയ ഏജൻസികളുടെ പദ്ധതി പ്രകാരം വായ്പയനുവദിക്കാൻ സാധിക്കാത്ത, തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള "വിദ്യാശ്രീ" വായ്പാ പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ തനത് ഫണ്ടുപയോഗിച്ച് പിന്നാക്ക/മതന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ വായ്പാ പദ്ധതിയാണ് "വിദ്യാശ്രീ". ടി പദ്ധതി പ്രകാരം പ്രൊഫഷണൽ/ ടെക്നിക്കൽ/ വൊക്കേഷണൽ/ ഡിപ്ലോമ/ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് കോഴ്സുകൾ ഇന്ത്യയ്ക്കകത്ത് പഠിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ 6 ശതമാനം പലിശ നിരക്കിൽ അനുവദിച്ചുവരുന്നു. പ്രായപരിധി 16-32 വയസ്സാണ്.

(ഡി) വായ്പാ പദ്ധതികൾ വേഗതയിലും സുതാര്യതയോടെയും നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വായ്പാ പദ്ധതികൾ നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

1. കോർപ്പറേഷന്റെ എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തിവരുന്നത്.
2. പ്രവർത്തനങ്ങൾ കൂടുതൽ ഏകീകരിക്കുന്നതിനും വേഗത്തിലാക്കുന്നതിനും കോർപ്പറേഷന്റെ മൊബൈൽ ആപ്ലിക്കേഷൻ വികസന ഘട്ടത്തിലാണ്.

3. കോർപ്പറേഷന് തനതായ സോഫ്റ്റ്‌വെയർ നിലനിൽക്കുന്നതിനാൽ ദൈനംദിന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാനും സാധിക്കുന്നു.

4. വായ്പാ തിരിച്ചടവ് ഗുണഭോക്താക്കൾക്ക് സൗകര്യപ്രദമാക്കുന്നതിന് ഓൺലൈൻ സംവിധാനമായ "SBI Collect" മുഖാന്തരം നടത്തി വരുന്നു.

5. കൂടാതെ സംസ്ഥാനത്തെ കൂടുതൽ പിന്നാക്ക/മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും കോർപ്പറേഷന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കോർപ്പറേഷന് 14 ജില്ലകളിലും ജില്ലാ ഓഫീസുകളും, 20 ഉപജില്ലാ ഓഫീസുകളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

**ജല അതോറിറ്റിയുടെ വരുമാന സ്രോതസ്സുകൾ**

14(*74) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഅതോറിറ്റിയുടെ വരുമാന സ്രോതസ്സുകൾ ഏതൊക്കെയെന്നറിയിക്കാമോ; ചെലവ്, വരുമാനം എന്നിവ ആനുപാതികമാണോയെന്ന് വ്യക്തമാക്കാമോ?

കേരള ജല അതോറിറ്റിയുടെ വരുമാന സ്രോതസ്സുകൾ താഴെ പറയുന്നവയാണ്.

1. സർക്കാർ അംഗീകരിക്കുന്ന താരീഫ് അനുസരിച്ച് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജ്/ സീവറേജ് ചാർജ്

2. സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റ്.

3. സെന്റേജ് ചാർജ് & മറ്റ് ഇനങ്ങൾ.

ആയിരം ലിറ്റർ കുടിവെള്ളത്തിന് ഉല്പാദന പ്രസരണ ചെലവ് 22.85 രൂപയാണ്. എന്നാൽ ആയിരം ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി 10.92 രൂപ മാത്രമെ ലഭിക്കുന്നുള്ളൂ. അതായത് ആയിരം ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടമുണ്ടാകുന്നു. ആയതിനാൽ ചെലവ്, വരുമാനം എന്നിവ ആനുപാതികമല്ല.

2021-22 വാർഷിക കണക്കുകൾ (പ്രൊവിഷണൽ) പ്രകാരം അതോറിറ്റിയുടെ തനതുവർഷത്തെ മൊത്തം വരവ് 1426.15 കോടി രൂപയും ചെലവ് 1955.35 കോടി രൂപയുമാണ്. നഷ്ടം 529.20 കോടി രൂപയാണ്.

(ബി) ജല താരിഫ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും ഏതെല്ലാം ഘടകങ്ങളെ ആശ്രയിച്ചാണെന്നും വ്യക്തമാക്കാമോ; അതിനായി പ്രത്യേക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ മാതൃകയിൽ അത്തരമൊരു സമിതിയെ നിയോഗിച്ച് കാലാനുസൃതമായ പരിഷ്കരണം നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ?

1986-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സീവറേജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കഴിയുന്നിടത്തോളം നഷ്ടത്തിലാകാത്ത രീതിയിൽ കൊണ്ടുപോകേണ്ടതാണെന്നും അതിനായി അതോറിറ്റി ഈടാക്കുന്ന നിരക്കുകളും ചാർജ്ജുകളും തിട്ടപ്പെടുത്തുന്നത് ക്രമീകരിക്കേണ്ടതുണ്ടെന്നും അതുവഴി പരിപാലന ചെലവുകളും കടബാദ്ധ്യതകളും വഹിച്ച് പ്രായോഗികമാണെങ്കിൽ സാമ്പത്തിക നേട്ടം കൈവരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന ഘടകങ്ങളെയും മാനദണ്ഡങ്ങളെയും അടിസ്ഥാനമാക്കിയാണ് പ്രധാനമായും താരിഫ് പുനരവലോകന പ്രൊപ്പോസലുകൾ സർക്കാരിന് ലഭ്യമാകുന്നത്.

1. നിലവിലെ താരിഫ്
2. നിലവിലെ ഉപഭോക്താക്കളുടെ ജല ഉപയോഗക്രമം
3. അവസാനം താരിഫ് പുനർനിർണ്ണയിച്ചതിനുശേഷമുള്ള കാലയളവ്
4. ഇതര സംസ്ഥാനങ്ങളിലെ താരിഫ് നിരക്ക്
5. ജല അതോറിറ്റിയുടെ ദൈനംദിനാവശ്യങ്ങൾക്കുള്ള ചെലവുകളുടെ ഘടന
6. നിരക്ക് വർദ്ധനവുമൂലം ജനങ്ങൾക്കുണ്ടാകാവുന്ന പ്രഭാവം
7. സർക്കാരിൽ നിന്നുള്ള പദ്ധതിയേതര വിഹിതത്തിന്റെ ലഭ്യത
8. അറ്റകുറ്റപ്പണികൾ, വൈദ്യുത ചാർജ്, ജീവനക്കാരുടെ ശമ്പളം തുടങ്ങിയവയിൽ കാലാകാലങ്ങളിലുണ്ടാകുന്ന വർദ്ധനവ്.
9. നിലവിലെ വിവിധ സ്ലാബുകളിൽ നിന്ന് പിരിഞ്ഞ് കിട്ടുന്ന തുകയുടെ ഘടന

വാട്ടർ താരിഫ് പുനരവലോകനത്തിനായി പ്രത്യേകം സമിതി നിലവിലില്ല. വെള്ളത്തിന്റെ താരിഫ് നിർണ്ണയിക്കുന്നത് വളരെ സെൻസിറ്റീവായ വിഷയമായതിനാലും ആയതിന്മേൽ സർക്കാർ സമയബന്ധിതമായി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനാലും വാട്ടർ റെഗുലേറ്ററി അതോറിറ്റി രൂപീകരണത്തിന് നിലവിൽ ആവശ്യകതയില്ലെന്ന് സർക്കാർതലത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) തെരുവുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകളിലൂടെ നൽകുന്ന ജലത്തിന് ജല അതോറിറ്റിക്ക് പണം ലഭിക്കുന്നുണ്ടോ; എങ്കിൽ എവിടെ നിന്നാണ് പണം ലഭിക്കുന്നതെന്നും അത് കൃത്യമായി സമാഹരിക്കാൻ സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

തെരുവുകളിൽ സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകളിലൂടെ നൽകുന്ന ജലത്തിന് ജല അതോറിറ്റിക്ക് പണം ലഭിക്കുന്നുണ്ട്. പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് അടയ്ക്കേണ്ടത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൃത്യമായി വാട്ടർ ചാർജ്ജ് അടയ്ക്കാറില്ല.

എല്ലാമാസവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാട്ടർ ചാർജ്ജ് സംബന്ധിച്ച ബില്ലുകൾ ജലഅതോറിറ്റിയുടെ അതത് ഡിവിഷൻ ഓഫീസുകളിൽ നിന്നും കൃത്യമായി നൽകിവരുന്നുണ്ട്. കുടിശ്ശിക വരുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും പ്രസ്തുത തുക ഈടാക്കി നൽകണമെന്നുകാണിച്ച് അതത് വകുപ്പ് മേലധികാരികൾക്ക് ക്രോഡീകരിച്ച ബില്ലുകൾ നൽകിവരുന്നുണ്ട്.

(ഡി) ജല അതോറിറ്റിക്ക് ലഭിക്കേണ്ട തുക കൃത്യമായി പിരിച്ചെടുക്കാൻ ഫലപ്രദമായ സംവിധാനമേർപ്പെടുത്തുമോ?

കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ ഉപഭോക്താക്കൾക്കും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് നോട്ടീസുകൾ നൽകിവരുന്നു. മൊബൈൽ നമ്പർ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉപഭോക്താക്കൾക്കും ബിൽ/കുടിശ്ശിക സംബന്ധിച്ച് SMS മുഖേന അറിയിപ്പ് നൽകുന്നുണ്ട്. നോട്ടീസ് നൽകിയിട്ടും കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾ വിച്ഛേദിക്കുകയും തുടർന്ന് പ്രസ്തുത തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. നിലവിലെ കുടിശ്ശികയുടെ 70.62 ശതമാനവും സർക്കാർ, അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടേതാണ്. പ്രസ്തുത കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് എല്ലാ വകുപ്പുമേധാവികൾക്കും കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ് വാട്ടർ അതോറിറ്റിയുടെ ഹെഡ് ഓഫീസിൽനിന്നും നൽകിവരുന്നു. സർക്കാർ നിർദ്ദേശമനുസരിച്ച് അദാലത്തുകൾ നടത്തി പരമാവധി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദീർഘനാളായി കുടിശ്ശികയുള്ള കണക്ഷനുകളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി മുഖേനയും കുടിശ്ശിക പിരിച്ചെടുക്കുന്നു.

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ നടപടി**

15 (*75) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങി കാർഷികോല്പന്നങ്ങൾ നശിപ്പിക്കുന്നത് കണക്കിലെടുത്ത് അവയ്ക്ക് ഇഷ്ടപ്പെട്ട വിഭവങ്ങൾ വിളയുന്ന മരങ്ങൾ കാട്ടിൽ തന്നെ വച്ചുപിടിപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

വന്യജീവികൾ നാട്ടിലിറങ്ങി കാർഷികോല്പന്നങ്ങൾ നശിപ്പിക്കുന്നത് കണക്കിലെടുത്ത് അവയ്ക്ക് ഇഷ്ടപ്പെട്ട വിഭവങ്ങൾ വിളയുന്ന മരങ്ങൾ കാട്ടിൽ തന്നെ വച്ചുപിടിപ്പിക്കണമെന്ന പ്രത്യേക നിർദ്ദേശമുണ്ടായിട്ടില്ലെങ്കിലും വന്യ ജീവികൾക്കിഷ്ടപ്പെട്ട ഫലവൃക്ഷങ്ങൾ കാട്ടിൽതന്നെ വച്ചുപിടിപ്പിക്കുന്നത് വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നത് തടയാൻ കഴിയുമെന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ പ്ലാവ് (ചക്ക), മാവ് (മാങ്ങ) മുതലായ തദ്ദേശീയ വൃക്ഷങ്ങൾ ശോഷിച്ച വനപ്രദേശങ്ങളിൽ വച്ചു പിടിപ്പിക്കുന്നതുൾപ്പെടെയുള്ള 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) വേനൽകാലത്ത് കാട്ടിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വേനൽക്കാലത്ത് കാട്ടിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്ന രീതിയിൽ ജലസ്രോതസ്സുകളും പുൽമേടുകളും ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിലെ വന്യജീവികൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കുന്നതിന് ജലസ്രോതസ്സുകളുടെ പരിപാലനം, ചെക്ക് ഡാമുകളുടെ നിർമ്മാണം എന്നിവയും ഉൾപ്പെടുത്തി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ 2021-22 സാമ്പത്തികവർഷം 2406-02-110-68 കൺസർവേഷൻ ഓഫ് ബയോ ഡൈവേഴ്സിറ്റി (സി.ബി.ഡി.), 2406-01-800-56 Measures to Reduce Man-Animal Conflict (MRMAC) എന്നീ പദ്ധതികളിലും, 2406-02-800-357 പ്രോജക്ട് എലിഫന്റ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലും ജലസ്രോതസ്സുകളുടെ പരിപാലനം, ചെക്ക് ഡാമുകളുടെ നിർമ്മാണം എന്നിവയ്ക്കുവേണ്ടി തുക വിനിയോഗിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷവും മേൽ പ്രവർത്തികൾക്കായി CBD, MRMAC സ്കീമുകളിലും തുക വകയിരുത്തിയിട്ടുണ്ട്.

(സി) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി വിദേശ ഇനം വൃക്ഷങ്ങളെ വനങ്ങളിൽ നിന്ന് നീക്കം ചെയ്ത് ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം-നയരേഖ-2021 പ്രകാരം വ്യാവസായിക ആവശ്യത്തിനായി വച്ചുപിടിപ്പിക്കപ്പെട്ട യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ ഇനം വിദേശവൃക്ഷങ്ങൾ വനങ്ങളിൽനിന്നും നീക്കം ചെയ്യുന്നതിനും തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് സ്വാഭാവികതയിലേയ്ക്ക് പുനഃസ്ഥാപിക്കുന്നതിനും വിഭാവനം ചെയ്യുന്നുണ്ട്.

**പട്ടികജാതി വനിതകൾക്കുള്ള സ്വയംതൊഴിൽ വായ്പാ ഫണ്ട്**

16(*76) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്കുള്ള സ്വയംതൊഴിൽ വായ്പാഫണ്ട് വ്യാജ ജാതിസർട്ടിഫിക്കറ്റുണ്ടാക്കി തട്ടിപ്പ് നടത്തിയതായ സംഭവങ്ങൾ അടുത്തകാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതിയിൽ വ്യാജ ജാതിസർട്ടിഫിക്കറ്റുണ്ടാക്കി തട്ടിപ്പ് നടത്തിയതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ തിരുവനന്തപുരം നഗരസഭയുടെ ജനകീയാസൂത്രണ പദ്ധതി പ്രകാരം വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ, "പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്വയം തൊഴിൽ വായ്പ പദ്ധതിയിൽ" വ്യാജ ജാതി സർട്ടിഫിക്കറ്റുണ്ടാക്കി തട്ടിപ്പ് നടത്തിയതായ സംഭവം ഉണ്ടായിട്ടുണ്ട്.

വനിതാ സംരംഭകർക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ സ്വയം തൊഴിൽ ചെയ്യുന്നതിനായി ധനസഹായം ലഭിക്കുന്നതിനായി വാർഡ് സഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വനിതാ ഗ്രൂപ്പുകൾ അപേക്ഷയും അനുബന്ധരേഖകളും തിരുവനന്തപുരം നഗരസഭാ ജനകീയാസൂത്രണ വിഭാഗത്തിൽ ഹാജരാക്കുകയും, ആയതിന്റെയടിസ്ഥാനത്തിൽ സബ്സിഡി തുക ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പദ്ധതി പ്രകാരം സമർപ്പിച്ച അപേക്ഷകളിൽ ഉൾക്കൊള്ളിച്ചിരുന്ന ജാതി സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് പിന്നീട് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. നിലവിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോയെന്ന് മാത്രമാണ് പരിശോധിച്ചിരുന്നത്. ഡിജിറ്റലായി ജാതി സർട്ടിഫിക്കറ്റുകളുടെ സാധുതാ പരിശോധന നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാലാണ് ഇപ്രകാരം വീഴ്ച സംഭവിച്ചതെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഫണ്ട് തട്ടിപ്പിൽ കുറ്റക്കാരായവരുടെ പേരിൽ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

പ്രസ്തുത ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി രണ്ടുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരസഭയിൽ പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തുന്നത് വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനാണ്. ആഴ്ചയിൽ രണ്ടോമൂന്നോ ദിവസം മാത്രമാണ് ടി ഉദ്യോഗസ്ഥൻ നഗരസഭയിൽ ജോലിക്ക് ഹാജരാകേണ്ടതായിട്ടുള്ളൂ, ബാക്കി ദിവസങ്ങളിൽ വകുപ്പിന്റെ ഓഫീസിലാണ് ജോലി ചെയ്യേണ്ടത്. ഇത് മാറ്റി എല്ലാദിവസവും നഗരസഭയിൽ ഹാജരായി അപേക്ഷകളുടെ സ്ഥല പരിശോധന കൂടി നടത്തുവാനും, ഭാവിയിൽ ഇപ്രകാരമുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്.

## കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ നടപടി

17 (*77) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് അധികബാദ്ധ്യതയുണ്ടാക്കാതെ വാട്ടർ അതോറിറ്റിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനം ലാഭകരമാക്കുന്നതിനും താഴെ പരാമർശിക്കുന്ന കർമ്മ പദ്ധതികൾ തയ്യാറാക്കി കേരള വാട്ടർ അതോറിറ്റി നിർവ്വഹിച്ചുവരുന്നു.

1. ഉല്പാദന ഘടകങ്ങളിലാവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

2. കാലപ്പഴക്കം വന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക വഴി ജലചോർച്ച തടയുക.

3. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

4. Supervisory Control and Data Acquisition (SCADA) പോലെയുള്ള ആധുനിക സാങ്കേതികവിദ്യയുപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

5. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

6. എല്ലാ ഉണഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

7. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക.

8. കുടിവെള്ള പദ്ധതികളുടെ റിംഗ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽനിന്നുള്ള വരവ്-ചെലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. കുടിവെള്ള വിതരണേതര വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി ആയതിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക.

10. കൂടുതൽ കുപ്പിവെള്ള പ്ലാന്റുകൾ സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കുക.

കൂടാതെ, 2022-23 വാർഷിക കർമ്മപദ്ധതി പ്രകാരം 'ജൽജീവൻ മിഷൻ' പദ്ധതി മുഖേന 32.96 ലക്ഷം കണക്ഷനുകൾ നൽകാനാണ് ശ്രമിക്കുന്നത്. ഇതുവഴി വാട്ടർ അതോറിറ്റിക്ക് വരുമാന വർദ്ധനവുണ്ടാകുകയും കടുത്ത സാമ്പത്തിക പ്രതിസന്ധി ഒരു പരിധി വരെ തരണം ചെയ്യുവാനും സാധിക്കും.

(ബി) ആയിരത്തി ഒരുനൂറ്റി മുപ്പത് കോടി രൂപയിലധികം വരുന്ന കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ പ്രഖ്യാപിച്ചിട്ടുള്ള ആംനെസ്റ്റി സ്കീമിന്റെ വിശദാംശം അറിയിക്കാമോ?

ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനായി 18-7-2022-ലെ സ.ഉ. (സാധാ) നമ്പർ 615/2022/ ജ.വി.വ പ്രകാരം ആംനെസ്റ്റി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കീമിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) വാട്ടർ അതോറിറ്റി നൽകുന്ന ബിൽ പേയ്മെന്റ് ഉൾപ്പെടെയുള്ള സേവനങ്ങളെല്ലാം ഓൺലൈൻ മുഖേനയാക്കി കാര്യക്ഷമത വർദ്ധിപ്പിക്കാനായിട്ടുണ്ടോ; ഫലപ്രദമായ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റി എല്ലാ ഉപഭോക്തൃ സേവനങ്ങളും ഓൺലൈനായി അപേക്ഷിക്കുവാനുള്ള സൗകര്യം നടപ്പിലാക്കിയിട്ടുണ്ട്. പുതിയ കുടിവെള്ള കണക്ഷനും മലിനജല നിർമ്മാർജ്ജനത്തിനുള്ള കണക്ഷനും ഓൺലൈനായി അപേക്ഷിക്കുവാനുള്ള സൗകര്യം കൂടാതെ ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ മാറ്റിവെയ്ക്കൽ, കണക്ഷൻ വിച്ഛേദിക്കുന്നത്, ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അപേക്ഷ നൽകൽ തുടങ്ങിയ വാട്ടർ കണക്ഷനുമായി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബന്ധപ്പെട്ട ഉപഭോക്തൃസേവനങ്ങൾ ഇപ്പോൾ ഓൺലൈനായി etapp.kwa.kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷിക്കാൻ സാധിക്കും. കൂടാതെ വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള ഓൺലൈൻ സംവിധാനവും നിലവിലുണ്ട്. വാട്ടർ അതോറിറ്റിയുടെ quick pay പോർട്ടലായ epay.kwa.kerala.gov.in. വഴി ഓൺലൈനായി വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ ഓൺലൈനായി സ്വീകരിക്കുന്നതിന് aqualoom സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ ടോൾ ഫ്രീ നമ്പറായ 1916 വഴി പരാതികൾ സ്വീകരിക്കുകയും പരാതി പരിഹാരത്തിനായി അവയെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും ചെയ്യുന്നുണ്ട്.

ജലവിതരണത്തിൽ തടസ്സം നേരിടുന്ന സാഹചര്യങ്ങൾ മുൻകൂട്ടി ഉപഭോക്താവിനെ SMS മുഖേന അറിയിക്കുന്നുണ്ട്. ബില്ലുകളും അതിന്റെ രസീതും SMS ആയി ഉപഭോക്താവിന് ലഭ്യമാക്കുന്നുണ്ട്. ഈ സംവിധാനങ്ങളിലൂടെയുള്ള സേവനങ്ങളെല്ലാം ഓൺലൈനായി നടപ്പിലാക്കിയതോടെ ഉപഭോക്താവിന് വാട്ടർ അതോറിറ്റി ഓഫീസുകൾ നേരിട്ട് സന്ദർശിക്കേണ്ട ആവശ്യം വരുന്നില്ല. മാത്രമല്ല എല്ലാ സേവനങ്ങളും സമയബന്ധിതമായി ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനും സാധിക്കും. അതുവഴി കേരള വാട്ടർ അതോറിറ്റിയുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുവാൻ സാധിച്ചിട്ടുണ്ട്.

**എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായുള്ള കിഫ്ബി പദ്ധതികൾ**

18(*78) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാൻ ഫണ്ട് ഗണ്യമായി കുറയുന്നതിനാലും കിഫ്ബി വഴി പദ്ധതികൾ നടപ്പിലാക്കുന്നതിനാലും എസ്.സി., എസ്.ടി. വിഭാഗങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയിട്ടുള്ള പ്ലാൻ ഫണ്ടിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൊത്തം ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിന് ആകെ അടങ്കലിന്റെ 9.81 ശതമാനം പ്ലാൻ ഫണ്ടിൽ വകയിരുത്തുന്നുണ്ട് . ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(രൂപ കോടിയിൽ)

| വർഷം | സംസ്ഥാന വിഹിതം | എസ്.സി.പി. | ശതമാനം |
|---|---|---|---|
| 2017-18 | 26500 | 2599.65 | 9.81 |
| 2018-19 | 29150 | 2859.62 | 9.81 |
| 2019-20 | 30610 | 3002.84 | 9.81 |
| 2020-21 | 27610 | 2708.54 | 9.81 |
| 2021-22 | 27610 | 2708.54 | 9.81 |
| 2022-23 | 30370 | 2979.40 | 9.81 |

പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാനുപാതത്തിനേക്കാൾ കൂടുതലാണ് ബഡ്ജറ്റിൽ തുക വകയിരുത്തുന്നത്. നിലവിലുള്ള സ്ഥിതിവിവര കണക്കുപ്രകാരം കേരളത്തിലെ പട്ടികവർഗ്ഗ ജനസംഖ്യ, മൊത്തം ജനസംഖ്യയുടെ 1.45 ശതമാനമാണ്. ടി.എസ്.പി.-ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക മൊത്തം പദ്ധതി അടങ്കലിന്റെ 2.83 ശതമാനമാണ്. നടപ്പുവർഷത്തെ വിഹിതം മുൻവർഷത്തെ വിഹിതത്തിനേക്കാൾ കൂടുതലാണ്. ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സംസ്ഥാനത്തിലെ ആകെ വിഹിതം (ലക്ഷത്തിൽ) | ടി.എസ്.പി. വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതത്തിൽ ടി. എസ്. പി. (ശതമാനത്തിൽ) |
|---|---|---|---|
| 2020-21 | 2761000 | 78136 | 2.83% |
| 2021-22 | 2761000 | 78136 | 2.83% |
| 2022-23 | 3032000 | 85950 | 2.83% |

(ബി) ബഡ്ജറ്റിൽ വകയിരുത്തുന്ന തുകപോലും എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിന് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ കിഫ്ബിയിൽ പിന്നാക്ക വിഭാഗങ്ങൾക്ക് പ്രത്യേക ഫണ്ട് വകയിരുത്താത്തത് അനീതിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന തുകയിൽ സർക്കാർ കുറവ് വരുത്തിയിട്ടില്ല. വർഷങ്ങളായി ജനസംഖ്യാനുപാതത്തിലും അധികം തുക അനുവദിച്ചുവരുന്നുണ്ട്. കിഫ്ബി പദ്ധതിക്കായി ബഡ്ജറ്റിൽ ഓരോ വകുപ്പിനും പ്രത്യേകം പ്രത്യേകം തുക വകയിരുത്തുന്ന സ്ഥിതി നിലവിലില്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതി വഴി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

(സി) പ്രസ്തുത സാഹചര്യത്തിൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ/ ട്രൈബൽ സബ് പ്ലാൻ മാതൃകയിൽ പിന്നാക്ക വിഭാഗങ്ങൾക്കായി കിഫ്ബിയിൽ പ്രത്യേക ഫണ്ട് വകയിരുത്താൻ വകുപ്പ് മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

നിർമ്മാണപ്രവർത്തികളുമായി ബന്ധപ്പെട്ട് വകുപ്പുകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾക്കാണ് കിഫ്ബി വഴി ഫണ്ട് അനുവദിക്കുന്നത്.

(ഡി) എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിനായി കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ കിഫ്ബി മുഖേന എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കിഫ്ബി മുഖേന നടപ്പിലാക്കിവരുന്ന വിവിധ ഹോസ്റ്റൽ നിർമ്മാണ പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ KSCC-യ്ക്ക് ആവശ്യമായ തുക കിഫ്ബി നേരിട്ടാണ് അനുവദിച്ചുനൽകുന്നത്. പട്ടികജാതി വികസന വകുപ്പിൻകീഴിൽ കിഫ്ബി വഴി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ) കൊഴിഞ്ഞാമ്പാറ, പാലക്കാട്.
2. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ആൺ), ആലുവ, എറണാകുളം
3. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (ആൺ) താണ, കണ്ണൂർ
4. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പെരിങ്ങോം, കണ്ണൂർ
5. ഹയർസെക്കണ്ടറി ഹോസ്റ്റൽ നിർമ്മാണം, മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളച്ചാൽ, കാസർഗോഡ്
6. മോഡൽ റസിഡൻഷ്യൽ സ്കൂൾ, തോന്നയ്ക്കൽ, തിരുവനന്തപുരം (നിർമ്മാണം പുരോഗമിച്ചുവരുന്നു.)

7. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, അഴീക്കോട്, കണ്ണൂർ

8. വെട്ടിക്കവല, ആറ്റിപ്ര ഐ.റ്റി.ഐ.-കളിൽ പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

9. പൊന്നാനി ഐ.റ്റി.ഐ. കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള എം.ആർ.എസ്., ഹോസ്റ്റൽ എന്നീ സ്ഥാപനങ്ങളുടെ വികസനത്തിനായി കിഫ്ബി മുഖേന നാളിതുവരെ 11 സ്ഥാപനങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. (വിവരം അനുബന്ധമായി ചേർക്കുന്നു*).

## 2019-ലെ ബഫർ സോൺ ഉത്തരവ് പിൻവലിക്കാൻ നടപടി

19(*79) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല ആയിരിക്കണമെന്ന ബഹു. സുപ്രീംകോടതി വിധി സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

ടി യോഗതീരുമാനപ്രകാരം ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ ഇതുമായി ബന്ധപ്പെട്ട ഒരു പഠന റിപ്പോർട്ട് ഈ മാസം സമർപ്പിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല വന്നുകഴിഞ്ഞാൽ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(ബി) പരിസ്ഥിതിലോല മേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബഫർ സോണുമായി ബന്ധപ്പെട്ട 2019-ലെ മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടില്ല. കാരണം, 31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെട്ടുവരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ (0-1 കി.മീ) ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ചശേഷം അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുകയെന്നതാണ്. കരട് വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളേയും സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽ നിന്നും ഒഴിവാക്കുന്നതിനുള്ള തീരുമാനമാണ് 28-9-2020-ൽ അന്നത്തെ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗതീരുമാനവും 31-10-2019-ലെ സർക്കാർ ഉത്തരവിനകത്തുനിന്നുകൊണ്ട് അതിൽ പറഞ്ഞിട്ടുള്ള പൂജ്യം കിലോമീറ്ററെന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഈ യോഗതീരുമാനപ്രകാരം തയ്യാറാക്കിയ ജനവാസ മേഖലകളും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച

നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതി വിധി ലഭ്യമാക്കുന്നതിനുവേണ്ടിയാണ് 27-7-2022-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതും അപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. 2019-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ അംഗീകരിച്ച് ജനവാസ മേഖലകൾ ഉൾപ്പെടെ പൂർണ്ണമായും ഒഴിവാക്കി കിട്ടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശത്തിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ കൂടി അംഗീകാരം ലഭ്യമാക്കുകയാണ് വേണ്ടത്. ഇതിനുവേണ്ടിയാണ് കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കൂടി ചൂണ്ടിക്കാണിച്ചുകൊണ്ട് 17-8-2022-ന് സംസ്ഥാനം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളത്. അതിനാൽതന്നെ ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ല.

(സി) സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ 2022 ജൂലൈ 27-ലെ മന്ത്രിസഭാ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ 2019-ൽ ബഫർ സോണുമായി ബന്ധപ്പെട്ട മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മനുഷ്യവാസ പ്രദേശങ്ങൾ ഉൾപ്പെട്ടുവരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ (0-1 കി.മീ) ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസ മേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കിലോമീറ്റർ നിർബന്ധമായും ബഫർ സോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. 31-10-2019- ലെ ഉത്തരവിന്റെയും 28-9-2020-ലെ മന്ത്രിതല യോഗതീരുമാന പ്രകാരവും തയ്യാറാക്കിയ ജനവാസമേഖലകളും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതി വിധി ലഭ്യമാക്കുന്നതിനുവേണ്ടിയാണ് 27-7-2022-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചതും അപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. അതിനാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നിലനിൽക്കെ അനാവശ്യമായി 31-10-2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കേണ്ടതില്ല.

## കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി

20(*80) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന വിവിധ നടപടികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പൂർത്തീകരിച്ച പദ്ധതികൾ മുഖേനയുള്ള കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണമേന്മയും ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പൂർത്തീകരിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ നിന്നുള്ള ഗുണമേന്മയുള്ള ശുദ്ധജലം തടസ്സരഹിതമായി ലഭിക്കുന്നത് കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ നിലവിലുള്ള പൈപ്പുകൾ അനുയോജ്യമായ രീതിയിൽ ദീർഘിപ്പിച്ചും പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിച്ചും ജലലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നു.
- പദ്ധതികളുടെ മെയിന്റനൻസ് വർക്കുകൾ സമയബന്ധിതമായി നടത്തിവരുന്നു.
- കൂടാതെ ജലശുദ്ധീകരണശാല, മോട്ടോർ പമ്പ് സെറ്റുകൾ, വിതരണശൃംഖലകൾ തുടങ്ങിയ ഘടകങ്ങളുടെ ശേഷി ഉറപ്പുവരുത്തുന്നുണ്ട്. വിതരണ ശൃംഖലകളിൽ വാൽവ് ക്രമീകരണം നടത്തിയും ജലശുദ്ധീകരണ ശാലകളിലെ പമ്പിംഗ് ശേഷി പരമാവധി പ്രയോജനപ്പെടുത്തിയും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ചുവടെ പരാമർശിച്ചിരിക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്.

- എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു.
- പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാന മെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നുണ്ട്.
- സംസ്ഥാനത്തെ 14 ജില്ലാ ലാബുകൾ, ഒരു സ്റ്റേറ്റ് ലാബ്, 67 സബ്ഡിവിഷണൽ ലാബുകൾ ഉൾപ്പെടെ 82 ലാബുകൾക്ക് NABL അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.
- സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടുതവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് കേരള വാട്ടർ അതോറിറ്റിയുടെ ലാബുകൾ, പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ലാബ് എന്നിവ വഴി പൊതുജനങ്ങൾക്ക് ജലഗുണനിലവാരപരിശോധന നടത്തുവാനുള്ള സൗകര്യം ലഭ്യമാണ്. മേൽപ്പറഞ്ഞ ലാബുകൾക്കുപുറമേ CWRDM, RRL, CMFRI തുടങ്ങിയ ഏജൻസികൾക്കും ആധുനിക ഗുണനിലവാര ലാബുകളുണ്ട്. ഇതുകൂടാതെ നിരവധി NABL അംഗീകാരമുള്ള സ്വകാര്യ ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

പ്ലാന്റുകൾ, പമ്പിംഗ് സ്റ്റേഷനുകൾ വിതരണ ശൃംഖലയുടെ വിവിധ പോയിന്റുകൾ എന്നിവയിൽ നിന്നും നിശ്ചിത കാലയളവിൽ (അനുബന്ധമായി ചേർത്തിരിക്കുന്നു*) ജല സാമ്പിളുകൾ ശേഖരിച്ച് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പരിശോധിക്ക കയും ഘടകങ്ങളുടെ അളവ് ഐ.എസ്. 10500-2012 പ്രതിപാദിക്കുന്ന പ്രകാരമാണോയെന്ന് പരിശോധിച്ച്, പരിശോധന ഫലം വേണ്ട നിർദ്ദേശങ്ങളോടെ തുടർനടപടികൾക്കായി ബന്ധപ്പെട്ട വിതരണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി

21(*81) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വനപ്രദേശങ്ങളിൽ മാലിന്യം നിക്ഷേപിക്കുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ടുപിടിച്ച് പ്രതിരോധിക്കുന്നതിനുവേണ്ടി സംരക്ഷണവിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ ദിവസവേതന വാച്ചർമാരുടെയും വനസംരക്ഷണ സമിതി (വി.എസ്.എസ്.)/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (ഇ.ഡി.സി.) അംഗങ്ങളുടെയും സഹായത്തോടെ ബന്ധപ്പെട്ട വനമേഖലകളിലും പാതയോരങ്ങളിലും സ്വകാര്യഭൂമിയുമായി അതിർത്തി പങ്കിടുന്ന വനപ്രദേശങ്ങളിലും രാത്രിയും പകലും സഞ്ചരിക്കുകയും, പട്രോളിംഗ്, റെയ്ഡുകൾ എന്നിവയും സംഘടിപ്പിച്ചുവരികയും ചെയ്യുന്നുണ്ട്. മാലിന്യം നിക്ഷേപിക്കാൻ സാദ്ധ്യതയുള്ളതും വിജനവുമായ വനപ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വനത്തിനുള്ളിലേയ്ക്ക് മാലിന്യം കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇക്കോട്ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 'പ്രോജക്ട് ഗ്രീൻഗ്രാസ് 'പദ്ധതി പ്രകാരം ദിവസവേതന വാച്ചർമാരെ നിയോഗിച്ചുവരുന്നുണ്ട്. വനമേഖലകളിൽ മാലിന്യങ്ങൾ നിക്ഷേപിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുക്കളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും, ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിച്ച് മാലിന്യ നിക്ഷേപത്തിനെതിരായി പൊതുജനാവബോധം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കുറ്റവാളികൾക്കെതിരെ ഒ.ആർ. കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വനത്തിന് സമീപത്തുകൂടി കടന്നുപോകുന്ന പാതയോരങ്ങളിലും വനമേഖലയിലും രാത്രിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ വനമേഖലയിലും വനപ്രദേശത്തും കൂടി കടന്നുപോകുന്ന പാതയോരങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി വനമേഖലകളിൽ നിരന്തരമായ പട്രോളിംഗും മറ്റ് പരിശോധനകളും നടത്തിവരുന്നു. മാലിന്യ നിക്ഷേപ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും, വനത്തിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള വനം-വന്യജീവി നിയമങ്ങൾക്കനുസൃതമായി കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(സി) വനമേഖലയിലൂടെ കടന്നുപോകുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് അനുമതി നൽകുമ്പോൾ സംരക്ഷണ വേലികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ?

വനമേഖലയിൽ ഇത്തരം സംരക്ഷണ വേലികൾ നിർമ്മിക്കുമ്പോൾ വന്യമൃഗങ്ങളുടെ സ്വാഭാവിക സഞ്ചാരത്തിനും, വിഹാരത്തിനും തടസ്സം ഉണ്ടാവുകയും തദ്വാര മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിന് സാദ്ധ്യതയുള്ളതിനാൽ ഇത്തരം വേലികൾ നിർമ്മിക്കുന്നത് നിർബന്ധമാക്കുന്നത് പ്രായോഗികമല്ല.

**പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥിര വരുമാനം**

22(*82) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി കുടുംബത്തിലെ ഒരാൾക്കെങ്കിലും സ്ഥിരവരുമാനമുള്ള തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ തൊഴിൽ ലഭിച്ചവരുടെ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാംതന്നെ പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമവും ഉന്നമനവും ലക്ഷ്യം വച്ചിട്ടുള്ളതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് നൈപുണ്യ

വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ച് സംസ്ഥാനത്തും, വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പട്ടികജാതി വിഭാഗക്കാർക്ക് വരുമാനവും തൊഴിലും പ്രദാനം ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതികളെല്ലാം നടപ്പിലാക്കുന്നത്.

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന ഒരു ലക്ഷം രൂപയും, ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സ്വയം തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. വിദേശത്ത് തൊഴിൽ തേടി പോകുന്ന അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കൾക്ക് യാത്രാസംബന്ധമായ ചെലവുകൾ നേരിടുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ സാമൂഹ്യ സാമ്പത്തിക വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും പ്രസ്തുത പദ്ധതികളിലൂടെ 2021-22 വർഷത്തിൽ തൊഴിൽ ലഭ്യമായവരുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. നൈപുണ്യ വികസന പരിശീലന പരിപാടികൾ -599
2. വിദേശതൊഴിൽ ധനസഹായ പദ്ധതി -673
3. പട്ടികജാതിക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി -3
4. സ്വയം തൊഴിൽ സബ്സിഡി പദ്ധതി -171

ഇതുകൂടാതെ പട്ടികവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനുവേണ്ടി എംപവർമെന്റ് സൊസൈറ്റികൾ രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് പരിശീലനവും തൊഴിലും നൽകുകയെന്ന ലക്ഷ്യത്തോടെ 500 അക്രെഡിറ്റഡ് എഞ്ചിനീയർമാരെ പട്ടികവിഭാഗത്തിൽനിന്നും തദ്ദേശസ്ഥാപനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള നടപടി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ സ്വീകരിച്ചിട്ടുണ്ട്. സമാനമായ രീതിയിൽ നേഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ടീച്ചർമാർ, സോഷ്യൽ വർക്കർമാർ, ലീഗൽ കൗൺസിലർമാർ, അപ്രന്റീസ് ക്ലർക്കുകൾ, മാനേജ്മെന്റ് ട്രെയിനികൾ എന്നിവരെയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിലാണ് തൊഴിൽ നൽകിയതെന്ന് വ്യക്തമാക്കുമോ?

വിവരസാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ആയുർവേദ നഴ്സിംഗ്, കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാകുന്ന വിവിധ പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്.

## സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം

23(*83) ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് വിദേശ ഏകവിള തോട്ടങ്ങൾ വച്ചുപിടിപ്പിച്ചതുമൂലം പാരിസ്ഥിതിക, ജലസുരക്ഷയിലുണ്ടായിട്ടുള്ള ആഘാതം മുൻനിർത്തി വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി ഈ സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ)29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950 മുതൽ 1980-കളുടെ തുടക്കം വരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക മരങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ- ഏകവിളത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000-ത്തോളം ഹെക്ടർ വരുന്ന ടി വിദേശ-ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതയിലേയ്ക്ക് പുനഃസ്ഥാപിക്കുവാനും തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് തോട്ടങ്ങളാക്കുന്നതുമാണ് നയരേഖ വിഭാവനം ചെയ്യുന്നത്. സ്വാഭാവിക വന പുനഃസ്ഥാപനത്തിന്റെ ഭാഗമായി ഇതുവരെ 567.56 ഹെക്ടർ സ്ഥലത്തെ വ്യാവസായിക തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കാനുള്ള പ്രവൃത്തികൾ

സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ ശുഷ്കവനപ്രദേശങ്ങൾ ഉത്തമ വനമാക്കുന്നതിനും തേക്ക് തോട്ടങ്ങളിൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും വന്യജീവി സംരക്ഷണത്തിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ/കുളങ്ങൾ നിർമ്മിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും വനാശ്രിത സമൂഹത്തെ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികൾ മുഖേന പുഴകളുടെയും നീർത്തടങ്ങളുടെയും സംരക്ഷണ പ്രവർത്തനം കാട്ടുതീയിൽ നിന്നുള്ള സംരക്ഷണ പ്രവർത്തനം എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് വനത്തിനകത്തുള്ള സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കാമോ?

'റീബിൽഡ് കേരള ഡെവലപ്മെന്റ്' പദ്ധതിയുടെ ഭാഗമായി വനം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന ഒരു ഉപപദ്ധതിയാണ് സ്വകാര്യ എസ്റ്റേറ്റുകളുടെ ഏറ്റെടുക്കൽ. 14-11-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) 483/2018/പി&ഇ.എ. പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വനത്തിനകത്ത് സ്ഥിതിചെയ്യുന്ന സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുത്ത് സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ ഈ പദ്ധതി പ്രകാരം സ്വകാര്യ എസ്റ്റേറ്റുകൾ ഒന്നുംതന്നെ ഏറ്റെടുത്തിട്ടില്ല. 11-7-2022-ലെ പതിനെട്ടാമത്തെ ഹൈലെവൽ എംപവേർഡ് കമ്മിറ്റിയിൽ സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന നടപടി നിർത്തിവയ്ക്കാൻ തീരുമാനമായിട്ടുള്ളതാണ്.

(സി) സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ നയരേഖപ്രകാരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

സംസ്ഥാനത്ത് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ) 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത നയരേഖ പ്രാവർത്തികമാക്കാൻ താഴെപ്പറയുന്ന കാര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

1. ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക.

2. വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക.

3. നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ തുടങ്ങിയവയും മണ്ണ്-ജല സംരക്ഷണം എന്നിവ ലക്ഷ്യമാക്കി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുക.

4. വെട്ടിമാറ്റുന്ന വ്യാവസായിക തോട്ടങ്ങളിൽ നിന്നുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിലെ ചെറുകിട വനാധിഷ്ഠിത വ്യവസായങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുക.

5. വനത്തിന്റെ ആവാസവ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുക.

6. തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം

7. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനവും ഉറപ്പുവരുത്തുക

8. ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകളുടെ സംരക്ഷണം

9. പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക.

10. കേരളത്തിലെ പഞ്ചായത്തുകൾ "കാർബൺ ന്യൂട്രൽ" ആക്കുന്നതിനായി ആവശ്യമായ വൃക്ഷവൽകരണം നടപ്പാക്കുക.

11. കടൽക്ഷോഭത്തിൽ നിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കുക

12. നദികളുടെയും വനങ്ങളുടെയും റിസർവോയറുകളുടെയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷത്തൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്നതാണ്.

13. വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക.

14. കാർബൺ ആഗീകരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

15. പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘ കാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

16. പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക.

**ഗോവർദ്ധനി പദ്ധതി**

24(*84) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഗോവർദ്ധനി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പശുക്കിടാങ്ങൾക്ക് സമ്പൂർണ്ണ ആരോഗ്യ സംരക്ഷണം നൽകുക വഴി പ്രായപൂർത്തിയാകുന്ന പ്രായം 15 മാസത്തിൽ താഴെയായി കുറയ്ക്കുകയും അതുവഴി ആദ്യപ്രസവം നടക്കുന്ന പ്രായം 24-26 മാസമായി കുറയ്ക്കുകയുമാണ് പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. ഇതുവഴി രണ്ട് പ്രസവങ്ങൾ തമ്മിലുള്ള കാലയളവ് കുറയ്ക്കുകയും സങ്കരയിനം പശുക്കിടാങ്ങളുടെ ജനിതക സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി അത്യുല്പാദനശേഷിയുള്ള പുതിയ തലമുറ പശുക്കളെ വളർത്തിയെടുക്കുക വഴി കേരളത്തിലെ പാലുല്പാദനത്തിൽ വർദ്ധനവ് കൊണ്ടുവരികയാണ് ഗോവർദ്ധനി പദ്ധതിയുടെ ലക്ഷ്യം.

(ബി) സംസ്ഥാനത്ത് എവിടെയൊക്കെ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ 14 ജില്ലകളിലും ഗോവർദ്ധനി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓരോ വർഷത്തെയും ടാർജറ്റിനനുസൃതമായി പദ്ധതി നടപ്പിലാക്കിവരുന്നു. 2022-23 വർഷത്തെ ലക്ഷ്യം 42410 കന്നുകുട്ടികളാണ്.

(സി) ഗോവർദ്ധനി പദ്ധതി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ആവശ്യമായ ഫണ്ട് ലഭ്യമായാൽ സംസ്ഥാനത്തെ മുഴുവൻ കന്നുക്കുട്ടികളെയും ഗോവർദ്ധനി പദ്ധതിയിലുൾപ്പെടുത്താൻ കഴിയും.

(ഡി) കാഫ് ഗ്രോത്ത് മീൽ സംസ്ഥാനത്തെ എല്ലാ ക്ഷീരകർഷകർക്കും സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കന്നുകുട്ടി തീറ്റ സബ്സിഡി നിരക്കിലാണ് ഇപ്പോൾ നൽകിവരുന്നത്. കാഫ് ഗ്രോത്ത് മീൽ സംസ്ഥാനത്തെ എല്ലാ ക്ഷീരകർഷകർക്കും സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച പദ്ധതികളൊന്നും തന്നെ നിലവിലില്ല.

## പാലുല്പാദനത്തിൽ സ്വയംപര്യാപ്തത

25(*85) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ പാൽ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ; ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുവാൻ നിലവിൽ സംവിധാനമുണ്ടോ?

സംസ്ഥാനത്താവശ്യമായ പാൽ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കാൻ കഴിയുന്നുണ്ട്. ഓണക്കാലം പോലുള്ള ഉത്സവ സമയങ്ങളിൽ പാലിന്റെ ആവശ്യകത ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യങ്ങളിൽ മാത്രമാണ് പാലിനായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത്. ഇത്തരം സാഹചര്യങ്ങൾ മാറ്റി നിർത്തിയാൽ ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയം പര്യാപ്തത കൈവരിച്ചിട്ടുണ്ട്. 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടിയാക്കുന്നതിനായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമാ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്.

കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽമുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. കൂടാതെ ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീരസംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിപണനം ചെയ്തുവരുന്നുണ്ട്.

(ബി) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത എന്നത്തേയ്ക്ക് നേടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പാലുല്പാദനത്തിൽ ക്ഷീരസഹകരണ മേഖലയിൽ കേരളം സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ 2016-17-ലെ പ്രതിദിന ശരാശരി പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2021-22 ൽ 21.19 ലക്ഷം ലിറ്ററായി വർദ്ധിച്ചു. അതായത് പ്രതിദിന സംഭരണത്തിൽ 4.92 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടിയാക്കുന്നതിനായി അന്യസംസ്ഥാനത്തെ ആശ്രയിക്കുന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ട്. 53 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ മേഖലാ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് അധികമുള്ള പാൽ പാൽപ്പൊടിയാക്കി മാറ്റുന്നതിന് മലപ്പുറം മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി മിൽമയുടെ മേഖലായൂണിയനുകൾ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്

26(*86) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എം. മണി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഏതാനും വർഷങ്ങളായി സംസ്ഥാനത്ത് പ്രത്യേകിച്ച് ഇടുക്കി ജില്ലയിൽ അതിശക്തമായ മഴ തുടർച്ചയായി ലഭിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിന് മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ടിന് പാരിസ്ഥിതിക അനുമതി നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുന്നതിനായി മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന്റെ ആദ്യഘട്ടമായ പാരിസ്ഥിതിക ആഘാതപഠനം (EIA Study) പ്രഗതി ലാബ്സ്, ഹൈദരാബാദിനെ ചുമതലപ്പെടുത്തുകയും 2015 ഏപ്രിൽ 21-ാം തീയതി കരാർ ഒപ്പിടുകയും ചെയ്തു. പരിസ്ഥിതി ആഘാത പഠനത്തിനുള്ള പരിശോധനാവിഷയങ്ങൾക്കുള്ള Terms of Reference (ToR) അംഗീകാരം 2016 നവംബർ 14-ന് കേന്ദ്ര-പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ നൽകുകയുണ്ടായി. ഈ നിബന്ധനകളനുസരിച്ചുള്ള പരിസ്ഥിതി ആഘാത പഠനം അന്തിമഘട്ടത്തിലാണ്.

പരിസ്ഥിതി ആഘാത പഠനവുമായി (EIA) ബന്ധപ്പെട്ട് നിലവിലുള്ള മാർഗ്ഗരേഖപ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി ജലസേചന വകുപ്പിലെ അന്തർ സംസ്ഥാന നദീജല വിഭാഗം ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ 12-2-2021-ലെ സർക്കാർ ഉത്തരവ് G.O.(Rt)102/2021/WRD പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകികൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവുവരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. പുതുക്കി തയാറാക്കുന്നത്. പ്രസ്തുത കമ്മിറ്റി യോഗങ്ങൾ കൂടുകയും പുതിയ ഡാമിന്റെ ഡി.പി.ആർ. റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 8-4-2022-ലെ വിധിയിലെ നിർദ്ദേശപ്രകാരം മുല്ലപ്പെരിയാർ മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചിരുന്നു. 8-4-2022-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി നൽകിയ വിധിപ്രകാരം കേരളത്തിലെയും തമിഴ്നാട്ടിലെയും ഓരോ സാങ്കേതികവിദഗ്ദ്ധരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട്, 9-5-2022-ലെ കേന്ദ്ര സർക്കാർ ജലശക്തി മന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം F. No. R-22011/3/2022-Pen Riv Section-MoWR പ്രകാരമാണ് അഞ്ചംഗ സമിതിയായി മുല്ലപ്പെരിയാർ മേൽനോട്ട സമിതി പുനഃസംഘടിപ്പിച്ചിരിക്കുന്നത്.

പുനഃസംഘടിത മേൽനോട്ട സമിതിയുടെ ആദ്യയോഗം 6-6-2022-ൽ ന്യൂഡൽഹിയിലെ കേന്ദ്ര ജലകമ്മീഷൻ ആസ്ഥാനത്ത് ചേരുകയും, പ്രസ്തുത യോഗത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ ആശങ്കകളും നിർദ്ദേശങ്ങളും സമിതിയുടെ പരിഗണനയ്ക്കായി കേരളത്തിന്റെ പ്രതിനിധികൾ യോഗത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശാനുസരണം മുല്ലപ്പെരിയാർ ഡാമിന്റെ സമഗ്രമായ സുരക്ഷാവലോകനത്തിന് സത്വര നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കാൻ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നുണ്ടോ; വിശദമാക്കാമോ?

മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 8-4-2022-ലെ ഉത്തരവുപ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്രമായ സുരക്ഷാ അവലോകനം പുതുതായി ചെയ്യാൻ നിർദ്ദേശിക്കുകയും, അതിൻപ്രകാരം 6-6-2022-ൽ ന്യൂഡൽഹിയിലെ കേന്ദ്ര ജല കമ്മീഷൻ കാര്യാലയത്തിൽ വച്ചുനടത്തിയ പുനഃസംഘടിത മേൽനോട്ട സമിതിയുടെ ആദ്യയോഗത്തിൽ കേരളത്തിന്റെ പ്രതിനിധികൾ ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തു. ഇതിനോട് ബന്ധപ്പെട്ട് ഡാം സുരക്ഷാനിയമം 2021-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഡാമിന്റെ സുരക്ഷിതമായ പ്രവർത്തനം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പുതുതായി മുല്ലപ്പെരിയാർ ഡാമിന്റെ സമഗ്രമായ സുരക്ഷാ അവലോകനം കാലതാമസം കൂടാതെ നടത്തേണ്ടതുണ്ടെന്ന് മേൽനോട്ട സമിതിയുടെ ചെയർമാൻ പ്രസ്തുത യോഗത്തിൽ അറിയിക്കുകയുണ്ടായി. കേന്ദ്ര ജലകമ്മീഷന്റെ "വലിയ അണക്കെട്ടുകളുടെ സുരക്ഷാ പരിശോധനയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ 2018" (Guidelines for Safety Inspection of Large Dams 2018) പ്രകാരമുള്ള മാനദണ്ഡങ്ങളും, "ഡാം സുരക്ഷാ നിയമം 2021" (Dam Safety Act 2021) പ്രകാരമുള്ള നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട്, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വിശദമായ സുരക്ഷാ പരിശോധന (Comprehensive Dam Safety Evaluation) അന്തർദേശീയ

വിദഗ്ധരുൾപ്പെടെയുള്ള സ്വതന്ത്രവിദഗ്ധരുടെ പാനൽ മുഖാന്തരം അടിയന്തരമായി നടത്തേണ്ടതാണെന്നുള്ള ശിപാർശയുൾപ്പെടെയുള്ള കുറിപ്പും മേൽനോട്ട സമിതി ചെയർമാന്റെ പരിഗണനയ്ക്കായി കേരളത്തിന്റെ പ്രതിനിധികൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സർക്കാർതലത്തിലും മേൽനോട്ട സമിതി ചെയർമാനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് 18-8-2022-ൽ ചേർന്ന മേൽനോട്ട സമിതി യോഗത്തിലും കേരളത്തിന്റെ പ്രതിനിധികൾ പ്രസ്തുത ആവശ്യം അറിയിച്ചിട്ടുണ്ട്.

**2022-ലെ വനസംരക്ഷണ ചട്ടത്തിലെ ഹാനികരമായ വ്യവസ്ഥകൾ**

27(*87) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകൾ പരിസ്ഥിതിലോലമാക്കണമെന്ന് ആവശ്യപ്പെടുമ്പോൾത്തന്നെ കേന്ദ്ര-പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്ത 2022-ലെ വന സംരക്ഷണ ചട്ടം വനഭൂമിയിലെ സമ്പത്ത് വൻതോതിൽ കോർപ്പറേറ്റ് ചൂഷണത്തിന് വഴിവയ്ക്കുന്നതാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1980-ലെ വന (സംരക്ഷണ) നിയമം നിഷ്കർഷിക്കുന്നത് വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കണമെന്നതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളും സമയക്രമങ്ങളും വിശദമാക്കുന്നതിനും വ്യക്തത വരുത്തുന്നതിലേയ്ക്കുമായാണ് പ്രസ്തുത ആക്ടിൻകീഴിൽ 2022-ലെ വനം (സംരക്ഷണം) ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ഈ ചട്ടങ്ങൾ നിലവിൽ വന്നതുകൊണ്ട് വനഭൂമിയിലെ സമ്പത്ത് കോർപ്പറേറ്റ് ചൂഷണത്തിന് വഴിവയ്ക്കുന്നുവെന്നുള്ള ആക്ഷേപം ശരിയായിട്ടുള്ളതല്ല.

(ബി) പ്രസ്തുത ചട്ടം സംസ്ഥാന സർക്കാർ പഠന വിധേയമാക്കിയിരുന്നോ; പ്രസ്തുത ചട്ടത്തിലെ വനസംരക്ഷണത്തിന് ഹാനികരമായ വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന ആവശ്യം പരിഗണിക്കുമോ?

2022-ലെ വന (സംരക്ഷണം) ചട്ടങ്ങൾ പരിശോധിച്ചതിൽ വനസംരക്ഷണത്തിന് ഹാനികരമായ വ്യവസ്ഥകളൊന്നുംതന്നെ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ പ്രകാരം രൂപീകരിക്കപ്പെടുന്ന വിവിധ കമ്മിറ്റികളുടെ പരിശോധന കൃത്യമായി നിർവ്വഹിക്കപ്പെടുന്നപക്ഷം, വനസംരക്ഷണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സാധിക്കുന്നതാണ്.

(സി) സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനം അതിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് സ്വാഭാവിക വനങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ) 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950 മുതൽ 1980-കളുടെ തുടക്കം വരെ കേരളത്തിലെ ജൈവ സമ്പന്നമായിരുന്ന സ്വാഭാവിക മരങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ, ഓറിക്കുലിഫോർമിസ്, അക്കേഷ്യ മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ-ഏകവിളത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000-ത്തോളം ഹെക്ടർ വരുന്ന ടി വിദേശ-ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതയിലേയ്ക്ക് പുനഃസ്ഥാപിക്കുവാനും തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് തോട്ടങ്ങളാക്കുന്നതും കൂടാതെ വിദേശ ഇനങ്ങളിൽപ്പെട്ടതും ആവാസ വ്യവസ്ഥയ്ക്ക് യോജിക്കാത്തതായ ആഫ്രിക്കൻ ഒച്ച്, ആഫ്രിക്കൻ മുഷി തുടങ്ങിയ ജീവികളെ ഉൻമൂലനം ചെയ്യുന്നതും മറ്റും ആണ് നയരേഖ വിഭാവനം ചെയ്യുന്നത്.

പ്രസ്തുത നയരേഖ പ്രാവർത്തികമാക്കാൻ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കടലാക്രമണം തടയാനുള്ള സമഗ്ര പദ്ധതി

28(*88) ശ്രീ. എച്ച്. സലാം:
ശ്രീ. വി. ജോയി:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ തീരശോഷണവും കടലാക്രമണവും തടയാനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം ഏതെല്ലാം സ്ഥലങ്ങളിൽ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സംരക്ഷണഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനെ/ഐ.ഐ.ടി., ചെന്നൈ മുതലായ സ്ഥാപനങ്ങളിൽ നിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് നിർമ്മിച്ചുവരുന്നത്. എന്നാൽ കല്ലിന്റെ ലഭ്യതക്കുറവും കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രതിഭാസങ്ങളും കണക്കിലെടുത്ത് സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ തീരശോഷണവും കടലാക്രമണവും തടയാൻ തീരഘടനയ്ക്കനുയോജ്യമായ ടെട്രാപോഡ് പോലുള്ള നൂതനസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മിതികൾ ആവശ്യമാണ്. കേരളത്തിൽ ജലസേചന വകുപ്പ് നടത്തിവരുന്ന തീരസംരക്ഷണ പദ്ധതികൾക്കുപുറമെ കെ.ഐ.ഐ.ഡി.സി, കിഫ്ബിയുടെ ധനസഹായത്തോടെ ആലപ്പുഴ ജില്ലയിലും എറണാകുളം ജില്ലയിലും തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിലും എറണാകുളം ജില്ലയിലും കടൽഭിത്തിയും ടെട്രാപോഡുകളും ഉപയോഗിച്ചുള്ള തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 23.05 കിലോമീറ്റർ തീരദേശ സംരക്ഷണം ഉറപ്പാക്കാൻ സാധിക്കും. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ചെല്ലാനത്ത് ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം കടലാക്രമണത്തെ തടയുന്നതിൽ ഫലപ്രദമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ചെല്ലാനത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന്റെ ആദ്യഘട്ടം 43.77 ശതമാനത്തോളം പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതി കടലാക്രമണം തടയുന്നതിൽ വളരെയധികം ഫലപ്രദമാണ്. ഒന്നാംഘട്ട പ്രവൃത്തി നടപ്പിലാക്കുന്ന CP 986-നും CP 1026-നും ഇടയിൽ വരുന്ന കടൽത്തീരത്ത് ഒരിടത്തുപോലും ഇപ്രാവശ്യം കടൽക്ഷോഭം നിമിത്തമുള്ള പ്രശ്നങ്ങൾ ഉണ്ടായില്ല. പദ്ധതിയുടെ പൂർത്തീകരണത്തോടെ ഈ മേഖലയെ പൂർണ്ണമായും കടലാക്രമണ ഭീഷണിയിൽ നിന്നും മുക്തമാക്കാൻ സാധിക്കുന്നതാണ്.

(സി) കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന അതിരൂക്ഷമായ കടലാക്രമണം തടയുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. കേരളത്തിൽ ജലസേചന വകുപ്പ് നടത്തിവരുന്ന തീരസംരക്ഷണ പദ്ധതികൾക്കുപുറമെ കെ.ഐ.ഐ.ഡി.സി., കിഫ്ബിയുടെ ധനസഹായത്തോടെ ആലപ്പുഴ ജില്ലയിലും എറണാകുളം ജില്ലയിലും കടൽഭിത്തിയും ടെട്രാപോഡുകളും ഉപയോഗിച്ചുള്ള തീരസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി 23.05 കിലോമീറ്റർ തീരദേശ സംരക്ഷണം ഉറപ്പാക്കാൻ സാധിക്കും. അവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) അനുയോജ്യമായ സുസ്ഥിര തീരസംരക്ഷണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നാഷണൽ സെന്റർ ഫോർ ലാൻഡ് റിസർച്ചിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി വിശദമായ പഠനം നടത്തുവാൻ National Centre for Coastal Research (NCCR) എന്ന വിദഗ്ദ്ധ സ്ഥാപനവുമായി ധാരണാപത്രം ഒപ്പിടുകയുണ്ടായി. ടി സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി അവലംബിക്കുകയും പ്രസ്തുത പ്രവൃത്തി ജലസേചന വകുപ്പിന്റെ SPV ആയ KIIDC മുഖേന ടെണ്ടർ ചെയ്ത് വകുപ്പിലെ ഉദ്യോഗസ്ഥരെയും കൂടി ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മറ്റൊരു ഹോട്ട്സ്പോട്ടായ ശംഖുമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ ലഭ്യമായിട്ടുണ്ട്. NCCR-ന്റെ ഡിസൈൻ പ്രകാരം കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 49 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. മറ്റു പ്രദേശങ്ങളിൽ പഠനം നടത്തുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതുകൂടാതെ ലോകബാങ്കിന്റെ സഹായത്തോടെ രൂക്ഷമായ കടലാക്രമണം നേരിടുന്ന മറ്റ് 26 പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ ഘടനയനുസരിച്ച് കണ്ടൽകാടുകൾ വച്ചുപിടിപ്പിച്ച് തീരം സംരക്ഷിക്കുന്നതിനും ടെട്രാപോഡുപയോഗിച്ച് കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുവാനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

**ഡയറി പാർക്കുകൾ**

29(*89) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പാർക്കുകളുടെയും ടെക്നോപാർക്കുകളുടെയും മാതൃകയിൽ ഡയറി പാർക്കുകളാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ സാങ്കേതിക സഹായത്തോടുകൂടി വ്യവസായ പാർക്കുകളുടെ മാതൃകയിൽ ഡയറി പാർക്കുകളാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി കെ.എൽ.ഡി. ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഡയറി പാർക്കുകളിലൂടെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്ന പ്രധാന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രസ്തുത ഡയറി പാർക്കിലൂടെ ക്ഷീരമേഖലയിലെ സംരംഭകർക്ക് കോലാഹലമേട് ഡയറി ഫാം തുടങ്ങുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. ഈ ഡയറി പാർക്കിലേയ്ക്കാവശ്യമായ ഉപാധികളുടെ വരവും ഫാമിലെ ഉല്പന്നങ്ങളുടെ വിപണനവും ഏകീകൃത സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്.

(സി) ക്ഷീര മേഖലയുടെ ആധുനികവൽക്കരണത്തിനും നൂതന സാങ്കേതിക വിദ്യയുടെ പ്രചരണത്തിനും പ്രസ്തുത പാർക്കുകൾ സഹായകരമാകുമോയെന്ന് വ്യക്തമാക്കുമോ?

ക്ഷീരമേഖലയുടെ വളർച്ചയ്ക്ക് സഹായകരമാണ്. ഡയറി പാർക്കിലെ നൂതന സാങ്കേതികവിദ്യകൾ സ്വായത്തമാക്കാൻ കർഷകർക്ക് പരിശീലനം നൽകുന്നതാണ്. ഇതിലൂടെ ക്ഷീരകർഷകർക്ക് അവരുടെ ഫാമുകളിൽ അംഗീകൃത പ്രവർത്തന പ്രക്രിയകൾ നടപ്പിലാക്കാൻ സാധിക്കും.

(ഡി) പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സ്റ്റാർട്ടപ്പുകളുടെ ആഭിമുഖ്യത്തിൽ പ്രസ്തുത പാർക്കുകൾ മുഖേന കർഷകർക്കായി സാങ്കേതിക സഹായങ്ങളും പരിശീലന സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പാലിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് കർഷകർക്ക് വരുംകാലങ്ങളിൽ ഡയറി പാർക്ക് മുഖേന പരിശീലനം നൽകുന്നതാണ്.

**ബഫർ സോൺ സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കാൻ നടപടി**

30(*90) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത മേഖലകൾക്ക് ചുറ്റും ഒരു കിലോമീറ്റർ ദൂരം ബഫർ സോണായിരിക്കണമെന്ന 3-6-2022-ലെ ബഹു. സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് മലയോര മേഖലയിൽ പാർക്കുന്ന ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ആശങ്കകൾ ദൂരീകരിക്കാനായി സ്വീകരിക്കുവാനുദ്ദേശിക്കുന്നതും സ്വീകരിച്ചിട്ടുള്ളതുമായ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

ടി യോഗതീരുമാനപ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-6-2022-ലെ ഡി2/46/2019/വനം കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-6-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 8-6-2022-ലും, 5-7-2022-ലും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-6-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച നടത്തുകയും പുനഃപരിശോധന ഹർജി 17-8-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.

സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ KSREC വനം വകുപ്പിന് സമർപ്പിക്കുന്നതാണ്. ആയത് ലഭ്യമാക്കിക്കൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പ്രസ്തുത വിവരങ്ങൾ സമർപ്പിക്കുന്നതാണ്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ നിർദ്ദേശിച്ചിട്ടുള്ള ഒരു കിലോമീറ്റർ പരിധി എന്നതിൽ മാറ്റങ്ങൾ വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

2019-ലെ സർക്കാർ ഉത്തരവുപ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-9-2020-ൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പ്രദേശങ്ങളും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി 5-10-2020 മുതൽ 7-4-2022 വരെയുള്ള വിവിധ തീയതികളിലായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച കരട് നിർദ്ദേശങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്ററിൽ കുറഞ്ഞ ദൂരംവരെയുള്ള പ്രദേശങ്ങളാണ് കൂടുതൽ മേഖലയിലും ഉൾപ്പെടുത്തിയിരുന്നത്. ആയതിന്മേൽ അധിക വിവരങ്ങൾ കൂടി ലഭ്യമാക്കിക്കൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധസമിതി യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരവെയാണ് സംരക്ഷിത പ്രദേശങ്ങളുടെ നിശ്ചയിക്കപ്പെട്ട അതിരിൽ നിന്നും ഒരു കിലോമിറ്റർ ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ഉണ്ടാകണമെന്ന

നിർദ്ദേശമുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവ് ലഭിക്കുകയും തുടർന്ന് കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ 29-6-2022-ലെ എഫ് 11/20/2018-ESZ കത്ത് പ്രകാരം സംസ്ഥാനത്ത് നിന്ന് സമർപ്പിച്ചിരുന്ന കരട് നിർദ്ദേശങ്ങൾ മടക്കി അയയ്ക്കുകയും ചെയ്തത്. 10-8-2022-ലെ സർക്കാർ ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്മേൽ ഒരു പുനഃപരിശോധനാ ഹർജി 17-8-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ കേന്ദ്ര സർക്കാരിന് നിലവിൽ സമർപ്പിച്ചിരുന്ന ഭേദഗതി ചെയ്ത നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനാണ് അപേക്ഷിച്ചിട്ടുള്ളത്. ആയതിന് അംഗീകാരം ലഭിച്ചാൽ ഒരു കിലോമീറ്റർ എന്നതിൽ ഇളവ് ലഭിക്കുന്നതാണ്.

(ഡി) ജനവാസകേന്ദ്രങ്ങളുൾപ്പെടെ ഒരു കിലോമീറ്റർ ബഫർ സോണാകാമെന്ന 23-10-2019-ലെ മന്ത്രിസഭാ തീരുമാനം റദ്ദ് ചെയ്ത് പുതിയ മന്ത്രിസഭാ തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

23-10-2019-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 31-10-2019-ലെ സ.ഉ.(കൈ) 29/2019/വനം പ്രകാരം ഇക്കോസെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-9-2020-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും ജനസാന്ദ്രതകൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെയും, സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ട് പുതുക്കിയ ഭൂപടത്തോടുകൂടിയുള്ള കരട് ഭേദഗതി നിർദ്ദേശങ്ങളാണ് കേന്ദ്ര സർക്കാരിലേയ്ക്ക് വീണ്ടും സമർപ്പിച്ചിട്ടുള്ളത്.

2022 ജൂലൈ മാസം 27-ാം തീയതിയിലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ 10-8-2022-ലെ സ.ഉ. (കൈ) 44/2022/വനം എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 31-10-2019-ലെ സർക്കാർ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായാണ് 10-8-2022-ലെ സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ളത്. 2019-ലെ സർക്കാർ ഉത്തരവിനുശേഷം ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം വനം വകുപ്പ് സ്വീകരിച്ച ടി നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസമേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 3-6-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടുമാണ് 10-8-2022-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) ബഹുമാനപ്പെട്ട സുപ്രീംകോടതി നിശ്ചയിച്ച മൂന്ന് മാസ സമയപരിധിക്കുള്ളിൽ ബഫർ സോൺ മേഖലയിലെ തൽസ്ഥിതി സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുവാനും ആയത് കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെയും ബോധ്യപ്പെടുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

ടി യോഗതീരുമാനപ്രകാരം ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ

സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ പഠന റിപ്പോർട്ട് ലഭ്യമാക്കുമ്പോൾ ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ സ്ഥിതിവിവര കണക്കുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുവാനുദ്ദേശിക്കുന്നു.

(എഫ്) ബഫർ സോൺ സംബന്ധിച്ച സംസ്ഥാനത്തെ ആശങ്കകൾ പ്രധാനമന്ത്രി, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രി എന്നിവരെ ബോധ്യപ്പെടുത്താൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷി സംഘത്തെ നിയോഗിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിൽ ഇല്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

1 (790) <u>ശ്രീമതി ഉമ തോമസ്:</u>
<u>ശ്രീമതി കെ. കെ. രമ:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u>
<u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗക്കാരുടെ പാർപ്പിടം, വിദ്യാഭ്യാസം, അടിസ്ഥാന ജീവനോപാധികൾ തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം നൽകി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ലൈഫ് മിഷൻ മുഖാന്തരമാണ് ഭവന പദ്ധതി നടപ്പിലാക്കുന്നത്. അതിലേയ്ക്കായി വകുപ്പിന്റെ വിഹിതമായി ഒരു ഗുണഭോക്താവിന് 1 ലക്ഷം രൂപ വീതം ലൈഫ് മിഷന് അനുവദിച്ചുവരുന്നു. നടപ്പുസാമ്പത്തികവർഷം ടി പദ്ധതിക്കായി 300 കോടി രൂപ വകയിരുത്തുകയും അതിൽ നിന്നും 99 ലക്ഷം രൂപ ലൈഫ് മിഷന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം 278 കോടി രൂപ ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. വിദ്യാഭ്യാസമേഖലയിൽ നൽകിവരുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

I. <u>പ്രീമെട്രിക് സ്കോളർഷിപ്പ്</u>

a) ലംപ്സം ഗ്രാന്റ്

b) സ്റ്റൈപ്പൻഡ്

c) ട്യൂഷൻ ഫീസ്

d) പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്

e) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്.

II. <u>പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്</u>

a) പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം

b) ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

c) ആടയാഭരണങ്ങൾ വാങ്ങുന്നതിന് ധനസഹായം

d) ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

e) സംസ്ഥാനത്തിനുപുറത്ത് പഠനം നടത്തുന്നവർക്കുള്ള ആനുകൂല്യം.

f) ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ധനസഹായം.

g) മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിനുള്ള ധനസഹായം.

III. പട്ടികജാതി വികസന വകുപ്പുമുഖേനയുള്ള അടിസ്ഥാന ജീവനോപാധികളുമായി ബന്ധപ്പെട്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

a) വിവാഹ ധനസഹായ പദ്ധതി

b) മിശ്രവിവാഹ ധനസഹായ പദ്ധതി

c) ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലമുള്ള ധനസഹായ പദ്ധതി

d) ചികിത്സാ ധനസഹായ പദ്ധതി

e) ഭൂരഹിത പുനരധിവാസ പദ്ധതി

f) ദുർബ്ബല വിഭാഗങ്ങൾക്കുള്ള വിവിധ ധനസഹായ പദ്ധതികൾ

g) വിദേശ തൊഴിൽ ധനസഹായ പദ്ധതി

h) പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായം.

i) നൈപുണ്യ വികസന പരിശീലന പരിപാടി

j) സ്വയംതൊഴിൽ സബ്സിഡി പദ്ധതി

(ബി) ഭവനരഹിതരായ പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; ഇതിൽ എത്രത്തോളം പുരോഗതി കൈവരിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകുപ്പുമുഖേന 23,971 വീടുകൾ അനുവദിക്കുകയും അതിൽ 20,280 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 2018-19 മുതൽ പാർപ്പിട പദ്ധതി വകുപ്പുമുഖേന നടപ്പിലാക്കിവരുന്നില്ല. ലൈഫ് മിഷൻ മുഖാന്തരമാണ് ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. അതിലേയ്ക്ക് 2018-19 മുതൽ 2020-21 വരെ 306.3 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച തുകയും കേന്ദ്രവിഹിതവും സമയബന്ധിതമായി ചെലവഴിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ലഭ്യമാകുന്ന ഫണ്ട് അതത് വർഷംതന്നെ ചെലവഴിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഓരോ മാസവും പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിൽ വിലയിരുത്തി സമയബന്ധിതമായി ചെലവഴിക്കുന്നതിലൂടെ ഓരോ വർഷവും 90 ശതമാനത്തിലധികം ഫണ്ട് ചെലവഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

കെട്ടിടനിർമ്മാണങ്ങൾക്ക് കണ്ടെത്തുന്ന ഭൂമി കൈമാറുന്നതിനുള്ള കാലതാമസം ഭൂമി സംബന്ധിച്ച വ്യവഹാരങ്ങൾ എന്നിവ കാരണം പോസ്റ്റ് മെട്രിക് / പ്രീ-മെട്രിക് ഹോസ്റ്റലുകൾ, എം.ആർ.എസ്-കൾ എന്നിവയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് യഥാസമയം ചെലവഴിക്കാത്തതിന് കാരണമാകാതിരിക്കാൻ ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് വേഗത്തിലാക്കുന്നതിന് ജില്ലാ കളക്ടർക്കും വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## എസ്.സി.-എസ്.ടി. വിഭാഗങ്ങൾക്കും ലൈഫ് മിഷൻ പദ്ധതി

2(791) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതി മുഖേനയാണോ വീട് നൽകുന്നത്?

അതെ. കൂടാതെ, പട്ടികവർഗ്ഗ പുനരധിവാസ മിഷൻ മുഖേന പുനരധിവസിപ്പിക്കപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകി വീട് അനുവദിച്ചുവരുന്നുണ്ട്.

(ബി) ഒരേ വീട്ടിൽ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സാഹചര്യത്തിൽ ലൈഫ് പദ്ധതി പ്രകാരം ഇവർക്ക് വീട് ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അർഹതപ്പെട്ട എസ്.സി./എസ്.ടി. വിഭാഗത്തിലെ എല്ലാ കുടുംബങ്ങൾക്കും വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) ഉണ്ട്. ഇത്തരം കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിന് 6-9-2019-ലെ സ.ഉ. (സാധാ)നമ്പർ 1946/2019/ത.സ്വ.ഭ.വ. പ്രകാരം ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

## ലൈഫ് ഭവന പദ്ധതിയിൽ ആദിവാസി കുടുംബങ്ങൾക്ക് വീട്

3(792) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി ആദിവാസി കുടുംബങ്ങൾക്ക് നിലവിൽ വീട് നിർമ്മിച്ച് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അർഹതാ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ലൈഫ് മിഷൻ മാനദണ്ഡപ്രകാരം അർഹരായി കണ്ടെത്തുന്ന എല്ലാ പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾക്കും ഭവനനിർമ്മാണ ധനസഹായം നൽകുന്നുണ്ട്. ആയതിനുള്ള അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

- വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

- ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്ര വാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

- അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ലെന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

- ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ് ഓല എന്നിവയോടുകൂടിയ മേൽക്കൂരയുള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങളെന്ന വിഭാഗത്തിൽ പരിഗണിക്കാം) നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്; ഈയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണത്തിനായി ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ 518 വീടുകളും മൂന്നാംഘട്ടത്തിൽ 271 വീടുകളും ഉൾപ്പെടെ ആകെ 789 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ 140 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പ് ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട്.

## ആദിവാസികളുടെ ഭൂപ്രശ്ന പരിഹാരം

4(793) ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികളുടെ ഭൂപ്രശ്നപരിഹാരത്തിന്റെ ഭാഗമായി മുഴുവൻ ഭൂരഹിത ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യുന്നതിനായി പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ലാൻഡ് ബാങ്ക് പദ്ധതിയനുസരിച്ച് ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് എന്ന പദ്ധതി പ്രകാരം നാളിതുവരെയായി 263 പേർക്ക് 43.81 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഭൂരഹിതരായവർക്ക് വിതരണം ചെയ്യുന്നതിനായി പത്തനംതിട്ട, പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആദിവാസി മേഖലകളിൽ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'മില്ലെറ്റ് വില്ലേജ്' പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അട്ടപ്പാടിയിൽ ഭക്ഷ്യസുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി "മില്ലെറ്റ് വില്ലേജ്" എന്ന പദ്ധതി കൃഷിവകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്നു.

(സി) 'ഹരിതരശ്മി-നിറവല്ലം' പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് പാരമ്പര്യകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി ആദിവാസി കർഷകർക്ക് നൽകി വരുന്നത്; വിശദാംശം നൽകാമോ?

പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യകൃഷി പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് "ഹരിതരശ്മി". പ്രസ്തുത പദ്ധതിയിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതിയാണ് "നിറവല്ലം" പദ്ധതി. ടി പദ്ധതി പ്രകാരം കർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. വിത്ത്, വളം, കീടനാശിനി എന്നിവ വിതരണം ചെയ്യുന്നു.
2. പരിശീലന പരിപാടികൾ (നടീൽ പരിശീലനം, വിള പരിപാലനത്തിനുള്ള പരിശീലനം, ലീഡർഷിപ്പ് പരിശീലനം)
3. കാർഷിക ഉല്പന്നങ്ങൾക്ക് മതിയായ വിപണി ഉറപ്പാക്കുന്നതിന് സൗകര്യമൊരുക്കൽ
4. കാർഷികോപകരണങ്ങളുടെ വിതരണം
5. സോളാർ ഫെൻസിംഗ്
6. പച്ചക്കറിത്തൈകൾ വിതരണം
7. ഔഷധസസ്യ വിതരണം
8. മണ്ണ് പരിശോധന നടത്തി അനുയോജ്യമായ വിളകൾ തെരഞ്ഞെടുക്കൽ.

**പട്ടികവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടി**

5(794) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നതിന് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

* നവകേരളം കർമ്മ പദ്ധതി II-ൽ ഉൾപ്പെട്ട സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന ധനസഹായം അനുവദിക്കുന്നത്.

* ഭൂരഹിതർക്ക് ഭൂമി അനുവദിച്ചും ലൈഫ് മിഷൻ ഭവന നിർമ്മാണ ധനസഹായം നൽകിവരുന്നു. ഇതിനുപുറമെ, ഭൂരഹിതരുടെ പുനരധിവാസത്തിനായുള്ള ഭവന സമുച്ചയങ്ങളുടെ നിർമ്മാണവും ലൈഫ് മിഷൻ മുഖേന പുരോഗമിക്കുന്നു.

* ലൈഫ് ഭവനനിർമ്മാണ പദ്ധതിക്കായി വകുപ്പിന്റെ വിഹിതമായി ഒരു ലക്ഷം രൂപ വീതം നൽകുന്നു. ആയതിലേയ്ക്ക് നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 300 കോടി രൂപയിൽ 99 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽനിന്നും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. കഴിഞ്ഞ പദ്ധതി വർഷത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്നും 278 കോടി രൂപയും പട്ടികവർഗ്ഗ വകുപ്പിൽനിന്ന് 140 കോടി രൂപയും ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

* ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിനായി പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂമി അനുവദിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

* വിവിധ പദ്ധതികളിലൂടെ ഭവനനിർമ്മാണ സഹായം ലഭിച്ചിട്ടും ഭവന പൂർത്തീകരണം നടത്തിയിട്ടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഒന്നര ലക്ഷം രൂപ അനുവദിക്കുന്ന ഭവനപൂർത്തീകരണ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

* ആദിവാസി പുനരധിവാസ മിഷൻ മുഖേനയും പട്ടികവർഗ്ഗ വിഭാഗത്തിന് വീട് അനുവദിക്കുന്നുണ്ട്.

* അർഹരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒന്നര ലക്ഷം രൂപ വരെ ഭവന പുനരുദ്ധാരണ ധനസഹായവും അനുവദിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ /പട്ടികജാതി /പട്ടികവർഗ്ഗ ഭൂരഹിതർ**

6(795) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ എത്രയുണ്ടെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരുടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

കാസർഗോഡ് ജില്ലയിൽ 713 ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുണ്ട്. മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത വിഭാഗങ്ങളിൽ എത്ര ഭവനരഹിതരുണ്ടെന്ന് മണ്ഡലം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

പട്ടികജാതി വിഭാഗക്കാരായ ഭവനരഹിതരുടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കാസർഗോഡ് ജില്ലയിൽ നിലവിൽ 1980 ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുള്ളതായി കണക്കാക്കിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) പ്രസ്തുത വിഭാഗങ്ങളിൽ ആകെ 3 സെന്റ് മാത്രം ഭൂമിയുള്ളവർ എത്രയെന്ന് മണ്ഡലം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഭവന പൂർത്തീകരണം പദ്ധതി**

7(796) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ലോണുകളെടുത്ത് ഭവനനിർമ്മാണം തുടങ്ങിയ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ജനങ്ങൾക്ക് ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് ഭവന പൂർത്തീകരണം പദ്ധതി പ്രകാരം അധിക ലോൺ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) അധിക ലോൺ ലഭിക്കുന്നതിന് ഭവനത്തിന് പത്ത് വർഷത്തിലേറെ പഴക്കമുണ്ടാകാൻ പാടില്ലെന്ന നിബന്ധനയിൽ ഇളവ് വരുത്തുന്ന കാര്യം പരിശോധിക്കുമോ?

(എ &ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന ഭവന നിർമ്മാണം/പൂർത്തീകരണത്തിനായി ലോൺ അനുവദിക്കുന്നില്ല. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന പൂർത്തീകരണത്തിനായി ഒന്നര ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണ്ണും വീടും പദ്ധതി

8(797) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിത-ഭവനരഹിത പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

(ബി) മണ്ണും വീടും പദ്ധതി പ്രകാരം ഇവരിൽ എത്ര കുടുംബങ്ങൾക്ക് നാളിതുവരെ ഭൂമിയും ഭവനവും നൽകിയെന്നും ഇനിയും എത്രപേർക്ക് നൽകുവാനുണ്ടെന്നും വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ?

വകുപ്പുമുഖേന "മണ്ണും വീടും" എന്ന പേരിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

## ഭൂരഹിതരായ ആദിവാസികളുടെ വിവരശേഖരണം

9(798) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്നത് സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സർവ്വേ പ്രകാരം എത്രപേർ ഭൂരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്;

(ബി) സർവ്വേ നടത്തിയത് ഏത് ഏജൻസിയാണെന്നും ഏത് കാലയളവിലാണെന്നും; വിശദമാക്കാമോ?

(എ &ബി) ഉണ്ട്. സംസ്ഥാനത്ത് 8306 ഭൂരഹിതരായ പട്ടിക വർഗ്ഗക്കാരുള്ളതായി 2021-22 സാമ്പത്തികവർഷം വകുപ്പുമുഖേന സർവ്വേ നടത്തി കണ്ടെത്തിയിരുന്നു. ഇതിൽ 1378 പേർക്ക് വനാവകാശ നിയമം, നിക്ഷിപ്തവനഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി എന്നിവ മുഖേന 1469.28 ഏക്കർ ഭൂമി അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള ആദിവാസി ഭൂരഹിതരുടെ കൃത്യമായ കണക്ക് സർക്കാരിന്റെ കൈവശം ലഭ്യമാണോ; ഇല്ലെങ്കിൽ പ്രസ്തുത വിവരശേഖരണത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉണ്ട്. നിലവിൽ 6928 പേർ ഭൂരഹിതരായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ഭവന നിർമ്മാണ പദ്ധതികൾ

10(799) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി., എസ്.ടി. വിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭവന ധനസഹായം അനുവദിച്ചു വരുന്നത്. ഇതിനുപുറമെ, ആദിവാസി പുനരധിവാസ മിഷൻ മുഖേനയും പട്ടികവർഗ്ഗ വിഭാഗത്തിന് വീട് അനുവദിച്ചുവരുന്നു.

(ബി) എത്ര എസ്.സി., എസ്.ടി. കുടുംബങ്ങൾക്ക് പുതുതായി വീട് അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ലൈഫ് മിഷൻ ലഭ്യമാക്കിയ കണക്കുപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 22031 കുടുംബങ്ങളും 8150 പട്ടികവർഗ്ഗ കുടുംബങ്ങളും പുതുതായി ലൈഫ് മിഷനുമായി ഭവനനിർമ്മാണ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ആദിവാസി പുനരധിവാസ മിഷൻ മുഖേന പുനരധിവാസ മേഖലകളിലെ 244 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും പുതുതായി വീടുകൾ അനുവദിച്ചിട്ടുണ്ട്.

## ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി /പട്ടികവർഗ്ഗ കുടുംബങ്ങൾ

11(800) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ നിലവിൽ ഭൂരഹിതരും ഭവനരഹിതരും വൈദ്യുതീകരിക്കാത്ത വീടുള്ളവരുമായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഏറനാട് മണ്ഡലത്തിൽ നിലവിൽ പട്ടികജാതിക്കാരായ 258 ഭൂരഹിതരും 594 ഭവനരഹിതരും വൈദ്യുതീകരിക്കാത്ത 17 വീടുകളും പട്ടികവർഗ്ഗക്കാരായ 172 ഭൂമിയുള്ള ഭവനരഹിതരും 96 ഭൂരഹിതരും 87 വൈദ്യുതീകരിക്കാത്ത വീടുകളുമാണുള്ളത്.

(ബി) എങ്കിൽ ഇവർക്ക് ഭൂമിയും വീടും നൽകുന്നതിനും, വീട് വൈദ്യുതീകരിച്ച് നൽകുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം ഏറനാട് മണ്ഡലത്തിൽ 67 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും ലൈഫ് മിഷൻ വഴിയാണ് ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നത്. ഭവനം വൈദ്യുതീകരിക്കുന്ന പദ്ധതി നിലവിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്നില്ല.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി വീടും സ്ഥലവും അനുവദിച്ചുനൽകുന്നതിനും ഈ വർഷത്തെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി വീടുകൾ വൈദ്യുതീകരിച്ച് നൽകുന്നതിനുമുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചുവരുന്നു.

**ഭൂരഹിതരായ മുഴവൻ ആദിവാസി കുടുംബങ്ങൾക്കും ഭൂമി**

12(801) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ മുഴവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ചുനൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വനാവകാശ നിയമം, ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാവകാശ നിയമം, നിക്ഷിപ്തവനഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി എന്നിവ മുഖേന നാളിതുവരെ 39,098 പേർക്ക് 48,655.98 ഏക്കർ ഭൂമി അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ആദിവാസി ജനതയ്ക്ക് വാസയോഗ്യമായ ഗൃഹങ്ങൾ നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണം നടപ്പിലാക്കിവരുന്നുണ്ട്. ഭവനനിർമ്മാണത്തിനായി പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അകത്ത് താമസിക്കുന്നവർക്ക് 6 ലക്ഷം രൂപയും, പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്നവർക്ക് 4 ലക്ഷം രൂപയും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ അതീവ ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 20 ശതമാനം തുക അധികമായും അനുവദിച്ചുവരുന്നുണ്ട്.

പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വാസയോഗ്യമല്ലാത്ത വീടുകൾക്ക് പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പുമുഖേന ഒന്നരലക്ഷം രൂപയുടെ ധനസഹായം നൽകിവരുന്നുണ്ട്. 2018-19 പ്രളയക്കെടുതിയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് ദുരന്ത നിവാരണ വകുപ്പ് നൽകുന്ന 4 ലക്ഷം രൂപയുടെ ധനസഹായത്തിന് പുറമെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2 ലക്ഷം രൂപ അധികമായും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും, ഭവനരഹിതരുമായ പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വാസയോഗ്യമായ ഭൂമി കണ്ടെത്തി വാങ്ങി നൽകി പുനരധിവസിപ്പിക്കുകയും ഭവന നിർമ്മാണത്തിനും ടി കുടുംബങ്ങൾക്കായുള്ള അടിസ്ഥാനസൗകര്യങ്ങൾക്കുമുള്ള ധനസഹായവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആദിവാസി ജനതയുടെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവുമായ പിന്നാക്കാവസ്ഥയ്ക്ക് പരിഹാരം കാണുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആവിഷ്ക്കരിച്ചിട്ടുള്ള വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക ഉന്നമന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ലൈഫ് മിഷൻ മുഖേന ഭവനരഹിതർക്കും, ഭൂരഹിത ഭവനരഹിതർക്കും ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ 75 വർഷമോ 25 വർഷം വീതമോ ഉള്ള തുടർച്ചയായ മൂന്ന് തലമുറകളിലായി വനത്തിനുള്ളിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് അവരുടെ ഭൂമിയിന്മേലുള്ള അവകാശം ഉറപ്പാക്കുന്നതിനായി വനാവകാശ നിയമം 2006 പ്രകാരം കൈവശാവകാശരേഖയും നൽകിവരുന്നുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി വിതരണം ചെയ്തുവരുന്നു. ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വാസയോഗ്യമായ വീടും അനുവദിച്ചുവരുന്നുണ്ട്.

**അരുവിക്കര നിയോജകമണ്ഡലത്തിലെ ലൈഫ് മിഷൻ മുൻഗണനാ പട്ടിക**

13(802) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ ഭവനരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | പട്ടികജാതി കുടുംബം | പട്ടികവർഗ്ഗ കുടുംബം |
|---|---|---|
| അരുവിക്കര | 110 | - |
| തൊളിക്കോട് | 18 | 40 |
| ഉഴമലയ്ക്കൽ | 15 | 1 |
| വെള്ളനാട് | 28 | 7 |
| ആര്യനാട് | 37 | 36 |
| വിതുര | 52 | 310 |
| പൂവച്ചൽ | 17 | 8 |
| കുറ്റിച്ചൽ | - | 130 |

(ബി) ഇതിൽ ഭൂരഹിതരായ ഭവനരഹിതർ എത്രയെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത ഭവനരഹിതരുടെ വിവരം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | പട്ടികജാതി കുടുംബം |
|---|---|
| അരുവിക്കര | 42 |
| തൊളിക്കോട് | 12 |
| ഉഴമലയ്ക്കൽ | - |
| വെള്ളനാട് | 8 |
| ആര്യനാട് | 14 |
| വിതുര | 39 |
| പൂവച്ചൽ | 4 |

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ ഭവനരഹിതരില്ല.

(സി) ഇതിൽ ലൈഫ് മിഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ എത്രയാണെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകുമോ?

ലൈഫ് മിഷൻ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | പട്ടികജാതികുടുംബം | പട്ടികവർഗ്ഗ കുടുംബം |
|---|---|---|
| അരുവിക്കര | 42 | - |
| തൊളിക്കോട് | 21 | 30 |
| ഉഴമലയ്ക്കൽ | 12 | 1 |
| വെള്ളനാട് | 31 | 5 |
| ആര്യനാട് | 38 | 20 |
| വിതുര | 64 | 300 |
| പൂവച്ചൽ | 17 | 6 |
| കുറ്റിച്ചൽ | - | 113 |

## ഭവന പദ്ധതി

14(803) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എത്ര കുടുംബങ്ങൾക്ക് ഭവന പദ്ധതി പ്രകാരം വീടുകൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ പുനരധിവാസ മിഷൻ (ടി.ആർ.ഡി.എം.) മുഖേന പുനരധിവാസ മേഖലകളിലെ 244 കുടുംബങ്ങൾക്ക് ചുവടെ ചേർത്തിരിക്കുംപ്രകാരം ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ജില്ല | വീടുകളുടെ എണ്ണം |
|---|---|
| തൃശ്ശൂർ | 1 |
| എറണാകുളം | 2 |
| പാലക്കാട് | 14 |
| മലപ്പുറം | 25 |
| വയനാട് | 102 |
| കണ്ണൂർ | 99 |
| കാസർഗോഡ് | 1 |
| **ആകെ** | **244** |

700.10 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

## ഇടുക്കി ജില്ലയിലെ മോഡേൺ വില്ലേജ്

15(804) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വട്ടവടയിൽ മോഡേൺ വില്ലേജ് എന്ന പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് വച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്കാണ് വീട് അനുവദിച്ചതെന്ന് അറിയിക്കാമോ?

(എ &ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. വട്ടവട മോഡൽ വില്ലേജ് പദ്ധതിയുടെ ഭാഗമായി പ്രസ്തുത പഞ്ചായത്തിലെ 108 കുടുംബങ്ങൾക്ക് വീട് അനുവദിച്ച് നൽകുന്നതിനായി ഇടുക്കി ജില്ലാ കളക്ടർക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചതെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി 3,24,00,000 രൂപ അനുവദിച്ചു. ഇതിൽ 1,00,00,000 (ഒരു കോടി രൂപ മാത്രം) രൂപ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജീസിന് 19-9-2018-ൽ നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള തർക്കം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച അവ്യക്തതയാണ് പദ്ധതി നിർവ്വഹണത്തിന് തടസ്സമായിട്ടുള്ളത്. വട്ടവട മോഡൽ വില്ലേജുമായി ബന്ധപ്പെട്ട് നടക്കുന്ന നിർമ്മാണപ്രവർത്തനം നിർത്തിവയ്ക്കുന്നതിന് വട്ടവട വില്ലേജ് ഓഫീസർ സ്റ്റോപ്പ് മെമ്മോ നൽകുകയും ആയതുപ്രകാരം നിലവിൽ നിർമ്മാണപ്രവൃത്തി നിർത്തിവച്ചിട്ടുള്ളതുമാണെന്ന് വട്ടവട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി**

16(805) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണത്തിനായി നിലവിൽ കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കേന്ദ്ര സഹായം സംസ്ഥാനത്ത് എപ്രകാരമാണ് വിനിയോഗിക്കുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം എത്ര പേർക്ക് വീട് നിർമ്മിച്ച് നൽകിയെന്നും വ്യക്തമാക്കുമോ?

(എ&ബി) പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണത്തിനായി കേന്ദ്രസർക്കാരിന്റെ PMAY പദ്ധതി നിലവിലുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

## ആലത്തൂർ മണ്ഡലത്തിലെ ഭവന-ഭൂരഹിത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ

17(806) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽപ്പെട്ടവർ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽപ്പെട്ടിട്ടുണ്ടോയെന്ന വിവരം ലഭ്യമാണോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

(എ &ബി) സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ തയ്യാറാക്കിയിട്ടുള്ള കരട് ഗുണഭോക്തൃ ലിസ്റ്റുപ്രകാരം ആലത്തൂർ മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.*

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി നൽകി വരുന്ന ധനസഹായം

18(807) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിനായി നൽകി വരുന്ന ധനസഹായം പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുമോ;

(ബി) നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കൂലി വർദ്ധനവും ഊരുകളിലേയ്ക്ക് സാമഗ്രികൾ എത്തിക്കുന്നതിനുള്ള അമിതനിരക്കും കാരണം ഭവന നിർമ്മാണച്ചെലവ് ഭീമമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി 4 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുള്ളിൽ അനുവദിക്കുന്ന വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിലും, പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന ഗുണഭോക്താവിന് 4 ലക്ഷം രൂപയും, അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി തുകയുടെ 20 ശതമാനം തുക വരെ അധികമായും അനുവദിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവനനിർമ്മാണ ധനസഹായം 6 ലക്ഷം രൂപ നിരക്കിൽ ഏകീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം നിർമ്മിച്ചുനൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ഭവന നിർമ്മാണത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല.

**ആദിവാസി കുടുംബങ്ങൾക്ക് ഭൂമി**

19(808) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകുമെന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്രപേർക്ക് ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഭൂമി നൽകാൻ സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; പദ്ധതി നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. എങ്കിലും ഭൂരഹിതരായ പട്ടികവർഗ്ഗകുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി പരമാവധി ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശരേഖയും നൽകുന്നു.

## വാമനപുരം മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ, ഭവനരഹിതർ

20(809) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതർ എന്നിവരുടെ വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമുഖേനയും ലൈഫ് ഭവന പദ്ധതി മുഖേനയും 2016 മുതൽ നാളിതുവരെ മണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേനയും ലൈഫ് ഭവന പദ്ധതി മുഖേനയും 2016 മുതൽ വാമനപുരം മണ്ഡലത്തിൽ ആകെ 980 വീടുകൾ അനുവദിച്ചിട്ടുണ്ട്. ടി മണ്ഡലത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി മുഖേന ആകെ 283 വീടുകളും പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന 68 വീടുകളും അനുവദിച്ചിട്ടുണ്ട്.

## ഭവനരഹിതരായ പട്ടികജാതിക്കാർക്ക് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

21(810) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ബി) ഭവന നിർമ്മാണത്തിനർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

(എ&ബി) സംസ്ഥാന സർക്കാരിന്റെ സമഗ്ര പാർപ്പിട പദ്ധതിയായ ലൈഫ് മിഷനിലൂടെയാണ് നിലവിൽ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന ധനസഹായം അനുവദിക്കുന്നത്. 27-7-2020-ലെ സ.ഉ.(കൈ)112/2020/ത.സ്വ.ഭ.വ.-ൽ പ്രതിപാദിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലൈഫ് മിഷനാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) 2021-22-ലെ അതിദരിദ്ര സർവ്വേ പ്രകാരം എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീടില്ലെന്ന് കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

അതിദരിദ്ര സർവ്വേ റിപ്പോർട്ടിൽ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ കണക്ക് പ്രത്യേകമായി പരാമർശിക്കുന്നില്ല.

**തരൂർ കോട്ടായി കുംഭാര കോളനി**

22(811) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കോട്ടായി പഞ്ചായത്തിൽ കുംഭാര കോളനി അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) ആയത് അനുവദിക്കുന്നത് അടിയന്തരമായി പരിഗണിച്ച് അനുകൂല ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദമാക്കുമോ?

വകുപ്പിന്റെ ശിപാർശ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് വിഷയം പരിഗണിക്കുന്നതാണ്.

**അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

23(812) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 'അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി എത്ര ഊരുകളിൽ നടപ്പാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 64 പട്ടികവർഗ്ഗ കോളനികളെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കുകയും, പദ്ധതി നടപ്പിലാക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കോളനികളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ ഊരുകൂട്ടം ചേർന്ന് തീരുമാനിക്കുന്നതിനും, ഡി.പി.ആർ. തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത കോളനികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

പദ്ധതിയുടെ ആസൂത്രണ ഘട്ടത്തിലും, നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലും മോണിറ്ററിംഗ് സമിതിയുടെ ഇടപെടൽ നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാതല സമിതിയുടെ ശിപാർശയോടെ മാത്രമെ ഓരോ ഘട്ടത്തിലും തുക അനുവദിക്കാവൂയെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

24(813) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട കല്ലുവാതുക്കൽ ഗ്രാമ പഞ്ചായത്തിലെ അമ്പൂരി മുള്ളിപ്പച്ച പട്ടികജാതി കോളനിയിൽ 2016-17 വർഷത്തിൽ നടപ്പിലാക്കിയ അംബേദ്ക്കർ ഗ്രാമം പദ്ധതി സംബന്ധിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ (5966416/2022/വി.ഐ.പി./എം.(എസ്.സി., എസ്.ടി., ബി.സി.&ഡി.) സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

അമ്പൂരി മുള്ളിപ്പച്ച പട്ടികജാതി കോളനിയിലെ കുടിവെള്ള കണക്ഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ഇലക്ട്രിക് കണക്ഷൻ നൽകുന്നതിനായി കെ.എസ്.ഇ.ബി.-യിൽ അടയ്ക്കേണ്ട തുക കൂടി ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

25(814) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പാക്കരത്ത്, ആനക്കോട് എന്നീ കോളനികളിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം അനുവദിച്ച എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നാരംഭിക്കാൻ കഴിയുമെന്നും; എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും; ഇതിനായി സ്വീകരിച്ച നടപടി; എന്നിവ വിശദമാക്കുമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള പ്രസ്തുത കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നിർവ്വഹണ ഏജൻസി ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തരമായി ലഭ്യമാക്കി അംഗീകാരം നൽകി, പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി കോളനികളുടെ പുനരുദ്ധാരണം**

26(815) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികജാതി കോളനികളുടെ പുനരുദ്ധാരണത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 202 കോളനികളെ തെരഞ്ഞെടുത്ത്, 166 കോളനികളുടെ പുനരുദ്ധാരണത്തിനായി 20 ലക്ഷം രൂപ വീതം 3,32,00,000 രൂപ മുൻകൂറായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ഏതൊക്കെ കോളനികളെയാണ് പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും എന്തൊക്കെ പ്രവൃത്തികളാണ് പ്രസ്തുത കോളനികളിൽ നടപ്പാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

**പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ**

27(816) <u>ശ്രീ. പി. വി. ശ്രീനിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ കോളനിയിലുമുള്ള വീടുകളുടെ എണ്ണം, കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ തരം എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ വാസയോഗ്യമായ വീടില്ലാത്തവരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) റോഡ് സൗകര്യമില്ലാത്തതും ഗതാഗതയോഗ്യമല്ലാത്ത റോഡുകളുള്ളതുമായ കോളനികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(എ-ഡി) വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

## കോളനികളുടെ നവീകരണം - ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിലെ പോരായ്മകൾ

28(817) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം, പ്രളയബാധിത കോളനികളുടെ നവീകരണം എന്നീ പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ പോരായ്മകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പട്ടികജാതി സങ്കേതങ്ങളിൽ നടപ്പാക്കിവരുന്ന പദ്ധതികളിൽ എത്രശതമാനം ഇനിയും പൂർത്തീകരിക്കാതെ അവശേഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ജില്ലാ നിർമ്മിതി കേന്ദ്രം 2016-17 വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തികളിൽ 10 ശതമാനം പ്രവൃത്തികളും 2018-19 വർഷത്തിലെ 46 ശതമാനം പ്രവൃത്തികളും 2019-20 വർഷത്തിലെ 84 ശതമാനം പ്രവൃത്തികളും നിലവിൽ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുണ്ട്.

2020-2021, 2021-22 വർഷങ്ങളിൽ നിർമ്മിതി കേന്ദ്രം ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(സി) മത്സരാധിഷ്ഠിത ടെണ്ടറിലൂടെ നിർവ്വഹണ ഏജൻസികളെ നിശ്ചയിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ടി സ്കീമുകൾ പ്രകാരം ഏതെല്ലാം പദ്ധതികളാണ് നിർമ്മിതി കേന്ദ്രം മുഖേന നടപ്പാക്കുന്നത്; അവ പൂർത്തീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ?

ചെങ്ങന്നൂർ മണ്ഡലത്തിലെ എല്ലാ കോളനികളിലും ജില്ലാ നിർമ്മിതി കേന്ദ്രം വഴിയാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. 2016-17 വർഷത്തിൽ പ്രസ്തുത മണ്ഡലത്തിൽ നിന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രണ്ടു കോളനികളുടെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പ്രളയ കോളനികളുടെ പുനർനിർമ്മാണത്തിൽ ഉൾപ്പെടുത്തിയിരുന്ന 15 കോളനികളിൽ ഒരെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ ഉൾപ്പെടുത്തിയിരുന്ന അഞ്ച് കോളനികളിൽ രണ്ടെണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ ആകെയുള്ള 11 കോളനികളിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ നടന്നുവരുന്നു.

പ്രളയബാധിത കോളനികളിൽ റീബിൽഡ് കേരള തുടങ്ങിയ പദ്ധതികൾ വഴി ധനസഹായം ലഭിച്ചവരെ ഒഴിവാക്കി പ്രവൃത്തി നിർവ്വഹിക്കുവാൻ സ്ഥലവാസികൾ എതിർപ്പ് പ്രകടിപ്പിച്ചത് കാരണവും തുടർച്ചയായുണ്ടായ കോവിഡ് സാഹചര്യത്തിലും വെള്ളപ്പൊക്കം നിമിത്തവും പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. പ്രളയ പുനരധിവാസവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ നടക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾക്ക് മറ്റ് സ്കീമുകളിൽ ധനസഹായം ലഭിച്ചവരെ ഒഴിവാക്കേണ്ടെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പിറവം മണ്ഡലത്തിലെ പാർപ്പാംകോട് കോളനിയുടെ ശോചനീയാവസ്ഥ**

29(818) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ എടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തിലെ പാർപ്പാംകോട് കോളനിയുടെ ശോചനീയാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനിയിൽ ആദിവാസി ക്ഷേമ ഫണ്ടുപയോഗിച്ച് നിർമ്മിച്ച ഭവനങ്ങൾ പലതും വാസയോഗ്യമല്ലെന്ന് പരിശോധിച്ചിട്ടുണ്ടോ; ആയതിന്റെ കണക്കുകൾ വിശദമാക്കാമോ?

(എ & ബി ) പരിശോധിച്ചിട്ടുണ്ട്.എടക്കാട്ടുവയൽ പഞ്ചായത്തിൽ ആദിവാസി പുനരധിവാസ പദ്ധതിപ്രകാരം 86 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആറ് സെന്റ് സ്ഥലം വീതം അനുവദിച്ചിരുന്നു. 86 പ്ലോട്ടുകളിൽ 63 പ്ലോട്ടുകളിലാണ് വീട് നിർമ്മാണമാരംഭിച്ചത്. ആയതിൽ 38 വീടുകൾ കുടുംബശ്രീ കൺസ്ട്രക്ഷൻസും, 25 വീടുകൾ ഗുണഭോക്താക്കൾ നേരിട്ടുമാണ് നിർമ്മിക്കുന്നത്. കുടുംബശ്രീ കൺസ്ട്രക്ഷൻസ് ഏറ്റെടുത്ത 38 വീടുകളും ഗുണഭോക്താക്കൾ നേരിട്ട നിർമ്മിക്കുന്ന 7 വീടുകളും ചേർത്ത് 45 വീടുകളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. ടി പദ്ധതി പ്രദേശത്ത് 2014-ൽ പട്ടികവർഗ്ഗ വികസന വകുപ്പ്, ഒരു വീടിന് രണ്ടര ലക്ഷം രൂപ നിരക്കിൽ 350 സ്ക്വയർ ഫീറ്റിൽ ആദ്യഘട്ടത്തിൽ ഓടുമേഞ്ഞ് നിർമ്മിച്ച ഒൻപത് വീടുകളാണ് പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയത്. ടി വീടുകളുടെ നിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിലവിലുള്ള കൺസ്ട്രക്ഷൻ പ്രകാരം ചെയ്യാൻ സാധിക്കുന്നതും ഗുണഭോക്താക്കളുടെ അഭിപ്രായവും പരിഗണിച്ച് അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ കുടുംബശ്രീ കൺസ്ട്രക്ഷൻസ് ചെയ്ത് നൽകിയിട്ടുള്ളതുമാണ്. പിന്നീട് മൂന്നര ലക്ഷം നിരക്കിൽ രണ്ട് ഘട്ടങ്ങളിലായി 19-ഉം, 10-ഉം വീടുകൾ വീതം കുടുംബശ്രീ കൺസ്ട്രക്ഷൻസ് പൂർത്തീകരിച്ചിട്ടുണ്ട്. ടി വീടുകളുടെ പ്ലാസ്റ്ററിംഗിൽ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിർമ്മാണത്തിലുണ്ടായ അപാകത പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കുറ്റക്കാരായവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

നിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നിലവിലുള്ള കൺസ്ട്രക്ഷൻ പ്രകാരം ചെയ്യാൻ സാധിക്കുന്നതും ഗുണഭോക്താക്കളുടെ അഭിപ്രായവും പരിഗണിച്ച് അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ കുടുംബശ്രീ കൺസ്ട്രക്ഷൻസ് ചെയ്ത് നൽകിയിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് കുടുംബശ്രീക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

എടയ്ക്കാട്ടു വയൽ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 118.4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത കോളനിയിലെ പാർക്കിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് പാർക്ക് പ്രവർത്തിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്താണ് ചിൽഡ്രൻസ് പാർക്കിന്റെ പ്രവൃത്തി നടത്തിവരുന്നത്. പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിന് മുളന്തുരുത്തി ബ്ലോക്കിന് നിർദ്ദേശം നൽകുന്നതാണ്.

(എഫ്) 2011 മുതൽ 2022 മാർച്ച് വരെ പ്രസ്തുത കോളനിയുടെ നവീകരണത്തിനായി അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ പദ്ധതിയടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2011 മുതൽ 2022 മാർച്ച് വരെ പ്രസ്തുത കോളനിയുടെ നവീകരണത്തിനായി അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി | അനുവദിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| ഇന്റേണൽ റോഡ് നിർമ്മാണം PWD | 31,00,000 | 20,66,161 |
| വൈദ്യുതീകരണം K.S.E.B | 13,28,627 | 13,28,627 |
| ഭൂഗർഭ ജല പദ്ധതി (കുഴൽ കിണർ, പമ്പ് ഹൗസ് നിർമ്മാണം) | 8,51,750 | 8,28,118 |
| കുടുംബശ്രീ ഭവന പദ്ധതി - 38 വീടുകൾ | 1,21,37,500 | 1,21,37,500 |
| വ്യക്തിഗത ഭവനപദ്ധതി - 25 വീടുകൾ | 84,57,500 | 84,57,500 |

**അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

30(819) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം അരൂർ മണ്ഡലത്തിൽ പൊറ്റേത്തറ കോളനിയിൽ ചെലവാകാതെ ബാക്കിവന്ന തുക ചെലവഴിക്കുന്നതിനുവേണ്ടി വകുപ്പ് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ടി പ്രവൃത്തി പൂർത്തിയായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

(എ & ബി) ഉണ്ട്. പൊറ്റേത്തറ കോളനി നവീകരണത്തിൽ ബാക്കി വന്ന തുകയുപയോഗിച്ച് പൊറ്റേത്തറ മുതൽ പൂച്ചക്കാൽ വരെയുള്ള 225 മീറ്റർ റോഡ് നിർമ്മിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രദേശം ചതുപ്പ് നിറഞ്ഞതായതിനാൽ റോഡുനിർമ്മാണം സാദ്ധ്യമാകാത്ത സാഹചര്യമാണുണ്ടായിരുന്നത്. അതിനാൽ 2016-17 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ടി പ്രവൃത്തി നിലവിലെ സ്ഥിതിയിൽ അവസാനിപ്പിച്ച് ബിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അരുവിക്കര നിയോജകമണ്ഡലത്തിലെ ആദിവാസി സെറ്റിൽമെന്റുകൾ**

31(820) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ എസ്.സി. കോളനികൾ, ആദിവാസി സെറ്റിൽമെന്റുകൾ എന്നിവയുടെ പേര്, ജനസംഖ്യ, കുടുംബങ്ങളുടെ എണ്ണം എന്നിവ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇവയുടെ വികസനത്തിനായി 2016 മുതൽ 2022 വരെ എത്ര തുക വീതം അനുവദിച്ചു; സ്കീമിന്റെ പേര്, നിർവ്വഹണ ഏജൻസി, ആരംഭിച്ച വർഷം, നിർവ്വഹണത്തിന്റെ ഇപ്പോഴുള്ള പുരോഗതി; എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ തരംതിരിച്ച് അറിയിക്കാമോ?

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**അംബേദ്കർ ഗ്രാമം പദ്ധതി**

32(821) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി രൂപ അനുവദിച്ച അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെന്മല സെറ്റിൽമെന്റ് കോളനി നവീകരണമെന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ടി പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശം അറിയിക്കാമോ?

തെന്മല പട്ടികവർഗ്ഗ കോളനിയിൽ നടപ്പിലാക്കിവരുന്ന നവീകരണ പ്രവൃത്തികളായ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം 85 ശതമാനവും പീയണിപ്പാറ-കണ്ണമാംമൂട് ഇന്റർലോക്ക് നടപ്പാലം നിർമ്മാണം 75 ശതമാനവും പൂർത്തീകരിച്ചു. കൂടാതെ, പുരവിമല– തേക്കിൻമൂട് ഇന്റർലോക്ക് പ്രവൃത്തിയും പൂർത്തീകരിച്ചു. ഇവ രണ്ടാഴ്ചയ്ക്കകം പൂർത്തീകരിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പുതുതായി ഏതൊക്കെ പട്ടികവർഗ്ഗ കോളനികളെയാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്; വിവരം ലഭ്യമാക്കാമോ?

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2022-23-ൽ കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി പുരോഗമിക്കുകയാണ്.

**ചാലിയാറിന് കുറുകെ പാലം നിർമ്മിക്കുന്ന പ്രവൃത്തി**

33(822) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ തകർന്ന മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ വിവിധ ആദിവാസി കോളനികളിലേയ്ക്ക് എത്തിച്ചേരുന്നതിന് ഇരുട്ടുകത്തിക്കടവിൽ ചാലിയാറിന് കുറുകെ പാലം നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ചാലിയാറിനുകുറുകെ പാലം നിർമ്മിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് ഡിവിഷൻ മുഖേന ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്തേയ്ക്ക് പാലം നിർമ്മിക്കുന്നതിനുവേണ്ടി പുതുക്കിയ എസ്റ്റിമേറ്റ് പട്ടികവർഗ്ഗ വകുപ്പ് മുഖാന്തരം സമർപ്പിച്ചോയെന്നും പ്രസ്തുത പാലം നിർമ്മിക്കുന്നതിന് കണക്കാക്കുന്ന മതിപ്പുതുക എത്രയെന്നും അറിയിക്കാമോ; അടിയന്തരമായി പാലം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

സമർപ്പിച്ചിട്ടില്ല.

(സി) ഇരുട്ടുകത്തിക്കടവിൽ പാലം നിർമ്മിക്കുന്നതിന് മറ്റേതെങ്കിലും വകുപ്പുകളോ ജനപ്രതിനിധികളോ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ തുകയെത്രയെന്നും എസ്റ്റിമേറ്റുകളോ തുടർനടപടികളോ ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ?

ഇപ്രകാരം ഫണ്ടനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മൂഴിക്കൽ എസ്.സി. കോളനിയുടെ പുനരുദ്ധാരണ പ്രവൃത്തി**

34(823) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ മൂഴിക്കൽ എസ്.സി. കോളനിയുടെ പുനരുദ്ധാരണ പ്രവൃത്തി ഇതുവരെയായി നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ടി പ്രവൃത്തി വൈകുന്നതിനുള്ള കാരണം അറിയിക്കാമോ?

(എ& ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2019-20 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെട്ട പ്രസ്തുത കോളനിയുടെ നവീകരണത്തിലുൾപ്പെടുത്തിയിരുന്ന സംരക്ഷണ ഭിത്തി നിർമ്മാണത്തിന്റെ ആവശ്യകത പുനഃപരിശോധിക്കേണ്ടിയിരുന്നതിനാലും മോണിറ്ററിംഗ് കമ്മിറ്റി മിനിട്ട്സിന്റെ ന്യൂനത പരിഹരിക്കുന്നതിനുമായി ടി റിപ്പോർട്ട് ലഭ്യമാകേണ്ടിയിരുന്നതിനാലുമാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടായത്. നിലവിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് അടിയന്തരമായി അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ടി പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാമാസവും പുരോഗതി വിലയിരുത്തുന്നതിനും പ്രോഗ്രസ്സ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ബ്ലോക്ക്/ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇത്തരം പ്രവൃത്തികൾക്ക് സർക്കാർ അനുമതി നൽകിയാൽ എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കണമെന്നുള്ള വിശദാംശം അറിയിക്കാമോ?

പദ്ധതി നിർവ്വഹണച്ചുമതല ഏറ്റെടുത്ത തീയതി മുതൽ പരമാവധി 10 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

## വിദ്യാഭ്യാസ-തൊഴിൽ ആനുകൂല്യങ്ങൾ സംബന്ധിച്ച് കരിയർ ഗൈഡൻസ് ക്യാമ്പുകൾ

35(824) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസ-തൊഴിൽ ആനുകൂല്യങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനായി എത്ര കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഏതൊക്കെ കോളനികളിൽ, ഏതൊക്കെ ദിവസങ്ങളിലാണ്, ഇപ്രകാരം ക്യാമ്പുകൾ സംഘടിപ്പിച്ചതെന്നും; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും; വ്യക്തമാക്കുമോ?

(എ&ബി) കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിച്ചതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ദേവികുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

36(825) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നാളിതുവരെയായി ഏതൊക്കെ പട്ടികജാതി കോളനികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വർഷം തിരിച്ച് അറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ നിന്നും 2016-17 വർഷത്തിൽ വെള്ളത്തൂവൽ ഗ്രാമപഞ്ചായത്തിലെ കടുക്കാസിറ്റി പട്ടികജാതി കോളനിയെയും 2021-22 വർഷത്തിൽ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ചാനൽമേട് പട്ടികജാതി കോളനിയെയും അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതി നടപ്പിലാക്കിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുകൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ അറിയിക്കാമോ?

(ബി &സി) ഇല്ല.

**അംബേദ്കർ ഗ്രാമ വികസനപദ്ധതി**

37(826) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ കാവനാട് പട്ടികജാതി കോളനിയിലും മുരിക്കിങ്ങൽ കോളനിയിലും അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം അനുമതി ലഭിച്ച നിർമ്മാണപ്രവർത്തനങ്ങൾ പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയവമൂലം ആരംഭിക്കാൻ കഴിഞ്ഞില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അംബേദ്കർഗ്രാമ വികസന പദ്ധതി 2016-17-ൽ ഉൾപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ കാവനാട് പട്ടികജാതി കോളനിയിലെ ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ പൂർത്തീകരിച്ചു. മുരിക്കിങ്ങൽ കോളനിയിലെ പൈപ്പ്ലൈൻ നിർമ്മാണമൊഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പട്ടികജാതി കോളനികളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾക്കായി അതത് കോളനികളിൽ യോഗം നടത്തി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിൽ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കാവനാട്, മുരിക്കിങ്ങൽ കോളനികളുടെ പുതിയ പ്രവൃത്തികൾ ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

38(827) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22-ൽ അംബേദ്കർ ഗ്രാമ വികസനവുമായി ബന്ധപ്പെട്ട് ഏതൊക്കെ കോളനികൾക്ക് എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22 വർഷത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ കുമരനല്ലൂർ IHDP കോളനി, പൊന്നോർ IHDP കോളനി എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഏറ്റെടുക്കാത്തതിനാൽ തുക ഏജൻസിക്ക് അനുവദിച്ചു നൽകിയിട്ടില്ല.

(ബി) അംബേദ്കർ ഗ്രാമവികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ കോളനികളിലാണ് നാളിതുവരെ പദ്ധതികൾ നടപ്പിലാക്കി യിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി)പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളവയും ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) മുൻ കാലങ്ങളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എത്രയെന്ന് വ്യക്തമാക്കാമോ?

(ബി - ഡി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) അവ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എസ്.സി. കോളനി നവീകരണം**

39(828) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ അംബേദ്കർ സ്വാശ്രയ പദ്ധതി പ്രകാരമുള്ള രണ്ട് എസ്.സി. കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) ഇവയുടെ നിർമ്മാണം എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

(എ & ബി) അയ്യങ്കാളി കോളനി: റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. 64 വീട് നവീകരണമുൾപ്പെടുത്തിയിട്ടുള്ളതിൽ 6 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മൂന്നു തവണ ടെണ്ടർ വിളിച്ചിട്ടും ആരും ഏറ്റെടുത്തിട്ടില്ലെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

മീൻകുഴി നഗരി കറി കോളനി: 83 വീട് നവീകരണം ഉൾപ്പെടുത്തിയിട്ടുള്ളതിൽ 25 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നൽകിയിട്ടുണ്ടെന്നും ഉടൻതന്നെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്നും നാല് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

40(829) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടികജാതി കോളനികളിലാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2021-22 വർഷത്തിൽ 14 ജില്ലകളിലായി 202 പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കുമോ?

166 കോളനികൾക്ക് 20,00,000 രൂപ വീതം 3,32,00,000 രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ കോളനികളിലും ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് നിർവ്വഹണച്ചുമതല ഏൽപ്പിച്ചിരുന്നത്. എന്നാൽ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി ഏറ്റെടുക്കുന്നതിൽ അസൗകര്യമുള്ള കോളനികളിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ ശിപാർശപ്രകാരം മറ്റു സർക്കാർ അക്രഡിറ്റഡ് ഏജൻസികളെ പദ്ധതി നിർവ്വഹണം ഏൽപ്പിച്ചിട്ടുണ്ട്.

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പുതുതായി തെരഞ്ഞെടുത്ത കോളനികളിൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി കൂടുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പുമന്ത്രി തലത്തിൽ നിർവ്വഹണ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും അവലോകനയോഗം രണ്ടുതവണ നടത്തുകയുണ്ടായി. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ജില്ലാ കളക്ടർ, അസിസ്റ്റന്റ് കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ചുചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. അംബേദ്കർഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ 3-12-2021-ലെ സ.ഉ.(കൈ)നമ്പർ54/2021/പ.ജ.പ.വി.വ. പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്.

## അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടിക വിഭാഗക്കാരുടെ അതിജീവനത്തിനായി പദ്ധതികൾ

41(830) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്കിരയാകുന്ന പട്ടിക വിഭാഗക്കാർക്ക് നീതിയും അതിജീവനവുമുറപ്പാക്കാൻ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; ഇത്തരക്കാരുടെ അതിജീവനത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അതിക്രമത്തിനിരയാകുന്ന പട്ടികവിഭാഗക്കാർക്ക് നീതിയും അതിജീവനവുമുറപ്പാക്കാനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ശരിയായ രീതിയിൽ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി (SLVMC) യോഗങ്ങളും ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി (DLVMC) യോഗങ്ങളും കൂടിവരുന്നു. കൂടാതെ സംസ്ഥാന പോലീസ് മേധാവി, പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടം 1995 പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അവലോകനയോഗങ്ങൾ യഥാസമയങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥർക്ക് കേസുകൾ കാര്യക്ഷമമായും സമയബന്ധിതമായും അന്വേഷണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു. പട്ടിക വിഭാഗക്കാർക്കെതിരെയുള്ള കേസുകൾ, പരാതികൾ എന്നിവ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും ഡി.വൈ.എസ്.പി.-മാരുടെ കീഴിൽ സബ് ഡിവിഷൻ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. പട്ടികജാതി/പട്ടികവർഗ്ഗക്കാരുമായി ബന്ധപ്പെട്ട വിഷയങ്ങൾ എ.ഡി.ജി.പി. (പി.സി.ആർ.) എസ്.പി. (സ്പെഷ്യൽ സെൽ) എന്നീ ഉദ്യോഗസ്ഥർ മോണിറ്റർ ചെയ്തുവരുന്നു.

സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ അതിവേഗം ഫല പ്രാപ്തിയിലെത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന തലത്തിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഒരു കോൾ സെന്ററും ഒരു ലീഗൽ അഡ്വൈസറുടെ സേവനവും 14 ജില്ലകളിലും ഓരോ ലീഗൽ കൗൺസിലർമാരുടെ സേവനം ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേനയും നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്ക് 15-7-2022-ലെ സ.ഉ(സാധാ) നമ്പർ

793/2022/പ.ജ.പ.വ.വി.വ. പ്രകാരം അനുമതി നൽകുകയും ആയത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലും കോൾസെന്റർ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് പോലീസ് - നിയമ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് പുതുതായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് പോലീസ് നിയമ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനതല ഹെൽപ്പ്ലൈൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനതല ഹെൽപ്പ്ലൈൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഒരു കോൾസെന്റർ, ഒരു ലീഗൽ അഡ്വൈസർ, 14 ലീഗൽ കൗൺസിലർമാർ എന്നീ സംവിധാനങ്ങളാണ് സജ്ജീകരിക്കുന്നത്. അതിക്രമത്തിനിരയാകുന്ന പട്ടികവിഭാഗക്കാരുടെ നിയമപരമായ സംശയ നിവാരണങ്ങൾക്കായും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനായും അത്തരക്കാർക്ക് വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളെ സംബന്ധിച്ച വിവരങ്ങൾക്കായി ബന്ധപ്പെടുന്നതിനായി ഒരു ഹെൽപ്പ്ലൈൻ നമ്പറോടുകൂടിയതും 2 കോൾസെന്റർ അസിസ്റ്റന്റുമാരുൾപ്പെടുന്നതുമായ സംവിധാനമാണ് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ നടപ്പിലാക്കുന്നത്. അതിക്രമത്തിൽ ഇരയാകുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ നിയമ സഹായങ്ങൾ ലഭ്യമാക്കുക, പോലീസുമായി ബന്ധപ്പെട്ട് യഥാസമയം FIR, ചാർജ്ജ് ഷീറ്റും തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പട്ടികജാതിക്കാർക്കിടയിൽ മതിയായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 14 ജില്ലകളിലും ഓരോ ലീഗൽ കൗൺസിലർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോൾസെന്ററിനേയും 14 ജില്ലകളിലെ ലീഗൽ കൗൺസിലർമാരേയും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ അതിക്രമ നിരോധന നിയമപ്രകാരമുള്ള കേസുകൾ വിലയിരുത്തുന്നതിനും പോലീസ് ആസ്ഥാനം, സ്പെഷ്യൽ സെൽ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ലീഗൽ അഡ്വൈസറെയും നിയമിക്കുന്നുണ്ട്. അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന പട്ടികവിഭാഗക്കാർ വാദികളായ കേസുകളിൽ കേസ് രജിസ്റ്റർ ചെയ്താലുടൻ വിക്ടിം ലെയ്സൻ ഓഫീസർമാരെ നിയമിച്ചും നിയമപരമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി District Legal Services Authority-യെ അറിയിച്ചും അവർക്കാവശ്യമായ സംരക്ഷണവും മറ്റുസഹായങ്ങളും നൽകിവരുന്നു.

(സി) ഇത്തരത്തിൽ അതിക്രമങ്ങൾക്ക് വിധേയരാകുന്ന പട്ടിക വിഭാഗങ്ങൾക്കായി ഈ സർക്കാർ നടപ്പിലാക്കിവരുന്നതും പുതുതായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതുമായ സാമ്പത്തിക പുനരധിവാസ പദ്ധതികൾ വിശദമാക്കുമോ?

അതിക്രമത്തിന് വിധേയരാകുന്ന പട്ടികജാതിക്കാർക്ക് അതിക്രമ നിരോധന നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് FIR, Charge Sheet, Convicted എന്നീ മൂന്നുഘട്ടങ്ങളിലും അനുവദനീയമായ തുക ആശ്വാസ ധനസഹായമായി വകുപ്പുമുഖേന അനുവദിക്കുന്നു. അതിക്രമത്തിനിരയായി കൊല ചെയ്യപ്പെടുകയോ, ബലാൽസംഗത്തിനിരയാകുകയോ, ജോലി ചെയ്യാനുള്ള കഴിവ് സ്ഥിരമായി നഷ്ടപ്പെടുകയോ ചെയ്യുന്ന വ്യക്തികളുടെ കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് ആശ്രിതന് പ്രതിമാസം 5000 രൂപ പെൻഷൻ/സർക്കാർ ജോലി/കൃഷി ഭൂമി, വീട് എന്നിവ ആവശ്യകതയ്ക്കനുസരിച്ച് അനുവദിച്ചുവരുന്നു.

**അതിക്രമത്തിനിരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് സംരക്ഷണം**

42(831) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിക്രമത്തിനിരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് നീതിയും അതിജീവനവുമുറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

അതിക്രമത്തിനിരയാകുന്ന പട്ടികജാതി വിഭാഗക്കാർക്ക് നീതി ഉറപ്പാക്കുന്നതിനായി അടിയന്തിര നിയമ സഹായങ്ങൾ ലഭ്യമാക്കുന്നതിനും ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി സംസ്ഥാനതല ഹെൽപ്പ്ലൈൻ രൂപീകരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 15-7-2022-ലെ സ.ഉ.(സാധാ)നം.793/2022/ പജപവവിവ പ്രകാരം അനുമതി നൽകുകയും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ഹെൽപ്പ്ലൈൻ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതല ഹെൽപ്പ്ലൈൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഒരു കോൾസെന്റർ, ഒരു ലീഗൽ അഡ്വൈസർ, 14 ലീഗൽ കൗൺസിലർമാർ എന്നീ സംവിധാനങ്ങളാണ് പട്ടികജാതി വികസന വകുപ്പിൽ സജ്ജീകരിക്കുന്നത്. അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാരുടെ നിയമപരമായ സംശയനിവാരണങ്ങൾക്കായും ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിനായും അത്തരക്കാർക്ക് വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളെ സംബന്ധിച്ച വിവരങ്ങൾക്കായി ബന്ധപ്പെടുന്നതിന് ഒരു ഹെൽപ്പ്ലൈൻ നമ്പറോടുകൂടിയതും 2 കോൾസെന്റർ അസിസ്റ്റന്റുമാരുൾപ്പെടുന്നതുമായ സംവിധാനമാണ് വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ പ്രവർത്തിക്കുന്ന കോൾസെന്റർ.

അതിക്രമത്തിൽ ഇരയാകുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ നിയമസഹായങ്ങൾ ലഭ്യമാക്കുക, പോലീസുമായി ബന്ധപ്പെട്ട് യഥാസമയം FIR, ചാർജ് ഷീറ്റ് തുടങ്ങിയവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പട്ടികജാതിക്കാർക്കിടയിൽ മതിയായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 14 ജില്ലകളിലും ഓരോ ലീഗൽ കൗൺസിലർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോൾസെന്ററിനേയും 14 ജില്ലകളിലെ ലീഗൽ കൗൺസിലർമാരേയും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ അതിക്രമ നിരോധന നിയമ പ്രകാരമുള്ള കേസുകൾ വിലയിരുത്തുന്നതിനും പോലീസ് ആസ്ഥാനം, സ്പെഷ്യൽ സെൽ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ഒരു ലീഗൽ അഡ്വൈസറെയും നിയമിക്കുന്നുണ്ട്.

അതിക്രമത്തിന് വിധേയരാകുന്ന പട്ടികജാതിക്കാരുടെ അതിജീവനം ലക്ഷ്യമാക്കി അതിക്രമ നിരോധന നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് FIR, Charge Sheet, Conviction എന്നീ മൂന്നുഘട്ടങ്ങളിലും അനുവദനീയമായ തുക ആശ്വാസ ധനസഹായമായി വകുപ്പുമുഖേന അനുവദിക്കുന്നു. അതിക്രമ ത്തിനിരയായി കൊലചെയ്യപ്പെടുകയോ, ബലാൽസംഗത്തിനിരയാകുകയോ, ജോലി ചെയ്യുവാനുള്ള കഴിവ് സ്ഥിരമായി നഷ്ടപ്പെടുകയോ ചെയ്യുന്ന വ്യക്തികളുടെ കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിട്ട് ആശ്രിതന് പ്രതിമാസം 5000 രൂപ പെൻഷൻ, സർക്കാർ ജോലി, കൃഷി ഭൂമി, വീട് എന്നിവ ആവശ്യകതയ്ക്കനുസരിച്ച് അനുവദിച്ചുവരുന്നു. സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നീതി ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന പോലീസ് മേധാവി, പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) ചട്ടം 1995 പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അവലോകനയോഗങ്ങൾ യഥാസമയങ്ങളിൽ നടത്തിവരികയും അന്വേഷണ ഉദ്യോഗസ്ഥർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു. പട്ടികജാതി വിഭാഗക്കാർക്കെതിരെയുള്ള കേസുകൾ, പരാതികൾ എന്നിവ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും ഡിവൈ.എസ്.പി.-മാരുടെ കീഴിൽ സബ് ഡിവിഷൻ ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. അതിക്രമങ്ങൾ ക്കിരയാക്കപ്പെടുന്ന പട്ടികവിഭാഗക്കാർ വാദികളായ കേസുകളിൽ കേസ് രജിസ്റ്റർ ചെയ്താലുടൻ വിക്ടിം ലെയ്സൻ ഓഫീസർമാരെ നിയമിച്ചും നിയമപരമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി District Legal Services Authority-യെ അറിയിച്ചും അവർക്കാവശ്യമായ സംരക്ഷണവും മറ്റു സഹായങ്ങളും നൽകി വരുന്നതുമാണ്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

43(832) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഏതൊക്കെയാണെന്നും അവയിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ 10 മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണ് നിലവിലുള്ളത്. സ്കൂളിന്റെ വിവരം പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | നിലവിലുള്ള വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, വെള്ളായണി, തിരുവനന്തപുരം | 203 |
| 2 | മോഡൽ റസിഡൻഷ്യൽ സ്കൂൾ പുന്നപ്ര, ആലപ്പുഴ | 217 |
| 3 | മോഡൽ റസിഡൻഷ്യൽ സ്കൂൾ പീരുമേട്, ഇടുക്കി | 272 |
| 4 | മോഡൽ റസിഡൻഷ്യൽ സ്കൂൾ കീഴ്മാട്, ആലുവ, എറണാകുളം | 144 |
| 5 | മോഡൽ റസിഡൻഷ്യൽ സ്കൂൾ വടക്കാഞ്ചേരി, തൃശ്ശൂർ | 186 |
| 6 | മോഡൽ റസിഡൻഷ്യൽ സ്കൂൾ ചേലക്കര, തൃശ്ശൂർ | 98 |
| 7 | മോഡൽ റസിഡൻഷ്യൽ സ്കൂൾ കുഴൽമന്ദം, പാലക്കാട് | 252 |
| 8 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, തൃത്താല, പാലക്കാട് | 242 |
| 9 | മോഡൽ റസിഡൻഷ്യൽ സ്കൂൾ മരുതോങ്കര, കോഴിക്കോട് | 36 |
| 10 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, വെള്ളച്ചാൽ, കാസർഗോഡ് | 185 |
| | ആകെ | 1835 |

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 22 മോഡൽ റസിഡൻഷ്യൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. വിദ്യാലയങ്ങളുടെ പേരും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാലയങ്ങളുടെ പേര് | നിലവിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1 | എം.ആർ.എസ്. കട്ടേല (പെൺ) | 279 |
| 2 | എം.ആർ.എസ്. അട്ടപ്പാടി (പെൺ) | 401 |
| 3 | എം.ആർ.എസ്. മൂന്നാർ (ആൺ) | 197 |
| 4 | എം.ആർ.എസ്. കണ്ണൂർ (ആൺ) | 263 |
| 5 | ആശ്രമം സ്കൂൾ മലമ്പുഴ (മിക്സഡ്) | 328 |
| 6 | ഏകലവ്യ എം.ആർ.എസ്. ഇടുക്കി (മിക്സഡ്) | 248 |
| 7 | രാജീവ്ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂൾ നൂൽപ്പുഴ (മിക്സഡ്) | 441 |
| 8 | ആശ്രമം സ്കൂൾ തിരുനെല്ലി (മിക്സഡ്) | 293 |
| 9 | എം.ആർ.എസ്. ഏറ്റുമാനൂർ (പെൺ) | 247 |
| 10 | എം.ആർ.എസ്. നല്ലൂർനാട് (ആൺ) | 317 |
| 11 | എം.ആർ.എസ്. കുളത്തുപ്പുഴ (ആൺ) | 169 |
| 12 | എം.ആർ.എസ്.കണിയാമ്പറ്റ (പെൺ) | 409 |
| 13 | എം.ആർ.എസ്. ചാലക്കുടി (പെൺ) | 240 |
| 14 | എം.ആർ.എസ്. വടശ്ശേരിക്കര (ആൺ) | 133 |
| 15 | എം.ആർ.എസ്. കാസർഗോഡ് (പെൺ) | 389 |
| 16 | ഇന്ദിരാഗാന്ധി ആശ്രമം സ്കൂൾ നിലമ്പൂർ (മിക്സഡ്) | 425 |
| 17 | ഇ.എം.ആർ.എസ്. പൂക്കോട് (മിക്സഡ്) | 300 |
| 18 | സി.ബി.എസ്.ഇ. ഞാറനീലി (മിക്സഡ്) | 328 |
| 19 | എം.ആർ.എസ്. കുറ്റിച്ചൽ (മിക്സഡ്) | 100 |
| 20 | സാവിത്രിഭായ് ഫുലേ മെമ്മോറിയൽ ആശ്രമം സ്കൂൾ കാസർഗോഡ് (മിക്സഡ്) | 161 |
| 21 | ഏകലവ്യ മാതൃക റസിഡൻഷ്യൽ സ്കൂൾ (സ്പോർട്സ്) കരിന്തളം കാസർഗോഡ് (മിക്സഡ്) | 58 |
| 22 | ഇ.എം.ആർ.എസ്. അട്ടപ്പാടി (മിക്സഡ്) | 60 |
| | ആകെ | 5786 |

## പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

44(833) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിനുപുറത്ത് വിദ്യാഭ്യാസം ചെയ്യുന്ന പട്ടികജാതി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് സ്വീകരിച്ചുവരുന്ന പൊതുമാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ഇതര സംസ്ഥാനങ്ങളിലെ അംഗീകൃത സ്ഥാപനങ്ങളിൽ പ്രവേശനം നേടി പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 2-7-2009-ലെ സ.ഉ. (അച്ചടി)ന 50/2009/പജപവവിവ. ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരവും, 2.5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഗൈഡ്‌ലൈൻ പ്രകാരവും സ്കോളർഷിപ്പ് അനുവദിച്ചുവരുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിലെ അംഗീകൃത സ്ഥാപനങ്ങളിൽ പ്രവേശനം നേടി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് സ്വീകരിച്ചുവരുന്ന പൊതുമാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

A. ജനറൽ കോഴ്സുകൾ

(1) കേരളത്തിനുപുറത്ത് താല്ക്കാലികമായി താമസിക്കേണ്ടിവരുന്ന കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാരുടെ മക്കൾക്ക് അന്യസംസ്ഥാനങ്ങളിലെ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ ചേർന്ന് പഠിക്കേണ്ടിവരുന്നപക്ഷം ഇവർ സംസ്ഥാനത്തിനകത്ത് സർക്കാർ സ്ഥാപനത്തിൽ പഠിച്ചിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(2) സംസ്ഥാനത്തിന് പുറത്ത് 1950-നുമുമ്പ് സ്ഥിര താമസമാക്കിയിട്ടുള്ള കേരളീയരായ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗക്കാരുടെ പിൻ തലമുറക്കാർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(3) കേരളത്തിൽ നിലവിലില്ലാത്ത ഒരു കോഴ്സിന് അന്യസംസ്ഥാനത്ത് പഠിക്കുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതാണ്.

(B) പ്രൊഫഷണൽ കോഴ്സുകൾ

(i) കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/ബോർഡുകൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴിയോ CAT, MAT, JEE, JMET, XAT, ATMA എന്നീ പ്രവേശന പരീക്ഷ വഴിയോ അലോട്ട്മെന്റ് ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ട്.

(ii) കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികൾ, കേന്ദ്ര യൂണിവേഴ്സിറ്റികളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ കോളേജുകൾ എന്നിവയിൽ മെരിറ്റ് സീറ്റിലും റിസർവേഷൻ സീറ്റിലും പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സ്ഥാപനം നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്.

(iii) പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ, പ്രൈവറ്റ് ഡീംഡ് യൂണിവേഴ്സിറ്റികൾ, സ്വയം ഭരണസ്ഥാപനങ്ങൾ എന്നിവ നടത്തുന്ന അഖിലേന്ത്യാ പ്രവേശന പരീക്ഷകൾ വഴി വിവിധ കോഴ്സുകൾക്ക് പ്രവേശനം നേടുന്നവർക്ക് ആനുകൂല്യം ലഭിക്കുന്നതല്ല.

(iv) കേരളത്തിൽ നിലവിലുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് അന്യസംസ്ഥാനത്ത് പഠിക്കുന്ന കേരളത്തിൽ സ്ഥിരതാമസമുള്ളവർക്ക് വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.

**കോതമംഗലത്ത് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

45(834) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗം കുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(സി) 16-ൽ അധികം ആദിവാസി കോളനികളുൾപ്പെടുന്ന പ്രസ്തുത മണ്ഡലത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) കോതമംഗലം താലൂക്കിലെ കറുകടംകരയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി സ്വകാര്യ കെട്ടിടം കണ്ടെത്തി, കോളേജുകളിൽ ബിരുദ ക്ലാസ്സുകൾ ആരംഭിക്കുന്നതോടുകൂടി ഹോസ്റ്റൽ പ്രവർത്തനമാരംഭിക്കാൻ മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്റ്റലിലേയ്ക്കാവശ്യമായ പാത്രങ്ങൾ, ഫർണിച്ചർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

**'ഗോത്രസാരഥി' പദ്ധതി**

46(835) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രസാരഥി പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഗോത്രസാരഥി പദ്ധതിയെ വിദ്യാവാഹിനി പദ്ധതിയെന്ന് പുനർനാമകരണം ചെയ്യുകയാണ് പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗിനായി ഓരോ സ്കൂളിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ സ്ഥാപന മേധാവി, സീനിയർ അദ്ധ്യാപകൻ, സ്ഥലത്തെ പട്ടികവർഗ്ഗ പ്രൊമോട്ടർ എന്നിവർ ഉൾപ്പെടുന്നുവെന്നതിനാൽ കുട്ടികളുടെ ഹാജരില്ലായ്മ തുടക്കത്തിൽ തന്നെ കണ്ടെത്തുന്നതിനും അതുവഴി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് തടയിടുന്നതിനും സാദ്ധ്യമാകുന്നു.

(ബി) പ്രധാനപ്പെട്ട ഊരുകളിലൊന്നുംതന്നെ പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നേരത്തെ നടപ്പിലാക്കിയിരുന്ന പദ്ധതിയിൽ നിലവിൽ എത്രയെണ്ണം നിർത്തലാക്കിയിട്ടുണ്ട്; വിശദമാക്കാമോ?

പദ്ധതി നിർത്തലാക്കിയിട്ടില്ല.

(ഡി) ഗോത്രസാരഥി പദ്ധതി ഇനി ഏതെല്ലാം ഊരുകളിലാണ് നടപ്പിലാക്കുവാനുള്ളത്; വിശദമാക്കാമോ?

പദ്ധതി മുൻവർഷങ്ങളിൽ നടപ്പിലാക്കിയിരുന്ന എല്ലാ ഊരുകളിലും തുടർന്നും നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി ഏതെങ്കിലും സങ്കേതത്തിൽ പദ്ധതി നടപ്പിലാക്കേണ്ടിവരുന്നുണ്ടെങ്കിൽ ആയത് പ്രസ്തുത ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതുമാണ്.

(ഇ) ഇതിനായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഈ പദ്ധതി പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ആയതിൽ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്ക് പെരിപ്പതെറ്റിക് വിദ്യാഭ്യാസം, വിദ്യാർത്ഥികൾക്കുള്ള ട്യൂട്ടോറിയൽ ഗ്രാന്റ്, ഗോത്ര സാരഥി, സാമൂഹ്യപഠനമുറി എന്നിവ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഗോത്രസാരഥി പദ്ധതിക്ക് മാത്രമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

| ക്രമ നം | വർഷം | ഗോത്രസാരഥി പദ്ധതിക്കായി ചെലവഴിച്ച തുക |
|---|---|---|
| 1 | 2016-2017 | 6,36,54,562 |
| 2 | 2017-2018 | 10,76,65,130 |
| 3 | 2018-2019 | 7,84,28,253 |
| 4 | 2019-2020 | 13,32,02,718 |
| 5 | 2020-2021 | 9,63,02,316 (മുൻ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ) |
| 6 | 2021-2022 | 2,85,37,092 |

2022-23 സാമ്പത്തികവർഷം ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് മതിയാകാതെ വരുന്നപക്ഷം വിനിയോഗിക്കുന്നതിനായി ജൂൺ, ജൂലൈ മാസത്തേയ്ക്കുവേണ്ടി 2,38,00,000 രൂപ എല്ലാ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് ആവശ്യാനുസരണം ചെലവഴിച്ചുവരുന്നു.

**ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം**

47(836) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന സ്കീം പ്രകാരം ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വിദ്യാർത്ഥികൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈയിനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 14 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഈ 14 വിദ്യാർത്ഥികൾക്കായി 3,47,86,728 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ അക്കാദമിക വർഷം പ്രസ്തുത ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിദ്യാഭ്യാസസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ?

2 അപേക്ഷകളാണ് നിരസിച്ചിട്ടുള്ളത്. ഉപരിപഠനത്തിനായി തെരഞ്ഞെടുക്കുന്നത് ആർട്സ് വിഷയങ്ങളാണെങ്കിൽ ആയത് ഇന്ത്യയിലെ സർവ്വകലാശാലകൾ/കോളേജുകൾ പഠിപ്പിക്കാത്ത വിഷയമാകണം. നിരസിക്കപ്പെട്ട 2 അപേക്ഷകളും ഈ മാനദണ്ഡപ്രകാരമുള്ളവയായിരുന്നില്ല.

(സി) അപേക്ഷകൾ അംഗീകരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശങ്ങളിൽ പോയി ഉപരിപഠനം നടത്തുന്നതിന് 25 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകിവരുന്നു. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനാണ് സ്കോളർഷിപ്പ് നൽകുന്നത്. കേരളത്തിനകത്ത് സ്ഥിരതാമസക്കാരായവരും ബിരുദപഠനത്തിന് 50 ശതമാനം മാർക്കിന് മുകളിലുള്ളവരും 35 വയസ്സിന് താഴെയുള്ളവരും IELTS/GRE/TOEFL എന്നീ ടെസ്റ്റുകളിൽ നിശ്ചിത ഗ്രേഡുള്ളവരും പഠനം നടത്താനുദ്ദേശിക്കുന്ന വിദേശ സ്ഥാപനത്തിൽ നിന്നും ഓഫർ ലെറ്റർ ലഭിച്ചവരുമായിട്ടുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ചേർന്ന് പഠനം നടത്തുന്നതിന് അപേക്ഷ നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിന് ചേർന്ന് പഠനം നടത്തുന്നതിനാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നതിന് വരുമാന പരിധിയില്ല. വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ, എം.ഫിൽ-ന് തുല്യമായവ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുടങ്ങിയ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. വിമാന യാത്രാക്കൂലി, മെഡിക്കൽ ഇൻഷ്വറൻസ്, ട്യൂഷൻഫീസ്, ഹോസ്റ്റൽ ഫീസ്, തിരികെ ലഭ്യമാക്കാത്ത മറ്റു ഫീസുകൾ, ലിവിംഗ് എക്സ്പെൻസസ്, വിസ ചാർജ്ജ് തുടങ്ങിയവയാണ് വിദ്യാർത്ഥികൾക്ക് പദ്ധതിയിൽ അനുവദിച്ചുനൽകുന്നത്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ ജോലിക്ക് പ്രത്യേക പരിശീലനം

48(837) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിനായി എന്തൊക്കെ പ്രത്യേക പരിശീലന പദ്ധതികളാണ് നടത്തുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉദ്യോഗലബ്ധിക്കായുള്ള വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിലായി നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിവരുന്നു. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി ഈ സ്ഥാപനം വഴി ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ സെന്ററുകൾ വഴി സിവിൽ സർവ്വീസ് പരിശീലനം നേടുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവർക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകി മികവ് തെളിയിക്കുന്ന 30 പേർക്ക് ഇന്ത്യയിലെ മികച്ച സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ദീർഘകാല പരിശീലനം നൽകി അവരെ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിനുള്ള പദ്ധതി 2022-23-ൽ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായുള്ള നിയോജക മണ്ഡലങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകളെ അഭിമുഖീകരിക്കുന്നതിനും സർക്കാർ ജോലി ലഭിക്കുന്നതിനുമായി പ്രസ്തുത മണ്ഡലങ്ങളിൽ സ്ഥിരമായ ഒരു പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

വെർച്വൽ പി.ഇ.റ്റി.സി.-കൾ മണ്ഡലാടിസ്ഥാനത്തിൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശ പഠനം

49(838) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശ പഠനത്തിന് പോകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ അംഗീകാരമില്ലാത്ത സർവ്വകലാശാലകളിൽ എത്തിപ്പെടുന്നത് ഒഴിവാക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വിദേശ പഠനത്തിനായി തെരഞ്ഞെടുക്കുന്ന യൂണിവേഴ്സിറ്റി/വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ടൈംസ് ഹയർ എഡ്യൂക്കേഷൻ/വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ ആദ്യത്തെ 500 റാങ്കിനകത്തു വരുന്നതാണെന്ന് പരിശോധിച്ചുറപ്പ് വരുത്തിയശേഷമാണ് ടി സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ് അനുവദിച്ചുവരുന്നത്. ആയതിനാൽ അംഗീകാരമില്ലാത്ത സർവ്വകലാശാലകളിൽ പഠിക്കാനുള്ള സാഹചര്യം നിലവിൽ ഉണ്ടാകുന്നില്ല.

## പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നതിന് അവസരം

50(839) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 334 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അടച്ചു പൂട്ടിയതിനെത്തുടർന്ന് പഠനത്തിന് അവസരം നഷ്ടപ്പെട്ട എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്നതിന് അവസരം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവരിൽ എത്രപേർക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അഡ്മിഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അടച്ചുപൂട്ടിയതിനെത്തുടർന്ന് 48 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്നതിന് അവസരവും 43 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അഡ്മിഷനും നൽകിയിട്ടുണ്ട്.

## പട്ടികജാതി- പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ ഉപരിപഠനം

51(840) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി./പ്ലസ്ടു പരീക്ഷകളിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച് ജില്ല തിരിച്ച് കണക്കുകൾ വകുപ്പിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കണക്കുപ്രകാരം എസ്.എസ്.എൽ.സി, പ്ലസ്ടു, വി.എച്ച്.എസ്.ഇ. പരീക്ഷകളിൽ യഥാക്രമം 40,679, 21,599, 1,768 പട്ടികജാതി വിദ്യാർത്ഥികൾ ഉപരിപഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ വകുപ്പിന്റെ പക്കൽ ലഭ്യമല്ല. പ്ലസ്ടു വി.എച്ച്.എസ്.ഇ. പരീക്ഷകളിൽ യഥാക്രമം 3002, 134 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് വകുപ്പിന്റെ പക്കൽ ലഭ്യമല്ല. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് യോഗ്യത നേടിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 277 |
| 2 | കൊല്ലം | 100 |
| 3 | പത്തനംതിട്ട | 96 |
| 4 | ആലപ്പുഴ | 44 |
| 5 | കോട്ടയം | 251 |
| 6 | ഇടുക്കി | 611 |
| 7 | എറണാകുളം | 202 |
| 8 | തൃശ്ശൂർ | 158 |
| 9 | പാലക്കാട് | 781 |
| 10 | മലപ്പുറം | 287 |
| 11 | കോഴിക്കോട് | 180 |
| 12 | വയനാട് | 2604 |
| 13 | കണ്ണൂർ | 617 |
| 14 | കാസർഗോഡ് | 1205 |
| ആകെ | | 7413 |

(ബി) ഉപരിപഠനത്തിനർഹത നേടിയ മുഴുവൻ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അതത് ജില്ലകളിൽത്തന്നെ ഉപരിപഠനത്തിന് അവസരം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രവേശന നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷവും ഉപരിപഠനത്തിന് അവസരം ലഭിക്കാതെ പോകുന്ന ഇത്തരം വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് തുടർപഠന സാഹചര്യം ഒരുക്കുമോയെന്ന് വിശദമാക്കുമോ?

(ബി &സി) ഉപരിപഠനത്തിന് അർഹത നേടിയ മുഴുവൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭ്യമാക്കുന്നതിനുവേണ്ടി ഏകജാലകം സംവിധാനം വഴി രജിസ്റ്റർ ചെയ്യുന്നതിനും, അലോട്ട്മെന്റ് വേളയിൽ പ്രവേശനം നേടുന്നതിന് ജില്ലാതല ഓഫീസുകൾ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രവേശന നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ഉപരിപഠനത്തിന് അവസരം ലഭിക്കാതെ പോകുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷൻ പ്രയോജനപ്പെടുത്തി തുടർപഠന സാഹചര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രവേശന നടപടികൾ പൂർത്തീകരിച്ചതിനുശേഷവും അവസരം ലഭിക്കാതെ വരുന്ന വിദ്യാർത്ഥികൾക്ക് സമാന്തര വിദ്യാഭ്യാസ സംവിധാനം വഴി പഠനം തുടരുന്നതിന് വിദ്യാഭ്യാസ ധനസഹായം അനുവദിച്ചുവരുന്നു.

(ഡി) ഉപരിപഠനത്തിന് അർഹത നേടാതെപോയ വിദ്യാർത്ഥികളിൽ നല്ലൊരുഭാഗവും പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളാണെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കുട്ടികളെ വിജയത്തിലേയ്ക്കെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉപരിപഠനത്തിന് അർഹത നേടാതെപോയ വിദ്യാർത്ഥികളെ കണ്ടെത്തി സേ പരീക്ഷയ്ക്ക് സജ്ജരാക്കിയിട്ടുണ്ട്. തുടർന്നും അർഹത നേടാത്ത പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹത നേടുന്നതിനായി പ്രത്യേകം ട്യൂഷനും, സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാരുടെ സേവനവും പ്രയോജനപ്പെടുത്തുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരേ ക്ലാസിൽ റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം, പരീക്ഷാ ഫീസ് എന്നിവ 3 തവണത്തേയ്ക്ക് നൽകിവരുന്നുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി

52(841) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ?

പട്ടികജാതി വികസന വകുപ്പുമുഖേന പഠനമുറി നിർമ്മാണത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭാ/വാർഡ് സഭാ ലിസ്റ്റിൽനിന്നും മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമസഭാ/വാർഡുസഭാ ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ പത്രപ്പരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് അർഹരായ ഗുണഭോക്താക്കളെ മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന നടപടിയാണ് സ്വീകരിച്ചുവരുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യ പദ്ധതിയായ പഠനമുറി പദ്ധതി നടപ്പിലാക്കുന്നില്ല. സാമൂഹ്യ പഠനമുറി പദ്ധതിയാണ് വകുപ്പ് നടപ്പിലാക്കുന്നത് .

(ബി) അപേക്ഷകന്റെ അർഹത നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പിലാക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(ബി& സി)

1. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് , കേന്ദ്രീയ വിദ്യാലയങ്ങൾ എന്നീ സ്കൂളുകളിൽ പഠിക്കുന്ന 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി ആനുകൂല്യം നൽകിവരുന്നത്.
2. നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്. വിദ്യാർത്ഥിയുടെ രക്ഷിതാവായിരിക്കണം അപേക്ഷ നൽകേണ്ടത്.

3. നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം.

4. നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം.

5. വരുമാന പരിധി ഒരുലക്ഷം രൂപ ആയിരിക്കണം.

പ്രസ്തുത പദ്ധതി മേൽ പരാമർശിച്ചപ്രകാരം ഗ്രാമസഭാ/വാർഡ് സഭാ ലിസ്റ്റ് മുഖേനയുള്ള മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. പഠനമുറിയുടെ നിർമ്മാണ പുരോഗതി വിലയിരുത്തി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ 4 ഗഡുക്കളായി തുക അനുവദിക്കുന്നു. ടി രീതിയിൽ തുടർന്നും പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു.

### ഷൊർണ്ണൂർ - പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി

53(842) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളിലേയ്ക്കുള്ള ഏതെല്ലാം റോഡുകൾ അറ്റകുറ്റപ്പണി നടത്താനുണ്ടെന്നും ഇവയിൽ ഏതെല്ലാം റോഡുകളുടെ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ കാഞ്ഞങ്ങാട്ടുകോളനി, അരിയിൻ ചിറ കോളനി, ചിന്താമണി എരുമത്തടം ലിങ്ക് റോഡ്, കുന്നത്താഴത്ത് കോളനി, കോട്ടക്കുളം കോളനി റോഡ്, കിളിഞ്ചീരിക്കുന്ന് കോളനി, ആക്കംപറ്റ കോളനി, കൊഴിഞ്ഞിൻപാറ കോളനി, മാളികക്കൽ കോളനി, ഈഞ്ഞിയം പാറകോളനി എന്നിവിടങ്ങളിലേയ്ക്കുള്ള റോഡുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ശിപാർശകൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര അപേക്ഷ ഇതുവരെ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്രപേർക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്ന് വിശദമാക്കാമോ?

(ബി&സി) പ്രസ്തുത മണ്ഡലത്തിൽ നിന്നും പഠനമുറിക്കായി പട്ടികജാതി വികസന വകുപ്പിൽ അപേക്ഷ സമർപ്പിച്ച 233 പേർക്കും പഠനമുറി അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുവഴി പ്രസ്തുത പദ്ധതി നടപ്പാക്കുന്നില്ല.

**വിദ്യാഭ്യാസ മേഖലയിലെ കേന്ദ്രസർക്കാർ പദ്ധതികൾ**

54(843) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയിലും കേന്ദ്ര-സംസ്ഥാന വിഹിതം എത്രയെന്നും വ്യക്തമാക്കാമോ?

വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

പട്ടികജാതി വിഭാഗം

| ക്രമ നമ്പർ | പദ്ധതി | കേന്ദ്ര സംസ്ഥാന വിഹിതം |
|---|---|---|
| 1 | 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് | 60:40 |
| 2 | അനാരോഗ്യ ചുറ്റുപാടുകളിൽ പണിയെടുക്കുന്നവരുടെ മക്കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് | |
| 3 | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | |

പട്ടികവർഗ്ഗ വിഭാഗം

| ക്രമ നമ്പർ | പദ്ധതി | കേന്ദ്ര സംസ്ഥാന വിഹിതം |
|---|---|---|
| 1 | 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് | 75:25 |
| 2 | പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് | |

ഇതിനുപുറമെ, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കായി ഹോസ്റ്റലുകളുടെയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും നിർമ്മാണത്തിനും ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിനും കേന്ദ്ര സർക്കാർ ധനസഹായം അനുവദിച്ചുവരുന്നു.

(ബി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2016-17 മുതൽ എത്ര തുക കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായെന്ന് പദ്ധതികൾ വേർതിരിച്ച് വെളിപ്പെടുത്താമോ?

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2016-17 മുതൽ കേന്ദ്ര-സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പട്ടികവർഗ്ഗ കോളനികളിലെ പോഷകാഹാര പദ്ധതി**

55(844) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ജനനി ജന്മരക്ഷാ പദ്ധതി
2. ഭക്ഷ്യസഹായ പദ്ധതി - ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് മുൻഗണന നൽകി ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.
3. കമ്മ്യൂണിറ്റി കിച്ചൺ - വയനാട്ടിലും, അട്ടപ്പാടിയിലും കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൺ നടപ്പിലാക്കിവരുന്നു.
4. വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ പ്രീ-സ്കൂളുകൾ എന്നിവിടങ്ങളിൽ പോഷകമൂല്യങ്ങളുള്ള ഭക്ഷണം വിതരണം ചെയ്തുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പട്ടികജാതി, പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷാ പരിശീലനം

56(845) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി വരുന്നുണ്ടോ;

(ബി) പരിശീലനത്തിനായി തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ഇത് വർദ്ധിപ്പിച്ച് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 400 രൂപ സ്റ്റൈപ്പന്റായി നൽകിവരുന്നു. ടി തുക വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി കൂടുതൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്കായി നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ നിലവിലുണ്ട്. പുതുതായി കണ്ണൂർ ജില്ലയിലെ അഴീക്കോട് ഒരു ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വെർച്വൽ പി.ഇ.റ്റി.സി.-കൾ മണ്ഡലാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## സീമാറ്റ് പഠന റിപ്പോർട്ട് - ആദിവാസി ഊരുകളിലെ വിദ്യാഭ്യാസം

57(846) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ക്ലാസ് എത്തുന്നതോടെ ആദിവാസി മേഖലകളിലെ 90 ശതമാനത്തിലധികം കുട്ടികളും പഠനം ഉപേക്ഷിക്കുന്നതായും 15 വയസ്സിനുള്ളിൽ ഇവർക്ക് ശരിയായ ലക്ഷ്യബോധം സൃഷ്ടിക്കാൻ നിലവിലെ വിദ്യാഭ്യാസരീതിക്ക് കഴിയുന്നില്ലെന്നും വിദ്യാഭ്യാസ പരിശീലന സ്ഥാപനമായ സീമാറ്റ് കേരള നടത്തിയ പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയുണ്ടായോ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് ടി റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്?

(എ &ബി) സീമാറ്റ് കേരള നടത്തിയ പഠന റിപ്പോർട്ടിൽ ഈ വിവരം ചൂണ്ടിക്കാണിച്ചിട്ടില്ല.

(സി) ആദിവാസി ഊരുകളിൽ നിന്നുള്ള വിദ്യാർത്ഥികളെ ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

പട്ടികവർഗ്ഗ ഊരുകളിൽ നിന്നുള്ള വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസ മേഖലയിലേയ്ക്ക് എത്തിക്കുന്നതിനായി ഹയർസെക്കണ്ടറി, ബിരുദ ക്ലാസുകളിലേയ്ക്കുള്ള പ്രവേശനം ഉറപ്പുവരുത്തുന്നതിനായി ഏകജാലക സംവിധാനം വഴി അപേക്ഷകൾ നൽകാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. പ്രമോട്ടർമാർ, സോഷ്യൽ വർക്കർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ സഹകരണത്തോടെ ഒഴിവുകൾ യഥാസമയം അറിയിക്കാനും സ്പോട്ട്അഡ്മിഷൻ തീയതികൾ ലഭ്യമാക്കി കുട്ടികളെ സ്ഥാപനങ്ങളിലെത്തിക്കാനും എല്ലാ ജില്ലാ ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ, സർവ്വകലാശാലകളിൽ ഇവർക്ക് പ്രവേശനവേളയിലും തുടർന്നും ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി വകുപ്പുമായി ഏകോപനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നവർക്ക് സോഫ്റ്റ്സ്കിൽ പരിശീലനം നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ സിവിൽ സർവ്വീസ് പരിശീലനം, വിദേശ പഠന സ്കോളർഷിപ്പ്, എൻട്രൻസ് പരിശീലനത്തിന് സൗകര്യങ്ങൾ എന്നിവയും ചെയ്തുവരുന്നുണ്ട്.

## സാമൂഹ്യപഠന മുറികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സംവിധാനം

58(847) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ ചെലവിനുള്ള തുക മാറി ലഭിക്കാത്ത എത്ര സാമൂഹ്യ പഠനമുറികളുണ്ടെന്ന് വ്യക്തമാക്കുമോ?

എല്ലാ പഠനമുറികൾക്കും തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പഠനമുറികളിൽ എത്രയെണ്ണത്തിൽ കമ്പ്യൂട്ടർ, ടെലിവിഷൻ എന്നിവ പ്രവർത്തിക്കാത്ത നിലയിലുണ്ടെന്ന് വ്യക്തമാക്കുമോ?

എല്ലാ സാമൂഹ്യ പഠനമുറികളിലും കമ്പ്യൂട്ടർ, ടെലിവിഷൻ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

(സി) പഠനമുറികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 250 സാമൂഹ്യ പഠനമുറികളിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ സന്ദർശിച്ച് പ്രവർത്തനം വിലയിരുത്താറുണ്ട്. പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തലത്തിൽ പ്രതിമാസയോഗം വിളിച്ചുചേർത്ത് സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാരുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സാമൂഹ്യ പഠനമുറി ഫെസിലിറ്റേറ്റർമാർക്ക് 2022 സെപ്റ്റംബർ മാസം പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുണ്ട്.

## പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടി

59(848) ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ പഠനം നിർത്തി പോകുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

പഠനത്തിന് പ്രോത്സാഹനവും സഹായകരവുമാകുന്ന തരത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ്

- ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്
- പ്രീ-മെട്രിക് സ്കോളർഷിപ്പ്
- 9, 10 ക്ലാസുകളിൽ പഠിക്കുന്നവർക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ്
- പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ
- പ്രത്യേക പ്രോത്സാഹന സമ്മാനം
- മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം
- പ്ലസ്ടു പഠനത്തിനുശേഷമുള്ള എൻട്രൻസ് കോച്ചിംഗ്
- പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്
- ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം
- സ്റ്റെതസ്കോപ്പ് വിതരണം
- ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ
- ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ/ ഉപാധികൾ വാങ്ങുന്നതിന് ധനസഹായം.

പട്ടികവർഗ്ഗ വികസന വകുപ്പ്

- സാമൂഹ്യപഠനമുറി
- മെന്റർ ടീച്ചർമാരുടെ സഹായം
- വിദ്യാവാഹിനി പദ്ധതി
- രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം

- സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ
- 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്രസഹായ സ്കോളർഷിപ്പ്
- സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
- അംഗീകൃത യൂണിവേഴ്സിറ്റികളിൽ/ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പഠന വിഷയമായതോ, അത്യന്താപേക്ഷിതമായതോ ആയ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി.

(സി) വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ ഈ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

മുൻവർഷങ്ങളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ നടപ്പുവർഷവും തുടർന്നുവരുന്നുണ്ട്. കൂടാതെ പ്രീ-പ്രൈമറിതലം മുതൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നഴ്സറി സ്കൂളുകൾ, കിന്റർ ഗാർട്ടൻ, വികാസ് വാടി, ബാലവിജ്ഞാന കേന്ദ്രം, പെരിപ്പറ്റെറ്റിക് സ്കൂൾ എന്നീ 31 പ്രീ-പ്രൈമറി സ്ഥാപനങ്ങൾ ഏകീകരിച്ച് "മോഡൽ പ്രീ-സ്കൂൾ" എന്നാക്കി നടപ്പുവർഷം മുതൽ പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങളും, അക്കാദമിക് ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി സ്ഥാപനങ്ങൾക്ക് പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ, ഫർണിച്ചറുകൾ, കളി ഉപകരണങ്ങൾ, ഡിജിറ്റൽ ക്ലാസ്റൂമുകൾ, പൂന്തോട്ടം എന്നീ സൗകര്യങ്ങളൊരുക്കുന്നതിനായി ധനസഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണവും, പോഷകാഹാരവും ഉറപ്പുവരുത്തുന്നതിന് മിൽമയുമായി സഹകരിച്ച് പാലും, മുട്ടയും നൽകിവരുന്നുണ്ട്. ഈ സ്ഥാപനങ്ങൾ തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കൊല്ലം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പ്രവർത്തിച്ചുവരുന്നത്.

പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ നിരന്തര പ്രവർത്തനങ്ങളും, എം.എൽ.എ.-മാർ അദ്ധ്യക്ഷൻമാരായുള്ള നിയോജക മണ്ഡലതലത്തിലുള്ള മോണിറ്ററിംഗ് കമ്മിറ്റിയുടെ മേൽനോട്ടവും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് സഹായകരമാകുന്നുണ്ട്.

## ഗോത്രസാരഥി പദ്ധതി

60(849) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രസാരഥി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ ഊരുകൾ, ദുർഘട വനപ്രദേശം, മതിയായ വാഹന സൗകര്യമില്ലാത്തതും ഒറ്റപ്പെട്ടതുമായ ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുകയും തിരികെ വീട്ടിലെത്തിക്കുകയും ചെയ്യുന്ന പദ്ധതിയാണിത്. സ്കൂൾ പി.ടി.എ.-യുടെയും, സ്കൂൾ അദ്ധ്യാപകരുടെയും സഹകരണത്തോടെ ഇതിനായി വാഹന സൗകര്യമൊരുക്കുന്നു.

ഈ പദ്ധതിയിലുൾപ്പെടുന്ന സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിലും നടത്തിപ്പിലും പ്രധാന പങ്കുവഹിക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പിനായി ത്രിതല പഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ടി.എസ്.പി.-യിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചുവെന്നും നാളിതുവരെ എത്ര രൂപ ഇതിനായി ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിയുടെ പ്രയോജനം 26,493 വിദ്യാർത്ഥികൾക്ക് ലഭിക്കുകയും നാളിതുവരെ 3,19,18,194 രൂപ ഇതിനായി ചെലവഴിക്കുകയും ചെയ്തു.

## പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ

61(850) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് പഠനം നടത്തിയിട്ടില്ല. ഇതുസംബന്ധിച്ച വിശദമായ പഠനം നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽ നിന്നും തിരികെ ഊരുകളിലെത്തുന്ന കുട്ടികൾക്ക് ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു പഠനമുറിയിൽ 30 വിദ്യാർത്ഥികൾക്ക് സൗകര്യമേർപ്പെടുത്തിക്കൊണ്ട്, അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠനസാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഇവിടെ ലഭ്യമാക്കുന്നു.

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖേന 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ ഊരുകൾ, ദുർഘട വനപ്രദേശം, മതിയായ വാഹന സൗകര്യമില്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ കൊണ്ടുപോയി തിരികെ വീട്ടിലെത്തിക്കുന്നതിനായി ഗതാഗതസൗകര്യം ലഭ്യമാക്കുന്നതിന് 'വിദ്യാവാഹിനി' പദ്ധതി നടപ്പിലാക്കിവരുന്നു.

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളുകളിൽ അയയ്ക്കുന്നതിന് രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ വീതം ഒരു കുട്ടിക്ക് എന്ന നിലയിൽ നൽകിവരുന്നു. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകിവരുന്നു. പ്രീ-മെട്രിക് തലത്തിൽ സ്കോളർഷിപ്പും ലംപ്സംഗ്രാന്റും നൽകുന്നു. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിലേയ്ക്കായി വകുപ്പിനുകീഴിലുണ്ടായിരുന്ന 31 സ്ഥാപനങ്ങളെ മോഡൽ പ്രീ-സ്കൂളുകളാക്കി നാമകരണം ചെയ്യുകയും മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്താൻ നടപടി

62 (851) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖല/മോഡൽ റസിഡഷ്യൽ സ്കൂൾ, ഐ.ടി.ഐ./ഐ.ടി.സി. എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠനവും തുടർപഠനവും ഉറപ്പാക്കാനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി 33 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ഐ.ടി.ഐ.-യിൽ പഠനകാലയളവിൽ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, യൂണിഫോം അലവൻസ് എന്നിവയും, പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-യിൽ പരിശീലനം നടത്തി വരുന്ന പഠനകാലയളവിൽ - സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ്, യൂണിഫോം അലവൻസ്, ഉച്ചഭക്ഷണം, പോഷകാഹാരം, ഹോസ്റ്റൽ അലവൻസും റസിഡൻഷ്യൽ ITI-യിൽ പഠിക്കുന്നവർക്ക് ഹോസ്റ്റൽ ഫുഡ്, പോക്കറ്റ് മണി എന്നിവയും നൽകിവരുന്നു. കൂടാതെ തുടർപരിശീലനത്തിനായി സൗജന്യമായി ടൂൾകിറ്റും നൽകുന്നുണ്ട്. എം.ബി.ബി.എസ്., ബി.വി.എസ്.സി. എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഒരിക്കൽ പരാജയപ്പെട്ടതിനുശേഷം വീണ്ടും പഠിക്കേണ്ടിവരുമ്പോൾ ഒരേ ക്ലാസ്സിൽ മൂന്നുപ്രാവശ്യം വരെ റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വാശ്രയ മേഖലയിൽ പഠിച്ച് എം.ബി.ബി.എസ്. വിജയിക്കാത്തവർക്ക് മൂന്നുപ്രാവശ്യം വരെ റിപ്പീറ്റ് ചെയ്യുന്നതിന് 50 ശതമാനം നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെയുള്ള മറ്റാനുകൂല്യങ്ങളും അനുവദിച്ചുവരുന്നു. എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥിൾക്ക് 12 ഗവൺമെന്റ്/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ കേന്ദ്രീകരിച്ച് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സ്കോളർഷിപ്പുകൾ, ലംപ്സംഗ്രാന്റ്, ചികിത്സാ ആനുകൂല്യങ്ങൾ, പഠനമുറിയും പഠനസൗകര്യങ്ങൾ ഉറപ്പാക്കലും എന്നിവ ഉൾപ്പെടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത വിദ്യാർത്ഥികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിവരുന്നതെന്ന് വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളിൽ നടപ്പിലാക്കി വരുന്ന സ്കോളർഷിപ്പുകൾ, ലംപ്സംഗ്രാന്റ്, ചികിത്സാ ആനുകൂല്യങ്ങൾ, പഠനമുറി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രീ-മെട്രിക് & പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി
3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
4. ഇതര സംസ്ഥാന പഠനം
5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി.
6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
8. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.
9. ലാപ്ടോപ്പ് വിതരണം
10. പഠനമുറി പദ്ധതി
11. ഗോത്രബന്ധു പദ്ധതി
12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി
13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
14. വിംഗ്സ്-വൈമാനിക പരിശീലന പരിപാടി
15. വിജ്ഞാൻ വാടികൾ
16. ചികിത്സാ ധനസഹായം.

പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ചികിത്സാ സഹായം, അരിവാൾ രോഗികൾക്കുള്ള സാമ്പത്തികസഹായം, ആംബുലൻസ് സേവനം മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും, ജനനി ജന്മരക്ഷാ പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കി അവരുടെ പഠനനിലവാരമുയർത്താൻ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ വഴിയാണ് സ്കോളർഷിപ്പുകൾ അനുവദിച്ചുവരുന്നത്. വിദ്യാർത്ഥികൾക്ക് യഥാസമയം ആനുകൂല്യം ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ പരിഹരിച്ച് വരുന്നതിനായി ജില്ലാതലത്തിൽ ഒരു സപ്പോർട്ടിംഗ് എഞ്ചിനീയറെയും ഡയറക്ടറേറ്റ് തലത്തിൽ 2 സപ്പോർട്ടിംഗ് എഞ്ചിനീയറെയും നിയമിച്ചിട്ടുണ്ട്.

## എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾ

63(852) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന എത്ര വിദ്യാർത്ഥികളുണ്ടെന്നും ഏതെല്ലാം കോഴ്സുകളിലാണ് ഇവർ പ്രവേശനം നേടിയിട്ടുള്ളതെന്നും പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വകുപ്പ് നൽകി വരുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കുമോ; 2022-ൽ എന്തെല്ലാം സഹായങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള കുടിശ്ശികയുണ്ടോ; എങ്കിൽ ആയത് അടിയന്തരമായി വിതരണം ചെയ്യുമോ; വ്യക്തമാക്കുമോ?

(എ&ബി) പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഇ-ഗ്രാന്റ്സ് സൈറ്റിൽ ക്രമീകരണം ചെയ്തിട്ടില്ലാത്തതിനാൽ പട്ടികജാതി വിദ്യാർത്ഥികളുടെ വിവരങ്ങൾ ലഭ്യമല്ല. മങ്കട മണ്ഡലത്തിൽ പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളില്ല. പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീ, എക്സാം ഫീ, സ്പെഷ്യൽ ഫീ എന്നിവയും അദ്ധ്യയന വർഷാരംഭത്തിൽ ലംപ്സംഗ്രാന്റും അക്കാദമിക് അലവൻസും നൽകുന്നു. ഇൻസ്റ്റിറ്റ്യൂഷൻ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസും പ്രൈവറ്റ് ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് പ്രൈവറ്റ് അക്കോമഡേഷൻ ഫീസും നൽകിവരുന്നു. പ്രൊഫഷണൽ സ്ഥാപനങ്ങളിൽ നിന്നും ഒന്നാം വർഷ ബി.ടെക്,

എം.ടെക്. എം.സി.എ. പോളിടെക്നിക് ഡിപ്ലോമ (കമ്പ്യൂട്ടർ സയൻസ്). ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.ബി.എ., എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി. ആൻഡ് അനിമൽ ഹസ്ബൻഡറി, ബി.ആർക്, എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിന് 25000 രൂപ വീതം നൽകുന്നു. എഞ്ചിനീയറിംഗ് മെഡിക്കൽ കോഴ്സുകൾക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രാഥമിക ചെലവുകൾക്ക് തുക നൽകിവരുന്നു. ഒന്നാം വർഷ എം.ബി.ബി.എസ്., ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ് വാങ്ങുന്നതിന് 5800 രൂപ നൽകിവരുന്നു. കേരളത്തിനുപുറത്ത് പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന പ്രസ്തുത വിദ്യാർത്ഥികൾക്കാവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് നൽകിവരുന്നു. ന്യൂനതയുള്ള അപേക്ഷകളിൽ ആയതു പരിഹരിക്കുന്നമുറയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

**എസ്.സി/എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്കുള്ള ഫീസ് ആനുകൂല്യം**

64(853) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ അഫിലിയേഷനുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അണ്ടർ ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് വിഭാഗങ്ങളിൽ പ്രവേശനം ലഭിക്കുന്ന എസ്.സി/ എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്ക് ഫീസ് ആനുകൂല്യം നൽകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങളുടെ ഹോസ്റ്റലിൽ അഡ്മിഷൻ ലഭിക്കുന്ന കുട്ടികളുടെ മെസ് ഫീസ് അടക്കമുള്ളവ അടയ്ക്കുന്നതിന് എന്തെങ്കിലും സഹായം സർക്കാർ ലഭ്യമാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ്മെട്രിക് (നോൺ പ്രൊഫഷണൽ) കോഴ്സുകളിലും, വിവിധ യൂണിവേഴ്സിറ്റികളിൽ അഫിലിയേഷനുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അണ്ടർ ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് വിഭാഗങ്ങളിൽ മെരിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന 2.5 ലക്ഷം താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പും, ഹോസ്റ്റലേഴ്സിന് അക്കാദമിക് അലവൻസും നൽകിവരുന്നു.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക തസ്തിക നിർണ്ണയം

65(854) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എത്ര സ്കൂളുകളിൽ അദ്ധ്യാപക തസ്തിക നിർണ്ണയം നടത്താനുണ്ട്; ആയത് സംബന്ധിച്ച് സ്കൂൾ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 22 മോഡൽ റസിഡൻഷ്യൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. ഹയർ സെക്കണ്ടറി വിഭാഗമുള്ള 9 സ്കൂളുകളിലും (എം.ആർ.എസ്./എച്ച്.എസ്.എസ്.) സ്കൂൾതലം വരെയുള്ള ഒരു സ്കൂളിലും തസ്തിക നിർണ്ണയം നടത്തുവാനുണ്ട്. സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഹയർ സെക്കണ്ടറി

1. എം.ആർ.എസ്. മുക്കാലി, അട്ടപ്പാടി, പാലക്കാട് (ബാച്ച് - സയൻസ് -1, ഹ്യൂമാനിറ്റീസ് - 1)
2. ആശ്രമം സ്കൂൾ, മലമ്പുഴ (ബാച്ച് - ഹ്യൂമാനിറ്റീസ് - 1)
3. എം.ആർ.എസ്. ഏറ്റുമാനൂർ (ബാച്ച് - കൊമേഴ്സ് - 1, ഹ്യൂമാനിറ്റീസ് - 1)
4. എം.ആർ.എസ്. കുളത്തുപ്പുഴ (ബാച്ച് - സയൻസ് - 1, കൊമേഴ്സ് - 1)
5. ഏകലവ്യ എം.ആർ.എസ്., ഇടുക്കി (ബാച്ച് - ഹ്യൂമാനിറ്റീസ് - 1)
6. ഇന്ദിര ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂൾ നിലമ്പൂർ (ബാച്ച് - കൊമേഴ്സ് - 1)
7. എം.ആർ.എസ്. കണിയാമ്പറ്റ (ബാച്ച് - സയൻസ് - 1, ഹ്യൂമാനിറ്റീസ് - 1)
8. എം.ആർ.എസ്. നല്ലൂർനാട്, വയനാട് (അധിക ബാച്ച് - ഹ്യൂമാനിറ്റീസ് - 1)
9. രാജീവ് ഗാന്ധി മെമ്മോറിയൽ ആശ്രമം സ്കൂൾ, നൂൽപ്പുഴ (ബാച്ച് - ഹ്യൂമാനിറ്റീസ് - 1)

സ്കൂൾ തലം

1. സാവിത്രി ഭായി ആശ്രമം സ്കൂൾ, കാസർഗോഡ്

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാകാത്തതിനാൽ 2010-ന് ശേഷം അനുവദിക്കപ്പെട്ട ഭൂരിഭാഗം പ്ലസ്ടു സ്കൂളുകളിലും/ബാച്ചുകളിലും സ്ഥിരം അദ്ധ്യാപകരില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സ്ഥിരം അദ്ധ്യാപകരോ പ്രിൻസിപ്പാളോ ഇല്ലാത്തത് പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി&സി) സ്ഥിരം അദ്ധ്യാപകരോ പ്രിൻസിപ്പാളോ ഇല്ലാത്തത് എം.ആർ.എസ്.-കളിലെ കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നില്ല. സ്ഥിരം അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ എല്ലാ അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പായി ആവശ്യമായ അദ്ധ്യാപക തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ച് ഇന്റർവ്യൂ മുഖേന അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നു. ഇക്കാരണത്താൽ കുട്ടികളുടെ പഠനനിലവാരത്തെ ബാധിക്കുന്നില്ല. വകുപ്പിനുകീഴിലുള്ള ഹയർ സെക്കണ്ടറി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ ഏറെ മുന്നിലാണ്.

(ഡി) പട്ടികവർഗ്ഗ വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ വകുപ്പ് ഡയറക്ടേറ്റിൽനിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ടോ?

പ്രൊപ്പോസൽ ഹയർ സെക്കണ്ടറി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) തസ്തിക നിർണ്ണയം നടത്തി അടിയന്തരമായി സ്ഥിരം അദ്ധ്യാപകരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവ്വീസ് പരിശീലനം

66(855) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; 30-6-2022-ൽ ആദ്യബാച്ച് പരിശീലനം ആരംഭിക്കുമെന്ന് അറിയിച്ചിരുന്നത് നടപ്പിലായോ എന്നറിയിക്കാമോ?

സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്വയംഭരണസ്ഥാപനം വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി ഈ സ്ഥാപനം വഴി ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

30-6-2022 മുതൽ 40 പട്ടികവർഗ്ഗ വിഭാഗക്കാർക്കായി കേരള സർക്കാരിന്റെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, തിരുവനന്തപുരത്തെ കേരള സിവിൽ സർവ്വീസ് അക്കാഡമിയിൽ ഒരു മാസത്തെ ഓറിയന്റേഷൻ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. ഇതിൽനിന്നും 30 പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുകയും അവർ തന്നെ തെരഞ്ഞെടുത്ത ഡൽഹി, ബാംഗ്ലൂർ, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, എന്നിവിടങ്ങളിലെ വിവിധ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ആദ്യ ബാച്ചിനെ തെരഞ്ഞെടുത്ത നടപടിക്രമങ്ങൾ അറിയിക്കാമോ; എന്ത് മാനദണ്ഡമനുസരിച്ചാണ് പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയതെന്ന് അറിയിക്കാമോ; തയ്യാറാക്കിയ പട്ടിക ലഭ്യമാക്കാമോ?

പട്ടികജാതി വികസനവകുപ്പ് പത്രപ്പരസ്യം/വെബ്സൈറ്റ് എന്നിവ മുഖേന പരസ്യം നൽകിയാണ് അപേക്ഷകൾ ക്ഷണിച്ചത്. പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തിയാണ് പ്രവേശനത്തിന് അന്തിമപട്ടിക തയ്യാറാക്കിയത്.

പട്ടികവർഗ്ഗ വികസനവകുപ്പ് സിവിൽ സർവ്വീസ് പരിശീലനത്തിന് താല്പര്യമുള്ള 30 വയസിന് താഴെ പ്രായമുള്ളവരും 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടി ബിരുദം പൂർത്തിയാക്കിയവരും 2.50 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവരുമായ പട്ടികവർഗ്ഗക്കാരിൽ നിന്നും, ബിരുദ പരീക്ഷയെഴുതി ഫലം കാത്തിരിക്കുന്നവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ മുഖേന പ്രചരണം നടത്തിയാണ് അപേക്ഷകൾ ക്ഷണിച്ചത്. ലഭ്യമായ അപേക്ഷകളിൽനിന്നും മെരിറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 40 പേർക്കാണ് ഒരു മാസം നീണ്ടു നിന്ന ഓറിയന്റേഷൻ ക്യാമ്പിൽ പ്രവേശനം നൽകിയത്.

(സി) പ്രസ്തുത പരിശീലന പരിപാടികൾക്ക് തെരഞ്ഞെടുക്കാൻ പട്ടിക തയ്യാറാക്കിയത് ഏതുതരത്തിലുള്ള പരസ്യത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; പകർപ്പ് ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് പത്രപ്പരസ്യം/വെബ്സൈറ്റ് എന്നിവ മുഖേനയും പട്ടികവർഗ്ഗ വികസനവകുപ്പ് അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, ട്രൈബൽ പ്രൊമോട്ടർമാർ മുഖേന പ്രചരണം നടത്തിയാണ് അപേക്ഷകൾ ക്ഷണിച്ചത്. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വ്യോമയാന മേഖലയിൽ ഉന്നത പഠനം

67(856) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വ്യോമയാന മേഖലയിൽ ഉന്നതപഠനം നടത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര അപേക്ഷ ലഭിച്ചുവെന്നും എത്ര വിദ്യാർത്ഥികൾക്ക് സഹായം ലഭിച്ചുവെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ പഠിക്കാനാണ് സഹായം അനുവദിച്ചതെന്നും വിദ്യാർത്ഥികളെ തെരഞ്ഞെടുക്കാനുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ഒരു വർഷം മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്കും രണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു മറ്റർഹ വിദ്യാർത്ഥിക്കും കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിനായി വിദ്യാഭ്യാസ സഹായം നൽകുന്നതിന് വിംഗ്സ് എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇരുപത്തിനാല് ലക്ഷത്തോളം രൂപയാണ് കോഴ്സ് ഫീസായി ഒരു വിദ്യാർത്ഥിക്ക് ഗഡുക്കളായി അനുവദിക്കുന്നത്. 8 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 6 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം അനുവദിച്ചിട്ടുണ്ട്. മെരിറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. ടി പദ്ധതിക്കായി ആകെ 59,40,664 രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ

68(857) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിൽ പുതുതായി ഏതെല്ലാം കോഴ്സുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മര്യാപുരം ഐ.ടി.ഐ.- യിൽ മെക്കാനിക് (എ സി), കോപ്പ എന്നീ കോഴ്സുകളും, കടകംപള്ളി ഐ.ടി.ഐ.-യിൽ ഡി സിവിൽ, ഫിറ്റർ, കോപ്പ എന്നീ കോഴ്സുകളും, ആറ്റിപ്ര ഐ.ടി.ഐ.-യിൽ ടർണർ എന്ന കോഴ്സ്, മാടപ്പള്ളി ഐ.ടി.ഐ.-യിൽ ഡി-സിവിൽ എന്ന കോഴ്സ്, മധുരവേലി ഐ.ടി.ഐ.-യിൽ വെൽഡർ എന്ന കോഴ്സ്, ഓച്ചിറ, പാണ്ടിക്കാട് എന്നീ ഐ.ടി.ഐ.-കളിൽ ഇലക്ട്രീഷ്യൻ എന്ന കോഴ്സ്, പാലപ്പുറം ഐ.ടി.ഐ.-യിൽ ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ മെക്കാനിക് മോട്ടോർ വെഹിക്കിൾ എന്നീ കോഴ്സുകളും, എടത്തുരുത്തി ഐ.ടി.ഐ.-യിൽ മെക്കാനിക് റഫ്രിജറേഷൻ & എയർ കണ്ടീഷൻ ട്രേഡുകളും പുതുതായി ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ വെട്ടിക്കവല ഐ.ടി.ഐ.-യിൽ ഫിറ്റർ, ഡി-സിവിൽ, സർവ്വെയർ എന്നീ കോഴ്സുകൾ പുതുതായി ആരംഭിക്കുന്നതുസംബന്ധിച്ച വിഷയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ, നിലവിലുള്ള ട്രേഡുകൾക്കും പുതുതായി ആരംഭിക്കുന്ന ട്രേഡുകൾക്കുമൊപ്പം ജോലി സാദ്ധ്യതയേറെയുള്ളതും കാലഘട്ടത്തിനനു യോജ്യമായതുമായ കോഴ്സുകൾ Add-on course-കളായി ഉൾപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള 46 ഐ.ടി.ഐ.-കളിലും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(ബി) മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഉമ്പർനാട് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്നും ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള മാവേലിക്കര ഐ.ടി.ഐ.-യിൽ ഏകവത്സര കോഴ്സായ കാർപെന്റർ എന്ന കോഴ്സിലും ദ്വിവത്സര കോഴ്സായ ഇലക്ട്രോണിക് മെക്കാനിക് എന്ന കോഴ്സിലുമാണ് നിലവിൽ പരിശീലനം നൽകിവരുന്നത്. പ്രസ്തുത ഐ.ടി.ഐ.-യിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ Add-on course-കൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

## ഐ.ടി.ഐ.-കളുടെ നവീകരണം

69(858) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമവകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളുടെ നവീകരണത്തിനും പുതിയ ട്രേഡുകൾ തുടങ്ങുന്നതിനുമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഉത്തരമേഖലയുടെ പരിധിയിലുള്ള ചെറുവത്തൂർ, ദക്ഷിണമേഖലയുടെ പരിധിയിലുള്ള അഞ്ചാമട, ശിങ്കാരത്തോപ്പ് എന്നീ ഐ.ടി.ഐ.-കൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) വർക്കല മണ്ഡലത്തിൽ പട്ടികജാതിക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വർക്കല ഐ.ടി.ഐ.-യിൽ പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 2.00 കോടി രൂപ അനുവദിക്കുകയും ടി തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിരുന്നു. വർക്കല താലൂക്കിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള പൈപ്പ്ലൈൻ ഐ.ടി.ഐ. കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തുകൂടി കടന്നുപോകുന്നതിനാൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടർ മരണപ്പെടുകയും ടിയാന്റെ നോമിനിക്ക് ടെണ്ടർ ചെയ്ത പ്രവൃത്തി തുടരുവാൻ കഴിയില്ലെന്ന് അറിയിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിടം വിഭാഗം ചീഫ് എഞ്ചിനീയർ DSoR 2018 അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് കെട്ടിടനിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## എം.ആർ.എസ്.-കളും പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും

70(859) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്., പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്.-കൾ, പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന എം.ആർ.എസ്., പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | എം.ആർ. എസ്. | പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം | പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3 | 2 | 2 |
| 2 | കൊല്ലം | 1 | 4 | - |
| 3 | പത്തനംതിട്ട | 1 | 2 | - |
| 4 | ആലപ്പുഴ | - | 1 | - |
| 5 | കോട്ടയം | 1 | 2 | - |
| 6 | ഇടുക്കി | 2 | 15 | - |
| 7 | എറണാകുളം | - | 4 | 2 |
| 8 | തൃശ്ശൂർ | 1 | 5 | - |
| 9 | പാലക്കാട് | 3 | 23 | 3 |
| 10 | മലപ്പുറം | 1 | 8 | - |
| 11 | കോഴിക്കോട് | - | 4 | 1 |
| 12 | വയനാട് | 5 | 26 | 1 |
| 13 | കണ്ണൂർ | 1 | 7 | - |
| 14 | കാസർഗോഡ് | 3 | 3 | 1 |
| | **ആകെ** | **22** | **106** | **10** |

(ബി) പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി താമസിച്ചു പഠിക്കേണ്ടിവരുന്ന വിദ്യാർത്ഥികൾക്ക് മറ്റ് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി താമസിച്ച് പഠിക്കേണ്ടി വരുന്നതും വകുപ്പിൽനിന്നും വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളതുമായ വിദ്യാർത്ഥികൾക്ക് മറ്റ് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്നതിന് പ്രൈവറ്റ് അക്കോമഡേഷനെന്ന നിലയിൽ നിബന്ധനകൾക്ക് വിധേയമായി 1500 രൂപ അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 10 ശതമാനം പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകിവരുന്നുണ്ട്. ഇതുകൂടാതെ സ്ഥാപനം വക ഹോസ്റ്റലുകളിലുള്ള കുട്ടികൾക്ക് ഹോസ്റ്റൽഫീസും സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 3500 രൂപ വരെയും ആനുകൂല്യം നൽകിവരുന്നുണ്ട്.

(സി) നിലവിലുള്ള എം.ആർ.എസ്.-കളുടെയും, ഹോസ്റ്റലുകളുടെയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള എം.ആർ.എസ്.-കളുടേയും പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടേയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേയ്ക്കായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ ആവശ്യമായ കെട്ടിടങ്ങൾക്ക് ആയവ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്. ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് പാർട്ട്ടൈം സ്വീപ്പർമാരുടെ സേവനം എല്ലാ ഹോസ്റ്റലുകളിലും ലഭ്യമാക്കിയിട്ടുണ്ട്. ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർപ്യൂരിഫയർ ഹോസ്റ്റലുകളിൽ അനുവദിച്ചു നൽകിയിട്ടുണ്ട്. വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിനും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ കണക്ഷൻ എടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ആരോഗ്യ സുരക്ഷിതത്വത്തിനായി കൊതുകുവല സ്ഥാപിച്ചിട്ടുണ്ട്. ബെഡ്, ബെഡ് കവർ, ബെഡ് ഷീറ്റ് തുടങ്ങിയവ ആവശ്യപ്പെടുന്നമുറയ്ക്ക് സമയബന്ധിതമായി തന്നെ അനുവദിച്ചു നൽകുന്നുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വൃത്തിഹീനമായ അന്തരീക്ഷം ഒഴിവാക്കുന്നതിനും ഹോസ്റ്റലിലുണ്ടാകുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതോടൊപ്പം ഹോസ്റ്റൽ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ ഭൗതികസാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നിരവധി പദ്ധതികൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ആവശ്യത്തിന് ടോയ്ലെറ്റ്, സാനിറ്ററി സൗകര്യങ്ങൾ, വസ്തുക്കൾ സൂക്ഷിക്കുന്നതിന് അലമാരകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സി.സി.റ്റി.വി., മിനിമാസ് ലൈറ്റ് എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി അഗ്നിപ്രതിരോധ സംവിധാനം സ്ഥാപിക്കുകയും ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ആഹാരം പാകം ചെയ്യുന്നതിന് സ്റ്റീം ബേയ്സ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനായി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ ടോയ്ലെറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, അഗ്നിപ്രതിരോധ സംവിധാനം, ഔട്ട്ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, ജലശുദ്ധീകരണ പദ്ധതി, ഖര-ദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാചാലകം, മിനിമാസ് ലൈറ്റ്, സോളാർ പവ്വർ പ്ലാന്റ്, സി.സി.റ്റി.വി., സ്റ്റീം ബേയ്സ്ഡ് കിച്ചൺ, വാട്ടർ പ്യൂരിഫയർ ബയോഹസാർഡ്, സ്പിൽ കിറ്റ്, എന്നിവ ലഭ്യമാക്കുന്നുണ്ട്. എം.ആർ.എസ്.-കളിലെ പഠനാന്തരീക്ഷവും അദ്ധ്യാപനവും മികച്ചതാക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, സയൻസ് ലാബ്, ഇ-ബുക്ക് ലൈബ്രറി എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

## പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം

71(860) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വട്ടവടയിൽ പട്ടികവർഗ്ഗ വകുപ്പിനുകീഴിൽ കുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നോ?

സ്വീകരിച്ചു വരുന്നു.

(ബി) എങ്കിൽ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

(ബി&സി) വട്ടവട ഗ്രാമപഞ്ചായത്തിൽ CMI സഭയുടെ കീഴിലുള്ള ഹൈസ്കൂൾ കോമ്പൗണ്ടിൽനിന്നും 50 സെന്റ് ഭൂമി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് വിട്ടുനൽകുകയും റിലിങ്ക്വിഷ്മെന്റ് ഫോം സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി M/s. KITCO എന്ന സ്ഥാപനത്തിന് നിർമ്മാണച്ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നു. കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുകയും അധികൃതരുടെ വാക്കാലുള്ള നിർദ്ദേശം ലഭിച്ചതിനെത്തുടർന്ന് കെട്ടിടനിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഗ്രൗണ്ട്ഫ്ളോറിന്റെ പില്ലറുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്ന ഘട്ടത്തിലെത്തിയപ്പോൾ ആധാരത്തിന്റെ പകർപ്പ്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്തതിനാൽ നിർമ്മാണാനുമതി ലഭിക്കുന്നതുവരെ നിർമ്മാണം നിർത്തിവയ്ക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശിച്ചതിനെത്തുടർന്ന് 14-9-2016 മുതൽ നിർമ്മാണപ്രവൃത്തി മുടങ്ങിയിരിക്കുകയാണ്. ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുനൽകുന്നതിനായി Requisition for Transfer of Government Land ദേവികുളം സബ്കളക്ടറുടെ ഓഫീസിലേയ്ക്ക് അയച്ചിട്ടുള്ളതുമാണ്. റിലിങ്ക്വിഷ് ചെയ്യുന്നതിനായി, റിലിങ്ക്വിഷ്മെന്റ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് ദേവികുളം സബ്കളക്ടർ അറിയിച്ചിട്ടുണ്ട്. ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ലാത്തതിനാലാണ് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തത്.

**ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി**

72(861) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞ് കിടക്കുന്ന 26 സെന്റ് സ്ഥലത്ത് ട്രൈബൽ ഹോസ്റ്റൽ പണിയുന്നതിനുവേണ്ടി കോതമംഗലം നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ വിശദാംശം സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന 26 സെന്റ് സ്ഥലം പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് വേഗത്തിൽ കൈമാറുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ ട്രൈബൽ ഹോസ്റ്റൽ അടിയന്തരമായി പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഇ) മാതിരപ്പിള്ളി ഗവൺമെന്റ് ഹൈസ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന 26 സെന്റ് സ്ഥലത്ത് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിനായി കോതമംഗലം നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. ഭൂമി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റൽ

73(862) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കീഴാറ്റൂർ പഞ്ചായത്തിൽ തച്ചിങ്ങനാടം വാർഡിൽ നിർമ്മിക്കുന്ന പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച് എന്ന് ഹോസ്റ്റലിൽ പ്രവേശനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ തച്ചിങ്ങനാടം ഗവൺമെന്റ് പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണച്ചുമതല പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. ഇതുവരെ ബേസ്മെന്റ്, പില്ലർവർക്ക് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് അടുത്ത അദ്ധ്യയനവർഷം പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടിക വിഭാഗങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുള്ള പദ്ധതി**

74(863) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടിക വിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് സംസ്ഥാനത്ത് എങ്ങനെ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ടുകൊണ്ടുള്ളതും ജീവനോപാധികൾക്കുതകുന്നതും വരുമാനദായകവുമായ പദ്ധതികളുൾക്കൊള്ളിച്ച് കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് SCA to SCSP. പരിമിതമായ വിഭവങ്ങളിൽ നിന്നും ഉല്പാദനക്ഷമതയും വരുമാനവും കൂട്ടുന്നതിനും പട്ടികജാതിക്കാരുടെ തൊഴിൽ ഘടനയ്ക്കനുസൃതമായ സാമ്പത്തിക പുരോഗമന പദ്ധതികൾക്ക് ഊന്നൽ നൽകുകയുമാണ് ഈ പദ്ധതിയുടെ നടത്തിപ്പിലൂടെ ലക്ഷ്യമിടുന്നത്. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റികൾ അംഗീകാരം നൽകുന്ന പ്രൊപ്പോസലുകളാണ് ഇതിനായി പരിഗണിക്കുന്നത്. നിലവിൽ ടി പദ്ധതിയെ പ്രധാൻമന്ത്രി അനുസൂചിത് ജാതി അഭ്യുദയ് യോജന (PM-AJAY) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം മുതൽ ടി പദ്ധതികൾക്കായുള്ള ആക്ഷൻ പ്ലാൻ ഓൺലൈനായി സമർപ്പിക്കുവാൻ കേന്ദ്രസർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയും അതുപ്രകാരമുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചുവരികയുമാണ്.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ പദ്ധതികൾ സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന വകുപ്പുവഴി നടപ്പിലാക്കുന്നില്ല.

**ദളിത് ക്രൈസ്തവരുടെ സംവരണം**

75(864) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്ക് ജനസംഖ്യാനുപാതികമായി സംവരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വിവിധ ജനവിഭാഗങ്ങളുടെ കൃത്യമായ ജനസംഖ്യാ കണക്കുകൾ ലഭ്യമായിട്ടില്ല. നിലവിൽ വിഷയം പരിഗണനയിലില്ല.

(ബി) ദളിത് ക്രൈസ്തവരുടെ സാമൂഹ്യ, സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ച് ആർട്ടിക്കിൾ 31 (സി) അനുസരിച്ച് സംവരണം നൽകുന്നതിന് നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ദളിത് ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കൃത്യമായ ഇടവേളകളിൽ ആനുകൂല്യം വർദ്ധിപ്പിച്ചുവരുന്നുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പട്ടികജാതി വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യം ദളിത് ക്രൈസ്തവർക്കും നൽകുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) പരിവർത്തിത ക്രൈസ്തവർക്ക് മാത്രമായി പ്രത്യേക കോർപ്പറേഷൻ രൂപീകരിച്ച് ഇവർക്ക് നൽകി വരുന്ന ലോൺ വ്യവസ്ഥകൾ ഉദാരമാക്കുവാൻ നടപടി സ്വീകരിക്കുമോ?

പരിവർത്തിത ക്രൈസ്തവർക്കും പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ട സമുദായങ്ങൾക്കായി മാത്രം രൂപീകരിച്ച പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ ഈ രംഗത്ത് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

**പരിവർത്തിത ക്രൈസ്തവരുടെ സംവരണം**

76(865) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ എല്ലാവിധ ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്കും അപേക്ഷിക്കാൻ അർഹതയുണ്ടോ; അർഹതയില്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

പരിവർത്തിത ക്രൈസ്തവർക്ക് മറ്റർഹ വിഭാഗമെന്ന നിലയിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഒരു സർക്കാർ വിദ്യാഭ്യാസാനുകൂല്യം ലഭ്യമാകുന്നവർക്ക് സമാനമായ മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 2015-ലെ സംസ്ഥാന ബഡ്ജറ്റിൽ ഇരുപത് ലക്ഷത്തോളം ജനസംഖ്യയുള്ള വിഭാഗമെന്ന് പറയുന്ന സംസ്ഥാനത്തെ പരിവർത്തിത ക്രൈസ്തവർക്കുമാത്രമായി പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ഒരു ശതമാനം സംവരണം അനുവദിക്കാത്തതെന്തുകൊണ്ടാണ്?

ജാതി തിരിച്ച് സർവ്വേ നടത്തി സംവരണം നടപ്പിലാക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) എസ്.ഇ.ബി.സി. സംവരണ ക്രമീകരണത്തിൽ 23-5-2014-ൽ മാറ്റം വരുത്തിയപ്പോൾ സംസ്ഥാന സർക്കാർ ജനസംഖ്യ കണക്കെടുപ്പോ പ്രസ്തുത വിഷയത്തിൽ പഠന റിപ്പോർട്ടോ തയ്യാറാക്കിയിരുന്നോവെന്ന് വ്യക്തമാക്കുമോ?

എസ്.ഇ.ബി.സി. സംവരണ ക്രമീകരണം നടപ്പിലാക്കിയത് വിവിധ വിഭാഗങ്ങൾ സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിലാണ്.

(ഡി) പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾ സംവരണം ഏത് വിഭാഗമായാണ് പങ്കിടുന്നത്; സംവരണം പങ്കിടുന്ന പ്രസ്തുത വിഭാഗത്തിനും പരിവർത്തിത ക്രൈസ്തവർക്കും കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര സീറ്റുകൾ വീതമാണ് എം.ബി.ബി.എസ്., മെഡിക്കൽ പി.ജി. തുടങ്ങിയ കോഴ്സുകൾക്ക് ലഭിച്ചത്; പരിവർത്തിത ക്രൈസ്തവർക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിൽ SIUC വിഭാഗത്തിനൊപ്പമാണ് പരിവർത്തിത ക്രൈസ്തവർക്ക് സംവരണം അനുവദിച്ചിട്ടുള്ളത്. ഓരോ കോഴ്സുകൾക്കും സംവരണം അനുവദിക്കുന്നത് എൻട്രൻസ് കമ്മീഷണറേറ്റ്, LBS തുടങ്ങിയ സ്ഥാപനങ്ങളാണ്. സീറ്റുകളുടെ എണ്ണത്തിനനുസരിച്ച് അപേക്ഷകരുടെ മാർക്കിന്റെയും സംവരണ റൊട്ടേഷന്റെയും അടിസ്ഥാനത്തിൽ എൻട്രൻസ് പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ പട്ടികയിലുള്ളവർക്കാണ് അഡ്മിഷൻ നൽകുന്നത്.

**പ്രോജക്ട് ഓഫീസർമാർ**

77(866) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ പ്രോജക്ട് വർക്ക് ചെയ്യുന്നതിനായി താൽക്കാലിക ജീവനക്കാർ, പ്രോജക്ട് ഓഫീസർമാർ എന്നിവർ എത്ര വീതമുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രോജക്ടിന്റെ പേര്, കാലാവധി, പ്രോജക്ട് വർക്ക് ചെയ്യുന്നവരുടെ തസ്തിക ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ നൽകാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രോജക്ട് വർക്ക് ചെയ്യുന്നതിനായി താൽക്കാലിക ജീവനക്കാർ, പ്രോജക്ട് ഓഫീസർ എന്നിവരാരും തന്നെയില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രോജക്ട് വർക്ക് ചെയ്യുന്നതിനായി താൽക്കാലികാടിസ്ഥാനത്തിൽ 2 പേരെ നിയമിച്ചിട്ടുണ്ട്. വകുപ്പിലെ ഐ.റ്റി.ഡി.പി.-കളിൽ സ്ഥിരനിയമനമായി 7 പ്രോജക്ട് ഓഫീസർമാരുണ്ട്.

വകുപ്പിനുകീഴിലുള്ള പ്രോജക്ട് വർക്ക് ചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## എസ്.സി., എസ്.ടി. പ്രൊമോട്ടർമാരുടെ ഒഴിവുകൾ

78(867) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എസ്.സി., എസ്.ടി. പ്രൊമോട്ടർമാർ നിലവിലുണ്ടെന്നും എത്ര പ്രൊമോട്ടർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

| ജില്ല | നിലവിലുള്ള പ്രൊമോട്ടർമാരുടെ എണ്ണം | | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ എണ്ണം | |
|---|---|---|---|---|
| | എസ്.സി. പ്രൊമോട്ടർ | എസ്.ടി. പ്രൊമോട്ടർ | എസ്.സി. പ്രൊമോട്ടർ | എസ്.ടി. പ്രൊമോട്ടർ |
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | 90 | 54 | - | - |
| കൊല്ലം | 84 | 32 | - | - |
| പത്തനംതിട്ട | 64 | 47 | - | - |
| ആലപ്പുഴ | 88 | - | - | - |
| കോട്ടയം | 87 | 39 | 2 | 2 |
| ഇടുക്കി | 56 | 91 | 6 | 2 |
| എറണാകുളം | 124 | 33 | 10 | 3 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| തൃശ്ശൂർ | 112 | 40 | - | 3 |
| പാലക്കാട് | 107 | 185 | - | 5 |
| മലപ്പുറം | 126 | 50 | - | 1 |
| കോഴിക്കോട് | 96 | 46 | 0 | 0 |
| വയനാട് | 32 | 366 | 0 | |
| കണ്ണൂർ | 103 | 111 | 5 | 1 |
| കാസർഗോഡ് | 47 | 88 | 5 | 1 |
| **ആകെ** | **1216** | **1182** | **28** | **18** |

(ബി) എസ്.സി., എസ്.ടി. പ്രൊമോട്ടർമാരുടെ ഒഴിവ് യഥാസമയം നികത്താത്തത് പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാനിടയാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് യഥാസമയം ഒഴിവ് നികത്താത്തതെന്ന് അറിയിക്കുമോ?

നിയമനം ലഭിച്ചവർ യഥാസമയം സേവനത്തിൽ പ്രവേശിക്കാതിരുന്നതും ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ഓഫീസുകളിൽ പ്രസ്തുത നിയമനത്തിനായുള്ള അപേക്ഷകൾ ലഭിക്കാത്തതും മൂലമാണ് ചുരുക്കം ചില ഒഴിവുകൾ നികത്താനാകാത്തത്.

## കോഴിക്കോട് ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ

79(868) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 സാമ്പത്തികവർഷം കോഴിക്കോട് ജില്ലയിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടത്തുന്നതിന് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എറണാകുളം ജില്ലയിൽ കോർപ്പസ് ഫണ്ടിൽനിന്ന് തുക അനുവദിച്ച പ്രവൃത്തികൾ

80(869) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ 2020-21, 2021-22 സാമ്പത്തികവർഷങ്ങളിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ കോളനികളുടെ പേര്, അനുവദിച്ച തുക എന്നിവ ഉൾപ്പെടെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് പട്ടികജാതി വികസന വകുപ്പ് നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

(ബി) വൈപ്പിൻ ബ്ലോക്കിനുകീഴിലെ നായരമ്പലം തേങ്ങാത്തറ കോളനിയിലെ പ്രവൃത്തികൾ കോർപ്പസ് ഫണ്ടിലുൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

വൈപ്പിൻ ബ്ലോക്കിനുകീഴിലെ തേങ്ങാത്തറ കോളനിയിലെ പ്രവൃത്തികൾ കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. ഫീൽഡ് പരിശോധനകൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഫീസിബിളായിട്ടുള്ള പദ്ധതികൾക്ക് ജില്ലാതല കോർപ്പസ് ഫണ്ട് കമ്മിറ്റിയിൽ വച്ച് ഭരണാനുമതി നൽകുന്നതാണ്.

## കുന്നത്തുനാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

81(870) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന 2022-23 വർഷത്തേയ്ക്ക് നടപ്പാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കുന്നത്തുനാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന 2022-23 വർഷത്തിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തികളുടെ ഫീൽഡുതല പരിശോധനകൾ നിലവിൽ പുരോഗമിക്കുകയാണ്. അത് പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമാണ് പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തേണ്ട പ്രവൃത്തികൾ അന്തിമമാകുകയുള്ളൂ.

പട്ടികവർഗ്ഗ വികസനവകുപ്പുമായി ബന്ധപ്പെട്ട് കുന്നത്തുനാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന 2022-23 സാമ്പത്തികവർഷം പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന തട്ടാംവെളിയിൽ ശ്രീ. കണ്ണൻ ടി.ബി.-യുടെ വീടിന് സംരക്ഷണ ഭിത്തി കെട്ടുന്നതിന് 2,00,000 രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് .

**കോഴിക്കോട് അടുവാട് കോട്ടക്കുന്ന് കോളനി കുടിവെള്ള പദ്ധതി**

82(871) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അടുവാട് കോട്ടക്കുന്ന് കോളനി കുടിവെള്ള പദ്ധതിക്ക് കോർപ്പസ് ഫണ്ടിൽനിന്നും അനുവദിച്ച തുക നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് ഇതുവരെയും ട്രാൻസ്ഫർ ചെയ്തിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.ഡബ്ല്യു.എ.-യുടെ പി.എസ്.ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് തുക മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ അടുവാട് കോട്ടാക്കുന്ന് കോളനി കുടിവെള്ള പദ്ധതി പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റി പി.എച്ച്. ഡിവിഷൻ മലാപ്പറമ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിക്കേണ്ട 60,00,000 രൂപയുടെ ബിൽ ഇ-സബ്മിറ്റ് ചെയ്യാൻ കഴിയാത്തതിനാൽ ways and means clearance-ന് അയയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ ബിംസിൽ ബിൽ നിരസിച്ച സാഹചര്യത്തിൽ എസ്.ബി. അക്കൗണ്ടിനുപകരം കേരള വാട്ടർ അതോറിറ്റിയുടെ പി.എസ്.ടി.എസ്.ബി. അക്കൗണ്ടിൽ തുക നിക്ഷേപിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പി.എസ്.ടി.എസ്.ബി. അക്കൗണ്ട് ഉൾപ്പെടുത്തി ബില്ലെടുക്കുകയും ട്രഷറി നിയന്ത്രണമുള്ളതിനാൽ ബിൽ ഇ-സബ്മിറ്റ് ചെയ്യാൻ സാധിച്ചില്ല. നിലവിൽ പ്രസ്തുത ബിൽ ways and means clearance-നുവേണ്ടി വീണ്ടും നൽകിയിരിക്കുകയാണ്.

(സി) പ്രസ്തുത തുകയിൽനിന്ന് റോഡ് കട്ടിംഗിന് പൊതുമരാമത്ത് വകുപ്പിൽ അടക്കേണ്ട തുക മാറ്റേണ്ടതുണ്ടെന്നതും ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തി പൊതുമരാമത്തുവകുപ്പ് ആരംഭിച്ചാൽ റോഡ് കട്ട് ചെയ്യാൻ അനുമതി ലഭ്യമാകില്ലെന്നതിനാലും കുടിവെള്ള പദ്ധതി പാതിവഴിയിൽ ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടാവുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിൽ തുക അടിയന്തരമായി കേരള വാട്ടർ അതോറിറ്റിയുടെ പി.എസ്.ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് മാറി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി കോഴിക്കോട് ജില്ലാ ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള സഹായപദ്ധതി

83(872) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ സമുദായക്കാരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ സമുദായക്കാരെ സഹായിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. കൂടാതെ സിവിൽ സർവ്വീസ് പരിശീലനം, വിംഗ്സ് പദ്ധതി, എംപവർമെന്റ് സൊസൈറ്റികൾ, ടാലന്റ് സെന്ററുകൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) പട്ടികജാതിയിൽപ്പെട്ട കർഷകത്തൊഴിലാളികൾക്ക് കൃഷിഭൂമി ലഭ്യമാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, കള്ളാടി, ചക്ലിയ/അരുന്ധതിയാർ എന്നിവർക്ക് ദുർബല വിഭാഗ പുനരധിവാസ പദ്ധതിപ്രകാരം കൃഷിഭൂമി അനുവദിച്ചുവരുന്നു. ടി പദ്ധതിപ്രകാരം കുറഞ്ഞത് 25 സെന്റ് കൃഷിഭൂമി വാങ്ങുന്നതിന് നിലവിൽ 10,00,000 രൂപയാണ് ധനസഹായമായി അനുവദിച്ചുവരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുള്ള സാമ്പത്തികസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ; വിവരങ്ങൾ നൽകാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുള്ള സാമ്പത്തികസഹായം സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**എസ്.സി./എസ്.ടി. ഫണ്ടുകൾ**

84(873) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റു പ്രവർത്തനങ്ങൾക്കായും 2016 മുതൽ നാളിതുവരെ ചെലവാക്കിയിട്ടുള്ള ആകെ തുക എത്ര; കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ ഇനങ്ങളിലാണ് പ്രസ്തുത തുക ചെലവാക്കിയിട്ടുള്ളത്; ഓരോ ഇനത്തിലും ചെലവാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനും വിവിധയിനങ്ങളിൽ 2016 മുതൽ ചെലവാക്കിയ കേന്ദ്ര-സംസ്ഥാന ഫണ്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

2016-17 മുതൽ 2021-22 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി ബഡ്ജറ്റ് വിഹിതമായി ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | ബജറ്റ് വിഹിതം റിവൈസ്ഡ് (കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ) | ചെലവഴിച്ച തുക (കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ) | ശതമാനം |
|---|---|---|---|
| 2016-17 | 54448.12 | 51957.42 | 95.43 |
| 2017-18 | 58113.06 | 51798.25 | 89.13 |
| 2018-19 | 56920.02 | 52208.115 | 91.72 |
| 2019-20 | 69991.54 | 43741.01 | 62.49 |
| 2020-21 | 63543.03 | 59509.42 | 93.65 |
| 2021-22 | 64965.77 | 58747.36 | 90.43 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേന്ദ്ര-സംസ്ഥാന വിഹിതം തരംതിരിച്ചും ഓരോവർഷം അനുവദിച്ചതും ചെലവഴിച്ചതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ കാലയളവിൽ പ്രസ്തുത വിഭാഗങ്ങൾക്കായി നീക്കിവയ്ക്കപ്പെട്ടിരുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകളിൽ നാളിതുവരെ ചെലവാക്കാനാകാതെ ബാക്കിയാക്കുകയോ ലാപ്സായി പോകുകയോ പിന്നീട് ചെലവാക്കുന്നതിനായി മാറ്റിവയ്ക്കുകയോ ചെയ്തിട്ടുള്ള തുകകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | ആക്ച്വൽ ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | പട്ടികജാതി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | 2017-18 | 150 | 150 |
| | | 2019-20 | 500 | 150 |
| 2 | പ്രത്യേക ഘടക പദ്ധതിയുടെ കീഴിൽ മറ്റ് വകുപ്പുകൾ ശിപാർശ ചെയ്യുന്ന പ്രത്യേക പദ്ധതികൾക്കുള്ള പൂൾഡ് ഫണ്ട് | 2018-19 | 100 | 55 |
| | | 2019-20 | 100 | 10 |
| 3 | പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം | 2018-19 | 1500 | 500 |
| | | 2019-20 | 5171 | 1000 |
| 4 | പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും ഹോസ്റ്റലുകൾക്കും കെട്ടിട നിർമ്മാണത്തിന് ഭൂമി വാങ്ങൽ | 2018-19 | 2500 | 2500 |
| | | 2020-21 | 2000 | 10 |
| | | 2021-22 | 2000 | 2000 |
| 5 | ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് എസ്.സി./എസ്.ടി. ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് | 2019-20 | 200 | 200 |
| 6 | ഭവന രഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ) | 2019-20 | 40,000 | 40,000 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മേൽ പദ്ധതികൾക്ക് അതാത് വർഷങ്ങളിൽ ചെലവ് രേഖപ്പെടുത്താത്തതിനാൽ പുതുക്കിയ ബഡ്ജറ്റ് തുക ടി വർഷങ്ങളിൽ ബാക്കിയായി വന്നിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിൽ 2017-18-ൽ അട്ടപ്പാടി ഇ.എം.ആർ.എസ്. നിർമ്മാണത്തിനായി ആർട്ടിക്കിൾ 275(1)-ൽ ഉൾപ്പെടുത്തി കേന്ദ്ര സഹായമായി ലഭ്യമായ 400 ലക്ഷം രൂപ നീക്കിയിരിപ്പുണ്ട്. സ്കൂളിന്റെ പ്രവർത്തനം ഈ വർഷം ആരംഭിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കോച്ചിംഗ് സെന്ററുകൾ

85(874) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായവർക്ക് കെ.പി.എസ്.സി., യു.പി.എസ്.സി. പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനായി പ്രത്യേക കോച്ചിംഗ് സെന്ററുകളുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണെന്ന് വിശദമാക്കാമോ?

ഉണ്ട്. സിവിൽ സർവ്വീസ് പരീക്ഷാപരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം തിരുവനന്തപുരം മണ്ണന്തലയിൽ പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ നാല് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (PETC) പ്രവർത്തിച്ചുവരുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. മണ്ണന്തല PETC - തിരുവനന്തപുരം
2. ആലുവ PETC – എറണാകുളം
3. കുഴൽമന്ദം PETC - പാലക്കാട്
4. കോഴിക്കോട് PETC – കോഴിക്കോട്

ഇതിനുപുറമെ എല്ലാ ജില്ലകളിലും വെർച്വൽ പി.ഇ.റ്റി.സി.-കൾ ആരംഭിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരികയാണ്.

## ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടി

86(875) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെങ്കിൽ പ്രസ്തുത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഉടൻ പരിഹാരം നേടാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നതിനായി ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ വഴിയാണ് സ്കോളർഷിപ്പുകൾ അനുവദിച്ചുവരുന്നത്. വിദ്യാർത്ഥികൾക്ക് യഥാസമയം ആനുകൂല്യം ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ egrantcomplaints@gmail.com-ൽ നൽകാവുന്നതാണ്. പരാതികൾ പരിഹരിച്ച് വരുന്നതിനായി ജില്ലാതലത്തിൽ ഒരു സപ്പോർട്ടിംഗ് എഞ്ചിനീയറെയും ഡയറക്ടറേറ്റ് തലത്തിൽ 2 സപ്പോർട്ടിംഗ് എഞ്ചിനീയർമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ടോൾഫ്രീ നമ്പറിൽ പരാതി നൽകുന്നതിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

## പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ട് തട്ടിപ്പിനെതിരെ നടപടി

87 (876) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ ഫണ്ടുമായി ബന്ധപ്പെട്ട് വ്യാപക ക്രമക്കേട് നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നില്ല. ശ്രദ്ധയിൽപ്പെടുന്ന വിഷയങ്ങളിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നുണ്ട്.

(ബി) മലപ്പുറത്ത് നടന്ന പട്ടികജാതി ഭവന ഫണ്ട് തട്ടിപ്പിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

മലപ്പുറം അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന 2017-18 മുതൽ 2020-21 വരെ നടപ്പിലാക്കിയ ഭവന നിർമ്മാണ ധനസഹായ പദ്ധതിയിൽ ക്രമക്കേട് നടന്നിട്ടുള്ളതായി വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനായ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും വകുപ്പിലെ ടീം ഈ വിഷയത്തിന്മേൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അതിനോടൊപ്പം ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥൻ ജോലി ചെയ്തിരുന്ന മറ്റ് ബ്ലോക്കുകളിലും ക്രമക്കേടുകൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമായ അന്വേഷണം നടത്തുന്നതിന് വകുപ്പിന്റെ ഓഡിറ്റ് വിഭാഗത്തിലുള്ള മൂന്ന് ടീമുകളെയും സംയുക്തമായ ഓഡിറ്റ് പരിശോധനയ്ക്കായി ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് ഓഡിറ്റ് വിഭാഗം വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തുന്ന ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നുണ്ടോയെന്ന കാര്യം പരിശോധിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഫണ്ടിന്റെ ദുരുപയോഗം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും ദുരുപയോഗം തടയുന്നതിനുവേണ്ടി വകുപ്പിന്റെ ക്ഷേമ പദ്ധതികളെല്ലാം ഓൺലൈനായി നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനോടൊപ്പം വകുപ്പുതല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം അടിയന്തരമായി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് ഫണ്ട് സുതാര്യമായി വിനിയോഗിക്കുന്നതിനും ദുരുപയോഗം തടയുന്നതിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെ തന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന ഓൺലൈൻ

സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ്ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോ കൂടി അപ്‌ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പുതല ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ഇത്തരം സംവിധാനം നിലവിലുള്ളതിനാൽ ക്രമക്കേടുകളുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതാണ്.

ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുവാൻ പ്ലാൻ സ്പേയ്സ് എന്ന ഐ.റ്റി. അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിനാവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ വകുപ്പുമന്ത്രി, വകുപ്പുസെക്രട്ടറി, വകുപ്പുഡയറക്ടർ എന്നിവരും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്.

പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകളുണ്ടാകുന്ന പക്ഷം വകുപ്പിലെ വിജിലൻസ് ഓഫീസറായ ജോയിന്റ് ഡയറക്ടർ പ്രാഥമിക പരിശോധന നടത്തി ആവശ്യമെങ്കിൽ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, അക്കൗണ്ടന്റ് ജനറൽ, ഇന്റേണൽ ഓഡിറ്റ് എന്നിങ്ങനെയുള്ള പരിശോധനകൾ ക്രമക്കേടുകൾ കണ്ടെത്താൻ സഹായിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ മേഖലയിലെ പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾ കൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**വനസംരക്ഷണ നിയമം-പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ സമഗ്ര വികസനം**

88(877) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രങ്ങളിൽപ്പെട്ട വനാശ്രിത സമൂഹത്തിന് വനാവകാശ നിയമപ്രകാരം ലഭിച്ചിട്ടുള്ള അവകാശങ്ങൾ കേന്ദ്ര സർക്കാരിന്റെ പുതിയ വനസംരക്ഷണ നിയമം വഴി ഇല്ലാതാകുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. വിശദമായി പരിശോധിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വനാവകാശ നിയമപ്രകാരം എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചെന്നും പ്രസ്തുത നിയമപ്രകാരം എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനാവകാശ നിയമപ്രകാരം 1143 പേർക്ക് 1426.15 ഏക്കർ ഭൂമിക്കുള്ള കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. 482 അപേക്ഷകൾ ഗ്രാമസഭയിലും 3375 അപേക്ഷകൾ SDLC-യിലും 128 അപേക്ഷകൾ DLC-യിലും തീർപ്പാക്കാനുണ്ട്.

(സി) അർഹരായ എല്ലാവർക്കും കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗ്രാമസഭ, SDLC, DLC തലങ്ങളിൽ പെൻഡിംഗുള്ള അപേക്ഷകൾ പാസ്സാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വനത്തിനുള്ളിലും വനത്തിന്റെ പരിസരത്തും താമസിക്കുന്ന പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ചും ഭൂരാഹിത്യം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ചും വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർക്കുള്ള പദ്ധതി, അടിയ-പണിയ പാക്കേജ് പദ്ധതി എന്നിവയുടെ പ്രധാന ഗുണഭോക്താക്കൾ വനത്തിനുള്ളിലും വനത്തിന്റെ പരിസരത്തും

താമസിക്കുന്ന പട്ടികവർഗ്ഗക്കാരാണ്. ഇടുക്കി ജില്ലയിൽ പൂർണ്ണമായും വനത്തിൽ സ്ഥിതി ചെയ്യുന്ന ഇടമലക്കുടിയുടെ വികസനത്തിനായി ഇടമലക്കുടി പാക്കേജ് പദ്ധതിയും നടപ്പിലാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗക്കാരുടെ സമഗ്ര ഉന്നമനത്തിനായി നടപ്പിലാക്കുന്ന അടിസ്ഥാനസൗകര്യ വികസനം, സാമൂഹ്യ സുരക്ഷ പരിപാടികൾ എന്നിവയിലൂടെയും പ്രസ്തുത വിഭാഗത്തിന്റെ സമഗ്ര ഉന്നമനം സാദ്ധ്യമാകുന്നു. നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**നഴ്സിംഗ് പഠനം പൂർത്തീകരിച്ചവർക്ക് പരിശീലനം**

89(878) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി പദ്ധതി മുഖേന നാളിതുവരെ എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നഴ്സിംഗ് പഠനം പൂർത്തീകരിച്ച മുഴുവൻ യുവതീയുവാക്കൾക്കും ടി പദ്ധതിപ്രകാരം സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാമോ?

(എ-സി) പട്ടികജാതി വികസന വകുപ്പ് 2018-20 കാലയളവിൽ നടത്തിയ അപ്രന്റീസ് ട്രെയിനിംഗ് പരിശീലന പദ്ധതിപ്രകാരം നഴ്സിംഗ് പഠനം പൂർത്തീകരിച്ച 222 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. നഴ്സിംഗ് പഠനം പൂർത്തീകരിച്ച എല്ലാ യുവതീയുവാക്കൾക്കും ടി പദ്ധതിപ്രകാരം പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1000 നഴ്സ്/പാരാമെഡിക്കൽ യോഗ്യതയുള്ളവർക്ക് പ്രതിമാസം ഓണറേറിയം നൽകി രണ്ട് വർഷക്കാലയളവിലേയ്ക്ക് പ്രാഥമികാരോഗ്യകേന്ദ്രം മുതൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ വരെ താൽക്കാലികമായി നിയമിച്ച് പരിശീലനം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**ക്രമക്കേടുകൾ**

90(879) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വർഷം സമർപ്പിച്ച റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയത് ഏതൊക്കെ റിപ്പോർട്ടുകളിലാണ്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പട്ടികജാതി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വർഷം സമർപ്പിച്ച റിപ്പോർട്ടുകളിൽ 3 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

1. കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിൽ കൃഷിഭൂമി നൽകിയത് സംബന്ധിച്ച്.

2. എറണാകുളം ജില്ലയിലെ പറവൂർ നഗരസഭയിൽ പട്ടികജാതിക്കാർക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് നഗരസഭ ഭൂമി വാങ്ങിയത് സംബന്ധിച്ച്.

3. എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയിൽ പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് നഗരസഭ നിർമ്മിച്ച ഡോ. ബി.ആർ. അംബേദ്കർ-അയ്യങ്കാളി തൊഴിൽ പരിശീലന കേന്ദ്രത്തിന്റെ ഉപയോഗം സംബന്ധിച്ച്.

പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

**അംബേദ്കർ ഗ്രാമം പദ്ധതി**

91(880) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സർക്കാർ കൃത്യമായി അവലോകനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വകുപ്പുമന്ത്രി തലത്തിൽ നിർവ്വഹണ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും അവലോകനയോഗം നടത്തുകയും പ്രവൃത്തികൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അടിയന്തരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ജില്ലാകളക്ടർ, അസിസ്റ്റന്റ് കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ചുചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

ഫീൽഡ് തലത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യഥാസമയം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ എന്നീ തലങ്ങളിൽ ഇടപെടുന്നു.

(ബി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് നിലവിലുള്ള അക്രെഡിറ്റഡ് ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

സർക്കാർ അക്രെഡിറ്റഡ് ഏജൻസികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത ഏജൻസികൾക്ക് പകരമായി ഏതെങ്കിലും പുതിയ സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്.

**ഹരിത രശ്മി പദ്ധതി**

92(881) ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ ഹരിത രശ്മി പദ്ധതിയുടെ പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. നിലവിൽ പദ്ധതി നടപ്പിലാക്കിവരികയാണ്. സമയബന്ധിതമായി വിവിധ തലങ്ങളിൽ പുരോഗതി വിശകലനം ചെയ്തുവരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പട്ടികവർഗ്ഗക്കാരുടെ ഭക്ഷണരീതികൾക്കനുസൃതമായ വിളകൾ കൃഷി ചെയ്യുന്നതിന് പ്രസ്തുത പദ്ധതി പ്രാമുഖ്യം നൽകുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പദ്ധതി ഗുണഭോക്താക്കളുടെ അഭിരുചിയും താല്പര്യവും മണ്ണിന്റെ ഘടനയും കണക്കിലെടുത്താണ് വിളകളും കൃഷിരീതികളും തീരുമാനിച്ചിരിക്കുന്നത്.

(സി) ശാസ്ത്രീയമായ കൃഷിരീതികൾ പട്ടികവർഗ്ഗക്കാരെ പരിശീലിപ്പിക്കുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കാർഷിക വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ച കർഷക ഗ്രൂപ്പുകൾക്ക് കൃഷിരീതികൾ, ശാസ്ത്രീയ വിളവെടുപ്പ് രീതികൾ, വിത്തുകളുടെ പരിപാലനം, നഴ്സറി മാനേജ്മെന്റ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകിവരുന്നു. കൂടാതെ സംഘം പ്രതിനിധികൾക്ക് നേതൃപരിശീലനവും നൽകിവരുന്നു.

(ഡി) ഹരിത രശ്മി പദ്ധതി പ്രകാരം കർഷക സംഘങ്ങൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യകൃഷി പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് 'ഹരിത രശ്മി'. പ്രസ്തുത പദ്ധതിയിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് 'നിറവല്ലം' പദ്ധതി. ടി പദ്ധതി പ്രകാരം കർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. വിത്ത്, വളം, കീടനാശിനി എന്നിവയുടെ വിതരണം.
2. പരിശീലന പരിപാടികൾ (നടീൽ പരിശീലനം, വിള പരിപാലനത്തിനുള്ള പരിശീലനം, ലീഡർഷിപ്പ് പരിശീലനം)
3. കാർഷികോല്പന്നങ്ങൾക്ക് മതിയായ വിപണി ഉറപ്പിക്കുന്നതിന് സൗകര്യമൊരുക്കൽ
4. കാർഷികോപകരണങ്ങളുടെ വിതരണം
5. സോളാർ ഫെൻസിംഗ്
6. പച്ചക്കറിത്തൈകൾ വിതരണം
7. ഔഷധസസ്യ വിതരണം
8. മണ്ണ് പരിശോധന നടത്തി അനുയോജ്യമായ വിളകൾ തെരഞ്ഞെടുക്കൽ

## പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം

93(882) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം നൽകുന്നതിനായി കഴിഞ്ഞ അഞ്ച് സാമ്പത്തികവർഷങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം നൽകുന്നതിനായി കഴിഞ്ഞ അഞ്ച് സാമ്പത്തികവർഷങ്ങളിൽ വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച് വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഓരോ സാമ്പത്തികവർഷവും ഈയിനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ; പ്രസ്തുത ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഓരോ സാമ്പത്തികവർഷവും പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പട്ടികജാതി വികസന വകുപ്പ്

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു.

ഹൃദയശസ്ത്രക്രിയ, കാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000 രൂപ വരെ ആശുപത്രി മുഖാന്തരം നൽകുന്നു. നിശ്ചിത ഫാറത്തിൽ ജാതി, വരുമാനം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാനദായകനായ വ്യക്തി മരണപ്പെട്ടാൽ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് അപേക്ഷ, ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, മരണസർട്ടിഫിക്കറ്റ്, മരണപ്പെട്ട വ്യക്തി കുടുംബത്തിലെ ഏകവരുമാനദായക നായിരുന്നുവെന്ന തഹസിൽദാരുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് രേഖകൾ തുടങ്ങിയവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് മരണം നടന്ന് രണ്ടുവർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ചികിത്സാധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷയോടൊപ്പം അപേക്ഷകന്റെ/അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസ്സൽബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവൺമെന്റ് മെഡിക്കൽ ആഫീസറിൽനിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം എന്നിവ സമർപ്പിക്കേണ്ടതാണ്.

വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

കാൻസർ ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരുലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്കുവേണ്ടി വരുന്ന ചെലവ് സംബന്ധിച്ച്, ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു.

മറ്റുരോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ച് 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ, പി.ഒ./ടി.ഡി.ഒ.-മാർ ജനപ്രതിനിധികൾ എന്നിവർ മുഖേനയോ വകുപ്പുമന്ത്രിക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ വിനിയോഗം**

94(883) ശ്രീമതി ഉമ തോമസ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വികസന ഫണ്ടിന്റെ വിനിയോഗത്തിൽ അഴിമതി നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നില്ല. ശ്രദ്ധയിൽപ്പെടുന്ന വിഷയങ്ങളിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നുണ്ട്.

(ബി) എങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ അഴിമതി നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2,79,21,061 (രണ്ട് കോടി എഴുപത്തി ഒൻപത് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അറുപത്തിയൊന്ന് രൂപ മാത്രം) രൂപയുടെ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി പ്രഥമദൃഷ്ട്യാ കണ്ടെത്തിയിട്ടുണ്ട്.

(സി) എസ്.സി., എസ്.ടി. പ്രൊമോട്ടർമാരും പട്ടികജാതി വികസന ഓഫീസർമാരും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുമുൾപ്പെടുന്ന ഉദ്യോഗസ്ഥരിൽ പലരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നേതൃത്വവുമായി ചേർന്ന് അഴിമതി നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എസ്.സി., എസ്.ടി. ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട്

95(884) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എസ്.സി., എസ്.ടി. ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ 9 സ്ഥാപനങ്ങളിൽ എസ്.സി. ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട് നടന്നിട്ടുള്ളതായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവുകളിൽ നടത്തിയിട്ടുള്ള പരിശോധനകളിൽ പ്രഥമദൃഷ്ട്യാ കണ്ടെത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി. ഫണ്ട് വിനിയോഗത്തിൽ 3 സ്ഥാപനങ്ങളിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതൊക്കെ പദ്ധതികളിൽ എത്ര കോടി രൂപയുടെ തട്ടിപ്പ് കണ്ടെത്തി; വ്യക്തമാക്കാമോ?

ഭൂരഹിത പുനരധിവാസം, ഭവനനിർമ്മാണ ധനസഹായം, കൃഷിഭൂമി ധനസഹായം, ചികിത്സാ ധനസഹായം, പഠനമുറി ധനസഹായം, വിദേശ പഠന ധനസഹായം, വിവാഹ ധനസഹായം എന്നീ പദ്ധതികളുടെ നടത്തിപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ താഴെ പരാമർശിക്കുന്ന 9 സ്ഥാപനങ്ങളിൽ 1,66,10,500 രൂപയുടെ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ഇടുക്കി ഇളംദേശം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |
| 2 | കോട്ടയം, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |
| 3 | തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ് |
| 4 | പറക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |
| 5 | ആലപ്പുഴ, കഞ്ഞിക്കുഴി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |
| 6 | കൊല്ലം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ് |
| 7 | വർക്കല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |
| 8 | അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |
| 9 | കൊല്ലം, വെട്ടിക്കവല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് |

കൂടാതെ തിരുവനന്തപുരം ജില്ലയിലെ അമ്പൂരി, കോട്ടയം ജില്ലയിലെ മാടപ്പള്ളി, മൂന്നിലവ് ഗ്രാമപഞ്ചായത്തുകളിൽ 1,37,70,980 രൂപയുടെ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്.

(സി) ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ പട്ടികജാതി വികസന വകുപ്പ് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളിൽ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

96 (885) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കൃഷി അനുബന്ധ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് അട്ടപ്പാടിയിൽ 'മില്ലെറ്റ് വില്ലേജ്' എന്ന പദ്ധതി കൃഷി വകുപ്പുമായി ചേർന്നും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താല്പര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി 'നമത് വെള്ളാമെ' എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

കൂടാതെ കൃഷി വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 'ഹരിത രശ്മി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇവയ്ക്കുപുറമെ ജില്ലകളിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് കാർഷിക പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) ഇവരുടെ ഭൂമിയിൽ ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്നത്.

## പട്ടികവർഗ്ഗക്കാരുടെ തനതുസാംസ്കാരിക പരിപാടികൾ

97(886) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗക്കാരുടെ തനതുസാംസ്കാരിക പരിപാടികൾ, നാടൻ കലകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്കാരുടെ തനതുസാംസ്കാരിക പരിപാടികൾ, നാടൻ കലകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, കിർത്താഡ്സ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'ഗദ്ദിക' എന്ന പേരിൽ പ്രദർശന വിപണനമേളകൾ നടത്തി വരുന്നുണ്ട്. ഗോത്രസമൂഹത്തിന്റെ പരമ്പരാഗത നൃത്തകലാരൂപങ്ങളും പരമ്പരാഗത രുചിക്കൂട്ടുകളും പരമ്പരാഗത വൈദ്യ ചികിത്സാരീതികളും അവതരിപ്പിക്കുന്നതിന് ഈ മേളകളിലൂടെ അവസരം നൽകുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ അന്തേവാസികളുടെ സംസ്ഥാനതല കലോത്സവമായ 'സർഗോത്സവത്തിൽ' പരമ്പരാഗത നൃത്തവും പാട്ടുകളും മത്സരയിനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കിർത്താഡ്സും 'ആദികലാകേന്ദ്രം' മുഖേന പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. എറണാകുളം ട്രൈബൽ കോംപ്ലക്സ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കലാരൂപങ്ങൾക്ക് സ്ഥിരംവേദി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കോവിഡുമൂലം തൊഴിലവസരം നഷ്ടപ്പെട്ട കലാകാരന്മാരെയും പാരമ്പര്യ വൈദ്യന്മാരെയും സഹായിക്കുന്നതിനായി 2021-22 വർഷത്തിൽ മിനിഗദ്ദികകൾ ജില്ലകളിൽ സംഘടിപ്പിച്ചിരുന്നത് ഇവർക്ക് ഏറെ സഹായകരമായിട്ടുണ്ട്.

## ആലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങൾ

98(887) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾക്കുകീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ സ്ഥാപനങ്ങളൊന്നും നിലവിലില്ല. പട്ടികജാതി വികസന വകുപ്പിനുകീഴിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1. നഴ്സറി സ്കൂൾ, മണ്ണഞ്ചേരി.

2. പ്രീ-മെട്രിക് ഹോസ്റ്റൽ, ആര്യാട്.

3. പി.സി.ടി.ഐ. (Production-cum Training Institute), കലവൂർ.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഈ വകുപ്പുകളുടെ അധീനതയിൽ എത്ര സ്ഥലമാണുള്ളതെന്ന് വില്ലേജടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

മണ്ണഞ്ചേരി വില്ലേജിൽ 72 സെന്റ് സ്ഥലമാണുള്ളത്.

**എസ്.സി./എസ്.ടി. വിഭാഗത്തിലെ മിശ്രവിവാഹിതർക്ക് ധനസഹായം**

99(888) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിഭാഗങ്ങളിലെ മിശ്രവിവാഹിതർക്ക് സാമൂഹികവും സാമ്പത്തികവുമായ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്; വിശദാംശം നൽകാമോ?

മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികവിഭാഗവും പങ്കാളി പട്ടികേതര വിഭാഗത്തിൽപ്പെട്ടതുമായിരിക്കണം) വിവാഹത്തെ തുടർന്നുണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി 75,000 രൂപ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത വിഭാഗങ്ങളിലെ മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നുണ്ടോ; എങ്കിൽ ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

ഉണ്ട്.

പട്ടികജാതി വിഭാഗം

വിവാഹശേഷം ഒരുവർഷം കഴിഞ്ഞ് 3 വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, പട്ടികവിഭാഗത്തിൽപ്പെട്ട വ്യക്തിയുടെ വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, സഹവാസ

സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. പ്രതിവർഷ വരുമാനപരിധി ഒരുലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗം

വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും 3 വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിക്കണം. അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ്, ദമ്പതികൾ ഒരുമിച്ച് താമസിക്കുന്നുവെന്ന ഗസറ്റഡ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം തുടങ്ങിയവ സഹിതം അപേക്ഷ അതത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകേണ്ടതും ആയത് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അന്വേഷണം നടത്തി മിശ്രവിവാഹംമൂലം കഷ്ടതയനുഭവിക്കുന്നവർക്കുള്ള ധനസഹായത്തിന് അർഹരാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ജില്ലാതല ഓഫീസിലേയ്ക്ക് ശിപാർശ ചെയ്യുകയും ആയതുപ്രകാരം ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു.

(സി) എത്ര രൂപയുടെ ധനസഹായമാണ് അനുവദിക്കുന്നത്?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് 75,000 രൂപ ധനസഹായമായി അനുവദിച്ചുവരുന്നു.

(ഡി) ധനസഹായം അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗ മേഖലകളിൽ റിസർച്ച് പെർമിഷൻ**

100(889) ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ മേഖലകളിൽ റിസർച്ച് പെർമിഷൻ, ഫീൽഡ് സർവ്വേ, ഇന്റേൺഷിപ്പ്, ക്യാമ്പ്, വീഡിയോഗ്രാഫി എന്നിവ നടത്തുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

96 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ അനുമതി നൽകിയിട്ടുള്ളതും നിഷേധിച്ചിട്ടുള്ളതും എത്രയെന്നും അനുമതി നിഷേധിക്കപ്പെട്ട സ്ഥാപനങ്ങൾ/ വ്യക്തികൾ ആരൊക്കെയാണെന്നും അനുമതി നിഷേധിക്കാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ?

പ്രസ്തുത അപേക്ഷകളിൽ 65 എണ്ണത്തിന് അനുമതി നൽകുകയും 11 എണ്ണത്തിന് അനുമതി നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. 20 എണ്ണത്തിൽ അധികവിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അനുമതി നിഷേധിക്കപ്പെട്ട സ്ഥാപനങ്ങൾ/വ്യക്തികൾ അനുമതി നിഷേധിക്കുവാനുള്ള കാരണങ്ങൾ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ഫണ്ടുകൾ ലാപ്സാകാതിരിക്കാൻ നടപടി**

101(890) <u>ശ്രീ. കെ. ബാബു (നെന്മാറ</u>): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ അനുവദിക്കുന്ന ഫണ്ടുകൾ ലാപ്സാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ&ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ പ്ലാൻ ഫണ്ട് വിനിയോഗ വിവരങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവലോകനം ചെയ്യുന്നതിന് 'പ്ലാൻ സ്പെയ്സ്' എന്ന സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാസത്തിലൊരിക്കൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതി പുരോഗതി വിലയിരുത്തുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുസെക്രട്ടറിയും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. എല്ലാ ജില്ലകളിലും ജില്ലാകളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ പദ്ധതികൾ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി നടത്തുന്നതിന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഡയറക്ടറേറ്റ് തലത്തിലും ജില്ലാ-ബ്ലോക്ക് തലത്തിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പുമുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ പുരോഗതി അവലോകന യോഗങ്ങൾ ഡയറക്ടറുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കുന്നുണ്ട്. ജില്ലാ തലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകനയോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പദ്ധതികൾ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായി നടത്തുന്നതിന് നിയമസഭാ നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംസ്ഥാനതലത്തിൽ വിലയിരുത്തുന്നുണ്ട്.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി വികസന ഫണ്ട് (SCSP) പദ്ധതി പുരോഗതി അവലോകനം, ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയായുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മേൽനോട്ടത്തിൽ ബ്ലോക്കടിസ്ഥാനത്തിൽ നടത്തിവരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ അതത് വർഷം ചെലവഴിക്കാതെ വരുമ്പോൾ തുടർന്നുള്ള വർഷങ്ങളിൽ ടി പ്രവൃത്തികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവ്വഹണം പൂർത്തീകരിക്കുന്നുണ്ട്. നടപ്പു സാമ്പത്തികവർഷത്തെ നിർമ്മാണ പദ്ധതികളിൽ പ്രവൃത്തി പൂർത്തീകരിച്ച് അന്തിമ ബിൽ സമർപ്പിക്കുന്നമുറയ്ക്കാണ് ഫണ്ട് വിനിയോഗച്ചെലവ് രേഖപ്പെടുത്തുന്നത്. വ്യക്തിഗതാനുകൂല്യങ്ങൾ നൽകുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്കും സ്കീം

നിബന്ധനയിലെ വിവിധ രേഖകൾ സമർപ്പിക്കുന്നമുറയ്ക്കുമാണ് ഫണ്ട് ചെലവഴിക്കുന്നത്. ആയതിനാൽ നടപ്പു സാമ്പത്തികവർഷം ഏറ്റെടുക്കുന്ന പ്രവൃത്തികൾ വ്യക്തിഗതാനുകൂല്യങ്ങൾ അതത് വർഷം പൂർത്തീകരിക്കാൻ സാധിക്കാതെ വരുമ്പോൾ തുടർ വർഷങ്ങളിൽ ടി പദ്ധതികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവ്വഹണം പൂർത്തീകരിച്ചുവരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി കൃത്യമായ ഇടവേളകളിൽ പദ്ധതി പുരോഗതി സംസ്ഥാനതലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാമാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും പ്ലാൻസ്പേയ്സിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകളിൽ സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. പട്ടികവർഗ്ഗ വികസന വകുപ്പുഡയറക്ടറുടെ അദ്ധ്യക്ഷതയിൽ പി.ഒ./ടി.ഡി.ഒ.-മാരുടെ യോഗത്തിൽ ഫണ്ട് ചെലവഴിക്കുന്നതിനെ സംബന്ധിച്ചും ചെലവ് കുറഞ്ഞ സ്കീമിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

ജില്ലാതല-സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പുകൾ സമയബന്ധിതമായി ചേരുന്നതുമൂലം പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കാനും സാധിക്കുന്നുണ്ട്.

## മങ്കട മണ്ഡലത്തിൽ വീടില്ലാത്തതും സ്ഥലമില്ലാത്തതുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ

102 (891) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ സ്വന്തമായി വീടില്ലാത്തതും സ്ഥലമില്ലാത്തതുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ടി മണ്ഡലത്തിൽ സർക്കാരിന്റെ വീട്/സ്ഥലം ലഭിക്കുന്നതിനുള്ള ഒരു പദ്ധതിയിലുമുൾപ്പെട്ടിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ടെന്നും; ഇവർക്ക് വീട്, സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

നിലവിൽ ഭവനധനസഹായം ലഭ്യമാക്കുന്നത് ലൈഫ് മിഷനിലൂടെയാണ്. വകുപ്പുമുഖേന നടപ്പിലാക്കുന്ന ഭൂരഹിത-പുനരധിവാസ പദ്ധതിയിലൂടെ ഭൂമിയും അനുവദിച്ചുവരുന്നു. ലൈഫ് മിഷൻ മുഖേനയും വകുപ്പുമുഖേനയും ആനുകൂല്യ മനുവദിക്കുന്നത് ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്കാണ്. ലൈഫ് മിഷൻ ലിസ്റ്റിലുൾപ്പെടാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരെ ലിസ്റ്റിലുൾപ്പെടുത്തുന്നതിനായി അപേക്ഷ ക്ഷണിക്കുന്നമുറയ്ക്ക് ടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

**ആലത്തൂർ - വാത്സല്യനിധി പദ്ധതി**

103(892) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാത്സല്യനിധി പദ്ധതിപ്രകാരം നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ എത്രപേർ ഗുണഭോക്താക്കളായിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ആലത്തൂർ മണ്ഡലത്തിലെ വാത്സല്യനിധി പദ്ധതി ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മണ്ഡലം | പഞ്ചായത്ത് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ആലത്തൂർ | കുഴൽമന്ദം | 53 |
| 2 | | തേങ്കുറുശ്ശി | 65 |
| 3 | | ആലത്തൂർ | 6 |
| 4 | | കിഴക്കഞ്ചേരി | 1 |
| 5 | | എരിമയൂർ | 11 |
| 6 | | വണ്ടാഴി | 25 |
| 7 | | മേലാർകോട് | 35 |
| | | **ആകെ** | **196** |

## അട്ടപ്പാടി പട്ടികവർഗ്ഗമേഖലയുടെ വികസനം

104(893) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടി പട്ടികവർഗ്ഗമേഖലയുടെ വികസനത്തിനായി പട്ടികവർഗ്ഗ വകുപ്പുമുഖേന എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടി പട്ടികവർഗ്ഗമേഖലയുടെ വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന 21,27,94,531 രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തിരൂരങ്ങാടി നഗരസഭയിലെ എസ്.സി. കോളനി നവീകരണം

105(894) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ പദ്ധതിയിലൂടെ തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട തിരൂരങ്ങാടി നഗരസഭയിലെ രണ്ട് എസ്.സി. കോളനികളുടെ നവീകരണം സംബന്ധിച്ച പുരോഗതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ പൂർത്തീകരിച്ച നടപടികൾ, ഇനി പൂർത്തീകരിക്കാനുള്ള നടപടികൾ എന്നിവ വിശദമാക്കാമോ?

(എ&ബി) അംബേദ്കർ ഗ്രാമ വികസന പദ്ധതി (2021-22) പദ്ധതിയിലേയ്ക്ക് തിരൂരങ്ങാടി മണ്ഡലത്തിൽനിന്നും ശിപാർശ ചെയ്ത കണ്ണാടിത്തടം, കോട്ടുവാലക്കാട് എന്നീ പട്ടികജാതി കോളനികളിൽ 51 ശതമാനം പട്ടികജാതി കുടുംബങ്ങളില്ലാത്തതിനാൽ ടി കോളനികൾ പദ്ധതിക്ക് ഫീസിബിളല്ല. ആയതിനാൽ പദ്ധതി നിർവ്വഹണം നടത്താൻ നിലവിൽ സാധിക്കുന്നതല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുള്ളവർ**

106(895) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ പട്ടികജാതി വികസന ഓഫീസിൽനിന്നും 2021-22 സാമ്പത്തികവർഷത്തിൽ എത്ര ആളുകൾക്ക് വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ആലത്തൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽനിന്നും 2021-22 സാമ്പത്തികവർഷത്തിൽ ഭൂമിക്കായി അപേക്ഷ സമർപ്പിച്ച 11 പേർക്കും തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിനായി 2021-22 കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

11 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) അപേക്ഷ സമർപ്പിച്ചതിൻപ്രകാരം തുക അനുവദിക്കപ്പെട്ടവരുടെ വിശദാംശം നൽകാമോ?

1. ശ്രീമതി സരസ്വതി, കണിയമംഗലം, ഇളവംപാടം, കിഴക്കഞ്ചേരി
2. ശ്രീമതി തങ്കമണി, താളിപ്പുഴ, ചൂരപാറ, കരിങ്കയം
3. ശ്രീ. കേശവൻ, പാറയ്ക്കൽ ഹൗസ്, കണച്ചിപ്പരുത, കോരഞ്ചിറ
4. ശ്രീമതി കൃഷ്ണകുമാരി, പറശ്ശേരി, കരിങ്കയം
5. ശ്രീ. ചന്ദ്രൻ കെ, മനപറമ്പ്, കുന്നംകാട്, കിഴക്കഞ്ചേരി
6. ശ്രീ. മുത്തു S/o. കുഞ്ചു, മണിക്കശ്ശേരി, ചൂരപാറ, കരിങ്കയ
7. ശ്രീമതി സുജാത W/o. കൃഷ്ണൻ, കാക്കശ്ശേരി കോളനി, നൈനംകാട്, കിഴക്കഞ്ചേരി
8. ശ്രീ. ജയേന്ദ്രൻ S/o. കൃഷ്ണൻ, മഠത്തിൻകുളം ഹൗസ്, പുള്ളോട്
9. ശ്രീ. പുഷ്പദാസ് കെ, കവറപ്പടി ഹൗസ്, കൂട്ടാല, കനിശ്ശേരി, എരിമയൂർ
10. ശ്രീ. രവീന്ദ്രൻ കെ.എൻ., കട്ടിരിക്കാട്, കീഴ്പാടം, മേലാർകോട് പി.ഒ.
11. ശ്രീ. മനമോഹൻ S/o മണികണ്ഠൻ, കടിക്കാട്, കീഴ്പാടം, മേലാർകോട്

## പാലക്കാട് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി

107(896) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നൽകാനുള്ള കുടിശ്ശിക ഗ്രാന്റ് നാളിതുവരെ നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക ഗ്രാന്റ് എന്ന് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പാലക്കാട് ജില്ലയിലെ വടക്കഞ്ചേരിയിൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയശാഖ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയ ഉത്തരവിൽ പട്ടികജാതി, പട്ടികവർഗ്ഗം, ടൂറിസം എന്നീ വകുപ്പുകൾ 12:3:5 എന്ന അനുപാതത്തിൽ പ്രോജക്ട് തുകയുടെ ചെലവ് വഹിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ 36,18,064 രൂപയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകേണ്ട വിഹിതമായ 5,42,710 രൂപ 12-3-2019-ൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. 2019-20 മുതൽ ടി സ്ഥാപനത്തിന്റെ നിലവിലുള്ള ധാരണാപത്രം പ്രകാരം പട്ടികജാതി വികസന വകുപ്പ് 70 ശതമാനം ഗ്രാന്റും പട്ടികവർഗ്ഗ വികസന വകുപ്പ് 30 ശതമാനം ഗ്രാന്റും ഈ സ്ഥാപനത്തിന്റെ ആവർത്തനച്ചെലവുകൾക്ക് അനുവദിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതുപ്രകാരം 2019-20 വർഷത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതമായ 10,31,999 രൂപയും 2020-21 വർഷത്തെ വിഹിതമായ 10,75,000 രൂപയും ഉൾപ്പെടെ 21,07,608 രൂപ 2225-2-102-93 കോർപ്പസ് ഫണ്ട് എന്ന ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ശമ്പളം, ആവർത്തനച്ചെലവുകൾ എന്നീ ഇനങ്ങളിൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് 2019-20 മുതൽ 2022-23 വരെ അനുവദിക്കേണ്ട 49.81 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ടി സ്ഥാപനം ലഭ്യമാക്കിയിട്ടുണ്ട്. ആയത് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2019-20 മുതൽ കുട്ടികളുടെ എണ്ണത്തിൽ പട്ടികജാതിയിൽപ്പെട്ട 138 പേർക്കും പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട 3 പേർക്കും മറ്റ് സമുദായത്തിൽപ്പെട്ട 14 പേർക്കുമാണ് നാളിതുവരെ സ്ഥാപനത്തിൽ അഡ്മിഷൻ

ലഭിച്ചിട്ടുള്ളത്. ശരാശരിയിലും താഴെയാണ് ഗുണഭോക്താക്കളുള്ളതെങ്കിൽ പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് നിർവ്വാഹമില്ല. മേൽപ്പറഞ്ഞ കാരണങ്ങളാലാണ് കുടിശ്ശിക ഗ്രാന്റ് നൽകാൻ കഴിയാതിരുന്നത്. ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടപ്പു സാമ്പത്തികവർഷം മുതൽ വിവിധ കോഴ്സിനായുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നപക്ഷം ആനുപാതികമായി കുടിശ്ശിക നൽകാൻ സാധിക്കുന്നതാണ്.

## കൊല്ലങ്കോട് കാർഷിക കോളേജിന്റെ പ്രവർത്തനങ്ങൾ

108(897) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൊല്ലങ്കോട് കാർഷിക കോളേജിന്റെ (പട്ടികജാതി വികസന വകുപ്പ്) പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കൊല്ലങ്കോട് കാർഷിക കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാർഷിക സർവ്വകലാശാല രജിസ്ട്രാറും കൃഷി വകുപ്പുഡയറക്ടറുമായി 25-6-2019-നുകൂടിയ യോഗനടപടിക്കുറിപ്പ് പ്രകാരം കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി നിയോഗിച്ച രജിസ്ട്രാറും സംഘവും നടത്തിയ സൈറ്റ് പരിശോധനയിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയ കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂസ്വത്തുക്കൾ ലോൺ എടുത്തതുമായി ബന്ധപ്പെട്ട് എസ്.ബി.ഐ.-യുടെ കൈവശത്തിലാണ്.

SARFAESI ACT പ്രകാരം ടി സ്ഥാപനത്തിന്റെ ഉടമസ്ഥാവകാശം എസ്.ബി.ഐ.-യിൽ നിക്ഷിപ്തമായതിനാൽ ഭൂമിയേറ്റെടുക്കുന്ന വിഷയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ ചികിത്സാ സഹായ വിതരണം

109(898) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ആലത്തൂർ മണ്ഡലത്തിലെ എത്രപേർക്ക് ചികിത്സാസഹായം വിതരണം ചെയ്തുവെന്നും എത്ര തുക വിതരണം ചെയ്തുവെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിൽനിന്നും ആലത്തൂർ മണ്ഡലത്തിലെ 186 പേർക്ക് 41,63,000 രൂപയും (നാല്പത്തിയൊന്ന് ലക്ഷത്തി അറുപത്തിമൂവായിരം രൂപ മാത്രം) പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 106 പേർക്ക് 3,00,975 രൂപയും (മൂന്ന് ലക്ഷത്തി തൊള്ളായിരത്തി എഴുപത്തിയഞ്ച് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## ആനപ്രതിരോധ മതിൽ

110(899) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ഫാം പുനരധിവാസ മേഖലയിലെ രൂക്ഷമായ ആനശല്യം തടയുന്നതിന് ആനപ്രതിരോധ മതിൽ നിർമ്മിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പ് 22 കോടി രൂപ അനുവദിച്ചതിന്റെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

ആറളം പുനരധിവാസ മേഖലയിൽ 22 കോടി രൂപ ചെലവിൽ ആനപ്രതിരോധ മതിൽ PWD മുഖേന നിർമ്മിക്കുന്നതിന് 8-9-2021-ലെ സ.ഉ. (സാധാ) നമ്പർ 789/2021/പജ.പവ.വിവ. പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 17-3-2022-ലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ എ 1-12295/21 നമ്പർ ഉത്തരവ് പ്രകാരം 11 കോടി രൂപ പൊതുമരാമത്ത് കെട്ടിട വിഭാഗം തലശ്ശേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി ലഭിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആന പ്രതിരോധ മതിൽ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ആറളം പുനരധിവാസ മേഖലയിൽ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരെ വന്യമൃഗശല്യത്തിൽനിന്നും സംരക്ഷിക്കുന്നതിനായി ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച 22 കോടി രൂപയുടെ എസ്റ്റിമേറ്റിന് 28-3-2020-ലെ സ.ഉ. (സാധാ) നമ്പർ 390/2020/പജ.പവ.വിവ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഊരാളുങ്കൽ ലേബർ

കോൺട്രാക്ട് സൊസൈറ്റി അറിയിച്ചതിനാൽ ടി പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 8-9-2021-ലെ സ.ഉ. (സാധാ) നമ്പർ 789/2021/പജ.പവ.വിവ. പ്രകാരം പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ടി പ്രവൃത്തി ചെയ്യിപ്പിക്കുവാനും അടങ്കൽ തുകയുടെ 50 ശതമാനം ആദ്യഗഡുവായി പൊതുമരാമത്തുവകുപ്പിന് അനുവദിക്കുവാനും ഉത്തരവായിരുന്നു. ആയതുപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 11 കോടി രൂപ പൊതുമരാമത്ത് കെട്ടിട വിഭാഗം തലശ്ശേരി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അനുവദിച്ചിട്ടുണ്ട്.

കൂടാതെ, ആറളം ഫാമിൽ കാട്ടാനയുടെ ആക്രമണങ്ങളെ പ്രതിരോധിക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രതിരോധ മതിൽ നിർമ്മിക്കുന്നതിനോടൊപ്പം ഹാംഗിഗ് സോളാർ പവർ ഫെൻസിംഗ്, ട്രെഞ്ചിംഗ് തുടങ്ങിയ സംവിധാനങ്ങൾ കൂടി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വാടാനപ്പള്ളി പഞ്ചായത്തിലെ പട്ടികജാതി സർവ്വീസ് സഹകരണ സംഘം**

111(900) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ (ക്ലിപ്തം നം. ആർ. 724) പരിധിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വ്യക്തമാക്കാമോ?

1983-ൽ പ്രവർത്തനമാരംഭിച്ച വാടാനപ്പള്ളി പട്ടികജാതി സഹകരണസംഘം (ക്ലിപ്തം) നമ്പർ ആർ. 724 ടെയിലറിംഗ് യൂണിറ്റും ഹോളോ ബ്രിക്സ് യൂണിറ്റും നടത്തിവന്നിരുന്നു. എന്നാൽ വർഷങ്ങളായി സംഘത്തിന്റെ വ്യാപാര പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. സംഘത്തിന്റെ ഭരണസമിതിയുടെ കാലാവധി 16-7-2022-ൽ അവസാനിച്ചതിനെത്തുടർന്നുണ്ടായ ഭരണസ്തംഭനം പരിഹരിക്കുന്നതിന് മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പട്ടികജാതി സർവ്വീസ് സഹകരണ സംഘംവഴി പുതിയ പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ യെന്നറിയിക്കാമോ?

പദ്ധതി ധനസഹായങ്ങൾക്കായി ടി സംഘം നിലവിൽ അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല. പദ്ധതി ധനസഹായം ലഭിക്കുന്നതിന് സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും പെയ്ഡ് സെക്രട്ടറിയും തൊട്ടു മുൻവർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റും ആവശ്യമാണ്. സംഘത്തിൽ സേവനമനുഷ്ഠിച്ചിരുന്ന പെയ്ഡ് സെക്രട്ടറി 2004-ൽ രാജി വച്ചതിനുശേഷം 2-8-2021 മുതലാണ് സംഘത്തിൽ പെയ്ഡ് സെക്രട്ടറിയെ നിയമിച്ചിട്ടുള്ളത്. സംഘത്തിൽ നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയില്ല. 2013-14 വർഷത്തിനുശേഷമുള്ള സംഘത്തിന്റെ ആഡിറ്റ് പൂർത്തിയാകാനുണ്ട്. ആഡിറ്റ് പൂർത്തിയാക്കുന്നതിലേയ്ക്ക് കണക്കുകൾ എഴുതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘം നടത്തിവരുന്നു. സംഘത്തിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ആഡിറ്റ് കാലാനുസൃതമായി പൂർത്തിയാക്കുകയും ചെയ്തുശേഷം സംഘം പദ്ധതി ധനസഹായങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം സംഘത്തിനനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത സംഘത്തിന്റെ കെട്ടിടം ശോച്യാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1995-ൽ നിർമ്മിച്ച പ്രസ്തുത സംഘത്തിന്റെ ആഫീസ് കെട്ടിടം പൊട്ടിപ്പൊളിഞ്ഞും ചോർച്ചമൂലവും ശോച്യാവസ്ഥയിലാണ്.

(ഡി) ആറ് സെന്റ് സ്ഥലം സ്വന്തമായുള്ള പ്രസ്തുത സ്ഥാപനത്തിന്റെ കെട്ടിടനിർമ്മാണത്തിനാവശ്യമായ സഹായം നൽകാനാകുമോ; വിശദാംശങ്ങൾ നൽകാമോ?

സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് പരിപാലിക്കുന്നതിന് 5 ലക്ഷം രൂപ വരെ ഗ്രാന്റിനത്തിൽ അനുവദിക്കുന്ന പദ്ധതി സ്കീം നിലവിലുണ്ട്. പദ്ധതി ധനസഹായം ലഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും പെയ്ഡ് സെക്രട്ടറിയും കാലാനുസൃതമായ ആഡിറ്റ് സർട്ടിഫിക്കറ്റും അനിവാര്യമാണ്. സംഘത്തിൽ പെയ്ഡ് സെക്രട്ടറിയുണ്ടെങ്കിലും ആഡിറ്റ് കാലാനുസൃതമാക്കിയതിനുശേഷവും പുതിയ ഭരണസമിതി നിലവിൽ വന്നതിനുശേഷവും മാത്രമെ കെട്ടിട മെയിന്റനൻസ് ധനസഹായത്തിന് അപേക്ഷ സമർപ്പിക്കാൻ കഴിയുകയുള്ളൂ.

## നിലമ്പൂർ ഐ.ടി.ഡി.പി. ഓഡിറ്റ് റിപ്പോർട്ട്

112(901) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിലെ 2011 മുതൽ 2022 വരെയുള്ള ഓരോ വർഷത്തെയും അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിന്റെയും ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് റിപ്പോർട്ടിന്റെയും ന്യൂനത സംഗ്രഹ റിപ്പോർട്ടുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

## മഞ്ചേരി മണ്ഡലത്തിൽ നിന്നുള്ള ചികിത്സാധനസഹായ അപേക്ഷകൾ

113(902) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽനിന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ചികിത്സാധനസഹായത്തിനായി എത്രപേർ അപേക്ഷ നൽകിയെന്ന് വിശദമാക്കാമോ?

മഞ്ചേരി മണ്ഡലത്തിൽനിന്നും പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ചികിത്സാധനസഹായത്തിനായി 113 പേർ അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽനിന്നും എത്രപേർക്ക് ചികിത്സാധനസഹായം നൽകിയെന്നും; തുക എത്രയെന്നും വിശദമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽനിന്നും 89 പേർക്ക് 25,27,900 രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി തൊള്ളായിരം രൂപ മാത്രം) ചികിത്സാധനസഹായം നൽകിയിട്ടുണ്ട്.

(സി) ഏതെങ്കിലും അപേക്ഷകൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ അപേക്ഷകളാണ് നിരസിച്ചതെന്നും ആയതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

4 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി മടക്കി നൽകി. ന്യൂനത പരിഹരിച്ചുകിട്ടുന്നമുറയ്ക്ക് ധനസഹായം അനുവദിക്കുന്നതാണ്. ശേഷിച്ച 20 അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പ്രാക്തന ഗോത്രവിഭാഗക്കാരുടെ ക്ഷേമം

114(903) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബദിയഡുക്കയിലും സമീപ പ്രദേശങ്ങളിലും താമസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവരുടെ ക്ഷേമം മുൻനിർത്തി 2016 മുതൽ നാളിതുവരെ എന്തൊക്കെ പദ്ധതികളാണ് വകുപ്പ് മുൻകയ്യെടുത്ത് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും ഈ വിഭാഗക്കാരെയും ഉൾകൊള്ളിച്ചിട്ടുണ്ട്. 2016 മുതൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, സ്വയംതൊഴിൽ, വിവാഹധനസഹായം, ഭക്ഷ്യധാന്യ വിതരണം, ചികിത്സാധനസഹായം, കുടിവെള്ള പദ്ധതി, വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ സംബന്ധമായ സഹായങ്ങൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഈ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളാണ് നിലവിൽ ജില്ലയിൽ അധിവസിക്കുന്നതെന്ന വിവരം ലഭ്യമാക്കാമോ?

ജില്ലയിൽ ഈ വിഭാഗത്തിൽപ്പെട്ട 542 കുടുംബങ്ങൾ താമസിച്ചുവരുന്നു.

## സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം

115(904) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

(എ&ബി) കൊച്ചി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം 2021-22 വർഷത്തിൽ കിളിയാംപാടം കോളനിയെ തെരഞ്ഞെടുക്കുകയും പ്രാഥമിക യോഗം 9-7-2022-ൽ ചേരുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

116(905) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

പ്രസ്തുത പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ**

117(906) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വകുപ്പ് ഡയറക്ടർ ക്രോഡീകരിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

(എ&ബി) ഉണ്ട്. 27-1-2022-ലെ SCDD/12293/2021-A1 (ESTT A) നമ്പർ കത്തുപ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥർ ഇല്ലാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) എങ്കിൽ മലപ്പുറം നഗരസഭയിൽ ഉൾപ്പെടെ മലപ്പുറം ജില്ലയിലെ പത്ത് നഗരസഭകളിൽ കൂടി പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

പരിശോധിച്ചുവരുന്നു.

**പട്ടികവർഗ്ഗ മേഖലകളിലെ പദ്ധതികൾ**

118(907) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പട്ടികവർഗ്ഗ മേഖലകളിൽ ആരംഭിച്ചിട്ടുള്ളതും പൂർത്തീകരിക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് അനുവദിച്ചിരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, വിവിധ വർഷങ്ങളിലെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തിയിട്ടുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ, കെട്ടിടനിർമ്മാണം എന്നിവയിലുൾപ്പെട്ട ചില പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. ഈ വിഷയം സംബന്ധിച്ച് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ട് അവലോകനയോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ പൂർത്തികരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെ അനുമതി യഥാസമയം ലഭ്യമാകാത്തത്, നിർവ്വഹണ ഏജൻസികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസം, നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിവിധ കാരണങ്ങളാൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം, മറ്റ് സാങ്കേതിക തടസ്സങ്ങൾ എന്നിവയാണ് പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ. പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തികരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി ഫണ്ട് തട്ടിപ്പ്

119(908) ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സുകളിലെ പ്രതികളെ ഭീഷണിപ്പെടുത്തി ചില പട്ടികജാതി സംഘടനകൾ പണം തട്ടിയെടുത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പണം നൽകിയില്ലെങ്കിൽ പരാതി നൽകുമെന്ന് പട്ടികജാതി സംഘടനകൾ ഭീഷണിപ്പെടുത്തിയത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) പരാതികൾ ലഭ്യമായിട്ടില്ല.

(സി) പട്ടികജാതി, പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഏതെങ്കിലും സംഘടനകളെക്കുറിച്ച് പരാതി ലഭിക്കുകയാണെങ്കിൽ പരിശോധിക്കുന്നതാണ്.

## എസ്.സി., എസ്.ടി. ഫണ്ട് തട്ടിപ്പ്

120(909) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടന്നതായി പറയപ്പെടുന്ന എസ്.സി., എസ്.ടി. ഫണ്ട് തട്ടിപ്പ് വ്യാജ രേഖകൾ ചമച്ചാണ് നടത്തിയതെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) എസ്.സി., എസ്.ടി. പ്രൊമോട്ടർമാരും പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥരും പ്രസ്തുത തട്ടിപ്പിന് കൂട്ടുനിന്നതായുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(എ&ബി) വൈക്കം നഗരസഭയിൽ എസ്.സി. പ്രൊമോട്ടർ വ്യാജരേഖ ചമച്ച് തട്ടിപ്പ് നടത്തിയ വിഷയത്തിൽ പോലീസ്, വിജിലൻസ് കേസുകൾ നിലനിൽക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭയിൽ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻ നിർവ്വഹണം നടത്തുന്ന ഒരു പദ്ധതിയിൽ വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആനുകൂല്യം തട്ടിയെടുത്തതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന എസ്.സി., എസ്.ടി. ഫണ്ടിന്റെ വിനിയോഗത്തിൽ സുതാര്യതയുറപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന എസ്.സി., എസ്.ടി. ഫണ്ടിന്റെ വിനിയോഗത്തിൽ സുതാര്യതയുറപ്പാക്കുന്നതിന് ജില്ലകളിൽ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി (പട്ടികജാതി, പട്ടികവർഗ്ഗം) ജില്ലാ ആസൂത്രണ സമിതി എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിൽ ഓരോ പദ്ധതികളുടെയും നടത്തിപ്പ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും വകുപ്പിലെ ഉദ്യോഗസ്ഥർ അവലോകനം ചെയ്യുന്നുണ്ട് . കൂടാതെ ആഭ്യന്തര പരിശോധന വിഭാഗമായ പെർഫോമൻസ് ഓഡിറ്റ് സംവിധാനം വഴിയും നിയമാനുസൃത ഓഡിറ്റ് പരിശോധന സംവിധാനമായ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പുവഴിയും ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട് .

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവിഭാഗ മേഖലയിലെ ക്ഷേമ-വികസന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാർ അദ്ധ്യക്ഷന്മാരായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് .

## പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുക

121(910) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സാമ്പത്തികവർഷം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽനിന്ന് ചെലവഴിച്ച തുകയും പ്ലാൻ-നോൺ പ്ലാനിനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

122(911) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഓരോവർഷവും അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2016 മുതൽ ഓരോവർഷവും അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ക്ഷേമത്തിനായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2016 മുതൽ 2022 ജൂലൈ മാസം വരെ അട്ടപ്പാടിയിൽ എത്ര നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്; ഇതിൽ മതിയായ ചികിത്സ ലഭിക്കാതെയും പോഷകാഹാര കുറവുമൂലവും എത്ര കുട്ടികൾ മരണപ്പെട്ടു; വിശദാംശം നൽകുമോ?

2016 മുതൽ 2022 ജൂലൈ മാസം വരെ അട്ടപ്പാടിയിൽ മരണപ്പെട്ട നവജാത ശിശുക്കളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

മതിയായ ചികിത്സ ലഭിക്കാതെയോ, പോഷകാഹാര കുറവുമൂലമോ കുട്ടികൾ മരണപ്പെട്ടതായി സ്ഥിരീകരിച്ചിട്ടില്ല. കഴിഞ്ഞ കാലങ്ങളിലുണ്ടായ നവജാത ശിശുമരണങ്ങളിൽ ഏറിയവയും Milk Aspiration മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഗർഭിണികൾക്കും കുട്ടികൾക്കും മതിയായ ചികിത്സയും പോഷകാഹാരവും ലഭ്യമാക്കാനും ഇത് ഇവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തുന്ന ആരോഗ്യ പോഷകക്ഷേമ പദ്ധതികൾ ഐ.ടി.ഡി.പി. മുഖേന അവലോകനം നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ വകുപ്പുമുഖേന നടത്തുന്ന ആരോഗ്യ പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി യൂണിസെഫിന്റെ സഹായത്തോടുകൂടി ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷൻ കൺസൾട്ടന്റിനെ നിയമിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലയിലെ എം.പി., മണ്ണാർക്കാട് നിയോജകമണ്ഡലം എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ അടങ്ങുന്നതും ഒറ്റപ്പാലം സബ് കളക്ടർ കൺവീനറായിട്ടുമുള്ള 10 അംഗ ഏകോപനസമിതി അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ അവലോകനം നടത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ഉറപ്പു വരുത്തുന്നതിനായി ജനനി-ജന്മരക്ഷാ പദ്ധതിയിലൂടെ പ്രതിമാസം 2,000 രൂപ നൽകുകയും ടി തുക നിർദ്ദിഷ്ട ആവശ്യത്തിനുതന്നെ വിനിയോഗിക്കുന്നുണ്ടെന്ന് എസ്.ടി. പ്രൊമോട്ടർമാർ മുഖേന ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ഫുഡ് സപ്പോർട്ട് പദ്ധതിയിലുൾപ്പെടുത്തി പോഷകാഹാര കിറ്റും ഗർഭിണികൾക്ക് നൽകുന്നു.

എസ്.ടി. പ്രൊമോട്ടർമാർ, ഫീൽഡ് നഴ്സുമാർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ എന്നിവർ ഗർഭിണികളെ സന്ദർശിക്കുകയും ചെക്കപ്പുകളും സ്കാനിംഗുകളും കൃത്യമായി നടത്തുന്നുണ്ടെന്നും ഉറപ്പുവരുത്തുന്നുണ്ട്. ഇതുകൂടാതെ ആരോഗ്യ, സാമൂഹ്യനീതി വകുപ്പുകളിൽ നിന്നുള്ള സേവനങ്ങളും എല്ലാ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനങ്ങളും ഇതിനായി നടന്നുവരുന്നുണ്ട്. നോഡൽ ഓഫീസർ കൂടിയായ ഒറ്റപ്പാലം സബ് കളക്ടർ സംയുക്ത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും എല്ലാ ആഴ്ചയിലും അട്ടപ്പാടിയിൽ വച്ച് യോഗം നടത്തി സേവനങ്ങൾ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്.

വനിതാ ശിശു വികസന വകുപ്പിനുകീഴിൽ ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് 'ആദ്യ 1000 ദിന പരിപാടി' നടപ്പിലാക്കിയിട്ടുണ്ട്. അട്ടപ്പാടിയിൽ ആരംഭിച്ച പ്രസ്തുത പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേകം തയ്യാറാക്കിയ തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്തുവരുന്നു.

അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ പോഷണക്കുറവ് കുറയ്ക്കാനും ആരോഗ്യ പോഷണ നിലവാരമുയർത്തുന്നതിന് ജീവിതശൈലിയിലുണ്ടാകേണ്ട മാറ്റങ്ങൾ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരിക്കാനുമായി ഓരോ ഊരുകളും കേന്ദ്രീകരിച്ച് വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ 'പെൺടിക കൂട്ടങ്ങൾ' അട്ടപ്പാടിയിൽ രൂപീകരിച്ചിട്ടുണ്ട്. ഐ.സി.ഡി.എസ്. മുഖേനയുള്ള 'അനുപൂരക പോഷകാഹാര പദ്ധതി' പ്രകാരം ഐ.സി.ഡി.എസ്. ഗുണഭോക്താക്കളായ 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ, 3-6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടികൾ മുഖേന പോഷകാഹാരം നൽകുന്നുണ്ട്.

**ആദിവാസി മേഖലകളിലെ ഗവേഷണങ്ങൾ**

123(912) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ വ്യക്തികളും സന്നദ്ധസംഘടനകളും നടത്തുന്ന ഗവേഷണങ്ങൾ, ഫീൽഡ് സർവ്വേകൾ തുടങ്ങിയവയ്ക്ക് അനുമതി ലഭിക്കുന്നതുസംബന്ധിച്ച് പുറപ്പെടുവിച്ച പുതിയ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഇതുസംബന്ധിച്ച് 12-5-2022, 6-6-2022 തീയതികളിൽ പുറപ്പെടുവിച്ച ബി2-1740/22 നമ്പർ സർക്കുലറുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഏതുസാഹചര്യത്തിലാണ് മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് അനുമതി നൽകുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ മേഖലകളിൽ റിസർച്ച് പെർമിഷൻ, ഫീൽഡ് സർവ്വേ, ഇന്റേൺഷിപ്പ്, ക്യാമ്പ് സംഘടിപ്പിക്കൽ എന്നിവയ്ക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ പാലിക്കേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായും അനുമതിയില്ലാതെ പട്ടികവർഗ്ഗക്കാരുടെ വ്യക്തിവിവരങ്ങൾ ഉൾപ്പെടെ പഠനാവശ്യത്തിന് ശേഖരിക്കുന്നത് ഒഴിവാക്കുന്നതിനുമായാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## എസ്.സി./എസ്.ടി ഫണ്ട് ക്രമക്കേട്

124(913) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ എസ്.സി./എസ്.ടി. ഫണ്ട് വിനിയോഗത്തിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണെന്നും എത്ര കോടി രൂപയുടെ അഴിമതി നടന്നതായാണ് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തികക്രമക്കേടുമായി ബന്ധപ്പെട്ട വകുപ്പുതല ഓഡിറ്റ് പരിശോധനയിൽ ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിരവധി തവണ തുക മാറി നൽകിയതായും ഗുണഭോക്താവ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നമ്പർ പരിഗണിക്കാതെ മറ്റ് അക്കൗണ്ട് നമ്പറുകളിലേയ്ക്ക് ആനുകൂല്യത്തുക മാറി നൽകിയതായും കണ്ടെത്തിയിട്ടുണ്ട്. അത്തരത്തിൽ 1,16,87,500 രൂപയുടെ ക്രമക്കേട് നടത്തിയിട്ടുള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) മേല്പറഞ്ഞ ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തികക്രമക്കേടുമായി ബന്ധപ്പെട്ട കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടിട്ടുണ്ട്. കൂടാതെ ടി ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പത്രിക നൽകി വകുപ്പുതല അച്ചടക്കനടപടി ആരംഭിച്ചിട്ടുണ്ട്. ആരോപണ വിധേയരായ ഉദ്യോഗസ്ഥരുടെ മറുപടി ലഭ്യമായതിനെത്തുടർന്ന് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി ദക്ഷിണമേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്.

## പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ സമ്പൂർണ്ണ വികസനവും ക്ഷേമവും

125 (914) ശ്രീ. കെ. ആൻസലൻ:

ശ്രീ. എ. പ്രഭാകരൻ:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ സമ്പൂർണ്ണ വികസനവും ക്ഷേമവും ലക്ഷ്യമിട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് ആരംഭിച്ച നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>സിവിൽ സർവ്വീസ് കോച്ചിംഗ്</u>

30 പട്ടികവർഗ്ഗ വിദ്യർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമുള്ള മികച്ച സിവിൽ സർവ്വീസ് പരിശീലന കേന്ദ്രത്തിൽ പഠിക്കുന്നതിനും താമസ സൗകര്യങ്ങൾക്കുമായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

2. <u>അക്രെഡിറ്റഡ് എഞ്ചിനീയർമാർ</u>

പട്ടികവർഗ്ഗക്കാരിലെ സിവിൽ എഞ്ചിനീയറിംഗ് ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റ് പാസായ 200 പേർക്ക് വകുപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിശീലനം ലഭിക്കുന്നതിനായി അക്രെഡിറ്റഡ് എഞ്ചിനീയർമാരായി നിയമനം നൽകുന്ന പദ്ധതി. ടി പദ്ധതി പ്രകാരം നിയമനം നൽകിത്തുടങ്ങിയിട്ടുണ്ട്.

3. <u>വിംഗ്സ് പദ്ധതി</u>

തിരുവനന്തപുരം രാജീവ് ഗാന്ധി ഏവിയേഷൻ അക്കാഡമിയിൽ കൊമേർഷ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് ചേർന്ന് പഠിക്കുന്ന 2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാനത്തിനുവിധേയമായി സ്കോളർഷിപ്പ്.

4. <u>എംപവർമെന്റ് സൊസൈറ്റി</u>

അഭ്യസ്തവിദ്യരായ പട്ടിക വിഭാഗം ഉദ്യോഗാർത്ഥികളെ തൊഴിൽ സംരംഭകരും തൊഴിൽദാതാക്കളുമാക്കുന്നതിനുള്ള പദ്ധതി.

5. <u>കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം</u>

പട്ടികവിഭാഗം ജനതയുടെ സമഗ്രവികസനത്തിനും ക്ഷേമത്തിനുമായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി.

പട്ടികവർഗ്ഗ വികസന വകുപ്പ് ചുവടെ പരാമർശിക്കുന്ന പദ്ധതികൾ കൂടി നടപ്പിലാക്കിവരുന്നു.

എ) വിദ്യാഭ്യാസം

- വിദ്യാഭ്യാസ സ്കോളർഷിപ്പ്
- പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ/എം.ആർ.എസ്.-കളെ ഉയർന്ന നിലവാരത്തിലെത്തിക്കുന്നതിനുള്ള പദ്ധതി.
- വകുപ്പിനുകീഴിലുള്ള പ്രീപ്രൈമറി സ്ഥാപനങ്ങളെ മോഡൽ പ്രീ-സ്കൂളുകളാക്കി.
- സ്കൂളുകളിൽ ഗോത്ര ഭാഷയിൽ പഠനം നടത്തുന്നതിനുള്ള പദ്ധതി
- സാമൂഹ്യ പഠനമുറി
- ലാപ്ടോപ്പ് വിതരണം
- സെറ്റിൽമെന്റുകളിൽ ഇന്റർനെറ്റ് സൗകര്യം
- പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനുള്ള ധനസഹായം

ബി) ആരോഗ്യ സംരക്ഷണ പദ്ധതികൾ

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
- പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ സഹായ പദ്ധതി
- അരിവാൾ രോഗികൾക്കുള്ള സാമ്പത്തികസഹായം
- മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ
- ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും
- ആംബുലൻസ് സേവനം
- ജനനി ജന്മരക്ഷാ പദ്ധതി

സി) സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾ

- ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി വിതരണം
- ലൈഫ് മിഷൻ - ഭവന പദ്ധതി
- അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം
- സംസ്ഥാനത്ത എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗമേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഭക്ഷ്യസുരക്ഷാ പദ്ധതികൾ

- പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം
- പട്ടികവർഗ്ഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം
- തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി
- പട്ടികവർഗ്ഗക്കാർക്കായുള്ള സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും

(ബി) പട്ടിക ഗോത്രവർഗ്ഗമേഖലകളിൽ വിവിധ സംഘടനകൾ അനുമതിയില്ലാതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവണതകൾ നിരുത്സാഹപ്പെടുത്തുന്നതിനും പ്രസ്തുത വിഭാഗങ്ങളുടെ സ്വൈര്യജീവിതം ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ നടത്തിയ ഇടപെടലുകൾ സംബന്ധിച്ച് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷിരീതികൾ വികസിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിനും സഹായകരമാകുന്ന നിലയിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യുവാൻ താല്പര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി അട്ടപ്പാടിയിൽ 'നമത് വെള്ളാമെ' എന്ന പദ്ധതി ആരംഭിച്ചു.

പരമ്പരാഗത കൃഷിയെ മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കിയിലും വയനാട് ജില്ലകളിലുമായി 'ഹരിത രശ്മി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

വകുപ്പിനുകീഴിലുള്ള അട്ടപ്പാടി, ആറളം, ചിങ്ങേരി എന്നീ ഫാമുകളുടെ നവീകരണത്തിനും ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങളുൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ പോഷകനിലവാരം വർദ്ധിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. നടപ്പുവർഷത്തിലും തുടർ പദ്ധതിയായി നടപ്പിലാക്കിവരുന്നു.

## പട്ടികവർഗ്ഗ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം

126(915) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ ദുരിതാശ്വാസനിധിയിൽനിന്നും എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ ദുരിതാശ്വാസ നിധിയിൽനിന്നും 7622 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഇതിനായി എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

4,48,37,266 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്കസമുദായ ക്ഷേമപദ്ധതികൾ

127(916) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നാക്ക സമുദായക്ഷേമത്തിനായി ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്നും ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും വിശദമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ ടി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യം വച്ചിട്ടുള്ളതാണ്. നിലവിൽ നടന്നുവരുന്ന താഴെപ്പറയുന്ന പദ്ധതികൾക്കൊപ്പം ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള പുതിയ പദ്ധതിയായ എംപവർമെന്റ് സൊസൈറ്റി, വിംഗ്സ് പദ്ധതി, ടാലന്റ് സെന്ററുകൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ലക്ഷ്യ സ്കോളർഷിപ്പ്
2. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി
3. സ്പിൽ ഓവർ ഭവനങ്ങളുടെയും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെയും പൂർത്തീകരണവും പഠനമുറികളുടെ നിർമ്മാണവും
4. പട്ടികവിഭാഗത്തിലെ ദുർബ്ബല വിഭാഗത്തിനുള്ള വികസന പരിപാടികൾ

5. ഭവനരഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ മുഖേന)

6. പട്ടികജാതി ഉപപദ്ധതികൾ ഉൾപ്പെട്ട് പ്രത്യേക പ്രോജക്ടുകൾക്കായുള്ള പൂൾഡ് ഫണ്ട്

7. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും

8. പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവ് നികത്തൽ പദ്ധതി)

9. കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന ഫെഡറേഷൻ ഓഹരി മൂലധന വിഹിതം

10. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

11. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നടത്തിപ്പ്

12. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം

13. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം- പാലക്കാട് മെഡിക്കൽ കോളേജ് നിർമ്മാണ പ്രവർത്തനങ്ങൾ

14. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം

15. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ കെട്ടിടങ്ങളുടെ മരാമത്ത് പ്രവൃത്തികളും അറ്റകുറ്റപ്പണിയും

16. എം.ആർ.എസ്. ഹോസ്റ്റലുകൾക്ക് കെട്ടിടം പണിയുന്നതിനായി ഭൂമി വാങ്ങുന്ന പദ്ധതി

17. ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി

18. ആരോഗ്യ സംരക്ഷണ പരിപാടി

19. പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം

20. വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. 30 പട്ടികവർഗ്ഗ വിദ്യർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമുള്ള മികച്ച സിവിൽ സർവ്വീസ് പരിശീലന കേന്ദ്രത്തിൽ പഠിക്കുന്നതിനും താമസസൗകര്യങ്ങൾക്കുമായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

2. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ് എന്നിവ നൽകി വരുന്നു.

3. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടി, കാസർഗോഡ് എന്നിവിടങ്ങളിലായി 2 ഇ.എം.ആർ.എസ്.-കൾ ആരംഭിച്ചു.

4. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ നിലവിൽ 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, 106 പ്രീമെട്രിക് ഹോസ്റ്റലുകൾ, 10 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

5. വകുപ്പിനുകീഴിലുള്ള 31 പ്രീപ്രൈമറി സ്ഥാപനങ്ങളെ മോഡൽ പ്രീ-സ്കൂളുകളാക്കി.

6. വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുക, കൊഴിഞ്ഞുപോക്ക് തടയുക, പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള ഗോത്രബന്ധു പദ്ധതി.

7. പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യംവച്ച് സ്കൂളുകളിൽനിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും ലഘുഭക്ഷണവും ഒരുക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയാണ് സാമൂഹിക പഠനമുറി.

8. പ്രൊഫഷണൽ കോഴ്സിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതി.

9. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇന്റർനെറ്റ് കണക്ടിവിറ്റി തീരെയില്ലാത്ത സെറ്റിൽമെന്റുകളിൽ കണക്ടിവിറ്റിക്കുള്ള നടപടി.

10. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.

11. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി.

12. അടിയന്തരഘട്ടങ്ങളിൽ ചികിത്സാ രോഗികളെ അനുബന്ധ ചെലവുകൾക്കായും രോഗികളെ ആശുപത്രിയിലെത്തിക്കുന്നതിനും ഉന്നത കേന്ദ്രങ്ങളിലെത്തിക്കുന്നതിനുമുള്ള ചികിത്സാ സഹായം.

13. വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

14. ഇടുക്കി ജില്ലയിലും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാടും ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ KMSCL മുഖേന 14 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്നു.

15. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ലഭ്യമാക്കൽ, അമ്മമാർക്കും ശിശുക്കൾക്കും പ്രതിരോധ കുത്തിവയ്പുകൾ ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമാക്കി ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു.

16. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനായി വനാവകാശ നിയമം, ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. ലാൻഡ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ചുവരുന്നുണ്ട്.

17. ലൈഫ് മിഷൻ ഭവന പദ്ധതി

18. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും അടിസ്ഥാനസൗകര്യ വികസനവും തുടങ്ങിയവ ലക്ഷ്യമാക്കി അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം.

19. പട്ടികവർഗ്ഗ ജനസംഖ്യ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങളിൽ കാർഷിക പദ്ധതി നടപ്പിലാക്കുന്നു.

20. നിർദ്ധനരും അനാഥരും നിലവിൽ ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് ഒരു ലക്ഷം രൂപ വരെ വിവാഹധനസഹായം അനുവദിച്ചുവരുന്നു.

21. ഗ്രാമീണ മേഖലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിപ്രകാരം ലഭ്യമാകുന്ന 100 ദിവസത്തെ തൊഴിലിനുപരിയായി 100 ദിവസത്തെ അധിക തൊഴിൽ നൽകുന്നതിനാരംഭിച്ച ട്രൈബൽ പ്ലസ് പദ്ധതി.

22. പട്ടികവർഗ്ഗ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പ്രശ്നം ലഘൂകരിക്കുന്നതിനായി സ്വയം തൊഴിൽ പരിശീലന പരിപാടികളും നൈപുണ്യ വികസന പദ്ധതികളും തുടർപദ്ധതികളായി നടപ്പിലാക്കിവരുന്നു.

23. സംസ്ഥാനത്തെ അനാഥരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനായുള്ള കൈത്താങ്ങ് പദ്ധതി.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ എഞ്ചിനീയറിംഗ് വൈദഗ്ധ്യം ആവശ്യമുള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ഡിപ്ലോമ/ഐ.ടി.ഐ. യോഗ്യതയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കളെ അക്രെഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർമാരായി 2 വർഷ കാലയളവിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നൽകുന്ന പദ്ധതിയും നടപ്പുസാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

പിന്നാക്ക വിഭാഗത്തിലുൾപ്പെട്ടതും മാതാവോ പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ടതുമായ പെൺകുട്ടികൾക്കായി മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്നതിന് സ്പെഷ്യൽ സ്കോളർഷിപ്പ് നടപ്പാക്കുന്നതിന് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുമതി നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം മുതൽ ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പട്ടികജാതി, പട്ടികഗോത്രവർഗ്ഗക്കാരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ

128(917) ശ്രീ കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. എ. പ്രഭാകരൻ:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക തൊഴിൽ മേഖലകളിലും വ്യവസായ സംരംഭങ്ങളിലും പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവരുടെ സംരംഭങ്ങൾക്ക് മൂലധന പിന്തുണ നൽകുന്നതിനും സംരംഭകത്വ പരിശീലനം നൽകുന്നതിനും ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ് സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന 'സ്റ്റാർട്ടപ്പ് ഡ്രീംസ്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ട യുവ എഞ്ചിനീയർമാരെ അക്രെഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ യെന്നറിയിക്കാമോ?

ഉണ്ട്. പട്ടികജാതിയിൽപ്പെട്ട B.Tech/Diploma/TTI യോഗ്യതയുള്ള 300 പേരെയും പട്ടികവർഗ്ഗത്തിൽപ്പെട്ട 200 പേരെയും അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തികോന്നമനം**

129(918) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. കെ. എം. സച്ചിൻദേവ്:

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമ്പത്തികോന്നമനത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും സാമ്പത്തികോന്നമനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡയറക്ടറേറ്റ് തലത്തിലും ജില്ലാ-ബ്ലോക്ക് തലത്തിലും സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പുമുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ വകുപ്പുതലത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ പുരോഗതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതി കൈവരിക്കാത്ത സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ/പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിനുതകുന്ന രീതിയിൽ ഇവരിൽനിന്നും സിവിൽ എഞ്ചിനീയറിംഗ് ബിരുദമോ ഡിപ്ലോമയോ യോഗ്യതയുള്ള യുവാക്കൾക്ക് എഞ്ചിനീയർമാരായും ഓവർസിയർമാരായും നിയമനം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വകുപ്പിൽ എഞ്ചിനീയറിംഗ് വൈദഗ്ദ്ധ്യമാവശ്യമുള്ള പദ്ധതികളുടെ നിർവ്വഹണത്തിനായി സിവിൽ എഞ്ചിനീയറിംഗ് ബിരുദം/ ഡിപ്ലോമ/ഐ.ടി.ഐ. യോഗ്യതയുള്ള പട്ടികജാതിയിൽപ്പെട്ട യുവതീയുവാക്കളെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർമാരായി 2 വർഷ കാലയളവിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി 29-5-2022-ലെ സ.ഉ. (കൈ) നം.30/22/പജ.പവ.വിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ എണ്ണത്തിൽ സംസ്ഥാനം രാജ്യത്ത് ഒന്നാമതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കായി സർക്കാർ നടത്തുന്ന സാമ്പത്തിക ഇടപെടലുകളുടെ ഫലമായിട്ടാണിത് സാദ്ധ്യമായിട്ടുള്ളതെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

രാജ്യസഭയിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1922-ന് 3-8-2022-ൽ കേന്ദ്രസർക്കാർ നൽകിയിട്ടുള്ള മറുപടിയിലെ കണക്കുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ എണ്ണം ഏറ്റവും കൂടുതൽ കേരളത്തിലാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വികസനത്തിനായി കിർത്താഡ്സ് നടത്തിവരുന്ന പ്രവർത്തനങ്ങൾ

130 (919) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. വിജിൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ ജാതി സർട്ടിഫിക്കറ്റുകളിലൂടെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; സമുദായ നിർണ്ണയ പഠനങ്ങളിൽ കിർത്താഡ്സ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉണ്ട്. വ്യാജ ജാതി സർട്ടിഫിക്കറ്റുപയോഗിച്ച് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവരുടെ ജാതി സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുകയും അതുപയോഗിച്ച് ജോലി നേടിയവരാണെങ്കിൽ സർവ്വീസിൽനിന്ന് പിരിച്ചുവിടുന്നതടക്കമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

സമുദായ നിർണ്ണയ പഠനത്തിന്റെ ഭാഗമായി വിവിധ കമ്മീഷനുകൾ, വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള സംശയാസ്പദമായ പരാതികളിന്മേൽ ആരോപണവിധേയരെക്കുറിച്ച് കിർത്താഡ്സ് വിശദമായ നരവംശശാസ്ത്ര പഠന റിപ്പോർട്ട് തയ്യാറാക്കാറുണ്ട്. ഈ റിപ്പോർട്ടിൽ ആരോപണവിധേയരുടെ മുൻതലമുറക്കാർ, കുടുംബാംഗങ്ങൾ, ബന്ധുക്കൾ ഇവരുടെ ജാതി, വിവാഹബന്ധങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ പ്രാദേശിക അന്വേഷണം നടത്തുകയും അതിന് ഉപോൽബലകമായ തെളിവുകളും മറ്റും ശേഖരിച്ചുമാണ് റിപ്പോർട്ട് തയ്യാറാക്കുന്നത്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ കലാരൂപങ്ങളുടെ പ്രോത്സാഹനത്തിനും ഗോത്രവർഗ്ഗങ്ങളുടെ അന്യംനിന്നുപോവുന്ന സാംസ്കാരികസത്തയെ സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ?

കേരളത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള പട്ടികജാതി, പട്ടികവർഗ്ഗ സമുദായക്കാരുടെ പാരമ്പര്യ നൃത്തകലാരൂപങ്ങൾ പൊതുസമൂഹത്തിൽ അവതരിപ്പിക്കുവാനും രുചിക്കൂട്ടുകളും വനവിഭവങ്ങളും പൊതുജനങ്ങൾക്ക് ആസ്വദിക്കുവാനും പൈതൃകമായി പകർന്ന് കിട്ടിയ വൈദ്യചികിത്സാരീതികൾ പരിചയപ്പെടുത്തുവാനും 'ഗദ്ദിക നാടൻ കലാമേള പ്രദർശന വിപണന മേള' നടത്താറുണ്ട്. കൂടാതെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സംസ്ഥാനതല കലോത്സവത്തിൽ പരമ്പരാഗത നൃത്തവും പാട്ടുകളും മത്സരയിനമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എറണാകുളത്തുള്ള ട്രൈബൽ കോംപ്ലക്സ് പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമാകുന്നതോടെ പരമ്പരാഗത കലാരൂപങ്ങൾക്ക് സ്ഥിരംവേദി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കോവിഡുമൂലം തൊഴിലവസരങ്ങളില്ലാതിരുന്ന കലാകാരന്മാരെ സഹായിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ 2021-22 വർഷങ്ങളിൽ മിനിഗദ്ദികകൾ നടത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ കലാകാരന്മാരുടെ ശില്പശാലകൾ, ഗോത്രവർഗ്ഗ കലകളെ അധികരിച്ചുള്ള അന്തർദേശീയ, ദേശീയ സെമിനാറുകൾ, നൃത്തപഠന കളരികൾ, തെയ്യം, മുഖത്തെഴുത്ത്, ശില്പശാലകൾ, വാദ്യോപകരണങ്ങളെക്കുറിച്ചുള്ള ശില്പശാലകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ആദികലാകേന്ദ്രത്തിന്റെയും ഗവേഷണ-പരിശീലന വികസന പഠന വിഭാഗങ്ങളുടെയും പ്രവർത്തനങ്ങളിലൂടെ ഗവേഷണ പഠനങ്ങളും പഠന കളരികളും പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഗോത്ര കലാകാരന്മാർക്കും കലാസമിതികൾക്കും ഗ്രാന്റ് നൽകുകയും സംസ്ഥാനത്തിനകത്തും പുറത്തും നടത്തുന്ന കലാമേളകളിൽ ഇവരെ പങ്കെടുപ്പിക്കുകയും ചെയ്യാറുണ്ട്. ഇവരെ ഉൾപ്പെടുത്തി ഗോത്രകലാകാരന്മാരുടെ പേരുവിവര സൂചിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷത്തിൽ 'കാണിക്കാർ' സമുദായത്തിന്റെ പാരമ്പര്യ കലാരൂപങ്ങളുടെ ഡോക്യുമെന്റേഷൻ പദ്ധതി നടത്തിവരികയാണ്.

(സി) പട്ടികജാതി, പട്ടികവർഗ്ഗ വികസനം പരിശീലനത്തിലൂടെയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, ആരോഗ്യ സംരക്ഷണം, കലാസാംസ്കാരിക ഉന്നമനം, ഭരണഘടനാ അവകാശം തുടങ്ങിയ മേഖലകളിൽ എന്തെല്ലാം പരിശീലന പ്രവർത്തനങ്ങളാണ് കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നത്; വിശദമാക്കാമോ?

ഗോത്രമേഖലയിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു. പ്രീ മോഡൽ സ്കൂളുകൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർ/അനദ്ധ്യാപകർ എന്നിവർക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിലെ സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി പട്ടികവർഗ്ഗ ജനപ്രതിനിധികൾക്കായി വിവിധങ്ങളായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഗോത്രവർഗ്ഗ സ്ത്രീകളുടെ സാമൂഹിക-സാംസ്കാരിക സാഹചര്യത്തെക്കുറിച്ച് ത്രിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിച്ചു. പട്ടികവർഗ്ഗ മേഖലയിലെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ഊരുതലത്തിൽ ഏകദിന പരിശീലന പരിപാടികൾ നടത്തിവരുന്നു. ഇരുളർ, പണിയർ എന്നീ വിഭാഗങ്ങളുടെ തനതുഭാഷയിൽ ലഹരി വിമുക്ത ബോധവൽക്കരണ നാടക ശില്പശാല സംഘടിപ്പിക്കുകയും ഈ നാടകം വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അവതരിപ്പിക്കുകയും ചെയ്തു. കേരളത്തിലെ ഗോത്ര ജനതയുടെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ത്രിദിന ശില്പശാലയും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ യുവതീയുവാക്കൾക്കായി പ്രാഥമിക വൈദ്യ ശുശ്രൂഷ പരിശീലന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള നിയമങ്ങളിലും ചട്ടങ്ങളിലും അവബോധം നൽകുന്നതിനായി പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങൾക്കായി നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് പരിശീലന പരിപാടി നടത്തുന്നത് പരിശോധിക്കുന്നതാണ്.

## വിവാഹ ധനസഹായം

131(920) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതികളുടെ വിവാഹ ധനസഹായം ഒന്നേകാൽ ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുമെന്ന ബഡ്ജറ്റ് നിർദ്ദേശം നാളിതുവരെ നടപ്പാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വർദ്ധിപ്പിച്ച ആനുകൂല്യം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

വിവാഹ ധനസഹായം ഒന്നേകാൽ ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) മാതാപിതാക്കൾ മരണപ്പെട്ട യുവതികളുടെ വിവാഹത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഒന്നര ലക്ഷം രൂപയുടെ ധനസഹായം നൽകിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പട്ടികജാതി വികസന വകുപ്പിലും ഇത് നടപ്പാക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിക്കുന്നതാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ**

132(921) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി ജനവിഭാഗങ്ങളുടെ വിവിധ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ വിവിധ വികസന ക്ഷേമ പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് കാര്യക്ഷമവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികളെപ്പറ്റി ജനങ്ങൾക്ക് അറിവ് നൽകുന്നതിന് വിവിധങ്ങളായ പ്രചാരണ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഓരോ പദ്ധതിക്കും അർഹരായവരെ യഥാസമയം കണ്ടെത്തുന്നതിനും അപേക്ഷകൾ സമയ ബന്ധിതമായി സമർപ്പിക്കുന്നതിനും പട്ടികജാതി പ്രൊമോട്ടർമാർ വഴിയും ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ സഹായത്തോടെയും വകുപ്പ് ഉദ്യോഗസ്ഥർക്കാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. പരമാവധി പദ്ധതികൾ ഓൺലൈനായിതന്നെ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അപേക്ഷകൾക്കൊപ്പം സമർപ്പിക്കേണ്ട രേഖകളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ തലം മുതൽ പ്രാദേശിക തലം വരെയും വിവിധ തട്ടുകളിലായി അവലോകനയോഗങ്ങളും മോണിറ്ററിംഗ് സംവിധാനങ്ങളും നടപ്പിലാക്കുന്നു. ഈ സർക്കാർ വന്നശേഷം ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ പ്രത്യേക മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) അതിദാരിദ്ര്യത്തിൽ കഴിയുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കണക്ക് ത്രിതലപഞ്ചായത്തുകളുടെ സഹകരണത്തോടെ കണ്ടെത്തി അവരെ സഹായിക്കുവാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പട്ടികവർഗ്ഗക്കാർക്കായി പ്രഖ്യാപിച്ച പദ്ധതികൾ**

133(922) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കായി പ്രഖ്യാപിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രം തുക അനുവദിക്കാത്തതിനാൽ പ്രസ്തുത പദ്ധതികളെ സംസ്ഥാന പദ്ധതികളാക്കി വാർഷിക പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെട്ടിരുന്ന എം.ആർ.എസ്./ആശ്രമം സ്കൂളുകളുടെ നിർമ്മാണം, ബോയ്സ് ഹോസ്റ്റൽ നിർമ്മാണം, ഗേൾസ് ഹോസ്റ്റൽ നിർമ്മാണം എന്നീ പദ്ധതികൾക്ക് കേന്ദ്രത്തിൽനിന്നും തുക അനുവദിക്കാത്തതിനാൽ 'പട്ടികവർഗ്ഗ മേഖലയിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും/ആശ്രമം സ്കൂളുകളുടെയും/ഏകലവ്യാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും/പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും നിർമ്മാണം' എന്ന സംസ്ഥാന പദ്ധതിയാക്കി മാറ്റി തുക വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി കേരള ട്രൈബൽ പ്ലസ് പ്രോഗ്രാം എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിക്കുകീഴിൽ കേരള ട്രൈബൽ പ്ലസ് പ്രോഗ്രാം (അധിക വേതന തൊഴിൽ പദ്ധതി) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ എം.ജി.എൻ.ആർ.ഇ.ജി.എസ്. നൽകുന്ന 100 ദിവസ തൊഴിലിനുപുറമെ 100 ദിവസത്തെ തൊഴിൽ കൂടി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്നു. പദ്ധതിക്കാവശ്യമായ ഫണ്ട് ആവശ്യപ്പെടുന്നമുറയ്ക്ക് തൊഴിലുറപ്പ് മിഷന് ലഭ്യമാക്കുന്നതാണ്.

(സി) പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകുന്നതിനും ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

പട്ടികവർഗ്ഗക്കാരുടെ ഭൂമി അന്യാധീനപ്പെട്ടാൽ പുനഃസ്ഥാപിച്ച് നൽകുന്നതിന് കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും നിയമം 1999-ലെ വകുപ്പ് (7) പ്രകാരം ഭൂമി സ്ഥിതി ചെയ്യുന്ന സ്ഥലത്തെ റവന്യൂ ഡിവിഷണൽ ആഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. റവന്യൂ ഡിവിഷണൽ ആഫീസറുടെ തീരുമാനം അപേക്ഷകന് എതിരായാൽ ടി നിയമത്തിലെ വകുപ്പ് 7(5) പ്രകാരം 30 ദിവസത്തിനകം ജില്ലാകളക്ടർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജില്ലാകളക്ടർ പ്രസ്തുത അപേക്ഷയിൽ വിചാരണ നടത്തി തീരുമാനം കൈക്കൊള്ളുന്നതാണ്.

**ഗോത്ര വാത്സല്യ നിധി പദ്ധതി**

134(923) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോത്ര വാത്സല്യ നിധി പദ്ധതിയിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

'ഗോത്ര വാൽസല്യനിധി' പദ്ധതിയിൽ 2088 പെൺകുട്ടികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൽ.ഐ.സി. ടി പദ്ധതിയിൽ ഏകപക്ഷീയമായി മാറ്റം വരുത്തിയതിനാൽ പ്രസ്തുത പദ്ധതി തുടർന്നുകൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചുവരികയാണ്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ**

135(924) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് പ്രസ്തുത വിഭാഗത്തിലെ താഴെത്തട്ടിലുള്ളവർക്ക് കാര്യമായ അറിവില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അവരുടെയിടയിൽ ബോധവൽക്കരണം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് പട്ടിക വിഭാഗങ്ങൾക്കും പൊതുസമൂഹത്തിനും അവബോധം നൽകുന്നതിനായി പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിലെ താഴെത്തട്ടിലുള്ളവരുടെ ഇടയിൽ പ്രവർത്തിച്ച് അവരുമായി ഫലപ്രദമായി ആശയവിനിമയം നടത്തുന്നതിനും

ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രൊമോട്ടർമാർക്ക് പരിശീലനം നൽകുന്നുണ്ട്. പട്ടികജാതി വിഭാഗങ്ങൾക്കായി വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളുടെ ഫീൽഡുതല പ്രയോജന ക്ഷമത പരിശോധിക്കുന്നതിനും ദുർബല പുനരധിവാസ പദ്ധതിയുടെ മൈക്രോ പ്ലാനിംഗ് ഉൾപ്പെടെയുള്ള വികസന പദ്ധതികളുടെ പ്രവർത്തനത്തിനും മറ്റുമായി 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സമൂഹ മാധ്യമങ്ങൾ വഴി ക്ഷേമപദ്ധതികളുടെ വിവരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ വെബ്സൈറ്റിൽ പദ്ധതികളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ നടപ്പിലാക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി ലഘുലേഖകൾ, ബ്രോഷറുകൾ, കൈപ്പുസ്തകം എന്നിവ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുകയും ഊരുകൂട്ടങ്ങളിലും തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനം, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം തുടങ്ങിയവയോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരികയും ചെയ്യുന്നുണ്ട് . എക്സൈസ് , ആരോഗ്യം, പോലീസ് , വനം, തദ്ദേശസ്വയംഭരണം തുടങ്ങി വിവിധ വകുപ്പുകളുടെ സഹായത്തോടെ വ്യാപകമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 54 കമ്മിറ്റഡ് സോഷ്യൽ വർക്കർമാരെ നിയമിച്ചിട്ടുണ്ട്.

(സി) താഴെത്തട്ടിലുള്ളവരുടെ അജ്ഞത മുതലെടുത്ത് മേൽത്തട്ടിലുള്ളവരും ഉദ്യോഗസ്ഥരും ചേർന്ന് പദ്ധതി തുക തട്ടിയെടുക്കുന്നതിനെതിരെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വകയിരുത്തിയ ഫണ്ടിന്റെ ദുരുപയോഗം തടയാൻ വകുപ്പിന്റെ ക്ഷേമപദ്ധതികളെല്ലാം അടിയന്തരമായി ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനോടൊപ്പം വകുപ്പുതല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ പദ്ധതികളുടെ മേൽനോട്ടത്തിനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഓരോ വർഷവുമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം ചെലവാക്കാത്തതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി തുക വകമാറ്റി ചെലവഴിച്ചതായുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വകുപ്പുതല സ്കീമുകൾക്ക് അംഗീകാരം നൽകുന്നമുറയ്ക്ക് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ വകുപ്പിനുകീഴിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിവരുന്നുണ്ട്. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം ചില ശീർഷകങ്ങളിൽ ഫണ്ട് മുഴുവനായും വിനിയോഗിക്കപ്പെടുന്നില്ല. ഇത് വകുപ്പുതലത്തിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. വകുപ്പിന്റെ പദ്ധതി തുക വക മാറ്റി ചെലവഴിച്ചതായുള്ള പരാതികളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന തുകകളൊന്നും തന്നെ വക മാറ്റി ചെലവഴിച്ചിട്ടില്ല.

### കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി

136(925) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബി സമുദായത്തെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്തുന്നതിനായി കേന്ദ്രസാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം ലഭ്യമാക്കിയ പ്രൊഫോർമയുടെ അടിസ്ഥാനത്തിൽ ശിപാർശ സമർപ്പിക്കുന്നതിനാവശ്യമായ പഠനം പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച ശിപാർശ കേന്ദ്രസർക്കാരിലേയ്ക്ക് എന്നത്തേയ്ക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുടുംബി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ പട്ടികയിലുൾപ്പെടുത്തുന്നതിനായി ശിപാർശ ചെയ്യപ്പെടാൻ ടി സമുദായത്തിന് അർഹതയുണ്ടോയെന്നത് സംബന്ധിച്ച് കിർത്താഡ്സ് നടത്തിവരുന്ന പഠനം പൂർത്തിയായിട്ടില്ല. പഠന റിപ്പോർട്ട് അനുകൂലമാണെങ്കിൽ ആയത് ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്നത് പരിശോധിക്കുന്നതാണ്.

### പിന്നാക്ക വിഭാഗത്തിൽ അധികമായി ഉൾപ്പെടുത്തിയ വിഭാഗങ്ങൾ

137(926) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നാക്ക വിഭാഗത്തിൽ അധികമായി ഉൾപ്പെടുത്തിയ വിഭാഗങ്ങൾ ഏതെല്ലാം?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം SIUC ഒഴികെ ക്രിസ്തുമത വിഭാഗത്തിലുൾപ്പെടുന്ന നാടാർ സമുദായത്തെയും കുമാര ക്ഷത്രിയ, പുലുവ ഗൗണ്ടർ, വേട്ടുവ ഗൗണ്ടർ, പടയാച്ചി ഗൗണ്ടർ, കാവലിയ ഗൗണ്ടർ എന്നീ വിഭാഗങ്ങളെയും പുതുതായി ഒ.ബി.സി. പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുരുക്കൾ/ഗുരുക്കൾ, ചെട്ടിയാർ, ഹിന്ദു ചെട്ടി, പപ്പട ചെട്ടി വിഭാഗങ്ങളെ വീരശൈവയുടെ ഉപവിഭാഗമായും ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗങ്ങളെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കപ്പെട്ട കാരണങ്ങൾ, മാനദണ്ഡങ്ങൾ എന്നിവ വെളിപ്പെടുത്തുമോ?

കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ടി വിഭാഗങ്ങളെ സംസ്ഥാന പിന്നാക്ക വിഭാഗ പട്ടികയിലുൾപ്പെടുത്തി ഉത്തരവായിട്ടുള്ളത്.

(സി) ടി വിഭാഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുമൂലം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ സർവ്വീസിൽ സംവരണം ലഭ്യമാകുന്നതാണ്.

(ഡി) ഇനിയും ഏതെല്ലാം വിഭാഗങ്ങളെ പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

നിലവിൽ സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സമുദായങ്ങളെ പുതുതായി പിന്നാക്ക വിഭാഗത്തിലുൾപ്പെടുത്തുവാനുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടില്ല.

## പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവ്വീസ് പരിശീലന സഹായം

138(927) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് സിവിൽ സർവ്വീസ് പരിശീലനത്തിന് നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായി സംസ്ഥാനത്തിനകത്തെ മികച്ച പരിശീലന കേന്ദ്രങ്ങളിൽ പഠിക്കുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന

എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതി പ്രകാരം പ്രിലിമിനറി, ഫൈനൽ പരീക്ഷകൾക്ക് 25,000 രൂപ വീതം ധനസഹായം അനുവദിക്കുന്നു.

(ബി) സിവിൽ സർവ്വീസ് പരിശീലനത്തിനനുവദിക്കുന്ന ഗ്രാന്റ്, സംവരണം എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രിലിമിനറി പരീക്ഷാ പരിശീലനത്തിന് 25,000, ഫൈനൽ പരീക്ഷാ പരിശീലനത്തിന് 25,000 എന്നിങ്ങനെ ഒരു ഉദ്യോഗാർത്ഥിക്ക് ആനുകൂല്യം അനുവദിക്കുന്നു. ടി തുകയിൽ ട്യൂഷൻ ഫീസിനത്തിൽ 15,000 രൂപയും മെയിന്റനൻസ് അലവൻസ് ഇനത്തിൽ പരമാവധി 10 മാസത്തേയ്ക്ക് 10,000 രൂപയും ഉൾപ്പെടുത്തിയാണ് നൽകുന്നത്.

സംസ്ഥാനത്തെ 4.5 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗം ഉദ്യോഗാർത്ഥികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്.

(സി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ, അപേക്ഷാ നടപടിക്രമങ്ങൾ തുടങ്ങിയവ വിശദീകരിക്കാമോ?

അപേക്ഷ ഇ-ഗ്രാന്റ്സ് മുഖേന ഓൺലൈനായി സ്വീകരിക്കുന്നു. സംസ്ഥാനത്തെ 4.5 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ള ഒ.ബി.സി. വിഭാഗം ഉദ്യോഗാർത്ഥികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. സർക്കാർ നിയന്ത്രണത്തിലുള്ള സിവിൽ സർവ്വീസ് അക്കാദമിയിലോ കുറഞ്ഞത് 5 വർഷമെങ്കിലും സേവന പാരമ്പര്യമുള്ള സംസ്ഥാനത്തെ പ്രശസ്ത സ്ഥാപനങ്ങളിലോ പഠിക്കുന്നവർക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായാൽ ഉയർന്ന മാർക്ക് മുൻഗണനയായി കണക്കാക്കുന്നതാണ്.

**പിന്നാക്ക വിഭാഗങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ വഴിയുള്ള പദ്ധതി**

139(928) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനം സാദ്ധ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേന കുംഭാര കോളനി അടിസ്ഥാനസൗകര്യ വികസന പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനത്തിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. വർക്ക് ഷെഡ്, ചൂള, കമ്മ്യൂണിറ്റി ഹാൾ, റോഡ് തുടങ്ങിയവ ഈ പദ്ധതിയിലുൾപ്പെടുന്നു. സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയെയാണ് ടി പദ്ധതിപ്രകാരം തെരഞ്ഞെടുത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്.

(ബി) പാലാ മേലുകാവ് പഞ്ചായത്തിൽ പിന്നാക്ക വിഭാഗങ്ങൾക്കായി സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതികൾ മേലുകാവ് പഞ്ചായത്തിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച ശിപാർശകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ടി പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ക്ഷേമപദ്ധതികൾ കൃത്യമായി ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കുടുംബി സമുദായത്തിന്റെ തൊഴിൽ-വിദ്യാഭ്യാസ സംവരണം

140(929) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനസംഖ്യയിൽ കുടുംബി സമുദായം എത്രശതമാനമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വ്യക്തമാക്കാമോ?

കണക്കാക്കിയിട്ടില്ല.

(ബി) കുടുംബി സമുദായങ്ങൾക്ക് വിദ്യാഭ്യാസ സംവരണം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രശതമാനം?

ഉണ്ട്. ഹയർ സെക്കണ്ടറി, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്ക് ഒരു ശതമാനവും ആർട്സ് & സയൻസ് കോഴ്സുകൾക്ക് ഒ.ബി.എച്ച്. വിഭാഗത്തിലുൾപ്പെടുത്തി മൂന്ന് ശതമാനവും മെഡിക്കൽ പി.ജി. പ്രവേശനത്തിന് ഒരു ശതമാനവും സംവരണം അനുവദിക്കുന്നുണ്ട്.

(സി) ഏതൊക്കെ കോഴ്സുകൾക്കാണ് സംവരണം നൽകുന്നതെന്ന് വ്യക്തമാക്കുമോ; ഡിഗ്രി കോഴ്സുകൾക്ക് സംവരണമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ഈ സമുദായങ്ങൾക്ക് ഹയർ സെക്കണ്ടറി, പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾ, ആർട്സ് & സയൻസ് കോഴ്സുകൾ, മെഡിക്കൽ പി.ജി. കോഴ്സുകൾ എന്നിവയുടെ പ്രവേശനത്തിന് സംവരണം അനുവദിക്കുന്നു. ഡിഗ്രി കോഴ്സുകൾക്ക് ഒ.ബി.എച്ച്. വിഭാഗത്തിനുള്ള മൂന്ന് ശതമാനത്തിലുൾപ്പെടുത്തി സംവരണം അനുവദിക്കുന്നു.

(ഡി) കുടുംബി സമുദായങ്ങൾക്ക് സർക്കാർ സർവ്വീസിൽ സംവരണം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

കുടുംബി സമുദായങ്ങൾക്ക് റെസിഡ്യുവൽ ഒ.ബി.സി. വിഭാഗത്തിലുൾപ്പെടുത്തി സർക്കാർ സർവ്വീസിൽ സംവരണം അനുവദിക്കുന്നുണ്ട്. റെസിഡ്യൂവൽ ഒ.ബി.സി.-യുടെ സംവരണ ശതമാനം ക്ലാസ് IV തസ്തികകൾക്ക് ആറുശതമാനവും ക്ലാസ് IV ഇതര തസ്തികകൾക്ക് മൂന്ന് ശതമാനവുമാണ്.

**പിന്നാക്ക വിഭാഗങ്ങൾക്ക് നൽകുന്ന വായ്പകൾ**

141(930) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ നൽകിവരുന്നത്;

(ബി) വായ്പയും നൽകുന്ന സ്ഥാപനങ്ങളും വായ്പയ്ക്കുള്ള പലിശയും എത്രയെന്ന് വിശദമാക്കാമോ?

(എ&ബി) പിന്നാക്ക വിഭാഗ വികസന വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ എന്നീ കോർപ്പറേഷനുകൾ വഴി പിന്നാക്ക വിഭാഗങ്ങൾക്ക് സർക്കാർ വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വന്തം ഫണ്ടുപയോഗിച്ചും ദേശീയ പിന്നാക്ക വിഭാഗ ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NBCFDC), ദേശീയ സഫായ് കർമ്മചാരീസ് ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NSKFDC) തുടങ്ങിയ ദേശീയ ഏജൻസികളുടെ

ധനസഹായത്തോടെയും കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ജില്ലാ/ഉപജില്ലാ ഓഫീസുകൾ മുഖേന വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കുറഞ്ഞ പലിശ നിരക്കിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി പരിവർത്തിത ക്രൈസ്തവർക്കും ശുപാർശിത വിഭാഗത്തിൽപ്പെട്ടവർക്കും നൽകിവരുന്ന വായ്പകളുടെ വിശദംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന കളിമൺപാത്ര നിർമ്മാണ വിപണന തൊഴിലാളികൾക്ക് കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ വഴി താഴെപ്പറയുന്ന രണ്ട് പദ്ധതികളിലൂടെ വായ്പ നൽകിവരുന്നു.

1. കളിമൺപാത്ര നിർമ്മാണ യൂണിറ്റ് വായ്പ

2. കളിമൺപാത്ര വിപണന പ്രവർത്തന മൂലധന വായ്പ.

(മേൽവിവരിച്ച രണ്ട് പദ്ധതികളിലും പരമാവധി വായ്പ തുക 2 ലക്ഷം രൂപയും പലിശ നിരക്ക് 6 ശതമാനം, തിരിച്ചടവ് കാലാവധി 5 വർഷവുമാണ്.)

3. സ്വയംസഹായ ഗ്രൂപ്പുകൾക്ക് കുടുംബശ്രീ മാതൃകയിൽ വായ്പ നൽകുന്നതിനുള്ള സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഒരു ഗ്രൂപ്പിന് പരമാവധി 5 ലക്ഷം രൂപ 36 മാസകാലാവധിയിലാണ് വായ്പ നൽകാൻ ഉദ്ദേശിക്കുന്നത്. സി.ഡി.എസ്.-കൾ മുഖേന നടപ്പിലാക്കുന്ന ഈ വായ്പയ്ക്ക് ആറുശതമാനമാണ് പലിശനിരക്ക്.

**പിന്നാക്ക സമുദായങ്ങൾക്കുള്ള തൊഴിൽദായക പദ്ധതികൾ**

142(931) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള തൊഴിൽദായക പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പിന്നാക്ക വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ മേഖലയിൽ ഡിപ്ലോമ/ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സ് പൂർത്തിയാക്കിയ പിന്നാക്ക വിഭാഗങ്ങളിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുകയും പ്രമുഖ സ്ഥാപനങ്ങളിൽ തൊഴിലുറപ്പാക്കുകയും ചെയ്യുന്ന തൊഴിൽദായക പദ്ധതിയാണ് കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പദ്ധതി.

കൂടാതെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾ, വിശ്വകർമ്മജരടക്കമുള്ള പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്നവർ, പരമ്പരാഗത ബാർബർ സമുദായങ്ങൾ എന്നിവരുടെ തൊഴിൽ നവീകരണത്തിന് വകുപ്പുമുഖേന ഗ്രാന്റ് അനുവദിക്കുന്നുണ്ട്. പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ ആപേക്ഷിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുള്ള തൊഴിൽദായക പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത സമുദായത്തിൽപ്പെട്ട യുവതീയുവാക്കളുടെ സ്വയം സംരംഭകത്വ പദ്ധതികൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

പിന്നാക്ക വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്റ്റാർട്ടപ്പ് പദ്ധതികൾ ആരംഭിക്കുന്നതിനും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന വായ്പാ പദ്ധതിയിൽ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്. വായ്പകൾക്ക് 20 ശതമാനം സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

(സി) പിന്നാക്ക സമുദായങ്ങളിലെ പരമ്പരാഗത തൊഴിൽ മേഖലകളുടെ ആധുനികവൽക്കരണത്തിനും വരുമാന വർദ്ധനവിനുമായി നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാം; വിശദമാക്കുമോ?

പിന്നാക്ക വിഭാഗത്തിൽപ്പെട്ട കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾ, വിശ്വകർമ്മജരടക്കമുള്ള പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്നവർ, പരമ്പരാഗത ബാർബർ സമുദായങ്ങൾ എന്നിവരുടെ തൊഴിൽ നവീകരണത്തിന് വകുപ്പുമുഖേന ഗ്രാന്റ് അനുവദിക്കുന്നുണ്ട്. പിന്നാക്ക സമുദായങ്ങളിലെ പരമ്പരാഗത

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തൊഴിൽമേഖലകളുടെ ആധുനികവൽക്കരണത്തിനും വരുമാന വർദ്ധനവിനുമായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) പിന്നാക്ക സമുദായങ്ങളിലെ സ്ത്രീകളുടെ വരുമാന വർദ്ധനവിനും നൈപുണ്യ വികസനത്തിനുമായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ വരുമാന വർദ്ധനവിനും നൈപുണ്യ വികസനത്തിനുമായി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഉന്നതവിദ്യാഭ്യാസ ധനസഹായം**

143(932) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസത്തിനായി നൽകിവരുന്ന ധനസഹായം അക്കാദമിക് കലണ്ടർ അനുസരിച്ചാണോ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസത്തിനായി നൽകിവരുന്ന ധനസഹായം അക്കാഡമിക് കലണ്ടറനുസരിച്ചാണ് നൽകി വരുന്നത്.

(ബി) അതത് വർഷങ്ങളിൽ/സെമസ്റ്ററുകളിൽ ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ആനുകൂല്യങ്ങൾ ഓൺലൈനായി അതത് വർഷങ്ങളിൽത്തന്നെ നൽകുന്നതിന് ശ്രദ്ധിക്കാറുണ്ട്. കേന്ദ്ര പദ്ധതികളുടെ തുക യഥാസമയം ലഭ്യമാകാത്ത സാഹചര്യത്തിൽ ആനുകൂല്യവിതരണം ടി സ്കീമുകളിൽ വൈകുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പഠനം പൂർത്തീകരിക്കുന്നതിനിടയിൽ ചില വർഷങ്ങളിൽ ധനസഹായം ലഭ്യമാക്കുന്നില്ലെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സാങ്കേതിക പ്രശ്നങ്ങൾമൂലം സംസ്ഥാന പദ്ധതികളിൽ ചില വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിച്ച് നൽകിവരുന്നുണ്ട്. കേന്ദ്ര പദ്ധതികളിൽനിന്ന് ഫണ്ട് ലഭ്യമാക്കി കുടിശ്ശികകളില്ലാതെ ആനുകൂല്യം അനുവദിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി**

144(933) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ഉന്നത പഠനം നടത്തുന്നതിന് ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വിദ്യാർത്ഥികൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏതൊക്കെ കോഴ്സുകൾ പഠിക്കുന്നതിനാണ് സഹായം അനുവദിച്ചിട്ടുള്ളത്?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ പദ്ധതി പ്രകാരം അപേക്ഷിച്ച എത്ര വിദ്യാർത്ഥികളുടെ അപേക്ഷകൾ നിരസിച്ചിട്ടുണ്ട്?

2021-22 സാമ്പത്തികവർഷം ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിക്കായി ആകെ 363 അപേക്ഷകൾ ലഭിച്ചു. ടൈംസ് ഹയർ എഡ്യുക്കേഷൻ ലോക യൂണിവേഴ്സിറ്റി റാങ്കിംഗ് പ്രകാരം ആദ്യ 200 റാങ്ക് വരെയുള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ/ഓഫർ ലെറ്റർ ലഭിച്ച 105 അപേക്ഷകരും 201 മുതൽ 600-ാം റാങ്ക് വരെയുള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ/ഓഫർ ലെറ്റർ ലഭിച്ച 181 അപേക്ഷകരും മാനദണ്ഡങ്ങൾ പാലിക്കാത്ത 77 അപേക്ഷകളുമാണ് ലഭിച്ചത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2-2-2022-ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി ടി അപേക്ഷകൾ പരിഗണിക്കുകയും അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും കണക്കിലെടുത്ത് പദ്ധതിയുടെ അടിസ്ഥാന മാനദണ്ഡങ്ങൾക്കുവിധേയമായി കുറഞ്ഞ വാർഷിക വരുമാനക്കാർക്ക് മുൻഗണന നൽകി 20 വിദ്യാർത്ഥികളെ മുഖ്യപട്ടികയിലും 20 വിദ്യാർത്ഥികളെ സാദ്ധ്യതാ പട്ടികയിലുമുൾപ്പെടുത്തി സ്കോളർഷിപ്പ് പദ്ധതിക്ക് തെരഞ്ഞെടുത്തു. ശേഷിക്കുന്ന 323 അപേക്ഷകൾ നിരസിച്ചു.

(ഡി) ഈയിനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1,37,15,241 രൂപ (ഒരു കോടി മുപ്പത്തിയേഴ് ലക്ഷത്തി പതിനയ്യായിരത്തി ഇരുനൂറ്റി നാൽപ്പത്തിയൊന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

## ഓവർസീസ് സ്കോളർഷിപ്പ്

145(934) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് ഒരു അക്കാദമിക വർഷത്തിൽ വളരെ കുറച്ച് കുട്ടികൾക്ക് മാത്രമാണ് അനുവദിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി മാനദണ്ഡപ്രകാരം ഒരു വർഷം തെരഞ്ഞെടുക്കാവുന്ന പരമാവധി ഗുണഭോക്താക്കളുടെ എണ്ണം 20 ആണ്.

(ബി) ഉണ്ടെങ്കിൽ അർഹതപ്പെട്ട നിരവധി പേർക്ക് അവസരം നിഷേധിക്കപ്പെടുന്നതിനാൽ ഓവർസീസ് സ്കോളർഷിപ്പ് ഒരു അക്കാദമിക വർഷത്തിൽ നൂറ് വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നിലവിലുള്ള മാനദണ്ഡപ്രകാരം അനുവദിക്കാവുന്ന പരമാവധി അപേക്ഷകർക്കും ആനുകൂല്യം അനുവദിക്കുന്നുണ്ട്. എന്നാൽ ടി സ്കീമിൽ

അപേക്ഷകരുടെ എണ്ണം വളരെ അധികമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്കായി അധിക തുക അനുവദിക്കുന്നമുറയ്ക്ക് കൂടുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം

146(935) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് രൂപം നൽകിയിരിക്കുന്നത്; വിശദമാക്കാമോ?

മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പഠിക്കുന്ന പിതാവോ മാതാവോ അല്ലെങ്കിൽ രണ്ട് പേരുമോ നഷ്ടപ്പെട്ട വിദ്യാർത്ഥിനികൾക്ക് സ്പെഷ്യൽ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പിന്നാക്ക വിഭാഗങ്ങൾക്ക് നിലവിലുള്ള ക്ഷേമപദ്ധതികൾ പ്രകാരമുള്ള സേവനങ്ങൾ കൃത്യമായി ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സമയബന്ധിതമായി ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരമാവധി വേഗത്തിലും കൃത്യമായും ആനുകൂല്യം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റിൽ വകയിരുത്തിയ തുകകൾ പൂർണ്ണമായും സമയബന്ധിതമായും അനുവദിക്കുന്നുണ്ട്. അധികമായി ഫണ്ട് ആവശ്യമുള്ള സാഹചര്യത്തിൽ മാത്രം ആനുകൂല്യവിതരണം വൈകുന്നുണ്ട്. ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വികസനക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള ധനസഹായം

147(936) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസനക്ഷേമ കോർപ്പറേഷൻ മുഖേന സംരംഭങ്ങൾ ആരംഭിക്കുവാനാവശ്യമായ ധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നതിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

(1) അപേക്ഷകർ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരായിരിക്കണം.

(2) അപേക്ഷകരുടെ പ്രായം 18 വയസ്സിനും 55 വയസ്സിനുമിടയിലായിരിക്കണം.

(3) കുടുംബ വാർഷിക വരുമാന പരിധി

(എ) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി കോർപ്പറേഷന്റെ സ്വന്തം ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ പൊതുവായി 3.50 ലക്ഷം രൂപയാണ്. എന്നാൽ 5 ലക്ഷത്തിനുമുകളിൽ വായ്പ നൽകുന്ന മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ പദ്ധതി, പ്രവാസി പുനരധിവാസ വായ്പാ പദ്ധതി എന്നിവയിൽ വായ്പാത്തുക 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയാണെങ്കിൽ കുടുംബ വാർഷിക വരുമാന പരിധി 10 ലക്ഷം രൂപയും വായ്പാത്തുക 10 ലക്ഷത്തിന് മുകളിൽ വരികയാണെങ്കിൽ കുടുംബ വാർഷിക വരുമാന പരിധി 15 ലക്ഷം രൂപയുമാണ്. ഇതുകൂടാതെ സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള വായ്പാ പദ്ധതിയുടെ കുടുംബവാർഷിക വരുമാന പരിധി 25 ലക്ഷം രൂപയാണ്.

(ബി) ദേശീയ ധനകാര്യ സ്ഥാപനങ്ങളായ എൻ.എസ്.എഫ്.ഡി.സി., എൻ.എസ്.ടി.എഫ്.ഡി.സി. എന്നിവയുടെ പദ്ധതികളിൽ അപേക്ഷിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയാണ്.

(4) അപേക്ഷകൻ ആരംഭിക്കുവാനുദ്ദേശിക്കുന്ന സംരംഭത്തെക്കുറിച്ചുള്ള വ്യക്തവും വിശദവുമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരിക്കണം.

(5) അപേക്ഷകൻ ആരംഭിക്കുവാനുദ്ദേശിക്കുന്ന സംരംഭം വിജയ സാദ്ധ്യതയുള്ളതായിരിക്കണം. സംരംഭകന് പ്രസ്തുത മേഖലയിൽ ആവശ്യമായ വൈദഗ്ദ്ധ്യവും പ്രവൃത്തി പരിചയവുമുണ്ടായിരിക്കണം.

(6) അപേക്ഷകൻ വായ്പയ്ക്ക് കോർപ്പറേഷന്റെ ജാമ്യവ്യവസ്ഥകൾ പ്രകാരം ആവശ്യമായ ജാമ്യം നൽകേണ്ടതാണ്.

(ബി) തിരുവനന്തപുരം, ആലപ്പുഴ ജില്ലാ ഓഫീസുകൾ മുഖേന ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് സംരംഭങ്ങളാരംഭിക്കുവാൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം, ആലപ്പുഴ ജില്ലാ ഓഫീസുകൾ മുഖേന ഈ സർക്കാരിന്റെ കാലത്ത് (2021 മേയ് മുതൽ) സംരംഭങ്ങൾ ആരംഭിക്കുവാൻ വിവിധ പദ്ധതികൾ വഴി നൽകിയിട്ടുള്ള വായ്പാത്തുക ചുവടെ ചേർക്കുന്നു:

| ജില്ല | വായ്പയായി നൽകിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| തിരുവനന്തപുരം | 965.70 |
| ആലപ്പുഴ | 340.25 |

(സി) ധനസഹായത്തിന് ലഭിക്കുന്ന അപേക്ഷകളിൽ സംരംഭകർ സമർപ്പിക്കുന്ന പ്രോജക്ടിനാനുപാതികമായ തുക നൽകുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

അപേക്ഷകർ വായ്പ നൽകാനാവശ്യമായ രേഖകൾ ജാമ്യ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് യഥാസമയം ഹാജരാക്കുന്നുവെങ്കിൽ വായ്പ നൽകുന്നതിൽ സാധാരണ കാലതാമസമുണ്ടാകുന്നില്ല. എന്നാൽ വായ്പാ തുക 10 ലക്ഷം രൂപ കവിയുന്ന പ്രോജക്ടുകളിൽ അപേക്ഷകനുമായി കൂടിക്കാഴ്ച നടത്തി കോർപ്പറേഷന്റെ ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി മാത്രമെ വായ്പ നൽകാൻ കഴിയുകയുള്ളൂ. ഭരണസമിതിയോഗം കൂടുന്നത് നിശ്ചിത സമയങ്ങളിൽ ആയതിനാൽ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് ചെറിയ കാലതാമസം നേരിടുന്നതാണ്.

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ**

148(937) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ യുവതീ-യുവാക്കൾക്ക് തൊഴിൽ സംരംഭങ്ങളാരംഭിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കാമോ?

തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കിവരുന്ന പ്രധാന വായ്പാ പദ്ധതികളിലൊന്നാണ് സ്റ്റാർട്ടപ്പ്. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ സഹകരണത്തോടെ ഒ.ബി.സി. വിഭാഗം പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് വായ്പാ പദ്ധതിയിൽ 20 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നതാണ്. വായ്പകൾക്ക് 20 ശതമാനം സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കും.

ടി വായ്പാ പദ്ധതിക്കുപുറമെ കോർപ്പറേഷൻ നടപ്പാക്കിവരുന്ന മറ്റ് സ്വയംതൊഴിൽ വായ്പാ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) തൊഴിൽ സംരംഭങ്ങളാരംഭിക്കുന്നതിന് ടി കോർപ്പറേഷൻ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ പദ്ധതികൾ നടപ്പിലാക്കുന്നതിന് പര്യാപ്തമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഗുണഭോക്താവ് ആരംഭിക്കാൻ പോകുന്ന പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി പ്രോജക്ട് കോസ്റ്റിന് വിധേയമായാണ് കോർപ്പറേഷൻ സ്വയം തൊഴിൽ വായ്പകൾ അനുവദിച്ചുവരുന്നത്. പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം കോർപ്പറേഷൻ നേരിട്ട് സ്വീകരിക്കുന്നില്ല. ആയത് ഗുണഭോക്താവ് സ്വന്തം പദ്ധതിയുടെ പ്രാരംഭ ചെലവുകൾക്ക് വിനിയോഗിക്കുന്നതിനാണ് കോർപ്പറേഷൻ നിഷ്കർഷിക്കുന്നത്.

കൂടാതെ റീ-ടേൺ, സ്റ്റാർട്ട് അപ്പ്, റീ-ലൈഫ് എന്നീ സ്വയം തൊഴിൽ വായ്പാ പദ്ധതികളിൽ ഗുണഭോക്താവിന് നിശ്ചിത തുക സബ്സിഡിയായും ലഭിക്കുന്നു.

(സി) പ്രസ്തുത കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കിവരുന്ന തൊഴിൽ സംരംഭങ്ങൾക്ക് ലോൺ തുക വർദ്ധിപ്പിച്ച് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC), ദേശീയ സഫായി കർമ്മചാരീസ് ധനകാര്യ വികസന കോർപ്പറേഷൻ (NSKFDC) എന്നീ ദേശീയ ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ച് കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വായ്പാ പദ്ധതികൾ ടി ഏജൻസികളുടെ പ്രോജക്ട് മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നടപ്പിലാക്കിവരുന്നത്.

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആറ്റിങ്ങൽ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

149(938) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഭൂസ്വത്തുക്കൾ**

150(939) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ഭൂമികളുടെ ശരിയായ കണക്കിന്റെയും അടിസ്ഥാന രേഖകളുടെയും അഭാവംമൂലം ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ഭൂസ്വത്തുക്കൾ പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാരനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ടവ തിരികെ ലഭ്യമാക്കുന്നതിനുമായി ബോർഡിനുകീഴിൽ റവന്യൂ വകുപ്പിന്റെ സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിൽ ഭൂസംരക്ഷണ വിഭാഗം പ്രവർത്തിച്ചുവരുന്നു. Travancore Cochin Hindu Religious Institution (TCHRI) Act 1950, 1957-ലെ കേരള ഭൂസംരക്ഷണ ആക്ട് എന്നിവ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂസംരക്ഷണ വിഭാഗം ഏറ്റെടുത്ത് ഏൽപ്പിക്കുന്ന ഭൂമി അതിർത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു.

മലബാർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ ഭൂമിയോ മറ്റ് സ്വത്തു വകകളോയില്ല. ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഇളകുന്നതും ഇളകാത്തതുമായ മുഴുവൻ സ്ഥാവര ജംഗമ വസ്തുക്കളുടെയും വിവരങ്ങൾ ഓരോ ക്ഷേത്രഭരണാധികാരിയും പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന് നിയമത്തിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിൽനിന്നും ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശങ്ങളും ക്ഷേത്രങ്ങൾക്ക് നൽകിയിട്ടുണ്ട്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധിച്ച സർവ്വേ 2007-ലാണ് അവസാനമായി നടന്നിട്ടുള്ളത്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് KLC ആക്ട് പ്രകാരമുള്ള പരിരക്ഷയുള്ളതിനാൽ ക്ഷേത്രഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ ബാദ്ധ്യത റവന്യൂ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അധികാരികൾക്കുമുണ്ട്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമിയിൽ പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ലാൻഡ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസുകളിൽ ക്ഷേത്രങ്ങളുടെ ഉത്തമ താല്പര്യം സംരക്ഷിക്കുന്ന തരത്തിലുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റുമാരുടെ പാനൽ രൂപീകരിച്ച്, ബോർഡിന്റെ ഫണ്ടുപയോഗിച്ച് കേസ് നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ഗുരുവായൂർ ദേവസ്വത്തിന്റെ കൈവശമുള്ള ഭൂമി ഡിജിറ്റൽ സർവ്വേ നടത്തി തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അനധികൃതമായി കയ്യേറിയ ക്ഷേത്രഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡിന് കേരള ലാൻഡ് കൺസർവൻസി യൂണിറ്റ് നിലവിലുണ്ട്. ക്ഷേത്ര ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിശ്ചയിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടൽമാണിക്യം ദേവസ്വം ക്ഷേത്രത്തിന്റെയും കീഴേടങ്ങളിലെയും ഭൂമി സംബന്ധിച്ച രേഖകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തനത് കൈവശ രജിസ്റ്റർ പ്രകാരമുള്ള ഭൂമികൾ അളന്ന് തിട്ടപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷന് സ്ഥലം അനുവദിക്കൽ**

151(940) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി മാടായിപ്പാറയിൽ സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ദേവസ്വം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള മാടായി ശ്രീതിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വെ 23/IA2-ൽപ്പെട്ട 50 സെന്റ് സ്ഥലം ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഫയർ ആൻഡ് റസ്ക്യൂ വകുപ്പിന് വിട്ടുനൽകുന്നതിനായി ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ 29-ാം വകുപ്പ് പ്രകാരമുള്ള നടപടികളിൽനിന്നും ടി വകുപ്പിലെ വ്യവസ്ഥപ്രകാരം ഒഴിവ് അനുവദിക്കുന്നതിന് അനുമതി നൽകുന്നതിനായി 11-3-2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനം നമ്പർ (38) പ്രകാരം സർക്കാരിലേയ്ക്ക് 28-4-2022-ലെ ജെ2/402/2021/എംഡിബി. നമ്പർ കത്തുപ്രകാരം മലബാർ ദേവസ്വം കമ്മീഷണർ അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് Dev1/109/2022/Rev. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

**മണ്ഡലകാല തീർത്ഥാടനത്തിന് മുന്നോടിയായുള്ള ക്രമീകരണങ്ങൾ**

152(941) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ മണ്ഡലകാല തീർത്ഥാടനത്തിന് മുന്നോടിയായുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മണ്ഡലകാല തീർത്ഥാടനത്തിന് മുന്നോടിയായുള്ള ക്രമീകരണങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സമയക്രമം നിശ്ചയിച്ച് ആരംഭിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനത്തിന് മുന്നോടിയായി പരമ്പരാഗത കാനന പാത പൂർണ്ണ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നിർമ്മാണപ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. പമ്പ, സന്നിധാനം, നിലയ്ക്കൽ എന്നിവിടങ്ങളിലെ മരാമത്തുപണികൾ പുരോഗമിക്കുന്നുണ്ട്. ആയവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് കടകൾ ഉൾപ്പെടെയുള്ളവയുടെ ലേലനടപടികൾ പുരോഗമിച്ചുവരുന്നു. ഭക്തർക്കായുള്ള വിരിസൗകര്യങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലയ്ക്കൽ, എരുമേലി, കഴക്കൂട്ടം, ചിറങ്ങര, ചെങ്ങന്നൂർ, എന്നിവിടങ്ങളിലെ ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ശുകപുരം, മണിയങ്കോട് എന്നിവിടങ്ങളിലെ ഇടത്താവളങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത്, വനം, പോലീസ്, എക്സൈസ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് തൻവർഷത്തെ ശബരിമല തീർത്ഥാടനകാലം സുഗമമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാ ഭരണകൂടം കാലാകാലങ്ങളായി നടപ്പിലാക്കുന്ന എല്ലാ പ്രവർത്തനങ്ങളും പദ്ധതികളും ഈ വർഷവും നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ വിഷയത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർക്കാർതല അവലോകനയോഗം ഉടൻ കൂട്ടുന്നതാണ്.

(ബി) മണ്ഡലകാലത്ത് വെർച്വൽ ക്യൂ സംവിധാനം നടപ്പാക്കുന്നുണ്ടോ; എങ്കിലിത് നടപ്പാക്കുന്നത് എപ്രകാരമാണെന്നും ആരുടെ നിയന്ത്രണ ത്തിലായിരിക്കുമെന്നും വ്യക്തമാക്കുമോ?

ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ DBP No.13/2021& Connected cases-ലെ 22-4-2022-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശബരിമല വെർച്വൽ ക്യൂ സംവിധാനത്തിന്റെ സാങ്കേതിക നിയന്ത്രണം തിരുവിതാംകൂർ ദേവസ്വം ഏറ്റെടുത്തിട്ടുള്ളതും വെർച്വൽ ക്യൂവിന്റെ ടിക്കറ്റ് വെരിഫിക്കേഷനും അനുബന്ധകാര്യങ്ങളും കേരള പോലീസ് മുഖാന്തരം നടപ്പാക്കിവരുന്നതുമാണ്.

(സി) മണ്ഡലകാലത്തിനുമുമ്പ് ശബരിമലയിലേയ്ക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശബരിമല തീർത്ഥാടനത്തിന്റെ സുഗമമായ നടത്തിപ്പ് ചർച്ച ചെയ്യുന്നതിനും വകുപ്പുതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി പത്തനംതിട്ട ജില്ലാ കളക്ടർ വിളിച്ചുചേർക്കുന്ന അവലോകന യോഗങ്ങളിൽ ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ സ്ഥിതി വിലയിരുത്തി ഗതാഗത യോഗ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പൊതുമരാമത്ത് വകുപ്പ് (നിരത്ത്)/നാഷണൽ ഹൈവേ/കെ.എസ്.റ്റി.പി. അധികൃതർക്ക് നൽകുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് ദേവസ്വം വകുപ്പുമന്ത്രി വിളിച്ചുചേർക്കുന്ന യോഗങ്ങളിലും റോഡുകളുടെ സ്ഥിതി വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### ഗുരുവായൂർ ദേവസ്വം ബോർഡിന്റെ സാമ്പത്തിക സഹായം

153(942) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തിൽ ഗുരുവായൂർ ദേവസ്വം ബോർഡ് വിവിധ ക്ഷേത്രങ്ങൾക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

കോവിഡ്-19 സാഹചര്യത്തിൽ നിത്യനിദാന ചെലവുകൾ നടത്തുന്നതിന് സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന കേരളത്തിലെ 407 ക്ഷേത്രങ്ങൾക്ക് 10,000 രൂപ വീതം ധനസഹായം ഗുരുവായൂർ ദേവസ്വം ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്.

(ബി) സാമ്പത്തിക പ്രയാസം നേരിടുന്ന ക്ഷേത്രങ്ങളെ സഹായിക്കുന്നതിന് ഗുരുവായൂർ ദേവസ്വം ബോർഡ് നടത്തുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഗുരുവായൂർ ദേവസ്വത്തിൽ നിന്നും ഇതര ഹൈന്ദവ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് വർഷാവർഷം അപേക്ഷകൾ ക്ഷണിച്ച് ഭരണസമിതി തീരുമാനപ്രകാരം ഗുരുവായൂർ ദേവസ്വം ഫണ്ടിൽനിന്നും നിശ്ചിത തുക അനുവദിക്കാറുണ്ട്.

## ഗുരുവായൂർ ദേവസ്വം ബോർഡ് വികസന പദ്ധതികൾ

154(943) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ ഗുരുവായൂർ ദേവസ്വം ബോർഡ് നടത്തുന്ന വികസനപദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

2022-23 വർഷത്തിൽ ഗുരുവായൂർ ദേവസ്വം ബോർഡ് നടത്തുന്ന വികസന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഗുരുവായൂർ ദേവസ്വം ബോർഡിന്റെ അന്യാധീനപ്പെട്ട ദേവസ്വം ഭൂമിയേറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ചാവക്കാട് മണത്തല വില്ലേജിലെ ദ്വാരക ബീച്ചിനടുത്തുള്ള ഗുരുവായൂർ ദേവസ്വം ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മേൽനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ആചാരസ്ഥാനീയർക്കും കോലധാരികൾക്കും പ്രസ്തുത ബോർഡ് വഴി പ്രതിമാസം സാമ്പത്തികസഹായം അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; ആയത് മുടങ്ങാതെ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആചാരസ്ഥാനീയർക്കും കോലധാരികൾക്കും ഗുരുവായൂർ ദേവസ്വം മുഖേന പ്രതിമാസം സാമ്പത്തികസഹായം അനുവദിക്കുന്നില്ല.

## മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണം

155(944) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ജീവനക്കാരുടെ ശമ്പളപരിഷ്കരണം മരവിപ്പിച്ചിട്ടുണ്ടോ;

(ബി) ശമ്പളപരിഷ്കരണം എപ്പോഴാണ് മരവിപ്പിച്ചതെന്നും മരവിപ്പിക്കലിനുള്ള കാരണമെന്താണെന്നും ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടത്തി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് മരവിപ്പിച്ചിട്ടില്ല. എന്നാൽ 11-1-2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനം 64-ൽ അപാകത ശ്രദ്ധയിൽപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ക്ഷേത്രജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള 12-2-2021-ലെ GO(MS)No.57/2021 പ്രകാരം അനോമലികൾ പരിഹരിച്ച് ബോർഡ് നേരിട്ട് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമപ്രശ്നവും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം 13-7-2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനം 1(4) പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദുചെയ്ത് അനോമലി പരിഹരിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചു. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പുതിയ ശമ്പള നിരക്ക് പ്രാബല്യത്തിൽ വന്നത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

12-2-2021-ലെ GO(MS)No.57/2021 പ്രകാരമാണ് മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 1-1-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളത്.

(ഡി) സർക്കാർ ഉത്തരവിലെ അനോമലികൾ പരിഹരിച്ചുകൊണ്ട് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

പുറപ്പെടുവിച്ചിരുന്നു.

(ഇ) എങ്കിൽ എപ്പോഴാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും കമ്മീഷൻ പരിഹരിച്ച സർക്കാർ ഉത്തരവിലെ അനോമലികൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ?

ശമ്പളപരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് മലബാർ ദേവസ്വം ബോർഡിൽ രൂപീകരിച്ച അനോമലി പരിഹാര സമിതിയുടെ റിപ്പോർട്ട് അംഗീകരിച്ചും ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനും 11-1-2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം 64-ാം നമ്പറായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 19-1-2022-ന് J4/4063/2018/MDB നമ്പറായി കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരിഷ്കരിച്ച ശമ്പള സ്കെയിലുകളിലും സമയബന്ധിത ഹയർഗ്രേഡ് സ്കെയിലുകളിലും ഫിക്സേഷൻ ചട്ടങ്ങളിലുമാണ് പ്രധാനമായും സമിതി അനോമലികൾ കണ്ടെത്തിയത്.

(എഫ്) കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് മരവിപ്പിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; 13 വർഷത്തെ കാത്തിരിപ്പിനുശേഷം പ്രഖ്യാപിച്ച ശമ്പളപരിഷ്കരണം മരവിപ്പിച്ച നടപടി ക്ഷേത്രജീവനക്കാരിൽ അമർഷമുളവാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 11-1-2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനം 64-ൽ അപാകത ശ്രദ്ധയിൽപ്പെട്ടതിന്റെയടിസ്ഥാനത്തിൽ ക്ഷേത്രജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചുകൊണ്ടുള്ള 12-2-2021-ലെ GO(MS)No.57/2021 പ്രകാരം അനോമലികൾ ബോർഡ് നേരിട്ട് പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിലെ അനൗചിത്യവും നിയമപ്രശ്നവും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയം 13-7-2022-ലെ മലബാർ ദേവസ്വം ബോർഡ് യോഗം ചർച്ച ചെയ്ത് തീരുമാനം 1(4) പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദുചെയ്ത് അനോമലി പരിഹരിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചത്.

**മണലൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങൾ**

156(945) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ മലബാർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ കീഴിലായി എത്ര ക്ഷേത്രങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിന് കീഴിലുള്ളതും കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ളതുമായ ക്ഷേത്രങ്ങൾ താഴെപ്പറയുന്നവയാണ്.

മലബാർ ദേവസ്വം ബോർഡ്

1. ബ്രാഹ്മകുളം ശിവ ക്ഷേത്രം
2. പാലുവായ് മഹാവിഷ്ണു ക്ഷേത്രം
3. കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രം
4. എടവള്ളി ദുർഗ്ഗാഭഗവതി ക്ഷേത്രം & കീഴേടം കളമധുര മഹാവിഷ്ണു ക്ഷേത്രം

5. മങ്ങാരെ ശിവക്ഷേത്രം

6. ചേലൂർകുന്ന് ശിവക്ഷേത്രം

7. മരുതായൂർ ദുർഗ്ഗാഭഗവതി ക്ഷേത്രം

8. വെൺമനാട് മഹാവിഷ്ണു ക്ഷേത്രം

9. പെരിങ്ങോട് അയ്യപ്പൻകാവ് ക്ഷേത്രം

10. പറമ്പിൻതളി മഹാദേവ ക്ഷേത്രം

11. പെരുവല്ലൂർ കോട്ട വേട്ടക്കൊരുമകൻ ക്ഷേത്രം

12. തൃക്കുലശേഖരപുരം ക്ഷേത്രം

13. ചിറക്കൽ ഭഗവതി ക്ഷേത്രം

14. പതിയാർകുളങ്ങര ഭഗവതി ക്ഷേത്രം

15. വെങ്കിടങ്ങ് ശങ്കര നാരായണ ക്ഷേത്രം

16. തൃത്തല്ലൂർ ശിവക്ഷേത്രം

17.വാടാനപ്പള്ളി ദേവസ്വം

18.ഗണശ മംഗലം ക്ഷേത്രം വാടാനപ്പള്ളി

കൊച്ചിൻ ദേവസ്വം ബോർഡ്

1. മണലൂർ സത്രം

2. കാരമുക്ക് ശ്രീകൃഷ്ണ ക്ഷേത്രം

3. അരിമ്പൂർ കുട്ടാല

4. പത്യാല ഭഗവതി ക്ഷേത്രം

5. മണലി പുലിച്ചിക്കാട് ക്ഷേത്രം

(ബി) പ്രസ്തുത ക്ഷേത്രങ്ങളിലെല്ലാം ഉപദേശക സമിതികൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള മണലൂർ സത്രത്തിൽ പുതിയ സമിതി രൂപീകരണം അവസാന ഘട്ടത്തിലാണ്. കാരമുക്ക് ശ്രീകൃഷ്ണ ക്ഷേത്രം, അരിമ്പൂർ കുട്ടാല-എന്നിവടങ്ങളിൽ നിലവിലുള്ള സമിതിയുടെ കാലാവധി

ദീർഘിപ്പിക്കുവാൻ സമർപ്പിച്ച അപേക്ഷ ബോർഡിന്റെ പരിഗണയിലാണ്. പത്യാല ഭഗവതി, മണലി പുലിച്ചിക്കാട് എന്നീ ക്ഷേത്രങ്ങളിൽ സമിതി നിലവിലുണ്ട്. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതികൾ പ്രവർത്തിച്ചുവരുന്നില്ല.

(സി) ഉപദേശക സമിതികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ച ബൈലോ പ്രകാരമാണ് കൊച്ചിൻ ദേവസ്വം ബോർഡിൽ സമിതി രൂപീകരണം നടത്തുന്നത്. ബഹു.ഹൈക്കോടതി അംഗീകാരത്തോടെ ക്ഷേത്ര ഉപദേശക സമിതി രൂപീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട ബൈലോ കൊച്ചിൻ ദേവസ്വം ബോർഡിൽ നിലവിലുണ്ട്. ടി ബൈലോ പ്രകാരം ഉറച്ച ഈശ്വര വിശ്വാസികളും ക്ഷേത്ര കാര്യങ്ങളിൽ താല്പര്യവും ക്ഷേത്രത്തിന്റെ ഉന്നമനത്തിനുവേണ്ടി നിസ്വാർത്ഥ സേവനം നടത്തുവാൻ സന്നദ്ധരാണെന്ന് ദേവസ്വം അധികാരികൾക്ക് ബോദ്ധ്യമുള്ളവരും പ്രായപൂർത്തിയായവരുമായ ഏതൊരു ഹിന്ദുവിനും ക്ഷേത്ര ഉപദേശക സമിതിയിൽ അംഗത്വത്തിന് അർഹതയുണ്ടായിരിക്കും. ക്ഷേത്ര ഉപദേശക സമിതിയിൽ അംഗമാകുവാൻ ക്ഷേത്രവുമായി ബന്ധപ്പെട്ടവരും ക്ഷേത്രത്തിന്റെ ആചാരപരമായ ഭൂപ്രദേശങ്ങളിൽ ഉൾപ്പെടുന്നവരും പതിവായി ക്ഷേത്രത്തിൽ വരുന്നവരും ക്ഷേത്രത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്നവരും ക്ഷേത്രത്തിന്റെ ചുറ്റുവട്ടത്ത് ജനിച്ച് വളർന്ന് ഔദ്യോഗിക ആവശ്യങ്ങൾക്കായി ദൂരെ താമസിക്കുന്നവരുമായ ഹിന്ദുക്കളായിരിക്കണം. എന്നാൽ ബുദ്ധിസ്ഥിരതയില്ലാത്തവർക്കും സ്വഭാവദൂഷ്യത്താലോ ദുരാചാരത്താലോ ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടവർക്കും സാമ്പത്തിക ക്രമക്കേടുകളിലുൾപ്പെട്ടവർക്കും മുമ്പ് ക്ഷേത്ര ഉപദേശക സമിതികളിൽ പ്രവർത്തിച്ച് നിയമരഹിതമായ പ്രവർത്തനങ്ങളിൽ എർപ്പെട്ടവർക്കും ക്ഷേത്രസ്വത്ത് കയ്യേറി കൈവശം വച്ചിരിക്കുന്നവർക്കും അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. ക്ഷേത്ര ഉപദേശക സമിതി തെരഞ്ഞെടുക്കുന്നതിന് ഒരു ജനറൽ ബോഡി രൂപീകരിക്കേണ്ടതുണ്ട്. ആയതിന് കൊച്ചിൻ ദേവസ്വം ബോർഡ് ഒരു അപേക്ഷ ഫോം വിതരണം ചെയ്യുന്നതും ക്ഷേത്ര ഉപദേശക സമിതിയിൽ അംഗമാകാൻ ആഗ്രഹിക്കുന്നവർ ടി ഫോറം പൂരിപ്പിച്ച് നൽകേണ്ടതുമാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകരുടെ വിവരം പരിശോധിച്ച് കരട് ലിസ്റ്റ് ക്ഷേത്രത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി പരാതി സമർപ്പിക്കുവാൻ 10 ദിവസത്തെ സമയം നൽകുകയും ലഭിച്ച പരാതികൾ പരിശോധിച്ച് അന്തിമ ലിസ്റ്റ് 10 ദിവസത്തിനകം

ക്ഷേത്രത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ആയതിനുശേഷം 7 ദിവസത്തിനകം അപേക്ഷകരുടെ ജനറൽ ബോഡി വിളിക്കേണ്ടതുമാണ്. ജനറൽ ബോഡി വിളിക്കുന്നതിനുള്ള അറിയിപ്പ് അതത് ക്ഷേത്ര നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ടി ജനറൽ ബോഡിയിൽ ദേവസ്വം ഓഫീസറുടെ അദ്ധ്യക്ഷതയിൽ ക്ഷേത്ര ഉപദേശക സമിതിയെ തെരഞ്ഞെടുക്കേണ്ടതാണ്. തെരഞ്ഞെടുക്കുന്നതിന് ഒരാൾക്ക് ഒരാളുടെ പേര് നിർദ്ദേശിക്കാവുന്നതും ഒരാൾക്ക് പിന്താങ്ങാവുന്നതുമാണ്. അപ്രകാരമുള്ള തെരഞ്ഞെടുപ്പിൽ സമവായം വരാത്തപക്ഷം പൊതുയോഗം നിർത്തിവച്ച് ദേവസ്വം ഓഫീസർ വിവരം ബോർഡ് മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതും ബോർഡിന്റെ പ്രത്യേക അനുമതി വാങ്ങി ക്ഷേത്ര ഉപദേശക സമിതിയെ ജനറൽ ബോഡി അംഗങ്ങളിൽ നിന്നും നോമിനേറ്റ് ചെയ്യാവുന്നതും ആയത് അസിസ്റ്റന്റ് കമ്മീഷ്ണറുടെ ശിപാർശ സഹിതം ബോർഡ് മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. ഇപ്രകാരമുള്ള പരമാവധി 21 പേരുടെ ലിസ്റ്റിൽ നിർബന്ധമായും ഒരു വനിതയും എസ്.സി/എസ്.ടി. അംഗവുമുണ്ടായിരിക്കണം. ഭാരവാഹിത്വത്തിൽ അച്ഛൻ, അമ്മ, മക്കൾ എന്നിവരിൽ നിന്നും ഒരാൾ മാത്രമെ പാടുള്ളൂ. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ ഉപദേശക സമിതികൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതി മുമ്പാകെ കേസ് നിലനിൽക്കുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ, ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ (14)-ലെ വ്യവസ്ഥകൾ പ്രകാരവും ആയതിനുകീഴിൽ രൂപീകരിക്കപ്പെട്ട ചട്ടങ്ങൾ പ്രകാരവും ഉപദേശക സമിതികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേത്ര ഉപദേശക സമിതികൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതാണെന്ന് മലബാർ ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

**പുതിയേടം ക്ഷേത്രക്കുളം നവീകരണം**

157(946) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലെ പുതിയേടം ക്ഷേത്രക്കുളം നവീകരണത്തിനായുള്ള പ്രൊപ്പോസൽ കൊച്ചി ദേവസ്വം ബോർഡ് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത നവീകരണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) സമർപ്പിച്ചിട്ടില്ല. ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**മലബാർ ദേവസ്വം ബോർഡ് നിയമം പരിഷ്കരിക്കൽ**

158(947) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പുതിയ നിയമം എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കാമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനും ദ മലബാർ ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആൻഡ് എൻഡോവ്മെന്റ്സ് ബിൽ രൂപീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത ബിൽ നിയമമാകുമ്പോഴുണ്ടാകുന്ന സാമ്പത്തികബാദ്ധ്യത കൂടി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് നിയമനങ്ങൾ**

159(948) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് നിയമനങ്ങൾക്ക് ശിപാർശ നൽകുന്ന റൊട്ടേഷൻ സമ്പ്രദായത്തിൽ മൂന്നാമത് സ്ഥാനം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗത്തിന് നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സംവരണം ഭരണഘടനാ ഭേദഗതി പ്രകാരം ഓപ്പൺ കോമ്പറ്റീഷൻ (OC) ടേണിൽ നിന്നാണ് നൽകേണ്ടത്. 2015-ലെ കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് ചട്ടപ്രകാരം ഒന്നും മൂന്നും ടേണുകൾ ഓപ്പൺ കോമ്പറ്റീഷൻ (OC) ക്വാട്ടയാണ്. ഇതിൽ രണ്ടാമത് വരുന്ന ഒ.സി. ടേൺ ഇ.ഡബ്ല്യൂ.എസ്.-ന് നൽകികൊണ്ട് സർക്കാർ നിയമം ഭേദഗതി വരുത്തുകയാണ് ചെയ്തിട്ടുള്ളത്.

(ബി) ഇപ്പോഴത്തെ രീതിയിൽ നിയമനം നടന്നാൽ നിയമനങ്ങളിൽ 50 ശതമാനം ഓപ്പൺ ക്വാട്ട നിലനിർത്തണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഇപ്പോഴും 50 ശതമാനം ഓപ്പൺ ക്വാട്ട നിലനിർത്തിക്കൊണ്ടാണ് കെ.ഡി.ആർ.ബി. ചട്ടത്തിലെ ചട്ടം 3(2)-ലെ റൊട്ടേഷൻ ചാർട്ട് തയ്യാറാക്കിയിട്ടുള്ളത്.

(സി) മൂന്നാം സ്ഥാനം ഇ-ഡബ്ല്യൂ.എസ്.-ന് നൽകിയതുകൊണ്ട് നാലുപേർക്ക് നിയമനം നൽകുമ്പോൾ 50 ശതമാനം ഓപ്പൺ ക്വാട്ട നിലനിർത്തുന്നതിനുവേണ്ടി നാലാമത് നിയമനം ലഭിക്കേണ്ട പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥിക്ക് അവസരം നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എത്രപേർക്ക് ഏതെല്ലാം തസ്തികകളിൽ ഇത്തരത്തിൽ അവസരം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(സി&ഡി) നാലുപേർക്ക് മാത്രം നിയമനം നൽകേണ്ടിവരുന്ന സാഹചര്യത്തിൽ നാലാമത്തെ ടേണായ എസ്.സി.-യെ താൽക്കാലികമായി മാറ്റിനിർത്തേണ്ടിവരും. നിലവിൽ 5 തസ്തികകളിൽ എസ്.സി. വിഭാഗത്തിൽപ്പെട്ടവരെ താൽക്കാലികമായി മാറ്റി നിർത്തിയിട്ടുണ്ട്.

(ഇ) റൊട്ടേഷൻ റോസ്റ്ററിൽ ഇ.ഡബ്ല്യൂ.എസ്. വിഭാഗത്തിന് ആറാമത് സ്ഥാനം നൽകിയാൽ ഈ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് ശ്രദ്ധയിൽ വരികയോ, പരിശോധന നടത്തുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം ആറാം സ്ഥാനം നൽകി ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) ഇതുസംബന്ധിച്ച് സർക്കാരിന് ആരിൽ നിന്നെല്ലാം എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാകുമോ?

എസ്.സി./എസ്.റ്റി. എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ സ്റ്റേറ്റ് കമ്മിറ്റിയിൽ നിന്നും പരാതി ലഭ്യമായിട്ടുണ്ട്. കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് കമ്മീഷൻ പത്ര വാർത്തയുടെയടിസ്ഥാനത്തിൽ സ്വമേധയാ കേസെടുത്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡിലെ സ്ഥലംമാറ്റം**

160(949) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വംബോർഡിലെ ഭിന്നശേഷിക്കാരായ താഴ്ന്നവിഭാഗം ജീവനക്കാരെ മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റി ഇഷ്ടക്കാരായ ജീവനക്കാർക്ക് മാത്രം തലസ്ഥാന ജില്ലയിലെ വിവിധ ഗ്രൂപ്പുകളിൽ നിയമനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) ഭിന്നശേഷിക്കാരുടെ ആനുകൂല്യം കോടതി നിഷ്കർഷിക്കുന്ന തരത്തിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി എത്രപേരാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് മുന്നിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നൽകിയവരുടെ പട്ടിക ലഭ്യമാക്കുമോ?

ഭിന്നശേഷിക്കാരുടെ ആനുകൂല്യം കോടതി നിഷ്കർഷിക്കുന്ന വിധത്തിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 8 ജീവനക്കാരാണ് ബോർഡിനുമുന്നിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

(ഡി) ഇവർക്ക് അനുകൂലമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

Right of Persons with Disabilities Act 2016 പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ക്ലാർക്ക്, പ്യൂൺ തസ്തികയിൽ By Transfer/Promotion മുഖേന നിയമനം ലഭിക്കുന്നതിന് യോഗ്യത നേടിയവരുടെ കാറ്റഗറി തിരിച്ചുള്ള സീനീയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത കാര്യത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളുടെ ശതമാനം അടിസ്ഥാനത്തിൽ ടിയാളുകളുടെ ഊഴം വരുന്നമുറയ്ക്ക് നിയമനം നൽകുന്നതുമാണ്.

### ദേവസ്വം ബോർഡുകളിലെ പി.എസ്.സി. നിയമനം

161(950) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ദേവസ്വം ബോർഡുകളിലാണ് പി.എസ്.സി. വഴി നിയമനം നടത്തുന്നതെന്നും പ്രസ്തുത നിയമനങ്ങൾ ഏതൊക്കെ തസ്തികകളിലേക്കാണെന്നും വിശദമാക്കാമോ;

(ബി) എത്ര തവണ പി.എസ്.സി. മുഖേന ദേവസ്വം ബോർഡുകളിൽ നിയമനം നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ദേവസ്വം ബോർഡുകളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നില്ല. ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകളും എയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളിലെ തസ്തികകളും ഒഴികെ മറ്റ് വിവിധ തസ്തികകളിലേയ്ക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നിയമനം നടത്തുന്നത്.

### ക്ഷേത്രക്കുളം നവീകരണം

162(951) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനുസമീപമുള്ള വലിയകുളവും കണ്ടിയൂർ മഹാദേവ ക്ഷേത്രക്കുളവും നവീകരിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനുസമീപമുള്ള വലിയകുളം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ടിയൂർ മഹാദേവ ക്ഷേത്രക്കുളം നവീകരിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നുമില്ല.

### കുറ്റ്യാടി മണ്ഡലത്തിലെ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങൾ

163(952) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിലുള്ള ക്ഷേത്രങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ, മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ, മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ നടന്ന് വരുന്ന വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ക്ഷേത്രകല അക്കാദമി**

164(953) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷേത്രകല അക്കാദമി ഓഫീസ് പ്രവർത്തിക്കുന്നത് എവിടെയൊക്കെയാണെന്ന് അറിയിക്കാമോ; അക്കാദമിക്ക് തനത് ഫണ്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) അക്കാദമിയുമായി ബന്ധപ്പെട്ട് പ്രോജക്ട് ചെയ്യുന്നതിനുള്ള വേതനം ഏത് ഫണ്ടിൽ നിന്നാണ് നൽകുന്നത്; വിശദാംശം അറിയിക്കാമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ചിറക്കൽ കോവിലകം ദേവസ്വത്തിനുകീഴിലെ മാടായി ശ്രീതിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ക്ഷേത്രകലാ അക്കാദമി ഓഫീസ് പ്രവർത്തിച്ചുവരുന്നത്. ബഡ്ജറ്റ് വിഹിതമായി സാംസ്കാരിക വകുപ്പ് അനുവദിക്കുന്ന ഗ്രാന്റും റവന്യൂ ദേവസ്വം വകുപ്പ് അനുവദിക്കുന്ന ഗ്രാന്റുമാണ് ക്ഷേത്രകലാ അക്കാദമിയുടെ പ്രധാന ഫണ്ട്. ഈ ഫണ്ടും അക്കാദമിയിൽ വിവിധ കോഴ്സുകൾക്കായി ചേർന്ന കുട്ടികളിൽനിന്നും ലഭിക്കുന്ന അഡ്മിഷൻ ഫീസുമുൾപ്പെടുന്നതാണ് അക്കാദമിയുടെ ഫണ്ട്. അക്കാദമിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാവിധ ചെലവുകളും നിർവ്വഹിക്കുന്നത് മേൽപ്പറഞ്ഞ ഫണ്ടിൽ നിന്നുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പാർലമെന്ററി കാര്യങ്ങളുമായി ബന്ധപ്പെട്ട കോഴ്സുകൾ

165(954) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്ററി കാര്യങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തുന്ന എത്ര കോഴ്സുകളുണ്ടെന്ന് അറിയിക്കാമോ?

വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ, പാർലമെന്ററി കാര്യങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ കോഴ്സുകളൊന്നും നടത്തുന്നില്ല.

(ബി) കോഴ്സിന്റെ പേര്, സമയപരിധി, ഫീസ് എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ?

ബാധകമല്ല.

## സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം

166(955) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ലക്ഷ്യമാക്കി സ്വകാര്യ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ, നിയമം എന്നീ വകുപ്പുകളിൽനിന്ന് ഉപദേശം തേടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കാര്യങ്ങൾ സംബന്ധിച്ചാണ് ഉപദേശം തേടിയിട്ടുള്ളത്; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) എസ്റ്റേറ്റ് ഉടമകളുടെ കൈവശമുള്ള ഭൂമിയിന്മേൽ Applicability of Land Ceiling സംബന്ധിച്ച നിയമോപദേശം റവന്യൂ വകുപ്പിനോട് ആരാഞ്ഞിട്ടുണ്ട്. ആയത് ലഭിച്ചിട്ടില്ല.

## റാന്നി വനാതിർത്തി നിർണ്ണയ സർവ്വേ

167(956) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ റവന്യൂ, വനം വകുപ്പുകളുടെ സർവ്വേ നടപടികൾ പൂർത്തിയാകാത്ത കാരണം ഭൂമി

സ്വന്തമായിട്ടുണ്ടായിട്ടും പട്ടയം ലഭിക്കാത്തതിനാൽ കൃഷിക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റാന്നി നിയോജകമണ്ഡലത്തിലെ പരിധിയിൽ വരുന്ന വനപ്രദേശങ്ങളിലെ 1-1-1977-ന് മുമ്പുള്ള കയ്യേറ്റസ്ഥലങ്ങൾ റവന്യൂ, വനം വകുപ്പുകൾ പരിശോധിച്ച് സംയുക്ത പരിശോധന ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. ടി സ്ഥലങ്ങളിലെ പട്ടയ നടപടികൾക്കുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വനാതിർത്തി നിർണ്ണയ സർവ്വേയുടെ ഫിസിക്കൽ പ്രോഗ്രസ് എത്ര ശതമാനമായിട്ടുണ്ട്; എന്നത്തേയ്ക്ക് സർവ്വേ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

റാന്നി നിയോജകമണ്ഡലത്തിലെ പരിധിയിൽ വരുന്ന വനപ്രദേശങ്ങളുടെ വനാതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുള്ളതാണ്.

(സി) സംയുക്ത സർവ്വേ പൂർത്തിയാക്കാൻ തടസങ്ങളുണ്ടോ; എങ്കിൽ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിച്ച് നിർണ്ണയ സർവ്വേയുടെ ഫിസിക്കൽ പ്രോഗ്രസ് എത്ര ശതമാനമായിട്ടുണ്ടെന്ന് വിശദമാക്കുമോ?

റാന്നി നിയോജകമണ്ഡലത്തിലെ പരിധിയിൽ വരുന്ന വനപ്രദേശങ്ങളിലെ 1-1-1977-ന് മുമ്പുള്ള കയ്യേറ്റസ്ഥലങ്ങൾ റവന്യൂ, വനം വകുപ്പുകൾ പരിശോധിച്ച് സംയുക്ത പരിശോധന ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതാണ്.

**ഗൂഡിക്കൽ റെയ്ഞ്ചിൽ ഈറ്റവെട്ട് പുനഃസ്ഥാപിക്കുവാൻ നടപടി**

168(957) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ ഗൂഡിക്കൽ റെയ്ഞ്ചിൽ ഈറ്റവെട്ട് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

റാന്നി വനം ഡിവിഷന്റെ 2014-15 മുതൽ 2023-24 വരെയുള്ള വർക്കിംഗ് പ്ലാൻ പ്രകാരമാണ് ഈറ്റ ശേഖരണത്തിന് അനുമതി നൽകിവരുന്നത്. എന്നാൽ ടി വർക്കിംഗ് പ്ലാനിൽ 2022 വർഷത്തിൽ ഗൂഡിക്കൽ റെയ്ഞ്ചിന്റെ പരിധിയിൽ നിന്നും ഈറ്റ ശേഖരണത്തിന് അനുമതിയില്ലാത്തതാണ്.

**കൃഷിക്കുള്ള പട്ടയത്തിന്റെ മറവിലുള്ള മരംകൊള്ള**

169(958) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കുള്ള പട്ടയത്തിന്റെ മറവിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വൻ മരംകൊള്ള നടത്തുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൃശ്ശൂർ മച്ചാട് ഫോറസ്റ്റ് റെയ്ഞ്ചിൽ എളനാട് ഫോറസ്റ്റ് സ്റ്റേഷനിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥയെ സസ്പെൻഡ് ചെയ്യാനുണ്ടായ കാരണം വിശദീകരിക്കുമോ; പ്രസ്തുത വ്യക്തി മരംകൊള്ള സംബന്ധിച്ച് വനംവകുപ്പ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയിന്മേൽ വനംവകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുക, മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിക്കാതെ അവരോട് ധിക്കാരപരമായി പെരുമാറുക, സ്റ്റേഷൻ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുക, സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം നടത്തുക, വനം വകുപ്പിന്റെ അന്തസ്സിൽ കളങ്കം വരുത്തുക, മഹസ്സറിൽ ഒപ്പുവയ്ക്കാൻ വിസമ്മതിക്കുക, മേലുദ്യോഗസ്ഥർക്കെതിരെ വ്യാജ പരാതികൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നും ഉണ്ടായതിന്റെയടിസ്ഥാനത്തിൽ മച്ചാട് റേഞ്ച്, എളനാട് ഫോറസ്റ്റ് സ്റ്റേഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ കുമാരി ഷഹന റഹ്മാനെ അന്വേഷണ വിധേയമായി ജോലിയിൽ നിന്നും തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാൾ വനം വകുപ്പ് മേധാവിക്ക് പരാതി നൽകിയിരുന്നു. പ്രസ്തുത പരാതി ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽനിന്നും 6-8-2022-ലെ പ്രൊ(7)-3742/22 പ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതിനായി തൃശ്ശൂർ സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിയിട്ടുണ്ട്. ഈ പരാതിയിൽ അന്വേഷണം നടന്നുവരുന്നതായി അറിയിച്ചിട്ടുണ്ട്.

**ചന്ദനത്തടികൾ മുറിച്ചുകടത്തിയ കേസുകൾ**

170(959) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തിന്റെ വനമേഖലയിൽ നിന്നും എത്ര കോടി രൂപയുടെ ചന്ദനത്തടികൾ മുറിച്ചുകടത്തിയതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

81,14,718 രൂപയുടെ ചന്ദനത്തടികൾ മുറിച്ചുകടത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റക്കാരെ ശിക്ഷിച്ചിട്ടുണ്ട്; എത്ര തുകയുടെ ചന്ദനത്തടി പിടിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ?

ലഭ്യമായ റിപ്പോർട്ടുകൾപ്രകാരം, ടി കാലയളവിൽ 465 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 32 പേരെ ശിക്ഷിച്ചിട്ടുണ്ട്. 70,87,348 രൂപയുടെ ചന്ദനത്തടി പിടിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) ചന്ദനക്കടത്തുമായി ബന്ധപ്പെട്ട് എത്ര വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ പ്രസ്തുത കാലയളവിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; ഏതൊക്കെ പദവിയിലുള്ള ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ചന്ദനക്കൊള്ളയുമായി ബന്ധപ്പെട്ട് നടപടികൾ നേരിട്ട അല്ലെങ്കിൽ നേരിടുന്ന എത്ര ഉദ്യോഗസ്ഥർ നിലവിൽ വനം വകുപ്പിലുണ്ടെന്ന് വ്യക്തമാക്കുമോ?

(സി&ഡി) ചന്ദനക്കടത്തുമായി ബന്ധപ്പെട്ട് രണ്ട് ഡെപ്യൂട്ടി ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർമാർക്കെതിരെയും ഏഴ് സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ ക്കെതിരെയും, നാല് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കെതിരെയും ഒരു ട്രൈബൽ വാച്ചർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരാൾ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്.

**വനമേഖലയിലെ വൈദ്യുതവേലിയുടെ സംരക്ഷണം**

171(960) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതവേലികൾ പ്രവർത്തന രഹിതമാകുന്നത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കോട്ടയം ഡിവിഷനിലെ എരുമേലി റേഞ്ചിന്റെ അധീനതയിൽ വരുന്നതും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നതുമായ വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ വന്യജീവിശല്യം കുറയ്ക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജവേലികൾ പ്രവർത്തനരഹിതമാകുന്നത് തടയുന്നതിനായി ദിവസവേതന വാച്ചർമാരുടെ സഹായത്തോടെ ജീവനക്കാർ അടിക്കാടുകൾ തെളിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ജനജാഗ്രതാ സമിതികളുടെയും, ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ സൗരോർജ്ജ വേലികളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോട്ടയം വൈൽഡ് ലൈഫ് സർക്കിളിന്റെ പരിധിയിൽ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതവേലികൾ പ്രവർത്തനരഹിതമാക്കുന്നത് തടയാൻ ഇ.ഡി.സി. അംഗങ്ങളായ ലൈൻമാൻമാരെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ജോലിക്കായി നിയോഗിച്ചിട്ടുള്ള ലൈൻമാൻമാർ അടിക്കാട് തെളിക്കൽ, ലൈൻ മുറുക്കൽ, ലൈനിൽ വീണുകിടക്കുന്ന മരച്ചില്ലകൾ നീക്കം ചെയ്യൽ, ബാറ്ററിയുടെ ചാർജ്ജ് പരിശോധന എന്നീ പ്രവൃത്തികൾ ചെയ്ത് വൈദ്യുതവേലികൾ സംരക്ഷിച്ചുപോരുന്നു.

(ബി) മൂന്നുമാസത്തിലൊരിക്കലെങ്കിലും കാട് വെട്ടിത്തെളിച്ച് വൈദ്യുത വേലികൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

യഥാസമയങ്ങളിൽ കാട്ടുവെട്ടിത്തെളിച്ച് സൗരോർജ്ജവേലികൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി സൗരോർജ്ജവേലികളുടെ സമീപത്തുള്ള അടിക്കാടുകൾ തെളിക്കുന്ന ജോലികൾ ഗ്രാമപഞ്ചായത്ത് അധികൃതർ കൈക്കൊള്ളാവുന്നതാണ്. അത്തരം പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകൃതമായിട്ടുള്ള ഡിസ്ട്രിക്ട് ലെവൽ കോർഡിനേഷൻ കമ്മിറ്റി (ഡി.എൽ.സി.സി.) മുഖാന്തരം ഉറപ്പുവരുത്തുന്നതിന് വനം വകുപ്പ് ചർച്ച ചെയ്ത് വരുന്നതുമാണ്.

**കാവുകളുടെ സംരക്ഷണം**

172(961) ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിനായി കാവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിനായി കാവുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി 2010 മുതൽ കാവുകളുടെ ജൈവവൈവിദ്ധ്യ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനായി മാനദണ്ഡങ്ങൾ പാലിച്ച് കാവുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്.

(ബി) എങ്കിൽ ഇതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ആവിഷ്കരിച്ചിട്ടുണ്ട്.

(സി) കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി സാമ്പത്തികസഹായം നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കാവുകളുടെ സംരക്ഷണത്തിനായി 24-12-2016-ലെ സ.ഉ.(സാധാ)നമ്പർ 485/2016/വനം. പ്രകാരം വിദഗ്ദ്ധ സമിതി തെരഞ്ഞെടുക്കുന്ന ഓരോ ജില്ലയിലെയും 5 കാവുകൾക്ക് ഓരോ സാമ്പത്തികവർഷവും ധനസഹായം നൽകിവരുന്നുണ്ട്.

**ബഫർ സോൺ**

173(962) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത വനമേഖലയുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റുമുള്ള ജനവാസ മേഖലയുൾപ്പെട്ട ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണായി ഉൾപ്പെടുത്താമെന്ന് 23-10-2019-ൽ ചേർന്ന മന്ത്രിസഭായോഗം എടുത്ത തീരുമാനം തുടർന്നുള്ള ഏതെങ്കിലും മന്ത്രിസഭായോഗത്തിൽ തിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏത് മന്ത്രിസഭാ യോഗത്തിലാണ് അപ്രകാരം ഒരു തീരുമാനമെടുത്തത്; തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പുതിയ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) ദേശീയോദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും ചുറ്റും പാരിസ്ഥിതിക സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്നത് സംബന്ധിച്ച് 23-10-2019-ലെ മന്ത്രിസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 31-10-2019-ലെ സ.ഉ.(കൈ) നമ്പർ 29/2019/വനം. ഉത്തരവിൽ തിരുത്തൽ വരുത്തിയിട്ടില്ല. 2019-ലെ സർക്കാർ ഉത്തരവിനുശേഷം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി

കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസമേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A1000/2003 നമ്പർ ഹർജിയിലെ 3-6-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 27-7-2022-ലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം 10-8-2022-ൽ 44/2022/ വനം. നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 27-7-2022-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെയും 10-8-2022-ലെ സർക്കാർ ഉത്തരവിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## 2022-ലെ വന (സംരക്ഷണ) ചട്ടങ്ങൾ

174(963) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. പി. പി. സുമോദ്</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള 2022-ലെ വന (സംരക്ഷണ) ചട്ടങ്ങൾ നടപ്പിൽ വരുന്നതോടുകൂടി സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം വനാശ്രിത സമൂഹങ്ങൾക്ക് ലഭിച്ചുവന്നിരുന്ന അവകാശങ്ങൾ നഷ്ടപ്പെടുവാൻ സാദ്ധ്യതയുണ്ടെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്നതാണ് 2022-ലെ വന സംരക്ഷണ ചട്ടങ്ങൾ. ആയതിനാൽ തന്നെ 2022-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 28-6-2022-ൽ വിജ്ഞാപനം ചെയ്ത വന സംരക്ഷണചട്ടങ്ങൾ നടപ്പിൽ വരുന്നതോടുകൂടി സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം വനാശ്രിത സമൂഹങ്ങൾക്ക് ലഭിച്ചുവരുന്ന അവകാശങ്ങൾ നഷ്ടപ്പെടുവാൻ സാദ്ധ്യതയുണ്ടെന്ന ആശങ്ക ശരിയല്ല.

(ബി) വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ വനാശ്രിത സമൂഹങ്ങളുൾക്കൊള്ളുന്ന ഗ്രാമസഭകളുടെ പിന്തുണ തേടണമെന്നുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യവസ്ഥ ദുർബ്ബലപ്പെടുത്തുന്നതിനായി കൊണ്ടുവന്നിട്ടുള്ള ഈ ചട്ടങ്ങൾ ബഹുരാഷ്ട്ര കുത്തകകൾക്ക് വനഭൂമി യഥേഷ്ടം ഉപയോഗിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്നതാണ് 2022-ലെ വന സംരക്ഷണ ചട്ടങ്ങൾ. വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള പൂർവ്വാനുമതി ലഭിക്കുന്നതിന് ജില്ലാ കളക്ടർമാർ എഫ്.ആർ.എ. സർട്ടിഫിക്കറ്റ് നൽകണമെന്ന വ്യവസ്ഥയിൽ യാതൊരിളവും 2022-ലെ വന സംരക്ഷണ ചട്ടങ്ങളിൽ വരുത്തിയിട്ടില്ല. ആയതിനാൽ വനാശ്രിത സമൂഹങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാമസഭകളുടെ പിന്തുണ തേടണമെന്ന വ്യവസ്ഥ ദുർബ്ബലപ്പെടുമെന്ന സംശയവും ഈ ചട്ടങ്ങൾ ബഹുരാഷ്ട്രകുത്തകകൾക്ക് വനഭൂമി യഥേഷ്ടം ഉപയോഗിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുമെന്ന സംശയവും അസ്ഥാനത്താണ്.

(സി) വന സംരക്ഷണ ചട്ടങ്ങൾ എന്ന പേരിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഈ ചട്ടങ്ങൾ യഥാർത്ഥത്തിൽ വനനശീകരണത്തിന് വഴിതെളിക്കുമെന്നതിനാൽ ഈ വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

വനഭൂമി വനേതര ആവശ്യങ്ങൾക്കുപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്നതാണ് 2022-ലെ വന സംരക്ഷണ ചട്ടങ്ങൾ. കേന്ദ്ര സർക്കാരിന്റെ പൂർവ്വാനുമതി ലഭ്യാമാക്കുന്നതിനുള്ള അപേക്ഷകൾ, സംസ്ഥാന സർക്കാർ മുഖേനയാണ് സമർപ്പിക്കേണ്ടത്. ഈ വേളയിൽ അനുമതി നൽകണമോ വേണ്ടയോയെന്നുള്ള കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഉചിത തീരുമാനം കൈക്കൊള്ളാൻ കഴിയുന്നതാണ്.

**കാവുകൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ**

175(964) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി വനം വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

24-12-2016-ലെ സ.ഉ.(സാധാ)നമ്പർ 485/16/വനം. പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി കാവുകളുടെ

സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന 5 കാവുകൾക്ക് എല്ലാവർഷവും ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണയായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തികവർഷം 5 കാവുകൾക്ക്) കാവുകളുടെ പേര് വിവരങ്ങൾ സംസ്ഥാനതല വിദഗ്ദ്ധസമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്നും സംസ്ഥാനതല വിദഗ്ദ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖ പ്രകാരം വനം വകുപ്പുമായി ധാരണപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള അടങ്കലിന്റെ 10 ശതമാനം തുക ആദ്യഗഡുവായി നൽകുകയും ചെയ്യുന്നു. ടി തുകയുടെ വിനിയോഗം ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി ഉദ്യോഗസ്ഥർ വിലയിരുത്തുകയും ബാക്കിതുക തുടർന്ന് നൽകുകയും ചെയ്തുവരുന്നു.

### വനേതര മേഖലയിലെ മരങ്ങൾ മുറിക്കുന്നതിനുള്ള അനുമതി

176(965) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതര മേഖലയിലെ മരങ്ങൾ മുറിക്കുന്നതിന് നിലവിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ഏതൊക്കെ ഇനം മരങ്ങൾക്കാണ് അത്തരം അനുമതി ആവശ്യമുള്ളതെന്ന് അറിയിക്കാമോ?

നിലവിലുള്ള നിയമങ്ങൾ പ്രകാരം ആവശ്യമുണ്ട്. 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമത്തിലെ സെക്ഷൻ 5 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ടി നിയമത്തിൽ നിഷ്കർഷിക്കുന്നപ്രകാരം ഓതറൈസ്ഡ് ഓഫീസർക്ക് അപേക്ഷ നൽകി അനുമതി നേടേണ്ടതുണ്ട്. എല്ലാ ഇനത്തിൽപ്പെട്ട മരങ്ങൾക്കും ആയത് ബാധകമാണ്. കൂടാതെ ഭൂപതിവ് നിയമത്തിനുകീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം നൽകിയിട്ടുള്ള പട്ടയത്തിൽപ്പെട്ട ഭൂമിയിലെ ഷെഡ്യൂൾഡ് മരങ്ങളായ തേക്ക്, ഈട്ടി, ചന്ദനം, കരിമരം കൂടാതെ പട്ടയത്തിൽ റിസർവ് ചെയ്തിട്ടുള്ള മറ്റ് മരങ്ങളുമുൾപ്പെടെ സർക്കാരിന്റേതാണ്. 2005-ലെ കേരള വൃക്ഷം വളർത്തൽ പ്രോത്സാഹന ആക്ട് സെക്ഷൻ 6(3) പ്രകാരം ഷെഡ്യൂൾഡ് ഏര്യയിലെ സ്വകാര്യഭൂമിയിൽ നിന്നും എല്ലാ ഇനത്തിൽപ്പെട്ട മരങ്ങൾ മുറിക്കുന്നതിന് അനുമതി ആവശ്യമാണ്. എന്നിരുന്നാലും

ചെറുഭൂവുടമകൾക്ക് പ്രസ്തുത നിയമത്തിലെ സ്പെസിഫൈഡ് ട്രീസ് ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനും കടത്തുന്നതിനും അനുവാദം ആവശ്യമില്ല. ചന്ദനം ഒഴികെയുള്ള സ്പെസിഫൈഡ് ട്രീസ് ആയ തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചടച്ചി, ചന്ദനവേമ്പ്, എബണി, വെള്ളകിൽ എന്നീ ഇനം മരങ്ങൾ മുറിക്കുന്നതിനും കടത്തിക്കൊണ്ടുപോകുന്നതിനും ഓതറൈസ്ഡ് ഓഫീസറുടെ അനുമതി ആവശ്യമാണ്. സർക്കാർ ഭൂമിയിൽ അപകടകരമായി നിൽക്കുന്നതും വികസനത്തിന് തടസ്സമായിട്ടുള്ളതുമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അപേക്ഷ മരം നിൽക്കുന്ന ഭൂമിയുടെ കസ്റ്റോഡിയനായ വകുപ്പിൽനിന്നും ലഭിക്കുന്നമുറയ്ക്ക് 10-2-2010-ലെ സ.ഉ.(സാധാ) നമ്പർ 68/2010/വനം. പ്രകാരമുള്ള ട്രീ കമ്മിറ്റി പരിശോധന നടത്തി മരം മുറിക്കുവാൻ അനുമതി നൽകിവരുന്നു.

(ബി) അത്തരം അനുമതിക്കായി ഓൺലൈൻ പാസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന് അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ, ആവശ്യമായ രേഖകൾ എന്നിവ എന്തെന്ന് വിശദമാക്കാമോ?

മരങ്ങൾ മുറിക്കുന്നതിന് അനുമതിക്കായി ഓൺലൈൻ പാസ് സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടില്ല.

(സി) അനുമതിയില്ലാതെ മുറിച്ചുകടത്തുന്ന തടികൾ പിടിച്ചെടുക്കുന്നതിനും പിഴയീടാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നിയമാനുസൃതമായ അനുമതിയില്ലാതെ തടി മുറിച്ച് കടത്തുന്നവർക്കെതിരെ 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമം, 2005-ലെ കേരള വൃക്ഷം വളർത്തൽ പ്രോത്സാഹനം നിയമം, 1961-ലെ കേരള വനനിയമം എന്നീ നിയമങ്ങളും ആയതിന്റെ ചട്ടങ്ങളും പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

**ഗ്രീൻ ഇന്ത്യ മിഷൻ**

177(966) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ള നിയോജക മണ്ഡലങ്ങൾ ഏതൊക്കെയാണെന്നും ഏതുതരം പ്രവർത്തനങ്ങളാണ് അവിടെ നടപ്പാക്കുന്നതെന്നും വ്യക്തമാക്കാമോ?

കാലാവസ്ഥ വ്യതിയാനംമൂലം പരിസ്ഥിതിക്കും വനങ്ങൾക്കുമുണ്ടാകാവുന്ന ദോഷവശങ്ങൾക്ക് പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പാക്കിവരുന്നു. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ 5 ഉപദൗത്യങ്ങളായി ക്രമീകരിച്ചാണ് നടപ്പിലാക്കിവരുന്നത്. കാലിമേച്ചിൽ, വിറക് ശേഖരണം മുതലായ വനാശ്രിത പ്രവർത്തനങ്ങൾ വനങ്ങളുടെ ശോഷണത്തിന് കാരണമാകുന്നു. ഇവ പരിഹരിച്ച് നിലവിലുള്ള വനങ്ങളുടെ സംരക്ഷണം, വനസാന്ദ്രത മെച്ചപ്പെടുത്തൽ, നീർച്ചാലുകളുടെ സംരക്ഷണം, നീർമറി പ്രദേശങ്ങളുടെ മണ്ണ്-ജല സംരക്ഷണം, മണ്ണൊലിപ്പ് നിയന്ത്രണം എന്നിവയും വനങ്ങൾക്കുപുറത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന് ഉപയുക്തമാകത്തക്ക വിധത്തിൽ വൃക്ഷത്തൈകളുടെ ഉല്പാദനം, വിതരണം, ഇന്ധനാവശ്യത്തിനായി വനത്തെ ആശ്രയിക്കുന്നത് ലഘൂകരിക്കുന്നതിനായി പുനരുപയോഗക്ഷമമായ ഇന്ധനം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കൽ, തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കൽ, കള നിയന്ത്രണം, മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായ മരങ്ങൾ വച്ചുപിടിപ്പിക്കൽ, തടയണ നിർമ്മാണം, ഗള്ളി പ്ലഗ്ഗിംഗ് തുടങ്ങിയ പ്രവർത്തനങ്ങളാണ് മേൽ ഉപദൗത്യങ്ങളിലൂടെ നടപ്പാക്കിവരുന്നത്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ള നിയോജകമണ്ഡലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ ധനസഹായത്തോടെയാണോ നടപ്പാക്കുന്നത്; എങ്കിൽ കേന്ദ്ര/സംസ്ഥാന വിഹിതം, നാളിതുവരെ ഈ പദ്ധതിക്ക് കേന്ദ്രസഹായമായി ലഭിച്ച തുക, ചെലവഴിച്ച തുക, ഇനം എന്നിവ വ്യക്തമാക്കുമോ?

ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി 60 ശതമാനം കേന്ദ്ര ധനസഹായവും 40 ശതമാനം സംസ്ഥാന ധനസഹായവും ലഭ്യമാകുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് (60:40 CSS). പദ്ധതി പ്രവർത്തനങ്ങൾക്കായി 2015-16 വർഷത്തിൽ കേന്ദ്ര സർക്കാർ വിഹിതമായി 914.82 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതമായി 609.88 ലക്ഷം രൂപയും ചേർത്ത് ആകെ 1524.70 ലക്ഷം രൂപ ലഭിച്ചു. 2015-16 സാമ്പത്തികവർഷത്തിന്റെ അവസാന പാദത്തിൽ തുക ലഭിച്ചതിനാൽ തൻവർഷം ബന്ധപ്പെട്ട വന വികസന ഏജൻസികൾക്ക് പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചിരുന്നില്ല. ടി തുക 2016-17, 2017-18 സാമ്പത്തികവർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി മുഴുവനായും ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതി പ്രവർത്തനങ്ങൾക്കായി 2019-20, 2020-21 വർഷത്തിൽ കേന്ദ്ര സർക്കാർ വിഹിതമായി 979.088 ലക്ഷം രൂപയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാന സർക്കാർ വിഹിതമായി 652.726 ലക്ഷം രൂപയും ചേർത്ത് ആകെ 1631.814 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 1194.614 ലക്ഷം രൂപ (കേന്ദ്ര സർക്കാർ വിഹിതം-716.7684 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം- 477.8456 ലക്ഷം രൂപയും) 31-3-2022 വരെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതി വിഹിതമായി ആകെ ലഭിച്ച തുകയിൽ മിച്ചമുള്ള 437.20 ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾ തുടരുന്നതിനായി ബന്ധപ്പെട്ട വനവികസന ഏജൻസികൾ ചെലവഴിച്ചുവരുന്നു. പദ്ധതി പ്രവർത്തനങ്ങൾക്കായി 2016-17 മുതലുള്ള വർഷങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച ഇനം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി

178(967) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി-വനം സംരക്ഷണത്തിന്റെ ഭാഗമായി ഗ്രീൻ ഇന്ത്യ മിഷൻ പാലക്കാട് ജില്ലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ?

2022-23 വർഷത്തിൽ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൻകീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനം സമർപ്പിച്ച വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുള്ളതിൻപ്രകാരം പാലക്കാട് ജില്ലയിൽ 740.44 ലക്ഷം രൂപയുടെ പ്രവർത്തങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ഗ്രീൻ ഇന്ത്യ മിഷന്റെ പ്രവർത്തനങ്ങൾക്ക് പദ്ധതി പ്രദേശത്തെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ സമർപ്പിക്കാനാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സാമൂഹ്യ-സാമ്പത്തിക പരിഗണനകളുടെ അടിസ്ഥാനത്തിൽ നദീതടങ്ങൾ, വിസ്തൃത ഭൗമ-ജൈവ മേഖലകൾ എന്നിങ്ങനെ വളരെ വിസ്തൃത ഭൂപ്രദേശങ്ങളെ L1 തലത്തിൽ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. രണ്ടാമതായി വനസാന്ദ്രത, വൃക്ഷാവരണം, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള അനന്തരഫലങ്ങൾ വനമേഖലയെ ദോഷകരമായി ബാധിക്കുവാനുള്ള സാദ്ധ്യത, ജൈവ വൈവിദ്ധ്യ സമ്പന്നത തുടങ്ങിയ ഘടകങ്ങളെ വിലയിരുത്തി L2 തലത്തിൽ പദ്ധതി പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നു. അവസാനമായി L3 തലത്തിനുള്ളിൽ വരുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സൂക്ഷ്മ നീർത്തടങ്ങളെ അധിഷ്ഠിതമാക്കി വനമേഖലയും വനേതര മേഖലയും തെരഞ്ഞെടുത്ത് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയുടെ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി അനുയോജ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച മൈക്രോപ്ലാൻ തയ്യാറാക്കി അംഗീകരിച്ച് പ്രാദേശിക ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നു. എല്ലാവർഷവും ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിക്കുകീഴിൽ വിവിധ ഉപദൗത്യങ്ങളിലായി നീർത്തടാധിഷ്ഠിതമായി ഉൾപ്പെടുത്താവുന്ന പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഉചിതമായ പ്രവർത്തനങ്ങൾ കണ്ടെത്തി അതത് നിർവ്വഹണ വന സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ മൈക്രോപ്ലാനിലുൾപ്പെടുത്തി വിവിധ വന വികാസ ഏജൻസികൾ (FDAs) സമർപ്പിക്കുന്ന വാർഷിക കർമ്മ പദ്ധതികൾ സംസ്ഥാനതലത്തിൽ സംസ്ഥാന വന വികസന ഏജൻസി (SFDA, Kerala) ക്രോഡീകരിച്ച് കേന്ദ്ര വനം-പരിസ്ഥിതിമന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുകയാണ് ചെയ്തു വരുന്നത്. തുടർന്ന് വാർഷിക കർമ്മ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായവും ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ വന സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ വഴി വിവിധ വന വികസന ഏജൻസികളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നു. 2022-23 വർഷത്തിൽ ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൻകീഴിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സംസ്ഥാനം സമർപ്പിച്ച വാർഷിക കർമ്മ പദ്ധതിക്ക് ഭേദഗതികളോടെ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുള്ളതാണ്. ആയതിനാൽ നടപ്പ് സാമ്പത്തികവർഷത്തിൽ ഇനിയും പുതിയ നിർദ്ദേശങ്ങൾ അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് സാധിക്കുകയില്ല.

**വനമേഖലയിലെ ഔഷധസസ്യ കൃഷി**

179(968) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ ഔഷധസസ്യ കൃഷി വികസിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ദേശീയ ഔഷധ സസ്യബോർഡിന്റെ ധനസഹായത്തോടെ വനമേഖലയിൽ ഔഷധസസ്യങ്ങളുടെ വ്യാപനത്തിനും പരിചരണത്തിനും വനാശ്രിതസമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി വിവിധ പ്രോജക്ടുകൾ വനംവകുപ്പ് നടപ്പാക്കിയിട്ടുണ്ട്.

(ബി) വനവിഭവങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് അറിയിക്കാമോ; ആയത് വിപുലപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോയെന്നും വനവിഭവങ്ങൾ മിതമായ വിലയ്ക്ക് വില്പന നടത്തുവാൻ സൗകര്യമേർപ്പെടുത്തുമോയെന്നും വ്യക്തമാക്കുമോ?

TRIFED-ന്റെ ധനസഹായത്തോടെ Minimum Support Price for Minor Forest Produce (MSP for MFP), Van Dhan Vikas Kendra (VDVK) പോലുള്ള പദ്ധതികളിലൂടെയും വനവികസന ഏജൻസികളുടെ ഫണ്ടുപയോഗിച്ചും ആവശ്യമായ ഭൗതികസാഹചര്യങ്ങളൊരുക്കുകയും ഉപകരണങ്ങൾ വാങ്ങിക്കുകയും ചെയ്യുന്നു. വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെ അംഗങ്ങൾ ശാസ്ത്രീയമായ രീതിയിൽ വനവിഭവ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനം എന്നിവ നടത്തി വനവിഭവങ്ങൾ "വനശ്രീ" ഇക്കോഷോപ്പുകൾ മുഖേന വില്പന നടത്തിവരുന്നു. വനമേഖലയിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും, യന്ത്രങ്ങളുടെ സഹായത്താൽ കൂടുതൽ കാര്യക്ഷമതയോടുകൂടി മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും ഇതുവഴി കഴിയുന്നുണ്ട്. ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ വനശ്രീ കേന്ദ്രങ്ങളിലൂടെ വിറ്റഴിക്കുന്നതുവഴി വനാശ്രിതരായ ആദിവാസികളുടെ ജീവിതനിലവാര ഉയർച്ചയും, സാമ്പത്തിക സുരക്ഷിതത്വവുമാണ് ലക്ഷ്യംവയ്ക്കുന്നത്. നിലവിൽ MSP for MFP പദ്ധതി പ്രകാരം കേരളത്തിലെ 24 ഇനം വനവിഭവങ്ങൾക്ക് താങ്ങുവില നിശ്ചയിച്ചിട്ടുണ്ട്. വനാശ്രിത സമൂഹത്തിനുകൂടി ഗുണകരമാകുന്ന തരത്തിലുള്ള വിലനിലവാരമാണ് നിലവിൽ വനശ്രീ ഇക്കോഷോപ്പുകളിൽ പിന്തുടർന്നുവരുന്നത്.

(സി) വനമേഖലകളിലെ വിനോദസഞ്ചാര സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വനമേഖലകളിലെ വിനോദസഞ്ചാര സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പരിസ്ഥിതിക്കനുയോജ്യമായ വിധം ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പശ്ചാത്തലവികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശക വാഹകശേഷി പഠനം നടത്തിവരുന്നുണ്ട്. ആയതിൻപ്രകാരം പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തി ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അതോടൊപ്പം സുരക്ഷാപഠനം (Safety audit) നടത്തി സുരക്ഷാക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇക്കോ-ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് വരുന്ന വിദേശികളടക്കമുള്ള സന്ദർശകരെ ആകർഷിക്കുന്നതിലേയ്ക്കായി ട്രെക്കിംഗ്, ബോട്ട്

സർവ്വീസ്, മുള കൊണ്ടുള്ള ചങ്ങാടങ്ങൾ, താമസസൗകര്യം, ഗൈഡുകളുടെ സഹായം, സന്ദർശകർക്ക് സൗകര്യപ്രദമായ സമയം തെരഞ്ഞെടുത്ത് സന്ദർശനം നടത്തുന്നതിന് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് മുതലായവ നടപ്പിലാക്കിവരുന്നു. കൂടാതെ കഫ്റ്റീരിയ, ടോയ്‌ലറ്റ് സംവിധാനങ്ങൾ, വിശ്രമസങ്കേതങ്ങൾ തുടങ്ങിയവ പ്രകൃതിക്ക് അനുയോജ്യമാംവിധം സജ്ജീകരിച്ചിട്ടുണ്ട്. ഇക്കോടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള ബ്രോഷറുകൾ, ചിത്രങ്ങൾ അടങ്ങിയ ബുക്ക്‌ലെറ്റുകൾ മുതലായവയും സന്ദർശകർക്ക് ലഭ്യമാക്കുന്നുണ്ട്. അതത് വനം ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻ/മാനേജ്മെന്റ് പ്ലാൻ/ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്കും 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിനും മറ്റ് വനനിയമങ്ങൾക്കും അനുസൃതമായാണ് വനം വകുപ്പിനുകീഴിലുള്ള ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നടത്തിവരുന്നത്. പ്രകൃതിക്കും വന്യജീവികളുടെ ആവാസവ്യവസ്ഥയ്ക്കും കോട്ടം തട്ടാത്ത രീതിയിലുള്ളതും വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടിയുള്ളതുമായ പ്രവർത്തനങ്ങളാണ് വനം വകുപ്പിന്റെ ഇക്കോ ടൂറിസം പ്രോഗ്രാമുകളുടെ മുഖമുദ്ര. ടി പ്രോഗ്രാമുകളിലൂടെ വനാശ്രിത സമൂഹത്തിന് തൊഴിലും അതുവഴി ജീവനോപാധിയും പ്രദാനം ചെയ്യാൻ കഴിയുന്നു.

(ഡി) സ്വകാര്യ ക്ഷേത്രങ്ങളോട് ചേർന്ന് നിലകൊള്ളുന്ന കാവുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വനംവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കുമോ?

24-12-2016-ലെ സ.ഉ.(സാധാ)നമ്പർ 485/16/വനം. പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നിലവിലുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാവർഷവും ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണയായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തികവർഷം 5 കാവുകൾക്ക്) കാവുകളുടെ പേര് വിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽനിന്നും സംസ്ഥാനതല വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖ പ്രകാരം വനം വകുപ്പുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള അടങ്കലിന്റെ 10 ശതമാനം തുക ആദ്യഗഡുവായി നൽകുകയും ചെയ്യുന്നു. ടി തുകയുടെ വിനിയോഗം ബന്ധപ്പെട്ട സോഷ്യൽ ഫോറസ്റ്റി ഉദ്യോഗസ്ഥർ വിലയിരുത്തുകയും ബാക്കി തുക തുടർന്ന് നൽകുകയും ചെയ്യുന്നു.

**സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുക്കുവാൻ നടപടി**

180(969) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന നയരേഖ 2021 പ്രകാരം പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ ഏറ്റെടുക്കുന്നതിനായി നാളിതുവരെ എത്ര തുക നീക്കിവച്ചിട്ടുണ്ട്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കണ്ടൽക്കാടുകൾ വിട്ടുനൽകുന്നതിനായി എത്രപേർ സമ്മതം അറിയിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; ഇതിൽ എത്രപേരുടെ അപേക്ഷകൾ അംഗീകരിച്ചിട്ടുണ്ട്; എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്; അറിയിക്കാമോ;

(സി) സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിർത്തിവച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പരിസ്ഥിതി പ്രാധാന്യം മനസ്സിലാക്കി കണ്ടലുകൾ സംരക്ഷിക്കുന്നതിനായി ഭൂമി വിട്ടുനൽകുവാൻ തയ്യാറായവരെ വിശ്വാസത്തിലെടുക്കാതെ റിയൽ എസ്റ്റേറ്റ് താല്പര്യങ്ങൾ പരിഗണിച്ച് പ്രസ്തുത പദ്ധതി അട്ടിമറിക്കാൻ ശ്രമം നടക്കുന്നതായ ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-ഡി) സ്വകാര്യ ഭൂമിയിലുള്ള കണ്ടലുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ 28-4-2022-ലെ സ.ഉ(സാധാ.)നമ്പർ 189/2022/വനം. പ്രകാരം തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* സ്വഭാവിക വനങ്ങളുടെ പുനഃസ്ഥാപനം നയരേഖ-2021 പ്രകാരം പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ ഏറ്റെടുക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വനഭൂമിക്ക് പട്ടയം

181(970) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1977 ജനവരി 1 വരെയുള്ള വനഭൂമി കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനായി വന (സംരക്ഷണ) നിയമപ്രകാരം 1993-ൽ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയതിന്റെയടിസ്ഥാനത്തിൽ വനഭൂമി കൈവശം വച്ചിരിക്കുന്ന കർഷകർക്ക് പട്ടയം നൽകുന്നതിനായി സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് 1977 ജനവരി 1-ന് മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്ന കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഇത്തരത്തിൽ പട്ടയം നൽകുന്ന പ്രദേശങ്ങളുടെ മൊത്തം വിസ്തൃതി സംബന്ധിച്ച വിശദാംശം നൽകുമോ; കേന്ദ്രാനുമതി ലഭ്യമായിക്കഴിഞ്ഞാൽ ഇതുസംബന്ധിച്ച് സ്വീകരിക്കുന്ന തുടർനടപടികൾ വിശദമാക്കാമോ?

1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ചതുപ്രകാരം സതേൺ സർക്കിളിന്റെ കീഴിൽ റാന്നി ഡിവിഷന്റെ പരിധിയിലുള്ള 6362 കുടുംബങ്ങളും പുനലൂർ ഡിവിഷന്റെ പരിധിയിലുള്ള 3429 കൈവശക്കാർക്കും കോന്നി ഡിവിഷനിലെ 141.03 ഹെക്ടർ, തെന്മല ഡിവിഷനിലെ 70 ഹെക്ടർ, തിരുവനന്തപുരം ഡിവിഷനിലെ 64.07 ഹെക്ടർ ഭൂമിയും കൈവശമുള്ളതായും ഹൈറേഞ്ച് സർക്കിൾ, കോട്ടയത്തിന്റെ പരിധിയിലുള്ള 5365.759 ഹെക്ടർ, സെൻട്രൽ സർക്കിൾ, തൃശ്ശൂരിന്റെ പരിധിയിലുള്ള 4219.6035 ഹെക്ടറും ഈസ്റ്റേൺ സർക്കിൾ, പാലക്കാടിന്റെ പരിധിയിലുള്ള 406.426 ഹെക്ടറും നോർത്തേൺ സർക്കിൾ, കണ്ണൂരിന്റെ പരിധിയിലുള്ള 520.036 ഹെക്ടറും വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാടിന്റെ പരിധിയിലുള്ള 205.5446 ഹെക്ടർ ഭൂമിയും പട്ടയം നൽകുന്നതിനായി സംയുക്ത പരിശോധനയിലുണ്ടെന്ന് സർക്കിൾ ചീഫ് ഫോറസ്റ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൺസർവേറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽനിന്നും കേന്ദ്രാനുമതി ലഭിച്ച പ്രകാരം കൈവശക്കാർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 1970.041 ഹെക്ടർ കൈവശ വനഭൂമിയുടെ പ്രൊപ്പോസൽ കേന്ദ്രത്തിന്റെ പരിഗണനയിലാണ്. കേന്ദ്രാനുമതി ലഭ്യമായി കഴിഞ്ഞാൽ പ്രസ്തുത ഭൂമിയുടെ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 8-11-2018-ലെ WP(C) 4511/2018 നിക്ഷിപ്ത വനഭൂമിയിലും പരിസ്ഥിതി ലോലപ്രദേശങ്ങളിലുമുള്ള 1-1-1977-ന് മുമ്പുള്ള കൈയ്യേറ്റം ക്രമവൽക്കരിക്കാൻ പാടില്ലാത്തതുമാണെന്ന് ഉത്തരവായിട്ടുള്ളതാണ്. ഓരോ സർക്കിളുകളുടെയും ആകെയുള്ളതും നൽകിയതും ബാക്കി നൽകാനുള്ളതുമായ ഭൂമിയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

### വനം വകുപ്പ് വിട്ടുനൽകിയ പാലക്കാട് ജില്ലയിലെ സ്ഥലങ്ങൾ

182(971) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതിയിൽ വനം വകുപ്പുമായി ബന്ധപ്പെട്ട് കുടിയേറ്റ കർഷകർ അല്ലെങ്കിൽ കയ്യേറ്റഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ നടത്തി വന്നിരുന്ന കക്ഷികൾ (വ്യക്തി/സ്ഥാപനം) അവരുടെ സ്ഥലത്തിനുപകരമായി പാലക്കാട് ജില്ലയിൽ മറ്റേതെങ്കിലും സ്ഥലം വനം വകുപ്പിന് വാങ്ങി നൽകിയിട്ടുണ്ടോ?

പാലക്കാട് വനം ഡിവിഷനുകീഴിലെ ഒലവക്കോട് റെയ്ഞ്ചിന്റെ പരിധിയിൽ വരുന്ന കേരളശ്ശേരി പൊറ്റയിൽക്കാട് മലവാരത്തിലെ 28.50 ഏക്കർ അവകാശപ്പെട്ട് സ്വകാര്യ വ്യക്തികൾ ഒ.എ 1178/74 നമ്പർ കേസ് ഫയൽ ചെയ്യുകയും ആയത് ഫോറസ്റ്റ് ട്രൈബ്യൂണൽ 09-2-1978-ൽ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ആയതിനെതിരെ സർക്കാർ ഐ.എ. 371/85 ഫയൽ ചെയ്യുകയും സർക്കാരിന് അനുകൂലമായി ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. മേൽ വിധിക്കെതിരെ സ്വകാര്യവ്യക്തികൾ ഫയൽ ചെയ്ത അപ്പീൽ തള്ളിക്കൊണ്ട് 25-2-2000-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി ഭൂമിയിലുൾപ്പെട്ട 1.13 ഹെക്ടർ സ്ഥലം 1-1-1977-ന് മുമ്പുതന്നെ ഉടമസ്ഥനിൽനിന്നും സി.എൻ.ഇ.സി. ട്രസ്റ്റ് കൈവശം വാങ്ങുകയും ട്രസ്റ്റിന്റെ ആവശ്യങ്ങൾക്കനുസൃതമായ വികസന പ്രവൃത്തികൾ നടത്തുകയും ചെയ്തിരുന്നു. സി.എൻ.ഇ.സി. ട്രസ്റ്റ് മേൽസ്ഥലത്ത് 1980-ലെ വനസംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പുതന്നെ വികസന പ്രവൃത്തികൾ നടത്തിയിട്ടുള്ളതിനാൽ ഫോറസ്റ്റ് കൺസർവേഷൻ റൂൾസ് 2003 പ്രകാരം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ടി സ്ഥലം വനേതര പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുകയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 18-6-2014-ലെ F-No.4/KLB906/2012-BAN-5494 പ്രകാരം ടി 1.13 ഹെക്ടർ സ്ഥലം കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ നിബന്ധനകൾക്ക് വിധേയമായി 20 വർഷത്തേയ്ക്ക് പാട്ടവ്യവസ്ഥയിൽ വനേതര പ്രവർത്തനങ്ങൾ അനുവദിച്ച് നടത്തുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ 1.13 ഹെക്ടറിനുപകരമായി ടി സ്ഥാപനം ഷോളയൂർ വില്ലേജിൽ 1619/2 സർവ്വേ നമ്പറിൽ വരുന്ന 1.13 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ പേരിൽ പരിഹാരവനവത്കരണ പ്രവർത്തനങ്ങൾക്കായി രജിസ്റ്റർ ചെയ്തു ലഭിച്ചിട്ടുണ്ട്.

(ബി) അത്തരത്തിൽ സ്ഥലം വാങ്ങി നൽകിയാൽ കക്ഷികൾക്ക് അവരുടെ കൈവശമുള്ള സ്ഥലം വിട്ടുകൊടുക്കുവാൻ നിയമമുണ്ടോ?

കയ്യേറിയ വനഭൂമിക്കുപകരം സ്ഥലം നൽകിയാൽ കക്ഷികൾക്ക് അവരുടെ കൈവശമുള്ള സ്ഥലം വിട്ടുകൊടുക്കുവാൻ നിലവിൽ നിയമമില്ല. എന്നാൽ 1977-നു മുമ്പ് കൈവശമിരുന്ന വനഭൂമി ക്രമീകരിക്കുന്നതിനുവേണ്ട നടപടികൾ കേരള ഭൂപതിവ് നിയമം 1960-ലെ 7-ാം ഖണ്ഡിക പ്രകാരം നിലവിൽവന്ന The Kerala Land Assignment (Regularisation of Occupations of Forest Lands prior to 01-1-1977) Special Rules, 1993-ൽ പ്രതിപാദിച്ചിട്ടുണ്ട്.

(സി) പകരം സ്ഥലം വാങ്ങി ഇത്തരത്തിൽ വിട്ടുനൽകിയ പാലക്കാട് ജില്ലയിലെ സ്ഥലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് വനം ഡിവിഷനുകീഴിലെ ഒലവക്കോട് റെയ്ഞ്ചിന്റെ പരിധിയിൽ വരുന്നതും 1977-ന് മുമ്പ് സ്വകാര്യവ്യക്തികൾ കൈവശം വച്ചിരുന്നതുമായ കേരളശ്ശേരി പൊറ്റയിൽക്കാട് മലവാരത്തിലെ 1.13 ഹെക്ടർ സ്ഥലം സി.എൻ.ഇ.സി. ട്രസ്റ്റ് എന്ന സ്ഥാപനം ഫോറസ്റ്റ് കൺസർവഷൻ ആക്ട് 1980, ഫോറസ്റ്റ് കൺസർവഷൻ റൂൾസ് 2003 എന്നിവ പ്രകാരം വനേതര പ്രവർത്തനങ്ങൾക്കായി വിട്ടുനൽകുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുകയും ആയതിനുള്ള പൂർവ്വാനുമതി കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായമുറയ്ക്ക് ടി വനഭൂമിക്ക് പകരമായി പരിഹാരവനവൽക്കരണത്തിന് ഷോളയൂർ വില്ലേജിൽ 1619/2 സർവ്വേ നമ്പറിൽ വരുന്ന 1.13 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയതിന്റെയടിസ്ഥാനത്തിൽ പാലക്കാട് വനം ഡിവിഷനുകീഴിലെ ഒലവക്കോട് റെയ്ഞ്ചിന്റെ പരിധിയിൽ വരുന്ന കേരളശ്ശരി പൊറ്റയിൽക്കാട് മലവാരത്തിലെ 1.13 ഹെക്ടർ സ്ഥലം സി.എൻ.ഇ.സി. ട്രസ്റ്റ് എന്ന സ്ഥാപനത്തിന് പാട്ടവ്യവസ്ഥയിൽ 20 വർഷക്കാലത്തേയ്ക്ക് വനേതര പ്രവർത്തനങ്ങൾ നടത്തുന്നതിന് അനുവദിക്കുകയുണ്ടായിട്ടുണ്ട്.

## വനാതിർത്തി ഡിജിറ്റൈസ് ചെയ്യാൻ പദ്ധതി

183(972) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി.സുമേഷ്:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനാതിർത്തി പൂർണ്ണമായും ജണ്ടകെട്ടി അതിർത്തി നിർണ്ണിയിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്ത് വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനും വനം അതിർത്തി നിശ്ചയിക്കുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. 2021-22 സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ ഏകദേശം 21200-ഓളം ജണ്ടകൾ കൂടി നിർമ്മിക്കാനുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആയതിൽ 2021-22 സാമ്പത്തികവർഷത്തിൽ 5934 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. ബാക്കിയുള്ള ജണ്ടകൾ എത്രയുംവേഗം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വനാതിർത്തി ഭൂമിയിൽ അടയാളപ്പെടുത്തുവാൻ ശേഷിക്കുന്ന ഭാഗങ്ങളിലും കോടതി കേസുകൾ നിലനിൽക്കുന്നയിടങ്ങളിലും തർക്കം നിലനിൽക്കുന്ന പ്രദേശങ്ങളിലും ഇനിയും ജണ്ടകൾ സ്ഥാപിക്കുവാനുണ്ട്. കൂടാതെ വനാതിർത്തി ഡിജിറ്റലൈസ് ചെയ്ത് രേഖപ്പെടുത്തുന്നതിനുമുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) വനാതിർത്തി സംബന്ധിച്ച തർക്കങ്ങൾ ഒഴിവാക്കുന്നതിനും ആധുനികരീതിയിൽ അതിർത്തി നിർണ്ണയിച്ച് ഡിജിറ്റൈസ് ചെയ്യാനുമുള്ള പദ്ധതിയുടെ പൈലറ്റ് സ്റ്റഡി പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വനാതിർത്തി ജിയോ റഫറൻസിംഗ് നടത്തി ഡിജിറ്റൈസ് ചെയ്യുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ കേരളത്തിൽ ചാലക്കുടി വനം ഡിവിഷനിൽ പൈലറ്റ് സ്റ്റഡി നടത്തിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ലഭ്യമാക്കിയിട്ടുള്ളതാണ്.

(സി) കാട്ടുതീ മൂലമുള്ള വനനശീകരണം തടയുന്നതിനും ക്ഷയിച്ചുപോയ വനപ്രദേശങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കാട്ടുതീയുണ്ടാകുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**മഞ്ചേശ്വരം മണ്ഡലത്തിലെ ഉദ്യാവർ ഗവൺമെന്റ് സ്കൂളിനുവേണ്ടി ഭൂമി**

184(973) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഉദ്യാവർ ഗവൺമെന്റ് സ്കൂളിനുവേണ്ടി സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ഉദ്യാവർ ഗവൺമെന്റ് സ്കൂളിനുവേണ്ടി ആവശ്യമായ പ്രസ്തുത ഭൂമി മഞ്ചേശ്വരം താലൂക്കിലെ ഉദ്യാവർ വില്ലേജിലെ റീസർവ്വേ നമ്പർ 75/2-ൽപ്പെടുന്ന 13.43 ഏക്കർ വനഭൂമിയിൽപ്പെടുന്നു. ടി ഭൂമി കേരള വനം നിയമം 1961 സെക്ഷൻ 4 പ്രകാരം നോട്ടിഫൈ ചെയ്ത് സെക്ഷൻ 6 പ്രകാരം ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർ പ്രൊക്ലമേഷൻ ഉത്തരവായി ഫൈനൽ നോട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. ഈ വനഭൂമി സംരക്ഷണത്തിനായി സാമൂഹ്യവനവൽക്കരണവിഭാഗം കാസർഗോഡ് ഫോറസ്റ്റ് ഡിവിഷന് കൈമാറിയിട്ടുള്ളതാണ്.

(ബി) പ്രസ്തുത വിദ്യാലയത്തിന് ഭൂമിയനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിദ്യാലയത്തിന് ടി ഭൂമി ലഭ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കുമോ?

(ബി&സി) പ്രസ്തുത വിദ്യാലയത്തിനാവശ്യമായ ഭൂമി സർക്കാർ വനഭൂമിയായി നോട്ടിഫൈ ചെയ്തിട്ടുള്ളതിനാൽ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം വിദ്യാഭ്യാസവകുപ്പ്, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്.

(ഡി) പ്രസ്തുത വിദ്യാലയത്തിന് ടി ഭൂമി അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പരിവേഷ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരം മാനദണ്ഡങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ നടപ്പാക്കിവരുന്ന പദ്ധതികൾ

185(974) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന എട്ട് പഞ്ചായത്തുകളിലായി സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ നിലവിൽ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ, അവയുടെ ഫണ്ട് വിവരം, ഗുണഭോക്താക്കളുടെ എണ്ണം, നാളിതുവരെ ചെലവഴിച്ച തുക, പ്രവർത്തനത്തിന്റെ നിലവിലുള്ള പുരോഗതി എന്നിവ സംബന്ധിച്ച വിവരം പഞ്ചായത്തുതലത്തിൽ തരംതിരിച്ച് ലഭ്യമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന എട്ട് പഞ്ചായത്തുകളിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗവുമായി ബന്ധപ്പെട്ട പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

## 'വിദ്യാവനം' പദ്ധതി

186(975) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

2020-21 വർഷത്തിൽ ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം ഹയർ സെക്കണ്ടറി സ്കൂൾ, പുറനാട്ടുകര, 2022-23-വർഷത്തിൽ ശ്രീരാമചന്ദ്ര യു.പി.സ്കൂൾ, എടക്കളത്തൂർ എന്നീ സ്ക്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിദ്യാവനം പദ്ധതിപ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഈ വർഷം നട്ട വൃക്ഷതൈകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

വിദ്യാവനം പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എടക്കളത്തൂർ ശ്രീരാമചന്ദ്ര യു.പി. സ്കൂളിൽ വിവിധയിനത്തിൽപ്പെട്ട 300 വൃക്ഷത്തൈകൾ ഈ വർഷം നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## ആഗോള താപനത്തെ ചെറുക്കുന്നതിന് നടപടി

187(976) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനത്തെ ചെറുക്കുന്നതിന് വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രവൃത്തികളെക്കുറിച്ച് വിശദമാക്കാമോ?

ആഗോളതാപനത്തെ ചെറുക്കുന്നതിനും വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുമായി ഓരോവർഷവും വൃക്ഷത്തൈകളുല്പാദിപ്പിച്ച് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തുടങ്ങി വനമഹോത്സവ പരിപാടികൾ അവസാനിക്കുന്നതുവരെ സ്കൂളുകൾ, കോളേജുകൾ, വ്യക്തികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സർക്കാരിതര സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, മാധ്യമസ്ഥാപനങ്ങൾ എന്നിവ വഴി നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാവനം, നഗരവനം, വൃക്ഷസമൃദ്ധി പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, വഴിയോരതണൽ, സ്വകാര്യ ഭൂമിയിൽ വൃക്ഷം നട്ടുവളർത്തുന്നതിന് പ്രോത്സാഹന ധനസഹായം, കാവുകളുടേയും കണ്ടലുകളുടേയും സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ വനം വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. വനത്തിനുപുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം പദ്ധതിയുടെ കീഴിൽ വൃക്ഷത്തൈകളുല്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജനസംഘടനകൾ, ധർമ്മസ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തരം അവ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

2. വഴിയരികിൽ തണൽ വിരിക്കുന്നതിനായി വഴിയോര തണൽ എന്ന പദ്ധതിയിൻകീഴിൽ ഈ വർഷം വെളിയനാട്, പട്ടണക്കാട്, അമ്പലപ്പുഴ ബ്ലോക്കുകളിലെ വിവിധ സ്ഥലങ്ങളിൽ തൈകൾ നട്ടു പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി 8 സ്കൂളുകളിൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് ഈ വർഷം 35000 വലിയ കൂടതൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

4. ചെറുവനങ്ങളുടെ മാതൃകയിൽ 13 സ്കൂളുകളിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി 5 സെന്റ് സ്ഥലത്തുവീതം വിദ്യാവനം നട്ടു പരിപാലിച്ചുവരുന്നു.

5. വനേതര ഭൂമിയിൽ വനവത്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി വൃക്ഷസമൃദ്ധി എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

6. കടൽതീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി ചേർത്തല നിയോജകമണ്ഡലത്തിലെ അർത്തുങ്കൽ പ്രദേശത്ത് 70000 കാറ്റാടി തൈകൾ നട്ടുപരിപാലിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 28000 കാറ്റാടി തൈകളും നട്ടുപരിപാലിച്ചിട്ടുണ്ട്.

7. സ്വകാര്യഭൂമിയിൽ വൃക്ഷം വളർത്തുന്ന ഭൂവുടമകൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽ വളർത്തുന്നവർക്ക് പ്രോത്സാഹന ധനഹായം നൽകൽ എന്നിവ നടത്തിവരുന്നു.

8. കാവ് സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന 5 കാവ് ഉടമകൾക്ക് വർഷംതോറും ദീർഘാകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു.

**മരവൽക്കരണം പദ്ധതി**

188(977) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവൽക്കരണം എന്ന കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്വകാര്യഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന മരവൽക്കരണം എന്ന പദ്ധതി നിലവിലില്ല.

(ബി) പദ്ധതി നടത്തിപ്പിനായി നൽകുന്ന ധനസഹായം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടിയുല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 29-9-2012-ലെ സ.ഉ.(സാധാ)നമ്പർ 486/2012/വനം. പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ കുന്നിവാക, തേമ്പാവ് എന്നിങ്ങനെ 10 ഇനം വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണമനുസരിച്ച്

3 തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ 1-ന് 50 രൂപ നിരക്കിലും 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ 1-ന് 40 രൂപ നിരക്കിലും 401 മുതൽ 625 എണ്ണം വരെ തൈകൾക്ക് തൈ 1-ന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നില്ല. സ്വന്തം ഭൂമിയിലോ 10 വർഷം പാട്ടത്തിനെടുത്ത വസ്തുവിലോ മേൽപ്പറയുന്ന 10 ഇനങ്ങളിൽപ്പെട്ട വൃക്ഷത്തൈകൾ നട്ടുവളർത്തുന്നവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്.

**സെറ്റിൽമെന്റുകൾ മാറ്റിസ്ഥാപിക്കാൻ നടപടി**

189(978) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിലെ സെറ്റിൽമെന്റുകൾ മാറ്റിസ്ഥാപിക്കാൻ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചത്; ഇതിൽ നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിലെ വനമേഖലയോടുചേർന്ന സെറ്റിൽമെന്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; അറിയിക്കാമോ?

റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി വനം വകുപ്പിനുകീഴിൽ നടപ്പാക്കിവരുന്ന ഒരു ഉപപദ്ധതിയാണ് വനത്തിനകത്തുള്ള സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം. 14-11-2019-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ 483/2018/പി&ഇഎ. പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിക്കായി 105.9176 കോടി രൂപയാണ് ആകെ വകയിരുത്തിയിട്ടുള്ളത്. വനമേഖലയോട് ചേർന്ന സെറ്റിൽമെന്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഡിവിഷൻ തലത്തിൽ പ്രത്യേകമായി തുക വേർതിരിച്ച് വകയിരുത്തിയിട്ടില്ല.

(ബി) നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിലെ പോത്തുകല്ല് വനമേഖലയോടുചേർന്ന സെറ്റിൽമെന്റുകൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് വനം വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ടോ; വനത്തിനോട് ചേർന്നുതാമസിക്കുന്ന ആളുകൾക്ക് ഒഴിഞ്ഞുപോകുന്നതിന് വനംവകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

നിലമ്പൂർ നോർത്ത് ഡിവിഷനുകീഴിലെ പോത്തുകല്ല് വനമേഖലയോട് ചേർന്ന സെറ്റിൽമെന്റുകളിൽ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയെപ്പറ്റി വനം വകുപ്പ് ബോധവൽക്കരണം നടത്തിയിട്ടുണ്ട്. വനത്തിനോട് ചേർന്നുതാമസിക്കുന്ന ആളുകൾ ഒഴിഞ്ഞുപോകുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ നോട്ടീസ് നൽകിയിട്ടില്ല.

(സി) കുടിയൊഴിഞ്ഞുപോകേണ്ടവർക്ക് അവരുടെ കൈവശത്തിലുള്ള ഭൂമിയുടെ അളവിന്റെയും കൃഷി വിളകളുടെയും വീട് ഉൾപ്പെടെയുള്ള നിർമ്മിതികളുടെയും വില കണക്കാക്കി ആനുപാതികമായ നഷ്ടം നൽകി പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച ആശങ്ക പരിഹരിക്കാൻ ജനപ്രതിനിധികളുടെയും വനം വകുപ്പുദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർക്കുന്നത് പരിഗണനയിലുണ്ടോ?

കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തിനായുള്ള ആവശ്യമുയരുന്നുണ്ട്. ഇതിലേയ്ക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി, കിഫ്ബി Phase II എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരുമടങ്ങുന്ന റീജിയണൽ കമ്മിറ്റിയുടെ യോഗം വിളിച്ചുചേർത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി വനം വകുപ്പുദ്യോഗസ്ഥർ യോഗം വിളിച്ചുചേർത്ത് അവരുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിക്കായുള്ള അപേക്ഷകൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) രണ്ട് സെന്റ് മുതൽ മുകളിലേയ്ക്ക് എത്ര അളവിൽ ഭൂമിയുണ്ടെങ്കിലും അതിൽ വീടുൾപ്പെടെയുള്ള നിർമ്മിതികൾ എത്രയുണ്ടെങ്കിലും അതിനെ ഒരു യൂണിറ്റായി കണക്കാക്കി പതിനഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നരീതി അപ്രായോഗികവും അശാസ്ത്രീയവുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ തീരുമാനം പുനഃപരിശോധിക്കുമോ?

സ്വയംസന്നദ്ധ പുനരധിവാസത്തിനായി കേന്ദ്രസർക്കാരിന്റെ ദേശീയ കടുവ സംരക്ഷണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ളതും കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടും ഗുണഭോക്താക്കൾക്ക് ഏറ്റവും ഗുണകരമായരീതിയിൽ പരിഷ്കരിച്ച ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കൂടാതെ 4-11-2020-ൽ ചേർന്ന ആദ്യ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി സ്വയംസന്നദ്ധ പുനരധിവാസത്തിനായുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ചിട്ടുള്ളതാണ്.

(ഇ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമവുമായ തരത്തിൽ കേരളത്തെ പുനർനിർമ്മിക്കുന്നതിന് വനം വകുപ്പ് തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തിനായുള്ള ആവശ്യമുയരുന്നുണ്ട്. ഇതിലേയ്ക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി, (14-11-2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/പി&ഇ.എ. ഉത്തരവ്), കിഫ്ബി Phase II (23-1-2020-ലെ ജി.ഒ.(എം.എസ്) 2/2020/വനം.വന്യജീവി, 02-8-2021-ലെ ജി.ഒ (എം.എസ്)12/2021/വനം.വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്വയംസന്നദ്ധ പുനരധിവാസത്തിനായുള്ള മാർഗ്ഗനിർദ്ദേശം 4-11-2020-ൽ ചേർന്ന ആദ്യ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ്.

- കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിതപങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ.
- ഒരു കുടുംബത്തിലെതന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് ' അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്.

1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോയെന്നത് കണക്കിലെടുക്കാതെ.

2. 18 വയസ്സിനുമുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.

3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ).

4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ.

5. വിധവ അല്ലെങ്കിൽ വിവാഹമോചിത.

- രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും.
- വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്.
- രണ്ട് ഹെക്ടറിന് മേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്.

**അതിസാന്ദ്ര നഗരവനങ്ങൾ പദ്ധതി**

190(979) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിസാന്ദ്ര നഗരവനങ്ങളെന്ന പദ്ധതിപ്രകാരം സംസ്ഥാനത്ത് ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്/ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

നഗരവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക, പദ്ധതി നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവ വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്കായി 20.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരങ്ങളിൽ കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ലഭ്യമായ സ്ഥലങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. തദ്ദേശീയ വൃക്ഷങ്ങളാണ് കൂടുതലായി നട്ടുപിടിപ്പിച്ചിട്ടുള്ളത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## നഗരങ്ങളിൽ ചെറുവനങ്ങളും തീരത്ത് ജൈവകവചവും സൃഷ്ടിച്ചെടുക്കുന്നതിന് നടപടി

191(980) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ നഗരങ്ങളിലാണ് നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

നഗരവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) തീരത്ത് ജൈവകവചം സൃഷ്ടിക്കുകയെന്ന പദ്ധതി പ്രകാരം ഏതൊക്കെ പ്രദേശത്താണ് തീരവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന വിവരം കൂടി ലഭ്യമാക്കാമോ?

1. ആലപ്പുഴ ജില്ലയിൽ ആലപ്പുഴ ബീച്ച് മുതൽ പുന്നപ്ര വരെ, തോട്ടപ്പള്ളി പൊഴിമുഖം, മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ കുറ്റിയാടി കടൽപ്പുറം കൂടാതെ മാരാരിക്കുളം വടക്ക് പഞ്ചായത്ത് അതിർത്തി.
2. എറണാകുളം ജില്ലയിൽ ചേറായി, വളപ്പ്, ചാപ്പാ ബീച്ച്, മാലിപ്പുറം.
3. തൃശ്ശൂർ ജില്ലയിൽ കരിമ്പ്രം, പാലപ്പെട്ടി, അകലാട്, കാട്ടിലപ്പിള്ളി.
4. മലപ്പുറം ജില്ലയിൽ പൊന്നാനി.
5. കോഴിക്കോട് ജില്ലയിൽ പാലൂർ വെസ്റ്റ്, മന്ദമംഗലം, കണ്ണൻ കടവ്, കല്ലകത്ത്, തിരുക്കോട്ടൂർ വെസ്റ്റ്, അഴിയൂർ, പൂഴിത്തോട്, ചോമ്പാല, മുക്കാലി, കപ്പുഴക്കൽ ആവിക്കര, കേളൂർ ബീച്ച്, മാടക്കര, മടപ്പള്ളി, പള്ളിപറമ്പത്ത്, കരുവച്ചൽ, ഗോതീശ്വരം തീരം.
6. കാസർഗോഡ് ജില്ലയിലെ ചേറ്റുകുണ്ട് തീരപ്രദേശം, സി.പി.സി.ആർ.ഐ.-യുടെ തീരപ്രദേശം

മേൽസൂചിപ്പിച്ച സ്ഥലങ്ങളിലാണ് തീരവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## ബഫർ സോണുമായി ബന്ധപ്പെട്ട ഉത്തരവ്

192(981) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർ സോണായി പ്രഖ്യാപിച്ചുകൊണ്ടുള്ള ബഹു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ 2022 ജൂലൈ 27-ലെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനം ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ സുപ്രീംകോടതിയുടെ പരിഗണനയ്ക്ക് വരുന്നതിനുമുമ്പായി ബഫർ സോണുകളിൽ സമഗ്രമായ സർവേ നടത്തി ജനവാസ കേന്ദ്രങ്ങൾ അടയാളപ്പെടുത്തി മേഖലയിലുണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ ബോദ്ധ്യപ്പെടുത്തുന്നതിന് തയ്യാറാകുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന പഠനറിപ്പോർട്ട് KSREC-യിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽതന്നെ സുപ്രീംകോടതിയിൽ പ്രസ്തുത വിവരങ്ങൾ സമർപ്പിക്കുവാനുദ്ദേശിക്കുന്നു.

(സി) പ്രസ്തുത വിഷയത്തിൽ വനം, റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനത്തോടെ സർവ്വേ നടത്തി പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഈ വിഷയത്തിൽ പഠനം നടത്തുന്നതിനായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെൻറ് സെന്ററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കിലോമീറ്റർ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന പഠന റിപ്പോർട്ട് KSREC-യിൽ നിന്നും ലഭ്യമായശേഷം ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) 2019-ലെ ബഫർ സോണുമായി ബന്ധപ്പെട്ട മന്ത്രിസഭാ തീരുമാനത്തെത്തുടർന്ന് പുറപ്പെടുവിച്ച ഉത്തരവ് പൂർണ്ണമായി പിൻവലിക്കാത്തത് സംസ്ഥാനത്തിന്റെ വാദങ്ങളെ ദുർബലപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയകെടുതികളും ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മനുഷ്യജീവൻ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങളുണ്ടാകുന്നതും കണക്കിലെടുത്താണ് സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31-10-2019-ലെ സർക്കാർ ഉത്തരവ് (കൈ) 29/2019/വനം. പ്രകാരം അംഗീകാരം നൽകിയത്. ഇത്തരത്തിൽ ഇക്കോസെൻസിറ്റീവ് സോൺ നിജപ്പെടുത്തിയതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-9-2020-ൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ജനസാന്ദ്രതകൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സമർപ്പിച്ച കരട് ഭേദഗതി നിർദ്ദേശങ്ങളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്. ദേശീയോദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കും ചുറ്റും പാരിസ്ഥിതിക സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്നത് സംബന്ധിച്ച് 31-10-2019-ലെ സ.ഉ.(കൈ) നമ്പർ29/2019/വനം. പ്രകാരം കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് 10-8-2022-ൽ (കൈ)44/2022/വനം. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2019-ലെ സർക്കാർ ഉത്തരവിനുശേഷം വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസമേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 3-6-2022-ലെ ഉത്തരവിന്മേൽ

ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തി ക്കൊണ്ടാണ് 10-8-2022-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ 2019-ലെ സർക്കാർ ഉത്തരവ് പൂർണ്ണമായി പിൻവലിക്കാത്തത് സംസ്ഥാനത്തിന്റെ വാദങ്ങളെ ദുർബലപ്പെടുത്തുമെന്ന് കരുതാൻ കഴിയില്ല.

## ഫോറസ്റ്റ് സ്റ്റേഷൻ കമ്പ്യൂട്ടർവൽക്കരണം

193(982) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിൽ വനപരിപാലന വിവര/ഭൗമ വിവര സാങ്കേതിക സംവിധാനം നടപ്പിലാക്കുന്നതിന് ഓരോവർഷവും ലഭിക്കുന്ന കേന്ദ്രസഹായം, ചെലവാകുന്ന തുക, പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്നിവ വ്യക്തമാക്കാമോ?

വനം വകുപ്പിനുകിഴീൽ വനപരിപാലന വിവര/ഭൗമവിവര സാങ്കേതിക സംവിധാനം നടപ്പിലാക്കുന്നതിന് നിലവിലെ സർക്കാരിന്റെ കാലയളവിൽ കേന്ദ്രസഹായം ലഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമായി 2021-22 സാമ്പത്തികവർഷത്തിൽ 149.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ ജൂലൈ 31 വരെ 34.260 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. വനം വകുപ്പിലേയ്ക്കാവശ്യമായ കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവ കേന്ദ്രീകൃത സംവിധാനം വഴി വാങ്ങുകയും അവയുടെ വാർഷിക മെയിന്റനൻസിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

2. വന പരിപാലന വിവര/ഭൗമവിവര സാങ്കേതിക സംവിധാനത്തിലെ വിവിധ മൊഡ്യൂളുകൾ ഉപയോഗപ്പെടുത്തി വകുപ്പിനെ സംബന്ധിക്കുന്ന ഡാറ്റാ ബേസുകൾ തയ്യാറാക്കുകയും നിലവിലുള്ള ഡാറ്റാബേസുകൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

3. വനം വകുപ്പിലെ വിവിധ മാനേജ്മെന്റാവശ്യങ്ങൾക്ക് ഭൗമ വിവര സാങ്കേതിക സംവിധാനം വഴി ഭൂപടങ്ങൾ തയ്യാറാക്കുന്ന പ്രവൃത്തികൾ.

4. വനം വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ.

(ബി) ഇതിന്റെ ഭാഗമായി ഫോറസ്റ്റ് സ്റ്റേഷൻ കമ്പ്യൂട്ടർവൽക്കരണം, ഓഫീസ് നെറ്റ് കണക്ടിവിറ്റി തുടങ്ങി ഇ-ഗവേണൻസ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി നിലവിലെ സർക്കാർ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ, ചെലവായ തുക, നടപ്പാക്കിയതും/നടപ്പാക്കാത്തതുമായ പദ്ധതി പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

നിലവിലെ സർക്കാർ കാലയളവിൽ കമ്പ്യൂട്ടർവൽക്കരണം, ഓഫീസ് നെറ്റ് കണക്ടിവിറ്റി എന്നിവയുടെ ഭാഗമായി 233 കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സർവ്വർ, വർക്ക് സ്റ്റേഷൻ, നെറ്റ്‌വർക്ക് കണക്ടിവിറ്റി എന്നിവയ്ക്കായി 157.083 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിലും 14 സർക്കിൾതല ഓഫീസുകളിലും 30 ഡിവിഷൻതല ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 47 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാനേജ്മെന്റ് ആവശ്യങ്ങൾക്കായി നിലവിൽ വനം വകുപ്പുപയോഗപ്പെടുത്തി വരുന്ന ഡിജിറ്റൽ ഭൂപടങ്ങൾ 1975-80 കാലഘട്ടത്തിലെ ടോപ്പോഷീറ്റുകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയവയാണ്. ഈ വിവരങ്ങൾ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സഹകരണത്തോടുകൂടി വനം വകുപ്പ് ലഭ്യമാക്കി വരുന്ന സേവനങ്ങളായ പ്രോപ്പർട്ടി മാർക്ക് രജിസ്ട്രേഷൻ, വനമേഖലകളിലും സംരക്ഷിതമേഖലകളിലും സിനിമ ഷൂട്ടിംഗിന് അനുമതി നൽകുന്നത്, സർക്കാർ വകുപ്പുകൾ അംഗീകരിച്ച ഗവേഷണ പദ്ധതികൾ നടത്തുന്നതിന് അനുമതി നൽകുന്നത്, പ്രകൃതിപഠന ക്യാമ്പുകളിൽ പങ്കെടുക്കുന്നതിന്, തടിയധിഷ്ഠിത വ്യവസായങ്ങൾക്ക് നിരാക്ഷേപ സാക്ഷ്യപത്രം (NOC) നൽകുന്നത് എന്നിവ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കാസർഗോഡ് ജില്ലയിൽ വനം വകുപ്പിനുള്ള വാഹനങ്ങൾ

194 (983) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായ കാട്ടാനശല്യമുൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മലയോരപ്രദേശങ്ങളായ പാണത്തൂർ, റാണിപുരം, മരുതോം, പെരുതടി, അത്തിയടുക്കം തുടങ്ങിയ വനമേഖലകളിൽ വനം ഉദ്യോഗസ്ഥർക്ക് എത്തിച്ചേരാൻ വാഹനങ്ങൾ ഉൾപ്പെടെ എന്തെല്ലാം സൗകര്യങ്ങളാണുള്ളതെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ വരുന്ന പാണത്തൂർ, റാണിപുരം, പെരുതടി, മരുതോം, അത്തിയടുക്കം, തുടങ്ങിയ വനമേഖലകളിൽ വനം വകുപ്പുദ്യോഗസ്ഥർക്ക് എത്തിച്ചേരാൻ കാസർഗോഡ് ഡിവിഷനുകീഴിൽ അനുവദിച്ചിട്ടുള്ള വാഹനങ്ങൾ ഉപയുക്തമാണ്. കാസർഗോഡ് ഡിവിഷനിലെ വാഹനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മറ്റ് വനം റെയ്ഞ്ചുകൾക്ക് അനുവദിച്ച വാഹനങ്ങൾക്ക് ആനുപാതികമായി കാസർഗോഡ് ജില്ലയിൽ വനം വകുപ്പിന് വാഹനങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ടെറിറ്റോറിയൽ ഡിവിഷന് 6 വാഹനങ്ങളും (ഒരു Two wheeler ഉൾപ്പെടെ) കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 3 വാഹനങ്ങളും, ഫ്ലയിംഗ് സ്ക്വാഡ് വിഭാഗത്തിന് 2 വാഹനങ്ങളുമുൾപ്പെടെ ആകെ 11 വാഹനങ്ങളാണ് നിലവിലുള്ളത്. മറ്റ് വനം റേഞ്ചുകൾക്ക് അനുവദിച്ച വാഹനങ്ങൾക്ക് ആനുപാതികമായി കാസർഗോഡ് ജില്ലയിലും വാഹനങ്ങളുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ ഇതുവരെ വനംവകുപ്പിന് അനുവദിച്ച വാഹനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

കാസർഗോഡ് ജില്ലയിൽ വിവിധ ഓഫീസുകളിൽ നിലവിലുള്ള വാഹനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പാറശ്ശാല മണ്ഡലത്തിലെ തൊട്ടുമല റോഡുനിർമ്മാണം

195(984) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന തൊട്ടുമല വാർഡിലെ വിവിധ സെറ്റിൽമെന്റ് കോളനികളിലേയ്ക്കുള്ള റോഡുനിർമ്മാണത്തിനായി വനംവകുപ്പിന്റെ അനുമതിക്കുവേണ്ടി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ താമസിക്കുന്ന തൊട്ടുമല വാർഡിലെ വിവിധ സെറ്റിൽമെന്റ് പാതകളുടെ നവീകരണത്തിനായി അമ്പൂരി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷകളിൽ വനാവകാശ നിയമപ്രകാരം താഴെപ്പറയുന്ന പാതകൾ നവീകരിക്കുന്നതിനനുമതി നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

1. പുരവിമല- സ്കൂൾ ഇ.ഡി.സി റോഡ് - 144 മീറ്റർ

2. പുരവിമല-ഗ്രന്ഥശാല-ഉലവിൻമൂട്ടിക്കുഴി റോഡ് - 112 മീറ്റർ

3. അയ്യവിളാകം-തൊട്ടുവര റോഡ് - 144 മീറ്റർ

4. പൂവൻപാറ-വള്ളക്കടവ് റോഡ് - 144 മീറ്റർ

5. പീയണിപാറ-വെല്ലി റോഡ് - 144 മീറ്റർ

6. പുരവിമല-കൊട്ടൻകാവ് റോഡ് - 122.90 മീറ്റർ

7. പുരവിമല-തേക്കിൻമൂട് റോഡ് - 480 മീറ്റർ

8. പുരവിമല-തേക്കിൻമൂട് രണ്ടാം ഘട്ട റോഡ് - 710 മീറ്റർ

9. പീയണിപാറ-കണ്ണമ്മാംമൂട് റോഡ് - 438 മീറ്റർ

10. തമ്പുരാൻകാവ് പാലം മുതൽ പീയണിപാറ വരെ - 385 മീറ്റർ

**അപകടകരമായ വൻമരങ്ങൾ മുറിക്കാൻ നടപടി**

196(985) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ തിരുവനന്തപുരം-ചെങ്കോട്ട പാതയിലെ അപകടകരമായി നിൽക്കുന്ന വൻമരങ്ങൾ വീണ് ഇവിടെ തുടർച്ചയായി അപകടങ്ങളും ഗതാഗത തടസ്സവുമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരക്കേറിയ കേരള-തമിഴ്നാട് പാതയായ ഇവിടെ സ്ഥിരമായി മരങ്ങൾ വീണ് റോഡ് ഗതാഗതവും വൈദ്യുതിയും തടസ്സപ്പെടുന്നതിനാൽ അപകടകരമായി നിൽക്കുന്ന വൻമരങ്ങൾ മുറിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വനം വകുപ്പിന്റെ അധീനതയിൽ തെന്മല ഡിവിഷൻ പരിധിയിൽ ദേശീയ പാത 744-ന്റെ തെന്മല ജംഗ്ഷൻ മുതൽ കോട്ടവാസൽ വരെയുള്ള ഭാഗത്തിന്റെ ഇരുവശങ്ങളിലുമായി അപകടകരമായി നിന്ന 21 മരങ്ങൾ കൊല്ലം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ശിപാർശയിന്മേൽ മുറിച്ചുമാറ്റി അപകട ഭീഷണി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ അപകടകരമായി നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള 20 മരങ്ങൾ കൂടി മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കാമോ?

അപകടകരമായി നിൽക്കുന്ന മേൽ 20 മരങ്ങൾ കൂടി മുറിച്ചുമാറ്റുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിച്ചുള്ളതും ടി പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതുമാണ്.

**വനം വകുപ്പിനുകീഴിലുള്ള താമസസ്ഥലങ്ങൾ**

197(986) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിൽ പൊതുജനങ്ങളായ വിനോദയാത്രികർക്ക് താമസിക്കാനുള്ള വില്ലകൾ, ഗസ്റ്റ് ഹൗസുകൾ, ഐ.ബി. എന്നിവയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കാമോ?

വനം വകുപ്പിന്റെ അധീനതയിലുള്ള ഇക്കോടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന പൊതുജനങ്ങളായ വിനോദയാത്രികർക്ക് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികൾ/ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ എന്നിവ മുഖേന ആവശ്യമുള്ള താമസസൗകര്യങ്ങൾ വനം വകുപ്പ് ഒരുക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പത്തനംതിട്ട | 1.കോന്നി ഡിവിഷൻ - അടവി |
| കൊല്ലം | 2.ശെന്തുരുണി ഡിവിഷൻ - ശെന്തുരുണി |
| തിരുവനന്തപുരം | 3.തിരുവനന്തപുരം വൈൽഡ് ലൈഫ്- നെയ്യാർ |
| | 4.തിരുവനന്തപുരം വൈൽഡ് ലൈഫ് - കോട്ടൂർ |
| | 5.തിരുവനന്തപുരം വൈൽഡ് ലൈഫ് - പേപ്പാറ |
| കോട്ടയം | 6. കോട്ടയം ഡിവിഷൻ - കാൽവരിമൗണ്ട് |
| ഇടുക്കി | 7.പെരിയാർ ടൈഗർ റിസർവ് (ഈസ്റ്റ്) - പെരിയാർ ടൈഗർ റിസർവ് |
| | 8. മൂന്നാർ വൈൽഡ് ലൈഫ് - ഷോല നാഷണൽ പാർക്ക് |
| | 9. മൂന്നാർ വൈൽഡ് ലൈഫ് - ചിന്നാർ സാങ്ച്വറി |
| | 10. ഇടുക്കി വൈൽഡ് ലൈഫ് - വെള്ളപ്പാറ |
| | 11. വൈൽഡ് ലൈഫ് - തട്ടേക്കാട് പക്ഷി സങ്കേതം |

| | |
|---|---|
| പാലക്കാട് | 12. സൈലന്റ് വാലി ഡിവിഷൻ - സൈലന്റ് വാലി |
| | 13. പറമ്പിക്കുളം കടുവ സങ്കേതം - പറമ്പിക്കുളം കടുവ സങ്കേതം |
| വയനാട് | 14. വയനാട് വൈൽഡ് ലൈഫ് - തോൽപ്പെട്ടി |
| | 15. വയനാട് വൈൽഡ് ലൈഫ് - മുത്തങ്ങ |
| കണ്ണൂർ | 16. ആറളം വന്യജീവി സങ്കേതം |
| തൃശ്ശൂർ | 17. പീച്ചി ഡിവിഷൻ ചിമ്മിനി |
| | 18. പീച്ചി ഡിവിഷൻ, ചൂലന്നൂർ മയിൽ സങ്കേതം |

(ബി) ആയത് ബുക്ക് ചെയ്യുന്നതിനുള്ള വെബ്സൈറ്റ് തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ?

താമസസൗകര്യങ്ങൾ ഓൺലൈനായോ/ഫോൺ മുഖേനയോ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ അതത് ഇക്കോടൂറിസം സെന്ററുകളുടെ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**കക്കയം ഇക്കോ ടൂറിസം പദ്ധതി**

198 (987) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഇക്കോ ടൂറിസം പദ്ധതിയുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കക്കയം ഇക്കോ ടൂറിസം പദ്ധതിയുടെ നവീകരണത്തിന് 10 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കക്കയം ഉരക്കുഴി വെള്ളച്ചാട്ടത്തിലെ അപകടകരമായ തൂക്കുപാലം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തൂക്കുപാലം പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കക്കയം ഇക്കോ ടൂറിസമുൾപ്പെടുന്ന കോഴിക്കോട് ഡിവിഷന്റെ നിലവിലെ വർക്കിംഗ് പ്ലാൻ കാലാവധി 2021-ൽ അവസാനിച്ചിട്ടുള്ളതാണ്. പുതിയ വർക്കിംഗ് പ്ലാനിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് മാത്രമെ ടി തൂക്കുപാലത്തിന്റെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള പുതിയ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പി.സി.സി.എഫ്. തസ്തികയിലെ ഉദ്യോഗസ്ഥൻ

199(988) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിജിലൻസ് കേസിൽ എഫ്.ഐ.ആർ.-ൽ ഉൾപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥൻ വനം വകുപ്പിൽ പി.സി.സി.എഫ്. തസ്തികയിൽ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

സോഷ്യൽ ഫോറസ്ട്രി വകുപ്പിനുകീഴിലുള്ള നഴ്സറികളുമായി ബന്ധപ്പെട്ട ജോലികൾ നടത്തുന്ന കരാറുകാരിൽ നിന്ന് അനധികൃതമായി പണം കൈപ്പറ്റിയെന്ന ആരോപണത്തിൽ ശ്രീ. ഇ. പ്രദീപ് കുമാർ, ഐ.എഫ്.എസ്. (കെഎൽ-1991)-നെതിരെ 30-4-2022-ന് വിജിലൻസ് കേസ് (VC 02/2022/NRK) രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## വനം വകുപ്പിലെ ഡ്രൈവർ ഒഴിവുകൾ

200(989) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

നിലവിലുള്ള ഒഴിവുകളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നറിയിക്കാമോ; മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ബഫർ സോൺ വിഷയത്തിൽ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ നടപടി

201(990) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന് നിർദ്ദേശിക്കുന്ന സുപ്രീംകോടതിയുടെ WP(C)202/95-ൽ 3-6-2022-ലെ I.A.1000/2003 നമ്പർ ഉത്തരവിനെത്തുടർന്ന് സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനങ്ങളുടെ ആശങ്കകളെ ഗൗരവമായി കണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോദ്ധ്യപ്പെടുത്തി ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്.

(ബി) വന്യജീവികളുടെ ആക്രമണങ്ങളിൽനിന്നും കർഷകർക്ക് സംരക്ഷണം നൽകുന്നതിനും ബഫർ സോൺ വിഷയത്തിൽ ഉൾപ്പെടെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന ജനപക്ഷ നിലപാടുകൾ വിശദമാക്കാമോ?

വന്യജീവികളുടെ ആക്രമണത്തിൽനിന്നും കർഷകർക്ക് സംരക്ഷണം നൽകുന്നതിന് വനം വകുപ്പ് സ്വീകരിച്ച മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു.

1. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള വിവിധ ജനവാസമേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

2. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

3. തെരഞ്ഞെടുത്ത വനാതിർത്തികളിൽ സൗരോർജ്ജ വേലികളും, കിടങ്ങുകളും ആനപ്രതിരോധ മതിലുകളും ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവയും നിർമ്മിച്ച് പരിപാലിച്ച് വരുന്നുണ്ട്.

4. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെയുപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

6. സ്ഥിരമായി ജനവാസകേന്ദ്രങ്ങളിലിറങ്ങുന്ന നാശകാരികളായ വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

7. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി 261 ജനജാഗ്രതാ സമിതികൾ വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുണ്ട്.

8. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 8-1-2015-ലെ സ.ഉ.(കൈ)2/2015/വനം., 5-4-2018-ലെ സ.ഉ. (കൈ)17/2018/വനം. എന്നിവ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ വിള ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

9. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനായി 7-9-2021-ന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷയിൽ 10-1-2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

10. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1,150 കോടി രൂപയുടെ ഒരു പദ്ധതിയും ആയതിനായി രൂപീകൃതമായ എക്സ്പെർട്ട് സബ്ഗ്രൂപ്പ് തയ്യാറാക്കി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-1-2021-ന് സമർപ്പിച്ചിട്ടുണ്ട്.

11. മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ 6-2-2021-ലെ F.No. 8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിനുവേണ്ടി ഏകോപന സമിതികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് 9-12-2021-ലെ സ.ഉ.(സാധാ)നമ്പർ 402/2021/വനം. പ്രകാരം ഉത്തരവായിട്ടുള്ളതും എല്ലാ ജില്ലകളിലും ജില്ലാതല ഏകോപന സമിതിയുടെ ആദ്യയോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

ബഫർ സോൺ വിഷയത്തിലുൾപ്പെടെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന ജനപക്ഷ നിലപാടുകൾ:

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിർബന്ധമാക്കണമെന്ന് നിർദ്ദേശിക്കുന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിനെത്തുടർന്ന് സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി വനം വകുപ്പ് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോ മീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കി.മീ. ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന പഠന റിപ്പോർട്ട് KSREC-യിൽനിന്നും ലഭ്യമാക്കിക്കൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പ്രസ്തുത വിവരങ്ങൾ സമർപ്പിക്കാനുദ്ദേശിക്കുന്നു.

2. ടി യോഗതീരുമാനപ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-6-2022-ലെ ഡി2/46/2019/വനം. നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

3. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-6-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ/ ക്ലാരിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 8-6-2022-ലും 5-7-2022-ലും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-6-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുനഃപരിശോധനാ ഹർജി 17-8-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.

4. 31-10-2019-ലെ സർക്കാർ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ടാണ് 10-8-2022-ലെ 44/2022/വനം. നമ്പർ സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുള്ളത്. 2019-ലെ സർക്കാർ ഉത്തരവിനുശേഷം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം വനം വകുപ്പ് സ്വീകരിച്ച ടി നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 3-6-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിയാണ് 10-8-2022-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) ഇക്കാര്യത്തിലെ കേന്ദ്ര സർക്കാർ നയം തുറന്നുകാട്ടാൻ നടപടികൾ സ്വീകരിക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 3-6-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**പരിസ്ഥിതിലോല പ്രദേശം**

202(991) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണായി കരുതണമെന്ന 3-6-2022-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്ത് പ്രദേശങ്ങളെയാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശങ്ങൾ ഒന്നുംതന്നെ നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതങ്ങളുടെ പാരിസ്ഥിതിക സംവേദക മേഖലയിൽ (ഇക്കോ സെൻസിറ്റീവ് സോൺ) ഉൾപ്പെടുന്നില്ല.

(ബി) പ്രസ്തുത ഉത്തരവിൽ ഇളവ് ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റിവ് സോണിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെൻററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ടി യോഗ തീരുമാനപ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-6-2022-ലെ ഡി2/46/2019/വനം. നമ്പർ കത്തുപ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ക്ലാരിഫിക്കേഷൻ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-6-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും ക്ലാരിഫിക്കേഷൻ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 8-6-2022-ലും 5-7-2022-ലും ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-6-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും റിവ്യൂ പെറ്റീഷൻ 17-8-2022-ൽ ഡയറി നമ്പർ 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളുൾക്കൊള്ളുന്ന പഠനറിപ്പോർട്ട് KSREC-യിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പ്രസ്തുത വിവരങ്ങൾ സമർപ്പിക്കുവാനുദ്ദേശിക്കുന്നു.

## ബഫർ സോൺ ഉത്തരവ്

203(992) ഡോ. മാത്യൂ കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത വനമേഖലകൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റുമുള്ള ജനവാസമേഖലയുൾപ്പെടെയുള്ള ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണായി നിശ്ചയിക്കാമെന്ന മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 31-10-2019-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നിലവിൽ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് സർക്കാർ ഉത്തരവ് പ്രകാരമാണ് മേൽപ്പറഞ്ഞ ഉത്തരവ് റദ്ദ് ചെയ്തത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

31-10-2019-ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ. (കൈ) 29/2019/വനം. റദ്ദ് ചെയ്തിട്ടില്ല.

(ബി) മേൽപ്പറഞ്ഞ ഉത്തരവ് റദ്ദ് ചെയ്തിട്ടില്ലെങ്കിൽ ബഫർ സോണിൽ നിന്നും ജനവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ പുതിയ നിലപാട് ബഹു. സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്താൻ സാധിക്കുമോ; വിശദാംശം നൽകുമോ?

31-10-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മനുഷ്യവാസ പ്രദേശങ്ങളുൾപ്പെട്ടുവരുന്ന ഇടങ്ങളിൽ പൂജ്യം മുതൽ ഒരു കിലോമീറ്റർ വരെ (0-1 കി.മീ) ഇക്കോ സെൻസിറ്റീവ് സോണായി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യമായി വരുന്നിടത്ത് മനുഷ്യവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് പൂജ്യം എന്നത് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ഒരു കിലോമീറ്റർ നിർബന്ധമായും ബഫർസോൺ വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. മാത്രവുമല്ല, കരട് വിജ്ഞാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ പ്രകാരം കേന്ദ്ര സർക്കാർ ഗസറ്റ് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചാൽ അതിൽപ്പറയുന്ന അളവിൽ മാറ്റം വരുത്താൻ പാടില്ലെന്ന വ്യവസ്ഥയുമില്ല. കരട് വിജ്ഞാപനത്തിന്റെ ഉദ്ദേശ്യം പൊതുജനങ്ങളുടെ ആക്ഷേപങ്ങൾ കേട്ട് അവ പരിഗണിച്ചശേഷം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയെന്നതാണ്. കരട് വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ആക്ഷേപങ്ങൾ പ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും പൂർണ്ണമായും ബഫർ സോണിൽനിന്നും ഒഴിവാക്കുന്നതിനുള്ള

തീരുമാനമാണ് 28-9-2020-ൽ അന്നത്തെ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൈക്കൊണ്ടിട്ടുള്ളത്. ഈ യോഗതീരുമാനവും 31-10-2019-ലെ സർക്കാർ ഉത്തരവിന് അകത്തുനിന്നുകൊണ്ടുമാണ് പൂജ്യം കിലോമീറ്റർ എന്ന വ്യവസ്ഥ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഈ തീരുമാനം പ്രസ്തുത സർക്കാർ തീരുമാനത്തിന് വിരുദ്ധമോ അതിൽനിന്നും വ്യതിചലിച്ചുകൊണ്ടോ ഉള്ളതല്ല. ഈ യോഗതീരുമാനപ്രകാരം തയ്യാറാക്കിയ ജനവാസമേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളും അതോടൊപ്പം കൃഷിയിടങ്ങളും ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശം അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ഈ നടപടികൾ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ മേൽ പ്രസ്താവിച്ച പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള കോടതിവിധി ലഭ്യമാകുന്നതിനുവേണ്ടിയാണ് 27-7-2022-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതും അപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുള്ളതും. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ പെറ്റീഷൻ 17-8-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികളിലൂടെ ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും ജനവാസമേഖലകൾ പൂർണ്ണമായും ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ നിലപാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ബഫർസോൺ മേഖലയിലെ നിയന്ത്രണങ്ങൾ

204(993) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാർക്കുകളോടനുബന്ധിച്ച് ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ മേഖലയാക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശം ഏതുതരം പ്രത്യാഘാതങ്ങളാണ് സംസ്ഥാനത്തുണ്ടാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ ബഹു.വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ

ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. ടി യോഗതീരുമാനപ്രകാരം ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ നിന്നും പഠന റിപ്പോർട്ട് ലഭ്യമായി കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വനമേഖലയ്ക്ക് ചുറ്റും ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് നിശ്ചയിച്ചാൽ ആയതിൽ ഉൾപ്പെടുന്ന ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ കൃത്യമായി ലഭിക്കുകയുള്ളു.

(ബി) ഇതൊഴിവാക്കുന്നതിന് സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും പുറത്തായി ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണായി പ്രഖ്യാപിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോരമേഖലയിലുമുണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും സെൻട്രൽ എംപവേർഡ് കമ്മിറ്റിയെയും ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു.വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെൻററുമായി (KSREC) ധാരണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കിലോമീറ്റർ

ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന പഠന റിപ്പോർട്ട് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പ്രസ്തുത വിവരങ്ങൾ സമർപ്പിക്കുവാനുദ്ദേശിക്കുന്നു. ടി യോഗതീരുമാനപ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-6-2022-ലെ ഡി2/46/2019/വനം. നമ്പർ കത്തുപ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-6-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 8-6-2022-ലും 5-7-2022-ലും ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-6-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും റിവ്യൂ പെറ്റീഷൻ 17-8-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. സംസ്ഥാനത്തെ സംരക്ഷിത മേഖലകൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചിയിക്കുന്നതിനായി ജനവാസമേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കിക്കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച വനം വകുപ്പിന്റെ നടപടികൾക്ക് പൊതുതാൽപ്പര്യം മുൻനിർത്തി 10-8-2022-ലെ 44/2022/വനം നമ്പർ സർക്കാർ ഉത്തരവുപ്രകാരം അംഗീകാരം നൽകുകയും, അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും കൂടാതെ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും പൊതുസ്ഥാപനങ്ങളെയും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ

3-6-2022-ലെ ഉത്തരവിന്മേൽ സുപ്രീംകോടതിയെ സമീപിക്കുന്നതും ഉൾപ്പെടെയുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി വനം വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം മേഖലകളിൽ നിലവിൽ എന്തെങ്കിലും നിയന്ത്രണങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 9-2-2011-ലെ F.No.1-9/ 2007WL-1 (pt) നമ്പർ കത്തുപ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിക്കപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (regulated) പ്രവർത്തനങ്ങളെക്കുറിച്ച് അനുബന്ധമായി ചേർക്കുന്നു*.

**പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സംരക്ഷണം**

205(994) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സംരക്ഷണത്തിന്റെ ഭാഗമായി നിശ്ചയിച്ചിട്ടുള്ള പരിസ്ഥിതിലോല മേഖല, ബഫർ സോൺ എന്നിവ സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിരീക്ഷണവും ഉത്തരവും കേരളത്തിലെ മലയോരമേഖലയിലെ ജനങ്ങളെ ഏതുരീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും പുറത്തായി ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണായി പ്രഖ്യാപിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലുമുണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്. ആയതിന്റെ ഭാഗമായി വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സെൻററുമായി (KSREC) ധാരണപത്രത്തിലേർപ്പെട്ടിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന പഠനറിപ്പോർട്ട് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ നിന്നും ലഭ്യമായി കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വനമേഖലയ്ക്ക് ചുറ്റും ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ചാൽ ആയത് ഈ മേഖലയെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്താൻ കഴിയുകയുള്ളൂ.

(ബി) ദൂരപരിധി സംബന്ധിച്ച കേരളത്തിന്റെ നിർദ്ദേശം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-6-2022-ലെ ഡി2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ആയതിനുള്ള പുനഃപരിശോധനാ ഹർജി 17-8-2022-ൽ ഡയറി നമ്പർ 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്.

(സി) മലയോര ജനതയുടെ കുടിയിറക്കലിന് കാരണമാകാൻ സാദ്ധ്യതയുള്ള ഈ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും പുറത്തായി ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണായി പ്രഖ്യാപിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്ത് പൊതുവായും പ്രത്യേകിച്ച് മലയോര മേഖലയിലുമുണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുകയാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-6-2022-ന് യോഗം

ചേരുകയും ആയതിലെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെൻറ് സെന്ററുമായി (KSREC) ധാരണാപത്രത്തിലേർപ്പെട്ടിട്ടുണ്ട്. സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കി.ലോമീറ്റർ ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന പഠന റിപ്പോർട്ട് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെൻറ് സെന്ററിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പ്രസ്തുത വിവരങ്ങൾ സമർപ്പിക്കുന്നതാണ്. ടി യോഗ തീരുമാനപ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-6-2022-ലെ ഡി2/46/2019/വനം. നമ്പർ കത്തുപ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-6-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 8-6-2022-ലും 5-7-2022-ലും വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-6-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുനഃപരിശോധനാ ഹർജി 17-8-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സംരക്ഷിത മേഖലകൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനായി ജനവാസമേഖലകൾ ഉൾപ്പെടുത്തിക്കൊണ്ട്

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിന്മേൽ ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ചശേഷം ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും ഒഴിവാക്കിക്കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ച വനം വകുപ്പിന്റെ നടപടികൾക്ക് പൊതുതാൽപ്പര്യം മുൻനിർത്തി 10-8-2022-ലെ 44/2022/വനം. നമ്പർ സർക്കാർ ഉത്തരവുപ്രകാരം അംഗീകാരം നൽകുകയും അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും കൂടാതെ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ നിന്നും ജനവാസമേഖലകളെയും കൃഷിയിടങ്ങളെയും പൊതുസ്ഥാപനങ്ങളെയും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 3-6-2022-ലെ ഉത്തരവിന്മേൽ സുപ്രീംകോടതിയെ സമീപിക്കുന്നതും ഉൾപ്പെടെയുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി വനം വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റൽ

206(995) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നും 2022 ജനുവരി മുതൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നും 2022 ജനുവരി മുതൽ നാളിതുവരെ 17 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) സമയബന്ധിതമായി ട്രീ കമ്മിറ്റികൾ വിളിച്ച് ചേർക്കാത്തതിനാൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഗുരുവായൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ 2022 ജനുവരി മുതൽ നാളിതുവരെ കൂടിയ ട്രീ കമ്മിറ്റികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അപകടാവസ്ഥയിലുള്ള മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 10 പ്രാദേശിക ട്രീ കമ്മിറ്റികൾ കൂടിയിട്ടുണ്ട്. 35 മരങ്ങൾ മുറിക്കുന്നതിനും 6 മരങ്ങളുടെ ശിഖരങ്ങൾ മുറിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

**വൈദ്യുതി നൽകുന്നതിനുള്ള നിരാക്ഷേപപത്രം**

207(996) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ വണ്ടാഴി പഞ്ചായത്തിലുള്ള തളികക്കല്ല് ആദിവാസി കോളനിയിലെ 37 വീടുകൾക്ക് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ വൈദ്യുതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വീടുകൾക്ക് വൈദ്യുതി നൽകുന്നതിന് വനംവകുപ്പ് അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത വീടുകൾക്ക് വൈദ്യുതി നൽകുന്നതിനുള്ള വനം വകുപ്പിന്റെ നിരാക്ഷേപപത്രം അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി & സി) വനാവകാശ നിയമപ്രകാരം തളികകല്ല് കോളനിയിലെ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ആയതിന്മേൽ നടപടി സ്വീകരിക്കാവുന്നതാണ്.

**തോക്ക് ലൈസൻസ്**

208(997) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ആവശ്യങ്ങൾക്ക് തോക്ക് ലൈസൻസ് ലഭിക്കുന്നതിനാണ് വനംവകുപ്പിന്റെ ശിപാർശ ആവശ്യമായിട്ടുള്ളത്; തോക്ക് ലൈസൻസ് ലഭിക്കുന്നതിന് വനം വകുപ്പിന്റെ ശിപാർശയ്ക്കുവേണ്ടി കഴിഞ്ഞ ഒരു വർഷം ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

പ്രധാനമായും സ്പോർട്സ് ആവശ്യങ്ങൾക്കും വിമുക്ത ഭടന്മാർക്ക് സെക്യൂരിറ്റി സംബന്ധമായ ജോലി ചെയ്യുന്നതിനുള്ള ആവശ്യത്തിലേയ്ക്കും സ്വയരക്ഷയ്ക്കും കാർഷിക വിളകളുടെ സംരക്ഷണാർത്ഥവും തോക്ക് ലൈസൻസ് ലഭിക്കുന്നതിനാണ് വനം വകുപ്പിന്റെ നിരാക്ഷേപപത്രം ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടുവരുന്നത്. കൂടാതെ 1972-ലെ വന്യജീവി സംരക്ഷണ നിയമം

സെക്ഷൻ 34 പ്രകാരം വന്യജീവി സങ്കേതത്തിൽ നിന്നും 10 കിലോമീറ്റർ ദൂരപരിധിക്കുള്ളിൽ താമസിക്കുന്നവർ തോക്ക് ലൈസൻസിന് അപേക്ഷിക്കുന്ന പക്ഷം ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ മുൻകൂർ അനുമതി കരസ്ഥമാക്കിയശേഷം മാത്രമെ തോക്ക് ലൈസൻസ് അനുവദിക്കാവൂയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം തോക്ക് ലൈസൻസ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ ശിപാർശയ്ക്കുവേണ്ടി ആകെ 820 അപേക്ഷകൾ ലഭിച്ചിട്ടുള്ളതായി സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ലൈസൻസ് ലഭിക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് നൽകിയിട്ടുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) വനംവകുപ്പ് നൽകുന്ന ശിപാർശയുടെയടിസ്ഥാനത്തിൽ തോക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ലൈസൻസികളുടെ വിശദാംശങ്ങൾ വനംവകുപ്പിനെ അറിയിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷം ഇപ്രകാരം ലൈസൻസ് അനുവദിച്ചുകിട്ടിയ വ്യക്തികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

വനംവകുപ്പ് നൽകുന്ന ശിപാർശയുടെയടിസ്ഥാനത്തിൽ തോക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ലൈസൻസികളുടെ വിശദാംശങ്ങൾ എല്ലാ ജില്ലാ കളക്ടർമാരും ലഭ്യമാക്കാറില്ല. ലഭ്യമായ വിവരങ്ങൾ ബന്ധപ്പെട്ട വനം സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

<u>കോഴിക്കോട് ജില്ല</u>

1. ശ്രീ. മനോജ് മാണി.ടി, തോണിപ്പാറ (വീട്), മുറമ്പാത്തി, നെല്ലിപ്പൊയിൽ, കോഴിക്കോട്
2. ശ്രീ. വിൽസൺ ഇ. ജെ., ഇടക്കര (വീട്), പുല്ലൂരാംപാറ പി. ഒ., കോഴിക്കോട്
3. ശ്രീ. അബ്ദുറഹിമാൻ, കണിയോത്ത്(വീട്), പൊൻമേരി. പി.ഒ, വടകര, കോഴിക്കോട്
4. ശ്രീ. റോഷൻ മാത്യു, വാവൽമാക്കൽ (വീട്), വേനപ്പാറ പി.ഒ., കോഴിക്കോട്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

5. ശ്രീ. സി. സയ്യാദ്, കൊട്ടാരം പറമ്പിൽ (വീട്), ചമൽ പി.ഒ., കോഴിക്കോട്
6. ശ്രീ. കെ. പി. സുരേന്ദ്ര നാഥൻ, കണയൻപറമ്പത്ത്(വീട്), പിലാശ്ശേരി പി.ഒ., കോഴിക്കോട്
7. ശ്രീ. റൈഹാൻ എം. എസ്, റെയ്യാൻ (വീട്), വെള്ളിപറമ്പ, കോഴിക്കോട്
8. ശ്രീ. മെറിൻ ജെയിംസ്, വടയാട്ട്കുന്നേൽ (വീട്), ചേവായൂർ പി.ഒ., കോഴിക്കോട്
9. ശ്രീ. എൻ. കെ. ദാമോദരൻ നായർ, നരിക്കോടൻകണ്ടി (വീട്), തിരുത്തിയാട്, ബാലുശ്ശേരി, കോഴിക്കോട്
10. ശ്രീ. ബാലകൃഷ്ണൻ നായർ, ഞാറാട്ട് മീത്തൽ (വീട്), കോട്ടൂർ കോഴിക്കോട്
11. ശ്രീ. ടി. അലോക് കൃഷ്ണ, ഇന്ത്യൻ എയർ റൈഫിൾസ്, 60/4018, പുതിയറ, കോഴിക്കോട്
12. ശ്രീ. അബ്ദുൾ മജീദ് ഇ. സി., മാളിയേക്കൽ (വീട്), കൊടുവള്ളി, കോഴിക്കോട്
13. ശ്രീ. ഗൗതം കൃഷ്ണ എൻ., നടുക്കണ്ടി (വീട്), പുതിയനിരത്ത്, എലത്തൂർ പി. ഒ., കോഴിക്കോട്
14. ശ്രീ. അരുൺ കുമാർ പി., പുതിയ വീട്ടിൽ (വീട്), പെരുതിരുത്തി, എലത്തൂർ പി.ഒ., കോഴിക്കോട്
15. ശ്രീ. ഗംഗാധരൻ, മാമ്പാട്ടിൽ (വീട്), മേഞ്ഞാണ്യം, കോഴിക്കോട്
16. ശ്രീ. സത്യനാഥൻ എം. വി., മനത്താനത്ത് വരട്ടോടി (വീട്), പുറക്കാട്ടിരി, തലക്കുളത്തൂർ.പി.ഒ, കോഴിക്കോട്

<u>കണ്ണൂർ ജില്ല</u>

1. കമഡോർ മൻമോഹൻ സിംഗ്, ഒ. ആർ. എ.204, ഇന്ത്യൻ നാവൽ അക്കാദമി, ഏഴിമല, കണ്ണൂർ
2. ശ്രീ. രതകുമാർ.ടി. കെ, മധുരിമ, കോട്ടൂർ, ശ്രീകണ്ഠാപുരം, കണ്ണൂർ
3. ശ്രീ. ഭൂപീന്ദർ സിംഗ്, 31 കേരള ബറ്റാലിയൻ എൻ.സി.സി., കണ്ണൂർ.

4. ശ്രീ. ഡിയോണ ഷാജീസ്, വെള്ളപ്പാനിയിൽ, കീഴ്പള്ളി പി. ഒ, ഇരിട്ടി, കണ്ണൂർ
5. ശ്രീ. ഷാജി ഇ.എം., S/o. മത്തായി, ഇലവുങ്കൽ, ആനക്കുഴി, വിജയഗിരി പി.ഒ., കാപ്പിമല, ഉദയഗിരി, തളിപ്പറമ്പ്
6. ശ്രീ. ടി. ഡി. തോമസ്, S/o.ദേവസ്യ, മേപ്രാക്കാവിൽ ഹൗസ്, മണക്കടവ്, ഉദയഗിരി, കണ്ണൂർ
7. ശ്രീ. സാജു സേവ്യർ, തുടിയൻപ്ലാക്കൽ ഹൗസ്, പൈസക്കരി. പി.ഒ, കണ്ണൂർ
8. ശ്രീ. രാമചന്ദ്രൻ പി.കെ., S/o.എൻ.ഗോവിന്ദൻ നമ്പ്യാർ, പേരൂൾ കൈപ്രത്ത്, കാനായി നോർത്ത്, കാനായി പി.ഒ., പയ്യന്നൂർ
9. ശ്രീ. രവീന്ദ്രൻ പി. പി., കണ്ണട ഹൗസ്, അറത്തിൽ, നരീക്കാംവള്ളി. പി.ഒ, കണ്ണൂർ
10. ശ്രീ. ജിമ്മി ജോസഫ്, വടക്കേമുളഞ്ഞനാൽ ഹൗസ്, പി. ഒ. മേൽമുരിങ്ങോടി, മണത്തണ വില്ലേജ്, ഇരിട്ടി.

<u>മലപ്പുറം ജില്ല</u>

1. ശ്രീ. അബ്ദുൾ ഹമീദ് പി.കെ. പരപ്പനങ്ങാടി, മലപ്പുറം
2. ശ്രീ. ഉമ്മർ ഇ.പി., എടക്കര, മലപ്പുറം
3. ശ്രീ. ടോം സി കവലയ്ക്കൽ, വണ്ടൂർ, മലപ്പുറം

<u>പാലക്കാട് ജില്ല</u>

1. ശ്രീ. അജയഘോഷ്, മുണ്ടൂർ, പാലക്കാട്
2. ശ്രീ. മാനസ് പ്രവീൺ, യാക്കര, പാലക്കാട്
3. ശ്രീ. ഏബൽ എബ്രഹാം, മണലി റോഡ്, പാലക്കാട്.

<u>തൃശ്ശൂർ ജില്ല</u>

ശ്രീ. വർഗ്ഗീസ് എ.ജെ. ആലുക്ക (ഹൗസ്), അരിസ്റ്റോ റോഡ്, തൃശ്ശൂർ

## ഉൾക്കാടുകളിൽ അധിവസിക്കുന്ന കുടുംബങ്ങൾ

209(998) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഉൾക്കാടുകളിൽ അധിവസിക്കുന്ന ആളുകളുടെ/കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം വനപ്രദേശങ്ങളിലാണ് ഇവർ അധിവസിക്കുന്നതെന്ന വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ ഉൾക്കാടുകളിൽ അധിവസിക്കുന്ന ആളുകളുടെ/കുടുംബങ്ങളുടെ എണ്ണവും അവർ അധിവസിക്കുന്ന വനപ്രദേശങ്ങളുടെയും വിവരങ്ങൾ വനം ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉൾക്കാടുകളിൽ അധിവസിക്കുന്നവരെ മാറ്റിപാർപ്പിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്രപേരെ മാറ്റി പാർപ്പിച്ചിട്ടുണ്ടെന്നും ഇവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് മാറ്റി പാർപ്പിക്കുമ്പോൾ നൽകിയിട്ടുള്ളതെന്നും കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽ നിന്നും പുനരധിവാസത്തിനായുള്ള ആവശ്യമുയരുന്നുണ്ട്. ഇതിലേയ്ക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള പദ്ധതി (14-11-2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23-1-2020-ലെ ജി.ഒ. (എം.എസ്) 2/2020/വനം. 2-8-2021-ലെ ജി.ഒ. (എം.എസ്) 12/2021/ വനം. നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ടി പദ്ധതിപ്രകാരം 97 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പാക്കേജ് തുകയായ 15 ലക്ഷം രൂപ വീതം നൽകി വനാന്തരങ്ങളിൽ നിന്ന് മാറിപ്പോകാനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. 97 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക പൂർണ്ണമായും നൽകുകയും (യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ നിരക്കിൽ) 121 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആദ്യ ഗഡുവായ 7.5 ലക്ഷം വീതം ഇതിനകം നൽകിയിട്ടുള്ളതാണ്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഈ പദ്ധതി പ്രകാരം 23.625 കോടി രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വയനാട് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

വയനാട് വന്യജീവി സങ്കേതത്തിലെ ഉൾക്കാട്ടിൽ അധിവസിക്കുന്നവർക്ക് വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ കേന്ദ്രസഹായത്തോടുകൂടിയുള്ള സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതി പ്രകാരം 382 കുടുംബങ്ങൾക്ക് തുക കൈമാറുകയും 319 കുടുംബങ്ങളെ സെറ്റിൽമെന്റുകളിൽ നിന്നും മാറ്റി പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്ക് വേണ്ടി 37.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഇത്തരത്തിൽ മാറ്റി പാർപ്പിക്കപ്പെട്ടവർ തിരികെ കാട്ടിലേയ്ക്ക് മടങ്ങുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ മാറ്റിപാർപ്പിക്കപ്പെട്ട എത്രപേർ തിരികെ ഉൾക്കാടുകളിലേയ്ക്ക് മടങ്ങിപ്പോയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

ഇത്തരത്തിൽ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിയിൽ പങ്കാളികളായവർ തിരികെ കാട്ടിലേയ്ക്ക് മടങ്ങുന്ന സാഹചര്യം നിലവിലില്ല. കഴിഞ്ഞ 5 വർഷത്തിനിടയിൽ മാറ്റിപ്പാർപ്പിച്ചവർ/മാറിത്താമസിച്ചവർ ആരുംതന്നെ തിരികെ കാട്ടിലേയ്ക്ക് വന്നിട്ടില്ല.

**വനം വകുപ്പിലെ തൊണ്ടിമുതൽ മോഷണം**

210(999) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡിവിഷനിലെ പരുത്തിപ്പള്ളി റെയ്ഞ്ചിൽ 2000-നുശേഷം എത്ര കേസുകളിലുൾപ്പെട്ട തൊണ്ടിമുതലുകൾ മോഷണം പോയതായി കണ്ടെത്തിയിട്ടുണ്ട്; ഓരോ കേസിലും സ്വീകരിച്ച നടപടി ഉൾപ്പെടെയുള്ള വിവരങ്ങൾ വിശദീകരിക്കാമോ?

തിരുവനന്തപുരം ഡിവിഷനിലെ പരുത്തിപ്പള്ളി റെയ്ഞ്ചിൽ 2000-നുശേഷം രജിസ്റ്റർ ചെയ്ത 9 ഒ.ആർ. കേസുകളിലുൾപ്പെട്ട തൊണ്ടിവകകൾ നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ഒ.ആർ. 31/2000, ഒ.ആർ. 19/2001, ഒ.ആർ. 15/2001, ഒ.ആർ. 21/2002, ഒ.ആർ. 16/2003, ഒ.ആർ. 9/2004, ഒ.ആർ. 14/2004, ഒ.ആർ. 9/2007, ഒ.ആർ. 10/2007 എന്നീ കേസുകളിലെ തൊണ്ടിവകകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഒ.ആർ. 14/2004, ഒ.ആർ. 09/2016 എന്നീ കേസുകളിലെ തൊണ്ടിമുതലുകൾ നഷ്ടപ്പെട്ടത് സംബന്ധിച്ച് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ 0504/2022 ആയി പ്രാഥമിക റിപ്പോർട്ടുപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതിനെത്തുടർന്ന് ഒ.ആർ. 9/16 നമ്പർ

കേസിലെ തൊണ്ടിവകകൾ കണ്ടെത്തിയിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കുന്നതിനായി പോലീസ് ഏറ്റെടുത്തിട്ടുള്ളതുമാണ്. കൂടാതെ ഒ.ആർ. 120/90 നമ്പർ കേസിലെ തൊണ്ടി നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് വി.ഇ.10/2010 ആയി പോലീസ് വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട്. മേൽ പരാമർശിച്ച തൊണ്ടി നഷ്ടപ്പെട്ട ഓരോ കേസിലും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) വനംവകുപ്പിലെ എല്ലാ റെയ്ഞ്ചുകളിലും തൊണ്ടിമുതൽ സൂക്ഷിക്കുന്നതിന് സ്ട്രോംഗ് റൂം സംവിധാനം നിലവിലുണ്ടോ; ഏതൊക്കെ റേഞ്ചുകളിലാണ് സ്ട്രോംഗ് റൂം സംവിധാനം നിലവിലുള്ളത്; ഏത് തസ്തികയിൽപ്പെട്ട ജീവനക്കാരാണ് ആയതിന്റെ ചുമതല വഹിക്കുന്നത്; വ്യക്തമാക്കുമോ?

വനംവകുപ്പിലെ എല്ലാ റെയ്ഞ്ചുകളിലും തൊണ്ടിമുതൽ സൂക്ഷിക്കുന്നതിന് സ്ട്രോംഗ് റൂം സംവിധാനം നിലവിലില്ല. ചില റെയ്ഞ്ചുകളിൽ തൊണ്ടിമുതൽ സൂക്ഷിക്കുന്നതിന് പ്രത്യേക സ്ഥലം സജ്ജീകരിച്ചിട്ടുണ്ട്. സ്ട്രോംഗ് റൂം സംവിധാനം നിലവിലുള്ള റെയ്ഞ്ചുകളുടെ വിവരവും ആയതിന്റെ ചുമതലയുള്ള ജീവനക്കാരുടെ വിശദാംശവും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പരുത്തിപ്പള്ളി റെയ്ഞ്ചിൽ 2001 മുതൽ 2005 വരെയുള്ള കാലയളവിൽ പ്രതികളെ രക്ഷിക്കുകയെന്ന ഗൂഢലക്ഷ്യത്തോടെ തൊണ്ടിമുതൽ മോഷ്ടിക്കുകയും ആയതിന് കൂട്ടുനിൽക്കുകയും ചെയ്ത ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടികൾ വകുപ്പുതലത്തിൽ ഒതുക്കി തീർത്തതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കാലയളവിലെ ഓരോ കേസും സംബന്ധിച്ച് നാളിതുവരെയുള്ള അന്വേഷണ വിവരങ്ങൾ ലഭ്യമാക്കാമോ?

തൊണ്ടിമുതൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടികൾ വകുപ്പുതലത്തിൽ ഒതുക്കി തീർത്തതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയ്ഞ്ചിലെ ഒ.ആർ. 9/2016 കേസിലെ തൊണ്ടി മുതലുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ടി കാലയളവിൽ പരുത്തിപ്പള്ളി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരായിരുന്ന രണ്ടുപേരെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ഉത്തരവ് നമ്പർ ഡി1-3135/2022 തീയതി 6-7-2022 പ്രകാരം അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. കൂടാതെ തൊണ്ടിമുതലുകൾ നഷ്ടമായ കേസുകളിൽ വീഴ്ച വരുത്തിയ മറ്റുദ്യോഗസ്ഥർക്കെതിരെ അന്തിമ അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. കേസുകളുടെ നാളിതുവരെയുള്ള അന്വേഷണ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) പരുത്തിപ്പള്ളി റെയ്ഞ്ചിലെ തൊണ്ടിമുതൽ മോഷണക്കേസുകൾ ഗൗരവത്തോടുകൂടി കാണുന്നുണ്ടോ; എങ്കിൽ ഈ കേസുകൾ വനം വകുപ്പ് ഒഴികെ മറ്റൊരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് വിശദമായി അന്വേഷിപ്പിച്ച് സ്റ്റോംഗ് റൂമിന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥരടക്കം ഉത്തരവാദികളായവരെ കണ്ടെത്തി കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

പരുത്തിപ്പള്ളി റെയ്ഞ്ചിലെ വിവിധ കേസുകളിലെ തൊണ്ടിമുതലുകൾ കാണാതെപോയ വിഷയം ഗൗരവമായി കാണുന്നതിനാൽ പോലീസിൽ പരാതി നൽകി നടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കേസിൽ സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തുന്ന വിഷയം പരിഗണനയിലില്ല.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കാവുകളുടെ സംരക്ഷണം**

211(1000) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് കാവുകൾ സംരക്ഷിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2022 വർഷത്തിൽ 2 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അവ ഏതെല്ലാമെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

1. വടക്കേടത്ത് വാര്യത്ത് സർപ്പക്കാവ്, ചങ്ങനാശ്ശേരി

2. കളരിക്കൽ കുന്നേൽ കാവ്, വാഴപ്പള്ളി പടിഞ്ഞാറ്, ചങ്ങനാശ്ശേരി

യഥാക്രമം 24-5-2022, 21-6-2022 എന്നീ തീയതികളിൽ ലഭ്യമായ പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശോധിച്ചുവരുന്നു.

**ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ**

212(1001) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റേർഡ് കോൺട്രാക്ടർമാർ വഴി വനം വകുപ്പ് നടത്തിയ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വനം വിജിലൻസും സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും അന്വേഷണം നടത്തുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്ത് വനംവകുപ്പ് നടത്തിയ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വനം വിജിലൻസ് വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ വിശദമായ അന്വേഷണം നടത്തിവരുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും അന്വേഷണവും വെരിഫിക്കേഷനും തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണങ്ങൾ ആരംഭിച്ചത് എന്നാണെന്നറിയിക്കാമോ?

20-5-2017-ലെ (എം.എസ്) നമ്പർ 26/2017/വനം. സർക്കാർ ഉത്തരവുപ്രകാരമാണ് വനം വകുപ്പ് രജിസ്റ്റേർഡ് കോൺട്രാക്ടർമാർ വഴി ജണ്ട നിർമ്മാണമാരംഭിച്ചത്. ആയതിനുശേഷം ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ വനം വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കഴമ്പുള്ള പരാതികളിൽ യഥാസമയം തുടർനടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത അന്വേഷണങ്ങൾ ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ 21-12-2021 മുതലാണ് ആരംഭിച്ചതെന്ന് വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) നിലവിൽ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും; വിശദാംശം വ്യക്തമാക്കുമോ?

വിവിധ ഡിവിഷനുകളിൽ അന്വേഷണം വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ സർക്കാർ നഷ്ടം ഈടാക്കുന്നതും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും അടക്കമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുസംബന്ധിച്ച അന്വേഷണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസിനും അന്വേഷണത്തിലെ കണ്ടെത്തലുകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇടുക്കി ജില്ലയിലെ റിസർവ് വന പ്രഖ്യാപനം

213(1002) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കുഞ്ചിത്തണ്ണി വില്ലേജിലെ ആനച്ചാലും പരിസരപ്രദേശങ്ങളും അസാധാരണ ഗസറ്റ് വിജ്ഞാപനത്തിലൂടെ റിസർവ് വനമായി പ്രഖ്യാപിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ദേവികുളം താലൂക്കിലെ കുഞ്ചിത്തണ്ണി വില്ലേജിൽപ്പെട്ട 87.37 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ കൈവശത്തിലുള്ളതും ക്യാപ്റ്റീവ് പ്ലാന്റേഷനായി എച്ച്.എൻ.എൽ. കമ്പനിക്ക് പാട്ടവ്യവസ്ഥയിൽ നൽകിയിരുന്നതുമായ ഭൂമി " ചെങ്കുളം റിസർവ്" എന്ന പേരിൽ കേരള വനനിയമം 1961 സെക്ഷൻ (4) പ്രകാരം 10-5-2022-ലെ G.O.(P) No.16/2022/F&WLD ആയി (SRO No.597/2022) വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) ഇതുമൂലം ഈ പ്രദേശങ്ങളിൽ കാലങ്ങളായി താമസിച്ചുവരുന്ന ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

25-8-1975-ലെ സർക്കാർ ഉത്തരവുപ്രകാരം വനം വകുപ്പിന് കൈമാറി, വനംവകുപ്പിന്റെ സംരക്ഷണയിലും പരിപാലനത്തിലും വനമായി സംരക്ഷിച്ചുവന്നിരുന്ന ടി സ്ഥലം കേരളവനനിയമം 1961 സെക്ഷൻ (4) പ്രകാരം വിജ്ഞാപനം ചെയ്തതുവഴി പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ബഫർ സോൺ/ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച തെറ്റിദ്ധാരണമൂലം പ്രദേശവാസികൾ ആശങ്ക പ്രകടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി പ്രദേശത്തിനടുത്ത് ദേശീയോദ്യാനങ്ങളോ വന്യജീവി സങ്കേതങ്ങളോ ഇല്ലാത്തതിനാൽ ടി ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

## പാലങ്ങളുടെ നിർമ്മാണത്തിന് അനുമതി

214(1003) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽ ബ്ലാവന, മണികണ്ഠൻചാൽ, ബംഗ്ലാക്കടവ് തുടങ്ങിയ പാലങ്ങളുടെ നിർമ്മാണം വനം വകുപ്പിന്റെ അനുമതി ലഭ്യമാകാത്തതുമൂലം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത പ്രവൃത്തി വനം വകുപ്പ് തടസ്സപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനംവകുപ്പിന്റെ അനുമതിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണനയിലുണ്ടോ; പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

ബ്ലാവന, മണികണ്ഠൻചാൽ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ പരിവേഷിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ചില ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന് ആയത് പരിഹരിച്ച് സമർപ്പിക്കുവാൻ യൂസർ ഏജൻസി (പൊതുമരാമത്ത് വകുപ്പ്)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബംഗ്ലാക്കടവ് പാലത്തിന്റെ നിർമ്മാണത്തിനായി യൂസർ ഏജൻസി ഇതുവരെ പരിവേഷ് പോർട്ടലിൽ അപേക്ഷകളൊന്നും തന്നെ സമർപ്പിച്ചിട്ടില്ലാത്തതാണ്.

(സി) പതിനാറിലധികം ആദിവാസി കോളനികൾ ഉൾപ്പെടുന്ന കുട്ടമ്പുഴ പഞ്ചായത്തിൽ മേൽപ്പറഞ്ഞ പാലങ്ങൾക്ക് വളരെയധികം പ്രാധാന്യമുള്ളതു കൊണ്ട് പ്രസ്തുത പാലങ്ങൾ പണിയുന്നതിന് ആവശ്യമായിട്ടുള്ള അനുമതി വനംവകുപ്പിൽ നിന്ന് വേഗത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ബ്ലാവന, മണികണ്ഠൻചാൽ പാലങ്ങളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് പരിവേഷ് പോർട്ടിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകളിലെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നമുറയ്ക്ക്, 1980-ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായും സമയബന്ധിതമായും തുടർനടപടി സ്വീകരിക്കുന്നതാണ്.

## ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് അനുവദിച്ച തുക

215(1004) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തികവർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പേജ് നമ്പർ 66-ൽ 1394 ക്രമനമ്പരായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ വഴിക്കടവ്, മൂത്തേടം, പോത്തുകൽ, അമരമ്പലം, കരുളായി പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് 10 കോടി രൂപയുടെ 20 ശതമാനമായ 2 കോടി വകയിരുത്തിയിരുന്നോ; പ്രസ്തുത വിവരം വനം വകുപ്പിന് അറിവുള്ളതാണോ; വിശദമാക്കാമോ?

2019-2020 -ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ " ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ" ക്രമ നമ്പർ 1394 ആയി വഴിക്കടവ്, മൂത്തേടം, പോത്തുകൽ, അമരമ്പലം, കരുളായ് പഞ്ചായത്തുകളിലെ വന്യമൃഗശല്യം തടയുന്നതിന് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് 10 കോടി രൂപ എസ്റ്റിമേറ്റ് തുക വകയിരുത്തിയെങ്കിലും അലോട്ട്മെന്റ് ലഭിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ മൂത്തേടം ഗ്രാമപഞ്ചായത്തിൻകീഴിൽ വരുന്നതും നിലമ്പൂർ സൗത്ത് ഡിവിഷന്റെ കരുളായി റെയ്ഞ്ചിലെ പടുക്ക ഫോറസ്റ്റ് സ്റ്റേഷനുകീഴിലെ തീക്കടി-പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഭാഗത്ത് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് KIIFB Phase II പദ്ധതിയിൽ ഉൾപ്പെടുത്തി 225 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിരുന്നു. ആയതുപ്രകാരം സാങ്കേതികാനുമതിക്കായി അടങ്കൽ തയ്യാറാക്കി സമർപ്പിക്കുകയും, പാസ്സാക്കുകയും ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത തുക ചെലവഴിക്കാനാകാതെ അസാധുവായതിന്റെയും പദ്ധതി നിർവ്വഹിക്കാനാകാത്തതിന്റെയും കാരണം വിശദമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടിയിരുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും ടി ഉദ്യോഗസ്ഥർ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നോയെന്നും ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ടി ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായോയെന്നും അറിയിക്കാമോ?

നിലമ്പൂർ സൗത്ത് ഡിവിഷനിലെ കരുളായി റെയ്ഞ്ചിലെ പടുക്ക ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തീക്കടി-പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഏരിയയിൽ KIIFB Phase II-ൽ ഉൾപ്പെടുത്തി ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പ്രവൃത്തി ചെയ്യുന്നതിന്റെ ഭാഗമായി 2,22,50,000 രൂപയുടെ എസ്റ്റിമേറ്റ് പാസാക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയുമുണ്ടായി. എന്നാൽ ടി പ്രവൃത്തി പടുക്ക ഫോറസ്റ്റ് സ്റ്റേഷനുകീഴിൽ തന്നെയുള്ളതും നിലവിൽ കാട്ടാനശല്യം കൂടുതലുമായ ബാലാകുളം-താന്നിപ്പൊട്ടി ഏരിയയിലേയ്ക്ക് മാറ്റണമെന്നുള്ള നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അപേക്ഷപ്രകാരം മനുഷ്യ വന്യജീവി സംഘർഷം കൂടുതലുള്ള ബാലംകുളം- താന്നിപ്പൊട്ടി ഭാഗത്തേയ്ക്ക് ടി പ്രവൃത്തി മാറ്റുവാൻ തീരുമാനിച്ചു. നമ്പൂരിപ്പൊട്ടി ഏരിയയിൽ തീക്കടി മുതൽ സൂഹ്റമുക്ക് വരെയുള്ള 2 കിലോമീറ്റർ ദൂരത്തിൽ മാത്രമെ വിജയകരമായി ഫെൻസിംഗ് ചെയ്യാൻ സാധിക്കുകയുള്ളവെന്നും തുടർന്നുള്ള ഭാഗങ്ങളിൽ ചെങ്കുത്തായ വനഭാഗവും ധാരാളം വലിയ മരങ്ങൾ ഉള്ളതിനാലും തുടർന്ന് സ്വകാര്യ ഭൂമിയുമായതിനാൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസ് ചെയ്യുന്നത് പ്രായോഗികമല്ലാത്തതിനാലും ടി സ്ഥലത്ത് വലിയ തോതിലുള്ള കാട്ടാന ശല്യം ഇല്ലാത്തതിനാലുമാണ് മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള ബാലംകുളം-താന്നിപ്പൊട്ടി ഭാഗത്തേയ്ക്ക് ഇത്തരത്തിൽ പ്രവൃത്തി മാറ്റാൻ തീരുമാനിച്ചത്. തുടർന്ന് 16-12-2021-ലെ KIIFB 9th സബ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പുതിയ സ്ഥലത്തേയ്ക്ക്

മാറ്റുകയും പുതുക്കിയ പ്രവൃത്തിയുടെ അടങ്കലും രൂപരേഖയും സമർപ്പിക്കുവാൻ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് നിർദ്ദേശിക്കുകയുണ്ടായി. ആയതനുസരിച്ച് നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 4,38,60,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ തീക്കടി-പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഏരിയയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ചെയ്യുന്നതിന് 225 ലക്ഷം രൂപയ്ക്ക് (4.5 കി.മീ) മാത്രമാണ് നിലവിൽ ഭരണാനുമതി ഉള്ളതെന്നതിനാൽ ടി പ്രവൃത്തി ബാലംകുളം വാൾ-താന്നിപ്പൊട്ടി ഏര്യയിലേയ്ക്ക് അലൈൻമെന്റ് മാറ്റി നിർമ്മിക്കുന്നതിനാവശ്യമായ (4,38,60,000 രൂപ) ഭരണാനുമതി ലഭ്യമാക്കുന്നതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ.&ടി.ഡബ്ല്യു.)ക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. തുടർന്ന് KIIFB ഫണ്ടുപയോഗിച്ച് ബാലംകുളം-താന്നിപൊട്ടി ഏരിയയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നത് ചെലവ് ഇരട്ടിയിലധികം വർദ്ധിക്കുമെന്നതിനാൽ വന്യമൃഗശല്യം പരിഹരിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ് ഉചിതമെന്ന് 17-6-2022-ലെ എസ്.എഫ്.ഡി.എ.- KIIFB പത്താം സബ് കമ്മിറ്റി മീറ്റിംഗ് ശിപാർശ ചെയ്തിട്ടുള്ളതും പ്രസ്തുത ഏരിയയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉപേക്ഷിച്ചിട്ടുള്ളതുമാണ്. എസ്.എഫ്.ഡി.എ. മുഖേന നിലമ്പൂർ സൗത്ത് എഫ്.ഡി.എ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടിയിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിൽ വീഴ്ച സംഭവിച്ചിട്ടില്ല.

(സി) മേൽ ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹിക്കേണ്ട സ്ഥലങ്ങൾ നിർദ്ദേശിച്ച ഭരണസമിതി തീരുമാനങ്ങളുടെ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിൽ നിലമ്പൂർ എം.എൽ.എ. മുഖാന്തരം സമർപ്പിച്ചിരുന്നോ; ടി ഭരണസമിതി തീരുമാനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

അമരമ്പലം, കരുളായ്, മൂത്തേടം, വഴിക്കടവ് എന്നീ ഗ്രാമ പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹിക്കേണ്ട പ്രദേശങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട ഭരണസമിതി തീരുമാനങ്ങൾ ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ. മുഖേന സമർപ്പിച്ചിരുന്നു. ആയതിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പ്രസ്തുത ബഡ്ജറ്റ് പ്രഖ്യാപനത്തിന്മേൽ വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഫയൽ ഇപ്പോൾ ഏത് കാര്യാലയത്തിലാണെന്നും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങളും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ടി പ്രവൃത്തി “ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ" എന്ന നിലയിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആയത് സംബന്ധിച്ച് അലോട്ട്മെന്റോ, ഫണ്ടോ ലഭിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ.-യുടെ നിവേദനത്തിൽ പ്രതിപാദിക്കുന്ന പ്രവൃത്തികൾക്കുള്ള 2.25 കോടി രൂപയുടെ അടങ്കലും പ്രൊപ്പോസലും KIIFB Phase II-ൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) മേൽ വിഷയവുമായി ബന്ധപ്പെട്ട് 3-7-2020-ന് അന്നത്തെ വനം വകുപ്പുമന്ത്രിക്ക് നിലമ്പൂർ എം.എൽ.എ. സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലമ്പൂർ എം.എൽ.എ.-യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കരുളായി റെയ്ഞ്ചിലെ പടുക്ക ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തീക്കടി-പൂളക്കപ്പാറ-നമ്പൂരിപ്പൊട്ടി ഏരിയയിൽ KIIFB Phase II-ൽ ഉൾപ്പെടുത്തി ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പ്രവൃത്തി ചെയ്യാൻ തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി 2,22,50,000 രൂപയുടെ എസ്റ്റിമേറ്റ് പാസാക്കുകയും പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ടി ഏരിയയിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് പ്രായോഗികമല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചിട്ടുള്ളതുമാണ്.

**നിലമ്പൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം**

216(1005) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനത്തോടുചേർന്ന ജനവാസമേഖലകളിലിറങ്ങി വന്യമൃഗങ്ങൾ നിരന്തരം കൃഷിനാശം വരുത്തുന്നതും ജനങ്ങളെ ആക്രമിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരത്തിലുള്ള നാശനഷ്ടങ്ങൾ വരുത്തുന്നതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിലുള്ളതും വനഭൂമിയുമായി അതിർത്തി പങ്കിടുന്നതുമായ നിലമ്പൂർ നോർത്ത് ഡിവിഷന്റെ പരിധിയിൽപ്പെടുന്ന വഴിക്കടവ്, നിലമ്പൂർ, ചുങ്കത്തറ, മൂത്തേടം, എടക്കര, പോത്തുകല്ല് തുടങ്ങിയ പഞ്ചായത്തുകളിലും നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽപ്പെടുന്ന അമരമ്പലം, കരുളായി എന്നീ പഞ്ചായത്തുകളിലും വന്യമൃഗശല്യം ഉണ്ടാകാറുണ്ട്.

(ബി) 2016-നുശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ എത്ര വന്യജീവി ആക്രമണകേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്നും കൃഷിനാശം വരുത്തിയതിന് എത്ര പരാതികൾ ലഭിച്ചുവെന്നും ഫോറസ്റ്റ് ഡിവിഷനുകൾ, റേഞ്ചുകൾ, സ്റ്റേഷനുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

2016-ന് ശേഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട വന്യജീവി ആക്രമണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യമൃഗശല്യം തടയുന്നതിന് കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണവും റെയിൽ ഫെൻസിംഗ് സ്ഥാപിക്കലും' എന്ന ഹെഡിൽ വകയിരുത്തിയ തുക എത്രയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; ടി പദ്ധതി എന്നത്തേയ്ക്ക് നിർവ്വഹിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

(സി&ഡി) ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യമൃഗശല്യം തടയുന്നതിന് "കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണവും റെയിൽ ഫെൻസിംഗ് സ്ഥാപിക്കലും" എന്ന ഹെഡിൽ തുക വകയിരുത്തിയിട്ടില്ല.

## വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവർക്ക് നഷ്ടപരിഹാരം

217(1006) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ 2022 ആഗസ്റ്റ് വരെ എത്രപേർക്ക് പുലിയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചുവെന്നും എത്രപേർ പാമ്പുകടിയേറ്റ് മരണപ്പെട്ടുവെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് 2016 മുതൽ 2022 ആഗസ്റ്റ് വരെ പുലിയുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെയും പാമ്പുകടിയേറ്റ് മരണപ്പെട്ടവരുടെയും വിവരം സർക്കിൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇത്തരത്തിൽ മരണപ്പെട്ട എത്രപേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്?

പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) നഷ്ടപരിഹാരത്തുക നൽകുവാനുള്ള കാലതാമസത്തിന് കാരണം വിശദമാക്കാമോ?

ഫണ്ടിന്റെ അപര്യാപ്തതയും ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് അപേക്ഷകരുടെ ഭാഗത്തുനിന്നുണ്ടാകുന്ന കാലതാമസവുമാണ് നഷ്ടപരിഹാര തുക അനുവദിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം.

(ഡി) നഷ്ടപരിഹാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിലെ വന്യജീവികളുടെ ആക്രമണം**

218(1007) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ വന്യജീവികളുടെ ആക്രമണംമൂലം മനുഷ്യർക്കും കൃഷിക്കുമുണ്ടായ നഷ്ടങ്ങളെ സംബന്ധിച്ച വിശദാംശം നൽകാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ വന്യജീവികളുടെ ആക്രമണം മൂലമുണ്ടായ കൃഷിനാശം സംബന്ധിച്ച് 380 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 284 അപേക്ഷകളിന്മേൽ (പഴയ അപേക്ഷകൾ ഉൾപ്പെടെ) 17,64,206 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം പരിക്കുപറ്റിയവരുടെ 130 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 121 അപേക്ഷകളിന്മേൽ (പഴയ അപേക്ഷകൾ ഉൾപ്പെടെ) 29,87,622 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം 4 പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്. കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ട രണ്ട് കേസുകളിൽ മുഴുവൻ തുകയായ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പാമ്പ് കടിയേറ്റ് മരണപ്പെട്ട പുതിയ അപേക്ഷയിലെ രണ്ട് കേസുകളിൽ 4 ലക്ഷം രൂപ അനുവദിക്കാനുണ്ട്. പഴയ അപേക്ഷകളിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ മരണപ്പെട്ട രണ്ടുപേർക്ക് 10 ലക്ഷവും പാമ്പുകടിയേറ്റ് മരണപ്പെട്ട 5 അപേക്ഷകളിൽ 5 ലക്ഷവും അനുവദിച്ചിട്ടുണ്ട്.

(ബി) മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും കൃഷിനാശം സംഭവിച്ച കർഷകർക്കും നൽകിയ നഷ്ടപരിഹാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം മരണപ്പെട്ടവരുടെ കുടുംബത്തിന് 35,00,000 രൂപയും (പഴയ അപേക്ഷകൾ ഉൾപ്പെടെ) കൃഷിനാശം സംഭവിച്ച കർഷകർക്ക് 17,64,206 രൂപയും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) വന്യജീവികളുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ചതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വന്യജീവി ആക്രമണം തടയുന്നതിന്റെ ഭാഗമായി കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. നാട്ടിലിറങ്ങുന്ന പാമ്പുകളേയും, മറ്റ് ചെറുജീവികളേയും രക്ഷിച്ച് കാട്ടിലേയ്ക്ക് തിരികെ വിടുന്നതിന്റെ ഭാഗമായി ആർ.ആർ.ടി. ശക്തിപ്പെടുത്തുകയും, പാമ്പുകളെ പിടികൂടുന്നതിന് പരിശീലനം നേടിയ തദ്ദേശീയരായ താൽക്കാലിക വാച്ചർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുമുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ സോളാർ വൈദ്യുതവേലിയും, ആന പ്രതിരോധ മതിലും, ആന പ്രതിരോധ കിടങ്ങുകളും നിർമ്മിക്കുകയും കേടായ വൈദ്യുതവേലികൾ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. സോളാർ വൈദ്യുതവേലിയുടെ അറ്റകുറ്റപ്പണികൾക്ക് ദിവസവേതന വാച്ചർമാരുടെ സേവനവും പ്രയോജനപ്പെടുത്തി വരുന്നു. കാസർഗോഡ് ജില്ലയിൽ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന മറ്റൊരു പദ്ധതിയാണ് സോളാർ തൂക്കുവേലി. ഇതിന്റെ ഭാഗമായി കാസർഗോഡ് റെയ്ഞ്ചിൽ കാട്ടാനശല്യം രൂക്ഷമാകുന്നത് പരിഗണിച്ച് കാറഡുക്ക ബ്ലോക്കിന്റെയും 5 ഗ്രാമപഞ്ചായത്തുകളുടേയും സഹകരണത്തോടെ തലപ്പച്ചേരി മുതൽ കണ്ണാടിത്തോട് വരെ 29 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 5 വർഷക്കാലംകൊണ്ട് പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഈ പ്രവൃത്തിക്ക് ആകെ 3.21 കോടി രൂപയും അനുബന്ധ പ്രവർത്തനങ്ങൾക്കായി 90 ലക്ഷം രൂപയും ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഇതിന്റെ ആദ്യപടിയായി ബന്തടുക്ക സെക്ഷനിലെ വെള്ളക്കാനം മുതൽ പാലാർ വരെ 8 കിലോമീറ്റർ ദൂരത്തിൽ തൂക്കുവേലി നിർമ്മാണപ്രവൃത്തി ഇതിനകം ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് റെയ്ഞ്ചിലെ കാട്ടാനശല്യം തടയുന്നതിന്റെ ഭാഗമായി കുണ്ടുപള്ളി-കാപ്പിത്തട്ട് (3 കി.മീ.), പാടി-എടക്കാനം (0.5 കി.മീ.), ശങ്കരങ്ങാനം-അത്തിയടുക്കം (8 കി.മീ.), മീനഞ്ചേരി-ബാവിക്കാനം (3 കി.മീ.), പാലാവയൽ (0.75 കീ.മീ.), ചെർണ്ണൂർ-പവിത്രംകയം (6 കി.മീ.), റാണിപുരം-എൻ.എ. പ്ലാന്റേഷൻ (2 കി.മീ.), പരിയാരം ഖാദി-കുവക്കാട് (3 കി.മീ.), പാടിക്കൊച്ചി-രംഗത്തുമല (6 കി.മീ.) എന്നിങ്ങനെ 32.25 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കർണ്ണാടക സംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് കൂട്ടമായെത്തുന്ന

കാട്ടാനകൾമൂലവും കാട്ടുപന്നികൾമൂലവും വനപ്രദേശത്തോടുചേർന്ന ജനവാസ മേഖലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ കാട്ടുമൃഗശല്യവുമായി ബന്ധപ്പെട്ട് സമയോചിതമായ ഇടപെടൽ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതിനൊരു പരിധിവരെയെങ്കിലും ആശ്വാസം കാണാനും വനസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതവും ഫലപ്രദവുമാക്കുന്നതിനുമായി കാസർഗോഡ് ജില്ലയിൽ കാസർഗോഡ് റെയ്ഞ്ചിന്റെ പരിധിയിൽ പരപ്പ, കാറഡുക്ക സെക്ഷനുകൾ ഉൾപ്പെടുത്തി പരപ്പ ആസ്ഥാനമായി പരപ്പയിലും ബന്ദടുക്ക സെക്ഷൻ ഉൾപ്പെടുത്തി പാണ്ടി ആസ്ഥാനമായി ബന്ദടുക്കയിലും, കാഞ്ഞങ്ങാട് റെയ്ഞ്ചിലെ ഭീമനടി സെക്ഷൻ, മരുതോം സെക്ഷന്റെ ഒരു ഭാഗം എന്നിവയുൾപ്പെടുത്തി കരിന്തളം ആസ്ഥാനമായി ഭീമനടിയിലും പനത്തടി സെക്ഷൻ, മരുതോം സെക്ഷന്റെ ഒരു ഭാഗം എന്നിവയുൾപ്പെടുത്തി കള്ളാർ ആസ്ഥാനമായി പനത്തടിയിലും ഓരോ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്നതിന് പ്രൊപ്പോസൽ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നതാണ്. മനുഷ്യ-വന്യ ജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി, മനുഷ്യവാസ മേഖലകളിൽ ശല്യം ചെയ്യുന്ന കുരങ്ങൻമാരെ പിടികൂടി അവയുടെ തനത് ആവാസവ്യവസ്ഥയിലേയ്ക്ക് മാറ്റുന്നതിന് കാസർഗോഡ്, കാഞ്ഞങ്ങാട് റെയ്ഞ്ചുകളിൽ 2021-22 വർഷത്തിൽ പുതുതായി മങ്കി ട്രാപ്പ് & ട്രാൻസ്പോർട്ടേഷൻ കൂടുകൾ വാങ്ങുകയുണ്ടായി. കർണ്ണാടക വനാതിർത്തി പങ്കിടുന്ന ജില്ലയെന്ന നിലയിൽ അയൽസംസ്ഥാനത്തുനിന്ന് എത്തുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനായി 2020-21 വർഷത്തിൽ ഓപ്പറേഷൻ ഗജ എന്ന പേരിൽ സംഘടിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരുന്നു. നിലവിലും കാട്ടാനയുടെ വർദ്ധിച്ച ശല്യം കണക്കിലെടുത്ത് കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ തദ്ദേശീയരായ പ്രദേശവാസികളുടെ സേവനം പ്രയോജനപ്പെടുത്തി വനം വകുപ്പ് ജീവനക്കാരുടെ നേതൃത്വത്തിൽ കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് തുരത്തുന്നതിന് പ്രത്യേകം നടപടി സ്വീകരിച്ചുവരുന്നു.

**മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ**

219(1008) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സർക്കിൾ തലങ്ങളിൽ സ്വീകരിച്ച തുടർ നടപടി വിവരം ചുവടെ ചേർക്കുന്നു.

സതേൺ സർക്കിൾ

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുവേണ്ടി സ്വകാര്യ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വനമേഖലകളിൽ സൗരോർജ്ജവേലി നിർമ്മിച്ചും ആന കിടങ്ങുകൾ സ്ഥാപിച്ചും അനുയോജ്യമായ സ്ഥലങ്ങളിൽ കയ്യാല നിർമ്മിച്ചും പ്രതിരോധ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിലെ ഉത്തരവനുസരിച്ച് നാട്ടിലിറങ്ങുന്ന കാട്ടുപന്നികളെ നിയമാനുസൃതം വെടിവെച്ച് കൊല്ലുകയും മറ്റ് ജീവികളെ കാട്ടിലേയ്ക്ക് ഓടിച്ചുവിടുകയും ചെയ്യുന്നു. കൂടാതെ വനത്തിൽനിന്നും വന്യമൃഗങ്ങൾ കൃഷിസ്ഥലങ്ങളിലേയ്ക്ക് കൂടുതലായി പ്രവേശിക്കുവാൻ സാദ്ധ്യതയുള്ള പ്രത്യേക വനപ്രദേശങ്ങളിൽ ആദിവാസി വിഭാഗങ്ങളുടെയും തദ്ദേശീയരായ ദിവസവേതന വാച്ചർമാരുടെയും സേവനമുപയോഗിച്ച് നിരീക്ഷണവും അനുബന്ധ സംരക്ഷണ മാർഗ്ഗങ്ങളും ഫലപ്രദമായി നടപ്പിലാക്കിവരുന്നു. കൂടാതെ വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ ആർ.ആർ.റ്റി.-യുടെ നേതൃത്വത്തിൽ രാത്രികാല പട്രോളിംഗ്, പമ്പ് ആക്ഷൻ ഗൺ ഉപയോഗിച്ച് വന്യമൃഗങ്ങളെ തുരത്തൽ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. ഉഷ്ണകാലത്ത് വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിനായി കുളങ്ങൾ നിർമ്മിച്ചും നിലവിലുള്ള കുളങ്ങളിൽനിന്നും മണ്ണ് നീക്കം ചെയ്തും ജലസ്രോതസ്സ് ഉറപ്പാക്കുന്നു.

സെൻട്രൽ സർക്കിൾ

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന്റെ ഭാഗമായി സോളാർ ഫെൻസിംഗ് നിർമ്മിക്കുകയും ആയത് കൂടുതൽ കാര്യക്ഷമമായ ഹാങിംഗ് സൗരോർജ്ജവേലികളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വന്യജീവി സാന്നിദ്ധ്യം അറിഞ്ഞാൽ എസ്.എം.എസ്. സിസ്റ്റം അലർട്ട് വഴി ജാഗ്രതാ നിർദ്ദേശം നൽകുകയും, ക്യാമറ, ഡിജിറ്റൽ (sensor wall) ഉപയോഗിച്ച് വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം അറിയിക്കുകയും ചെയ്യുന്നു. വനത്തിൽനിന്നും ഇറങ്ങി വരുന്ന വന്യമൃഗങ്ങളെ തിരികെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിന് വനസംരക്ഷണ ജീവനക്കാരും സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിന്റെയും ദിവസവേതനാടിസ്ഥാനത്തിലുള്ള തദ്ദേശീയരായ വാച്ചർമാരുടെ സേവനവും ഉപയോഗിച്ചുവരുന്നുണ്ട്.

ഈസ്റ്റേൺ സർക്കിൾ

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സൗരോർജ്ജവേലി നിർമ്മാണം, ഹാങിംഗ് സോളാർ ഫെൻസിംഗ് നിർമ്മാണം, വിസ്താ ക്ലിയറൻസ്, ദ്രുതകർമ്മ സേനകളുടെ സേവനം, കുങ്കിയാനകളുടെ സേവനം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള സൗരോർജ്ജവേലി ഹാങിംഗ് ഫെൻസ്, ആന പ്രതിരോധ കിടങ്ങ് എന്നിവയുടെ അറ്റകുറ്റപ്പണി, അടിയന്തരഘട്ടങ്ങളിൽ വാച്ചർമാരുടെ സേവനം എന്നീ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നോർത്തേൺ സർക്കിൾ

കാസർഗോഡ് ഡിവിഷനിലെ കാസർഗോഡ് റെയ്ഞ്ചിൽ കാട്ടാനശല്യം രൂക്ഷമാകുന്നത് പരിഗണിച്ച് കാറഡുക്ക ബ്ലോക്കിന്റെ സഹകരണത്തോടെ തലപ്പച്ചേരി മുതൽ കണ്ണാടിത്തോട് വരെ 29 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇതിന്റെ ആദ്യപടിയായി ബന്തടുക്ക സെക്ഷനിലെ വെള്ളക്കാനം മുതൽ പാലാർവരെ 8 കീലോമീറ്റർ ദൂരത്തിൽ തൂക്കുവേലി നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് റെയ്ഞ്ചിലെ കാട്ടാനശല്യം തടയുന്നതിന്റെ ഭാഗമായി കുണ്ടുപള്ളി-കാപ്പിത്തട്ട് (3 കി.മീ.), പാടി-എടക്കാനം (0.5 കി.മീ.), ശങ്കരങ്ങാനം-അത്തിയടുക്കം (8 കി.മീ.), മീനഞ്ചേരി-ബാവിക്കാനം (3 കി.മീ.), പാലാവയൽ (0.75 കി.മീ.), ചെർണ്ണൂർ-പവിത്രങ്കയം (6 കി.മീ.), റാണിപുരം-എൻ.എ. പ്ലാന്റേഷൻ (2 കി.മീ.), പരിയാരം ഖാദി-കുവക്കാട് (3 കി.മീ.), പാടിക്കൊച്ചി-രംഗത്തുമല (6 കി.മീ.) എന്നിങ്ങനെ 32.25 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി, മനുഷ്യവാസ മേഖലകളിൽ ശല്യം ചെയ്യുന്ന കുരങ്ങന്മാരെ പിടികൂടി അവയുടെ തനത് ആവാസവ്യവസ്ഥയിലേയ്ക്ക് മാറ്റുന്നതിന് കാസർഗോഡ്, കാഞ്ഞങ്ങാട് റെയ്ഞ്ചുകളിൽ 2021-22 വർഷത്തിൽ പുതുതായി മങ്കി ട്രാപ്പ് & ട്രാൻസ്പോർട്ടേഷൻ കൂടുകൾ വാങ്ങുകയുണ്ടായി.

കണ്ണൂർ ഡിവിഷനുകീഴിൽ കൊട്ടിയൂർ റെയ്ഞ്ചിൽ 6 കിലോമീറ്റർ സൗരോർജ്ജവേലിയും തളിപ്പറമ്പ് റെയ്ഞ്ചിൽ 3 കിലോമീറ്റർ സൗരോർജ്ജ വേലിയും, കണ്ണവം റെയ്ഞ്ചിൽ 3 കിലോമീറ്റർ സൗരോർജ്ജവേലിയും പുതിയതായി സ്ഥാപിച്ചിട്ടുണ്ട്.

കോഴിക്കോട് ഡിവിഷൻ പരിധിയിൽ 8 കിലോമീറ്റർ സോളാർ ഫെൻസിംഗും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്.

സൗത്ത് വയനാട് ഡിവിഷനിൽ ദാസനക്കര-പാതിരിയമ്പം, പത്രുമൂല-കക്കോടൻ ബ്ലോക്ക്, കുന്നംപുറം 10-ാം മൈൽ, കൊമ്മഞ്ചേരി-സുബ്രഹ്മണ്യൻകൊല്ലി, വേങ്ങക്കോട്-ചെമ്പ്ര എന്നിവിടങ്ങളിൽ ആകെ 21.694 കിലോമീറ്റർ ദൂരത്തിൽ ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ ഹാഗിംഗ് ഫെൻസിംഗ് പല സ്ഥലങ്ങളിലും നടത്തിവരുന്നുണ്ട്. കൂടാതെ രൂക്ഷമായ വന്യമൃഗശല്യം അനുഭവപ്പെടുന്ന ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി KIIFB-യുടെ സഹായത്തോടെ 4 സെറ്റിൽമെന്റുകളിൽ നിന്നും 50 കുടുംബങ്ങളെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

നോർത്ത് വയനാട് ഡിവിഷനിൽ 11.1 കി.മീ. സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സംഘർഷം കൂടിയ പ്രദേശങ്ങളിൽ വാച്ചർമാരെ വിന്യസിപ്പിക്കുകയും തദ്ദേശീയരുടെ സഹായത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. ജനജാഗ്രതാ സമിതികൾ തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പുനഃസംഘടിപ്പിക്കുകയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ ശുദ്ധീകരിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ഹൈറെയ്ഞ്ച് സർക്കിൾ</u>

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി 13.057 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മാണം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ ജലലഭ്യതയുറപ്പാക്കാൻ 2 കുളങ്ങൾ നിർമ്മിക്കുകയും 2 എണ്ണത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതുമാണ്. ജനവാസ മേഖലയിലിറങ്ങുന്ന കാട്ടാനകളെ തിരികെ കയറ്റിവിടുന്നതിനായി മച്ചാൻ സ്ഥാപിച്ച് രാത്രിയും പകലും വാച്ചർമാരെ നിയോഗിച്ച് നിരീക്ഷിക്കുകയും ചെയ്തു വരുന്നതുമാണ്. കൂടാതെ ആർ.ആർ.റ്റി.-യുടെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന് അതത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അദ്ധ്യക്ഷനായി ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതും വന്യജീവി ആക്രമണത്തിനെതിരെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

എ.ബി.പി. സർക്കിൾ

മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി ജനജാഗ്രതാ സമിതികൾ, ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റി എന്നിവയുടെ യോഗം ചേർന്ന് പ്രശ്ന പരിഹാരം നടത്തുകയും സംരക്ഷണ വിഭാഗം ജീവനക്കാർ പട്രോളിംഗ് നടത്തുകയും കൂടാതെ സൗരോർജ്ജവേലി നിർമ്മാണം/ അറ്റകുറ്റപ്പണി, ആനക്കിടങ്ങ് നിർമ്മാണം/അറ്റകുറ്റപ്പണി എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ ശെന്തുരുണി ഡിവിഷനിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയും നടപ്പിലാക്കിവരുന്നു.

പാലക്കാട് വൈൽഡ്‌ലൈഫ് സർക്കിൾ

സൈലന്റ് വാലി ഡിവിഷനിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എലിഫൻറ് സ്ക്വയറിംഗ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. പീച്ചി ഡിവിഷനുകീഴിൽ നടപ്പിലാക്കിയ വിസ്ത ക്ലിയറൻസ് പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു.

1) പീച്ചി ഡിവിഷനിൽ വാണിയമ്പാറ സ്റ്റേഷനുകീഴിൽ കുതിരാൻ മുതൽ മാട്ടുങ്ങൽ കുത്ത് വരെ 10 ഹെക്ടർ (5 കിലോമീറ്റർ)

2) പയറ്റുപാറ മുതൽ ആനവാരി വരെ 4 ഹെക്ടർ (2 കിലോമീറ്റർ)

3) പീച്ചി സ്റ്റേഷനുകീഴിൽ വള്ളിക്കയം മുതൽ ചെളിക്കുഴി വരെ 6 ഹെക്ടർ (3 കിലോമീറ്റർ)

4) ചിമ്മിനി വന്യജീവിസങ്കേതത്തിൽ തോട്ടപ്പുര മുതൽ വാവള വരെ 5 ഹെക്ടർ (2.5 കി.മീ),

5) എച്ചിപ്പാറ മുതൽ ചിമ്മിനി വരെ 2 ഹെക്ടർ (1 കി.മീ)

6) പുന്നക്കുഴി മുതൽ ആനക്കാന്തം വരെ 5 ഹെക്ടർ (2.5 കി.മീ)

7) പുലിപ്പാറ മുതൽ മംഗലംകവ വരെ 5 ഹെക്ടർ (2.5 കി. മീ)

8) ചിമ്മിനി മുതൽ പുലിപ്പാറ വരെ 5 ഹെക്ടർ (2.5 കി.മീ)

കൂടാതെ പീച്ചി ഫോറസ്റ്റ് സ്റ്റേഷനിലെ കുതിര കോട്ടുകയം, ഒറ്റക്കുന്ന് എന്നിവിടങ്ങളിൽ ട്രഞ്ച് വൃത്തിയാക്കൽ, പീച്ചി ഫോറസ്റ്റ് സ്റ്റേഷനിൽ കുതിരാൻ ടണൽ മുതൽ മൈക്കൽ ജണ്ട വരെ 1.5 കിലോമീറ്റർ സൗരോർജ്ജവേലിയും സ്ഥാപിച്ചിട്ടുണ്ട്. ആറളം ഡിവിഷനിൽ വന്യജീവികൾ ജനവാസമേഖല

യിലേയ്ക്കിറങ്ങുന്നത് തടയുന്നതിനായി വനാതിർത്തിയിൽ സ്ഥാപിച്ചിട്ടുള്ള ട്രഞ്ച്, കരിങ്കൽ മതിൽ, സ്റ്റീൽ ഫെൻസിംഗ്, സോളാർ ഫെൻസിംഗ് എന്നിവ സംരക്ഷിച്ചുവരുന്നു. വയനാട് വൈൽഡ്ലൈഫ് ഡിവിഷനിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജില്ല കളക്ടർ ചെയർമാനും, സൗത്ത് വയനാട് ഡി.എഫ്.ഒ. കൺവീനറുമായി ഒരു ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നടപടികൾ ചർച്ച ചെയ്യുകയും, ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പറമ്പികുളം ഡിവിഷനിൽ വിസ്ത ക്ലിയറൻസ്, സൗരോർജ്ജ വേലി, ആനകിടങ്ങുകളുടെ അറ്റകുറ്റപ്പണി എന്നിവ നടത്തിയിട്ടുണ്ട്.

ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ) കോട്ടയം സർക്കിൾ

പ്രസ്തുത സർക്കിളിന്റെ അധികാരപരിധിയിൽ വരുന്ന വനാതിർത്തിയോട് ചേർന്നുകിടക്കുന്ന വില്ലേജുകളിലും വനത്തിനുള്ളിലെ ആദിവാസി സെറ്റിൽമെന്റുകളിലും വന്യജീവി ആക്രമണം തടയുന്നതിനായി സോളാർ പവർ ഫെൻസിംഗ്, എലിഫന്റ് പ്രൂഫ് ട്രഞ്ച്, ഹാഗിംഗ് സോളാർ ഫെൻസിംഗ്, കിടങ്ങ് നിർമ്മാണം, സംരക്ഷണ ഭിത്തികൾ, ജൈവവേലി, വന്യമൃഗങ്ങളെ ശബ്ദവും, വെളിച്ചവുമുണ്ടാക്കി കാട്ടിലേയ്ക്ക് തിരികെ വിടുന്ന മെഷീനുകൾ (ANIDERS PIR) കൂടാതെ ജീവനക്കാരുടെയും വാച്ചർമാരുടെയും ഇ.ഡി.സി. അംഗങ്ങളുടെയും സഹകരണത്തോടെ വനാതിർത്തികളിൽ പട്രോളിംഗ് നടത്തി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ച് അയയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യജീവികൾ കുടിവെള്ളത്തിനായി നാട്ടിലേയ്ക്കിറങ്ങുന്നത് തടയുന്നതിനായി വനത്തിനുള്ളിൽ നിലവിലുള്ള ജലസ്രോതസ്സുകൾ ചെളി നീക്കി വൃത്തിയാക്കി നവീകരിച്ചുവരുന്നുണ്ട്. മൂന്നാർ മേഖലയിൽ ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ പ്രവേശിച്ചാൽ പ്രദേശവാസികൾക്ക് എസ്.എം.എസ്. മുഖേന മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) സൗരോർജ്ജവേലി, ആനക്കിടങ്ങ്, സൗരോർജ്ജ തൂക്കുവേലി, ക്രാഷ് ഗാർഡ് റോപ് ഫെൻസിംഗ്, ജൈവ വേലി, ആന പ്രതിരോധ മതിൽ, വിസ്ത ക്ലിയറൻസ് തുടങ്ങിയ പ്രതിരോധ മാർഗ്ഗങ്ങൾ എവിടെയെല്ലാമാണ് നടപ്പിലാക്കിയത്; വിശദാംശം നൽകുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഏറനാട് മണ്ഡലത്തിൽ മേൽപറയപ്പെട്ട പ്രതിരോധമാർഗ്ഗങ്ങൾ എവിടെയെല്ലാമാണ് നടപ്പിലാക്കിയത്; ഇതിനായി എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ ചീങ്കണ്ണിപ്പാലി-തേവർപ്പാറ 4 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. ആയതിന് 6,51,599 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കാർഷിക വിളകൾക്ക് വന്യമൃഗങ്ങളുടെ ശല്യം**

220(1009) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ മലയോരമേഖലയിലെ കാർഷിക വിളകൾക്ക് ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യംമൂലം നാശനഷ്ടം സംഭവിക്കുന്ന വിഷയം വിലയിരുത്തിയിട്ടുണ്ടോ?

നെന്മാറ നിയോജകമണ്ഡലത്തിലെ മലയോരമേഖലകളിൽ വന്യമൃഗങ്ങളുടെ ശല്യംമൂലം കാർഷികവിളകൾക്ക് നാശനഷ്ടം സംഭവിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്.

(ബി) ഇത്തരത്തിൽ കൃഷിനാശം സംഭവിക്കുന്നത് തടയുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി വനാതിർത്തികളിൽ 80.85 കിലോമീറ്റർ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നെന്മാറ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പൊതുജന പങ്കാളിത്തത്തോടെ തദ്ദേശീയരും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 6 എണ്ണം (നെല്ലിയാമ്പതി, അയിലൂർ, നെന്മാറ, മുതലമട, എലവഞ്ചേരി, കൊല്ലങ്കോട്) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ജനവാസമേഖലയിൽ ഇറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി പ്രത്യേക വാച്ചർമാരെയും നിയോഗിച്ചിട്ടുണ്ട്. വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കുന്നതിന് മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ കൃഷിനാശത്തിന് 8-1-2015-ലെ സ.ഉ.(കൈ)നമ്പർ 2/2015/ വനം. പ്രകാരമുള്ള നിരക്കിൽ നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്.

(സി) ഈ വിഷയത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിനുകീഴിൽ റാപ്പിഡ് റെസ്പോൺസ് ടീമിനെ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഈ വിഷയത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി നെന്മാറ ഫോറസ്റ്റ് ഡിവിഷനുകീഴിൽ ഒരു ആർ.ആർ.ടി. രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വന്യജീവികൾ കാരണമുള്ള കൃഷിനാശം**

221(1010) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ട് വർഷമായി വന്യജീവി ആക്രമണംമൂലം പരിക്കേറ്റതും മരണപ്പെട്ടവരുടെ എണ്ണം, കൃഷിനാശം നേരിട്ട കർഷകരുടെ എണ്ണം, കൃഷിനാശം സംഭവിച്ച ഭൂമിയുടെ വിസ്തൃതി; ഏതുതരം വന്യജീവി മൂലമാണ് നാശനഷ്ടങ്ങളുണ്ടായത് എന്നിവ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**വന്യജീവികളുടെ ആക്രമണം**

222(1011) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കാതിരിക്കാൻ ശാശ്വത പരിഹാരം കാണുന്നതിന് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഡെറാഡൂണിലെ വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ടി പഠനത്തിലെ കണ്ടെത്തലുകൾ കൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുവാനുള്ള താഴെപ്പറയുന്ന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

1. കാടിനുചുറ്റും കൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറിയതും കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യവിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചിരിക്കുന്നു.
2. വന്യജീവികളുടെ എണ്ണത്തിലും വർദ്ധനയുണ്ടായിട്ടുണ്ട്.
3. മനുഷ്യരും വളർത്തുമൃഗങ്ങളും അസമയങ്ങളിൽ വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്കിടയാക്കുന്നു.
4. ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞുപോകുന്നതുമൂലം വന്യജീവികളുടെ സ്വൈരവിഹാരം തടസ്സപ്പെടുന്നു.
5. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യലഭ്യത കുറയ്ക്കുന്നു.
6. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിനം സസ്യങ്ങൾ പുൽമേടുകളിലും മറ്റും തോട്ടമായി നട്ടുവളർത്തിയത് ആവാസവ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.
7. ആധുനിക വാർത്താവിനിമയ വിവരസാങ്കേതിക സൗകര്യങ്ങൾ വൻതോതിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിക്കാതിരിക്കാൻ താഴെപ്പറയുന്ന പ്രവർത്തനങ്ങളും വിഭാവനം ചെയ്യുന്നുണ്ട്.

1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.
2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനമടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.
3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാനസൗകര്യങ്ങളും മാനവ-വിഭവശേഷിയും വികസിപ്പിക്കുക.
4. വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽവരുത്തുക.

5. ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.
6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.
7. പുൽമേടുകളും ജലസ്രോതസുകളുമുൾപ്പെടെയുള്ള ആവാസവ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.
8. സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

**കാട്ടാന ശല്യം**

223(1012) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഫോറസ്റ്റ് റെയ്ഞ്ചിനുകീഴിൽ കഴിഞ്ഞ കുറെ കാലങ്ങളായി കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടാനകളെ വനത്തിനുള്ളിൽ കയറ്റി വിടാൻ നാളിതുവരെ സാധിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഫോറസ്റ്റ് റെയ്ഞ്ചിനുകീഴിൽ 2017 മുതൽ കാട്ടാന ആക്രമണം വലിയ രീതിയിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ ആനക്കൂട്ടങ്ങൾ വ്യത്യസ്ത സമയങ്ങളിൽ റെയ്ഞ്ചിന്റെ പരിധിയിൽ കൃഷി നാശം വരുത്തുന്നുവെന്നുള്ളത് വസ്തുതയാണ്. ഈ കാട്ടാന കൂട്ടങ്ങളെ തൊട്ടടുത്ത വനങ്ങളിലേയ്ക്ക് ഓടിച്ചുവിടുന്നുണ്ടെങ്കിലും കുറച്ച് മാസങ്ങൾക്കുശേഷം അവ വീണ്ടും തിരിച്ചുവരുന്നതായും കൃഷി നാശം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വർഷം ആദ്യംതന്നെ 12-ഓളം വരുന്ന ആനക്കൂട്ടത്തെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിട്ടിട്ടുണ്ട്. എന്നിരുന്നാലും മറ്റൊരു കൂട്ടം ഇപ്പോൾ കാസർഗോഡ് വനഭാഗത്ത് വരികയും കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ആയതിനെ തിരിച്ചയയ്ക്കാനുള്ള ശ്രമം ഉർജ്ജിതമാക്കുന്നുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര ഹെക്ടർ കൃഷിഭൂമിയാണ് കാട്ടാനശല്യംമൂലം നശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കഴിഞ്ഞ ഒരു വർഷത്തിനിടെ കാസർഗോഡ് ഡിവിഷനുകീഴിലെ കാസർഗോഡ് റെയ്ഞ്ചിലെ കാറഡുക്ക, ബന്തടുക്ക, പരപ്പ സെക്ഷനുകളിലായി ഏകദേശം 30 ഹെക്ടറോളം കൃഷി ഭൂമി കാട്ടാനശല്യംമൂലം നശിച്ചിട്ടുണ്ട്.

(സി) നാശനഷ്ടം സംഭവിച്ച കർഷകർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നാശനഷ്ടം സംഭവിച്ച കർഷകർക്ക് കാലതാമസം കൂടാതെ, അപേക്ഷ സമർപ്പിക്കുന്നമുറയ്ക്ക് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ജനജീവിതത്തിന് ഗുരുതര ഭീഷണിയായ കാട്ടാനശല്യം പൂർണ്ണമായി ഒഴിവാക്കി ഈ മേഖലയിലുള്ളവർക്ക് സമാധാനപരമായ ജീവിതം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കാട്ടാനകൾ നാട്ടിലിറങ്ങുന്നത് തടയുന്നതിനായി, കാറഡുക്ക ബ്ലോക്കിൽ വനം വകുപ്പിന്റെയും പഞ്ചായത്തിൻറെയും സംയുക്ത നേതൃത്വത്തിൽ, ആനശല്യം രൂക്ഷമായ കാറഡുക്ക, മൂളിയാർ, ദേലമ്പാടി, കുറ്റിക്കോൽ, ബേഡഡുക്ക എന്നീ പഞ്ചായത്തുകളുടെ സഹകരണത്തോടെ 29 കിലോമീറ്റർ സോളാർ തൂക്കുവേലിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ടി വേലി തലപ്പച്ചേരി മുതൽ കണ്ണാടിക്കോട് വരെയാണ് നിർമ്മിക്കുന്നത്. ആയതിൽ വെള്ളക്കാനം മുതൽ മൂളിയക്കൊച്ചി വരെ 1.5 കിലോമീറ്റർ ദൂരം പണി പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ ഭാഗങ്ങളിലും പണി പൂർത്തിയാക്കികഴിഞ്ഞാൽ കാട്ടാനകൾ ജനവാസ മേഖലകളിലിറങ്ങുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കുമെന്ന് കരുതുന്നു.

## വന്യജീവികളാൽ ആക്രമിക്കപ്പെട്ടവർക്ക് ധനസഹായം

224(1013) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം അപകടം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും എത്ര തുക ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് പാമ്പുകടിയുൾപ്പെടെ വന്യജീവി ആക്രമണംമൂലം അപകടം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും അനുവദിച്ച ധനസഹായം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## വന്യജീവികളുടെ ആക്രമണം

225(1014) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വിലയിരുത്തിയിട്ടുണ്ട്. വന്യജീവികളുടെ സ്വാഭാവിക ആവാസവ്യവസ്ഥയുടെ ശോഷണവും, വന്യജീവികളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിയുടെ വ്യാപ്തി വർദ്ധിക്കുന്നതുമൂലവും വനത്തോട് ചേർന്ന് വികസന പ്രവർത്തനങ്ങൾ വരുന്നതിലൂടെ മനുഷ്യസാമീപ്യം വർദ്ധിച്ചു വരുന്നതുമൂലവും ഇപ്രകാരമുള്ള മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകുന്നുവെന്ന് അനുമാനിക്കുന്നു. വന്യജീവികളുടെ ആക്രമണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന നഷ്ടപരിഹാര അപേക്ഷകളുടെ എണ്ണത്തിലുണ്ടാവുന്ന വർദ്ധനവിൽനിന്നും ഫീൽഡ് പരിശോധനയിലും ഇത്തരം സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(ബി) ഫലപ്രദമല്ലാത്ത സുരക്ഷാക്രമീകരണങ്ങൾ വന്യജീവികളുടെ ആക്രമണം വർദ്ധിപ്പിക്കാനിടയാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പിനുകീഴിലുള്ള വിവിധ സർക്കിളുകളിൽ ആന പ്രതിരോധ മതിൽ, ആന കിടങ്ങ്, സൗരോർജ്ജവേലി, റെയിൽ ഫെൻസിംഗ് എന്നീ സുരക്ഷാ സംവിധാനങ്ങൾ ഉപയോഗിച്ച് വന്യജീവി ആക്രമണം പ്രതിരോധിച്ച് വരുന്നുണ്ട്. ഫലപ്രദമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും കാലക്രമേണ അവ തകർത്താണ് ജനവാസ മേഖലയിലേയ്ക്ക് കാട്ടാന തുടങ്ങിയ വന്യജീവികൾ പ്രവേശിക്കുന്നത്.

(സി) കാടിന്റെ ആവാസ വ്യവസ്ഥ പരിരക്ഷിച്ച് ഇത്തരം സംഭവങ്ങൾ തടയുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വനത്തിന്റെ ആവാസവ്യവസ്ഥ പരിരക്ഷിക്കുന്നതിന് പരിസ്ഥിതി പുനഃസ്ഥാപനത്തിനുള്ള

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി ഈസ്റ്റേൺ സർക്കിളിന്റെ കീഴിലുള്ള നിലമ്പൂർ നോർത്ത്/നെന്മാറ എന്നീ ഡിവിഷനുകളിലുൾപ്പെട്ട 259.97 ഹെക്ടർ വനഭൂമിയിൽ വച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റി കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നബാർഡ് XXVII-ൽ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയത് പ്രാവർത്തികമാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ശുഷ്കവനപ്രദേശങ്ങൾ ഉത്തമ വനമാക്കുന്നതിനും പൂർവ്വ സ്ഥിതിയിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തേക്കു തോട്ടങ്ങളിൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വാഭാവികമരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതി മുഖേന സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവികളുടെ സംരക്ഷണത്തിനായി വനത്തിനകത്ത് ചെക്ക് ഡാമുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുകയും യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്തുവരികയും ചെയ്യുന്നുണ്ട്. വനസംരക്ഷണ സമിതിയുടെ പ്രവർത്തനം, പുഴകളുടെയും നീർത്തടങ്ങളുടെയും സംരക്ഷണ പ്രവർത്തനം, രാത്രിയും പകലും നിരന്തര പട്രോളിംഗ്, വനാതിർത്തിയിൽ ജണ്ടകൾ നിർമ്മിക്കൽ എന്നിവ നടത്തിവരുന്നു. തീപിടുത്ത സാദ്ധ്യതയുടെ ഏറ്റക്കുറച്ചിലനുസരിച്ച് പ്രദേശങ്ങൾ ഫയർ ബ്ലോക്കുകളായി തിരിച്ച് ഫയർലൈൻ എടുത്തും കൺട്രോൾ ബേണിംഗ് നടത്തിയും വേനൽക്കാലത്തുണ്ടാകുന്ന കാട്ടുതീയിൽനിന്നും മരങ്ങളെ സംരക്ഷിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 5 വർഷ കാലത്തേയ്ക്കുള്ള പദ്ധതി ആവിഷ്കരിച്ചതിൽ ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.

1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷി യിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാനസൗകര്യങ്ങളും, മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4. വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽവരുത്തുക.

5. ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7. സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

(ഡി) കർഷകർക്കുണ്ടാകുന്ന കൃഷി നാശത്തിന് നിലവിൽ നൽകിവരുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിച്ചുനൽകുവാൻ നടപടി സ്വീകരിക്കുമോ?

വന്യജീവികളുടെ ആക്രമണംമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകിവരുന്ന 8-1-2015-ലെ സ.ഉ. (കൈ) നമ്പർ 02/2015/വനം. പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

### കാട്ടാന ആക്രമണം തടയുന്നതിന് നടപടി

226(1015) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാന ആക്രമണത്തിൽ കഴിഞ്ഞ വർഷം മാത്രം ഏഴോളം പേർ മരണപ്പെട്ട പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ എന്നീ പഞ്ചായത്തുകളിലെ പാലപ്പിള്ളി, എച്ചിപ്പാറ, കാരികുളം, ചൊക്കന തുടങ്ങിയ പ്രദേശങ്ങളിലെ വന്യജീവി ആക്രമണം തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുണ്ടോ;

(ബി) അടിയന്തരഘട്ടങ്ങളിൽ സേവനമുറപ്പാക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീം ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിനുകീഴിൽ പാലപ്പിള്ളി കേന്ദ്രമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) വന്യജീവി ആക്രമണം തടയുന്നതിനായി ജനജാഗ്രതാ സമിതി രൂപീകരിക്കുകയും യോഗങ്ങൾ നടത്തി പ്രശ്നപരിഹാരം നടത്തുകയും ജനങ്ങളെ

ബോധവൽക്കരിക്കുകയും ചെയ്തുവരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും വന്യമൃഗസാന്നിദ്ധ്യം അറിഞ്ഞാൽ എസ്.എം.എസ്. അലർട്ട് സിസ്റ്റം വഴി ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചിമ്മിനി, ആനപ്പാന്തം തുടങ്ങിയ ഉൾവനങ്ങളിൽ നിന്നും ജനവാസമേഖലയിലേയ്ക്ക് കാട്ടാനകളെത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി നായാട്ടുകുണ്ട്, ചൊക്കന, താളൂപ്പാടം, ഇഞ്ചക്കുണ്ട് ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും കാട്ടാനകളുടെ നിരന്തര ആക്രമണംമൂലം ചിലയിടങ്ങളിൽ ടി ഫെൻസിംഗുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എലിക്കോട്, ചീനക്കുന്ന് കോളനി ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിന് ടെണ്ടർ ചെയ്തിട്ടുണ്ട്. കൂടാതെ പാലപ്പിള്ളി, എച്ചിപ്പാറ, കാരികുളം, ചൊക്കന തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുന്ന ചാലക്കുടി ഡിവിഷനിൽ റാപ്പിഡ് റെസ്പോൺസ് ടീം & വെറ്ററിനറി എമർജൻസി ടീം രൂപീകരിക്കുന്നതിന് നബാർഡിന്റെ ധനസഹായത്തിനായി 5 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

**കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനുള്ള അപേക്ഷകൾ**

227(1016) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട് വടകര താലൂക്കിൽനിന്നും ലഭിച്ച അപേക്ഷകൾ തീർപ്പാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള അനുമതിക്കായി വടകര താലൂക്കിൽനിന്നും ലഭിച്ച 19 അപേക്ഷകളിൽ 18 പേർക്ക് അനുമതി നൽകിയിട്ടുണ്ട്. കുറ്റ്യാടി റെയ്ഞ്ചിൽ സമർപ്പിച്ച ഒരു അപേക്ഷയിൽ അപേക്ഷകൻ സ്ഥലത്തിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. ആയത് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും ടിയാൻ രേഖകൾ

സമർപ്പിച്ചിരുന്നില്ല. ആയതിനാൽ ഈ അപേക്ഷയിൽ അനുമതി നൽകിയിട്ടില്ല. 28-5-2022, 31-5-2022 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുപ്രകാരം ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന് കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് നിബന്ധനകളുൾപ്പെടുത്തി ഉത്തരവ് നൽകാവുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ടി വിവരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതുമാണ്.

## ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയുടെ അതിർത്തി നിർണ്ണയിക്കുന്നതിനുള്ള അപേക്ഷകൾ

228(1017) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയുടെ അതിർത്തി നിർണ്ണയിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളുടെ വിശദവിവരങ്ങൾ അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭൂമിയുടെ അതിർത്തി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തികളിൽനിന്നും മറ്റുവിധത്തിലുമായി 61 അപേക്ഷകൾ ലഭിച്ചിരുന്നു. പ്രസ്തുത അപേക്ഷകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) അത്തരത്തിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന വിവരം അറിയിക്കാമോ?

55 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ജലവിഭവ വകുപ്പിനുകീഴിലെ കിഫ്ബി പ്രവൃത്തികൾ

229(1018) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് ജലവിഭവ വകുപ്പിനുകീഴിൽ നടത്തിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ എത്ര തുകയുടെ പ്രവൃത്തികളാണ് നടന്നുവരുന്നത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് കിഫ്ബി ഫണ്ടുപയോഗിച്ച് ജലവിഭവ വകുപ്പിനുകീഴിൽ നടത്തിവരുന്ന പ്രവൃത്തികളും അനുവദിച്ച തുകയും നിലവിലെ അവസ്ഥ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു*.

## പ്രാദേശിക ജലാശയങ്ങളുടെ വികസനത്തിനായുള്ള പുതിയ പദ്ധതികൾ

230(1019) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക ജലാശയങ്ങളുടെ വികസനത്തിനും പരിപാലനത്തിനുമായി ആസൂത്രണം ചെയ്തിട്ടുള്ള കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കേരളത്തിലെ ഭൂരിപക്ഷം ജലാശയങ്ങളിലും വേനൽക്കാലമാകുന്നതോടുകൂടി ജലലഭ്യത കുറയുന്നു. മഴയുടെ ലഭ്യതയിലുള്ള സ്ഥലകാല വ്യതിയാനത്തിനുപുറമെ ഭൂവിനിയോഗത്തിൽ വന്ന മാറ്റവും തണ്ണീർത്തടങ്ങളുടെയും കുളങ്ങളുടെയും ശോഷണത്തിന് കാരണമായിട്ടുണ്ട്. മണ്ണ്-ജല സംരക്ഷണത്തിനനുയോജ്യമായ പ്രകൃതിദത്ത യൂണിറ്റായ "നീർത്തടാടിസ്ഥാനത്തിൽ" ജലസംരക്ഷണവും ഭൂജലപോഷണവും നിർവ്വഹിക്കുകയെന്നതാണ് നീരൊഴുക്ക് വർദ്ധിപ്പിക്കുവാനുള്ള പ്രധാന മാർഗ്ഗം. ഇത് നിർവ്വഹിക്കുന്നതിനുള്ള പ്രവർത്തനം ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കി റിഡ്ജ്-ടു-വാലി സമീപനത്തിൽ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിയ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതുവഴി ജലാശയങ്ങളിലെ ജലലഭ്യത വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ സമീപകാലത്തായി ആവർത്തിച്ചുണ്ടാകുന്ന പ്രളയം, മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ തുടങ്ങിയവമൂലം ജലാശയങ്ങളിൽ എത്തിച്ചേർന്ന ചെളി/എക്കൽമണ്ണ്/മറ്റ് ജൈവ അവശിഷ്ടങ്ങൾ എന്നിവ ജലാശയങ്ങളുടെ സ്വാഭാവിക സംഭരണശേഷി കുറച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും മേൽപ്പറഞ്ഞ മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതുകൂടാതെ നീർച്ചാലുകളുടെ വീണ്ടെടുപ്പിനുള്ള "ഇനി ഞാനൊഴുകട്ടെ" പോലെയുള്ള ജനകീയ ക്യാമ്പയിനുകളും നടപ്പിലാക്കുന്നുണ്ട്.

കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് സ്രോതസ്സുകൾക്കുസമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സുകളുടെ ഇൻടേക്/ഗ്യാലറി/കിണർ എന്നിവയിൽ അടിഞ്ഞുകൂടുന്ന ചെളിയും മാലിന്യങ്ങളും കാലാകാലങ്ങളിൽ നീക്കം ചെയ്തും കമ്പിവേലികൾ കെട്ടിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ജലസംരക്ഷണത്തിനായി പോസ്റ്ററുകൾ പതിപ്പിച്ചും വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും പായലുകൾ നീക്കം ചെയ്തും മലിനീകരണം തടഞ്ഞ് ഗുണനിലവാരമുറപ്പാക്കുന്നു. കൂടാതെ കേരളം വേനൽക്കാലത്ത് നേരിടുന്ന ജലക്ഷാമം മുന്നിൽക്കണ്ട് തദ്ദേശസ്വയംഭരണം, റവന്യൂ, ആരോഗ്യം, കൃഷി എന്നീ വകുപ്പുകളുടെയും ജലവിഭവ വികസന വിനിയോഗ കേന്ദ്രം, ഹരിത കേരളം മിഷൻ എന്നിവയുടെ സഹകരണത്തോടെ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ കേരള വാട്ടർ അതോറിറ്റി, ജലസേചനവകുപ്പ്, ജലനിധി എന്നിവ സംയുക്തമായി നടപ്പിലാക്കിയ സംസ്ഥാന ബോധവൽക്കരണ പ്രചരണ പരിപാടിയായ "ജലം ജീവാമൃതം" പദ്ധതിയുടെ ഭാഗമായി ഇത്തരം സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

(ബി) ജലാശയങ്ങളുടെ സർവ്വേ സംബന്ധിച്ച പ്രവർത്തന പുരോഗതി എന്താണെന്ന് വിശദമാക്കാമോ?

2017-18 അടിസ്ഥാന വർഷമാക്കിയുള്ള ഒന്നാമത് ജലാശയ സെൻസസിന്റെ ഡാറ്റാ എൻട്രി, ഡാറ്റാ വാലിഡേഷൻ എന്നിവ പൂർത്തിയായിട്ടുണ്ട്. കേന്ദ്ര ജലവിഭവ മന്ത്രാലയത്തിൽനിന്നും പ്രോസസ്സ് ചെയ്ത ഡാറ്റ ലഭ്യമാകുന്നമുറയ്ക്ക് സംസ്ഥാനതല റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ കഴിയുന്നതാണ്.

(സി) ജലാശയങ്ങളുടെ വികസനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) എല്ലാ പാരമ്പര്യ ജലസ്രോതസ്സുകളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(സി&ഡി) ജലസംഭരണികൾ ഡീസിൽറ്റ് ചെയ്യുന്നതിനും നദികൾ, കായലുകൾ, തടാകങ്ങൾ, കനാലുകൾ തുടങ്ങിയവയുടെ പരിപാലനത്തിനും സംരക്ഷണത്തിനുമുള്ള പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അഷ്ടമുടി, വേമ്പനാട്, ശാസ്താംകോട്ട കായലുകളുടെ ശുചീകരണത്തിനും സംരക്ഷണത്തിനുമുള്ള നടപടികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി തോടുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പാരമ്പര്യ ജല സ്രോതസ്സുകളെ മുൻഗണനാടിസ്ഥാനത്തിൽ മേൽ പദ്ധതികളിലുൾപ്പെടുത്തി ജലസംഭരണശേഷി വീണ്ടെടുത്ത് സംരക്ഷിക്കുവാനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള നീർത്തട മാസ്റ്റർപ്ലാനുകൾ കാലാനുസൃതമായി പരിഷ്കരിച്ച് അവയിലുൾപ്പെട്ട പ്രവൃത്തികൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും മറ്റ് വകുപ്പുകളുടെയും സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഘട്ടംഘട്ടമായി മുഴുവൻ പാരമ്പര്യ ജലസ്രോതസ്സുകളെയും പുനരുജ്ജീവിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി**

231(1020) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:
<u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീ. വി. ശശി</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായലുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ കായലുകൾ ശുദ്ധജല സ്രോതസുകളായും കാർഷികവൃത്തിക്ക് സഹായകമായും മത്സ്യവിഭവങ്ങളുടെ പ്രധാനപ്പെട്ട കേന്ദ്രമായും ടൂറിസം സാദ്ധ്യതാ മേഖലയായും വർത്തിക്കുന്നു. ആയതിനാൽ കായലുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു.

(ബി) കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കായലുകളുടെ സംരക്ഷണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് നിർവ്വഹിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി "സംസ്ഥാന തണ്ണീർത്തട അതോറിറ്റി-കേരള" (State Wetland Authority-Kerala) രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സമഗ്ര സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്കായുള്ള ഒരു നിയമാനുസൃതമായ അതോറിറ്റിയായി 25-5-2015-ൽ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി നിലവിൽ വന്നു. 2010-ലെ തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടം സെക്ഷൻ 5 പ്രകാരമാണ് കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകൃതമായത്. കേരളത്തിലെ പ്രധാന തണ്ണീർത്തടങ്ങളുടെ ജൈവവൈവിധ്യവും പരിസ്ഥിതിയും പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, തണ്ണീർത്തടങ്ങളെ ദോഷകരമായി ബാധിക്കുന്ന പ്രവൃത്തികൾ നിയന്ത്രിക്കുകയും തടയുകയും ചെയ്യുക, സമഗ്ര വികസനത്തിനുവേണ്ടിയുള്ള പദ്ധതി/നയ രൂപരേഖ തയ്യാറാക്കുക, തണ്ണീർത്തടവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടത്തുന്നതിനുവേണ്ട മേൽനോട്ടം വഹിക്കുക, തണ്ണീർത്തടങ്ങളുടെ വികസനത്തിനായി ദേശീയ കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുക, തണ്ണീർത്തടങ്ങളുടെ ജലഗുണനിലവാരം ഉറപ്പാക്കുക, തണ്ണീർത്തട പരിസ്ഥിതി ശോഷണം തടയുക, പുതിയ തണ്ണീർത്തടങ്ങൾ നോട്ടിഫൈ ചെയ്യുന്നതിനായി സർക്കാരിനെ സഹായിക്കുക, തണ്ണീർത്തടങ്ങളുടെ അതിർത്തി, വൃഷ്ടി പ്രദേശം എന്നിവ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുക, തണ്ണീർത്തട പരിപാലനവുമായി ബന്ധപ്പെട്ട സാങ്കേതിക വിഷയങ്ങൾ കൈകാര്യം ചെയ്യുക എന്നിവയാണ് സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പരിസ്ഥിതി പുനഃസ്ഥാപനത്തിനുവേണ്ടി പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

2021-22-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പരിസ്ഥിതി പുനഃസ്ഥാപനത്തിന് ജലസംഭരണികൾ ഡീസിൽറ്റ് ചെയ്യുന്നതിനും നദികൾ, കായലുകൾ, തടാകങ്ങൾ, കനാലുകൾ തുടങ്ങിയവയുടെ പരിപാലനത്തിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിനായുള്ള ബഡ്ജറ്റ് ശീർഷകം 4250-00-800-90-PV ലഭ്യമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ റാംസർ സൈറ്റുകളായ അഷ്ടമുടി, വേമ്പനാട് കായലുകളുടെ ശുചീകരണത്തിനായി 20 കോടി രൂപയും ശാസ്താംകോട്ട കായലിന്റെ ശുചീകരണത്തിനും സംരക്ഷണത്തിനുമായി 1 കോടി രൂപയും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ടൂറിസം വകുപ്പിന്റെയും അപേക്ഷകൾ പരിഗണിച്ച് തടാകങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കായലുകളുടെ പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ 100 Transformative Ideas പദ്ധതിയിൽ കേരളത്തിലെ 3 റാംസാർ തണ്ണീർത്തടങ്ങൾ കൂടാതെ വെള്ളായണി കായലുമുൾപ്പെടുത്തി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി "വെറ്റ് ലാൻഡ് മിത്ര' വോളന്റിയേഴ്സിനെ അതത് പ്രദേശങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. അവർക്കായി പരിശീലനവും സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എട്ട് റാംസർ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ?

തണ്ണീർത്തടങ്ങൾ (സംരക്ഷണവും പരിപാലനവും) ചട്ടം 2017-ലെ വ്യവസ്ഥകൾ പാലിച്ച് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിനുവേണ്ടി Wetland International South Asia (WISA), Centre for Water Resources Development and Management (CWRDM) എന്നിവർ ചേർന്ന് 3 റാംസർ തണ്ണീർത്തടങ്ങൾക്കുവേണ്ടിയും ഓരോ സമഗ്ര പരിപാലന കർമ്മ പരിപ്രേഷ്യങ്ങൾ (MAP) തയാറാക്കിയിട്ടുണ്ട്. തണ്ണീർത്തടങ്ങളുടെ ജൈവ വൈവിദ്ധ്യ സംരക്ഷണവും അവ കേന്ദ്രീകരിച്ചുള്ള സുസ്ഥിര വിനോദ സഞ്ചാര പ്രവർത്തനങ്ങളും നൈപുണ്യ വികസനവും സുസ്ഥിര തണ്ണീർത്തട കാർഷിക പ്രവർത്തനങ്ങളും പാരിസ്ഥിതിക ഘടകങ്ങളിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ നിരീക്ഷിച്ച് തടാകത്തിന്റെ നീർമറി പ്രദേശങ്ങളിൽ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലും ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനുമാണ് ഈ കർമ്മപരിപ്രേഷ്യം തയാറാക്കിയിരിക്കുന്നത്.

- അംഗീകരിച്ച സമഗ്ര പരിപാലനകർമ്മ പരിപ്രേഷ്യം പ്രകാരം ശാസ്താംകോട്ട കായലിൽ മത്സ്യസമ്പത്ത് നിർണ്ണയം നടത്തിയിട്ടുണ്ട്.

- കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ (MAP) വൃഷ്ടി പ്രദേശ സംരക്ഷണ പ്ലാൻ തയ്യാറാക്കുന്നതിനും

നടപ്പാക്കുന്നതിനും മണ്ണ് സംരക്ഷണ-മണ്ണ് പര്യവേഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- അഷ്ടമുടി കായലിന്റെ അംഗീകരിച്ച കർമ്മ പരിപ്രേഷ്യത്തിന്റെ ഭാഗമായുള്ള ഒരു സംയോജിത വസ്തുതാ വിവരണം തയ്യാറാക്കുന്നതിനും തുടർച്ചയായുള്ള നിരീക്ഷണ വിലയിരുത്തൽ സംവിധാനത്തിനുമായി Wetland Inventory Assessment and Monitoring System (WIAMS) കോഴിക്കോട് ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിനെ (CWRDM) ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിവരങ്ങൾ ക്രോഡീകരിച്ച് പൊതുജനങ്ങൾക്കുൾപ്പെടെ ആർക്കും എടുക്കാവുന്ന രീതിയിലുള്ള WIAMS വെബ്പോർട്ടലും വെറ്റ്‌ലാൻഡ് മിത്രകൾക്ക് വിവരങ്ങൾ അപ്പോൾത്തന്നെ നൽകുന്നതിനുള്ള മൊബൈൽ ആപ്പും KELTRON മുഖേന തയ്യാറാക്കിവരുന്നു.
- വേമ്പനാട് കായലിലെ കക്കവാരൽ തൊഴിലാളി സമൂഹത്തിനായി ഒരു ബദൽ ഉപജീവനമാർഗ്ഗമായി മത്സ്യക്കൂട് കൃഷി Agency for Development of Aquaculture Kerala (ADAK) മുഖാന്തരം നടപ്പാക്കിവരുന്നു.

**കോട്ടക്കൽ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

232(1021) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രവൃർത്തികൾക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള തുടർനടപടികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിലവിൽ കോട്ടക്കൽ മണ്ഡലത്തിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ളുതപ്പുഴയിലും ഭാരതപ്പുഴയിലും തടയണകൾ നിർമ്മിച്ച് കുടിവെള്ളം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

എടയൂർ, ഇരിമ്പിളിയം പഞ്ചായത്തുകൾക്കും വളാഞ്ചേരി മുനിസിപ്പാലിറ്റിക്കും വേണ്ടി കിഫ്ബിയിലുൾപ്പെടുത്തി 7217 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ പാക്കേജ് 1-ൽപ്പെട്ട പമ്പിംഗ് മെയിനുകൾ സ്ഥാപിക്കൽ, 26 MLD ജല ശുദ്ധീകരണ ശാല, 25.20LL GLSR, 23 ലക്ഷം ലിറ്റർ ശേഷിയുള്ള OHSR എന്നിവയുടെ നിർമ്മാണം, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ മുതലായവ-94 ശതമാനം പൂർത്തിയായി. പാക്കേജ് 2-ൽ വിതരണ ശൃംഖല -61 ശതമാനം പൂർത്തിയായി. പാക്കേജ് 3-ൽ പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ, മുതലായവ-33 ശതമാനം പൂർത്തിയായി.

അമൃത്-2 പദ്ധതിയിലുൾപ്പെടുത്തി വളാഞ്ചേരി മുനിസിപ്പാലിറ്റിക്കുവേണ്ടി 13.414 കോടി രൂപയുടെയും കോട്ടക്കൽ മുനിസിപ്പാലിറ്റിക്കുവേണ്ടി 14.989 കോടി രൂപയുടെയും പദ്ധതികളുടെ അനുമതി നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**പൂഞ്ഞാർ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

233(1022) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയിലും തിടനാട്, തീക്കോയി, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര എന്നീ പഞ്ചായത്തുകളിലും ജൽജീവൻ മിഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മീനച്ചിലാറിൽ കിടങ്ങൂർ, അരുണാപുരം, ക്ലാറ്റനാൽകടവ് എന്നീ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കണമെന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

പാലാ മുൻസിപ്പാലിറ്റിയിലെയും സമീപത്തുള്ള പഞ്ചായത്തുകളിലെയും ജലദൗർലഭ്യത്തിന് പരിഹാരം കാണുന്നതിനുള്ള മീനച്ചിലാറിന് കുറുകെയുള്ള അരുണാപുരം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പുതുക്കിയ ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് 47.11 കോടി രൂപയുടെ (2018 ഡി.എസ്.ആർ.) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കിടങ്ങൂർ പഞ്ചായത്തിലെ മീനച്ചിൽ നദിക്കുകുറുകെയുള്ള ചെമ്പിലാവ് പദ്ധതിയും ഭരണങ്ങാനം പഞ്ചായത്തിൽ മീനച്ചിലാറിന് കുറുകെയുള്ള ക്ലാറ്റനാൽ കടവ് പദ്ധതിയും കിഫ്ബി ഫണ്ടുപയോഗിച്ച് KIIDC-നാണ് നിർമ്മാണച്ചുമതല ഏൽപ്പിച്ചിരിക്കുന്നത്. പൂഞ്ഞാർ

നിയോജകമണ്ഡലത്തിലെ തിടനാട്, തീക്കോയി, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര എന്നീ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മീനച്ചിലാറ്റിൽ, കുറ്റനാൽ കടവിൽ KIIDC നിർമ്മിക്കാനുദ്ദേശിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജും കളരിയാമക്കൽ ചെക്ക്ഡാമും സ്രോതസ്സാക്കി കുടിവെള്ള പദ്ധതി വിഭാവനം ചെയ്യുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ഈ രണ്ട് സ്രോതസ്സുകളിൽ നിന്നും പദ്ധതിക്കാവശ്യമായ ജലലഭ്യത നിലവിൽ ഇല്ലെന്ന സാഹചര്യത്തിൽ ഈ പദ്ധതി ഒഴിവാക്കി. നിലവിൽ മലങ്കര ഡാമിനെ സ്രോതസ്സാക്കി വിഭാവനം ചെയ്യുന്ന സമഗ്രകുടിവെള്ള പദ്ധതിയിലാണ് പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) പ്രസ്തുത തടയണ നിർമ്മാണപ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണുദ്ദേശിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണപ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുറ്റനാൽ കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്ന പ്രവൃത്തി KIIDC വകുപ്പാണ് നടപ്പിലാക്കുന്നത്.

(സി) മൂലമറ്റം പവർഹൗസിന്റെ വിപുലീകരണത്തോടെ മീനച്ചിലാറിലേയ്ക്ക് കൂടുതൽ ജലം ലഭ്യമാക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) മീനച്ചിലാറിലേയ്ക്ക് അധിക ജലം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി&ഡി) മൂലമറ്റം പവർഹൗസിന്റെ വിപുലീകരണത്തോടെ വൈദ്യുതി ഉല്പാദനത്തിന്റെ ഏറ്റവും തിരക്കുള്ള സമയങ്ങളിൽ മീനച്ചിലാറിലേയ്ക്ക് കൂടുതൽ ജലം ലഭ്യമാക്കുവാൻ കഴിയുന്നതാണ്. ഈ പദ്ധതിയുടെ നിർവ്വഹണം ഇറിഗേഷൻ വകുപ്പ്, വൈദ്യുതി ബോർഡ് ഇവയിലൂടെയാണ് നടപ്പിലാക്കുന്നത്. മീനച്ചിലാറിൽ അധികജലമെത്തിക്കുന്നതിന് ഇറിഗേഷൻ, വൈദ്യുതിബോർഡ്, കേരളാവാട്ടർ അതോറിറ്റി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയുൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ചു. ഈ സമിതി 13-6-2022-ൽ യോഗം ചേർന്നതിനുശേഷം മലങ്കര ഡാമിന്റെ ഉയരംകൂട്ടി സംഭരണശേഷി വർദ്ധിപ്പിച്ചു. തുരങ്കം നിർമ്മിച്ച് കാഞ്ഞാറിൽനിന്നും മീനച്ചിലാറിലേയ്ക്ക് വെള്ളമെത്തിക്കുന്ന പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി ഒരു കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുന്നതിനെപ്പറ്റി അനുമതി തേടാൻ തീരുമാനമായി. വൈദ്യുതിബോർഡ് പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന ജനറേറ്റർ സിസ്റ്റത്തിന്റെ വിശദാംശങ്ങളും ലഭ്യമാകുന്ന ജലത്തിന്റെ അളവും ഇറിഗേഷൻ വകുപ്പിന് നൽകാനും തീരുമാനമായി. ഇതുസംബന്ധിച്ച് ഒരു സാദ്ധ്യതാ പഠനം നടത്തിയതിനുശേഷമെ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## തെന്നല കാപ്പ് പദ്ധതി

234(1023) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ തെന്നല കാപ്പ് ജലസേചന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ റദ്ദ് ചെയ്യുന്നതിനുള്ള കാരണം വിശദമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല പഞ്ചായത്തിലെ തെന്നല, മരക്കപ്പാടം, കാപ്പ് നവീകരണം പദ്ധതിക്ക് രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രവർത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത കാപ്പ് സർവ്വെ ചെയ്ത് അതിർത്തി നിർണ്ണയിച്ചതിനുശേഷം മാത്രമെ പ്രവൃത്തി ടെണ്ടർ ചെയ്യാവൂയെന്ന് തെന്നല പഞ്ചായത്ത് മെമ്പറായ ശ്രീ. മുഹമ്മദ് കുട്ടി, മുഖ്യമന്ത്രി, ജലസേചന വകുപ്പ് മന്ത്രി എന്നിവർക്ക് രേഖാമൂലം പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുകയായിരുന്നു.

DSR-2018, PRICE-3 എന്നിവ നിലവിൽ വന്നിട്ടുള്ളതിനാൽ ആയതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി തുകയേക്കാൾ അധികരിക്കുന്നതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്ത് റീടെണ്ടർ ചെയ്യുന്നതിന് എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ തീരുമാനിച്ചിരുന്നോ; പ്രസ്തുത തീരുമാനം നടപ്പിലാക്കിയോ; ടി യോഗ തീരുമാനപ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ തുടർനടപടികൾ സ്വീകരിക്കുന്നതിന് എം.എൽ.എ.-യുടെ ആവശ്യപ്രകാരം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി കോഴിക്കോട് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി&ഡി) റീ-ടെണ്ടർ നടത്തുവാൻ കാപ്പിന്റെ അതിര് നിർണ്ണയിക്കേണ്ടത് വളരെ അത്യാവശ്യമാണെന്നും ആയത് നിർണ്ണയിക്കുവാൻ റവന്യൂവകുപ്പിന്റെ സർവ്വെ വിഭാഗത്തിനോട് ആവശ്യപ്പെടാമെന്നും 19-5-2022-ന് PWD പരപ്പനങ്ങാടി റസ്റ്റ് ഹൗസിൽ വച്ച് നടന്ന യോഗത്തിൽ എം.എൽ.എ.-യും മറ്റ് ജനപ്രതിനിധികളും അറിയിക്കുകയുണ്ടായി. അതിൻപ്രകാരം മരക്കപ്പാടം കാപ്പ്

സർവ്വേ ചെയ്ത് ലഭിക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക് സർവ്വേ വിഭാഗത്തിൽ നിന്നും പല തവണ തീയതി നൽകിയിട്ടും അവരുടെതന്നെ അസൗകര്യത്താൽ നടക്കാതെ പോകുകയാണ് ചെയ്തത്. ആയത് ഇപ്പോഴും നടന്നിട്ടില്ല. DSR 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് തുക നിലവിലെ ഭരണാനുമതി നൽകിയ തുകയേക്കാൾ അധികരിക്കുന്നതിനാൽ പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് PRICE-3-ൽ തയ്യാറാക്കിവരികയാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ പ്രവൃത്തികൾ**

235(1024) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളുടെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതിയുടെയും നിർവ്വഹണം നിലവിൽ ഏതുഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

(എ&ബി) ജലവിഭവ വകുപ്പ് മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളുടെയും നിർവ്വഹണ പുരോഗതി വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി) പ്രസ്തുത മണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*

**സംരക്ഷണ ഭിത്തി നിർമ്മാണം**

236(1025) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽനിന്നും പുഴ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കോട്ടക്കൽ മണ്ഡലത്തിൽ നിന്നും പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 2021-22, 2022-23 വർഷങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഭരണാനുമതി ലഭിക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർ ഓഫീസിൽ നിലവിൽ പെൻഡിംഗുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവയുടെ ഫയൽ നമ്പർ സഹിതം വിശദമാക്കുമോ?

മേൽപ്പറഞ്ഞ പ്രവൃത്തികളിൽ 2021-22 സാമ്പത്തികവർഷത്തിൽ ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഒന്നുംതന്നെയില്ല. 2022-23 സാമ്പത്തികവർഷത്തിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ഭാരതപ്പുഴയുടെ സംരക്ഷണം**

237(1026) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

ഭാരതപ്പുഴയുടെ സംരക്ഷണത്തിനായി വിവിധ ശീർഷകങ്ങളിൽ ലഭ്യമാകുന്ന ഫണ്ടുകളുപയോഗിച്ച് തീരസംരക്ഷണ പ്രവൃത്തികൾ, മാലിന്യവും മറ്റ് തടസ്സങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ, വിശദപഠനത്തിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണത്തിനായുള്ള തടയണ നിർമ്മാണപ്രവൃത്തികൾ എന്നിവയാണ് മുഖ്യമായും നടപ്പിലാക്കി വരുന്നത്.

പറളിപാലത്തിന് കീഴ്ഭാഗത്ത് അടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്യൽ, തിരുനെല്ലായി പാലത്തിന് കീഴ്ഭാഗത്ത് അടിഞ്ഞുകൂടിയ മാലിന്യം നീക്കം ചെയ്യൽ, ചെങ്ങണാംകുന്ന് റെഗുലേറ്ററിന് മുകൾവശത്ത് അടിഞ്ഞുകൂടിയ തടസ്സങ്ങൾ നീക്കം ചെയ്യൽ, ചെറുതുരുത്തി ചെക്ക് ഡാമിൽ അടിഞ്ഞുകൂടിയ മണൽ/ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇതുകൂടാതെ കാലാകാലങ്ങളായി 2018-19 വർഷത്തിലെ പ്രളയത്തിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി പ്രധാന കൈവഴികളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ദേശീയ ആരോഗ്യ സംരക്ഷണ പദ്ധതിയിൻകീഴിലുള്ള "റിവർ ബേസിൻ മാനേജ്മെന്റ് പ്ലാൻ ഫോർ ഭാരതപ്പുഴ" എന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഭാരതപ്പുഴയുൾപ്പെടെ എല്ലാ നദികളുടെയും സംരക്ഷണം ലക്ഷ്യമിട്ടുള്ള "നദീതട സംരക്ഷണ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണ നടപടികൾ സർക്കാർ പരിഗണനയിലാണ്.

**ചാലിയാർ നദീതീര സംരക്ഷണം**

238(1027) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കനത്ത മഴയിൽ വാഴക്കാട്, വാഴയൂർ, ചീക്കോട് എന്നീ പഞ്ചായത്തുകളിൽ ചാലിയാർ നദി കരകവിഞ്ഞൊഴുകി തീരം ഇടിഞ്ഞുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വാഴയൂർ പഞ്ചായത്ത്

ഇക്കഴിഞ്ഞ കനത്ത മഴയിൽ വാഴയൂർ പഞ്ചായത്തിലെ വാഴയൂർ പുഞ്ചപ്പാടം പ്രദേശത്ത് ചാലിയാർ നദി കരകവിഞ്ഞൊഴുകി വാഴയൂർ പുഞ്ചപ്പാടം പ്രദേശത്ത് വർഷകാലത്ത് പുഴയിൽ ജലനിരപ്പുയരുന്ന സമയത്ത് വെള്ളം കയറാറുണ്ടെന്ന് നാട്ടുകാരിൽ നിന്നും അറിയാൻ സാധിച്ചു. ഈ ഭാഗത്ത് നാശനഷ്ടമുള്ളതായി കണ്ടെത്തിയിട്ടില്ല.

ചീക്കോട് പഞ്ചായത്ത്

ചീക്കോട് പഞ്ചായത്തിൽ ചാലിയാർ നദി കരകവിഞ്ഞൊഴുകി തീരം ഇടിഞ്ഞ് നാശനഷ്ടങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വാഴക്കാട് പഞ്ചായത്ത്

രണ്ട് സ്ഥലങ്ങളിൽ ഇക്കഴിഞ്ഞ കനത്ത മഴയിൽ കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) വാഴക്കാട് പഞ്ചായത്തിലെ ആക്കോട് പറശ്ശിരിക്കുഴി മുതൽ വിരിപ്പാടം വരെയുള്ള ഭാഗങ്ങളിൽ കരയിടിഞ്ഞ ഭാഗം കെട്ടി സംരക്ഷിക്കുന്നതിന് ഇതിനകം എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ അതിന്റെ വിശദാംശവും അതിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കുമോ?

(ബി&സി) വാഴക്കാട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ ആക്കോട് പറശ്ശീരിക്കുഴി ഭാഗത്ത് ചാലിയാർതീരം ഇടിഞ്ഞ് വലിയ ഭീഷണി നേരിട്ടുക്കൊണ്ടിരിക്കുകയാണ്. 2018-ൽ അപേക്ഷ നൽകിയതുപ്രകാരം 200 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി ആവശ്യമായിരുന്നു. പ്രസ്തുത സ്ഥലത്ത് 70 മീറ്റർ നീളത്തിൽ നാച്വറൽ കലാമിറ്റി ഹെഡിൽ 25.00 ലക്ഷം രൂപ അനുവദിച്ചതുപ്രകാരം സംരക്ഷണഭിത്തിയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് 150 മീറ്റർ നീളത്തിലും സംരക്ഷണഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. ആയതിനാൽ ഈ പ്രവൃത്തി ചെയ്യാൻ ഏകദേശം 75 ലക്ഷം രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത പഞ്ചായത്തുകളിൽ ചാലിയാർ നദീതീരം കെട്ടി സംരക്ഷിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത പഞ്ചായത്തുകളിൽ ചാലിയാർ നദീതീരം കെട്ടി സംരക്ഷിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

**നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യൽ**

239(1028) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദീകരിക്കുമോ?

പ്രളയാനന്തരം സംസ്ഥാനത്തെ നദികളിൽ അടിഞ്ഞുകൂടിയ എക്കലും മണലും മറ്റ് പാഴ് വസ്തുക്കളും നീക്കം ചെയ്ത് നദികളുടെ സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ 44 നദികളുടെ പുനരുജ്ജീവന പ്രവൃത്തികളുടെ ചുമതല വകുപ്പിനുകീഴിലെ എക്സിക്യൂട്ടീവ്

എഞ്ചിനീയർമാർക്ക് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻമാരുടെ (ജില്ലാ കളക്ടർ) സഹകരണത്തോടുകൂടി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ജനകീയ പങ്കാളിത്തത്തോടുകൂടിയും ജലസേചന വകുപ്പ് നേരിട്ടും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിവരുന്നു. ആകെ 3,01,65,570 m3 എക്കലും ചെളിയും മറ്റ് പാഴ്‌വസ്തുക്കളും നീക്കം ചെയ്യാൻ കണക്കാക്കിയതിൽ നാളിതുവരെ (19-8-2022) 98,05,377.41 m3 നീക്കം ചെയ്തിട്ടുണ്ട്. 30 നദികളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നദികളിലും ഡാമുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ;

(സി) എങ്കിൽ അപ്രകാരം ശേഖരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

(ബി&സി) നദികളിൽ ഡീസിൽറ്റേഷന്റെ ഭാഗമായി നീക്കം ചെയ്യുന്ന മണ്ണും മണലും ലേലനടപടികളിലൂടെ നീക്കം ചെയ്യുന്നതിനായി 14 ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാന്മാരെ (ജില്ലാ കളക്ടർ) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലേലം e-auction വഴി ഏകീകൃതമായി നടപ്പിലാക്കുന്നതിനുവേണ്ടി MSTC (Metal Scrap Trade Corporation Limited) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

സർക്കാരിന്റെ വിവിധ ഉത്തരവുകളുടെയും ഉന്നതാധികാര സമിതിയുടെ യോഗതീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.

നിലവിൽ മംഗലം ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ 17-12-2020-ന് ആരംഭിക്കുകയും കരാറിൽ അംഗീകരിച്ചതിൻപ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ 30-5-2022-ന് ചേർന്ന ഉന്നതാധികാര സമിതിയുടെ യോഗനിർദ്ദേശപ്രകാരം പ്രവൃത്തി നിർത്തിവച്ചിരിക്കുകയുമാണ്. ചുള്ളിയാർ, വാളയാർ, മീങ്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി കരാർ അംഗീകരിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഉന്നതാധികാര സമിതിയുടെ നിർദ്ദേശാനുസരണം മലമ്പുഴ, മലങ്കര, കാരാപ്പുഴ എന്നീ ഡാമുകളുടെയും മണിയാർ, പഴശ്ശി എന്നീ ബാരേജുകളുടെയും ഡീസൽറ്റേഷനുവേണ്ടി Dredging Corporation of India Limited (DCIL) എന്ന കേന്ദ്ര സർക്കാർ സ്ഥാപനവുമായി വിശദമായ ചർച്ച നടത്തിവരുന്നു.

ഡാം ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നത് ടേൺ കീ വ്യവസ്ഥയിൽ കരാർ നൽകിയാണ്. അടിഞ്ഞ് കൂടിയിട്ടുള്ള വസ്തുക്കൾ കരാറുകാരൻ സ്വന്തം ചെലവിൽ മാറ്റുകയാണ് ചെയ്യുന്നത്. മംഗലം ഡാം ഡീസൽറ്റേഷൻ പ്രവൃത്തിക്കുവേണ്ടി 335.40 ലക്ഷം രൂപ കരാറുകാരൻ സർക്കാരിലേയ്ക്ക് നാളിതുവരെ നൽകിയിട്ടുണ്ട്.

## കുറ്റ്യാടി ഇറിഗേഷൻ കനാൽ

240(1029) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ തകർച്ച പരിഹരിക്കുന്നതിനായി വകയിരുത്തിയ തുകയുപയോഗിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കുറ്റ്യാടി ഇറിഗേഷൻ കനാലിന്റെ തകർച്ച പരിഹരിക്കുന്നതിനായി പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 80 ലക്ഷം രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തി 31-3-2023-ന് മുമ്പ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കനാലുകളുടെ നവീകരണം

241(1030) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനാലുകളുടെ നവീകരണത്തിന് അനുവദിച്ചിട്ടുള്ള ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കനാലുകളുടെ നവീകരണത്തിനായി പ്ലാൻ/നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുകയുപയോഗപ്പെടുത്തി സമയബന്ധിതമായി പ്രവൃത്തികൾ നടത്തി പൂർത്തീകരിക്കാറുണ്ട് . കനാലുകളിൽ വെള്ളക്കെട്ട് പോലുള്ള അവസ്ഥകളുണ്ടാകുമ്പോൾ മാത്രമാണ് പ്രവൃത്തികൾ നീണ്ടുപോകുന്ന സാഹചര്യമുണ്ടാകുന്നത് .

(ബി) ചെങ്ങന്നൂർ മണ്ഡലത്തിലെ കനാലുകളുടെ നവീകരണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ചെങ്ങന്നൂർ മണ്ഡലത്തിലെ പി.ഐ.പി. കനാലുകളുടെ പുനരുദ്ധാരണത്തിനായി 31-3-2022-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 264/20221/WRD പ്രകാരം 6.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് ഭരണാനുമതി അനുവദിച്ച ഹെഡ് ഓഫ് അക്കൗണ്ട് PRICE-1-ൽ ഇല്ലാത്തതിനാൽ സാങ്കേതികാനുമതി ലഭ്യമാക്കുവാൻ സാധിച്ചില്ല. തുടർന്ന് എസ്റ്റിമേറ്റ് സോഫ്റ്റ്‌വെയറായ PRICE- 1 മാറുകയും PRICE -3 പ്രാബല്യത്തിൽ വരികയും ചെയ്തു. എന്നാൽ PRICE -3-ലും ടി ബഡ്ജറ്റ് പ്രവൃത്തികളുടെ ഹെഡ് ഓഫ് അക്കൗണ്ട് ലഭ്യമായിരുന്നില്ല. ധനകാര്യവകുപ്പ് മുഖേന നടത്തിയ തുടർപ്രവർത്തനങ്ങൾ വഴി ആഗസ്റ്റ് ആദ്യവാരത്തിലാണ് PRICE-3-ൽ ഹെഡ് ഓഫ് അക്കൗണ്ടിലുൾപ്പെടുത്താൻ കഴിഞ്ഞത് . ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് 31-ന് മുമ്പ് സാങ്കേതികാനുമതി ലഭ്യമാക്കി സെപ്റ്റംബർ 15-നകം ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) സംസ്ഥാനത്തെ പ്രധാന നദികളുടെ തീരങ്ങൾ പ്രളയത്തെ തുടർന്ന് തകർന്ന് സമീപവാസികൾക്കുണ്ടാകുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## നല്ലൂർകനാൽ സംരക്ഷണ ഭിത്തി നിർമ്മാണം

242(1031) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേകര ഗ്രാമപഞ്ചായത്ത് പന്ത്രണ്ടാം വാർഡിൽ പഞ്ചവടി ജംഗ്ഷൻ നല്ലൂർ കനാൽ സംരക്ഷണ ഭിത്തി നിർമ്മിച്ച് മുകളിൽ സ്ലാബിട്ട് സംരക്ഷിക്കുന്നതിന് ചെങ്ങന്നൂർ കുട്ടനാട് ഡെവലപ്മെന്റ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് മൈനർ ഇറിഗേഷൻ മുഖേന തുക അനുവദിക്കുമോയെന്നും നിർമ്മാണം നടപ്പിലാക്കുന്നത് പരിഗണനയി ലുണ്ടോയെന്നും വിശദമാക്കുമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര പഞ്ചായത്ത് വാർഡ് 12-ൽ പഞ്ചവടി ജംഗ്ഷൻ നല്ലൂർ കനാലിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ മാവേലിക്കര മൈനർ ഇറിഗേഷൻ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ട തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടി**

243(1032) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് ഹരിത കേരളം മിഷനിലൂടെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനാണ് നടപടി സ്വീകരിച്ചതെന്ന് അറിയിക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഹരിത കേരളം മിഷനിലൂടെ ജലാശയങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കനാൽ അറ്റകുറ്റപ്പണികൾ**

244(1033) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ ജില്ലയിലെ വിവിധ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന കനാലുകളുടെ ഇരുവശങ്ങളിലെ കൈവരികൾ, കൽകെട്ടുകൾ, പാലങ്ങൾ തുടങ്ങിയവ തകർന്ന് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കനാലിന് മുകളിലെ സ്ലാബ് തകർന്നുവീണതിനെത്തുടർന്ന് നിയോജകമണ്ഡലത്തിൽപ്പെട്ട വയോധികൻ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി പ്രദേശത്തെ ജനങ്ങളുടെ ജീവന് സുരക്ഷിതത്വം നൽകുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈ വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി അപകട സാദ്ധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഡാമുകളുടെ സംഭരണശേഷി പുനഃസ്ഥാപിക്കൽ**

245(1034) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണും മണലും ചെളിയും അടിഞ്ഞുകൂടിയത് കാരണം സംഭരണശേഷി കുറഞ്ഞതായി കണ്ടെത്തിയിട്ടുള്ള എത്ര ഡാമുകൾ ജലവിഭവ വകുപ്പിനുകീഴിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

മണ്ണും മണലും ചെളിയും അടിഞ്ഞുകൂടിയത് കാരണം സംഭരണശേഷി കുറഞ്ഞതായി കണ്ടെത്തിയിട്ടുള്ള 16 ഡാമുകൾ ജലവിഭവ വകുപ്പിനുകീഴിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ഡാമുകളുടെ സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ജലസേചന വകുപ്പിനുകീഴിൽ വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി (ഡീസിൽറ്റേഷൻ) 26-9-2017-ലെ സ.ഉ.(കൈ) നമ്പർ 79/17/ജ.വി.വ., 14-5-2019-ലെ സ.ഉ.(കൈ) നമ്പർ 14/19/ജ.വി.വ. എന്നീ ഉത്തരവുകൾപ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാറടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കരാറിൽ അംഗീകരിച്ചതിൻപ്രകാരമുള്ള പ്രവർത്തനപുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ 30-5-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ പൂർത്തിയാക്കി കരാർ അംഗീകരിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

വാളയാർ, മീങ്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിച്ചിട്ടുണ്ട്. മീങ്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിക്കാവശ്യമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തി 10-6-2022 മുതൽ നടന്നുവരികയാണ്. വാളയാർ ഡാമിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ഡീസിൽറ്റേഷനുവേണ്ടി കരാർ അംഗീകരിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനുകീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL) മായി ചർച്ചകൾ നടത്തിവരികയാണ്.

കേരള വാട്ടർ അതോറിറ്റിക്കുകീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കാൻ 30-5-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

(സി) എത്ര ഡാമുകളിൽ സംഭരണശേഷി പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും അതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

ഡാം ഡീസിൽറ്റേഷന്റെ പൈലറ്റ് പദ്ധതിയായി മംഗലം ഡാം ഡീസിൽറ്റേഷൻ ആരംഭിച്ചിരുന്നു. നാളിതുവരെ 155941 ക്യൂബിക്ക് മീറ്റർ മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ട്. ടേൺ കീ വ്യവസ്ഥയിലാണ് മംഗലം ഡാം ഡീസിൽറ്റേഷനുവേണ്ടി കരാർ അംഗീകരിച്ചത്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി കരാറുകാരൻ 335.40 ലക്ഷം രൂപ സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ട്. കൂടാതെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ sampling, testing, EMP report, tender advertisement എന്നീ ഇനങ്ങളിൽ ആകെ 90,27,995 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ഡാമുകളുടെ ജല സംഭരണ ശേഷി വർദ്ധിപ്പിക്കാൻ നടപടികൾ

246(1035) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെളിയും മണലും നിറഞ്ഞ് ഡാമുകളുടെ ജലസംഭരണശേഷി പകുതിയോളമായി കുറഞ്ഞെന്ന പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെളിയും മണലും നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി (ഡീസിൽറ്റേഷൻ) 26-9-2017-ലെ സ.ഉ(കൈ) നമ്പർ 79/17/ജ.വി.വ., 14-5-2019-ലെ സ.ഉ(കൈ) നമ്പർ 14/19/ജ.വി.വ. എന്നീ ഉത്തരവുകൾപ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാറടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ കരാറിൽ അംഗീകരിച്ചതിൻപ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ 30-5-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ പൂർത്തിയാക്കി കരാർ അംഗീകരിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

വാളയാർ, മീങ്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിച്ചിട്ടുണ്ട്. മീങ്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിക്കാവശ്യമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തി 10-6-2022 മുതൽ നടന്നുവരികയാണ്. വാളയാർ ഡാമിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ഡീസിൽറ്റേഷനുവേണ്ടി കരാർ അംഗീകരിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനുകീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവ്വോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL) മായി ചർച്ചകൾ നടത്തിവരികയാണ്.

കേരള വാട്ടർ അതോറിറ്റിക്കുകീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കാൻ 30-5-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാന നദികളെ അടിസ്ഥാനമാക്കി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

നദീതടത്തെ ആകെ പഠനവിധേയമാക്കിക്കൊണ്ടുള്ള നദീതട മാസ്റ്റർപ്ലാൻ നിലവിൽ തയ്യാറാക്കിയിട്ടില്ല. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ സംസ്ഥാനത്തെ പ്രധാന നദികളായ ഭാരതപ്പുഴ, പെരിയാർ, പമ്പ, ചാലിയാർ, മണിമല തുടങ്ങിയവയുടെ മാസ്റ്റർപ്ലാനുകളാണ് പ്രാരംഭഘട്ടത്തിൽ തയ്യാറാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുവേണ്ട പ്രാഥമിക വിവരശേഖരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പുഴകളും നദികളും മാലിന്യമുക്തമാക്കുന്നതിനും അവയുടെ സ്വാഭാവിക ഒഴുക്ക് സാദ്ധ്യമാക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം എക്കൽ മണ്ണ്, മണൽ, മറ്റ് പാഴ് വസ്തുക്കൾ എന്നിവ അടിഞ്ഞ് നദികളുടെ ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിയുണ്ടാകുകയും ഇത് കണക്കിലെടുത്ത്, കേരളത്തിലെ 44 നദികളുടെയും ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന് ലഭ്യമായ മറ്റ് ഫണ്ടുകളുപയോഗിച്ചും പ്രവൃത്തികൾ നടപ്പാക്കിവരുന്നു. 'മാലിന്യ രൂക്ഷതാ ലഘൂകരണം' ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ/റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച്

വേനൽക്കാലത്തും നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു. ഹരിത കേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ ഭാഗമായി നദീതടത്തിനകത്തുവരുന്ന ചെറുനീർത്തടങ്ങളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ള സംയോജിത നീർത്തടപ്ലാനുകൾ 'റിഡ്ജ് ടു വാലി' സമീപനത്തോടുകൂടി തയ്യാറാക്കി, സംസ്ഥാന ബഡ്ജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു. ഇതിനുപുറമേ, 'ഇനി ഞാനൊഴുകട്ടെ' എന്ന പദ്ധതി ജനപങ്കാളിത്തത്തോടുകൂടി നടത്തിവരുന്നു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ആയത് ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവുപ്രകാരം മലിനീകരണം പരിഹരിക്കുന്നതിനുള്ള ആക്ഷൻപ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും 2 കോടി രൂപ 2022-23 സാമ്പത്തികവർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മറ്റ് ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാറുണ്ട്.

## അരുവിക്കര ഡാം വികസനം

247(1036) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിന്റെ സൗന്ദര്യവൽക്കരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി നടത്തുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ ഫണ്ട് വിവരങ്ങളും ചെലവഴിച്ച തുകയെ സംബന്ധിച്ച വിവരങ്ങളും നിലവിലെ പ്രവർത്തനപുരോഗതിയും അറിയിക്കാമോ?

അരുവിക്കര ഡാമിന്റെ സൗന്ദര്യവൽക്കരണത്തിനായി 15 കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. അരുവിക്കര ഡാമിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി " Modernization of Aruvikkara pumping station" എന്ന ഹെഡ്ഡിലുൾപ്പെടുത്തി 10 കോടി രൂപയുടെ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. പ്ലാന്റുകളിലെ പഴയ പമ്പുകളെല്ലാം മാറ്റി പുതിയ പമ്പുകൾ സ്ഥാപിച്ചു.

2. പ്ലാന്റിന്റെ പരിസരങ്ങൾ വൃത്തിയാക്കുകയും നവീകരിക്കുകയും ചെയ്തു.

3. പുതിയ control room സ്ഥാപിച്ച്, മുഴുവൻ സമയം CCTV ക്യാമറകൾ വഴി ഡാമും പരിസരവും നിരീക്ഷണത്തിലാക്കി.

4. പുതിയ ക്യാന്റീൻ ബിൽഡിംഗ് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇതുകൂടാതെ State Plan 2022-23-ന്റെ ഭാഗമായി താഴെ പറഞ്ഞിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. അരുവിക്കര ഡാമിന്റെ ജലാശയത്തിനുചുറ്റും ഏകദേശം ഒരു കിലോമീറ്റർ നീളത്തിൽ സംരക്ഷണവേലി നിർമ്മാണം (142 ലക്ഷം രൂപ)

2. അരുവിക്കര ഡാമിന്റെ ഷട്ടറുകൾ മാറ്റി നവീകരിക്കുക, ഡാമിന്റെ മറ്റ് ഭാഗങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്ത് നവീകരിക്കുക, പുതിയ ടോയ്‌ലറ്റ് നിർമ്മിക്കുക (5 കോടി രൂപ)

3. 48 MLD ജല ശുദ്ധീകരണശാലയുടെ filter bed-ന്റെ നവീകരണ പ്രവർത്തനങ്ങൾ (40 ലക്ഷം രൂപ)

മേൽപ്പറഞ്ഞ പദ്ധതികളുടെ പ്രവൃത്തികൾ സമയബന്ധിതമായി പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ കണക്കിലെടുത്തും തീർത്ഥാടന കേന്ദ്രമെന്ന പ്രാധാന്യം മുൻനിർത്തിയും കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ വരുന്ന സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങളും വികസന പ്രവർത്തനങ്ങളും നടത്തുന്നതിനായി ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

അരുവിക്കര ഡാമിന്റെ സൗന്ദര്യവൽക്കരണവും ടൂറിസം വികസനവും ലക്ഷ്യമിട്ട് 15 കോടി രൂപയുടെ Project Report തയ്യാറാക്കിവരികയാണ്.

**നെന്മാറയിലെ ഡാമുകളിലെ ചെളി നീക്കുന്നതിന് അനുമതി**

248(1037) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലുള്ള ഏതെല്ലാം ഡാമുകളിലെ ചെളി നീക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിലുള്ള മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളിലെ ചെളി നീക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മീങ്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് (KEMDEL) ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്കാവശ്യമായ പദ്ധതിരേഖ തയ്യാറാക്കി കരാർ അംഗീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി 10-6-2022 മുതൽ നടന്നുവരികയാണ്.

ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് (KIIDC) ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ പൂർത്തിയാക്കി കരാർ അംഗീകരിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

**ഭൂതത്താൻകെട്ട് ഡാം - ടൂറിസം വികസന പദ്ധതികൾ**

249(1038) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ട് ഡാം കേന്ദ്രീകരിച്ചുള്ള ടൂറിസം വികസന പദ്ധതികൾ ജലവിഭവ വകുപ്പിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാം ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) പരിഗണനയിലുണ്ട്. നിലവിലുള്ള ഗാർഡന്റെ നവീകരണം, അതിനോട് ചേർന്നുള്ള സ്ഥലത്ത് ഗാർഡന്റെ വിപുലീകരണം റിസർവ്വോയറിൽ നിന്ന് ബാരേജിന്റെ ഡൗൺ സ്ട്രീം ഭാഗത്തുള്ള പടവിന് സമീപത്തേയ്ക്ക് വാട്ടർ ഫാളിന്റെ നിർമ്മാണം, നിലവിലുള്ള വാട്ടർ ടൂറിസത്തിന്റെ വികസനം, ടോയ്ലറ്റ്, കഫറ്റീരിയ എന്നിവയുടെ നിർമ്മാണം എന്നീ പദ്ധതികൾ ഡ്രിപ്പ് ഫെയ്സ് II ടൂറിസം വികസനത്തിലുൾപ്പെടുത്തി നടപ്പിലാക്കുവാനാണുദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ Project Screening Template (PST) ലോക ബാങ്കിന്റെ പരിഗണനയിലാണ്. ഡാം സേഫ്റ്റി ഫണ്ടുപയോഗിച്ച് വ്യൂ ടവറിന്റെ റിപ്പയർ വർക്കും എം.എൽ.എ. ഫണ്ടുപയോഗിച്ച് നേര്യമംഗലം ബോട്ട് ജെട്ടിയുടെ നിർമ്മാണവും നടന്നുവരുന്നു.

(സി) നിലവിൽ വകുപ്പ് വഴി അവിടെ എന്തെല്ലാം ടൂറിസം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ ഗാർഡന്റെ നടത്തിപ്പും ബോട്ടിംഗ് & കയാക്കിംഗ് എന്നിവയുടെ മേൽനോട്ടവും ലൈസൻസ് വിതരണവും നടന്നുവരുന്നു.

(ഡി) പ്രസ്തുത ഡാം കേന്ദ്രീകരിച്ച് അനന്തമായ ടൂറിസം സാദ്ധ്യതകളുള്ളതിനാൽ പുതിയ പദ്ധതികൾ വേഗത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി IPTMC (Irrigation Projects Tourism Management Committee) രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ നടന്നുവരുന്നു.

**ഡാമുകളുടെ സംഭരണശേഷി ഉയർത്തൽ**

250(1039) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഡാമുകൾ, അവ നിർമ്മിച്ച വർഷം, അവയുടെ സംഭരണശേഷി എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പിനുകീഴിലെ ജലസേചനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഡാമുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഡാമുകളിൽ വർഷങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയുംമൂലം സംഭണശേഷിയിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തുകയോ ചെളിയും എക്കലും നീക്കാൻ നടപടി സ്വീകരിക്കുയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇപ്പോഴത്തെ മഴക്കാലം കഴിയുമ്പോൾ സംസ്ഥാനത്തെ മുഴുവൻ ഡാമുകളിലെയും ചെളിയും എക്കലും നീക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(ബി&സി) സംസ്ഥാനത്തെ ജലസേചനവകുപ്പിനുകീഴിൽ വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളിയുടെയും എക്കലിന്റെയും അളവ് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പഠന വിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഡാമുകളുടെ സംഭരണശേഷി കുറഞ്ഞിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സംസ്ഥാനത്തെ ജലസേചന വകുപ്പിനുകീഴിലെ ഡാമുകളിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി (ഡീസിൽറ്റേഷൻ) 26-9-2017-ലെ സ.ഉ(കൈ) നമ്പർ 79/17/ജവിവ, 14-5-2019-ലെ സ.ഉ.(കൈ) നമ്പർ 14/19/ജവിവ എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാറടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ കരാറിൽ അംഗീകരിച്ചതിൻപ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ 30-5-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ പൂർത്തിയാക്കി കരാർ അംഗീകരിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു.

വാളയാർ, മീങ്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിച്ചിട്ടുണ്ട്. മീങ്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിക്കാവശ്യമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തി 10-6-2022 മുതൽ നടന്നുവരികയാണ്. വാളയാർ ഡാമിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുകയും ഡീസിൽറ്റേഷനുവേണ്ടി കരാർ അംഗീകരിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനുകീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവ്വോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL) മായി ചർച്ചകൾ നടത്തിവരികയാണ്.

കേരള വാട്ടർ അതോറിറ്റിക്കുകീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കാൻ 30-5-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

## വയലാംകുഴിയിൽ ഉപ്പുവെള്ള തടയണ

251(1040) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരി പുഴയ്ക്കുകുറുകെ ബാവിക്കരയിൽ തടയണയ്ക്ക് തൊട്ടുതാഴെയുള്ള പ്രദേശങ്ങളിൽ ഉപ്പുവെള്ളത്തിന്റെ രൂക്ഷത കൂടുന്നതിനാൽ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് സമീപപ്രദേശത്തെ കർഷകരിൽ നിന്നും ഉദുമ എം.എൽ.എ. മുഖാന്തരം നിവേദനം ലഭിച്ചിട്ടുണ്ട്. ഉപ്പുവെള്ളം കലരുന്നതിനാൽ പ്രദേശത്തെ കിണറുകളിൽ നിന്നുള്ള കുടിവെള്ളം ഉപയോഗശൂന്യമാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഉപ്പുവെള്ള പ്രതിരോധ തടയണ നിർമ്മിക്കണമെന്നാണ് ജനങ്ങളുടെ ആവശ്യം.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ചന്ദ്രഗിരി പുഴയ്ക്കുകുറുകെ വയലാംകുഴിയിൽ ഉപ്പുവെള്ള തടയണ നിർമ്മിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

നിലവിലുള്ള ബാവിക്കര റെഗുലേറ്ററിന്റെ 5.കി.മീ. താഴെ ഭാഗത്തായി ചേരൂർ ളുക്ക് പാലത്തിന് തൊട്ടുതാഴെ വയലാംകുഴി ഭാഗത്ത് ഒരു ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ നിർമ്മിച്ചാൽ മേൽ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുമെന്ന് മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ മേജർ വിഭാഗത്തിൽനിന്നും ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുമുണ്ട്. ആയതിനാൽ ഈ രണ്ട് പ്രൊപ്പോസലുകളുടെയും പ്രായോഗികത സംബന്ധിച്ച് മേജർ/മൈനർ വിഭാഗവുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതിനായി ബന്ധപ്പെട്ട മേജർ/മൈനർ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുശേഷം ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## വാമനപുരം ആറ്റിൽ കാരേറ്റ് പാലത്തിന് സമീപം തടയണ

252(1041) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം ആറ്റിൽ കാരേറ്റ് പാലത്തിനുസമീപം തടയണ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കാരേറ്റ് പാലത്തിനുസമീപം ചെക്ക്ഡാം നിർമ്മിക്കുന്നതിന്റെ പ്രാരംഭ നടപടിയായി പ്രസ്തുത സ്ഥലത്ത് 4.78 ലക്ഷം രൂപയുടെ Soil Investigation പ്രവൃത്തി നടത്തുകയുണ്ടായി. ആയതിൻപ്രകാരം ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ IDRB-യുടെ Design വിംഗിൽനിന്നും ഡിസൈൻ തയ്യാറാക്കുകയും പ്രസ്തുത ഡിസൈൻപ്രകാരം 2.6 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**മൂന്നാംകടവ് മിനി ഡാം പദ്ധതി**

253(1042) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ "മൂന്നാംകടവ് ജലസേചന പദ്ധതി" മിനി ഡാം പദ്ധതി എന്ന നിലയിൽ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) അതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) കാസർഗോഡ് ജില്ലയിൽ മൂന്നാം കടവ് മിനി ഡാം നിർമ്മിക്കുന്നതിനായി പ്രാഥമിക റിപ്പോർട്ടും 26.20 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റും കാസർഗോഡ് വികസന പാക്കേജിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പമ്പയാറ്റിൽ ചെക്ക് ഡാം-കം-കോസ്‌വേ നിർമ്മാണം**

254(1043) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ മൂലക്കയം പ്രദേശവും റാന്നി മണ്ഡലത്തിലെ കിസുമം പ്രദേശവും ബന്ധിപ്പിച്ച് പമ്പയാറ്റിൽ ഒരു "ചെക്ക് ഡാം-കം-കോസ്‌വേ" നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിലെ മൂലക്കയം പ്രദേശവും റാന്നി മണ്ഡലത്തിലെ കിസുമം പ്രദേശവും ബന്ധിപ്പിച്ച് പമ്പയാറ്റിൽ ഒരു ചെക്ക് ഡാം-

കം-കോസ്‌വേ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പര്യവേഷണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് നേരത്തെ PRICE 1-ൽ തയ്യാറാക്കിയതായിരുന്നു. PRICE 3- നിലവിൽ വന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതി ലഭ്യമായശേഷം പര്യവേഷണ പ്രവൃത്തികൾ നടത്തി ആയതിന്മേലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**ഇടപ്പാളയം വാർഡിൽ കല്ലടയാറിനോട് ചേർന്ന് സംരക്ഷണഭിത്തി**

255(1044) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽപ്പെട്ട ആര്യങ്കാവ് പഞ്ചായത്തിലെ ഇടപ്പാളയം വാർഡിൽ മുൻവർഷങ്ങളിലുണ്ടായ കാലവർഷത്തിലും ഉരുൾപൊട്ടലിലും സർവ്വേ നമ്പർ 343/8-നോട് ചേർന്ന് കിടക്കുന്ന കൃഷിസ്ഥലവും വീടുമുൾപ്പെടെ ക്രമാതീതമായി ഇടിഞ്ഞുപോയതിനെത്തുടർന്ന് കല്ലടയാറിനോട് ചേർന്ന് അറുപത്തിരണ്ട് മീറ്ററോളം സംരക്ഷണഭിത്തി കെട്ടുന്നതിനായി സ്വീകരിച്ച നടപടികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

പുനലൂർ മണ്ഡലത്തിൽ ആര്യങ്കാവ് പഞ്ചായത്തിലെ ഇടപ്പാളയം വാർഡിൽ കല്ലടയാറിനോട് ചേർന്ന് 62 മീറ്റർ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്ത് പ്രവൃത്തിസ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രാഥമിക നിർമ്മാണപ്രവൃത്തികൾ തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും തുടർപ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത നിർമ്മാണത്തിനായി അറുപത്തിരണ്ട് മീറ്റർ നീളത്തിൽ നിർമ്മിച്ചിട്ടുള്ള കുഴിയിലൂടെ വെള്ളം ഒഴുകി വീണ്ടും കൃഷിസ്ഥലങ്ങൾ ഇടിഞ്ഞുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സംരക്ഷണഭിത്തിയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

(സി&ഡി) 2021 ഒക്ടോബർ മാസത്തിലെ ഉരുൾപൊട്ടലിൽ ഈ പ്രദേശത്തെ ആറ്റുതീരം ഇടിയുന്നതായും അനുബന്ധമായ പാർശ്വഭിത്തിയിലുണ്ടായ വിള്ളലുകളിലൂടെ വെള്ളം ഒഴുകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് തുടർച്ചയായി " ഒഴുകാം ശുചിയായി" എന്ന പദ്ധതിയിലുൾപ്പെടുത്തി

തീരസംരക്ഷണം ഏർപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. വേനൽമഴയും തുടർന്നുള്ള കാലവർഷവുംമൂലം ആറ്റിലെ ജലനിരപ്പ് ഉയരുകയും ചെയ്തതിനാൽ പ്രവൃത്തി തുടരാൻ സാധിച്ചിട്ടില്ല. ആറ്റിലെ ജലനിരപ്പ് താഴുന്നതിനനുസരിച്ച് അടിയന്തരമായി പ്രവൃത്തി ആരംഭിച്ച് തീരം സംരക്ഷിക്കുന്ന നടപടി സ്വീകരിക്കാവുന്നതാണ്.

### ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ ഹോട്ട് സ്പോട്ട്

256(1045) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ഏതെങ്കിലും ഭാഗം ഹോട്ട്സ്പോട്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രദേശത്ത് തീരസംരക്ഷണത്തിനായി തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ഏതെങ്കിലും ഭാഗം ഹോട്ട് സ്പോട്ടാണെന്ന് വിലയിരുത്തിയിട്ടില്ല.

### സംരക്ഷണ ഭിത്തി നിർമ്മാണം

257(1046) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴയോര സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മേജർ/മൈനർ വിഭാഗങ്ങളിലായി പ്ലാൻ/നോൺ പ്ലാൻ ശീർഷകങ്ങളിൽ ലഭ്യമാക്കിയ ഫണ്ടുപയോഗിച്ച് തീരസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ഇടിഞ്ഞുപോയ നദീതീരങ്ങൾ കരിങ്കൽ/കോൺക്രീറ്റ് ഉപയോഗിച്ച് സംരക്ഷണ ഭിത്തികൾ നിർമ്മിച്ച് പരിപാലിച്ചുവരുന്നു. കരിങ്കൽ/കോൺക്രീറ്റ് തുടങ്ങിയവ ഉപയോഗിച്ച് സംരക്ഷിക്കാൻ സാദ്ധ്യമല്ലാത്ത ഭാഗങ്ങളിൽ ജൈവ വൈവിദ്ധ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.

(ബി) പട്ടാമ്പി മണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴ, കുന്തിപ്പുഴ എന്നിവയുടെ തീരങ്ങളുടെ പലഭാഗങ്ങളും ഇടിഞ്ഞ് പോകുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശം നൽകുമോ?

പട്ടാമ്പി മണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴ, കുന്തിപ്പുഴ എന്നിവയുടെ തീരങ്ങളിൽ സ്ഥലപരിശോധനകൾ നടത്തി ഇടിഞ്ഞുപോയഭാഗങ്ങളും ഇടിഞ്ഞു പോകാൻ സാദ്ധ്യതയുള്ള ഭാഗങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരികയാണ്. പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഓങ്ങല്ലൂർ പഞ്ചായത്ത് നമ്പ്രംകടവ് ഭാഗത്തെ സ്ഥല സന്ദർശനം നടത്തി പര്യവേഷണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പട്ടാമ്പി പരിധിയിൽ വരുന്ന ഭാരതപ്പുഴയുടെ തീരങ്ങൾ ഇടിയുന്നതു കാരണം സമീപപ്രദേശങ്ങളിലെ വീടുകൾക്ക് കേടുപാടുകളുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ നമ്പ്രംകടവ് പ്രദേശത്ത് പുഴയുടെ തീരങ്ങൾ ഇടിയുന്നതുകാരണം സമീപപ്രദേശങ്ങളിലെ വീടുകൾക്ക് കേടുപാടുകളുണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി തീരസംരക്ഷണ പ്രവൃത്തികൾക്കായുള്ള ഭരണാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കല്ലടയാറിനോട് ചേർന്ന് സംരക്ഷണ ഭിത്തി**

258(1047) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിശക്തമായ മഴയിൽ കല്ലടയാറ് കരകവിഞ്ഞ് പ്രദേശവാസികളുടെ വസ്തുക്കൾ, കായ്ഫലവൃക്ഷങ്ങളുൾപ്പെടെ മഴ വെള്ളത്തിൽ ഒലിച്ചുപോയിട്ടുള്ളതും വലിയ കൃഷിനാശം സംഭവിച്ചിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുനലൂർ നഗരസഭയിലെ ശാസ്താംകോണം വാർഡിലെ അയിക്കാട്ടുകാവിൽ കല്ലടയാറിനോട് ചേർന്ന ഭാഗം (എൽ/ബി) സംരക്ഷണ ഭിത്തികെട്ടി ബലപ്പെടുത്തി നൽകുന്നതിനായി ഒരു കോടി അൻപത്തിനാല് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉചിതമാർഗ്ഗേന സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലയോര ജനവാസമേഖലയിലെ പ്രസ്തുത പ്രവൃത്തികളുടെ പ്രാധാന്യം മനസ്സിലാക്കി പ്രസ്തുത പ്രവൃത്തികൾ "ഇറിഗേഷൻ ഫ്ലഡ്" പദ്ധതിയിലുൾപ്പെടുത്തി അടിയന്തരമായും സമയബന്ധിതമായും നടപ്പാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) പുനലൂർ ശാസ്താംകോണം വാർഡിലെ അയിക്കാട്ടുകടവിൽ കല്ലടയാറിന്റെ ഇടതുകര സംരക്ഷണഭിത്തി നിർമ്മിക്കുന്നതിലേയ്ക്കായി 154 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് PRICE 1- ൽ തയ്യാറാക്കിയിരുന്നു. PRICE 3- നിലവിൽ വന്നതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി Flood control/ Flood damage head-ൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**ആനങ്ങാടി ബീച്ചിലെ കടൽ ഭിത്തി നിർമ്മാണം**

259(1048) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് കിഫ്ബിക്ക് നൽകേണ്ട പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) കിഫ്ബി ഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തുവാൻ തീരുമാനിച്ച പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ?

(എ&ബി) വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 219 ലക്ഷം രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അനുമതി ലഭിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്. (PRICE ID: IRR/IA/EST/2020/2022). തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വേൾഡ് ബാങ്ക് ധനസഹായത്തിനായുള്ള പ്രൊപ്പോസലിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലോക ബാങ്ക് ധനസഹായത്തിനായുള്ള പ്രാഥമിക പൊപ്പോസലിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുണ്ട്. ലോകബാങ്ക് സഹായത്തിനുള്ള അംഗീകാരം ലഭിക്കുന്നതിനായി ആവശ്യമുള്ള സാങ്കേതിക വിവരങ്ങൾ ശേഖരിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കിഫ്ബിയുടെ അന്തിമ അനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ എസ്.പി.വി. (Special Purpose Vehicle) ആണ് നടപ്പിലാക്കുന്നത്. ഭരണാനുമതി ലഭിച്ചുകഴിഞ്ഞാൽ എസ്.പി.വി. (Special Purpose Vehicle) സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്.

**തീരസംരക്ഷണത്തിന് പുതിയ സാങ്കേതിക വിദ്യ**

260(1049) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കടലാക്രമണ ഭീഷണി നേരിടുന്ന തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി കാര്യക്ഷമവും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ളതുമായ കടൽഭിത്തി നിർമ്മാണം വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

സംരക്ഷണഭിത്തി ഇല്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്., പൂനൈ/ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് നിർമ്മിച്ചുവരുന്നത്. എന്നാൽ കല്ലിന്റെ ലഭ്യതക്കുറവും കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കണക്കിലെടുത്ത് സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ തീരശോഷണവും കടലാക്രമണവും തടയാൻ തീരഘടനയ്ക്കനുയോജ്യമായ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മിതികൾ നിർമ്മിക്കേണ്ടതുണ്ട്.

2021-22 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച, 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി വിശദമായ പഠനം നടത്തുവാൻ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന വിദഗ്ദ്ധ സ്ഥാപനവുമായി സർക്കാർ ധാരണാപത്രം (MoU) ഒപ്പിടുകയും ചെയ്തു. ടി സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ, കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ കടലാക്രമണം ഏറ്റവും

രൂക്ഷമായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത പ്രവൃത്തി ജലസേചന വകുപ്പിന്റെ SPV-യായ KIIDC ടെണ്ടർ ചെയ്ത് വകുപ്പിലെ ഉദ്യോഗസ്ഥരെയും കൂടി ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റൊരു ഹോട്ട്സ്പോട്ടായ ശംഖുമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. NCCR-ന്റെ ഡിസൈൻ പ്രകാരം കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 49 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. മറ്റ് ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ പഠനം നടത്തുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇതുകൂടാതെ രൂക്ഷമായി കടലാക്രമണം നേരിടുന്ന മറ്റ് 26 പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ ഘടനയനുസരിച്ച് കണ്ടൽ കാടുകൾ വച്ചുപിടിപ്പിച്ച് തീരം സംരക്ഷിക്കുന്നതിനും ടെട്രാപോഡ് ഉപയോഗിച്ച് കടൽ ഭിത്തിയും പുലിമുട്ടുകളും ലോകബാങ്കിന്റെ സഹായത്തോടെ നിർമ്മിക്കുവാനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

**തീരദേശ മേഖലയിലെ ഭീഷണികൾ**

261(1050) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്തെ തീരദേശ മേഖല വലിയ തോതിൽ ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വലിയതുറ, കൊച്ചുതോപ്പ്, ശംഖുമുഖം, കണ്ണാന്തുറ, വെട്ടുകാട് പ്രദേശങ്ങളിൽ കടലാക്രമണം വർദ്ധിച്ചത് വിഴിഞ്ഞം പദ്ധതി മൂലമാണോയെന്നത് ശാസ്ത്രീയമായ പഠനങ്ങൾക്കുശേഷം മാത്രമെ പറയാൻ സാധിക്കുകയുള്ളൂ.

(ബി) ശംഖുമുഖം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ രൂക്ഷമായ കടലാക്രമണം തടയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അടിയന്തര തീരസംരക്ഷണം ആവശ്യമായിട്ടുള്ള ഹോട്ട്സ്പോട്ട് പട്ടികയിൽ ശംഖുമുഖം ഉൾപ്പെട്ടിട്ടുള്ളതാണ്. ഇവിടെ പരിസ്ഥിതിക്കനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി

വിശദമായ പഠനം നടത്തുവാൻ ചെന്നൈ കേന്ദ്രമായുള്ള National Centre for Coastal Research (NCCR) എന്ന വിദഗ്ദ്ധ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. NCCR പഠനം നടത്തി ശംഖുമുഖത്ത് ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഡിസൈൻ അന്തിമഘട്ടത്തിലാണ്.

**കടൽ ഭിത്തി നിർമ്മാണം**

262(1051) ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ദെലീമ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ തീരമേഖലയിലെ ജനങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

2021-22 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി വിശദമായ പഠനം നടത്തുവാൻ National Centre for Coastal Research (NCCR), Chennai എന്ന വിദഗ്ദ്ധ സ്ഥാപനവുമായി ധാരണാപത്രം ഒപ്പിടുകയുമുണ്ടായി. ടി സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ഒരു ഹൈബ്രിഡ് പദ്ധതി (സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം) അവലംബിക്കുകയും പ്രസ്തുത പ്രവൃത്തി ജലസേചന വകുപ്പിന്റെ SPV-യായ KIIDC ടെണ്ടർ ചെയ്ത് വകുപ്പിലെ ഉദ്യോഗസ്ഥരെയും കൂടി ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മറ്റൊരു ഹോട്ട്സ്പോട്ടായ ശംഖുമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. NCCR-ന്റെ ഡിസൈൻ പ്രകാരം കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡുപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 49 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരുന്നു. മറ്റ് പ്രദേശങ്ങളിൽ പഠനം നടത്തുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ പുരോഗമിച്ചുവരുന്നു.

രൂക്ഷമായി കടലാക്രമണം നേരിടുന്ന മറ്റ് 26 പ്രദേശങ്ങളിൽ തീര പ്രദേശത്തിന്റെ ഘടനയനുസരിച്ച് കണ്ടൽ കാടുകൾ വച്ചുപിടിപ്പിച്ച് തീരം സംരക്ഷിക്കുന്നതിനും ടെട്രാപോഡുപയോഗിച്ച് കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുവാനുള്ള പദ്ധതിരൂപരേഖ തയ്യാറാക്കിവരുന്നു.

ഇതുകൂടാതെ കടലാക്രമണമുണ്ടാകുന്ന സാഹചര്യത്തിൽ പ്ലാൻ/നോൺ പ്ലാൻ ഫണ്ടുകളുപയോഗിച്ച് കല്ല് ഉപയോഗിച്ചും ജിയോബാഗ് ഉപയോഗിച്ചും താൽക്കാലിക തീരസംരക്ഷണ പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

(ബി) നിരന്തരം കടലാക്രമണത്തിനിരയാകുന്ന സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് എന്തെല്ലാം ശാസ്ത്രീയമായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ചെല്ലാനം ഹാർബർ മുതൽ പുത്തൻതോടുവരെയുള്ള ഭാഗത്ത് നിർമ്മിക്കുന്ന ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) എത്ര കിലോമീറ്റർ നീളത്തിലാണ് ടെട്രാപോഡ് കടൽഭിത്തി നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നും അതിനായി എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കാമോ?

(ബി-ഡി) കടലാക്രമണം രൂക്ഷമായ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കമ്പനിപ്പടി, ബസാർ, ചാളക്കടവ് എന്നീ പ്രദേശങ്ങളുൾപ്പെടുന്ന ചെല്ലാനം ഹാർബർ മുതൽ പുത്തൻതോട് ഫിഷിംഗ് ഗ്യാപ്പ് വരെ 7.32 കിലോമീറ്റർ ദൂരം കടൽഭിത്തിയുടെ പുനരുദ്ധാരണമാണ് ആദ്യഘട്ടത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇതിൽ 6.66 കിലോമീറ്റർ ദൂരം ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണവും 660 മീറ്റർ നീളത്തിൽ ആറ് പുലിമുട്ട് ശൃംഖലയുടെയും ഇടയിലുള്ള ഭാഗം കല്ലുകൊണ്ടുള്ള കടൽഭിത്തിയുടെ നിർമ്മാണവുമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല. ഇതിന്റെ മേൽനോട്ടം ജലസേചന വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഈ പദ്ധതിയുടെ നിർമ്മാണം ഏറ്റെടുത്തിട്ടുള്ളത്. കരാർ തുക 256.89 കോടി രൂപയാണ്. നിശ്ചിത ഗ്രേഡുകളിലുള്ള കല്ലുകൾ കൊണ്ട് നിർമ്മിക്കുന്ന ഉൾകാമ്പിനും രണ്ടാം കവചത്തിനും മേലെ വ്യത്യസ്ത മേഖലകളിലായി യഥാക്രമം രണ്ട് ടണ്ണും മൂന്നര ടണ്ണും ഭാരം വരുന്ന ഒന്നേകാൽ ലക്ഷം ടെട്രാപോഡുകൾ ഉപയോഗിച്ചാണ് നിർമ്മാണം പൂർത്തിയാക്കുന്നത്. ഇതുവരെ അമ്പത്തിയാറായിരത്തോളം (56000) ടെട്രാപോഡുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സമുദ്രനിരപ്പിൽനിന്നും 6.10 മീറ്ററാണ് കടൽഭിത്തിയുടെ ഉയരം. ഇതിനുമുകളിലായി 3.00 മീറ്റർ വീതിയിൽ ഒരു നടപ്പാതയും ലക്ഷ്യമിടുന്നു. ഇത് ചെല്ലാനം പ്രദേശത്തിന്റെ ടൂറിസം സാദ്ധ്യതകൾക്ക് ആക്കം കൂട്ടും.

ഏഴേ മുക്കാൽ ലക്ഷം മെട്രിക് ടണ്ണിലധികം കരിങ്കല്ലുകളുപയോഗിച്ചാണ് 7.32 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നത്. ഇതുവരെ ഏകദേശം മൂന്നുലക്ഷത്തി എൺപതിനായിരത്തിലധികം (380000) കരിങ്കൽ കടൽഭിത്തി നിർമ്മാണത്തിനായി ഉപയോഗിച്ച് കഴിഞ്ഞു. ഇപ്പോൾ 43 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. വർഷങ്ങളായി കടലാക്രമണംമൂലമുള്ള ദുരിതങ്ങൾ നേരിട്ടിരുന്ന ഈ പ്രദേശത്ത് ഇപ്രാവശ്യം പൂർണ്ണ സുരക്ഷയൊരുക്കാൻ ഈ പദ്ധതിമൂലം സാധിച്ചു. പദ്ധതി പൂർത്തിയാകുന്നതോടെ ചെല്ലാനം ഗ്രാമവാസികൾക്ക് ശക്തമായ കടൽക്ഷോഭത്തിൽനിന്നും ശാശ്വത പരിഹാരം ലഭിക്കും.

(ഇ) ടെട്രാപോഡ് പദ്ധതി വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നിരന്തരം കടലാക്രണം നേരിടുന്ന മേഖലകളിലേയ്ക്ക് അത് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചെല്ലാനത്ത് ആരംഭിച്ച ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന്റെ ആദ്യഘട്ടം കടലാക്രമണത്തെ തടയുന്നതിൽ ഫലപ്രദമാണെന്നാണ് മനസ്സിലാക്കുന്നത്. NCCR, IIT Chennai പോലുള്ള വിദഗ്ദ്ധ സ്ഥാപനങ്ങളുടെ സഹായത്തോടെ പഠനം നടത്തി തീരഘടനയ്ക്ക് അനുയോജ്യ മാകുകയാണെങ്കിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ വ്യാപകമാക്കാവുന്നതാണ്.

## എ.സി. കനാൽ നവീകരണം

263(1052) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ഒരു പരിധി വരെ നിയന്ത്രിക്കാൻ കഴിയുന്ന തരത്തിൽ എ.സി. കനാൽ നവീകരണം ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

എ.സി. കനാൽ നവീകരണവുമായി ബന്ധപ്പെട്ട് ഹൈഡ്രോ ഡൈനാമിക് പഠനം നടത്തുന്നതിനായി ചെന്നൈ ഐ.ഐ.ടി.-യെ ഇറിഗേഷൻ വകുപ്പ് ചുമതലപ്പെടുത്തിയിരുന്നു. ഐ.ഐ.ടി. സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ കൂടുതൽ വ്യക്തത ആവശ്യമായതിനാൽ ഐ.ഐ.ടി. പഠന സംഘവുമായി പ്രാരംഭ ചർച്ച നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) എ.സി. കനാലിന്റെ നവീകരണം രണ്ടാം കുട്ടനാട് പാക്കേജിലുൾപ്പെടുത്തി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ചെന്നൈ IIT മുഖേന ഇറിഗേഷൻ വകുപ്പ് നടത്തുന്ന പഠന ശിപാർശകൾ ലഭ്യമാകുന്നമുറയ്ക്ക് മാത്രമെ മറ്റ് നവീകരണ പ്രവൃത്തികൾ സംബന്ധിച്ച് തീരുമാനിക്കാൻ കഴിയുകയുള്ളൂ.

(സി) എ.സി. കനാലിൽ ബോട്ട് സർവ്വീസ് പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബോട്ട് സർവ്വീസ് നടത്തുന്നതിനാവശ്യമായ ആഴം എ.സി. കനാലിൽ പല ഭാഗങ്ങളിലും ഇല്ലായെന്നതും മങ്കൊമ്പ് മുതൽ ചങ്ങനാശ്ശേരി വരെ കനാലിന് കുറുകെയായി ഉയരം കുറഞ്ഞ ചെറിയ നടപ്പാലങ്ങളുള്ളതും നിലവിൽ കനാലിലൂടെ ബോട്ട് സർവ്വീസ് നടത്തുന്നതിനുള്ള തടസ്സങ്ങളാണ്. നാഷണൽ വാട്ടർവേ-8 (NW-8) ആയി പ്രഖ്യാപിച്ചിട്ടുള്ള എ.സി. കനാലിന് കുറുകെയുള്ള നിർമ്മിതികൾ പുതുക്കിപ്പണിതും കനാലിന് ആഴം വർദ്ധിപ്പിച്ചും ജലപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ദേശീയ ജലപാതാ അതോറിറ്റി പൂർത്തീകരിക്കുന്നമുറയ്ക്ക് മാത്രമെ ബോട്ട് സർവ്വീസാരംഭിക്കാൻ കഴിയുകയുള്ളൂ.

## ഉളിയം കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

264(1053) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ, കരിവെള്ളൂർ, പയ്യന്നൂർ നഗരസഭ എന്നിവിടങ്ങളിലെ നെൽകൃഷിക്കാർ നേരിടുന്ന ഉപ്പുവെള്ള ഭീഷണി തടയുന്നതിനും കാർഷികമേഖല

ശക്തിപ്പെടുത്തുന്നതിനുതകുന്ന ഉളിയം കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

തൃക്കരിപ്പൂർ, കരിവെള്ളൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെയും പയ്യന്നൂർ മുൻസിപ്പാലിറ്റിയിലെയും നെൽകൃഷി കർഷകർ നേരിടുന്ന ഉപ്പുവെള്ള ഭീഷണി തടയുന്നതിനും തൃക്കരിപ്പൂർ-പയ്യന്നൂർ ഗതാഗതം സുഗമമാക്കുന്നതിനുതകുന്ന തരത്തിൽ വിഭാവനം ചെയ്ത ഉളിയൻകടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഡിസൈൻ ലഭിച്ചശേഷം ഡി.പി.ആർ.-ന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**വേമ്പനാട് കായലിലെ ജലഗതാഗത പ്രശ്നം**

265(1054) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ വേമ്പനാട്ടുകായലിലും കൈവഴികളിലും അടിഞ്ഞുകൂടിയ എക്കൽ നിക്ഷേപം വേമ്പനാട് കായലിലെ ജലഗതാഗതത്തെ വളരെയധികം ബാധിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എക്കൽ മണൽ കായലുകളിൽ നിന്ന് നീക്കം ചെയ്യുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിൽ വേമ്പനാട് കായലിന്റെ തീരത്തിനോടു ചേർന്ന ഭാഗത്തിന്റെയും അനുബന്ധ തോടുകളുടെയും ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുന്നതിനും തീരം സംരക്ഷിക്കുന്നതിനുമായി 10 പ്രവൃത്തികൾ അടങ്ങിയ 27.32 കോടി രൂപയുടെ ഡി.പി.ആർ. 12 ശതമാനം GST ഉൾപ്പെടുത്തി PRICE 1-ൽ തയ്യാറാക്കിയിരുന്നു. എന്നാൽ പുതുക്കിയ GST നിലവിൽ വന്നതിനാൽ നിലവിലെ 18 ശതമാനം GST ഉൾപ്പെടുത്തി പുതുക്കിയ 28.79 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ**

266(1055) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി ഹൈഡ്രോളിക് മോഡൽ പാനം നടത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഫയൽ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനായി 12 ശതമാനം ജി.എസ്.റ്റി. ഉൾപ്പെടെ 9.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 18 ശതമാനം ജി.എസ്.റ്റി. ഉൾപ്പെടുത്തണമെന്നുള്ളതിനാൽ 9.8 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 18-9-2021-ലെ W5/35242/ 2014/DB1 നമ്പർ കത്തുപ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. തുടർന്ന് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് 23-12-2021-ലെ IR2/175/2020/WRD കത്തുമുഖേന നിർദ്ദേശിച്ചതിനെത്തുടർന്ന് ഇതേ എസ്റ്റിമേറ്റ്, ഡാറ്റാ ശേഖരണ സമയത്തുണ്ടാകാവുന്ന അപ്രതീക്ഷിത ചെലവ് ഇനത്തിൽ 22,000 രൂപ കൂടി പുതുതായുൾപ്പെടുത്തി ഡി.എസ്.ആർ. 2018 പ്രകാരം 10 ലക്ഷം രൂപയ്ക്ക് പ്രൈസ് മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്. ആയതിൻപ്രകാരം പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഒളവിലം-പാത്തിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം**

267(1056) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ തുക അനുവദിക്കുകയും 18.20 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും ചെയ്ത തലശ്ശേരി നിയോജകമണ്ഡലത്തിലെ ഒളവിലം-പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) തലശ്ശേരി മണ്ഡലത്തിലെ ഒളവിലം-പാത്തിക്കലിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി 21-7-2022-ലെ സ.ഉ (സാധാ) നമ്പർ 636/2022/ജ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഭരണാനുമതി നൽകിയത് പ്രൈസ് 1-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിനാണ്. ഇപ്പോൾ പ്രൈസ്-3 നിലവിൽ വന്നതിനാൽ സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൂർണ്ണമായും പ്രൈസ് 3-യിൽ തയ്യാറാക്കേണ്ടതുണ്ട്. സിവിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ്

3-യിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ കീഴ് കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ-ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട വിഭാഗങ്ങളോട് തയ്യാറാക്കി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഉൾപ്പെടെയുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മഞ്ചേശ്വരം മണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

268(1057) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ പുഴയ്ക്കുകുറുകെ നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതി വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; സാങ്കേതികാനുമതി നൽകുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇല്ല. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് പ്രൈസ്-1-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിനാണ്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രൈസ് സോഫ്റ്റ്‌വെയർ ഒന്നാം ഘട്ടത്തിൽ നിന്നും മൂന്നാം ഘട്ടത്തിലേയ്ക്ക് മാറിയതിനാൽ ആദ്യം തയ്യാറാക്കിയ പ്രോജക്ട് എസ്റ്റിമേറ്റ് വീണ്ടും പൂർണ്ണമായും പ്രൈസ് 3-ൽ തയ്യാറാക്കേണ്ടതുണ്ട്. സാങ്കേതികാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കാനും എസ്റ്റിമേറ്റ് പ്രൈസ് 3-ൽ തയ്യാറാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പൂർണ്ണമായും പ്രൈസ് 3-ൽ ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രൈസ്-3 സോഫ്റ്റ്‌വെയറിലുള്ള ചെറിയ സാങ്കേതിക തകരാറുകൾമൂലവും എസ്റ്റിമേറ്റ് സമയബന്ധിതമായി തയ്യാറാക്കുവാൻ കാലതാമസം നേരിടുന്നുണ്ട്.

(സി) സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഈ വർഷം ഡിസംബർ മാസത്തിനുള്ളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എത്രയുംവേഗം പ്രവൃത്തിയാരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കീഴ്തണ്ടിലും മുട്ടിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

269(1058) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ കീഴ്തണ്ടിലും മുട്ടിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

വടക്കാഞ്ചേരി പുഴയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് സർക്കാർ തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളാണ് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി പുഴയ്ക്കുകുറുകെ കീഴ്തണ്ടിലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവും (₹14,40,00,000.00) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ മുട്ടിക്കലിൽ സംസ്ഥാനപാത 50-നെയും കോട്ടപ്പുറം വില്ലേജിലെ മുട്ടിക്കൽ-അട്ടത്തറ റോഡിനെയും ബന്ധിപ്പിച്ച് വടക്കാഞ്ചേരി പുഴയ്ക്കുകുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവും (₹11,90,00,000.00). പ്രസ്തുത നിർമ്മാണത്തിന് KIIDC-നെയാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) നിയമിച്ചിട്ടുള്ളത്. കിഫ്ബിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനായി ഇരുപദ്ധതികളുടെയും കിഫ്ബി മാനദണ്ഡപ്രകാരമുള്ള ഡി.പി.ആർ. 24-6-2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

**മുട്ടിൽകാപ്പ് റെഗുലെറ്റർ-കം-ബ്രിഡ്ജ്**

270(1059) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മുട്ടിൽകാപ്പ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ മുട്ടിൽകാപ്പ് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് രൂപകൽപ്പന നൽകുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിച്ചുവെങ്കിലും ആയതിന്മേൽ കൂടുതൽ വിവരങ്ങൾ സമർപ്പിക്കാൻ ഐ.ഡി.ആർ.ബി. ആവശ്യപ്പെടുകയും ആയത് ഐ.ഡി.ആർ.ബി.-ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

### കടക്കാട്ടുപാറ - ആലുംകടവ് റെഗുലേറ്റർ പദ്ധതി

271(1060) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ-ആലുംകടവ് റെഗുലേറ്റർ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അവസാനഘട്ട ഡിസൈൻ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം കൂടാതെ ഫൈനൽ ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടക്കാട്ടുപാറ-ആലുങ്കടവ് റഗുലേറ്ററിന്റെ ഡിസൈൻ ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പൂർണ്ണമായും പ്രൈസ്-3-ൽ തയ്യാറാക്കേണ്ടതുണ്ട്. അതിനായുള്ള നടപടികൾ കീഴ്കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക, തുക വകയിരുത്തിയിട്ടുള്ള ഹെഡ് ഓഫ് അക്കൗണ്ട് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമെ പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക, ഹെഡ് ഓഫ് അക്കൗണ്ട് എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയാൻ കഴിയുകയുള്ളൂ.

### ചിത്താരി പുഴയിൽ പുതിയ റെഗുലേറ്റർ സ്ഥാപിക്കാൻ നടപടി

272(1061) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ കാലപ്പഴക്കം കൊണ്ട് നശിച്ചതിനാൽ നൂറുകണക്കിന് ഏക്കർ പ്രദേശത്ത് ഉപ്പുവെള്ളം കയറി കൃഷിനാശമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചിത്താരി പുഴയിൽ പുതിയ റെഗുലേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ചിത്താരി പുഴയിൽ നിലവിലുള്ള പഴയ റെഗുലേറ്ററിന്റെ മേൽഭാഗത്തായി 33.28 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു ഉപ്പുവെള്ള പ്രതിരോധ

റെഗുലേറ്റർ നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 17-6-2022-ലെ ജി.ഒ.(ആർ.ടി.) നമ്പർ 4461/2022/ഫിൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നബാർഡിൽ സമർപ്പിക്കുന്ന പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ അതത് വകുപ്പിലെ ഭരണവിഭാഗം പ്രൈസ് മുഖേനയും ഡി.എസ്.ആർ. 2018 മുഖേനയും തയ്യാറാക്കിയ എസ്റ്റിമേറ്റിന് താൽക്കാലിക സാങ്കേതികാനുമതി നൽകിയതിനുശേഷം മാത്രം ഭരണാനുമതിക്കായി സമർപ്പിച്ചാൽ മതിയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൻപ്രകാരം ടി പ്രവൃത്തിക്ക് താൽക്കാലിക സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

താൽക്കാലിക സാങ്കേതികാനുമതി നൽകിയതിനുശേഷം എസ്റ്റിമേറ്റ്, NABARD XXVIII Tranche-യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കഞ്ചികട്ടയിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രൊപ്പോസൽ**

273(1062) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള പുഴയ്ക്കുകുറുകെ കഞ്ചികട്ടയിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രൊപ്പോസൽ നബാർഡ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഫയൽ നമ്പരുൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) കുമ്പള പുഴയ്ക്കുകുറുകെ കഞ്ചിക്കട്ടയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന പദ്ധതിയുടെ വിശദമായ പദ്ധതിരേഖ MI3/68/2021-WRD നമ്പർ ഫയൽ പ്രകാരം NABARD Tranche-27-ന്റെ പരിഗണനയ്ക്കായി ശിപാർശ ചെയ്യുന്നതിനായി ധനകാര്യ വകുപ്പിന് നൽകുകയും ആയത് ധനകാര്യവകുപ്പ് 30-7-2021-ലെ 1806711/NC-A1/24/2021-Fin നമ്പർ കത്തുപ്രകാരം നബാർഡിലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്തു. എന്നാൽ നബാർഡ് പ്രസ്തുത പദ്ധതി അംഗീകരിച്ചില്ല. NABARD സ്കീമുകളിൽ കൂടുതൽ ബെനിഫിറ്റ് (area benefitted/ayacut proposed) ആവശ്യമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ആയക്കട്ട് വിസ്തീർണം കൂട്ടിക്കൊണ്ട് പദ്ധതിയുടെ പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ

കീഴ്കാര്യാലയങ്ങളിൽ സ്വീകരിച്ചുവരുന്നു. ഇപ്രകാരം തയ്യാറാക്കുന്ന പുതുക്കിയ പ്രൊപ്പോസൽ നബാർഡിന്റെ അടുത്ത Tranche (NABARD XXVIII)-ൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

നിലവിൽ കാലപ്പഴക്കമുള്ള Salt Water Extrusion Cross Bar (SWECB)-ന്റെ സ്ഥാനത്ത് പുതുതായി ഒരു SWECB നിർമ്മിക്കുന്നതിനും ആവശ്യമായ പുഴയുടെ കര സംരക്ഷണ പ്രവൃത്തികളും പാലത്തിനെ ഇരുകരയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡുകളുടെ നിർമ്മാണവുമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

(ഡി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തി വഴി കടലിൽ നിന്നുള്ള ഉപ്പുവെള്ളം കുമ്പള പുഴയിലേയ്ക്ക് കടന്നുകയറുന്നത് തടയാനും അതുവഴി ബംബ്രാണ, കോയിപ്പാടി ഗ്രാമങ്ങളിലെ കൃഷിയുടെ വിളവ് വർദ്ധിക്കുന്നതിനും സഹായമാകുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായ പാലം നിർമ്മിക്കുന്നതിലൂടെ ബംബ്രാണ, കോയിപ്പാടി വില്ലേജുകളും കുമ്പള ടൗണും തമ്മിലുള്ള കണക്ഷൻ റോഡ് കൂടി നിലവിൽ വരുന്നതോടുകൂടി കർഷകർക്കും പൊതുജനങ്ങൾക്കും ജീവിതനിലവാരം മെച്ചപ്പെടുത്താനും സാധിക്കുന്നതാണ്.

**ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്**

274(1063) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ ചെമ്പിളാവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ആയതിന് ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിച്ച് അഞ്ച് വർഷം കഴിഞ്ഞിട്ടും ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തുന്ന മെല്ലെപ്പോക്ക് നടപടിക്ക് പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. എന്നത്തേയ്ക്ക് സമർപ്പിക്കാൻ കഴിയും; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത പദ്ധതിക്ക് 17-10-2017-ലെ G.O.(Rt)No.859/17/WRD പ്രകാരം 10.10 കോടി രൂപയുടെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കറുത്തേടത്ത് കടവിൽ മീനച്ചിലാറിന് കുറുകെ 68 മീറ്റർ നീളത്തിൽ റെഗുലേറ്ററും 1.5 മീറ്റർ വീതിയിൽ നടപ്പാലവും നിർമ്മിക്കുന്നതാണ് ഈ പദ്ധതി. 11.72 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി KIIFB-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**സീതാർകുണ്ട് പദ്ധതി**

275(1064) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് പദ്ധതിയുടെ പ്രവൃത്തി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് ഡൈവർഷൻ പദ്ധതിക്കായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള ടോപ്പോഗ്രാഫിക്കൽ സർവ്വേ KERI, പീച്ചി കാര്യാലയത്തിനുകീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഹൈഡ്രോളജിക്കൽ റിപ്പോർട്ടിന്റെയും സർവ്വേയുടെയും മറ്റ് പഠനങ്ങളുടെയും അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), പീച്ചി തയ്യാറാക്കി കഴിഞ്ഞു. ഇതുസംബന്ധിച്ച തുടർനടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പറമ്പിക്കുളം - ആളിയാർ പദ്ധതി**

276(1065) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ ഭാഗമായ തമിഴ്നാട്ടിലുള്ള ആളിയാർ ഡാമിൽ നിന്ന് നൂറ്റിയിരുപത് കിലോമീറ്റർ അകലെയുള്ള ഒട്ടൻചത്രത്തിലേയ്ക്ക് കുടിവെള്ളത്തിനായി ജലം കടത്താൻ തമിഴ്നാട് ഏകപക്ഷീയമായി തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തമിഴ്നാട് സർക്കാരിന്റെ 9-5-2022-ലെ സ.ഉ. (എം.എസ്.) നമ്പർ 66 Municipal Administration & Water Supply Department പ്രകാരം ആളിയാർ നദിയിലെ ജലമുപയോഗിച്ച് തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് കുടി ജലവിതരണം നടത്തുന്നതിന് 930 കോടി രൂപ അനുവദിച്ച് ഉത്തരവായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലായാൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ ഭാരതപ്പുഴയുടെ തീരങ്ങൾ മരുഭൂമിക്ക് സമാനമാകുമെന്ന ജനങ്ങളുടെ ആശങ്ക ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പറമ്പിക്കുളം-ആളിയാർ കരാർ ഷെഡ്യൂൾ II പാര 4 പ്രകാരം ഓരോ ജലവർഷവും ചിറ്റൂർപുഴ പ്രദേശത്തെ ജലസേചനത്തിനായി ഉപയോഗ യോഗ്യമല്ലാത്ത പ്രളയജലം ഒഴിച്ച് 7.25 ടി.എം.സി. ജലം കേരളത്തിന് മണക്കടവ് വിയറിൽ ലഭ്യമാക്കേണ്ടതുണ്ട്. നിലവിൽ ആളിയാർ ഡാമിൽനിന്നും തുറന്നുവിടുന്ന ജലവും മണക്കടവ് വിയറിനുമുകളിലുള്ള catchment-ൽ നിന്നുള്ള നീരൊഴുക്കും കൂടി ചേർന്നാണ് കേരളത്തിന് ഈ ജലം ലഭ്യമായിക്കൊണ്ടിരിക്കുന്നത്. തമിഴ്നാടിന്റെ പുതിയ പ്രൊപ്പോസൽ പ്രകാരം ഭാരതപ്പുഴ ബേസിനുപുറത്തുള്ള സ്ഥലങ്ങളിലേയ്ക്കും ആളിയാർ നദിയിലെ ജലം ലഭ്യമാക്കാൻ പദ്ധതിയുണ്ടെന്ന് മനസ്സിലാക്കുന്നു. നിലവിൽ ഭാരതപ്പുഴ നദീതടത്തിൽ നിന്നും ജലം തിരിച്ചുവിടുന്നത് കേരളം ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ജലത്തിൽ കുറവ് വരുത്തും. നിലവിൽ 7.25 ടി.എം.സി. ജലം കൂടാതെ ഒഴുകിവരുന്ന ബാക്കിയുള്ള ജലത്തിന്റെ ഒരു ഭാഗവും ഭാരതപ്പുഴയിലെ വിവിധ ആവശ്യങ്ങൾക്കായി കേരളം ഉപയോഗിക്കുന്നുണ്ട്. ഭാരതപ്പുഴയിൽ, കേരളത്തിന് ധാരാളം കുടിവെള്ള പദ്ധതികളുണ്ട്. കരാർ പ്രകാരമുള്ള 7.25 ടി.എം.സി. ജലം മാത്രം കേരളത്തിന് മണക്കടവ് വിയറിൽ അളന്നുതന്നതിനുശേഷം ബാക്കി ജലം തമിഴ്നാട് തിരിച്ചുവിട്ടാൽ അത് പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ കേരളത്തിന്റെ താൽപ്പര്യത്തെ ദോഷകരമായി ബാധിക്കും. ഇപ്രകാരമുള്ള ജലത്തിന്റെ തിരിച്ചുവിടൽ കേരളത്തിലേയ്ക്കുള്ള നീരൊഴുക്കിനെ പ്രത്യേകിച്ച് വേനൽക്കാലത്ത് ഗുരുതരമായി ബാധിക്കുവാൻ സാധ്യതയുണ്ട്. കേരളത്തിന് ചിറ്റൂർപുഴ പ്രദേശത്തെ ജലസേചനത്തിനും കുടിവെള്ളം ഉൾപ്പെടെയുള്ള മറ്റ് ആവശ്യങ്ങൾക്കും ഭാരതപ്പുഴയിലെ പാരിസ്ഥിതിക ഒഴുക്ക് നിലനിർത്തുന്നതിനും 7.25 ടി.എം.സി.-യിൽ കൂടുതൽ ജലം ആവശ്യമുണ്ട്. ഈ വിഷയം കേരളം കരാർ പുനരവലോകന ചർച്ചയിൽ നിരന്തരം ഉന്നയിച്ചുവരികയാണ്. മേൽ വിവരങ്ങൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് പ്രസ്തുത കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട തുടർനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചീഫ്

എഞ്ചിനീയർ, ISW, ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാടിനോട് 8-6-2022, 18-6-2022, 22-6-2022, 29-7-2022 എന്നീ തീയതികളിൽ കത്തുമുഖേന ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതുസംബന്ധിച്ച വിവരം തമിഴ്നാട് സർക്കാരിനാവശ്യമായ നടപടികൾക്കായി കൈമാറിയതായി ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാട് 23-6-2022-ലെ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഒരു നദീതട പ്രദേശത്ത് നിന്നും മറ്റൊരു നദീതട പ്രദേശത്തേയ്ക്ക് വെള്ളം നൽകരുതെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവ് നിലനിൽക്കെ തമിഴ്നാടിന്റെ പ്രസ്തുത പ്രവൃത്തിയിൽ ആശങ്ക രേഖപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(സി&ഡി) പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട കേരളത്തിന്റെ ആശങ്കകൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ, ISW, ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാടിനോട് 8-6-2022, 18-6-2022, 22-6-2022,29-7-2022 എന്നീ തീയതികളിൽ കത്തുമുഖേന ആവശ്യപ്പെടുകയുണ്ടായി. ഇതുസംബന്ധിച്ച വിവരം തമിഴ്നാട് സർക്കാരിനാവശ്യമായ നടപടികൾക്കായി കൈമാറിയതായി ചീഫ് എഞ്ചിനീയർ, WRD/PWD കോയമ്പത്തൂർ റീജിയൻ, തമിഴ്നാട് 23-6-2022-ലെ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയെപ്പറ്റി കൂടുതൽ ആധികാരികമായതും വിശദവുമായിട്ടുള്ള വിവരങ്ങൾ (ഡി.പി.ആർ.-ഉം മറ്റ് അനുബന്ധ രേഖകളും) ലഭിക്കുന്നതിനായി വിവരാവകാശ നിയമം, 2005 പ്രകാരം ഓൺലൈനായി തമിഴ്നാട് മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ & വാട്ടർ സപ്ലൈ ഡിപ്പാർട്ട്മെന്റിന് അപേക്ഷ സമർപ്പിക്കുകയും ഇതുപ്രകാരം 09-5-2022-ലെ സ.ഉ.(എം.എസ്.) നമ്പർ 66 Municipal Administration & Water Supply Department, ഉത്തരവിന്റെ പകർപ്പ് മാത്രം ലഭ്യമായിട്ടുണ്ട്. കൂടാതെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തമിഴ്നാട് Water Supply & Drainage Board-ൽ നിന്ന് ലഭ്യമായ മറുപടി പ്രകാരം പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്ന Daily Water Demand 37.26 MLD-യും (വാർഷിക ഉപഭോഗം-13600 Million Litres) ആണെന്നും

പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ Tendering Stage-ലും ടെണ്ടർ തുറക്കുന്ന തീയതി 4-8-2022-നാണെന്നും വിശദമായ പദ്ധതിരേഖ കേരളത്തിന് നൽകാൻ കഴിയില്ലെന്നുമാണ് പറഞ്ഞിരുന്നത്. ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട തുടർനടപടികളിൽനിന്ന് സമവായം എത്തുന്നതുവരെ വിട്ടുനിൽക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും ടെണ്ടർ നടപടികൾ നിർത്തിവയ്ക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ടും അനുബന്ധരേഖകളും കേരളത്തിന് നൽകുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും 3-8-2022-ലെ സർക്കാർ അർദ്ധ ഔദ്യോഗിക കത്ത് നം. ISWC2/43/2022-ജ.വി.വ. പ്രകാരം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതിയെ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കകൾ കേരളം അടുത്ത നടക്കാൻ പോകുന്ന 106-ാമത് ജോയിന്റ് വാട്ടർ റെഗുലേഷൻ (ജെ.ഡബ്ല്യൂ.ആർ) ബോർഡ് യോഗത്തിൽ ശക്തമായി ഉന്നയിക്കുന്നതാണ്.

**കുട്ടനാട്ടിൽ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ നടപടി**

277(1066) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കഭീഷണി നേരിടാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കുട്ടനാട്ടിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്ക ഭീഷണി നേരിടാൻ തോടുകളുടെ നവീകരണവും പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തലും വിവിധ പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. പ്രധാനമായും പ്ലാൻ, നബാർഡ്, എസ്.ഡി.ആർ.എഫ്. എന്നീ പദ്ധതികളിലുൾപ്പെടുത്തിയാണ് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. 2019 മുതൽ 2022 വരെയുള്ള കാലയളവിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 79.40 കോടി രൂപയുടെ 119 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലൂടെ 122 കി. മീ. നീളത്തിൽ പുറംബണ്ട് ബലപ്പെടുത്തുവാനും 2660 ഹെക്ടർ ഏരിയ സംരക്ഷണം നടത്തുവാനും സാധിക്കുന്നതാണ്. കൂടാതെ 29.10 കോടി രൂപയുടെ പ്രവൃത്തികൾ നബാർഡിലുൾപ്പെടുത്തിയും നടപ്പിലാക്കിവരുന്നുണ്ട്. എസ്.ഡി.ആർ.എഫ്. പദ്ധതിയിലുൾപ്പെടുത്തി ആലപ്പുഴ, കോട്ടയം ജില്ലകളിലായി തോടുകളുടെ നവീകരണവും നടപ്പിലാക്കിയിട്ടുണ്ട്. 2022-23-ൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 26.1910 കോടി രൂപയുടെ 36 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

തോട്ടപ്പള്ളി സ്പിൽവേ, തണ്ണീർമുക്കം ബണ്ട് എന്നിവയുടെ ഷട്ടറുകൾ മെയിന്റനൻസ് സമയാസമയങ്ങളിൽ പൂർത്തിയാക്കി അവ റെഗുലേറ്റ് ചെയ്ത് വെള്ളപ്പൊക്കം ഒരു പരിധിവരെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ തോട്ടപ്പള്ളി സ്പിൽവേയുടെ അപ്സ്ട്രീം സൈഡിൽ ഡ്രെഡ്ജ് ചെയ്യുന്നതിന് ഡിപ്പാർട്ടുമെന്റൽ ഡ്രെഡ്ജർ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടനാട്ടിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാനും കനാലുകളുടെ ആഴം വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനുമായി Restoration of Eco System of Kuttanad എന്ന പദ്ധതിയിലുൾപ്പെടുത്തി 56.25 കോടി രൂപ അടങ്കൽ വരുന്ന 14 പ്രവൃത്തികൾ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

(ബി) ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയ മണലും എക്കലും നീക്കം ചെയ്യുന്നതിന് ഒരു സമഗ്ര പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ നദികളിൽ അടിഞ്ഞുകൂടിയ എക്കലും മണലും മറ്റും നീക്കം ചെയ്യുന്നതിന് മെക്കാനിക്കൽ വിഭാഗത്തിന്റെ കൈവശമുള്ള ഡ്രെഡ്ജറുകൾ സിൽറ്റ് പുഷർ, Long reach JCB എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തികൾക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. വേമ്പനാട്ടുകായലിൽ അടിഞ്ഞുകൂടിയ എക്കലും മണലും നീക്കം ചെയ്യുന്നതിന് ഡിപ്പാർട്ടുമെന്റ് ഡ്രെഡ്ജറുകൾ ഉപയോഗിച്ച് ഡീസിൽറ്റ് ചെയ്യുന്നതിനുള്ള പ്രാഥമിക റിപ്പോർട്ട് പഞ്ചവത്സര (2022-27) പദ്ധതിയിലുൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വേമ്പനാട്ടുകായലിലെ ചീപ്പുങ്കൽ ഭാഗത്ത് 30 ലക്ഷം ക്യൂബിക് മീറ്റർ മണലും എക്കലും ഡീസിൽറ്റ് ചെയ്യുന്നതിനായി ഏകദേശം 87.9 കോടി രൂപയുടെ എസ്റ്റിമേറ്റ് PRICE 3.0 സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിവരുന്നുണ്ട്.

(സി) പോളകൾ നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

പോളകൾ നീക്കം ചെയ്യുന്നതിന് അടിയന്തരഘട്ടങ്ങളിൽ സി.എസ്.ഐ.എൻ.ഡി. ഫണ്ടുപയോഗിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഡിപ്പാർട്ട്മെന്റ് വക വീഡ് ഹാർവെസ്റ്റർ ഉപയോഗിച്ച് പോളകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത മേഖലകളിലെ മണൽ നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ച് നടപ്പിലാക്കാവുന്നതാണ്.

## മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

278(1067) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) തരൂർ മണ്ഡലത്തിലെ മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി 226 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കുവേണ്ടി സിവിൽ, മെക്കാനിക്കൽ എന്നിവയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് കൂടി ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## വടക്കാഞ്ചേരി മണ്ഡലത്തിലെ പ്രവൃത്തികൾ

279(1068) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22 വർഷത്തിൽ ഇറിഗേഷൻ വിഭാഗം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22 വർഷത്തിൽ ഇറിഗേഷൻ വിഭാഗം ഭരണാനുമതി നൽകിയ പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഭാരതപ്പുഴ- ചമ്രവട്ടം-ബിയ്യം കനാൽ പദ്ധതി

280 (1069) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി മണ്ഡലത്തിൽപ്പെട്ട നാലായിരത്തോളം ഹെക്ടർ വരുന്ന കോൾമേഖലയിലെ കൃഷിക്ക് വെള്ളം ലഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയായ ഭാരതപ്പുഴ-ചമ്രവട്ടം-ബിയ്യം കനാൽ ലിങ്ക് പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചമ്രവട്ടം-ബിയ്യം കനാൽ ലിങ്ക് പദ്ധതി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)-യിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് (EIA Study report) സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് (ജലസേചനവും ഭരണവും) നിർദ്ദേശം നൽകിയിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ മാവുള്ള പൊയിൽ വി.സി.ബി. പ്രവൃത്തി**

281(1070) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ മാവുള്ള പൊയിൽ വി.സി.ബി. (വാക്വം സർക്യൂട്ട് ബ്രേക്കർ) എന്ന പ്രവൃത്തി വകുപ്പിന്റെ 2022-23 സാമ്പത്തികവർഷം ഭരണാനുമതി നൽകേണ്ടുന്ന മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) മുൻഗണനാ പട്ടികയിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ മാവുള്ള പൊയിൽ വി.സി.ബി. (Vented Cross Bar) എന്ന പ്രവൃത്തിക്കുവേണ്ടി 98 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശം 2022-23 വർഷത്തേയ്ക്കുള്ള ആന്വൽപ്ലാനിന്റെ മുൻഗണനാ പട്ടികയിൽ മൈനർ ഇറിഗേഷൻ ക്ലാസ്-I സ്കീമിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബാലുശ്ശേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പ്രവൃത്തികൾ**

282(1071) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 വർഷങ്ങളിൽ ഫണ്ട് അനുവദിച്ച ഏതെല്ലാം പ്രവൃത്തികളാണ് ബാലുശ്ശേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പുമുഖേന നടന്നുവരുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) 2019-20, 2020-21 വർഷങ്ങളിൽ ഫണ്ടനുവദിച്ച് ബാലുശ്ശേരി മണ്ഡലത്തിൽ ജലവിഭവ വകുപ്പുമുഖേന നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

### കുന്നത്തുനാട് മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

283(1072) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പാക്കുന്ന മൈനർ/മേജർ ഇറിഗേഷൻ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

### തിരുവമ്പാടി മണ്ഡലത്തിലെ പദ്ധതികൾ

284(1073) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തികവർഷം ജലസേചന വകുപ്പ് തിരുവമ്പാടി മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളാണ് ഭരണാനുമതിക്കായി സമർപ്പിച്ചത്; വ്യക്തമാക്കുമോ;

(ബി) അവയിൽ ഭരണാനുമതി ലഭിച്ചത് ഏതിനൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(എ&ബി) 2021-22 സാമ്പത്തികവർഷം തിരുവമ്പാടി മണ്ഡലത്തിൽ ജലസേചന വകുപ്പ് ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

### ഐക്കാട് ചെക്ക് ഡാം

285(1074) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ ഐക്കാട് പ്രദേശത്ത് തേജസ്വിനി പുഴയിൽ "ഐക്കാട് ചെക്ക്ഡാം" എന്ന പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ ഐക്കാട് ചെക്ക് ഡാം എന്ന പ്രവൃത്തിയുടെ പ്രാഥമിക സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ചെക്ക് ഡാമിന്റെ ആയക്കെട്ട്, സർവ്വെ സ്കെച്ച് എന്നിവയോടെ ഇൻവെസ്റ്റിഗേഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ ലഭ്യമായതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## വാമനപുരം മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

286(1075) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മൈനർ/മേജർ ഇറിഗേഷൻ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിൽ നിലവിൽ വാമനപുരം നദിയിലെ പൊന്നാംചുണ്ട് സൂര്യകാന്തി മങ്കയം ചപ്പാത്തിനുസമീപം മാലിന്യവും മണ്ണും നീക്കം ചെയ്യുന്നതിനുള്ള 1,70,000 രൂപ അടങ്കൽ വരുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി മൈനർ/മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുതിയ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല.

## ഗുരുവായൂർ അഴുക്കുചാൽ പദ്ധതി

287(1076) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുമായി ബന്ധപ്പെട്ട് പഴയ പൈപ്പുകൾ മാറ്റുന്നതിനും അഴുക്ക്ചാൽ പദ്ധതി നടത്തിപ്പിന് മാത്രമായി പ്രത്യേകം ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനും എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ അഴുക്കുചാൽ പദ്ധതി നടപ്പിലാക്കപ്പെട്ടശേഷം പഴയ പൈപ്പുകൾ പൊട്ടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ കത്ത് പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**കുറ്റ്യാടി ജലസേചന പദ്ധതി**

288(1077) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി DRIP രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി ഡാമിന്റെ ദൃഢത വർദ്ധിപ്പിക്കുന്നതിന് സപ്പോർട്ടിംഗ് കോൺക്രീറ്റ് ഡാമിന്റെ നിർമ്മാണപ്രവൃത്തി നടന്നുവരികയാണ്. ഓരോ വർഷവും ബഡ്ജറ്റിൽ പ്ലാൻ/നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാൽ അറ്റകുറ്റപ്രവൃത്തികൾ നടത്തിവരുന്നുണ്ട്.

കുറ്റ്യാടി പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനും/ബലപ്പെടുത്തുന്നതിനുമായി 180 കോടി രൂപയുടെ പ്രൊപ്പോസൽ പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. 22-2-2022-ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷയിൽ ചേർന്ന യോഗം ടി പ്രൊപ്പോസൽ പരിശോധിക്കുകയും കുറ്റ്യാടി ജലസേചന പദ്ധതിക്കാവശ്യമായ പുനരുദ്ധാരണ പ്രവൃത്തികളിൽ വളരെയധികം പ്രാധാന്യമുള്ളവയെന്നും പ്രാധാന്യം കുറഞ്ഞവയെന്നും തരംതിരിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഒരു ആക്ഷൻപ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയതുപ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 2022-23 വർഷത്തിൽ പൂർത്തീകരിക്കേണ്ട അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികളുടെ 40 കോടി രൂപ ചെലവ് വരുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിന് അംഗീകാരം നൽകി പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ സാധിക്കുന്നതാണ്. മുൻഗണനാടിസ്ഥാനത്തിൽ അഞ്ചുവർഷക്കാലംകൊണ്ട് ചെയ്തുതീർക്കേണ്ട പ്രവൃത്തികൾക്കായി 180 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലുണ്ട്. കൂടാതെ കുറ്റ്യാടി പദ്ധതിയുടെ കനാലുകളുടെ

ഡീസിൽറ്റിംഗിനാവശ്യമായ അധിക ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ചാത്തന്നൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ**

289(1078) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽ നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) ചാത്തന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

**തിരുവമ്പാടി മണ്ഡലത്തിലെ ചെറുകിട ജലസേചന പ്രവൃത്തികൾ**

290(1079) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തികവർഷം ചെറുകിട ജലസേചന വകുപ്പിൽ നിന്നും ഭരണാനുമതിക്കായി സമർപ്പിച്ച തിരുവമ്പാടി മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) അവയിൽ ഏതിനൊക്കെയാണ് ഭരണാനുമതി ലഭിച്ചതെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ**

291(1080) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനായി കരട് ചട്ടം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് പ്രസ്തുത ചട്ടം തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള കരട് ചട്ടം സജീവ പരിഗണനയിലാണ്. ആയതിനുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത കരട് ചട്ടം സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഉപദേശം തേടിയതെന്നും ഉപദേശം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി 5-5-2020-ലെ നമ്പർ 30992/സി2/1997/ജവിവ പ്രകാരം കത്ത് നൽകിയിരുന്നു. ആയതിന് 13-12-2021-ലെ കത്തുപ്രകാരം ചില ഭേദഗതികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ചട്ടം പ്രസിദ്ധപ്പെടുത്താൻ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

കരട് സ്പെഷ്യൽ റൂൾ പ്രസിദ്ധപ്പെടുത്താനനിവാര്യമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് വരുന്നതിനാലാണ് ആയത് പ്രസിദ്ധപ്പെടുത്താൻ കാലതാമസം നേരിടുന്നത്. കരട് സ്പെഷ്യൽ റൂളിൽ വിവിധ തലത്തിൽ നടത്തുന്ന ചർച്ചകളിൽ ഉയർന്നുവരുന്ന ഭേദഗതികളനുസരിച്ച് വീണ്ടും കരട് തയ്യാറാക്കുകയും ആയതിന്മേൽ പി.എസ്.സി.-യുടെ അഭിപ്രായത്തോടുകൂടി നിയമവകുപ്പിന്റെയും ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പിന്റെയും പരിശോധനയ്ക്ക് വിധേയമാക്കിയും നിയമവകുപ്പ് അംഗീകരിക്കുന്ന കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമുണ്ട്. ഈ നടപടിക്രമങ്ങളെല്ലാം തന്നെ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ഡി) പ്രസ്തുത കരട് ചട്ടത്തിന് പകരമായി പുതിയ കരട് ചട്ടം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ സാംഗത്യവും അനിവാര്യതയും വിശദമാക്കാമോ?

പുതിയ കരട് ചട്ടം രൂപീകരിച്ചിട്ടില്ല.

**ടെട്രാപോഡുകൾ ഉപയോഗിച്ച് കടൽതീരം സംരക്ഷിക്കുന്നത്**

292(1081) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കടൽതീരം സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ രൂക്ഷമായ കടലാക്രമണവും വേലിയേറ്റ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി അടിയന്തര പ്രതിരോധ പ്രവർത്തനങ്ങൾ എല്ലാവർഷവും ചെയ്തുവരുന്നു. മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി 17.55 ലക്ഷം രൂപയുടെ 4 പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. 29.90 ലക്ഷം രൂപയ്ക്ക് വൈപ്പിനിൽ ബാത്തിമെട്രിക് സർവ്വേ നടത്താനുള്ള പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെറായിപുഴയുടെ സംരക്ഷണത്തിനായി 22.10 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കണക്കിലെടുത്ത് സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ തീരശോഷണവും കടലാക്രമണവും തടയാൻ തീരഘടനയ്ക്കനുയോജ്യമായ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സുസ്ഥിരമായ നിർമ്മിതികൾ നിർമ്മിക്കേണ്ടതുണ്ട്.

കടലാക്രമണത്തിന്റെ കാഠിന്യവും തീരശോഷണത്തിന്റെ തോതും കണക്കിലെടുത്ത് കേരളത്തിലുടനീളം 10 ഹോട്ട്സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഈ ഹോട്ട്സ്പോട്ടുകളിൽ വൈപ്പിൻ മേഖല ഉൾപ്പെട്ടിട്ടില്ലെങ്കിലും കേരളത്തിന്റെ തീരപ്രദേശത്ത് ദീർഘകാലാടിസ്ഥാനത്തിൽ തീരദേശസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും രൂപകൽപ്പന ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി.)-ൽ നിന്നും സഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് " Kerala Sustainable coastal protection and climate resilience Planning Project" എന്ന പദ്ധതിയുടെ Preparatory Project Report (PPR) തയ്യാറാക്കി സമർപ്പിച്ചതിൽ വൈപ്പിൻ മേഖലയുൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ Detailed Project Report (DPR) തയ്യാറാക്കുന്നതിനായി കേന്ദ്രജലവിഭവ വകുപ്പിന്റെ തത്വത്തിലുള്ള അംഗീകാരം 26-5-2022-ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ലോകബാങ്കിന്റെ സഹായത്തോടെ ടെട്രാപോഡ് ഉപയോഗിച്ച് കടൽതീരം സംരക്ഷിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ; അതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് അംഗീകാരം എന്നത്തേയ്ക്ക് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി വിശദമായ പഠനം നടത്തുവാൻ National Centre for Coastal Research (NCCR), Chennai എന്ന വിദഗ്ധ സ്ഥാപനവുമായി ധാരണാപത്രം (MoU) ഒപ്പിടുകയുണ്ടായി. ടി

സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുത്തിട്ടുണ്ട്.

രൂക്ഷമായി കടലാക്രമണം നേരിടുന്ന മേൽപ്പറഞ്ഞ ഹോട്ട്സ്പോട്ടുകളിൽ ഉൾപ്പെടാത്ത മറ്റ് പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ ഘടനയനുസരിച്ച് കണ്ടൽകാടുകൾ വച്ചുപിടിപ്പിച്ച് തീരം സംരക്ഷിക്കുന്നതിനും ടെട്രാപോഡുപയോഗിച്ച് കടൽഭിത്തിയും പുലിമുട്ടുകളും നിർമ്മിക്കുവാൻ ലോകബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

**റാന്നിയിൽ ഗ്രൗണ്ട് വാട്ടർ വകുപ്പിന്റെ പ്രവർത്തനം**

293(1082) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2021 ജൂൺ 1 മുതൽ 2022 ജൂലൈ 31 വരെ ഗ്രൗണ്ട് വാട്ടർ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് പട്ടികയായി നൽകാമോ?

(ബി) 2022-23 സാമ്പത്തികവർഷത്തിൽ റാന്നി മണ്ഡലത്തിൽ ഗ്രൗണ്ട് വാട്ടർ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) 2021-22 സാമ്പത്തികവർഷത്തിൽ റാന്നി മണ്ഡലത്തിൽ എത്ര കുഴൽ കിണർ നിർമ്മാണം, കിണർ റീച്ചാർജിംഗ് എന്നീ പ്രവൃത്തികൾ ചെയ്തുവെന്ന് പട്ടികയായി നൽകാമോ?

(എ-സി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകൾ**

294(1083) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗാർഹിക കിണറുകളെ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി KRWSA മുഖേന നടപ്പിലാക്കിയ മഴവെള്ള കൊയ്ത്ത് പദ്ധതിയുടെ ശേഷിയുയർത്തലും ഭൂഗർഭജല റീചാർജ്ജിംഗ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ ഗാർഹിക കുടിവെള്ള സ്രോതസ്സുകളായ കിണറുകൾ സംരക്ഷിക്കുന്നതിനും ജലപരിപോഷണം നടത്തുന്നതിനുമാവശ്യമായ പദ്ധതികൾ 2019 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെട്ട കിണറുകളുടെ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുവേണ്ടി പുരപ്പുറ മഴവെള്ള കൊയ്ത്ത് നടത്തി കിണറുകൾ റീചാർജ്ജ് ചെയ്യപ്പെടുന്നു. ആവശ്യമായ സ്ഥലങ്ങളിൽ കിണറുകളുടെ സംരക്ഷണത്തിനായി കിണറിന്റെ ചുറ്റുമതിൽ നിർമ്മാണവും നടപ്പിലാക്കിവരുന്നു. എന്നാൽ 2022-23 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഗാർഹിക കിണറുകളുടെ സംരക്ഷണത്തിനും സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്നതിനുമായി 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്ന് സാമ്പത്തികവർഷങ്ങളിൽ 20 ഗ്രാമപഞ്ചായത്തുകളിലായി മഴവെള്ള കൊയ്ത്തിന്റെ പ്രചാരണ പരിപാടിയിലുൾപ്പെടുത്തി 8464 കിണറുകൾ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ കിണറുകളുടെ സുസ്ഥിര ഭൂജല ലഭ്യതയ്ക്കായി ഭൂജല സംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതി ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം ഫിൽറ്ററിംഗ് സംവിധാനത്തിലൂടെ തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ തുടങ്ങിയ ഭൂജല നിർമ്മിതികളിലേയ്ക്ക് കടത്തിവിട്ട് ഭൂജല നിരപ്പ് ഉയർത്തുന്നതിനുള്ള പദ്ധതികളാണ് ഭൂജല വകുപ്പ് പ്രധാനമായും അവലംബിച്ചുവരുന്നത്.

**കിണർ നിർമ്മാണത്തിന് ഭൂജല അതോറിറ്റിയുടെ അനുമതി**

295(1084) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഏതെങ്കിലും മേഖലകളിൽ കിണർ നിർമ്മാണം ഉൾപ്പെടെയുള്ള ഭൂജല വികസനത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ അനുമതി നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

നിർബന്ധമാക്കിയിട്ടുണ്ട്. കേരള ഭൂജല (നിയന്ത്രണവും, ക്രമീകരണവും) ആക്ട് 2002 പ്രകാരം സംസ്ഥാനത്തെ വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) ഗാർഹിക ഉപയോഗത്തിനുള്ള തുറന്ന കിണറുകൾ ഒഴിച്ചുള്ള ഏതൊരു ഭൂജലനിർമ്മിതികളുടെ നിർമ്മാണത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജലവകുപ്പിന്റെ അനുമതിയും നിർബന്ധമാണ്.

(ബി) ഈ പ്രദേശങ്ങളിലെ ഭൂജല നിരപ്പ് സംരക്ഷിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതിയിൽ ഭൂജലനിരപ്പ് സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടാണ് ഭൂജല സംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നത്. മേൽക്കൂര വഴിയുള്ള മഴവെള്ളം ഉപയോഗപ്പെടുത്തി ഫിൽറ്ററിംഗ് സംവിധാനത്തിലൂടെ തുറന്നകിണറുകൾ/കുഴൽക്കിണറുകൾ/മഴക്കുഴികൾ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകൾ, അടിയണകൾ, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം തുടങ്ങിയ പദ്ധതികളാണ് ഭൂജലനിരപ്പ് സംരക്ഷിക്കുന്നതിന് ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പ്രവൃത്തികൾ.

**ചപ്പാരപ്പടവിലെ കിണർ നിർമ്മാണ പ്രവൃത്തി**

296(1085) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയുടെ കുടിവെള്ള പദ്ധതിയുടെ ഭാഗമായ ചപ്പാരപ്പടവിലെ കിണർ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണ്; വ്യക്തമാക്കാമോ?

നാട്ടുകാരുടെ എതിർപ്പുമൂലവും ചപ്പാരക്കടവ് പഞ്ചായത്തിന്റെ സ്ഥലം കൈയേറി എന്നാരോപിച്ച് പഞ്ചായത്ത് സെക്രട്ടറി പ്രവൃത്തി നിർത്തിവെക്കാനുള്ള സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നതിനാലും പ്രവൃത്തി താൽക്കാലികമായി നിർത്തിവയ്ക്കേണ്ടി വന്നു. പ്രവൃത്തി ഇതുവരെ പുനരാരംഭിച്ചിട്ടില്ല.

(ബി) കിണർ നിർമ്മാണ പ്രവൃത്തി തടസ്സപ്പെടാൻ കാരണമെന്താണ്; അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നാട്ടുകാരുടെയും പഞ്ചായത്ത് അധികൃതരുടെയും എതിർപ്പാണ് പ്രവൃത്തി തടസ്സപ്പെടാൻ കാരണം. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട കണ്ണൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 11-1-2022-ന് ചേർന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തി എത്രയും പെട്ടെന്ന് പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണത്തിൽ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പഞ്ചായത്തിന്റെയും പരിസരവാസികളുടെയും എതിർപ്പ് രൂക്ഷമായതിനാലും നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നത് തടയുന്നതിനാലും തൊഴിലാളികൾക്ക് താമസസൗകര്യം നിഷേധിക്കുന്നതിനാലും ദീർഘകാലത്തേയ്ക്ക് പോലീസ് സംരക്ഷണത്തിൽ പ്രവൃത്തികൾ കൊണ്ടുപോകുന്നത് ബുദ്ധിമുട്ടാണെന്ന് കോൺട്രാക്ടർ അറിയിച്ചിരുന്നു. മാത്രമല്ല നിലവിലുള്ള കരാർ തുകയിൽ പ്രവൃത്തി തുടരാൻ സാധ്യമല്ലെന്നും കരാർ കാലാവധി കഴിഞ്ഞതിനാൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിത്തരണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടതിനാൽ പ്രസ്തുത കരാർ നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചപ്പാരപ്പടവ് പഞ്ചായത്തിൽ കാട്ടാമ്പള്ളിയിൽ KIIDC നിർമ്മിക്കുന്ന RCB-യുടെ പ്രവൃത്തി പുനരാരംഭിച്ചാൽ മാത്രമെ പ്രവൃത്തിയുമായി സഹകരിക്കുകയുള്ളൂവെന്ന് ചപ്പാരപ്പടവ് പഞ്ചായത്ത് അധികൃതരും നാട്ടുകാരും അറിയിച്ചിരുന്നു. RCB-യുടെ പ്രവൃത്തിക്ക് ഹൈക്കോടതിയുടെ സ്റ്റേ നിലവിലുണ്ട്. സ്റ്റേ ഒഴിവാക്കാനുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നാട്ടുകാരുടെയും പഞ്ചായത്ത് അധികൃതരുടെയും ഭാഗത്ത് നിന്നുള്ള എതിർപ്പ് പരിഹരിച്ചതിനുശേഷം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുഴൽക്കിണറുകളുടെ നിർമ്മാണം**

297(1086) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിലെ രണ്ട് കുഴൽക്കിണറുകളുടെ നിർമ്മാണം സംബന്ധിച്ച് ഭൂജല വകുപ്പിൽ സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ SNDP ഭാഗത്തും മാൻവട്ടം ഫുഡ് പ്രോഡക്ട്സിന് സമീപവും കുഴൽകിണർ നിർമ്മാണത്തിനായി ഭൂജല പര്യവേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. വകുപ്പിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിന് 6,81,233 രൂപയുടെ അനുമതി നൽകുകയും പ്രസ്തുത കുഴൽക്കിണർ നിർമ്മാണം 3,94,181 രൂപ ചെലവഴിച്ചുകൊണ്ട് 2021-22 സാമ്പത്തികവർഷത്തിൽതന്നെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കുടിവെള്ളം തീരെയില്ലാത്ത മാഞ്ഞൂർ പഞ്ചായത്തിൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പഞ്ചായത്തിലെ കുഴൽക്കിണർ പദ്ധതികൾക്ക് അംഗീകാരം എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഭൂജലവകുപ്പ് മിനി ജലവിതരണ പദ്ധതികൾക്ക് അനുമതി നൽകുന്നത് രണ്ടുഘട്ടങ്ങളായിട്ടാണ്. ആദ്യഘട്ടത്തിൽ കുഴൽക്കിണർ നിർമ്മാണവും അതിനുശേഷം കുഴൽക്കിണറിലെ ജലലഭ്യതക്കനുസരിച്ച് ജലവിതരണ പദ്ധതിക്കും അനുമതി നൽകി നടപ്പിലാക്കിവരുന്നു.

ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി മാഞ്ഞൂർ പഞ്ചായത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. അങ്ങനെ ജൽജീവൻ പദ്ധതിയിൽപ്പെടുത്തി കുടിവെള്ളലഭ്യത ഉറപ്പാക്കാൻ സാധിക്കാത്ത സാഹചര്യമുള്ള സ്ഥലങ്ങളിലാണ് കുഴൽക്കിണറിൽ നിന്നുള്ള ജലവിതരണം സാദ്ധ്യമാക്കുന്നത് അതിനാൽ ജൽജീവൻ പദ്ധതിയുടെ പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രവൃത്തിയും പൂർത്തീകരിക്കാൻ സാധിക്കുന്നത്.

### ഭൂജല വകുപ്പിലെ എസ്.എൽ.ആർ. വർക്കേഴ്സിന്റെ ശമ്പളപരിഷ്കരണം

298(1087) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ലഭ്യമായ പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ഭൂജല വകുപ്പിലെ എസ്.എൽ.ആർ. വർക്കേഴ്സിന് ലഭ്യമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എസ്.എൽ.ആർ. വർക്കേഴ്സിന് പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) എസ്.എൽ.ആർ. വർക്കേഴ്സിന് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ മണ്ഡലത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം**

299(1088) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ജലസംരക്ഷണം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനായി ആലപ്പുഴ മണ്ഡലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം വിജയകരമാക്കാൻ എത്രത്തോളം സാധിച്ചുവെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ജലസംരക്ഷണം എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നതിനായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള ജല അതോറിറ്റി, ഹരിതകേരളം മിഷൻ തുടങ്ങിയവ മുഖേന പുസ്തകങ്ങൾ/ലഘുലേഖകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ വിദ്യാലയങ്ങൾ/കുടുംബശ്രീ എന്നിവയുടെ സഹകരണത്തോടെ പ്രാദേശികതലത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലോക പരിസ്ഥിതിദിനം (ജൂൺ 5), ലോക തണ്ണീർത്തട ദിനം (ഫെബ്രുവരി 2) ലോക ജലദിനം (മാർച്ച് 22) എന്നീ ദിനാചരണങ്ങളുടെ ഭാഗമായും ജലസംരക്ഷണം/ജലശുചീകരണം/മാലിന്യ നിക്ഷേപത്തിന്റെ ദൂഷ്യവശങ്ങൾ/നിലവിലുള്ള നിയമങ്ങൾ എന്നിവ സംബന്ധിച്ച് പൊതുബോധവൽക്കരണ ക്ലാസ്സുകൾ/സെമിനാറുകൾ സംഘടിപ്പിക്കാറുണ്ട്. ഹരിതകേരളം മിഷന്റെ കീഴിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകിവരുന്നുണ്ട്. കൂടാതെ കില മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന പരിശീലനങ്ങളുടെ ഭാഗമായും മേൽപ്പറഞ്ഞ ആശയങ്ങളും മാതൃകകളും പ്രചരിപ്പിക്കാറുണ്ട്.

ഭൂജലവകുപ്പിനുകീഴിൽ എല്ലാവർഷവും വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ എന്നിവർക്കായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു. ആലപ്പുഴ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലായി രണ്ട് ബോധവൽക്കരണ സെമിനാറുകൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് സ്രോതസ്സുകൾക്കുസമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സുകളുടെ ഇൻടേക്/ഗ്യാലറി/കിണർ എന്നിവയിൽ അടിഞ്ഞുകൂടുന്ന ചെളിയും മാലിന്യങ്ങളും കാലാകാലങ്ങളിൽ നീക്കം ചെയ്തും കമ്പിവേലികൾ കെട്ടിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ജലസംരക്ഷണത്തിനായി പോസ്റ്ററുകൾ പതിപ്പിച്ചും വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും പായലുകൾ നീക്കം ചെയ്തും മലിനീകരണം തടഞ്ഞ് ഗുണനിലവാരം ഉറപ്പാക്കുന്നു. ഇത്തരത്തിൽ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ലഭ്യമായ ജലം പരമാവധി ഉപയോഗപ്പെടുത്തുവാനും സാധിക്കുന്നുണ്ട്.

ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടത്തിയ ഗ്രീൻ പ്രോട്ടോക്കോൾ പ്രചരണത്തിന്റെ ഭാഗമായി ജലമിതവ്യയത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് കിണറുകളുടെ ശുചീകരണവും മഴവെള്ള റീചാർജ്ജിംഗും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഹരിതകേരളം മിഷൻ നടത്തിവരുന്നു. ഭൂപ്രകൃതിക്കനുസൃതമായി അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിച്ച് ഭൂജലപോഷണം വഴി പരമാവധി മഴവെള്ളം മണ്ണിലേക്കിറങ്ങാൻ വേണ്ട നടപടികളും ഹരിതകേരളം മിഷൻ സ്വീകരിച്ചുവരുന്നു. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് 412 കി.മീ. നദികളും 45736 കി.മീ. തോടുകളും 26259 കുളങ്ങളും മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തട പ്ലാനുകൾ" തയ്യാറാക്കുകയും അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/പുനരുദ്ധാരണം/സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധ പ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നു. "ഇനി ഞാനൊഴുകട്ടെ" എന്ന പദ്ധതി ഇതിനുദാഹരണമാണ്. ആലപ്പുഴ ജില്ലയിലെ കുട്ടൻപേരുരാറിന്റെ ശുചീകരണം വിവിധ വകുപ്പുകളുടെ സഹകരണത്തോടും ജനപങ്കാളിത്തത്തോടുംകൂടി നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്.

നവകേരളം കർമ്മപദ്ധതി II-ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ജനകീയമായി ഇത്തരം പ്രവൃത്തികൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

**വർക്കല-നടയറ-പാരിപ്പള്ളി റോഡിന്റെ നവീകരണത്തിനായി പൈപ്പ് ലൈനുകൾ മാറ്റുന്നത്**

300(1089) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള വർക്കല-നടയറ-പാരിപ്പള്ളി റോഡിന്റെ നവീകരണത്തിനായി പൈപ്പ്ലൈനുകൾ മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് വർക്കല-നടയറ-പാരിപ്പള്ളി റോഡിന്റെ നവീകരണത്തിനായി പൈപ്പ്ലൈൻ മാറ്റുന്നതിനുവേണ്ടി 5,89,000,00 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**ജലവിഭവ വകുപ്പിന്റെ ഷൊർണ്ണൂർ മണ്ഡലത്തിലെ പദ്ധതികൾ**

301(1090) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

302(1091) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആലപ്പുഴ ജില്ലയിലെ കിഫ്ബി പ്രവൃത്തികൾക്കുവേണ്ടിയുള്ള പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേനയാണ് കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതിയുടെ ഘടകങ്ങളായ ഉന്നതതല ജലസംഭരണികൾക്കുവേണ്ടി പഞ്ചായത്ത് കൈമാറേണ്ടതായ സ്ഥലങ്ങൾ ലഭ്യമാക്കുന്നത് ത്വരിതപ്പെടുത്തുന്നതിനായി 18-6-2022-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്തുകളുടെ യോഗം കൂടുകയും സ്ഥലം അടിയന്തരമായി കൈമാറാൻ ജില്ലാ കളക്ടർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പരമാവധി സ്ഥലം കുറച്ച് പുതുക്കിയ ഡിസൈൻ തയ്യാറാക്കുകയും അംഗീകാരത്തിനായി വാസ്കോണിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ഉടൻതന്നെ ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാസമാജികരും ജില്ലാകളക്ടറും കിഫ്ബി ഉദ്യോഗസ്ഥരും കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും സംയുക്ത യോഗങ്ങൾ നിരന്തരം ചേരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വിവിധ ഘട്ടങ്ങളെയുൾപ്പെടുത്തി ഒറ്റടെണ്ടറായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതിയുടെ വിവിധ ഘട്ടങ്ങളെയുൾപ്പെടുത്തി ഒറ്റ ടെണ്ടറായി നടപ്പാക്കുന്നതിനായി 1-8-2022-ൽ കൂടിയ കിഫ്ബി റിവ്യൂ മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ആറ് പാക്കേജുകളിലായി വിഭാവനം ചെയ്തിരിക്കുന്ന ഈ പദ്ധതി ഇപ്പോൾ ഒറ്റവർക്കായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി സമയബന്ധിതമായി തീർക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക ഡിവിഷൻ രൂപീകരിച്ച് അനുബന്ധ പ്രവൃത്തികൾ നടത്തിവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയിൽ ഓവർഹെഡ് ടാങ്കുകളുൾപ്പെടെയുള്ളവ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ ഉന്നതതല ജലസംഭരണികൾ ഉൾപ്പെടെയുള്ളവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനായി തഹസിൽദാർ, കിഫ്ബി, കായംകുളത്തിനെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ച്

സ്ഥലമേറ്റെടുക്കൽ തുടർപ്രവൃത്തികൾ നടന്നുവരുന്നു. ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി പഞ്ചായത്തുകൾ കൈമാറേണ്ടതായ സ്ഥലങ്ങൾ ലഭ്യമാകുന്നത് ത്വരിതപ്പെടുത്തുന്നതിനായി 18-6-2022-ൽ ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും സ്ഥലം അടിയന്തരമായി കൈമാറാൻ ജില്ലാകളക്ടർ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി കുട്ടനാട് എം.എൽ.എ.-യും ജില്ലാകളക്ടറും കിഫ്ബി ഉദ്യോഗസ്ഥരും കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും സംയുക്ത യോഗങ്ങൾ ചേരുന്നുണ്ട്.

**യു.ഐ.ഡി.എസ്.എസ്.എം.ടി. കുടിവെള്ള പദ്ധതി**

303(1092) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കുന്ന യു.ഐ.ഡി.എസ്.എസ്.എം.ടി. (അർബൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ്) കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി മണ്ഡലത്തിലെ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ നാല് പാക്കേജുകളിലായി നടപ്പിലാക്കുന്ന UIDSSMT കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ താഴെപ്പറയും പ്രകാരമാണ്.

പാക്കേജ് I: മയിലാടി ശുദ്ധീകരണശാലയിൽനിന്നും തലശ്ശേരിയിലേക്കുള്ള ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുകയും അഞ്ചരക്കണ്ടി, ചാമ്പാട്, കാളിയിൽ, കൊടുവള്ളി എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ ബ്രിഡ്ജ് നിർമ്മാണം 17.6 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിക്കുകയും ചെയ്തു.

പാക്കേജ് II: രണ്ട് സോണുകളിലായി നടപ്പിലാക്കുന്ന പ്രവൃത്തികളിൽ വിതരണ ശൃംഖല അഭിവൃദ്ധിപ്പെടുത്തലും മൊറക്കുന്ന്, ചിറക്കക്കാവ് എന്നിവിടങ്ങളിൽ ഉന്നതതല സംഭരണിയുമാണുൾപ്പെട്ടിട്ടുള്ളത്. ഇതിൽ വിതരണ ശൃംഖല അഭിവൃദ്ധിപ്പെടുത്തലും മൊറക്കുന്നിലെ ഉന്നത സംഭരണിയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

പാക്കേജ് III: രണ്ട് സോണുകളിലായി നടപ്പിലാക്കുന്ന പ്രവൃത്തികളിൽ കൊടുവള്ളിയിലും തലായിലും ജലസംഭരണി സ്ഥാപിക്കലും വിതരണ ശൃംഖല

സ്ഥാപിക്കുന്ന പ്രവൃത്തിയുമാണുൾപ്പെട്ടിട്ടുള്ളത്. ഇതിൽ 2.13 കി.മീ. നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കലും ജലസംഭരണിയുടെ ഗ്രൗണ്ട് ലെവൽ വരെയുള്ള പ്രവൃത്തികളും മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

പാക്കേജ് IV: കീഴല്ലൂർ പമ്പ് ഹൗസിലെയും ജലശുദ്ധീകരണ ശാലയിലെയും മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയാണ് പാക്കേജ് IV-ൽ ഉൾപ്പെട്ടത്. പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്തൊക്കെയാണെന്നും ആയതിന്റെ കാരണം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

പാക്കേജ് II: ചിറക്കക്കാവിനടുത്തുള്ള സംഭരണിയുടെ ഫിനിഷിംഗ് പ്രവൃത്തിയും വിതരണ ശൃംഖല ബന്ധിപ്പിക്കുന്ന പ്രവൃത്തിയും പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്തിരിക്കുകയാണ്.

പാക്കേജ് III: ബാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ജലസംഭരണികളുടെ തുടർപ്രവർത്തനങ്ങളും ബാക്കിയുണ്ട്. പ്രവൃത്തികൾ മന്ദഗതിയിലായതിനാലും കരാറുകാരന്റെ ഭാഗത്തുനിന്നും പ്രവൃത്തി പൂർത്തീകരിക്കാൻ യാതൊരു നടപടിയില്ലാത്തതിനാലും പ്രസ്തുത കരാർ റദ്ദ് ചെയ്യുകയാണുണ്ടായത്.

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് ശേഷിക്കുന്നതെന്നും ആയത് അടിയന്തരമായി പൂർത്തീകരിക്കാനെന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

പാക്കേജ് II: ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി തലശ്ശേരി മുനിസിപ്പാലിറ്റി 172 ലക്ഷം രൂപ വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ബാക്കിയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാക്കേജ് III: പ്രവൃത്തി കരാറുകാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും നടത്തുന്നതിനായി ദർഘാസ് നടത്തുകയുണ്ടായി. എന്നാൽ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ ടെണ്ടറിന് അംഗീകാരം നൽകിയിരുന്നില്ല. ഈ പ്രവൃത്തികൾ അർബൻ വാട്ടർ സപ്ലൈ സ്കീം ഇംപ്രൂവ്മെന്റിൽ (സ്റ്റേറ്റ് പ്ലാൻ) ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

304(1093) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാർ അധികാരത്തിൽവന്നതിനുശേഷവും ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഫണ്ടനുവദിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ച തുകയെത്രയെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും അറിയിക്കുമോ?

(എ&ബി) മുൻ സർക്കാരിന്റെ കാലയളവിലും നിലവിലെ സർക്കാർ അധികാരത്തിൽവന്നതിനുശേഷവും ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളും അവയുടെ പൂർത്തീകരണവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## പേരാമ്പ്ര മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

305(1094) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ നിലവിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തുകളിലെയും ജൽജീവൻ മിഷൻ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) പേരാമ്പ്ര മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ നിലവിലുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(1) കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

(2) കെ.ആർ.ഡബ്ല്യൂ.എസ്.എ. - ചങ്ങരോത്ത്, കൂതാളി, നൊച്ചാട്, ചെറുവണ്ണൂർ, കീഴരിയൂർ ഗ്രാമപഞ്ചായത്തുകളിൽ സർക്കാരിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് സുസ്ഥിരതാപദ്ധതിയിലുൾപ്പെടുത്തി നടത്തിവരുന്ന പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(3) മേജർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(4) മൈനർ ഇറിഗേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു..*

(5) ജലസേചനവകുപ്പിന്റെ SPV-ആയ KIIDC മുഖാന്തരം KIIFB ധനസഹായത്താൽ പേരാമ്പ്ര മണ്ഡലത്തിൽ കുറ്റിയാടി പുഴയ്ക്കുകുറുകെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. 61.13 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയുടെ 19 ശതമാനം നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചു.

**ശുദ്ധജല വിതരണ പദ്ധതികൾക്കായുള്ള കേന്ദ്ര ഫണ്ട്**

306(1095) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നിലവിലേർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായുള്ള സംവിധാനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതുമൂലം കേന്ദ്രത്തിൽനിന്നും ലഭ്യമാകേണ്ട ഫണ്ടുകൾ നഷ്ടപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ കഴിഞ്ഞ ആറ് വർഷക്കാലയളവിൽ കേന്ദ്ര ഫണ്ടിനത്തിൽ നഷ്ടപ്പെട്ട തുക എത്രയാണെന്ന് അറിയിക്കാമോ; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(ബി&സി) 2021-22 സാമ്പത്തികവർഷം ജൽജീവൻ മിഷൻ പദ്ധതിക്കായി കേന്ദ്ര സർക്കാർ വകയിരുത്തിയിരുന്ന 1804.59 കോടി രൂപയിൽ സംസ്ഥാനത്തിന് 1353.44 കോടി രൂപ മാത്രമെ ലഭ്യമായിട്ടുള്ളു. പ്രസ്തുത വർഷം സംസ്ഥാനത്തിന് ലഭ്യമായ തുകയുടെ 80 ശതമാനം നിശ്ചിത സമയത്തിനുള്ളിൽ ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ പദ്ധതിവിഹിതത്തിന്റെ നാലാമത്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഗഡുവായ 451.15 കോടി രൂപ കേന്ദ്രസർക്കാർ അനുവദിച്ചില്ല. കൂടാതെ 2019-20, 2020-21 സാമ്പത്തികവർഷങ്ങളിൽ കേന്ദ്രവിഹിതത്തിന്റെ അവസാനഗഡു സംസ്ഥാനത്തിന് ലഭ്യമായിട്ടില്ല. ഇതിൽ 2019-20 സാമ്പത്തികവർഷം കേന്ദ്ര വിഹിതമായി 248.76 കോടി രൂപ വകയിരുത്തിയതിൽ സംസ്ഥാനത്തിന് 101.29 കോടി രൂപയാണ് ലഭ്യമായത്. ലഭ്യമായ തുകയുടെ നിശ്ചിത ശതമാനം ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം സർക്കാരിന് സമർപ്പിച്ചെങ്കിലും ബാക്കിതുക ലഭ്യമായില്ല. 2020-21 സാമ്പത്തികവർഷം കേന്ദ്ര വിഹിതമായി 404.24 കോടി രൂപ വകയിരുത്തിയതിൽ സംസ്ഥാനത്തിന് 303.18 കോടി രൂപയാണ് ലഭ്യമായത്. പ്രസ്തുത വർഷവും ലഭ്യമായ തുകയുടെ നിശ്ചിത ശതമാനം ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം സർക്കാരിന് സമർപ്പിച്ചെങ്കിലും ബാക്കി തുക ലഭ്യമായില്ല. ഇപ്രകാരം 2019-20 സാമ്പത്തികവർഷം 147.47 കോടി രൂപയും 2020-21 സാമ്പത്തികവർഷം 101.06 കോടി രൂപയും സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ട്.

**കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് വർക്കിംഗ് കലണ്ടർ**

307(1096) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി അശാസ്ത്രീയമായി നടത്തുന്ന അറ്റകുറ്റപ്പണികളും കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതും റോഡുകളിൽ കുഴികൾ രൂപപ്പെടുന്നതിന് ഒരു പ്രധാന കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിലിത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ?

കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതുമൂലം റോഡുകളിൽ കുഴികൾ രൂപപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് പുനഃസ്ഥാപന തുക ബന്ധപ്പെട്ട വകുപ്പുകളിലൊടുക്കിയശേഷമാണ് റോഡ് കുഴിക്കാറുള്ളത്. പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം കുഴികൾമൂടി താൽക്കാലിക റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ നടത്തി റോഡ് ഗതാഗത യോഗ്യമാക്കാറുണ്ട്. സ്ഥായിയായ പുനഃസ്ഥാപന പ്രവൃത്തികൾ ബന്ധപ്പെട്ട വകുപ്പുകളാണ് ചെയ്യേണ്ടത്. ഇതിനെടുക്കുന്ന കാലതാമസമാണ് കുഴികൾ രൂപപ്പെടുന്നതിനുള്ള പ്രധാന കാരണം.

റോഡുകളുടെ ഉടമസ്ഥാവകാശം നിക്ഷിപ്തമായിരിക്കുന്ന PWD, KRFB, NHAI തുടങ്ങിയ ഏജൻസികൾ അംഗീകരിച്ചുതരുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ടി ഏജൻസിക്ക് അടയ്ക്കുന്നമുറയ്ക്കാണ് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിരുന്നത്. കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്ന ജോലികളുമായി ബന്ധപ്പെട്ട പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനാവശ്യമായ തുക അതത് വകുപ്പുകളിൽ ഒടുക്കുകയാണ് ചെയ്തുവന്നിരുന്നത്. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് ഡിപ്പാർട്ട്മെന്റുകൾക്കായിരുന്നു.

എന്നിരുന്നാലും പുതുതായി കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതുവഴി തകരാറിലാകുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ കാൽനടയാത്രക്കാർക്കും വാഹനഗതാഗതത്തിനും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ കേരള വാട്ടർ അതോറിറ്റി താൽക്കാലികമായി പുനരുദ്ധാരണം നടത്താറുണ്ട്.

24-2-2022-ലെ G.O.(MS)No.8/2022/PWD പ്രകാരം പൊതുമരാമത്ത് റോഡുകളിൽ പൈപ്പിട്ടശേഷം റോഡ് പുനഃസ്ഥാപിക്കുന്ന ചുമതല വാട്ടർ അതോറിറ്റിക്ക് നൽകി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവുപ്രകാരം, പൈപ്പ്ലൈൻ പ്രവൃത്തികളുടെ കരാർ തുകയിൽ റോഡുകളുടെ അറ്റകുറ്റപ്പണിക്കുള്ള തുക കൂടിയുൾപ്പെടുത്തിയാണ് നൽകുവരുന്നത്.

പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തിയോടൊപ്പം നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ സമയ ബന്ധിതമായിതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) റോഡുകളിലെ കുഴികളിൽ വീണ് നിരവധിപേർക്ക് ജീവൻ നഷ്ടപ്പെടുകയും പരിക്കേൽക്കുകയും ചെയ്യുന്ന നിലവിലെ സാഹചര്യത്തിൽ പുതിയതായി ടാർ ചെയ്യുന്ന റോഡുകളുൾപ്പെടെ കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി വെട്ടിപ്പൊളിക്കുന്ന രീതി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളമെത്തിക്കുകയെന്നതും ഗതാഗത സൗകര്യമൊരുക്കുകയെന്നതും പരമപ്രധാനമായ കാര്യങ്ങളാണ്. കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുവാൻ പ്രത്യേകമായി സൗകര്യമില്ലാത്തതിനാൽ അത് പൊതുവഴികളിലൂടെയാണ് സ്ഥാപിച്ചുവരുന്നത്. കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കേണ്ട സാഹചര്യത്തിൽ റോഡുകൾ കുഴിച്ച് പൈപ്പ്ലൈനുകൾ സ്ഥാപിക്കുകയെന്നത് ഒഴിവാക്കാനാവില്ല. നിലവിൽ ടാറിംഗ് റോഡിന് അരികിലൂടെ Berm മുറിച്ച് പൈപ്പ് സ്ഥാപിക്കുവാനാണ് വാട്ടർ

അതോറിറ്റി കൂടുതലും ശ്രമിക്കാറുള്ളത്. അത്തരം പ്രവൃത്തി സാദ്ധ്യമല്ലാത്ത ഘട്ടത്തിൽ മാത്രമെ റോഡ് വെട്ടിപ്പൊളിക്കുന്ന രീതി അവലംബിക്കാറുള്ളൂ. റോഡ് പുനഃസ്ഥാപന തുക ബന്ധപ്പെട്ട വകുപ്പുകളിലൊടുക്കി അനുമതി ലഭിച്ചശേഷമേ കുഴിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കുകയുള്ളൂ. പൈപ്പ്ലൈൻ സ്ഥാപിച്ചശേഷം താൽക്കാലിക പുനഃസ്ഥാപന പ്രവൃത്തികൾ നടത്താൻ ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കാറുണ്ട്. ചില പദ്ധതികളിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തിയോടൊപ്പം നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് റോഡ് പുനഃസ്ഥാപന പ്രവൃത്തികളും ഉൾപ്പെടുത്താറുണ്ട്. വെട്ടിപ്പൊളിച്ച റോഡുകളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഭാവിയിൽ വെട്ടിപ്പൊളിക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ചുമതല വാട്ടർ അതോറിറ്റിക്ക് നൽകുകയും അതിനുവേണ്ട തുക എസ്റ്റിമേറ്റിന്റെ ഭാഗമാക്കുകയും ചെയ്തിട്ടുണ്ട്. റോഡ് വെട്ടിപ്പൊളിക്കുന്നതിന് പകരമായി റോഡിനോട് ചേർന്ന് ഡക്ടുകൾ സ്ഥാപിക്കുകയോ പൈപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുകയോ ചെയ്യുന്നതാണ്.

(സി) മേൽപ്പറഞ്ഞ പ്രകാരം വിവിധ പ്രവർത്തനങ്ങൾക്കായി റോഡ് കുഴിക്കുമ്പോൾ പ്രസ്തുത റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ഫണ്ട് കൂടി അനുവദിച്ച് നൽകുന്നുണ്ടോ; പ്രസ്തുത പ്രവൃത്തികൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ?

പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിനോടൊപ്പം റോഡ് പുനഃസ്ഥാപന പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റുകൂടി ഉൾപ്പെടുത്തിയാണ് പദ്ധതികൾക്ക് ഭരണാനുമതി നൽകാറുള്ളത്. റോഡ് പുനഃസ്ഥാപന പ്രവൃത്തിക്കുള്ള തുക ബന്ധപ്പെട്ട വകുപ്പുകളിലൊടുക്കി അനുമതി ലഭിച്ചശേഷമേ റോഡ് കുഴിച്ച് പൈപ്പ്ലൈൻ സ്ഥാപിക്കാറുള്ളൂ. ചില പദ്ധതികളിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തിയോടൊപ്പം നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് റോഡ് പുനഃസ്ഥാപന പ്രവൃത്തികളും ഉൾപ്പെടുത്താറുണ്ട്. ഇത്തരം പദ്ധതികളിൽ റോഡ് പുനഃസ്ഥാപന പ്രവൃത്തികൾ സമയബന്ധിതമായിതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) റോഡുകളിൽ കുടിവെള്ള പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായിചേർന്ന് ഒരു വർക്കിംഗ് കലണ്ടർ തയ്യാറാക്കുന്നതിനും അതിനനുസൃതമായി സമയബന്ധിതമായും സുരക്ഷിതമായും പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

റോഡുകളിൽ കുടിവെള്ള പൈപ്പുകളും മറ്റും സ്ഥാപിക്കുന്നതിന് കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന കോ-ഓർഡിനേഷൻ കമ്മിറ്റികളിൽ പൊതുമരാമത്ത് വകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി ചേർന്ന് വർക്കിംഗ് കലണ്ടർ തയ്യാറാക്കാറുണ്ട്. നിലവിൽ റോഡ് കുഴിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷ സമർപ്പിക്കുന്നതിനും തുടർനടപടികൾക്കുമായി ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിനായി വാട്ടർ അതോറിറ്റിയുടെ വിവിധ പ്രവൃത്തികൾക്കുവേണ്ടി റോഡ് മുറിക്കുന്നതിനുള്ള അപേക്ഷ MORTH/NHAI/ SUGAMA (RoW)/e-pmg എന്നീ പോർട്ടലുകളിൽ രേഖപ്പെടുത്തുകയും അനുമതിക്കായി അപേക്ഷിക്കുകയും ചെയ്യാറുണ്ട്. അതിനുപരിയായി കേരള വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർ തലത്തിലും പൊതുമരാമത്ത് വകുപ്പുമായും മറ്റ് ഏജൻസികളുമായും ആവശ്യം വരുന്ന ഘട്ടങ്ങളിൽ യോഗംചേർന്ന് സമയബന്ധിതമായും സുരക്ഷിതമായും പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്.

**പുളിമാത്ത്, നഗരൂർ, കരവാരം സമഗ്ര കുടിവെള്ള പദ്ധതി**

308(1097) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിമാത്ത്, നഗരൂർ, കരവാരം ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നപടികൾ എന്തെല്ലാമാണ്?

പുളിമാത്ത്, കരവാരം, നഗരൂർ പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 7-2-2019-ൽ കിഫ്ബി വഴി 81.81 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് ഏഴിടത്തായി ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇതിനുള്ള അപേക്ഷകൾ 6-4-2019-ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും നടപടികളെല്ലാം പൂർത്തീകരിച്ച് നെടുമ്പറമ്പ് കാട്ടിൽ സ്കൂൾ പരിസരത്തൊഴികെ ബാക്കിയുള്ള സ്ഥലങ്ങളെല്ലാം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

(ബി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പദ്ധതിയുടെ വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിന് അഞ്ചിടത്തായി റവന്യൂ ഭൂമിയും രണ്ടിടത്ത് സ്വകാര്യഭൂമിയും ഏറ്റെടുക്കേണ്ടതുണ്ടായിരുന്നു. സംപും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് കരവാരം വില്ലേജിലെ പാവല്ല എന്ന സ്ഥലത്ത്

10 സെന്റ്, ഉപരിതല ജലസംഭരണികൾ നിർമ്മിക്കുന്നതിന് നഗരൂർ വില്ലേജിലെ പാറമുക്ക് എന്ന സ്ഥലത്ത് 25 സെന്റ്, വെള്ളല്ലൂർ വില്ലേജിലെ നെല്ലിക്കുന്നിൽ 25 സെന്റ്, കടൽകാണിപ്പാറയിൽ 15 സെന്റ്, ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി പുളിമാത്ത് വില്ലേജിലെ കുറ്റിമൂടിൽ 75 സെന്റ് എന്നിവയാണ് ഏറ്റെടുക്കേണ്ടിയിരുന്ന റവന്യൂ വകുപ്പിന്റെ സ്ഥലങ്ങൾ. ടി റവന്യൂ ഭൂമികളിൽ പണി തുടങ്ങുവാനുള്ള അനുമതി ജില്ലാകളക്ടർ നൽകിയിട്ടുണ്ട്. എന്നാൽ നെല്ലിക്കുന്നിൽ കണ്ടെത്തിയ സ്ഥലം കോടതി വ്യവഹാരത്തിലൂടെ സ്വകാര്യവ്യക്തിക്ക് കൈവശപ്പെട്ടതിനാൽ പകരം നെടുമ്പറമ്പ് കാട്ടിൽ സ്കൂൾ പരിസരത്തെ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തുകയും അത് ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇതുവരെയും പ്രസ്തുത സ്ഥലം ലഭ്യമായിട്ടില്ല. ഉപരിതലജലസംഭരണി നിർമ്മിക്കുന്നതിന് വണ്ടിത്തടമെന്ന സ്ഥലത്ത് 15 സെന്റ് സ്ഥലവും കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് വാമനപുരം വില്ലേജിലെ ആനാകുടിയെന്ന സ്ഥലത്ത് വാമനപുരം നദിയോട് ചേർന്ന് 25 സെൻറ് സ്ഥലവും സ്വകാര്യവ്യക്തികളിൽനിന്നും ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. അത് ലഭ്യമായിട്ടുണ്ട്.

**നാട്ടിക ഫർക്ക പദ്ധതി**

309(1098) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക, കൈപ്പമംഗലം, മണലൂർ, ഗുരുവായൂർ മണ്ഡലങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ നാട്ടിക ഫർക്ക പദ്ധതി പ്രകാരം വാടാനപ്പള്ളി പഞ്ചായത്തിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്?

നാട്ടിക, കൈപ്പമംഗലം, മണലൂർ, ഗുരുവായൂർ മണ്ഡലങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ നാട്ടിക ഫർക്ക പദ്ധതിപ്രകാരം നാട്ടിക സബ്ഡിവിഷന്റെ കീഴിലെ വാടാനപ്പിള്ളി പഞ്ചായത്തിൽ 3341 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. അതിൽ 3290 എണ്ണം ഗാർഹികവും 51 എണ്ണം ഗാർഹികേതരവുമാണ്.

(ബി) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന തീരദേശ പഞ്ചായത്തായ വാടാനപ്പള്ളി പഞ്ചായത്തുപരിധിയിൽ കൃത്യമായി വെള്ളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിപ്രകാരം വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവൃത്തി പൂർത്തികരിക്കുന്നമുറയ്ക്കും കിഫ്ബി വഴി പമ്പിംഗ് മെയിനിടുന്നതിനുള്ള പ്രവൃത്തി പ്രാവർത്തികമാവുന്നമുറയ്ക്കും ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പിടുന്നതിനായി പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പ്രവൃത്തി പൂർത്തീകരിക്കുന്ന സമയംതന്നെ പൊളിച്ചഭാഗങ്ങൾ നികത്തി ഉപയോഗയോഗ്യമാക്കിയാണ് പദ്ധതി പൂർത്തീകരിച്ചുവരുന്നത്.

## വാട്ടർ അതോറിറ്റിയുടെ റോഡുകുഴിക്കൽ

310(1099) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര പി.ഡബ്ല്യൂ.ഡി. റോഡുകൾ പുതിയ പൈപ്പിടുന്നതിനായി വാട്ടർ അതോറിറ്റി കുഴിച്ചിട്ടുണ്ട്; അവ ഏതൊക്കെ റോഡുകളാണെന്നും എത്ര കിലോമീറ്റർ ദൂരമാണ് അപ്രകാരം കുഴിയെടുത്തിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) അതിൽ എത്ര റോഡുകൾ കുഴിയടച്ച് പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്; റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉൾപ്പെടെയുള്ള തുകയാണോ പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചുനൽകിയിട്ടുള്ളത്; നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിലെത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ജലചോർച്ച മൂലമുണ്ടാകുന്ന വരുമാന നഷ്ടം

311(1100) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഅതോറിറ്റി വിതരണത്തിനുപയോഗിക്കുന്ന വെള്ളത്തിന്റെ ഇരുപത് മുതൽ ഇരുപത്തിയഞ്ച് ശതമാനം വരെ ചോർച്ചമൂലം നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

വാട്ടർ അതോറിറ്റിയുടെ വിതരണ പൈപ്പ്‌ലൈനിലെ ചോർച്ചമൂലം ജലനഷ്ടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൈപ്പുലൈനുകളിലെ ചോർച്ചമൂലം ജലഅതോറിറ്റിക്കുണ്ടാകുന്ന നഷ്ടമെത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാന വ്യാപകമായി പൈപ്പ്‌ലൈനിലൂടെയുള്ള ചോർച്ചമൂലം ജലഅതോറിറ്റിക്കുണ്ടാകുന്ന നഷ്ടം ഉല്പാദനത്തിന്റെ 40 മുതൽ 45 ശതമാനം വരെ ആണെന്നാണ് അനുമാനിക്കുന്നത്. കൃത്യമായ വിവരം വിശദമായ പഠനങ്ങൾ നടത്തിമാത്രമെ തിട്ടപ്പെടുത്താനാകൂ.

(സി) വാട്ടർ മീറ്ററുകൾ പ്രവർത്തനരഹിതമായതിനെത്തുടർന്ന് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ?

കേടായ വാട്ടർ മീറ്ററുകൾ അടിയന്തരമായി മാറ്റിവയ്ക്കുവാൻ നിർദ്ദേശം നൽകാറുണ്ട്. കേടായ വാട്ടർ മീറ്റർ മാറ്റിവയ്ക്കാത്ത കണക്ഷനുകളിൽ ഒന്നാംമാസം വാട്ടർ ചാർജ്ജിന്റെ 25 ശതമാനവും രണ്ടാമത്തെയും മൂന്നാമത്തെയും മാസം വാട്ടർ ചാർജ്ജിന്റെ 50 ശതമാനവും തുടർന്നുള്ള മാസങ്ങളിൽ വാട്ടർ ചാർജ്ജിന്റെ 100 ശതമാനവും സർചാർജ് ഈടാക്കിവരുന്നുണ്ട്. ഇത്തരത്തിൽ കണക്കാക്കുമ്പോൾ വരുമാന നഷ്ടം ഉണ്ടാകുന്നില്ല.

(ഡി) ജലച്ചോർച്ചയും തുടരെയുണ്ടാകുന്ന പൈപ്പുപൊട്ടലും മൂലമുണ്ടാകുന്ന വരുമാനനഷ്ടം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, ഡെപ്പോസിറ്റ് വർക്കുകൾ തുടങ്ങിയ വിവിധ ഫണ്ടുകൾവഴി കാലഹരണപ്പെട്ട പൈപ്പുകൾമാറ്റി പുതിയവ സ്ഥാപിക്കുന്നു. ജൽജീവൻ മിഷൻ പ്രവൃത്തികളിലൂടെ ആവശ്യമായ സ്ഥലങ്ങളിൽ വിതരണ ലൈനുകൾ മാറ്റിസ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ കാലഹരണപ്പെട്ട പൈപ്പുകൾമൂലമുള്ള ജലച്ചോർച്ചതടയുവാനും അതുവഴി വരുമാന നഷ്ടം ലഘൂകരിക്കുവാനും സാധിക്കുന്നു.

**ജലവിതരണ പൈപ്പ്‌ലൈൻ പൊട്ടുന്നതിനുള്ള പരിഹാരം**

312(1101) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും പൈപ്പ്‌ലൈൻ പൊട്ടുന്നതുമൂലം ജലവിതരണം തടസ്സപ്പെടുന്നതും ശുദ്ധജലം പാഴായിപ്പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോയെന്നും അതുമൂലം ഓരോ വർഷവുമുണ്ടാകുന്ന നഷ്ടം എത്രയെന്നും വ്യക്തമാക്കാമോ?

ജല വിതരണ ലൈനുകളിലെ വിവിധ പ്രശ്നങ്ങൾമൂലം ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൈപ്പുകളുടെ കാലപ്പഴക്കമാണ് പ്രധാന കാരണം കൂടാതെ റോഡ് നവീകരണത്തിന്റെയും മറ്റും ഭാഗമായി വിതരണ പൈപ്പുകൾക്കുണ്ടാവുന്ന കേടുപാടുകൾമൂലവും ജലവിതരണം തടസ്സപ്പെടാറുണ്ട്. ചോർച്ചമൂലം നഷ്ടപ്പെടുന്ന വെള്ളത്തിന്റെ അളവ് ഏകദേശം 20-25 ശതമാനമെന്ന് കണക്കാക്കപ്പെടുന്നു. ഇതുമൂലം ഏകദേശം 200 കോടി രൂപയുടെ വരുമാന നഷ്ടം വാട്ടർ അതോറിറ്റിക്കുണ്ടാകുന്നതായി കണക്കാക്കാം.

(ബി) ഉപയോഗിക്കുന്ന പൈപ്പിന്റെ ഗുണനിലവാരക്കുറവാണോ മേൽപ്പറഞ്ഞ പ്രശ്നത്തിന് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ആവശ്യമായ മർദ്ദം താങ്ങുന്ന ടെസ്റ്റ് ചെയ്ത ഗുണനിലവാരം ഉറപ്പാക്കിയ പൈപ്പുകൾമാത്രമാണ് പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നത്. കൂടാതെ പൂർത്തീകരിച്ചതിനുശേഷം ഫീൽഡ് ടെസ്റ്റ് നടത്തി മർദ്ദം താങ്ങുന്നുണ്ടെന്നും ചോർച്ചയില്ലെന്നും ഉറപ്പുവരുത്താറുമുണ്ട്. ഒരു കോടിക്കുമുകളിലുള്ള എല്ലാ പ്രവൃത്തികൾക്കുമുള്ള പൈപ്പുകൾ Central Institute of Petrochemicals Engineering & Technology (CIPET) എന്ന അംഗീകൃത സ്ഥാപനത്തിൽ പരിശോധന നടത്താറുണ്ട്. എന്നിരുന്നാലും കാലപ്പഴക്കംകൊണ്ട് പൈപ്പുകളിലൂടെയും ജോയിന്റ് വാൽവുകളിലൂടെയും ജലചോർച്ച സംഭവിക്കാറുണ്ട്.

(സി) പ്രസ്തുത പ്രശ്നത്തിന്റെ ശാശ്വതപരിഹാരത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

പൈപ്പ്ലൈനുകളിലെ അറ്റകുറ്റപ്രവൃത്തികൾ സമയബന്ധിതമായി നടത്തുന്നു. പഴകിയ പൈപ്പുകളും പമ്പ്സെറ്റുകളും മാറ്റി പുതിയവ സ്ഥാപിക്കുവാനുള്ള നടപടികൾ കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, Deposit വർക്കുകൾ വഴി സ്വീകരിക്കുന്നു. കാലപ്പഴക്കംചെന്ന പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി വിവിധ പദ്ധതികളിലുൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

**ചിറയിൻകീഴ് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ പുരോഗതി**

313(1102) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന രണ്ട് കുടിവെള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ രണ്ട് പദ്ധതികളും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന KIIFB പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ചിറയിൻകീഴ് നിയമസഭാ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി. ഈ പദ്ധതിയുടെ ഒന്നാം ഘട്ടപ്രവർത്തികൾക്കായി കിഫ്ബിയിലുൾപ്പെടുത്തി 19.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. ഈ പദ്ധതിയിൽ 9 മീറ്റർ വ്യാസമുള്ള കിണറും പമ്പ്ഹൗസും റാ വാട്ടർ പമ്പിംഗ് മെയിനും 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാല, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ, പമ്പ്സെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ 97 ശതമാനം പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. പദ്ധതി കമ്മിഷൻ ചെയ്യുന്നതിന് എച്ച്.റ്റി. ഇലക്ട്രിക്കൽ കണക്ഷൻ ലഭിക്കേണ്ടതുണ്ട്. ഈ പദ്ധതി 2022 സെപ്റ്റംബർ 30-ഓടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2. മുദാക്കൽ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ സംരംഭമായ കിഫ്ബിയിലുൾപ്പെടുത്തി 40,07,84,013 രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ സ്രോതസ്സ് വാമനപുരം നദിയാണ്. റോവാട്ടർ പമ്പിംഗ് മെയിൻ, 6 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണ ശാല, 19 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ, പമ്പ് സെറ്റുകൾ, തടയണ എന്നിവയാണുൾപ്പെടുത്തിയിട്ടുള്ളത്. 21-3-2022-ൽ ഭരണാനുമതി നൽകിയ ഈ പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണശാല, ജലസംഭരണി തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. കളക്ടറേറ്റിൽ അടയ്ക്കേണ്ട 2,34,344 രൂപ ഉൾപ്പെടെയുള്ള കണ്ടിജൻസി ചാർജുകൾ 12-8-2022-ന് കിഫ്ബിയിൽനിന്ന് അനുവദിച്ചു. ഈ പദ്ധതി 2024 മാർച്ച് 31-ഓടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## മലപ്പുറം നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

314(1103) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിലുൾപ്പെട്ട, ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭിച്ചുവെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഓരോന്നിന്റെയും പുരോഗതി എന്താണെന്നും വിശദീകരിക്കാമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിലുൾപ്പെട്ട, ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിൽ മൈനർ/മേജർ ഇറിഗേഷൻ, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന നടപ്പ് സാമ്പത്തികവർഷം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയെന്താണെന്നും വെളിപ്പെടുത്തുമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ മൈനർ/മേജർ ഇറിഗേഷൻ, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന നടപ്പ് സാമ്പത്തികവർഷം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ടെണ്ടർ ചെയ്ത പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള പദ്ധതികൾ PASK software ഉപയോഗിച്ച് യഥാസമയം അവലോകനം ചെയ്തുവരുന്നു. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ മുൻഗണന പദ്ധതികളിലുൾപ്പെടുത്തിയിട്ടുള്ള ജൽജീവൻ മിഷന്റെ പ്രവർത്തന പുരോഗതി ഉന്നതതലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. മിഷൻ ഡയറക്ടർ (കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ) ജൽജീവൻ മിഷൻ പ്രവർത്തനപുരോഗതി എല്ലാ ആഴ്ചയും അവലോകനം ചെയ്യുന്നുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും കളക്ടർുടെ നേതൃത്വത്തിൽ പദ്ധതിയുടെ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. 2024-ഓടെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിനുവേണ്ട എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

### വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

315(1104) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിലത്തെ കണക്കുകൾപ്രകാരം ജലഅതോറിറ്റിക്ക് വെള്ളക്കരത്തിന്റെ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള ആകെത്തുക എത്രയാണ്; വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

31-7-2022 വരെ ജല അതോറിറ്റിക്ക് വാട്ടർ ചാർജ്ജിനത്തിൽ കുടിശ്ശികയായി 1,878.20 കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഗാർഹികം - 216.25 കോടി രൂപ
2. ഗാർഹികേതരം - 611.04 കോടി രൂപ
3. വ്യാവസായികം - 7.08 കോടി രൂപ
4. സ്പെഷ്യൽ - 10.07 കോടി രൂപ
5. മറ്റുള്ളവ - 68.92 കോടി രൂപ
6. LSGD - 964.84 കോടി രൂപ

(ബി) ഇതിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ്; ഓരോ സ്ഥാപനവും നൽകാനുള്ള തുകയുടെ തരംതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

1. സർക്കാർ - 348.69 കോടി രൂപ
2. അർദ്ധസർക്കാർ/പൊതുമേഖല -12.95 കോടി രൂപ
3. LSGD - 964.84 കോടി രൂപ

ഓരോ സ്ഥാപനവും നൽകാനുള്ള തുകയുടെ തരംതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശികവരുത്തിയിട്ടുള്ള തുകകൾ പിരിച്ചെടുക്കുന്നതിനായി ജലഅതോറിറ്റി ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശികപിരിച്ചെടുക്കുന്നതിന് ധാരാളം പരിശ്രമങ്ങൾ ചെയ്തുവരുന്നു. എല്ലാ വകുപ്പുമേധാവികൾക്കും കുടിശ്ശിക സംബന്ധിച്ച കത്ത് നൽകിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ഓരോ രണ്ട് മാസം കൂടുമ്പോഴും എല്ലാ വകുപ്പുമേധാവികൾക്കും കൺസോളിഡേറ്റഡ് സ്റ്റേറ്റുമെന്റ് നൽകിവരുന്നു. കൂടാതെ ഊർജ്ജിതകുടിശ്ശിക നിവാരണയജ്ഞത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനായി ആംനെസ്റ്റി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേനയും കുടിശ്ശിക തീർപ്പാക്കുവാൻ സാധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) ജലവിഭവ വകുപ്പിനുകീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരുടെ ഔദ്യോഗികവസതികളോ വെള്ളക്കരം കുടിശ്ശികയാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളും ഔദ്യോഗിക വസതികളും എത്ര രൂപ വീതമാണ് കുടിശ്ശിക വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ജലവിഭവ വകുപ്പിനുകീഴിലുള്ള ജീവനക്കാരിൽ ആരെങ്കിലും വെള്ളക്കരം കുടിശ്ശികവരുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള ജീവനക്കാരാരും അവരുടെ സ്വാധീനമുപയോഗിച്ച് വെള്ളക്കരം കുടിശ്ശികവരുത്തിയിട്ടില്ലെന്ന് ഉറപ്പാക്കുന്നതിനായി, സർക്കാർ ഉദ്യോഗസ്ഥരുടെ ബി.പി.എൽ. കാർഡുകൾ പരിശോധിച്ച മാതൃകയിൽ പരിശോധന നടത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

(ഡി-എഫ്) ജലവിഭവ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ വാട്ടർ ചാർജ്ജ് കുടിശ്ശിക 22-8-2022 വരെ 2.37 കോടി രൂപയാണ്. ഇതുസംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*. വാട്ടർ കണക്ഷനുള്ള അപേക്ഷയിൽ അപേക്ഷകൻ സർക്കാർ ജീവനക്കാരനാണോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വ്യക്തിയാണോ എന്നുള്ള വിവരശേഖരണം നടത്തുന്നില്ല. ആയതിനാൽ എതെങ്കിലും ഉദ്യോഗസ്ഥർ വാട്ടർ ചാർജ്ജ് കുടിശ്ശികവരുത്തിയതായ വിവരം ലഭ്യമല്ല.

**വാട്ടർ അതോറിറ്റിയുടെ പ്രവർത്തന ഘടന പുനഃക്രമീകരിക്കാൻ നടപടി**

316(1105) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനപരിധി സംബന്ധിച്ച ഘടന പുനഃക്രമീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പുരോഗതി അറിയിക്കാമോ;

(ബി) ഉപഭോക്താക്കൾക്ക് സൗകര്യപ്രദമായ രീതിയിൽ റവന്യൂ ജില്ലാ/താലൂക്കടിസ്ഥാനത്തിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയുടെ അടിസ്ഥാനത്തിലോ വാട്ടർ അതോറിറ്റി ഓഫീസുകളുടെ പ്രവർത്തന പരിധി പുനഃക്രമീകരിക്കാനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്താമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കുവാനുദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*.

പ്രസ്തുത സമിതി തയ്യാറാക്കിയ കരട്, ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക്ഷോപ്പിലും ചർച്ച ചെയ്തു. അതിനെത്തുടർന്നുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കേരള ജലഅതോറിറ്റിയുടെ ഓൺലൈൻ സേവനങ്ങൾ**

317(1106) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജലഅതോറിറ്റിയുടെ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഓൺലൈൻ സംവിധാനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റി എല്ലാ ഉപഭോക്തൃസേവനങ്ങൾക്കും ഓൺലൈനായി അപേക്ഷിക്കുവാനുള്ള സൗകര്യം നിലവിൽ നടപ്പാക്കിയിട്ടുണ്ട്. പുതിയ കുടിവെള്ള കണക്ഷനും മലിനജല കണക്ഷനും ഓൺലൈനായി അപേക്ഷിക്കുവാനുള്ള സൗകര്യവും കൂടാതെ ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ മാറ്റിവയ്ക്കൽ, കണക്ഷൻ വിച്ഛേദിക്കുന്നത്, ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അപേക്ഷ നൽകൽ തുടങ്ങിയ വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട ഉപഭോക്തൃ സേവനങ്ങൾക്ക് ഇപ്പോൾ ഓൺലൈനായി etapp.kwa.kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള ഓൺലൈൻ സംവിധാനവും നിലവിലുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ quick pay പോർട്ടലായ epay.kwa.kerala.gov.in വഴി ഓൺലൈനായി വാട്ടർ ചാർജ്ജ് അടയ്ക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉപഭോക്തൃ പരാതി പരിഹാരത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1916 എന്ന ടോൾഫ്രീ കാൾ സെന്റർ കേന്ദ്ര കാര്യാലയത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ അക്വാലൂം (aqualoom.kwa.kerala.gov.in) എന്ന വെബ്പോർട്ടൽ വഴിയും ഉപഭോക്താക്കൾക്ക് അവരുടെ പരാതികൾ അറിയിക്കാവുന്നതാണ്. ഇത്തരത്തിൽ സമർപ്പിക്കപ്പെടുന്ന പരാതികൾ സമയബന്ധിതമായി പരിശോധിച്ച് പരിഹാരം ഏർപ്പെടുത്തി ഉപഭോക്താക്കളെ അറിയിക്കുന്നുണ്ട്. വെബ്പോർട്ടൽ വഴിയും SMS മുഖേനയും സമർപ്പിക്കപ്പെടുന്ന പരാതികളുടെ തൽസ്ഥിതി ഉപഭോക്താക്കളെ അറിയിക്കുന്നുണ്ട്. ഈ സേവനങ്ങളെല്ലാം ഓൺലൈനായി നടപ്പിലാക്കിയതോടെ ഉപഭോക്താക്കൾക്ക് വാട്ടർ അതോറിറ്റി ഓഫീസുകൾ നേരിട്ട് സന്ദർശിക്കേണ്ട ആവശ്യം വരുന്നില്ല.

(സി) ജലഅതോറിറ്റിയുടെ ഗ്രാമപ്രദേശങ്ങളിലെ ഓഫീസുകളിലെത്തുന്ന ഗുണഭോക്താക്കൾക്ക്, നിലവിലേർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനത്തെക്കുറിച്ചുള്ള ധാരണക്കുറവുമൂലം ബുദ്ധിമുട്ടുകളുണ്ടാകുന്നത് പരിഹരിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടിയെന്താണെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ സേവനങ്ങളെക്കുറിച്ച് ഗുണഭോക്താക്കളെ അറിയിക്കുവാൻ ദിനപ്പത്രങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും വിപുലമായ പ്രചാരണം നടത്തിയിട്ടുണ്ട്. സെക്ഷൻ ഓഫീസുകളിൽ ഇത്തരത്തിലുള്ള ഓൺലൈൻ സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് വേണ്ടത്ര അവബോധം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഫീൽഡ് ഓഫീസുകൾ സന്ദർശിക്കാതെതന്നെ അടുത്തുള്ള ജനസേവനകേന്ദ്രങ്ങൾ/അക്ഷയ കേന്ദ്രങ്ങൾ വഴി ഉപഭോക്താക്കൾക്ക് കേരള വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

318(1107) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ ജൽജീവൻ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടുകൂടി ഏതെല്ലാം പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാകുമെന്ന് പഞ്ചായത്ത് തിരിച്ചുവിശദമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ, മടിക്കൈ, ബളാൽ, കള്ളാർ, പനത്തടി, കോടോം ബേളൂർ, കിനാനൂർ, കരിന്തളം എന്നീ പഞ്ചായത്തുകളിലെ എല്ലാ പ്രദേശങ്ങളിലുമുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

(സി) ഓരോ പഞ്ചായത്തിലെയും ജൽജീവൻ മിഷൻ പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ ഭരണ/സാങ്കേതിക അനുമതി, കരാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ വിവിധ ഘട്ടങ്ങളുടെ ഭരണ/സാങ്കേതിക അനുമതി, കരാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വാമനപുരത്തെ ജല ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ**

319(1108) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

വാമനപുരം മണ്ഡലത്തിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടില്ല. നിലവിൽ തിരുവനന്തപുരം ജില്ലയിൽ എട്ട് ക്വാളിറ്റി കൺട്രോൾ ലാബുകൾ (NABL accredited labs) പ്രവർത്തിച്ചുവരുന്നു. അതിൽ ഒരു ജില്ലാ ലാബ്, ഏഴ് ഉപജില്ലാ ലാബ് എന്ന കണക്കിലാണ് പ്രവർത്തനം. തിരുവനന്തപുരം നഗരം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു ജില്ലാ ലാബ് കൂടാതെ അരുവിക്കരയിലെ രണ്ട് ട്രീറ്റ്മെന്റ് പ്ലാന്റ് ലാബ്, അഞ്ച് ബ്ലോക്കടിസ്ഥാനത്തിലുള്ള ലാബുകൾ എന്നിങ്ങനെയാണ് ഇവയുടെ വിഭജനം. ഇവയിൽ ബ്ലോക്കടിസ്ഥാനത്തിൽ നിലവിൽ പ്രവർത്തിക്കുന്ന നേമം (ഒബ്സർവേറ്ററി ഹിൽസ്), അതിയന്നൂർ (ആഴാകുളം), ആറ്റിങ്ങൽ (ചിറയിൻകീഴ്), വർക്കല, നെടുമങ്ങാട് (അരുവിക്കര) എന്നിവയിൽ ആറ്റിങ്ങൽ, വർക്കല, നെടുമങ്ങാട് ബ്ലോക്കുകളിൽ സ്ഥാപിക്കപ്പെട്ട ലാബുകളുടെ സേവനം വാമനപുരം മണ്ഡലത്തിലേയ്ക്കായുള്ള ആവശ്യത്തിനായി നിലവിൽ ഉപയോഗിക്കാവുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ അതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഹരിതകേരള മിഷന്റെ ഭാഗമായി വാമനപുരം മണ്ഡലത്തിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക പരിശോധന ലാബുകൾ എം.എൽ.എ.-യുടെ പ്രത്യേക വികസന ഫണ്ടുപയോഗപ്പെടുത്തി പത്ത് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി തിരുവനന്തപുരം ജില്ലാകളക്ടറുടെ 14-8-2020-ലെ ഉത്തരവ് നമ്പർ D6/1984/2020 പ്രകാരം 15,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്., വെഞ്ഞാറമൂട്
2. വി.&എച്ച്.എസ്.എസ്., മുളമന
3. ഗവൺമെന്റ് വി.എച്ച്.എസ്.എസ്., കല്ലറ
4. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്., മിതൃമല.
5. ഗവൺമെന്റ് എച്ച്.എസ്.എസ്., ഭരതന്നൂർ
6. ഇക്ബാൽ എച്ച്.എസ്.എസ്., പെരിങ്ങമ്മല
7. എസ്.കെ.വി.എച്ച്.എസ്.എസ്., നന്ദിയോട്
8. പി.എച്ച്.എം.കെ.എം.വി.എച്ച്.എസ്.എസ്., പനവൂർ
9. എസ്.എൻ.വി.എച്ച്.എസ്.എസ്., ആനാട്
10. ജനത എച്ച്.എസ്.എസ്., തേമ്പാമൂട്

(സി) പുതുതായി ജല ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പുതുതായി ജല ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ സ്ഥാപിക്കാനായി നിലവിൽ നിർദ്ദേശങ്ങളില്ല.

### പാറശ്ശാല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി

320(1109) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള പുരോഗതി അറിയിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നുള്ള വിവരം ലഭ്യമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം പാറശ്ശാല മണ്ഡലത്തിൽ നടക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.* 2024 ഓട്ടുകൂടി എല്ലാ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ജൽജീവൻ മിഷനിലുൾപ്പെട്ട പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്.

(ബി) പാറശ്ശാല മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ ഏതെല്ലാം പദ്ധതികളാണ് നടന്നുവരുന്നത്; അവയുടെ പ്രവർത്തനപുരോഗതി, അനുവദിച്ച തുക, തൽസ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കി നൽകാമോ?

പാറശ്ശാല മണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ നടന്നുവരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജൽജീവൻ മിഷനിലുൾപ്പെട്ട പദ്ധതികൾ കൂടാതെ വാട്ടർ അതോറിറ്റി മുഖേന നടത്തുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

2. പാറശ്ശാല മണ്ഡലത്തിലുൾപ്പെടുന്ന വെള്ളറട പഞ്ചായത്തിൽ ഒന്നാം ഘട്ട ജലനിധി പദ്ധതി പ്രകാരം പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളിൽ 11 എണ്ണത്തിന്റെ പുനരുദ്ധാരണം നടത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് നടത്തുന്ന സുസ്ഥിരതാ പദ്ധതി പ്രകാരം തുക അനുവദിച്ചിരുന്നു. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

3. ഭൂജല വകുപ്പിന്റെ പദ്ധതിയായ ഭൂജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട SMC Govt. UPS കുന്നത്തുകാൽ, അമ്പൂരി ഗ്രാമപഞ്ചായത്തിലെ ശൂരവകാണി, പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ മുളംപൊറ്റ, മരുതംകാട് മുഴങ്ങിൽ, കീമച്ചാംകുഴി എന്നീ പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിനുവേണ്ടി 4,72,543 രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ടി കുഴൽക്കിണറുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കൂടാതെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ആലത്തൂർ കഞ്ചേരി വിളാകം എന്ന സ്ഥലത്ത് ഹാൻഡ്പമ്പിന്റെ അറ്റകുറ്റപ്പണി നടപ്പിലാക്കുന്നതിന് 30,844 രൂപയുടെ അനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയും പുരോഗമിച്ചുവരുന്നു.

## ഉദുമ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

321(1110) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിൽ കുടിവെള്ളം നൽകുന്നതിനായി എത്ര പ്രോജക്ടുകളുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം അറിയിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഇതിലെത്രയെണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(സി) ഇവയുടെ നിർമ്മാണ പുരോഗതി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ-സി) ഉദുമ മണ്ഡലത്തിലെ മുഴുവൻ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കുകയും പഞ്ചായത്ത്, ജില്ലാ, SLSSC, സംസ്ഥാനതല അനുമതിയോടെ ജൽജീവൻ മിഷനിൽ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശവും പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

**പെരുവണ്ണാമൂഴിയിലെ കുപ്പിവെള്ള പദ്ധതി**

322(1111) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുവണ്ണാമൂഴിയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച കുപ്പിവെള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ?

പെരുവണ്ണാമൂഴിയിൽ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് 17 കോടി രൂപ കണക്കാക്കിയ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി ജലസേചന വകുപ്പിനുകീഴിൽ കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ വില്ലേജിലുള്ള 3.55 ഏക്കർ സ്ഥലം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് (KIIDC) വിട്ടുനൽകുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥലം സർവ്വേ ചെയ്ത് സ്കെച്ച് ലഭ്യമാക്കുന്നതിനുവേണ്ടി കൊയിലാണ്ടി തഹസിൽദാർക്ക് കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്തുനൽകിയിട്ടുണ്ട്. സ്ഥലം കൈമാറുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ പുരോഗതി**

323(1112) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ജൽജീവൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

തിരുവമ്പാടി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം മന്ദഗതിയിലായതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സജീവമാക്കുന്നതിനും നിശ്ചിത സമയത്തിനകം പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

(ബി&സി) പ്രവൃത്തി നടത്തുന്നതിനാവശ്യമായ സ്ഥലം ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം പദ്ധതി പ്രവർത്തനം വൈകുന്നതിന് കാരണമായിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണത്തിനായി കോടഞ്ചേരി പഞ്ചായത്തിൽ 72 സെന്റ് സ്ഥലവും കൂടരഞ്ഞി പഞ്ചായത്തിൽ 60.5 സെന്റ് സ്ഥലവും ലഭ്യമാകേണ്ടതുണ്ട്. ആയത് ലഭ്യമാകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് അധികൃതർക്ക് കത്തുമുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കുന്നതിലേയ്ക്കായി ടെണ്ടർ ചെയ്തിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തികളെത്രയും പെട്ടെന്ന് ആരംഭിക്കാവുന്നതാണ്.

**തഴക്കര കുടിവെള്ള പദ്ധതി**

324(1113) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്കുവേണ്ടി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിക്കും വേണ്ടിയാണ് തഴക്കര കുടിവെള്ള പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. അതിൽ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്ക് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുവേണ്ടി ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെയും പ്രവർത്തന പുരോഗതിയുടെയും വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. തഴക്കര ഗ്രാമപഞ്ചായത്തിൽനിന്നും മാങ്കാംകുഴി എന്ന സ്ഥലത്ത് കൃഷി വകുപ്പിന്റെ 15 സെന്റ് സ്ഥലം ഉന്നതതല ജലസംഭരണിയുടെ നിർമ്മാണത്തിനായി വിട്ടുകിട്ടേണ്ടതുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി, പ്രവൃത്തിക്ക് കരാർ നൽകി ആരംഭിക്കാവുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**അച്ചൻകോവിൽ പത്തേക്കറിലെ കുടിവെള്ളക്ഷാമം**

325(1114) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചൻകോവിൽ പത്തേക്കർ പ്രദേശത്ത് കുടിവെള്ളം ലഭ്യമല്ലാത്തതിനാൽ പതിനഞ്ചോളം കുടുംബങ്ങൾക്ക് ഉൾവനങ്ങളിലേയ്ക്കുപോയി കുടിവെള്ളം ശേഖരിക്കേണ്ടതായിവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുടിവെള്ള പദ്ധതിയുടെ മോട്ടർ, മാസങ്ങളായി തകരാറിലായി കിടക്കുന്നതിനാൽ പ്രസ്തുത പ്രദേശത്ത് കുടിവെള്ള വിതരണം തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആര്യങ്കാവ് പഞ്ചായത്തിലെ അച്ചൻകോവിൽ പത്തേക്കർ പ്രദേശത്ത് നിലവിൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികൾ മുഖേനയല്ല ജലവിതരണം നടത്തിവരുന്നത്. അവിടെ പഞ്ചായത്ത് നേരിട്ടുനടത്തുന്ന കുടിവെള്ള പദ്ധതിയുടെ മോട്ടോർ തകരാറിലായ വിവരം പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്.

(സി) വന്യമൃഗങ്ങളുടെ ആക്രമണഭീഷണി നേരിടുന്ന പ്രസ്തുത പ്രദേശത്ത് കുടിവെള്ളത്തിനായി ഉൾവനത്തിലേയ്ക്കുപോകുന്നത് പ്രദേശവാസികളുടെ ജീവന് ഭീഷണിയായതിനാൽ മോട്ടർ അറ്റകുറ്റപ്പണിനടത്തി കുടിവെള്ള വിതരണം പുനഃസ്ഥാപിക്കുന്നതിനുള്ള സത്വരനടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ?

ആര്യങ്കാവ് പഞ്ചായത്തിൽ വാർഷിക പദ്ധതിയിൽ, 1,20,217 രൂപ വകയിരുത്തി LSGD അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പത്തേക്കർ കുടിവെള്ളപദ്ധതിയുടെ കേടായ മോട്ടോർ മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുണ്ട്. കൂടാതെ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ടി പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയും കൈക്കൊണ്ടുവരുന്നു.

**ഡ്രെയിനേജ് ഫീസ്**

326(1115) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കവടിയാർ സെക്ഷൻ ഡ്രെയിനേജ് കണക്ഷനെടുക്കാത്ത ഉപഭോക്താക്കളിൽനിന്നും ദീർഘകാലമായി ഡ്രെയിനേജ് ഫീസീടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടി ഗൗരവത്തോടെ കാണുന്നുണ്ടോ?

വാട്ടർ അതോറിറ്റിയുടെ കവടിയാർ സെക്ഷനിൽ ഡ്രെയ്നേജ് കണക്ഷനെടുക്കാത്ത ചില ഉപഭോക്താക്കളിൽനിന്നും ഡ്രെയ്നേജ് ഫീസീടാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച പരാതി ലഭിച്ചപ്പോൾത്തന്നെ അത് പരിഹരിച്ചുനൽകിയിട്ടുണ്ട്.

(ബി) ഡ്രെയിനേജ് കണക്ഷന് അപേക്ഷ സമർപ്പിക്കുകയോ കണക്ഷനെടുക്കുകയോ ചെയ്തിട്ടില്ലാത്ത ഉപഭോക്താക്കളിൽനിന്നും ഡ്രെയിനേജ് ഫീസീടാക്കാനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലെന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കവടിയാർ സെക്ഷനിൽ ഉപഭോക്താക്കൾക്ക് വാട്ടർ ചാർജ്ജ് ബിൽ, ഇ-അബാക്കസ് എന്ന സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്യുന്നതിനാൽ ഡ്രൈനേജ് ചാർജ്ജും വാട്ടർ ചാർജ്ജിന്റെ കൂടെ ഉപഭോക്താവിന് ലഭിക്കുന്നു. ഇതുസംബന്ധിച്ച് ലഭിച്ച പരാതികൾ പരിഹരിച്ചിട്ടുണ്ട്. ഡ്രയിനേജ് ചാർജ് എടുക്കേണ്ടതില്ലാത്ത കണക്ഷനുകളിൽനിന്നും പ്രസ്തുത ചാർജ് ഒഴിവാക്കി നൽകിയിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റി ബിൽ നൽകിയപ്പോൾ ഡ്രെയിനേജ് ഫീസെന്ന് പ്രത്യേകം രേഖപ്പെടുത്തി പ്രസ്തുത തുക ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഇ-അബാക്കസ് എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ് ജല അതോറിറ്റിയിൽ ഉപഭോക്താക്കൾക്ക് വാട്ടർ ബിൽ നൽകിവരുന്നത്. നിലവിലെ സോഫ്റ്റ്‌വെയറിന്റെ പരിമിതിമൂലം ഇപ്പോൾ നൽകിവരുന്ന ബില്ലിൽ അദർ അഡ്ജസ്റ്റ്മെന്റ് എന്ന കോളത്തിലാണ് ഡ്രയിനേജ് ഫീസ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുതിയ ഒരു ബില്ലിംഗ് സോഫ്റ്റ്‌വെയർ "K-DISC" വഴി വികസിപ്പിച്ചുവരികയാണ്. നിലവിൽ ഇത് ടെസ്റ്റിംഗ് സ്റ്റേജിലാണ്. ടി സോഫ്റ്റ്‌വെയർ നടപ്പിലാക്കുമ്പോൾ വാട്ടർ ബില്ലിൽ ഡ്രൈനേജ് ചാർജ്ജ് പ്രത്യേകമായി ഉൾപ്പെടുത്തുന്നതാണ്.

(ഡി) അപ്രകാരം ദീർഘകാലമായി തെറ്റായി ഈടാക്കിയ ഡ്രെയിനേജ് ഫീസ് തിരികെ നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

തെറ്റായി ഈടാക്കിയ ഡ്രയിനേജ് ഫീസ് സംബന്ധിച്ച പരാതികൾ ലഭിച്ചപ്പോൾത്തന്നെ പരിഹരിച്ച് നൽകിയിട്ടുണ്ട്. ദീർഘകാലമായി പരിഹരിക്കപ്പെടാത്ത പരാതികൾ നിലവിലില്ല. പരാതികൾ ലഭിക്കുന്നമുറയ്ക്ക് അത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കൊച്ചി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികൾ**

327(1116) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തികളുടെയും പുരോഗതിയും ഏതെങ്കിലും പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സം നേരിടുന്നുവെങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ?

(എ&ബി) ജൽജീവൻ മിഷൻ പദ്ധതിപ്രകാരം കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുള്ളത് റോഡ് മുറിക്കേണ്ട നടപടികളിലാണ്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് 11 സ്ഥലങ്ങളിൽ റോഡ് മുറിക്കേണ്ടതായിട്ടുണ്ട്. റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് പൊതുമരാമത്ത് വകുപ്പിന് അടവാക്കിയിട്ടുള്ളതും മൺസൂൺ കാലത്തെ നിരോധനം കഴിഞ്ഞാൽ റോഡ് മുറിക്കുന്നതിനുള്ള അനുമതി നൽകാമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളതുമാണ്.

**കോന്നി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

328(1117) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയിൻകീഴിൽ വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

കോന്നി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.*

**കടുത്തുരുത്തി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

329(1118) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദീകരിക്കാമോ?

ജലവിഭവ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

I. കേരള ജലഅതോറിറ്റി

E-TAPP പദ്ധതി പ്രകാരം കണക്ഷനുകൾ നൽകുന്നതിനുള്ള നടപടിക്രമം ONLINE ആക്കിയതിനുപുറമേ കോൺട്രാക്ടർ ലൈസൻസ് പ്ലംബിംഗ് ലൈസൻസ് എന്നിവയും ഓൺലൈനിലാക്കിയിട്ടുണ്ട്.

എല്ലാ പരാതികളും അക്വാലൂം എന്ന software വഴി നൽകുന്നതിനും പരാതിപരിഹാരം നിരീക്ഷിക്കുന്നതിനും സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

ജല അതോറിറ്റിയുടെ എല്ലാ പ്രവൃത്തികളുടേയും അവസ്ഥ പൊതുജനങ്ങൾക്കുൾപ്പെടെ നിരീക്ഷിക്കാവുന്നരീതിയിൽ ജലഅതോറിറ്റി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ PASK Software പദ്ധതികളുടെ പ്രതിദിന പുരോഗതി വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്.

ഫയലുകളുടെ നീക്കം ദ്രുതഗതിയിലാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും DDFS എന്ന ഡിജിറ്റൽ ഫയലിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

വിവിധ പമ്പ് ഹൗസുകളിലും ജലശുദ്ധീകരണശാലകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചുവരുന്നു.

II. ജലസേചന വകുപ്പ്

1. PRICE-3.0 - പ്രോജക്ട് തയ്യാറാക്കുന്നതുമുതൽ ബിൽ ട്രഷറിയിൽ സമർപ്പിക്കുന്നതുവരെയുള്ള എല്ലാ പ്രക്രിയകളും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള സോഫ്റ്റ്വെയർ NIC-യുടെ സഹായത്തോടെ നടപ്പിലാക്കി, ഇ-എഗ്രിമെന്റ്, ഇ-എം.ബുക്ക്, ഇ-ബിൽ മുതലായവ അധികമായി ഈ സംവിധാനത്തിലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. e-Office - ഓഫീസുകളിൽ ലഭിക്കുന്ന തപാലുകൾ കമ്പ്യൂട്ടർ മുഖേന കൈകാര്യം ചെയ്യുന്നതിനുള്ള e-office സംവിധാനം നടപ്പിലാക്കിവരുന്നു. ഇതിനാൽ ഓഫീസ് പ്രവർത്തനങ്ങളിലെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിയും. e-Office-ന്റെ പുതിയ version 7.2 ആണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

3. ജലസേചന വകുപ്പിന്റെ നവീകരിച്ച വെബ്സൈറ്റിൽ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ താമസംവിനാ അറിയുന്നതിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീകരിച്ചു. ജലസേചന വകുപ്പിന്റെ അധീനതയിലുള്ള ഡാമുകൾ,

ബാരേജുകൾ, റെഗുലേറ്ററുകൾ എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾക്ക് പുറമേ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്ലാൻ, നോൺ പ്ലാൻ, ദുരന്തനിവാരണം, നബാർഡ്, തീരസംരക്ഷണം തുടങ്ങിയ മേഖലകളിലെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം, ഡാമുകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാര സാദ്ധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ ഉത്തരവുകളും മാനുവലുകളും വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും സർക്കുലറുകളും വെബ്സൈറ്റിൽ ലഭ്യമാണ്.

4. e-Monit - ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സമയബന്ധിതമായ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം നിലവിൽവരുത്തി.

5. വകുപ്പിനുകീഴിലുള്ള മാനവവിഭവശേഷിയുടെ ഫലപ്രദമായ വിന്യാസത്തിന് സഹായകരമാകുംവിധം ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനുള്ള software സംവിധാനം നിലവിൽ വരുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ സംവിധാനം നടപ്പിലാക്കിവരുന്നു. സ്ഥാനക്കയറ്റത്തിനുള്ള confidential report ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

6. ജലസേചന വകുപ്പിൽനിന്നും ജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്ന സേവനങ്ങൾ ഓൺലൈനായി ജനങ്ങളിലെത്തിക്കുന്നതിനുള്ള സംവിധാനം NIC-യുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

7. ജലവിഭവ വകുപ്പിൽ ഇതുവരെ നടപ്പിലാക്കിവന്നിരുന്ന പരമ്പരാഗത ജലസേചനരീതിയിൽ കൂടാതെ നൂതനമായ ഡ്രിപ്പ്, സ്പ്രിംഗ്ലർ ജലസേചനരീതികൾ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

III. ജലനിധി

a) KRWSA വഴി നടപ്പാക്കുന്ന എല്ലാ പദ്ധതികളുടെയും പുരോഗതി വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ജലനിധി വെബ്സൈറ്റിൽ ലഭ്യമാണ്.

b) ജലനിധി പദ്ധതികളെക്കുറിച്ചുള്ള പരാതികളും അഭിപ്രായങ്ങളും അറിയിക്കുന്നതിനായി പരാതി പരിഹാര സംവിധാനം ജലനിധിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

c) E – Office സംവിധാനം KRWSA-യിൽ നടപ്പിലാക്കിയിട്ടുണ്ട്.

IV. ഭൂജല വകുപ്പ്

ഭൂജല വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 6 പുതിയ റിഗ്ഗുകൾ, 690 ലക്ഷം രൂപയ്ക്ക് വാങ്ങുന്നതിനായുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇ-ഗവേർണൻസ് പ്രവൃത്തികൾ ഭൂജലവകുപ്പ് കാര്യാലയത്തിൽ അന്തിമഘട്ടത്തിലാണ്. കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഫലപ്രദമായ ഭൂജലപര്യവേഷണം നടപ്പാക്കുന്നതിനായി ലോഗർ മെഷിൻ ഉപയോഗിച്ചുവരുന്നു.

V. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതിന് ഹെഡ്ഓഫീസ് കേന്ദ്രീകരിച്ച് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് (പി.എം.യു.) രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുമ്പോളുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ പി.എം.യു. സ്വീകരിച്ചുവരുന്നു. കൂടാതെ വെബ്സൈറ്റ് വഴി സംസ്ഥാനത്തുടനീളമുള്ള പ്രവൃത്തികളുടെ ദൈനംദിന/പ്രതിവാര നിരീക്ഷണം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം വഴി ഫയലുകൾ വേഗത്തിൽ കൈകാര്യം ചെയ്യാനും ദൈനംദിന/പ്രതിവാര നിരീക്ഷണം വഴി ജീവനക്കാരുടെ ഉത്തരവാദിത്തം വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. പ്രോജക്ടുകളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി വെബ് ആൻഡ് ആപ്പ് ബേസ്ഡ് പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിവരുന്നു. നടപ്പിലാക്കുന്ന പദ്ധതികൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ സംവിധാനത്തിലൂടെ പൂർണ്ണമായും മോണിറ്റർ ചെയ്യാനുതകുന്നതാണ്.

(ബി) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കടുത്തുരുത്തി മണ്ഡലത്തിലെ പദ്ധതികളുടെ പൂർത്തീകരണം വിലയിരുത്താമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം കടുത്തുരുത്തി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്; ഇതുവരെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ജൽജീവൻ മിഷൻ പദ്ധതിപ്രകാരം കടുത്തുരുത്തി മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) പ്രസ്തുത പദ്ധതിയിൽ കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം, പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ എത്ര ശതമാനം വീതമാണെന്ന് അറിയിക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ 50 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവും 15 ശതമാനം പഞ്ചായത്ത് വിഹിതവും 10 ശതമാനം ഗുണഭോക്തൃ വിഹിതവുമായിട്ടാണ് വകയിരുത്തിയിട്ടുള്ളത്.

(ഇ) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഒരു കുടിവെള്ള കണക്ഷൻ നൽകുന്നതിന് പരമാവധി എത്ര തുക ചെലവഴിക്കാനാകും; വിശദമാക്കാമോ?

ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി ഒരു കുടിവെള്ള കണക്ഷൻ നൽകുന്നതിന് കട്ടുത്തുരുത്തി മണ്ഡലത്തിൽ ചെലവഴിക്കാവുന്ന തുക പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

**പാറശ്ശാല മണ്ഡലത്തിലെ മൃഗസംരക്ഷണ പദ്ധതികൾ**

330(1119) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ 2020-നുശേഷം മൃഗസംരക്ഷണ വകുപ്പിനുകീഴിൽ നടപ്പിലാക്കാൻ നിർദ്ദേശിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പ്രവർത്തനപുരോഗതി, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ 2020-നുശേഷം മൃഗസംരക്ഷണ വകുപ്പിനുകീഴിൽ നടപ്പാക്കാൻ നിർദ്ദേശിച്ച പദ്ധതികളും ഓരോ പദ്ധതിയുടേയും പ്രവർത്തനപുരോഗതി, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ ചുവടെ ചേർക്കുന്നു.

2020-21 (തുക രൂപയിൽ)

1. ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ - 25,000
2. ഗോട്ട് സാറ്റലൈറ്റ് - 1,75,000
3. രാത്രികാല അടിയന്തര മൃഗചികിത്സ സേവനം പദ്ധതി - 7,05,235

4. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - 14,63,763
5. എച്ച്.ഡി.സി. - 10,000
6. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 2,00,000

2021-22 (തുക രൂപയിൽ)

1. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് - 11,84,829
2. താലൂക്ക്തല സംരംഭകത്വ മീറ്റ് സംഘടിപ്പിക്കുന്നതിനായി - 50,000
3. മെയിൽ കാഫ് ഫാറ്റണിംഗ് - 6,80,000
4. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 2,50,000
5. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഡക്ക് നഴ്സറീസ് & പ്രൊപഗേഷൻ ഓഫ് ഡക്ക് ഫാമിംഗ് - 24,000
6. കൺവെർഷൻ ഓഫ് ബയോവേസ്റ്റ് റ്റു മാന്വർ - 1,25,000
7. മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ - 25,500
8. എച്ച്.ഡി.സി. - 15,000
9. എമർജൻസി അനിമൽ ഹെൽത്ത് ക്യാമ്പ് - 980
10. കൊമേഴ്സ്യൽ ഗോട്ടറി - 1,00,000
11. രാത്രികാല അടിയന്തര മൃഗചികിത്സ സേവനം പദ്ധതി - 6,82,214
12. ഇന്ററസ്റ്റ് സബ്‌വെൻഷൻ - 1,75,695
13. ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം- 40,000

(2020-21, 2021-22 എന്നീ വർഷങ്ങളിലെ പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിച്ചിട്ടുണ്ട്.)

2022-23 (തുക രൂപയിൽ)

1. മൃഗസംരക്ഷണ വികസന സമിതി യോഗം സംഘടിപ്പിക്കുന്നതിനായി - 13,500 രൂപ അനുവദിച്ചിട്ടുണ്ട്.
2. ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിനായി - 20,000 രൂപ അനുവദിച്ചിട്ടുണ്ട്.
3. എക്സ്പാൻഷൻ ഓഫ് ക്രോസ് ബ്രീഡിംഗ് ഫെസിലിറ്റീസ് -

പ്രവർത്തനച്ചെലവുകൾ എന്ന ഘടകത്തിൽ - പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം പാറശ്ശാലയ്ക്ക് 80,000 രൂപ അനുവദിച്ചിട്ടുണ്ട്.

4. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മൃഗചികിത്സ സേവനങ്ങൾ വർദ്ധിപ്പിക്കൽ**

331(1120) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗചികിത്സ സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിലവിലെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും രാത്രിസമയങ്ങളിൽ അടിയന്തര മൃഗചികിത്സ നൽകുന്നതിനായും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനായും രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നിലവിൽ നടപ്പിലാക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, മൊബൈൽ സർജറി യൂണിറ്റുകൾ മുതലായ സേവനങ്ങൾകൂടിയുൾപ്പെടുത്തി സേവനം കൂടുതൽ വിപുലപ്പെടുത്താനുദ്ദേശിക്കുന്നു.

പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ 13 ജില്ലകളിൽ ആമ്പുലേറ്ററി സർവ്വീസ് പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം ജില്ലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഇതേ മാതൃകയിൽ കണ്ണൂർ, എറണാകുളം ജില്ലകളിൽ റീബിൽഡ് കേരളയുടെ സഹായത്തോടെ ഓരോ മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളേർപ്പെടുത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയതുപ്രകാരം ആദ്യഘട്ടമെന്ന നിലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ "ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ" പദ്ധതിയുടെ കീഴിലുള്ള മൊബൈൽ യൂണിറ്റ് പദ്ധതിയിൽ 29 വെറ്ററിനറി യൂണിറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി വാഹനം വാങ്ങി ഉപകരണങ്ങൾ ഘടിപ്പിച്ച് പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. RKVY പദ്ധതിയുടെ കീഴിൽ മൂന്ന് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ സ്ഥാപിച്ചുകഴിഞ്ഞു. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ കീഴിൽത്തന്നെ 12 അധിക യൂണിറ്റുകൾ കൂടി സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. 123 ഇലക്ട്രിക് വാഹനങ്ങൾ കൂടി രാത്രികാല സേവനത്തിനായി ലഭ്യമാക്കുന്നതിനായുള്ള ഫണ്ടുകണ്ടെത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

Augmenting Professional Services in Veterinary Clinical Institutions എന്ന പദ്ധതിയിൻകീഴിൽ 38 ജൂനിയർ റസിഡന്റുമാരെ (പുതുതായി പഠിച്ചിറങ്ങിയ വെറ്ററിനറി ബിരുദധാരികളെ) വിവിധ മൃഗാശുപത്രികളിൽ സേവനത്തിനായി നിയമിച്ചിരുന്നു.

**ഫാമുകളുടെ സംരക്ഷണം**

332(1121) ശ്രീ. വി. ജോയി:
ശ്രീ. എച്ച്. സലാം:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാമുകളുടെ സംരക്ഷണത്തിനും അവ ശക്തിപ്പെടുത്തുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി നിലവിലെ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ വരുന്ന ഫാമുകളുടെ സംരക്ഷണത്തിനും അവ ശക്തിപ്പെടുത്തുന്നതിനുമായി 2021-22 വർഷത്തിൽ 'ഫാമുകളുടെ ശക്തിപ്പെടുത്തൽ' എന്ന പദ്ധതിയിലുൾപ്പെടുത്തി 1,650 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2022-23 വർഷത്തിലും ഇതേ പദ്ധതിക്കായി 1,650 ലക്ഷം രൂപവകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സർക്കാർ ഫാമുകളിലെ പരിമിതമായ സ്ഥലപരിമിതി കാരണം ഉല്പാദന ഉപാധികൾ കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനാണ് സാറ്റലൈറ്റ് യൂണിറ്റുകൾ വിഭാവനം ചെയ്തിരിക്കുന്നത്.

മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആടുവളർത്തലിന് സബ്സിഡി സഹായം (50 ശതമാനം) നൽകിവരുന്നു. അഞ്ച് പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന 700 യൂണിറ്റുകൾ 2022-23-ൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്നുണ്ട്. ഒരു യൂണിറ്റിന് 25,000 രൂപയാണ് ധനസഹായം. ഈ സാമ്പത്തികവർഷം ആകെ 175 ലക്ഷം രൂപ അനുവദിക്കുന്നതാണ്.

പ്രസ്തുത യൂണിറ്റുകളിൽനിന്ന് ലഭിക്കുന്ന ആട്ടിൻ കുട്ടികളെ സംസ്ഥാന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് നൽകാൻ സാധിക്കും.

(സി) കന്നുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഗോവർദ്ധിനി പദ്ധതിയുടെ പ്രവർത്തനം അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാതലത്തിൽ ജില്ലയിലുള്ള ഫീൽഡുതല നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിൽ അവലോകനം നടത്തുകയും സംസ്ഥാനതലത്തിൽ അഡീഷണൽ ഡയറക്ടർ സംസ്ഥാനതല ധനവിനിയോഗവും പദ്ധതി അവലോകനവും നടത്തുന്നുണ്ട്.

(ഡി) കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനും രോഗ നിയന്ത്രണത്തിനുമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ കർഷകർക്ക് ഗുണകരമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. മൃഗചികിത്സാ സേവനം, രാത്രികാല അടിയന്തര വെറ്ററിനറി സേവനം, രോഗ പ്രതിരോധ കുത്തിവയ്പ്പ് യജ്ഞങ്ങൾ, വിപുലമായ രോഗനിർണ്ണയ സംവിധാനം, വാക്സിൻ നിർമ്മാണം, കർഷകരുടെ വീട്ടുപടിക്കൽ സേവനമുറപ്പുവരുത്തുന്ന ആംബുലേറ്ററി ക്ലിനിക്കുകൾ, അതിർത്തി ചെക്ക് പോസ്റ്റുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ വഴിയാണ് കന്നുകാലികളുടെ ആരോഗ്യസംരക്ഷണവും രോഗനിയന്ത്രണവുമുറപ്പുവരുത്തുന്നത്.

(ഇ) മൃഗാശുപത്രികളുടെ വികസനത്തിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വിവിധ മൃഗാശുപത്രികളുടെ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 2022-23 വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്

## കന്നുകാലി സമ്പത്തിലെ വർദ്ധനവ്

333(1122) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം സംസ്ഥാനത്ത് കന്നുകാലി സമ്പത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നത് അഞ്ച് വർഷത്തിലൊരിക്കൽ നടക്കുന്ന കന്നുകാലി സെൻസസിലൂടെയാണ്. 2012-ലെ 19-ാം കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണം 1328640-ഉം 2019-ലെ 20-ാം കന്നുകാലി സെൻസസ് പ്രകാരം 1341996-ഉം ആണ്. 2012-ലെ സെൻസസിനെ അപേക്ഷിച്ച് 2019-ലെ സെൻസസിൽ സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണത്തിൽ 1.01 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ട് (കന്നുകാലികൾ - പശുക്കളുടേയും കാളകളുടേയും എണ്ണം മാത്രം ഉൾപ്പെടുത്തിയിരിക്കുന്നു).

(ബി) അത്യുല്പാദനശേഷിയുള്ള കന്നുകുട്ടികളെ ഉല്പാദിപ്പിക്കാനും കർഷകർക്ക് ലഭ്യമാക്കാനും കഴിയുന്നുണ്ടോ?

ഉണ്ട്. ഭ്രൂണമാറ്റം, ഇൻ വിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉൽപ്പാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉല്പാദിപ്പിക്കുവാനും കർഷകരുടെ ഇടങ്ങളിലുള്ള ഉല്പാദനശേഷികൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. ഉയർന്ന ഉല്പാദനക്ഷമതയുള്ള ജഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉല്പാദിപ്പിച്ചുകഴിഞ്ഞു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ഇതിനുപുറമെ വളരെ ഉയർന്ന ജനിതകശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൽ വിത്തുകാളകളെ ജർമ്മനിയിൽനിന്നും നാല് ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽനിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതിചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വഴി Pure HF (അത്യുല്പാദനശേഷിയുള്ള) കന്നുക്കുട്ടികൾക്കുള്ള സെമൻ കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ കർഷകരുടെ കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്ത് യഥാകാലം പ്രസവിപ്പിക്കുവാനും പാലുല്പാദനക്ഷമത പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനും സാധിക്കുന്നുണ്ട്. കൂടാതെ 2021-22-ൽ മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിലായി 621 കന്നുക്കുട്ടികളെ ഉല്പാദിപ്പിച്ചിട്ടുണ്ട്.

## വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

334(1123) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ:

1. വെറ്ററിനറി സ്ഥാപനങ്ങളുടെ ശുചീകരണവും, അണു വിമുക്തമാക്കലും പദ്ധതി
2. കോവിഡ് കാലത്തെ തീറ്റവിതരണം
3. റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, തൊഴുത്ത് നിർമ്മാണം
4. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്
5. കൺവർഷൻ ഓഫ് ബയോവേസ്റ്റ് ടു മാന്വർ പദ്ധതി
6. കറവയന്ത്രം വാങ്ങൽ പദ്ധതി
7. കൊമേഴ്സ്യൽ ഗോട്ടറി
8. ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
9. ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം
10. മൃഗാശുപത്രി വികസന സമിതി യോഗം

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ:

1. പാൽ സബ്സിഡി - (എൽ.എസ്.ജി.ഡി. പദ്ധതി)
2. തീറ്റപ്പുൽ കൃഷി സബ്സിഡി
3. ചോളം കൃഷി സബ്സിഡി
4. 1 പശു യൂണിറ്റ്
5. 2 പശു യൂണിറ്റ്
6. 1 പശു + 1 കിടാരി യൂണിറ്റ്

7. 3 പശു + 2 കിടാരി യൂണിറ്റ്

8. നാടൻ പശു യൂണിറ്റ്

9. അവശ്യാധിഷ്ഠിത ധനസഹായം

10. കറവ യന്ത്രം

11. കാലിത്തൊഴുത്ത്

12. അസിസ്റ്റൻസ് ടു ഡി.സി.എസ്.

13. ഹൈഡ്രോപോണിക്സ്

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ചെലവഴിച്ച തുകയും ക്ഷീരവികസന വകുപ്പ് ചെവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**കോഴിമുട്ട, കോഴിയിറച്ചി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

335(1124) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിമുട്ട, കോഴിയിറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഇറച്ചി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കേരളചിക്കൻ പദ്ധതിയും മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽനിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി മുഖേന വളർത്തി സർക്കാരിന്റെ തന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനയും ഡിപ്പാർട്ട്മെന്റ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തുന്നു.

തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന കെപ്കോയുടെ ഇറച്ചിക്കോഴി പ്രജനനകേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോതന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസിംഗ് പ്ലാൻറിൽ സംസ്കരിച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കോഴിയിറച്ചിയും അനുബന്ധ ഉല്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. അതിനുപുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ നിരക്കിൽ നൽകുന്നു. ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഈ ഫാമിൽനിന്നും 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസനം നടക്കുന്നു. കൂടാതെ വനിതാമിത്രം, കെപ്കോ ആശ്രയ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി, ബ്ലോക്ക് പഞ്ചായത്തുതല കോഴിവളർത്തൽ പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. കെപ്കോ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം 74 കോടി മുട്ട അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി അയൽ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കോഴിമുട്ടയുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

കോഴിയിറച്ചി ഉല്പാദനത്തിനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് ഇടയാറിൽ ഒരു കോഴി സംസ്കരണ ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം ഒരു കോഴി ഫാമും പ്രവർത്തിക്കുന്നുണ്ട്. റീബിൽഡ് കേരള പദ്ധതിപ്രകാരം ഒരു കോഴിയിറച്ചി സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം 2022-23-ൽ തുടങ്ങുവാനുദ്ദേശിക്കുന്നുണ്ട്.

(ബി) പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി.) മുഖേന കോഴി വളർത്തലിന് പ്രോത്സാഹനം നൽകുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ?

പൗൾട്രി വികസന കോർപ്പറേഷൻ (കെ.എസ്.പി.ഡി.സി) മുഖേന കോഴി വളർത്തലിന് പ്രോത്സാഹനം നൽകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>കെപ്കോ ആശ്രയ</u>:- തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ വിധവകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴികൾ, മൂന്ന് കിലോ തീറ്റ, മരുന്ന് എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നു.

2) <u>കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്</u>: സംസ്ഥാനത്തെ ഗവൺമെന്റ്/ എയ്ഡഡ് സ്കൂളിലെ യു.പി. വിഭാഗത്തിൽപ്പെട്ട 6, 7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട 8, 9 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കും അഞ്ച് കോഴിയും ഒരു കിലോ തീറ്റ, മരുന്ന് എന്നിവ വിതരണം ചെയ്യുന്നു.

3) 100 കോഴിയും കൂടും പദ്ധതി (ബ്ലോക്ക് പഞ്ചായത്തുതല പദ്ധതി):

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ ജെ.എൽ.ജി. ഗ്രൂപ്പുകളിൽ അംഗമായിട്ടുള്ള ഗുണഭോക്താവിന് 120 ദിവസം പ്രായമായ ബി.വി.-380 ഇനത്തിൽപ്പെട്ട 100 കോഴിയും 100 കോഴികളെ പാർപ്പിക്കാനുള്ള ഒരു ഹൈടെക് കൂടുമാണ് നൽകുന്നത്.

4) കെപ്കോ വനിതാമിത്രം: സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിൽനിന്നും 1000 വനിതാ ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴി, 3 കിലോതീറ്റ, മരുന്ന് എന്നിവയാണ് നൽകുന്നത്.

(സി) കോഴിവളർത്തൽ സംരംഭകർക്ക് മുട്ടക്കോഴി കുഞ്ഞുങ്ങളെയും ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ കെ.എസ്.പി.ഡി.സി. എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ഇല്ല.

**കുട്ടനാട്ടിലെ താറാവ് കർഷകർക്ക് നഷ്ടപരിഹാരം**

336(1125) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ക്രിസ്തുമസ് സീസണിൽ കുട്ടനാട്ടിൽ വ്യാപകമായി രോഗംവന്ന് കൂട്ടത്തോടെ ചത്തൊടുങ്ങിയ താറാവുകളുടെ ഉടമസ്ഥരായ കർഷകർക്ക് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിൽ 2021 ഡിസംബർ, 2022 ജനുവരി മാസങ്ങളിലായി പക്ഷിപ്പനിമൂലം കൊന്ന് നശിപ്പിക്കുകയും ചത്തുപോവുകയും ചെയ്ത താറാവുകൾക്ക് നഷ്ടപരിഹാരമായി 3,01,21,195 രൂപ നൽകിയിട്ടുണ്ട്. 65 കർഷകർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഇനി ഏതെങ്കിലും കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ അത് നൽകുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കുമോ?

ഉണ്ട്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പഞ്ചായത്തുകളിലും അയൽപഞ്ചായത്തുകളിലും വളർത്തുപക്ഷികളുടെ കടത്തൽ നിരോധിച്ചുകൊണ്ട് കളക്ടറുടെ നിരോധനം നിലവിൽവന്നതിനുശേഷം പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് താറാവുകളെ മനഃപൂർവ്വം കൊണ്ടുവന്ന് രോഗവ്യാപനമുണ്ടാക്കിയതിനാൽ ഒരു കർഷകന് നഷ്ടപരിഹാരം നൽകിയിട്ടില്ല.

(സി) നിസാരകാര്യങ്ങൾ പറഞ്ഞ് അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ തടസപ്പെടാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കുമോ?

നിസാരകാരണങ്ങളാൽ അർഹതപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ തടസ്സമുണ്ടായിട്ടില്ല.

(ഡി) ഇനിയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ലാത്ത താറാവ് കർഷകരുടെ വിവരം ലഭ്യമാക്കുമോ; ഇവർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഷെഫീക്ക്, സിമ്രാൻ, താമരക്കുളം എന്ന കർഷകനാണ് പക്ഷിപ്പനിമൂലം താറാവുകൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം നൽകാതിരുന്നത്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പഞ്ചായത്തുകളിലും അയൽ പഞ്ചായത്തുകളിലും വളർത്തുപക്ഷികളുടെ കടത്തൽ നിരോധിച്ചുകൊണ്ട് കളക്ടറുടെ നിരോധനം നിലവിൽവന്നതിനുശേഷം പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് താറാവുകളെ മനഃപൂർവ്വം കൊണ്ടുവന്ന് രോഗവ്യാപനമുണ്ടാക്കിയതിനാൽ ടിയാന് നഷ്ടപരിഹാരം നൽകിയിട്ടില്ല.

**കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ**

337(1126) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്തിലെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നും ഇ-5395578 നമ്പർപ്രകാരം മൃഗസംരക്ഷണ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുള്ള എളവള്ളി പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. എളവള്ളി പഞ്ചായത്തിലെ 1000 പശുക്കളെ സർക്കാരിന്റെ സബ്സിഡി സ്കീമിലുൾപ്പെടുത്തി ഇൻഷ്വർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ചൂണ്ടിക്കാട്ടി എളവള്ളി പഞ്ചായത്ത് പ്രസിഡന്റ് ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സബ്സിഡിയോടുകൂടി കേരളത്തിലെ ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതിയാണ് "ഗോസമൃദ്ധി എൻ.എൽ.എം." പദ്ധതി. നിലവിൽ നിർവ്വഹണം നടത്തിവരുന്ന 2020-21 പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ ഏകദേശം 60000 പശുക്കളെ മാത്രമെ ഇൻഷ്വർ ചെയ്യാൻ സാധിക്കുകയുള്ളൂ. "ഗോസമൃദ്ധി എൻ.എൽ.എം. 2020-21 പദ്ധതി" 90 ശതമാനം തുക ചെലവ് കണക്കിൽവരികയും ചെയ്തിട്ടുണ്ട്.

"ഗോസമൃദ്ധി എൻ.എൽ.എം. 2021-22 പദ്ധതി" പ്രാരംഭഘട്ടത്തിലാണ്. ഇതിനായി ഗോസമൃദ്ധി 500 ലക്ഷവും എൻ.എൽ.എം. 332.82 ലക്ഷവും ഉൾപ്പെടെ 832.82 ലക്ഷം രൂപയാണ് ലഭ്യമായിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ എല്ലാ ബ്രീഡബിൾ കന്നുകാലികളെയും ഇൻഷ്വറൻസ് പരിധിയിൽ കൊണ്ടു വരുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിലവിൽ ലഭ്യമായ ഫണ്ടുപയോഗിച്ച് ജില്ലകളിലെ ബ്രീഡബിൾ കന്നുകാലികളുടെ കണക്കിന്റെ അടിസ്ഥാനത്തിലാണ് ജില്ലകൾക്ക് ഫണ്ട് നൽകുന്നത്. എളവള്ളി ഗ്രാമപഞ്ചായത്തിലെ ഉരുക്കളെ മുഴുവൻ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കാൻ നടപ്പുപദ്ധതിയിൽ ലഭിച്ചിട്ടുള്ള ഫണ്ട് അപര്യാപ്തമാണ്.

## വെറ്ററിനറി ആംബുലൻസ്

338(1127) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ബ്ലോക്കുകളിലാണ് മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം വെറ്ററിനറി ആംബുലൻസുകൾ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വെറ്ററിനറി ആംബുലൻസ് ലഭ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആധുനിക സജ്ജീകരണങ്ങളോടുകൂടിയ രണ്ട് മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റുകൾ RKI പദ്ധതിപ്രകാരം എറണാകുളം, കണ്ണൂർ ജില്ലകൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. RKVY പദ്ധതിപ്രകാരം മൂന്ന് മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ (ഓരോ ആംബുലൻസുകൾ വീതം) പത്തനംതിട്ട, പാലക്കാട്, വയനാട് എന്നീ ജില്ലകൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

ജനങ്ങൾക്ക് ഉപകാരപ്രദമാകുംവിധം വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതിനും ആശുപത്രിയിലെ തിരക്ക് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് 12 മൊബൈൽ ടെലിസർജറി യൂണിറ്റ് ജില്ലകളിലെ വിവിധയിടങ്ങളിൽ തുടങ്ങുവാനാവശ്യമായ വാഹനവും അതിലേയ്ക്കുള്ള ഉപകരണങ്ങളും വാങ്ങുവാനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

മൃഗസംരക്ഷണ മേഖലയിൽ നൂതന പരിശോധനാരീതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുമുറ്റത്തെത്തിക്കുകയെന്ന ഉദ്ദേശ്യത്തോടെ 29 മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിന് വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. കർഷകന് ഏറ്റവുമടുത്തുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റ് വഴി സേവനം നൽകുകയാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. വെറ്ററിനറി സർജൻ, പാരാ വെറ്റ്, ഡ്രൈവർ-കം-അറ്റൻഡന്റ് എന്നിവരുടെ സേവനം ഓരോ യൂണിറ്റിലും ലഭ്യമാക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

ബ്ലോക്കുകൾക്ക് പ്രത്യേകമായി മൊബൈൽ വെറ്ററിനറി ആംബുലൻസുകൾ അനുവദിച്ചിട്ടില്ല.

## കോന്നി നിയോജകമണ്ഡലത്തിലെ മൃഗാശുപത്രികളിൽ ഡോക്ടർമാരുടെ നിയമനം

339(1128) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ കോന്നി മൃഗാശുപത്രിയുൾപ്പെടെ മൃഗഡോക്ടർമാരില്ലാത്ത എല്ലാ മൃഗാശുപത്രികളിലും മൃഗഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോന്നി നിയോജകമണ്ഡലത്തിൽ കോന്നി, കലഞ്ഞൂർ, മലയാലപ്പുഴ എന്നീ വെറ്ററിനറി ഹോസ്പിറ്റലുകളും ഐരാവൺ, ചിറ്റാർ, കൈപ്പട്ടൂർ, മണ്ണാറകുളഞ്ഞി, പ്രമാടം, സീതത്തോട്, തണ്ണിത്തോട് എന്നീ വെറ്ററിനറി ഡിസ്പെൻസറികളുമാണുള്ളത്. കോന്നി വെറ്ററിനറി ഹോസ്പിറ്റൽ ഒഴികെ മറ്റുള്ള സ്ഥാപനങ്ങളിൽ മൃഗഡോക്ടർമാർ നിലവിലുണ്ട്. കോന്നി വെറ്ററിനറി ഹോസ്പിറ്റലിൽ ഡോ. സ്ലീബ വർഗ്ഗീസിനെ സീനിയർ വെറ്ററിനറി സർജനായി നിയമിക്കുകയും 13-7-2022-ൽ ടിയാൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. എന്നാൽ 01-8-2022-ൽ ടിയാൾ മരണപ്പെട്ടതിനാൽ കോന്നി വെറ്ററിനറി ഹോസ്പിറ്റലിലെ മൃഗഡോക്ടറുടെ പൂർണ്ണ അധികചുമതല മലയാലപ്പുഴ വെറ്ററിനറി ഹോസ്പിറ്റലിലെ സീനിയർ വെറ്ററിനറി സർജൻ ഡോ. ഷീജാ ബീവിക്ക് നൽകിയിട്ടുണ്ട്.

## കൊണ്ടോട്ടി മണ്ഡലത്തിലെ പദ്ധതികൾ

340(1129) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ മൃഗസംരക്ഷണ/ക്ഷീരവികസന വകുപ്പ് മുഖേന ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

കൊണ്ടോട്ടി മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ:

കൊണ്ടോട്ടി മണ്ഡലത്തിൽ ക്ഷീര വികസന വകുപ്പ് മുഖേന 2022-23 വർഷത്തിൽ 6 ഹെക്ടർ പുൽകൃഷി, എം.എസ്.ഡി.പി.-യിലുൾപ്പെടുത്തി 2 പശു യൂണിറ്റ് -1 (46,500 രൂപ), 5 പശു യൂണിറ്റ്-1 (1,32,000 രൂപ), WCC-യ്ക്ക് ഇൻസെന്റീവ് - 80,000, മെക്കനൈസേഷൻ ആന്റ് മോഡനൈസേഷൻ – 50,000 രൂപ, തൊഴുത്തുനിർമ്മാണം ഒന്നിന് 50,000, കറവ യന്ത്രം - 1,30,000, കാലിത്തീറ്റ സബ്സിഡിയായി 1,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് വഴി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് കാലിത്തീറ്റയ്ക്ക് 5,00,000 രൂപയും മിൽക്ക് ഇൻസെന്റീവ് നൽകുന്നതിന് കൊണ്ടോട്ടി മുൻസിപ്പാലിറ്റി 2,00,000 രൂപയും വാഴക്കാട് പഞ്ചായത്ത് 2,00,000 രൂപയും വാഴയൂർ 1,00,000 രൂപയും ചെറുകാവ് 2,00,000 രൂപയും പുളിക്കൽ 1,50,000 രൂപയും മുതുവല്ലൂർ 50,000 രൂപയും ചീക്കോട് 1,06,000 രൂപയും വകയിരിത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ 6 പഞ്ചായത്തുകളിലും കൊണ്ടോട്ടി മുൻസിപ്പാലിറ്റിയിലുമായി എത്ര ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സംഘങ്ങളുടെ പേരും രജിസ്ട്രേഷൻ നമ്പറും തദ്ദേശസ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ ആകെ 13 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. കൊണ്ടോട്ടി മുൻസിപ്പാലിറ്റി - 2

- മുണ്ടപ്പലം ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M55(D) NON APCOS, കൊണ്ടോട്ടി പി.ഒ., പിൻ- 673638
- മേലെ പറമ്പ് ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M 257(D) APCOS, ചിറയിൽ പി.ഒ., പിൻ 673638

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2. പുളിക്കൽ ഗ്രാമപഞ്ചായത്ത് - 1

- വലിയ പറമ്പ് ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M264 (D) APCOS, വലിയപറമ്പ് പി.ഒ., പിൻ 673 637

3. ചെറുകാവ് ഗ്രാമപഞ്ചായത്ത് - 2

- ചെറുകാവ് ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.F1924(D) NON APCOS
- പുഞ്ചപ്പാടം ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M198(D) APCOS, പുതുക്കോട് പി.ഒ., പിൻ 673 634

4. വാഴയൂർ ഗ്രാമപഞ്ചായത്ത് - 2

- അഴിഞ്ഞിലം ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M193 (D)APCOS അഴിഞ്ഞിലം പി.ഒ.
- പുഞ്ചപ്പാടം ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M199(D) APCOS, വാഴയൂർ ഈസ്റ്റ് പി.ഒ.

5. വാഴക്കാട് ഗ്രാമപഞ്ചായത്ത് - 3

- അനന്തായൂർ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M225 (D)APCOS, വാഴക്കാട് പി.ഒ., പിൻ 673640
- കണ്ണത്തുംപാറ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M 208(D) APCOS,ചെറുവായൂർ പി.ഒ., പിൻ 673645
- എടവണ്ണപ്പാറ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.187(D) APCOS, വാഴക്കാട് പി.ഒ., പിൻ 673 645

6. മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് - 1

- വിളയിൽ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M253(D) APCOS

7. ചീക്കോട് ഗ്രാമപഞ്ചായത്ത് - 2

- വെട്ടുപാറ-വാവൂർ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M 312(D)APCOS
- മുണ്ടക്കൽ ക്ഷീരോല്പാദന സഹകരണ സംഘം ക്ലിപ്തം നം.M311(D) APCOS

(സി) കൊണ്ടോട്ടി മണ്ഡലത്തിൽ ആറ് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലുമായി എത്ര വെറ്ററിനറി ഡിസ്പെൻസറികളും മൃഗാശുപത്രികളുമുണ്ടെന്ന് വിശദമാക്കുമോ?

ഏഴ് വെറ്ററിനറി ഡിസ്പെൻസറികളും ഒരു വെറ്ററിനറി ഹോസ്പിറ്റലും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഇവയിൽ ഏതിന്റെയെങ്കിലും ഗ്രേഡ് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) ഓമാനൂരിൽ പ്രവർത്തിക്കുന്ന ചീക്കോട് പഞ്ചായത്ത് വെറ്ററിനറി ഡിസ്പെൻസറിയുടെ ജീർണ്ണിച്ചകെട്ടിടം പുതുക്കിപ്പണിയുന്നതിന് സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്ക് ചീക്കോട് വില്ലേജിൽ പ്രവർത്തിക്കുന്ന ഓമാനൂർ വെറ്ററിനറി ഡിസ്‌പെൻസറി സ്ഥിതി ചെയ്യുന്ന ക്യാമ്പസിൽ, പുതിയ മൃഗാശുപത്രി നിർമ്മിക്കുന്നതിന് DSR റേറ്റ് 2018 പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കാൻ മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഈ ഡിസ്പെൻസറിയെ ഒരു പോളിക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**കാഞ്ഞൂർ പഞ്ചായത്തിലെ പുതിയേടം മൃഗാശുപത്രി കെട്ടിടം**

341(1130) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ പുതിയേടം മൃഗാശുപത്രി കെട്ടിടത്തിനെത്ര നിലകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

കാഞ്ഞൂർ പഞ്ചായത്തിലെ പുതിയേടം മൃഗാശുപത്രി കെട്ടിടത്തിന് രണ്ട് നിലകളാണുള്ളത്.

(ബി) ഈ മൃഗാശുപത്രിയുടെ ഒന്നാം നില ഏതുവർഷമാണ് പണി പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മൃഗാശുപത്രിയുടെ ഒന്നാം നില 2014-15 സാമ്പത്തികവർഷമാണ് പൂർത്തീകരിച്ചിട്ടുള്ളത്.

(സി) ഒന്നാംനില ഉപയോഗിക്കുന്നതിനായി മൃഗാശുപത്രി അധികൃതർ കാഞ്ഞൂർ പഞ്ചായത്ത് അധികൃതർ മുമ്പാകെ അപേക്ഷ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ഡി) പണി പൂർത്തിയാക്കിയത് മുതൽ നാളിതുവരെ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട എന്തെങ്കിലും ആവശ്യത്തിന് ഒന്നാംനില ഉപയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താവശ്യത്തിനെന്നും ഏതെല്ലാം തീയതികളിലെന്നും വ്യക്തമാക്കാമോ?

സീലിംഗ്, വയറിംഗ്, ഫ്ലോറിംഗ് മുതലായവ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കാര്യപരിപാടിക്ക് ഈ ഹാളുപയോഗിച്ച് തുടങ്ങിയിട്ടില്ല. എന്നാൽ പദ്ധതി വിശദീകരണങ്ങൾ, ഗുണഭോക്തൃയോഗങ്ങൾ എന്നിവ നടത്തുന്നതിന് ഇവിടം ഉപയോഗിച്ചുവരുന്നു.

(ഇ) പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തുകളിലെ മൃഗാശുപത്രികളുടെ ആസ്തിയും ജീവനക്കാരും പഞ്ചായത്തിന്റെ അധികാര പരിധിയിൽ നിക്ഷിപ്തമാണോയെന്ന് വ്യക്തമാക്കാമോ?

നിക്ഷിപ്തമാണ്.

(എഫ്) കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പുതിയേടം മൃഗാശുപത്രിയുടെ ഒന്നാം നില താൽക്കാലികമായി പഞ്ചായത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കാനുള്ള നീക്കത്തിന് മൃഗസംരക്ഷണ വകുപ്പ് തടസ്സമുന്നയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ പുതിയേടം മൃഗാശുപത്രി കെട്ടിടത്തിന് മുകളിൽ കെ.എസ്.ഇ.ബി. ഓഫീസിന്റെ പ്രവർത്തനം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നെങ്കിലും 15-3-2022-ലെ സ.ഉ (സാധാ) നമ്പർ 141/2022/ എ.എച്ച്.ഡി. നമ്പർ (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)* ഉത്തരവിലൂടെ മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങൾ മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് അനുമതി നിഷേധിച്ച് സർക്കാർ പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ജി) മേൽക്കാര്യത്തിൽ സ്വയംഭരണ സ്ഥാപനമായ പഞ്ചായത്തുകളുടെ അധികാരത്തെ ഒഴിവാക്കിയുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോവെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകാമോ?

പഞ്ചായത്തുകളുടെ അധികാരത്തെ ഒഴിവാക്കിയുള്ള സർക്കാർ ഉത്തരവ് നിലവിലില്ല. എന്നാൽ കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തിനോടനുബന്ധിച്ചുള്ള വസ്തുവകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കുമാത്രം ഉപയോഗപ്പെടുത്തേണ്ടതാണെന്നും മറ്റ് യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്തുവാൻ പാടില്ലെന്നും സർക്കാരിന്റെ 27-2-2003-ലെ സ.ഉ.(സാധാ).നമ്പർ 677/2003/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു).*

## കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ വെറ്ററിനറി സബ് സെന്റർ അനുവദിക്കുവാൻ നടപടി

342(1131) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വെറ്ററിനറി സബ് സെന്ററുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ക്ഷീരകർഷകർ ഏറെയുള്ള കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ പുതുതായി ഒരു വെറ്ററിനറി സബ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## മൃഗസംരക്ഷണ വകുപ്പിലെ ഒഴിവുകൾ

343(1132) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ നിലവിൽ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകളുടെ വിവരങ്ങൾ (അബോളിഷ് ചെയ്യാൻ കണ്ടെത്തിയ തസ്തികകൾ ഉൾപ്പെടെ) തസ്തികകൾ തിരിച്ച് ചുവടെ ചേർക്കുന്നു.

| തസ്തികകളുടെ പേര് | എണ്ണം |
|---|---|
| (1) | (2) |
| ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ | 218 |
| ക്ലാർക്ക് | 23 |
| ക്ലാർക്ക് -ടൈപ്പിസ്റ്റ് | 18 |
| നൈറ്റ് വാച്ചർ | 7 |
| ഓഫീസ് അറ്റൻഡന്റ് | 4 |
| ലാബ് ടെക്നീഷ്യൻ | 23 |
| അസിസ്റ്റന്റ് ഡയറക്ടർ | 16 |
| വെറ്ററിനറി സർജൻ | 80 |
| ജൂനിയർ സൂപ്രണ്ട് | 4 |
| ഡെപ്യൂട്ടി ഡയറക്ടർ | 13 |
| ജോയിന്റ് ഡയറക്ടർ | 2 |
| കെമിസ്റ്റ് | 1 |
| ചിക്ക് സെക്സർ | 4 |
| ഇലക്ട്രീഷ്യൻ | 3 |
| അറ്റൻഡന്റ് | 51 |
| പെർമനന്റ് ലേബറർ | 9 |
| പി.റ്റി.എസ്. | 63 |
| ഫീഡ് അനലിസ്റ്റ് | 11 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 4 |
| ഹെഡ് ക്ലാർക്ക് | 1 |
| ഫീൽഡ് ഓഫീസർ | 1 |
| ഡ്രൈവർ | 2 |
| ലാബോറട്ടറി അറ്റൻഡർ | 1 |
| സീനിയർ ക്ലർക്ക് | 4 |
| റെക്കോർഡ് അറ്റൻഡർ | 1 |
| എക്സറേ ടെക്നീഷ്യൻ | 1 |

| (1) | (2) |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ & ബയോ മെഡിക്കൽ) | 2 |
| പ്ലാന്റ് എഞ്ചിനീയർ | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| കാർപെൻഡർ-കം-പായ്ക്കർ | 1 |
| ഗാർഡനർ | 1 |

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലെ നിയമനങ്ങൾ വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എൻട്രികേഡർ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ മുഖേനയും മറ്റ് തസ്തികകളിൽ പ്രൊമോഷൻ മുഖാന്തരവുമാണ് ഒഴിവുകൾ നികത്തേണ്ടത്. എൻട്രികേഡർ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാതിരുന്നതിനാലാണ് ഒഴിവുകൾ നികത്താൻ സാധിക്കാത്തത്. ടി ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ മുഖാന്തരമുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സാധാരണക്കാരായ ക്ഷീരകർഷകരും മറ്റ് മൃഗപരിപാലകരും ആശ്രയിക്കുന്ന വെറ്ററിനറി ആശുപത്രികളിൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ഇവരുടെ ജീവിതമാർഗ്ഗം ദുഷ്കരമാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ വകുപ്പിനുകീഴിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഉടനടി നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിന് അടിയന്തരനടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിനുള്ള ഓഫീസുകൾ**

344(1133) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിനുള്ള ഓഫീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ അനുവദിച്ച തസ്തികകൾ ഏതെല്ലാമാണെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇവയിൽ ഏതെല്ലാം തസ്തികകളൊഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഒഴിവ് എത്രകാലമായി തുടരുന്നുവെന്നും വ്യക്തമാക്കാമോ?

(എ-സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്നും ഇതിനാവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കാസർഗോഡ് ജില്ലയിൽ സ്വന്തം കെട്ടിടത്തിലും വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പ് ഓഫീസുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(എഫ്) പ്രസ്തുത ഓഫീസുകൾക്ക് വാടകയിനത്തിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ അഞ്ച് വെറ്ററിനറി ഉപകേന്ദ്രങ്ങളും ഒരു ചെക്ക്പോസ്റ്റുമാണ് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ഉപകേന്ദ്രങ്ങളുടെ വാടക ബന്ധപ്പെട്ട പഞ്ചായത്താണ് നൽകുന്നത്. പെർള എൽ.ഡി.സി. ചെക്ക് പോസ്റ്റിന്റെ വാടക വകുപ്പിൽനിന്നുതന്നെയാണ് ഒടുക്കുന്നത്. ഈയിനത്തിൽ നിലവിൽ പ്രതിമാസം 4,925 രൂപ നിരക്കിൽ പ്രതിവർഷം 59,100 രൂപ ചെലവഴിക്കുന്നുണ്ട്.

**പെൻഷനാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി**

345(1134) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽനിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ പെൻഷനാനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസറായി 2001 സെപ്റ്റംബറിൽ വിരമിച്ച ശ്രീ. ദാനിയേൽ ഫിലിപ്പിന് ഡി.സി.ആർ.ജി. നൽകുന്നതിന് കാലവിളംബം നേരിടുന്നതിലുള്ള കാരണം വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പാലോട് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിലെ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസറായിരിക്കെ 30-9-2001-ന് സേവനത്തിൽനിന്നും വിരമിച്ച ഡോ. ഡാനിയേൽ ഫിലിപ്പിനെതിരെ അച്ചടക്ക നടപടി നിലവിലുണ്ടായിരുന്നതിനാൽ 1-1-2009-ലാണ് ഡി.സി.ആർ.ജി അനുവദിച്ച് നൽകിയിട്ടുള്ളത്. തുടർന്ന് ഡി.സി.ആർ.ജി. തുക കൈപ്പറ്റുന്നതിനായി ടിയാന്റെ ബാദ്ധ്യതാരഹിത സാക്ഷ്യപത്രം, ചെങ്ങന്നൂർ സബ്ട്രഷറി ഓഫീസർക്ക് നൽകിയിട്ടും ടിയാൻ നാളിതുവരെയും ഡി.സി.ആർ.ജി. കൈപ്പറ്റിയിട്ടില്ല. ടിയാന്റെ പേർക്ക് കണ്ടെത്തിയ ബാദ്ധ്യത ഒഴിവാക്കപ്പെടുകയും മുഴുവൻ ഡി.സി.ആർ.ജി തുകയും ലഭിക്കുന്നതിനായുള്ള ബാദ്ധ്യതാരഹിത സാക്ഷ്യപത്രം ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ടിയാന് ട്രഷറിയിൽനിന്നും ഡി.സി.ആർ.ജി. കൈപ്പറ്റാവുന്നതാണ്.

(സി) വാർദ്ധക്യസഹജമായ അസുഖത്താൽ ദുരിതമനുഭവിക്കുന്ന പ്രസ്തുത വ്യക്തിയുടെ ഡി.സി.ആർ.ജി. അനുവദിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; ഡി.സി.ആർ.ജി. എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഡി.സി.ആർ.ജി കൈപ്പറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ടിയാന് ഉടനടി ഡി.സി.ആർ.ജി. കൈപ്പറ്റാവുന്നതാണ്.

**ഫാം തുടങ്ങുവാൻ പദ്ധതി**

346(1135) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംസഹായസംഘം എന്നിവർക്കോ, വ്യക്തികൾക്കോ ആട്/പശു ഫാം തുടങ്ങുന്നതിന് ഗവൺമെന്റ് പദ്ധതികളുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതികൾക്ക് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 മുതൽ ആരംഭിച്ച അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് പദ്ധതിക്കുകീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് (വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ (ഒരു ലക്ഷം രൂപ) വീതം കർഷകന് ധനസഹായം നൽകുന്നു. 2022-23-ൽ 240 യൂണിറ്റിന് 240 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പശു ഫാം ആരംഭിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന് നിലവിൽ പദ്ധതികളില്ല.

**പാലുല്പന്നങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി.**

347(1136) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പന്നങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. നടപ്പാക്കിയ കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിലേതൊക്കെ ഉല്പന്നങ്ങൾക്ക് ഇപ്രകാരം നികുതി ഈടാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പാലുല്പന്നങ്ങൾക്ക് അഞ്ച് ശതമാനം ജി.എസ്.ടി. നടപ്പിലാക്കിയ കേന്ദ്രസർക്കാർ തീരുമാനം 18-7-2022 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. തൈര്, കട്ടിതൈര്, സംഭാരം, കട്ടിമോര് എന്നീ ഫെർമെന്റഡ് ഉല്പന്നങ്ങൾക്കാണ് 18-7-2022 മുതൽ അഞ്ച് ശതമാനം ജി.എസ്.ടി. നടപ്പിലാക്കിയത്.

(ബി) എത്ര ശതമാനം നികുതിയാണ് ഈടാക്കിയതെന്ന് വ്യക്തമാക്കുമോ?

അഞ്ച് ശതമാനം നികുതിയാണ് ഈടാക്കിയത്.

(സി) ഉല്പന്നങ്ങളുടെ വിപണനത്തെ വിലവർദ്ധനവ് ബാധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

18-7-2022 മുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളിൽ ജി.എസ്.ടി. ചുമത്തിയതിനുശേഷം ജി.എസ്.ടി. ചുമത്തിയ ഉല്പന്നങ്ങളായ തൈര്, ലസ്സി, സംഭാരം എന്നിവയുടെ വില്പന കുറഞ്ഞിട്ടുണ്ട്. വിപണന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ക്ഷീരോൽപ്പാദക മേഖലാ യൂണിയനുകളുടെ 83 ശതമാനം ലാഭവിഹിതവും ക്ഷീരസംഘങ്ങൾ വഴി വിവിധ ആനുകൂല്യങ്ങളായും പാൽ വിലയായും കർഷകർക്കാണ് നൽകുന്നതെന്ന വസ്തുത ഉപഭോക്താക്കൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനുശേഷം വില്പനയിൽ വർദ്ധനവുണ്ടാകുകയും ജി.എസ്.ടി. ചുമത്തിയതിനുമുമ്പുണ്ടായിരുന്ന വില്പന കൈവരിക്കാൻ സാധിച്ചിട്ടുമുണ്ട്. എന്നിരുന്നാലും സാഹചര്യങ്ങൾക്കനുസൃതമായ വില്പന വർദ്ധനവ് കൈവരിക്കാനായിട്ടില്ല.

**പാലുൽപന്നങ്ങളുടെ മേൽ ജി.എസ്.ടി.**

348(1137) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തിയതിന്റെ അടിസ്ഥാനത്തിൽ മിൽമപാൽ ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

18-7-2022 മുതൽ ജി.എസ്.ടി. ചുമത്തിയ ഉല്പന്നങ്ങളായ തൈര്, ലസ്സി, സംഭാരം, കപ്കർഡ് എന്നീ ഫെർമെന്റഡ് ഉല്പന്നങ്ങൾക്കാണ് ജി.എസ്.ടി. ചുമത്തിയതിനുശേഷം വില വർദ്ധിപ്പിച്ചിട്ടുള്ളത്. വിപണിയിലെ മത്സരം നിലനിർത്തുന്നതിനുവേണ്ടി ചില ഉല്പന്നങ്ങളുടെ വിലയിൽ മാറ്റം വരുത്താതെ അളവിൽ ചെറിയ കുറവുവരുത്തിയിട്ടുണ്ട്. ഈ രീതിയിൽ വില വ്യത്യാസം വരുത്തിയ ഉല്പന്നങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| PRICE STRUCTURE AS ON 18-7-2022 inclusive of GST | | | |
|---|---|---|---|
| Sl No | Name of Product | MRP | Revised MRP |
| 1 | Curd in cup (Toned Milk) 400 g | 60.00 | 65.00 |
| 2 | Curd in cup (Toned milk) 200 g | 30.00 | 35.00 |
| 3 | Curd cup (Toned Milk) 80 g | 10.00 | 12.00 |
| 4 | Curd cup (Toned Milk) 40 g | 6.00 | 7.00 |
| 5 | Curd 500 g (Skim Milk) Pouch | 27.00 | 30.00 |
| 6 | Curd 500 g (DT Milk) Pouch | 29.00 | 32.00 |
| 7 | Curd 500 (Toned Milk) Pouch | 35.00 | 40.00 |
| 8 | Curd 525 Skim Milk Pouch | 30.00 | 32.00 |
| 9 | Skimed Milk Curd 5 KG | 270.00 | 300.00 |
| 10 | Katti moru 1 LTR pet bottle | 50.00 | 55.00 |
| 11 | Katti moru 500 ml pet bottle | 30.00 | 33.00 |
| 12 | Katta Thairu 400 g | 45.00 | 50.00 |
| 13 | Butter Milk 175 ml pouch | 5.00 | 5.00 |
| 14 | Butter Milk 175 ml (Cup) | 10.00 | 10.00 |
| 15 | Butter Milk 200ml pouch | 10.00 | 10.00 |
| 16 | Mango/Sweet Lassi (Sachet)175ml | 10.00 | 10.00 |
| 17 | Lassi (pet bottle) 180 ml | 20.00 | 20.00 |

(ബി) പാലുല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് ഉല്പന്നങ്ങളുടെ വിപണനത്തെ ബാധിക്കുമോ; വിശദാംശം നൽകുമോ?

18-7-2022 മുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളിൽ ജി.എസ്.ടി. ചുമത്തിയതിനുശേഷം ജി.എസ്.ടി. ചുമത്തിയ ഉല്പന്നങ്ങളായ തൈര്, ലസ്സി, സംഭാരം എന്നിവയുടെ വില്പന കുറഞ്ഞിട്ടുണ്ട്. വിപണന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ക്ഷീരോല്പാദകമേഖലാ യൂണിയനുകളുടെ 83 ശതമാനം ലാഭവിഹിതവും ക്ഷീരസംഘങ്ങൾ വഴി വിവിധ ആനുകൂല്യങ്ങളായും പാൽവിലയായും കർഷകർക്കാണ് നൽകുന്നതെന്ന വസ്തുത ഉപഭോക്താക്കൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനുശേഷം വില്പനയിൽ വർദ്ധനവുണ്ടാകുകയും ജി.എസ്.ടി. ചുമത്തിയതിനുമുമ്പുണ്ടായിരുന്ന വില്പന കൈവരിക്കുവാൻ സാധിച്ചിട്ടുമുണ്ട്. എന്നിരുന്നാലും സാഹചര്യങ്ങൾക്കനുസൃതമായ വില്പന വർദ്ധനവ് കൈവരിക്കുവാനായിട്ടില്ല.

(സി) പ്രതിസന്ധി നേരിടുന്ന ക്ഷീരകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകുമോ?

നിലവിൽ മിൽമയ്ക്ക് ലഭിക്കുന്ന വിറ്റുവരവിന്റെ 83 ശതമാനവും കർഷകർക്ക് പാൽവിലയായും മറ്റാനുകൂല്യങ്ങളായും നൽകി വരുന്നുണ്ട്. പാലുല്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭിക്കുന്ന ലാഭവും ചേർത്താണ് മിൽമയുടെ മേഖലായൂണിയനുകൾ ക്ഷീരകർഷകർക്ക് വേനൽക്കാല ഇൻസെന്റീവ്, ബോണസ്, ഡിവിഡന്റ് എന്നിവ നൽകുന്നത്.

## പാൽ ഗുണമേന്മ പരിശോധന

349(1138) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തുനിന്നുമെത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാറുണ്ടോ;ഗുണമേന്മയിൽ അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

പരിശോധിക്കാറുണ്ട്. ഗുണമേന്മയിൽ അപാകതകളുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തിപ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്ന തിനുവേണ്ടി സ്ഥിരം സംവിധാനം ക്ഷീരവികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷദിവസങ്ങളിൽ സംസ്ഥാനത്തിനുപുറത്തുനിന്നും വരുന്ന പാലിന്റെയും

പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാനാതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പിക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ളപക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. പരിശോധനയിൽ പാൽ ഗുണമേന്മയില്ലാത്തതാണെന്ന് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് ഫുഡ് സേഫ്റ്റി ഓഫീസർക്ക് കൈമാറുകയാണ് ചെയ്യുന്നത്.

ഭക്ഷ്യസുരക്ഷ വകുപ്പ് ഇതരസംസ്ഥാനങ്ങളിൽനിന്നും എത്തുന്നതുൾപ്പെടെ സംസ്ഥാനത്തെത്തുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. ഓണംപോലുള്ള ആഘോഷവേളകളിൽ പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധനകൾ നടത്തുന്നുണ്ട്. 2020 ഏപ്രിൽ മുതൽ നാളിതുവരെ നടത്തിയ ഇത്തരം പരിശോധനകളിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്നതുൾപ്പെടെയുള്ള 5556 പാൽ പരിശോധനകൾ നടത്തുകയും 617 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധനകൾ നടത്തിയതിൽ 34 സാമ്പിളുകൾ അൺസെയ്ഫായും 9 സാമ്പിളുകൾ സബ്സ്റ്റാൻഡേർഡായും പരിശോധനാഫലം ലഭിച്ചിട്ടുണ്ട്. നിയമനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 25 പ്രോസിക്യൂഷൻ കേസുകളും 9 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ക്ഷീരവികസനമേഖലയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. കിടാരി പാർക്ക്, ക്ഷീര ഗ്രാമം എന്നീ പദ്ധതികൾക്കായി ധനസഹായം നൽകിവരുന്നു. സർക്കാർ ധനസഹായത്തോടെ തീറ്റപ്പുൽകൃഷി വ്യാപനപദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവുമെന്ന ഘടകപദ്ധതിയിലൂടെ തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു.

എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകളിൽ സൗജന്യമായി പാൽ പരിശോധിച്ചുനൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

സർക്കാർ ധനസഹായത്തോടെ കേരളത്തിലെ ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി വഴി ക്ഷീരകർഷകർ അവരുടെ കുടുംബാംഗങ്ങൾ, കറവമാടുകൾ, ക്ഷീരസംഘംജീവനക്കാർ എന്നിവർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, കോവിഡ് ആശ്വാസ ധനസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ നൽകാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ ക്ഷീരവികസന മേഖലയിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1) റൂറൽ ഡയറി എക്സ്റ്റൻഷൻ ആൻഡ് അഡ്വൈസറി സർവ്വീസ് - 63,000 രൂപ

2) തീറ്റപ്പുൽകൃഷി വികസന പദ്ധതി - 2,06,507 രൂപ

3) ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം - 2,17,652 രൂപ

4) ഇൻവെസ്റ്റ്മെന്റ് ടു ഡി.സി.എസ്. - ഇല്ല

5) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം - 6,94,500 രൂപ

6) കാലിത്തീറ്റ സബ്സിഡി - 1,00,000 രൂപ

7) ഗുണനിയന്ത്രണ ലാബിന്റെ ശാക്തീകരണം - 7,500 രൂപ

8) ത്രിതല പഞ്ചായത്ത് പദ്ധതികൾ - 34,83,513 രൂപ

## വൈപ്പിൻ ബ്ലോക്കിൽ ആംബുലേറ്ററി ലാബും വന്ധ്യതാ ക്ലിനിക്കും ആരംഭിക്കാൻ നടപടി

350(1139) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23-ലെ ബഡ്ജറ്റിൽ ഒരു കോടി അമ്പത് ലക്ഷം രൂപ അടങ്കൽ

തുകയുടെ 20 ശതമാനം വകയിരുത്തി വൈപ്പിൻ ബ്ലോക്കിനുകീഴിൽ ആംബുലേറ്ററി ലാബും വന്ധ്യതാ ക്ലിനിക്കും ചാണകസംസ്കരണ യൂണിറ്റും ആരംഭിക്കുന്ന പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ക്ഷീരവകുപ്പ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പ്രാരംഭനടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ പദ്ധതികൾ**

351(1140) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽവന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ-ക്ഷീര വകുപ്പുമുഖേന നാളിതുവരെ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1. ഗോട്ട് സാറ്റ്ലെറ്റ് യൂണിറ്റ്
2. ആർ.കെ.ഐ. (റീബിൽഡ് കേരള ഇനിഷ്യേറ്റീവ്) പദ്ധതിയുടെ കീഴിൽ ലൈവ്ലിഹുഡ് സപ്പോർട്ട് പാക്കേജ്
3. വളക്കുഴി നിർമ്മാണം
4. താറാവ് വളർത്തൽ പദ്ധതി
5. വന്ധ്യതാനിവാരണ ക്യാമ്പ്
6. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി
7. സ്ട്രെങ്ത്തനിംഗ് ഓഫ് വെറ്ററിനറി സർവ്വീസ്
8. രാത്രികാല മൃഗപരിപാലന പദ്ധതി
9. Special Central Assistance to Scheduled Caste Sub Plan
10. മെയിൽ കാഫ് ഫാറ്റനിംഗ് യൂണിറ്റ്

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1. റൂറൽ ഡയറി എക്സ്റ്റൻഷൻ ആൻഡ് അഡ്വൈസറി സർവ്വീസ് (RDE & AS)
2. തീറ്റപ്പുൽകൃഷി വികസന പദ്ധതി

3. ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം
4. ഇൻവെസ്റ്റ്മെന്റ് ടു ഡി.സി.എസ്.
5. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം
6. കാലിത്തീറ്റ സബ്സിഡി
7. ഗുണനിയന്ത്രണ ലാബിന്റെ ശാക്തീകരണം
8. ത്രിതല പഞ്ചായത്ത് പദ്ധതികൾ.

(ബി) ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ്

1. ഗോട്ട് സാറ്റ്ലെറ്റ് യൂണിറ്റ്- 2,00,000
2. ആർ.കെ.ഐ. (റീബിൽഡ് കേരള പദ്ധതി)-യുടെ കീഴിൽ ലൈവലിഹുഡ് സപ്പോർട്ട് പാക്കേജ് - 23,28,000
3. വളക്കുഴി നിർമ്മാണം - 87,000
4. താറാവ് വളർത്തൽ പദ്ധതി - 48,800
5. വന്ധ്യതാനിവാരണ ക്യാമ്പ് - 30,000
6. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 24,000
7. സ്ട്രെങ്ത്തനിംഗ് ഓഫ് വെറ്ററിനറി സർവ്വീസ് - 24,000
8. രാത്രികാല മൃഗപരിപാലന പദ്ധതി - 17,54,410
9. Special Central Assistance to Scheduled Caste Sub Plan - 30,000
10. മെയിൽ കാഫ് ഫാറ്റനിംഗ് യൂണിറ്റ് - 5,70,000

ആകെ - 50,96,210 രൂപ ചെലവഴിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ്

ഒറ്റപ്പാലം നിയോജകമണ്ഡലം പരിധിയിൽ നാളിതുവരെ ആകെ 1,04,89,038 രൂപ (ഒരു കോടി നാല് ലക്ഷത്തി എൺപത്തൊൻപതിനായിരത്തി മുപ്പത്തിയെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**ക്ഷീരഗ്രാമം പദ്ധതി**

352(1141) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റിയെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) പാലുല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവിടെയാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്

(സി) 2016 മുതൽ ഇതുവരെയായി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കാമോ?

നാളിതുവരെ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ വിവരം നിയോജകമണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു.

| | പഞ്ചായത്ത് | നിയോജകമണ്ഡലം |
|---|---|---|
| 1 | ഏരൂർ | പുനലൂർ |
| 2 | ഉദയനാപുരം | വൈക്കം |
| 3 | വെള്ളാങ്കല്ലൂർ | കൊടുങ്ങല്ലൂർ |
| 4 | ചിറയിൻകീഴ് | ചിറയിൻകീഴ് |
| 5 | ഇടമുളയ്ക്കൽ | പുനലൂർ |
| 6 | മണ്ണാംചേരി | ആലപ്പുഴ |
| 7 | ചാഴൂർ | നാട്ടിക |
| 8 | പറളി | കോങ്ങാട് |
| 9 | വെമ്പായം | നെടുമങ്ങാട് |
| 10 | മേലില | പത്തനാപുരം |
| 11 | തൊടിയൂർ | കരുനാഗപ്പള്ളി |
| 12 | വയലാർ | ചേർത്തല |
| 13 | കോലഴി | വടക്കാഞ്ചേരി |
| 14 | കണ്ണമംഗലം | വേങ്ങര |
| 15 | വട്ടംകുളം | തവനൂർ |
| 16 | ചെറുവണ്ണൂർ | ബേപ്പൂർ |

| | | |
|---|---|---|
| 17 | തില്ലങ്കേരി | മട്ടന്നൂർ |
| 18 | പനത്തടി | കാഞ്ഞങ്ങാട് |
| 19 | വിളപ്പിൽ | നേമം |
| 20 | ശൂരനാട് നോർത്ത് | ശാസ്താംകോട്ട |
| 21 | കുളക്കട | കൊട്ടാരക്കര |
| 22 | പട്ടണക്കാട് | ചേർത്തല |
| 23 | മെഴുവേലി | ആറന്മുള |
| 24 | കല്ലൂർക്കാട് | മൂവാറ്റുപുഴ |
| 25 | പെരുങ്ങോട്ടുകുറിശ്ശി | തരൂർ |
| 26 | ആനക്കയം | മലപ്പുറം |
| 27 | എടച്ചേരി | നാദാപുരം |
| 28 | ചൊക്ലി | തലശ്ശേരി |
| 29 | അഴൂർ | ചിറയിൻകീഴ് |
| 30 | കരകുളം | നെടുമങ്ങാട് |
| 31 | വെളിയം | കൊട്ടാരക്കര |
| 32 | തെന്മല | പുനലൂർ |
| 33 | പൂയപ്പള്ളി | കൊട്ടാരക്കര |
| 34 | വിളക്കുടി | പത്തനാപുരം |
| 35 | പള്ളിക്കൽ | അടൂർ |
| 36 | വള്ളികുന്നം | മാവേലിക്കര |
| 37 | ചേർത്തല സൗത്ത് | ചേർത്തല |
| 38 | വെച്ചൂർ | വൈക്കം |
| 39 | ഭരണങ്ങാനം | പാല |
| 40 | വെളിയന്നൂർ | കടുത്തുരുത്തി |
| 41 | ചക്കുപള്ളം | പീരുമേട് |
| 42 | ചേന്നമംഗലം | പറവൂർ |
| 43 | പാണഞ്ചേരി | ഒല്ലൂർ |
| 44 | എടവിലങ്ങാട് | കൈപ്പമംഗലം |
| 45 | കരിമ്പുഴ | ഒറ്റപ്പാലം |
| 46 | മങ്കട | മങ്കട |
| 47 | ഏറാമല | വടകര |
| 48 | നൊച്ചാട് | പേരാമ്പ്ര |
| 49 | കോട്ടത്തറ | കൽപ്പറ്റ |
| 50 | കടന്നപ്പള്ളി- പാണപ്പുഴ | പയ്യന്നൂർ |

| | | |
|---|---|---|
| 51 | പിണറായി | പിണറായി |
| 52 | ഉളിക്കൽ | ഇരിക്കൂർ |
| 53 | അജാനൂർ | ഹോസ്ദുർഗ് |
| 54 | പോത്തൻകോട് | നെടുമങ്ങാട് |
| 55 | ഇട്ടിവ | ചടയമംഗലം |
| 56 | കരീപ്ര | കൊട്ടാരക്കര |
| 57 | തണ്ണീർമുക്കം | ചേർത്തല |
| 58 | കറുകച്ചാൽ | കാഞ്ഞിരപ്പള്ളി |
| 59 | കോട്ടുവള്ളി | പറവൂർ |
| 60 | കടലുണ്ടി | ബേപ്പൂർ |
| 61 | വേളം | കുറ്റിയാടി |
| 62 | മങ്ങാട്ടിടം | മട്ടന്നൂർ |
| 63 | പിരളശ്ശേരി | ധർമ്മടം |

(ഡി) 2022-23 സാമ്പത്തികവർഷം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തത്; വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി**

353(1142) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തികവർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## ക്ഷീരഗ്രാമം പദ്ധതി

354(1143) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന ക്ഷീരഗ്രാമം പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

കൃഷിയും അനുബന്ധപ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകൾ തെരെഞ്ഞെടുത്ത് അവിടെ പാലുൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(ബി) ക്ഷീരഗ്രാമം പദ്ധതിയിലൂടെ ക്ഷീരകർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശം അറിയിക്കാമോ?

ക്ഷീരഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്. ഇതിനായി സർക്കാർ ധനസഹായത്തോടെ കറവപശുക്കളെവാങ്ങുന്നതിനും ആവശ്യാധിഷ്ഠിത ധനസഹായം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് പരമാവധി ധനസഹായമായി അനുവദിക്കുന്നത്.

(സി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ, എറമല, വേളം, കടലുണ്ടി, നൊച്ചാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തികവർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കേണ്ട ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

(ഡി) ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടില്ല.

**വടക്കാഞ്ചേരി മണ്ഡലത്തിലെ പദ്ധതികൾ**

355(1144) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിൽ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാനു ദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) മൃഗസംരക്ഷണ വകുപ്പ് മുഖേന, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാനുദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങളും പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

ക്ഷീരവികസന വകുപ്പ് മുഖേന, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ക്ഷീരവികസന മേഖലയിൽ നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാനുദ്ദേശി ക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി**

356(1145) ശ്രീ. സജി ചെറിയാൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന രംഗത്ത് മിൽമ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി തിരുവനന്തപുരം മേഖലാ യൂണിയൻ താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

- കാലിത്തീറ്റ സബ്സിഡി
- കാലിത്തൊഴുത്ത് നവീകരണം
- കന്നുകുട്ടി ദത്തെടുക്കൽ
- സബ്സിഡി നിരക്കിൽ മിൽക്കിംഗ് മെഷീൻ
- സബ്സിഡി നിരക്കിൽ കൗ മാറ്റ്
- കന്നുകാലി ഇൻഷ്വറൻസ്
- കർഷകർക്കുള്ള ഇൻഷ്വറൻസ്
- കർഷകന്റെ ആശ്രിതർക്ക് മരണാനന്തര ധനസഹായം
- സഞ്ചാലകനിധി - വായ്പാ പദ്ധതി
- വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റ്, ക്യാമ്പുകൾ, ധാതുലവണ മിശ്രിതം - സബ്സിഡി നിരക്കിൽ.
- ആട്ടോമാറ്റിക് വാട്ടറിംഗ് സിസ്റ്റം (NPDD)

എറണാകുളം മേഖലാ യൂണിയൻ ക്ഷീരകർഷകരുടേയും ക്ഷീരസംഘങ്ങളുടേയും ഉന്നമനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായി പി. & ഐ. ബഡ്ജറ്റിൽ 5.7 കോടി രൂപ വകയിരുത്തി പ്രവർത്തനങ്ങൾ നടത്തിവരുന്നു. മേഖലാ യൂണിയന് വൈക്കോൽ/സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ് എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നു. ആയതിന് സബ്സിഡി നൽകുന്നതിന് പി&ഐ ബഡ്ജറ്റിൽ 126 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

1. പശു ലോണിന് പലിശ സബ്സിഡി
2. ക്ഷീരകർഷക ഇൻഷ്വറൻസ് സബ്സിഡി
3. കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി
4. അകിടുവീക്ക നിയന്ത്രണത്തിനുള്ള പ്രത്യേക പദ്ധതി
5. വൈക്കോൽ, സൈലേജ് വിതരണത്തിന് സബ്സിഡി
6. എല്ലാ കറവപ്പശുക്കളേയും വിരവിമുക്തമാക്കുന്നതിനുള്ള പദ്ധതി

7. കറവയന്ത്ര സബ്സിഡി
8. പ്രഷർവാഷ് സബ്സിഡി
9. മേഖലാ യൂണിയനുകീഴിൽ മൃഗചികിത്സ സംവിധാനം
10. റബ്ബർമാറ്റ് സബ്സിഡി
11. പാൽ ക്യാൻ വാങ്ങുന്നതിന് ധനസഹായം
12. വീൽബാരോ വാങ്ങുന്നതിന് ധനസഹായം

എന്നിവ കർഷകർക്കായി നടപ്പിലാക്കുന്ന പദ്ധതികളിലുൾപ്പെടുന്നവയാണ്.

ക്ഷീരോൽപ്പാദനത്തിൽ വരുന്ന ചെലവുകൾ കുറയ്ക്കുന്നതിനായി താഴെപ്പറയുന്ന സഹായങ്ങൾ ക്ഷീരകർഷകരിലേയ്ക്ക് മലബാർ മിൽമയെത്തിക്കുന്നുണ്ട്:

1. അയൽ സംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീരസംഘം മുഖാന്തരം ക്ഷീരകർഷകർക്ക് ലഭ്യമാക്കിവരുന്നു. ആയതിന് 46 കോടി രൂപ സബ്സിഡിയും നൽകുന്നുണ്ട്.
2. അർഹരായ കർഷകർക്ക് ധാതുലവണ മിശ്രിതം, ബൈപ്പാസ് ഫാറ്റ് എന്നിവ സബ്സിഡിയോടുകൂടി മലബാർ മിൽമ നൽകുന്നുണ്ട്.
3. കർഷകർക്ക് ഇൻസെമിനേഷന് ചെലവാകുന്ന ബീജമാത്രകളുടെ വില പൂർണ്ണമായും സൗജന്യമായി നൽകുന്നുണ്ട്.
4. മൃഗചികിത്സ ലഭ്യമാകാത്തിടങ്ങളിൽ നാമമാത്രമായ ചാർജ്ജ് ഈടാക്കിക്കൊണ്ട് മരുന്നും ഡോക്ടറുടെ സഹായവും കർഷകഭവനങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.
5. പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിനും ഇൻഷ്വറൻസ് പ്രീമിയത്തിന്റെ ഒരു വിഹിതം മിൽമ മലബാർ മേഖലാ യൂണിയൻ നൽകിവരുന്നുണ്ട്.
6. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള പശുക്കളെ കേരളത്തിൽത്തന്നെ വളർത്തിയെടുക്കുവാൻ കെ.എൽ.ഡി. ബോർഡിന്റെ ബീജബാങ്കുകൾ സജീവമായി പ്രവർത്തിക്കുന്നു.
7. ക്ഷീരോല്പാദനച്ചെലവ് കുറയ്ക്കുന്നതിന് തീറ്റവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയും കാലിത്തീറ്റ ക്ഷീരകർഷകർക്ക് വിപണനം ചെയ്തുവരുന്നു.

മലബാർ മേഖലയിൽ പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യമുള്ളതിനാൽ ഇനിയും വർദ്ധിച്ചേക്കാവുന്ന പാൽ കൈകാര്യം ചെയ്യുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുവാനുമുള്ള പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണജോലികൾ പുരോഗമിക്കുന്നു. ഈ പദ്ധതികളിൽ മലപ്പുറത്തെ മൂർക്കനാട് നിർമ്മാണജോലികൾ പുരോഗമിച്ചുവരുന്ന പാൽപ്പൊടി നിർമ്മാണ ഫാക്ടറി, വയനാട് ജില്ലയിൽ സ്ഥാപിതമായ കണ്ടൻസിംഗ് പ്ലാന്റ് എന്നിവയുൾപ്പെടുന്നു.

(ബി) 2022-23 വർഷത്തെ കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിയായ ഗോവർദ്ധനിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ?

ആരംഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തികവർഷത്തിൽ അനുവദിച്ചിട്ടുള്ള 42410 കന്നുകുട്ടികളെ വരിചേർക്കുന്നത് ആരംഭിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്നും ഇതിലൂടെ വിതരണം ചെയ്യാനുദ്ദേശിക്കുന്ന കന്നുകുട്ടികളുടെ വിശദാംശവും ലഭ്യമാക്കാമോ?

കേരളത്തിലെ പതിനാല് ജില്ലകളിലും പദ്ധതി നടപ്പിലാക്കിവരുന്നു. നാല് മുതൽ ആറ് മാസം പ്രായമായ കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 50 ശതമാനം സബ്സിഡി നിരക്കിൽ സമീകൃത കന്നുകുട്ടി തീറ്റനൽകുന്നു. പ്രസ്തുത പദ്ധതി പ്രകാരം വിവിധ ജില്ലകളിൽ വരിചേർക്കാനുദ്ദേശിക്കുന്ന കന്നുക്കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 3648 |
| 2 | കൊല്ലം | 4000 |
| 3 | പത്തനംതിട്ട | 1932 |
| 4 | ആലപ്പുഴ | 2508 |
| 5 | കോട്ടയം | 2562 |
| 6 | ഇടുക്കി | 3077 |
| 7 | എറണാകുളം | 3414 |
| 8 | തൃശ്ശൂർ | 3537 |
| 9 | പാലക്കാട് | 3500 |
| 10 | മലപ്പുറം | 3500 |
| 11 | കോഴിക്കോട് | 3478 |
| 12 | വയനാട് | 2520 |
| 13 | കണ്ണൂർ | 2897 |
| 14 | കാസർഗോഡ് | 1847 |
| ആകെ | | 42410 |

(ഡി) ദത്തെടുക്കുന്ന കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്നതിനും കുറഞ്ഞവിലയ്ക്ക് കാലിത്തീറ്റയും അനുബന്ധ സഹായങ്ങളും നൽകുന്നതിനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ?

ഉണ്ട്. പ്രസ്തുത പദ്ധതിയിൽ വരിചേർക്കുന്ന കന്നുകുട്ടികൾക്ക് 50 ശതമാനം സബ്സിഡി നിരക്കിൽ സമീകൃത കാലിത്തീറ്റ നൽകിവരുന്നു. നാലാം മാസം 30 കിലോയും അഞ്ചും ആറും മാസം 45 കിലോയും ഏഴാം മാസം മുതൽ പതിനെട്ടാം മാസം വരെ 60 കിലോ ഗ്രാമും 19 മുതൽ 30 മാസം വരെ 75 കിലോഗ്രാം തീറ്റയും വ്യക്തിഗത സബ്സിഡി പരിധിയിൽ പരിമിതപ്പെടുത്തി നൽകിവരുന്നു. ഈ കന്നുകുട്ടികളെ വരിചേർക്കൽ മുതൽ 32 മാസം പ്രായം വരെ 50 ശതമാനം പ്രീമിയം നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നു. ഗുണഭോക്താക്കൾക്ക് ശാസ്ത്രീയ കന്നുകുട്ടി വളർത്തലിൽ പരിശീലനവും നൽകുന്നു. ഈ കന്നുകുട്ടികൾക്ക് വിരമരുന്ന്, ധാതുലവണ മിശ്രിതം, കാലാകാലങ്ങളിലുള്ള വാക്സിനേഷൻ എന്നിവ ഉറപ്പാക്കുന്നു. ഈ പദ്ധതിയിൽ തീറ്റപ്പുൽകൃഷിക്ക് പ്രോൽസാഹനവും നൽകിവരുന്നു.

(ഇ) വിതരണം ചെയ്യുന്ന കന്നുകുട്ടികൾ, കാലിത്തീറ്റ എന്നിവയുടെ ഗുണമേന്മയും ഈ പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവും സംബന്ധിച്ച് വിശദമാക്കാമോ?

ഗോവർദ്ധിനി പദ്ധതിയിൽ കന്നുകുട്ടികളെ വിതരണം ചെയ്യുന്നില്ല. കന്നുകുട്ടികൾക്ക് അവയുടെ വളർച്ചയ്ക്കാവശ്യമായ രീതിയിൽ കൂടുതൽ മാംസ്യത്തോടെ (DCP-Digestable Crude Protein) കന്നുകുട്ടി തീറ്റയാണ് കേരള ഫീഡ്സും മിൽമയും പദ്ധതിക്കായി നൽകിവരുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ കാഫ് അഡോപ്ഷൻ പ്രോഗ്രാമിൽ 2021-22 വർഷത്തിൽ വരിചേർത്തിട്ടുള്ള കന്നുകുട്ടികൾക്കുള്ള രണ്ടാംഗഡുവായി 7,00,00,000 രൂപയും ഗോവർദ്ധിനിയിൽ 2021-22 വരിചേർത്ത 21590 കന്നുകുട്ടികളുടെ രണ്ടാം ഗഡുവും 2022-23 വർഷത്തിൽ വരിചേർക്കുന്ന 42410 കന്നുകുട്ടികളുടെ ഒന്നാംഗഡുവും ചേർത്ത് 40,00,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

**ഉടുമ്പൻചോല മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

357(1146) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ?

സംസ്ഥാനത്ത് തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ക്ഷീരവികസന പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുകൊണ്ട് പാലുല്പാദനം വർദ്ധിപ്പിക്കുകയും സാമ്പത്തികഭദ്രത ഉറപ്പാക്കുന്നതിനുവേണ്ടി സ്വയം തൊഴിൽ സാദ്ധ്യമാക്കുക, അത്യുല്പാദനശേഷിയുള്ള പശുക്കളെ പരിപാലിക്കുന്നതോടൊപ്പം യന്ത്രവത്കൃത സാദ്ധ്യതകളുറപ്പാക്കുക തുടങ്ങിയ ലക്ഷ്യത്തോടുകൂടിയാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്.

(ബി) ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് നിലവിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; മണ്ഡലവും പഞ്ചായത്തും തിരിച്ച് വിശദാംശം നൽകാമോ?

ഇടുക്കി ജില്ലയിലെ പീരുമേട് നിയോജകമണ്ഡലത്തിലെ ചക്കുപള്ളം ഗ്രാമപഞ്ചായത്തിലാണ് നിലവിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(സി) ഉടുമ്പൻചോല മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിൽവരുത്തുമോ?

കൃഷിയും അനുബന്ധപ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവിടെ പാലുൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**ക്ഷീരഗ്രാമം പദ്ധതി**

358(1147) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള കേന്ദ്ര സർക്കാർ ക്ഷീരഗ്രാമം പദ്ധതിയെക്കുറിച്ച് അറിയിക്കാമോ?

പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരഗ്രാമമെന്ന പേരിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്ത് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

കൃഷിയും അനുബന്ധപ്രവർത്തനങ്ങളും ഉപജീവനമായിട്ടുള്ള കർഷകർ കൂടുതലുള്ളതും ക്ഷീരവികസനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ പഞ്ചായത്തുകൾ തെരഞ്ഞെടുത്ത് അവിടെ പാലുല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ക്ഷീരഗ്രാമം എന്ന പദ്ധതി 2016 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

(ബി) എത്രയിടങ്ങളിലാണ് പദ്ധതി പ്രാവർത്തികമായിട്ടുള്ളത്; വ്യക്തമാക്കാമോ?

നാളിതുവരെ സംസ്ഥാന സർക്കാർ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ വിവരം നിയോജകമണ്ഡലം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയോടടുത്ത സാഹചര്യത്തിൽ പാലുല്പന്നങ്ങളുടെ നിർമ്മാണത്തിനും പ്രചാരണത്തിനും സീസണിലുണ്ടാകുന്ന മിച്ചോല്പാദനം പാൽപ്പൊടിയാക്കി മാറ്റുന്നതിനുമുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയോടടുത്ത സാഹചര്യത്തിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുവാൻ നിലവിൽ സംവിധാനമുണ്ട്. പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങളായ ഡയറി വൈറ്റ്നർ, ഇൻഫന്റ് മിൽക്ക് പൗഡർ തുടങ്ങിയ ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിന് മിൽമയ്ക്ക് പദ്ധതികളുണ്ട്.

ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ചെറുകിട മൂല്യവർദ്ധിത ഉല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു. പാൽ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിൽക്കുന്നതിന് ക്ഷീരസംഘങ്ങൾക്കും ധനസഹായം നൽകുന്നുണ്ട്. ഇത്തരത്തിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിപണനം ചെയ്തുവരുന്നുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ സംഭരിക്കുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി പരിഗണനയിലുണ്ട്.

സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് 53 കോടി രൂപ മുതൽ മുടക്കിൽ ആധുനിക പാൽപ്പൊടി നിർമ്മാണഫാക്ടറി സ്ഥാപിക്കുന്നതിനുള്ള തറക്കല്ലിടുകയും ആയതിന്റെ നിർമ്മാണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. 2023 ജൂൺ മാസത്തോടെ ഈ പദ്ധതി പ്രവർത്തനക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കേന്ദ്ര സർക്കാർ പാൽ ഉല്പന്നങ്ങൾക്ക് അഞ്ച് ശതമാനവും ഡയറി ഉപകരണങ്ങൾക്ക് 18 ശതമാനവും വരെ പുതുതായി നികുതിയേർപ്പടുത്തിയത് കർഷകരെയും മൂല്യവർദ്ധിതോല്പാദകരെയും മിൽമയുൾപ്പെടെയുള്ള സഹകരണ സംഘങ്ങളെയും ബുദ്ധിമുട്ടിലാക്കിയിരിക്കുന്നത് കണക്കിലെടുത്ത്, പ്രസ്തുത നടപടി തിരുത്തണമെന്ന ക്ഷീരകർഷകരുടെ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ**

359(1148) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മേൽ ആനുകൂല്യങ്ങൾക്കൊപ്പം ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ സർക്കാർ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾ മുഖേനയാണ് ടി സഹായ പദ്ധതി നടപ്പിലാക്കുന്നത്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെയാണ് ധനസഹായം നൽകിവരുന്നത്. പച്ചപ്പുല്ലിന് കിലോയ്ക്ക് മൂന്ന് രൂപ നിരക്കിലും വൈക്കോൽ TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് നാല് രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000 രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.

ഈ സാമ്പത്തികവർഷം പാലിന് സബ്സിഡിയിനത്തിൽ (1 ലിറ്റർ പാലിന് 1 രൂപ നിരക്കിൽ) ആകെ 28.57 കോടി രൂപയാണ് ക്ഷീരവികസന വകുപ്പ് വകയിരുത്തിയിരിക്കുന്നത്. 2022 ജൂലൈ മുതൽ ക്ഷീരസഹകരണ സംഘത്തിൽ കർഷകരളക്കുന്ന 1 ലിറ്റർ പാലിന് 1 രൂപ നിരക്കിൽ ക്ഷീരവികസന വകുപ്പ് ക്ഷീരശ്രീ പോർട്ടൽ പ്രയോജനപ്പെടുത്തി സർക്കാരിന്റെ BIMS സംവിധാനത്തിലൂടെയാണ് ധനസഹായം കർഷകരിലേയ്ക്ക് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) ആയി നൽകുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള ഫീഡ്സ് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയേക്കാൾ ചാക്കൊന്നിന് 140 രൂപ മുതൽ 185 രൂപ വരെ വിലക്കുറവിലാണ് കാലിത്തീറ്റകൾ വിപണിയിൽ ലഭ്യമാക്കിയിരിക്കുന്നത്. കേരള ഫീഡ്സ് - മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20 രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ്-എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയേക്കാൾ 185 രൂപയും കേരള ഫീഡ്സ് - മിടുക്കി കാലിത്തീറ്റയ്ക്ക് 140 രൂപയും നിലവിൽ വിലക്കുറവുണ്ട്.

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ കാലിത്തീറ്റകൾ സാർവ്വത്രികമായി വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

കേരളത്തിലുടനീളമുള്ള സ്വകാര്യ/സൊസൈറ്റി ഡീലർഷിപ്പുകൾ മുഖേന കേരള ഫീഡ്സിന്റെ ഉല്പന്നങ്ങൾ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. ഇതുകൂടാതെ സർക്കാർതലത്തിൽ നടപ്പിലാക്കുന്ന വിവിധ കാലിത്തീറ്റ വിതരണ പദ്ധതികൾക്കും കേരള ഫീഡ്സ് കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്.

മിൽമയുടെകീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടും പ്രവർത്തിക്കുന്ന കാലിത്തീറ്റ പ്ലാന്റുകളിൽ പ്രതിദിനം 300 MT വീതം കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് സാധിക്കുന്നു. ഉല്പാദിപ്പിക്കപ്പെടുന്ന കാലിത്തീറ്റയുടെ 70 ശതമാനവും സംഘങ്ങൾ വഴി ക്ഷീരകർഷകർക്ക് നൽകുന്നു. 24 ശതമാനത്തോളം വിവിധ സർക്കാർ പദ്ധതികളിലൂടെയും ബാക്കി ഡീലർമാർ വഴിയും കർഷകരിലെത്തുന്നു.

(സി) പാലിന്റെ വിലവർദ്ധനവിനോടൊപ്പംതന്നെ കാലിത്തീറ്റയുടെ വിലയും വർദ്ധിക്കുന്നതുമൂലം ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് നേരിടുന്നത്. സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതായതിനാൽ ഇതിനെ മറികടക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

മിൽമയുടെ തിരുവനന്തപുരം മേഖല യൂണിയൻ ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുനതിനായി വിവിധ ആനുകൂല്യങ്ങൾ നടപ്പിലാക്കിവരുന്നു. 2022 ജൂൺ മാസം യൂണിയന് സംഘം നൽകിയ പാലിന്റെയടിസ്ഥാനത്തിൽ ഒരു രൂപ ഇൻസെന്റീവ് കർഷകന് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എറണാകുളം മേഖല യൂണിയൻ വൈക്കോൽ/സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ് എന്നിവ കർഷകർക്ക് എല്ലാവർഷവും ലഭ്യമാക്കുന്നുണ്ട്. വൈക്കോൽ സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ സബ്സിഡിയും നൽകിവരുന്നു. മലബാർ മേഖലാ യൂണിയൻ ഗുണനിലവാരമുള്ള മിൽമ കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കിവരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. മേഖലാ യൂണിയന്റെ സഹോദരസ്ഥാപനമായ എം.ആർ.ഡി.എഫ്. വഴി ഗുണനിലവാരമുള്ള വൈക്കോൽ ക്ഷീരകർഷകർക്ക് മിതമായ വിലക്ക് ലഭ്യമാക്കിവരുന്നുണ്ട്. അയൽസംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വിലകുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീരസംഘം മുഖാന്തരം ക്ഷീരകർഷകർക്ക് കിലോഗ്രാമിന് രണ്ട് രൂപ തോതിൽ സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്.

കേരള ഫീഡ്സ് കാലിത്തീറ്റയുടെ വിലയിൽ 2019 ഡിസംബർ മാസത്തിനുശേഷം വർദ്ധനവ് വരുത്തിയിട്ടില്ല. അസംസ്കൃതവസ്തുക്കളുടെ വിലയിൽ കുറവുണ്ടായപ്പോൾ എല്ലാംതന്നെ ഈ വിലയിൽനിന്ന് കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിനനുസൃതമായി വിലക്കിഴിവ് കമ്പനി നൽകിയിട്ടുണ്ട്. നിലവിൽ കേരള ഫീഡ്സ് - മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20 രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ്-എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യ മേഖലയിലെ സമാനമായ കാലിത്തീറ്റയേക്കാൾ 185 രൂപയും കേരള ഫീഡ്സ് - മിടുക്കി കാലിത്തീറ്റയ്ക്ക് 140 രൂപയും നിലവിൽ വിലക്കുറവുണ്ട്.

(ഡി) ജി.എസ്.ടി. ബാധകമാക്കുന്നതോടെ ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാലിത്തീറ്റയ്ക്കും പാലിനും സബ്സിഡി

360(1149) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് കാലിത്തീറ്റയ്ക്കും പാലിനും നിലവിൽ സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സമീകൃത കാലിത്തീറ്റയ്ക്ക് നിലവിൽ സബ്സിഡി അനുവദിക്കുന്നില്ല. എന്നാൽ കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും സബ്സിഡി നിരക്കിൽ നൽകിവരുന്നു. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഒരു ക്ഷീരസംഘത്തിന് പരമാവധി ഒരു ലക്ഷം രൂപ വരെ സഹായം നൽകിവരുന്നു. പച്ചപ്പുല്ലിന് കിലോയ്ക്ക് മൂന്ന് രൂപ നിരക്കിലും വൈക്കോൽ, TMR തുടങ്ങിയവയ്ക്ക് കിലോഗ്രാമിന് നാല് രൂപ നിരക്കിലും ഒരു ഗുണഭോക്താവിന് പരമാവധി 7,000 രൂപ വരെയാണ് ഈ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്.

ഈ സാമ്പത്തികവർഷം പാലിന് സബ്സിഡി ഇനത്തിൽ (1 ലിറ്റർ പാലിന് 1 രൂപ നിരക്കിൽ) ആകെ 28.57 കോടി രൂപയാണ് ക്ഷീരവികസന വകുപ്പ് വകയിരുത്തിയിരിക്കുന്നത്. 2022 ജൂലൈ മുതൽ ക്ഷീരസഹകരണ സംഘത്തിൽ കർഷകരളക്കുന്ന 1 ലിറ്റർ പാലിന് 1 രൂപ നിരക്കിൽ ക്ഷീരവികസന വകുപ്പ് ക്ഷീരശ്രീ പോർട്ടൽ പ്രയോജനപ്പെടുത്തി സർക്കാരിന്റെ BIMS സംവിധാനത്തിലൂടെയാണ് ധനസഹായം കർഷകരിലേയ്ക്ക് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) ആയി നൽകുന്നത്.

മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകൾ പ്രവർത്തനലാഭത്തിൽനിന്നും വിവിധതരത്തിലുള്ള സബ്സിഡികൾ നൽകിവരുന്നു. തിരുവനന്തപുരം, മലബാർ മേഖലാ യൂണിയനുകൾ കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നുണ്ട്. എറണാകുളം മേഖലായൂണിയന്റെ ലാഭത്തിനനുസരിച്ച് ക്ഷീരകർഷകർക്ക് ഇൻസെന്റീവുകൾ നൽകിവരുന്നു.

(ബി) കാലിത്തീറ്റയുടെ അമിതവില വർദ്ധനവ് പരിഗണിച്ച് ക്ഷീരകർഷകർക്ക് കാലിത്തീറ്റ വാങ്ങുന്നതിനും പാലിനും സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

വിവിധ ഏജൻസികൾ മുഖേന ക്ഷീരകർഷകർക്ക് നൽകുന്ന ധനസഹായങ്ങളെല്ലാം ഏകോപിപ്പിച്ചുകൊണ്ട് പരമാവധി ധനസഹായം ക്ഷീരകർഷകരിലേയ്ക്കെത്തിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

ഉല്പാദനച്ചെലവ് ഗണ്യമായി വർദ്ധിച്ച സാഹചര്യത്തിലും കഴിഞ്ഞ രണ്ടുവർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. മേഖലാ യൂണിയന്റെ സഹോദരസ്ഥാപനമായ എം.ആർ.ഡി.എഫ്. വഴി ഗുണനിലവാരമുള്ള വൈക്കോൽ ക്ഷീരകർഷകർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കിവരുന്നുണ്ട്. അയൽസംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീരസംഘം മുഖാന്തരം ക്ഷീരകർഷകർക്ക് കിലോഗ്രാമിന് രണ്ട് രൂപ തോതിൽ സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്.

അസംസ്കൃത വസ്തുക്കൾക്ക് വില വർദ്ധനവുണ്ടായിട്ടും കേരള ഫീഡ്സ് കാലിത്തീറ്റയ്ക്കാനുപാതികമായ വർദ്ധനവ് വരുത്തിയിട്ടില്ല. നിലവിൽ കേരള ഫീഡ്സ് - മിടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20 രൂപ വിലക്കിഴിവ് കമ്പനി നൽകിവരുന്നുണ്ട്. കേരള ഫീഡ്സ് - എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 185 രൂപയും കേരള ഫീഡ്സ് - മിടുക്കി കാലിത്തീറ്റയ്ക്ക് 140 രൂപയും നിലവിൽ വിലകുറവുണ്ട്.

### തിരൂരങ്ങാടിയിലെ ഡയറി യൂണിറ്റുകൾ

361(1150) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള ഡയറി യൂണിറ്റുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ ഭരണനിർവ്വഹണത്തിനുകീഴിൽ ഡയറി യൂണിറ്റുകളെന്നൊരു സംവിധാനമില്ല. എന്നാൽ വകുപ്പിനുകീഴിൽ ക്ഷീരസഹകരണസംഘങ്ങൾ നിലവിലുണ്ട്. ആയതിനാൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) പരപ്പനങ്ങാടി സെൻട്രൽ ക്ഷീരസഹകരണ സംഘം

2) ഉള്ളണം ക്ഷീരസഹകരണ സംഘം

3) പന്താരങ്ങാടി ക്ഷീരസഹകരണ സംഘം

4) ചെറുശ്ശോല സ്വാഗതമാട് ക്ഷീരസഹകരണ സംഘം

5) പുതുപറമ്പ് ക്ഷീരസഹകരണ സംഘം

6) പൂക്കിപ്പറമ്പ്-വാളക്കുളം ക്ഷീരസഹകരണ സംഘം

7) പാലച്ചിറമാട് ക്ഷീരസഹകരണ സംഘം

8) കുറ്റിപ്പാല ക്ഷീരസഹകരണ സംഘം

9) കറുകത്താണി ക്ഷീരസഹകരണ സംഘം

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇവയിലേതെല്ലാം ഡയറി യൂണിറ്റുകൾക്ക് അംഗീകാരം നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി&സി) നിലവിൽ ക്ഷീരസംഘങ്ങൾ ആരംഭിക്കുന്നതിന് അപേക്ഷകൾ പുതിയതൊന്നുംതന്നെ ലഭ്യമായിട്ടില്ല.

**പാലിലെ മായം തടയാൻ നടപടി**

362(1151) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽനിന്നും വിതരണത്തിനായി കൊണ്ടുവരുന്ന പാലിൽ കൊഴുപ്പ്, രുചി എന്നിവ കൂട്ടുന്നതിനായി ആന്റിബയോട്ടിക്കുകളും രാസപദാർത്ഥങ്ങളും ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; കൂടുതൽ ചെക്കുപോസ്റ്റുകൾ സ്ഥാപിച്ചും പരിശോധനകൾ കർശനമാക്കിയും പാലിൽ മായംകലർത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഇതര സംസ്ഥാനങ്ങളിൽനിന്നും വിതരണത്തിനായികൊണ്ടുവരുന്ന പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനായി സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ

സ്ഥിരസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിശേഷദിവസങ്ങളിൽ സംസ്ഥാനത്തിനുപുറത്തുനിന്നും വരുന്ന പാലിന്റെയും പാലുല്പന്നത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനായി താൽക്കാലിക ഗുണനിയന്ത്രണ ലാബുകൾ സംസ്ഥാനാതിർത്തിയിൽ സ്ഥാപിച്ച് ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കാറുണ്ട്. കൂടാതെ ജില്ലകളിൽ വിറ്റഴിക്കുന്ന പാക്കറ്റ് പാലിന്റെ സാമ്പിൾ ശേഖരിച്ച് അതത് ജില്ലകളിലെ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ പരിശോധന നടത്തുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ളപക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും സാമ്പിൾ ലഭ്യമാക്കാറുണ്ട്. സംസ്ഥാനത്ത് കൂടുതൽ ചെക്കുപോസ്റ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയുണ്ടാകുന്നപക്ഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. ക്ഷീരവികസന വകുപ്പിന്റെ പരിശോധനകൾക്കുശേഷം ഡയറിയിലെത്തിക്കുന്ന പാലിന്റെ ഗുണനിലവാരം വീണ്ടും പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് മിൽമ വിതരണം നടത്താറുള്ളത്.

**പാലുല്പന്നങ്ങളുടെ മേൽ ജി.എസ്.ടി.**

363(1152) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുല്പന്നങ്ങളുടെ മേൽ ജി.എസ്.ടി. ചുമത്തിയതിന്റെ അടിസ്ഥാനത്തിൽ വിലവർദ്ധനവ് നടപ്പാക്കേണ്ടിവരുന്നത് കാരണം മിൽമ ഉല്പന്നങ്ങളുടെ വിപണിയെ ദോഷകരമായി ബാധിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

18-7-2022 മുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളിൽ ജി.എസ്.ടി. ചുമത്തിയതിനുശേഷം ജി.എസ്.ടി. ചുമത്തിയ ഉല്പന്നങ്ങളായ തൈര്, ലസ്സി, സംഭാരം എന്നിവയുടെ വില്പന കുറഞ്ഞിട്ടുണ്ട്. വിപണനപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ക്ഷീരോല്പാദക മേഖലാ യൂണിയനുകളുടെ 83 ശതമാനം ലാഭവിഹിതവും ക്ഷീരസംഘങ്ങൾ വഴി വിവിധ ആനുകൂല്യങ്ങളായും പാൽവിലയായും കർഷകർക്കാണ് നൽകുന്നതെന്ന വസ്തുത ഉപഭോക്താക്കൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിനുശേഷം വില്പനയിൽ വർദ്ധനവുണ്ടാകുകയും ജി.എസ്.ടി. ചുമത്തിയതിന് മുമ്പുണ്ടായിരുന്ന വില്പന കൈവരിക്കുവാൻ സാധിച്ചിട്ടുമുണ്ട്. ചില ഉല്പന്നങ്ങൾക്ക് സ്കീമുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും സാഹചര്യങ്ങൾക്കനുസൃതമായ വില്പന വർദ്ധനവ് കൈവരിക്കുവാനായിട്ടില്ല.

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപുലീകരണത്തിലൂടെ കർഷകർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

മിൽമ ക്ഷീരകർഷകരിൽനിന്നും സംഭരിക്കുന്ന പാൽ അത്യാധുനിക ഡയറി പ്ലാന്റുകളിൽ പ്രോസസ്സ് ചെയ്ത് വില്പന നടത്തി, പ്രസ്തുത വില്പനതുകയുടെ ഏകദേശം 83 ശതമാനവും ക്ഷീരകർഷകർക്കുതന്നെ തിരിച്ച് നൽകുന്ന ഒരു സംവിധാനമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതോടൊപ്പം കർഷകരിൽനിന്നും ഇപ്രകാരം സംഭരിക്കുന്ന പാലിൽനിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേക ശ്രദ്ധ പുലർത്തുന്നു. നിലവിൽ നെയ്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ളേവേർഡ് മിൽക്കുകൾ, വിവിധതരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിംഗുകൾ എന്നിങ്ങനെയുള്ള ഒരു നിര ഉല്പന്നങ്ങളുടെ ശ്രേണിതന്നെ മിൽമയ്ക്കുണ്ട്. മാത്രമല്ല, ഓരോ സാമ്പത്തികവർഷവും ഒട്ടനവധി പുതിയ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷംതന്നെ കാരറ്റ് പേഡ, പാഷൻഫ്രൂട്ട് ഐസ്ക്രീം, ചിക്കു ഐസ്ക്രീം, ഫ്രൂട്ട് ആൻഡ് നട്ട് ഐസ്ക്രീം മുതലായ പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിലിറക്കിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയനിൽ പാൽ സംഭരണം വില്പനയേക്കാൾ കൂടുതലായതുകൊണ്ട് മൂല്യവർദ്ധിത ഉല്പന്നങ്ങളായ പാൽപ്പൊടി, ലോംഗ് ലൈഫ് മിൽക്ക്, കണ്ടൻസ്ഡ് മിൽക്ക്, ഡയറി വൈറ്റ്നർ തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ രീതിയിൽ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതുവഴി കൂടുതൽ വിറ്റുവരവുണ്ടാക്കുവാനും അതേസമയത്ത് ക്ഷീരകർഷകരിൽനിന്നും മുടക്കമില്ലാതെ പാൽ സംഭരിക്കുന്നതിനും സാധിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്ത് ലഭിക്കുന്ന വിറ്റുവരവിൽനിന്നും അധിക തുക കർഷകരിലേയ്ക്കെത്തിക്കുന്നതിനും സാധിക്കും.

**ഡയറി പാർക്ക് പദ്ധതി**

364(1153) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്ക് ന്യായമായ വരുമാനമുറപ്പാക്കുന്നതിനും യുവതലമുറയെ ഈ

മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും ക്ഷീരോല്പാദന മേഖലയിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്ന് അറിയിക്കുമോ?

യുവതലമുറയെ ക്ഷീരോല്പാദനമേഖലയിലേയ്ക്ക് ആകർഷിക്കുവാൻ കെ.എൽ.ഡി. ബോർഡിന്റെ സാങ്കേതികസഹായത്തോടുകൂടി കോലാഹലമേട് ഡയറി പാർക്കുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ട്. സംരംഭകർക്ക് ഡയറി പാർക്ക് ലാഭകരവും സുസ്ഥിരവുമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള സൗകര്യമൊരുക്കുന്നതാണ്. നൂതന സാങ്കേതികവിദ്യകൾ കർഷകർക്ക് സ്വായത്തമാക്കുവാൻ പരിശീലനം നൽകുന്നതാണ്.

(ബി) ഉല്പാദനക്ഷമതയും രോഗപ്രതിരോധശേഷിയും വർദ്ധിപ്പിക്കുന്നതിനായി കന്നുകാലി സമ്പത്തിന്റെ ജനിതകപരമായ മെച്ചപ്പെടുത്തലിന് പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കാമോ?

വളരെ ഉയർന്ന ജനിതകശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽനിന്നും നാല് ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽനിന്നും മാട്ടുപെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. ഉയർന്ന ഉല്പാദനക്ഷമതയുള്ള ജഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ച് വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉല്പാദിപ്പിച്ചുകഴിഞ്ഞു. ഇവയുടെ ബീജമാത്രകൾ സംസ്ഥാനത്തെ പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. വിത്തുകാളകളുടെ ജനിതകമേന്മ തെളിയിക്കുന്നതിനുള്ള 'സന്തതി പരിശോധനാ പദ്ധതി' സംസ്ഥാനത്തെ വടക്കൻ ജില്ലകളായ കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുകയും ഇവിടെനിന്നും ഉന്നത ജനിതകമേന്മയുള്ള വിത്തുകാളകളെയുല്പാദിപ്പിച്ച് സംസ്ഥാനത്തെ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നു. ഭ്രൂണമാറ്റം, ഇൻവിട്രോ ഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉല്പാദനക്ഷമതകൂടിയ പശുക്കുട്ടികളെ കൂടുതലായി ഉല്പാദിപ്പിക്കുവാനും കർഷകരുടെ ഇടങ്ങളിലുള്ള ഉല്പാദനശേഷി കൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. പശുക്കളുടെ രോഗപ്രതിരോധശേഷി ഉയർത്തുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ ജനിതക ഗവേഷണങ്ങൾ കെ.എൽ.ഡി. ബോർഡും തിരുവനന്തപുരം ജില്ലയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (IISER)-ഉം സംയുക്തമായി ആരംഭിച്ചുകഴിഞ്ഞു. പ്രജനന

പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന വിത്തുകാളകളെ ജനിതക തെരഞ്ഞെടുപ്പുകളിലൂടെ (ജീനോമിക് സെലക്ഷൻ) തെരെഞ്ഞെടുത്ത് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കന്നുകാലികളെ വളർത്താൻ ഡയറിപാർക്ക് എന്ന ആശയം രാജ്യത്ത് ആദ്യമായി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വിഭാവനം ചെയ്യുന്ന പ്രസ്തുത പാർക്കുകളുടെ സവിശേഷതകൾ അറിയിക്കാമോ?

ഡയറിപാർക്കുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഡയറി പാർക്കിൽ ഉപാധികളുടെ വരവും ഉല്പന്നങ്ങളുടെ വിപണനവും ഏകീകൃത സംവിധാനത്തിലൂടെയായിരിക്കുന്നതാണ്. ഡയറിപാർക്കിലെ നൂതന സാങ്കേതികവിദ്യകൾ കർഷകർക്ക് സ്വായത്തമാക്കുവാൻ പരിശീലനം നൽകുകയും ഇതിലൂടെ ക്ഷീരകർഷകർക്ക് അവരുടെ ഫാമുകളിൽ അംഗീകൃത പ്രവർത്തന പ്രക്രിയകൾ നടപ്പിലാക്കുവാൻ സാധിക്കുകയും ചെയ്യും.

**ക്ഷീര കർഷകർക്ക് പ്രോത്സാഹനം**

365(1154) ശ്രീ. സജി ചെറിയാൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ച് പാലുല്പാദനത്തിന് സംസ്ഥാനത്തുണ്ടാകുന്ന അധികച്ചെലവ് പരിഗണിച്ചും ക്ഷീരകർഷകർക്ക് ന്യായമായ വരുമാനമുറപ്പാക്കുന്നതിനുമായി ക്ഷീരകർഷകർ സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന് ലിറ്ററിന് നാല് രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്നറിയിക്കുമോ?

ക്ഷീരസഹകരണസംഘങ്ങളിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 1 രൂപ ക്ഷീരവികസന വകുപ്പിൽനിന്നും 3 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഇൻസെന്റീവ് നൽകുന്നുണ്ട്.

(ബി) ഉല്പാദനച്ചെലവ് വർദ്ധനവിന്റെ പ്രധാന കാരണം ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള കാലിത്തീറ്റ നിർമ്മാതാക്കൾ അമിതലാഭമെടുക്കുന്നതും പച്ചപ്പുൽ ലഭ്യതയുടെ കുറവുമായതിനാൽ ആയത് പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ക്ഷീരസംഘങ്ങളിൽനിന്നും കർഷകർ വാങ്ങുന്ന കാലിത്തീറ്റയ്ക്കും പച്ചപ്പുല്ലിനും വൈക്കോലിനും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സബ്സിഡി നൽകിവരുന്നുണ്ട്. 2022-23 വർഷത്തിൽ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കാലിത്തീറ്റയുടെ അസംസ്കൃതവസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില നിയന്ത്രണത്തിനുള്ള ബുദ്ധിമുട്ട് നേരിടുന്നത് കാലിത്തീറ്റയുടെ അമിത വിലവർദ്ധനവും കാലവർഷക്കെടുതിയുംമൂലം സംഭവിച്ച തീറ്റവസ്തുക്കളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും വൈക്കോലും കാലിത്തീറ്റയും സബ്സിഡി നിരക്കിൽ നൽകിവരുന്നു.

മിൽമയുടെ വിതരണ ഏജൻസികളിൽനിന്നും സബ്സിഡി നിരക്കിൽ ക്ഷീരകർഷർക്ക് സംഘങ്ങൾ വഴി സൈലേജ്, പച്ചപ്പുല്ല്, ചോളം തുടങ്ങിയവ നൽകുന്നതിനുള്ള പദ്ധതികൾ മേഖലാ യൂണിയനുകൾ നടത്തിവരുന്നു.

കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കേരള ഫീഡ്സ് ലിമിറ്റഡ്, കാലിത്തീറ്റ ഉല്പാദനത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വിലയിൽ അഭൂതപൂർവ്വമായ വർദ്ധനവുണ്ടായിട്ടും കാലിത്തീറ്റയുടെ വിലയിൽ ആനുപാതികമായ വർദ്ധനവുവരുത്തിയിട്ടില്ല.

(സി) കുടുംബശ്രീയുമായി സഹകരിച്ച് പച്ചപ്പുൽ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതിയുടെ ഭാഗമായി ഗ്രൂപ്പുകൾക്ക് തീറ്റപ്പുൽ കൃഷിയേറ്റെടുത്ത് നടത്താവുന്നതാണ്. കുടുംബശ്രീ ഗ്രൂപ്പുകൾക്കും വകുപ്പിന്റെ ഈ പദ്ധതിയിലൂടെ തീറ്റപ്പുൽ കൃഷി നടത്തി വിപണനം നടത്താവുന്നതാണ്.

**ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക**

366(1155) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ച് ബ്ലോക്കുതല ക്ഷീരവികസന യൂണിറ്റുകളും ഒരു ക്വാളിറ്റി കൺട്രോൾലാബും പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിൽ, സാങ്കേതിക വിഷയങ്ങളിൽ കൃത്യമായ അഭിപ്രായം രേഖപ്പെടുത്തുന്നതിനും ഉചിതമായ തീരുമാനമെടുക്കുന്നതിനുമായി ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എം.എൽ.എ.-യുടെ കത്ത് ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ജില്ലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന ഒരു ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്യപ്പെടാനുണ്ടായ സാഹചര്യമെന്താണ്; വ്യക്തമാക്കാമോ?

ജില്ലയിൽനിന്നും ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക ഷിഫ്റ്റ് ചെയ്തിട്ടില്ല.

(സി) സർക്കാരിലേയ്ക്ക് ഇതുസംബന്ധിച്ച പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ വകുപ്പുതലത്തിൽ നിർദ്ദേശം നൽകുമോ?

മലപ്പുറം ജില്ലയിൽ ടെക്നിക്കൽ അസിസ്റ്റന്റ്/അസിസ്റ്റന്റ് ഡയറക്ടർ തസ്തിക നിലവിലില്ലാത്തതിനാൽ ക്ഷീരവികസന വകുപ്പിൽനിന്നും പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**വാമനപുരം മണ്ഡലത്തിലെ ക്ഷീരസംഘങ്ങൾ**

367(1156) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ വിവിധ പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>2016-17</u>

1. റൂറൽ ബാക്ക്‌യാർഡ് പൗൾട്രി പ്രോജക്ട്.
2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്.
3. മൃഗസംരക്ഷണ വികസന സമിതി യോഗം.
4. റൂറൽ ബാക്ക്‌യാർഡ് പൗൾട്രി ത്രൂ സ്കൂൾ.
5. മിൽക്കിംഗ് മെഷീൻ.
6. കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ ക്യാമ്പ്.

2017-18

1. എൻ.എൽ.എം. ഇൻഷ്വറൻസ്.
2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്.
3. റൂറൽ ബാക്ക്യാർഡ് പൗൾട്രി ത്രൂ സ്കൂൾ.
4. റൂറൽ ബാക്ക്യാർഡ് ടർക്കി ഫാമിംഗ്.
5. ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ.
6. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഡക്ക് നഴ്സറി & പ്രൊപ്പഗേഷൻ ഓഫ് ഡക്ക് ഫാമിംഗ്.
7. റൂറൽ ബാക്ക്യാർഡ് പൗൾട്രി റിയറിംഗ് സ്കീം (എസ്.സി.)

2018-19

1. ബാക്ക്യാർഡ് പൗൾട്രി ത്രൂ സ്കൂൾസ്.
2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്.
3. കൺവെർഷൻ ഓഫ് ബയോവേസ്റ്റ് റ്റു മാന്വർ.
4. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഡക്ക് നഴ്സറി & പ്രൊപ്പഗേഷൻ ഓഫ് ഡക്ക് ഫാമിംഗ്.
5. ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ.
6. ഇൻഫെർട്ടിലിറ്റി ക്യാമ്പ്.
7. മിൽക്കിംഗ് മെഷീൻ.

2019-20

1. കൺവെർഷൻ ഓഫ് ബയോവേസ്റ്റ് റ്റു മാന്വർ.
2. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഡക്ക് നഴ്സറി & പ്രൊപ്പഗേഷൻ ഓഫ് ഡക്ക് ഫാമിംഗ്.
3. മിൽക്കിംഗ് മെഷീൻ.
4. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്.
5. ഇന്ററസ്റ്റ് സബ്വെൻഷൻ സ്കീം.

6. ബാക്ക്യാർഡ് പൗൾട്രി ത്രൂ സ്കൂൾസ്.

7. മൃഗസംരക്ഷണ വികസന സമിതി യോഗം.

8. ഇൻഫെർട്ടിലിറ്റി ക്യാമ്പ്.

9. കൊമേഴ്സ്യൽ ഗോട്ടറി.

10. മെയിൽ കാഫ് ഫാറ്റനിംഗ്.

11. എൻ.എൽ.എം. റൂറൽ ബാക്ക്യാർഡ് ഗോട്ട് ഡെവലപ്മെന്റ് സ്കീം.

2020-21

1. എൻ.എൽ.എം. റൂറൽ ബാക്ക്യാർഡ് ഗോട്ട് ഡെവലപ്മെന്റ് സ്കീം.

2. മെയിൽ കാഫ് ഫാറ്റനിംഗ്.

3. മൃഗസംരക്ഷണ വികസന സമിതി യോഗം.

4. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്.

5. കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ്.

6. രാത്രികാല അടിയന്തര മൃഗചികിത്സ സേവനം പദ്ധതി.

7. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കിടാരി വളർത്തൽ, ആട്ടുവളർത്തൽ, അടുക്കള മുറ്റത്തെ കോഴി വളർത്തൽ, താറാവ് വളർത്തൽ, തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽ കൃഷി.

2021-22

1. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി കിടാരി വളർത്തൽ, ആട്ടുവളർത്തൽ, അടുക്കള മുറ്റത്തെ കോഴി വളർത്തൽ, താറാവ് വളർത്തൽ, തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽ കൃഷി.

2. മെയിൽ കാഫ് ഫാറ്റനിംഗ്

3. എൻ.എൽ.എം. റൂറൽ ബാക്ക്യാർഡ് ഗോട്ട് ഡെവലപ്മെന്റ് സ്കീം

4. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

5. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് ഡക്ക് നഴ്സറീസ് & പ്രൊപ്പഗേഷൻ ഓഫ് ഡക്ക് ഫാമിംഗ്.

6. കൺവെർഷൻ ഓഫ് ബയോവേസ്റ്റ് റ്റു മാന്വർ.

7. മെയിന്റനൻസ് ഓഫ് ഡിസ് ഇൻഫെക്ഷൻ &സാനിട്ടേഷൻ.

8. മൃഗസംരക്ഷണ വികസന സമിതി യോഗം.

9. കൊമേഴ്സ്യൽ ഗോട്ടറി.

10. രാത്രികാല അടിയന്തര മൃഗചികിത്സ സേവനം പദ്ധതി.

11. ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം.

12. ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം.

13. എസ്റ്റാബ്ലിഷ്മെന്റ് ഓഫ് മിൽക്കിംഗ് മെഷീൻ.

ക്ഷീരവികസന മേഖലയിൽ നടപ്പാക്കിയതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ വിവിധ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റൂറൽ ഡയറി എക്സ്റ്റൻഷൻ ആൻഡ് അഡ്വൈസറി സർവ്വീസസ്
2. ക്ഷീരസഹകരണസംഘങ്ങൾക്കുള്ള ധനസഹായം
3. തീറ്റപ്പുൽകൃഷി
4. ഇൻവെസ്റ്റ്മെന്റ് ഇൻ ഡയറി കോ-ഓപ്പറേറ്റീവ്സ്
5. എം.എസ്.ഡി.പി.
6. ക്യാറ്റിൽ ഫീഡിംഗ് സബ്സിഡി

(ബി) ക്ഷീരവികസന വകുപ്പിനുകീഴിൽ വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളുടെ പേരും കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ലഭ്യമാക്കിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ?

ക്ഷീരവികസന വകുപ്പിനുകീഴിൽ വാമനപുരം മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളുടെ പേരും കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ലഭ്യമാക്കിയിട്ടുള്ള ധനസഹായത്തിന്റെ വിവരങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു*.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

10.00 AM]

## II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1029-ന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 29-6-2022-ലെ നക്ഷത്രചിഹ്നമിടാത്ത 1029-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 29-06-2022-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1029-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

10.01 AM]

## III. അടിയന്തരപ്രമേയം

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി

മി. സ്പീക്കർ: കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം രണ്ടുമാസമായി മുടങ്ങിയതായും കോവിഡിനുശേഷം ബസ് സർവ്വീസുകൾ പൂർണ്ണമായി പുനഃസ്ഥാപിക്കാൻ പരാജയപ്പെട്ടതായും അതുമൂലം സാധാരണക്കാരായ ജനങ്ങൾ കഷ്ടത അനുഭവിക്കുന്നതായും പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എം. വിൻസെന്റ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, പൊതുഗതാഗത സംവിധാനം രാജ്യത്താകെ പ്രതിസന്ധി നേരിടുകയാണ്. കോവിഡ് മഹാമാരിയും ഡീസൽ വിലയിലെ അനിയന്ത്രിതമായ വില വർദ്ധനയും ഇന്ധന കമ്പനികൾ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ബൾക്ക് പർച്ചേസ് വിഭാഗങ്ങൾക്ക് നൽകിവന്നിരുന്ന മുഴുവൻ ആനുകൂല്യങ്ങളും നിഷേധിച്ചതും കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധിയുടെ ആക്കം വർദ്ധിക്കാനിടയായിട്ടുണ്ട്. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ജീവനക്കാർക്ക് പെൻഷൻ നൽകുന്ന സംസ്ഥാനമെന്ന നിലയ്ക്ക് പ്രതിമാസം 70 കോടിയിലധികം രൂപയാണ് അധിക ബാദ്ധ്യതയായി ഗവൺമെന്റിന് ഏറ്റെടുക്കേണ്ടിവരുന്നത്. കോവിഡ് പ്രതിസന്ധിക്കുശേഷം കെ.എസ്.ആർ.ടി.സി. ഘട്ടംഘട്ടമായി കൂടുതൽ ബസുകൾ നിരത്തിലിറക്കുകയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തതിലൂടെ പ്രതിദിന വരുമാനം ശരാശരി ആറുകോടി രൂപ ലഭ്യമാകുന്ന സ്ഥിതിയിലെത്തിയിരിക്കുകയാണ്. കോവിഡിനുമുമ്പ് ഏകദേശം 38 ലക്ഷം യാത്രക്കാരാണ് പ്രതിദിനം കെ.എസ്.ആർ.ടി.സി.-യെ ആശ്രയിച്ചിരുന്നതെങ്കിൽ കോവിഡിനുശേഷം ഇത് പതിനെട്ട് ലക്ഷമായി മാറുകയും നിലവിലിത് ഇരുപത് ലക്ഷമായി ഉയരുകയും ചെയ്തിട്ടുണ്ട്. കോവിഡിനുമുമ്പ് കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിമാസ വരുമാനം 195 കോടി രൂപയായിരുന്നു. എന്നാൽ കോവിഡ് കാലഘട്ടത്തിൽ ഇത് ഗണ്യമായി കുറയുകയും 2021 മേയ് മാസം ഈ ഗവൺമെന്റ് അധികാരമേറ്റെടുക്കുമ്പോഴുള്ള വരവ് 8.66 കോടി രൂപയുമായിരുന്നു. ജൂൺ മാസത്തിൽ ഇത് 21 കോടി രൂപയായും ജൂലൈ മാസം 59 കോടി രൂപയായും അതിനുശേഷം76 കോടി രൂപയായും ഡിസംബർ മാസമായപ്പോഴേയ്ക്കും 161 കോടി രൂപയായും വർദ്ധിച്ചു; ഇതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് കരകയറാൻ സാധിച്ചു. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത 2022 മേയ് മാസത്തിൽ വരുമാനം 192.67 കോടി രൂപയിലേയ്ക്കെത്തുകയുണ്ടായി. പ്രസ്തുത മാസത്തെ കെ.എസ്. ആർ.ടി.സി.-യുടെ ചെലവ് 289.32 കോടി രൂപയായിരുന്നു. ഇതിൽ ഡീസലിന് 92.21 കോടി രൂപയും സാലറി ആൻഡ് അലവൻസ് ഇനത്തിൽ 80.17 കോടി രൂപയും സ്പെയർ പാർട്സിനായി 7.92 കോടി രൂപയും കൺസോർഷ്യത്തിലെ ബാങ്കുകളിലേയ്ക്കുള്ള കുടിശ്ശിക തിരിച്ചടവിനായി പ്രതിമാസം 31.19 കോടി രൂപയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, MACT (Motor Accidents Claims Tribunal), Toll എന്നിവയ്ക്കായി 19.55 കോടി രൂപയും ഓവർഡ്രാഫ്റ്റിലെ തിരിച്ചടവ് ഇനത്തിൽ 58.28 കോടി രൂപയുമാണ് ചെലവിനത്തിൽ ഉൾപ്പെടുന്നത്. മേയ് മാസത്തെ വരവും ചെലവും തമ്മിലുള്ള പ്രതിമാസ അന്തരം 96.65 കോടി രൂപയാണ്. സർക്കാർ നൽകിവരുന്ന സാമ്പത്തികസഹായവും ഓവർഡ്രാഫ്റ്റുമെടുത്താണ് ഓരോ മാസവും കെ.എസ്.ആർ.ടി.സി. മുന്നോട്ടുപോകുന്നത്. 2021-22-ൽ മാത്രം 2037.51 കോടി രൂപയുടെ സഹായമാണ് സർക്കാരിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചത്. 2011-2016 വരെ കേരളം ഭരിച്ച യു.ഡി.എഫ്. സർക്കാരിനെക്കാൾ ഏതാണ്ട് 3500 കോടി രൂപയുടെ അധിക സഹായമാണ്

ഒന്നാം പിണറായി സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയത്. 2011-2016-ൽ യു.ഡി.എഫ്. സർക്കാർ നൽകിയത് വെറും 1395.86 കോടി രൂപയാണ്. എന്നാൽ 2016-21-ലെ ഒന്നാം പിണറായി സർക്കാർ നൽകിയത് 4958.12 കോടി രൂപയാണ്. കോവിഡ് പോലുള്ള പ്രതിസന്ധികളുണ്ടായിരുന്നിട്ടും കെ.എസ്.ആർ.ടി.സി-യെ നിലനിർത്തുന്നതിനായി ഒന്നാം പിണറായി സർക്കാർ 3562.26 കോടി രൂപ അധികമായി നൽകിയതിലൂടെ ഈ സംവിധാനം നിലനിർത്താനും മുന്നോട്ടുനയിക്കാനും തൊഴിലാളികളുടെ ശമ്പളം കൃത്യമായി നൽകാനുമാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സാമ്പത്തിക പ്രതിസന്ധിമൂലം പെൻഷൻ വിതരണം നിലച്ചിരുന്ന കാലഘട്ടമുണ്ടായിരുന്നു. 2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗതീരുമാനപ്രകാരം സഹകരണ ബാങ്കുകളുടെ കൺസോർഷ്യംവഴി 2018 മുതൽ പെൻഷൻ നൽകിവരികയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പെൻഷൻ ലഭിക്കാതെ നിരവധി കെ.എസ്.ആർ.ടി.സി. പെൻഷൻകാർ ആത്മഹത്യ ചെയ്തു. എന്നാൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പെൻഷൻ ലഭിക്കാത്തതിന്റെ പേരിൽ ഒരാൾക്കുപോലും ആത്മഹത്യ ചെയ്യേണ്ടിവന്നില്ലെന്നു മാത്രമല്ല, ജൂൺ മാസംവരെയുള്ള പെൻഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷനാണ് ഇനി വിതരണം ചെയ്യാനുള്ളത്. എം.ഒ.യു. ഒപ്പിടാനുണ്ടായ കാലതാമസമാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും ധനകാര്യവകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും കൂടിയെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ഇനത്തിൽ ബാങ്കുകൾ നൽകുന്ന തുകയ്ക്കുള്ള പലിശ എട്ടുശതമാനമായി നിശ്ചയിച്ചുകൊണ്ട് പുതിയ എം.ഒ.യു. ഒപ്പിടാൻ തീരുമാനമെടുത്തിട്ടുണ്ട്. രണ്ടുമാസക്കാലത്തോളം മുടങ്ങിയ പെൻഷൻ ഒരുമിച്ച് വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയാക്കി ഉത്തരവിറക്കുകയും ഇന്നുമുതൽ രണ്ടുമാസത്തെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്; ഇത് പെൻഷൻകാർക്കുള്ള ഓണസമ്മാനമായി വിതരണം ചെയ്യുന്നതാണ്. അടുത്ത മാസംമുതൽ ഒരു വർഷ കാലയളവിലേയ്ക്കുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള എം.ഒ.യു. ഒപ്പിടുകയും അതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഈ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന ശമ്പള പരിഷ്കരണം 2022 ജനുവരി മാസം മുതൽ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഈ ഇനത്തിൽ അധികമായി 13.50 കോടി രൂപയാണ് പ്രതിമാസം ശമ്പള പരിഷ്കരണത്തിനായി ഗവൺമെന്റിന് കണ്ടെത്തേണ്ടിവരുന്നത്.

സർക്കാരിന് വരുമാനമോ ലാഭമോ ഉണ്ടായിട്ടല്ല, മറിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലൂടെ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പ്രതിമാസം പതിമൂന്നര കോടി രൂപയുടെ അധിക ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് ശമ്പള പരിഷ്കരണം ഈ വർഷം ജനുവരി മാസം മുതൽ നടപ്പാക്കാൻ തീരുമാനിച്ചത്. നിലവിൽ ശരാശരി 3750 ബസ്സുകളാണ് പ്രതിദിനം സർവ്വീസ് നടത്തുന്നത്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടിലും കേരളാ മോട്ടോർ വർക്കേഴ്സ് റൂൾസിലും പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലും പ്രതിപാദിക്കുന്ന സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പാക്കിയാൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് ബസ്സുകൾ ഓടിച്ച് അധിക വരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് മാനേജ്മെന്റ് കണ്ടെത്തിയിട്ടുള്ളത്. നിലവിൽ സർവ്വീസ് നടത്താൻ സാധിക്കാത്ത ഏകദേശം ആയിരത്തി മുന്നൂറ് ബസ്സുകളിൽ 800 ബസ്സുകൾ idle ആയിരിക്കുകയാണ്. അഞ്ഞൂറോളം ബസ്സുകൾ ചെറിയ അറ്റകുറ്റപ്പണികൾ തീർത്ത് സർവ്വീസ് നടത്താൻ കഴിയുന്ന തരത്തിലാണുള്ളത്. 13-01-2022-ൽ അംഗീകൃത ട്രേഡ് യൂണിയനുകൾ അംഗീകരിച്ചതും ശമ്പള പരിഷ്കരണ കരാറിൽ സമ്മതിച്ചതുമായ മോട്ടോർ വെഹിക്കിൾസ് ആക്ടിലും റൂൾസിലും വ്യവസ്ഥചെയ്തിട്ടുള്ള സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കാൻ ട്രേഡ് യൂണിയനുകളുമായി വിവിധ തലങ്ങളിൽ ചർച്ച നടത്തിവരികയാണ്. അറുപതുവർഷംമുമ്പുണ്ടായിരുന്ന നിയമം ഇതുവരെ ആരും നടപ്പിലാക്കാൻ ആവശ്യപ്പെട്ടില്ലെന്നാണ് അവർ പറയുന്ന ന്യായം. എന്നാൽ ഇപ്പോഴും പ്രസ്തുത ആക്ടും റൂളും നിലനിൽക്കുകയാണ്. അറുപത് വർഷമായിട്ടും നടപ്പാക്കാത്തത് സർക്കാരിന്റെ കുഴപ്പമല്ലല്ലോ? ഈ ശമ്പള പരിഷ്കരണ കാലഘട്ടത്തിലാണ് പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിലെ നിർദ്ദേശമനുസരിച്ച് ആക്ടും റൂളും വ്യവസ്ഥചെയ്യുന്നതുപ്രകാരമുള്ള സിംഗിൾ ഡ്യൂട്ടി സംവിധാനം 13-1-2022-ന് ട്രേഡ് യൂണിയൻ ഒപ്പിട്ട് അംഗീകരിച്ചത്. ആക്ടിൽ പറയുന്ന സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പാക്കുന്നത് സംബന്ധിച്ച വ്യവസ്ഥ ഒപ്പിട്ടശേഷമാണ് ശമ്പളക്കരാറിൽ ഒപ്പുവച്ചത്. ശമ്പളക്കരാർ പ്രകാരം ജനുവരിമാസം മുതൽ ശമ്പളം കൊടുത്തുതുടങ്ങിയിട്ടുണ്ട്. സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പാക്കുന്നതിന് പ്രമേയാവതാരകനായ ട്രേഡ് യൂണിയൻ നേതാവുൾപ്പെടെ ഇപ്പോഴും ശക്തമായി എതിർക്കുകയാണ്. കരാറിൽ രേഖപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ അംഗീകരിക്കാൻ ഇരുകൂട്ടരും തയ്യാറാകണ്ടേ? നിലവിൽ മാനേജ്മെന്റുമാത്രം ശമ്പളം കൊടുക്കാൻ തയ്യാറാകുന്നു. കരാറിൽ ഒപ്പിട്ടവർ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം നടപ്പാക്കാൻ സമ്മതിക്കില്ലെന്ന നിലപാടെടുത്താൽ എപ്രകാരമാണ് ബസ് സർവ്വീസുകൾ നടത്തുന്നത്; എങ്ങനെയാണ് വരുമാനം വർദ്ധിപ്പിക്കുന്നത്;

എങ്ങനെയാണ് കൃത്യമായി ശമ്പളം കൊടുക്കാൻ കഴിയുന്നത്? അതുകൊണ്ട് ഈ വിഷയം സംബന്ധിച്ച് ഞാൻ ട്രേഡ് യൂണിയൻ നേതാക്കളുമായി നിരന്തരം ചർച്ചകൾ നടത്തിയിരുന്നു. ബഹുമാന്യരായ മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി എന്നിവരുമായും ഇതുസംബന്ധിച്ച് ചർച്ച നടത്തിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തുടർചർച്ചകൾ നടത്തുന്നതാണ്. ബസ് സർവ്വീസ് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാനും ചെലവ് കുറയ്ക്കാനും അതിലൂടെ യാത്രാക്ലേശവും സാമ്പത്തിക പ്രതിസന്ധിയും പരിഹരിക്കാനുമുള്ള ശ്രമമാണ് നടത്തിവരുന്നത്. ഇക്കാര്യത്തിൽ ട്രേഡ് യൂണിയനുകൾ ക്രിയാത്മകമായ സമീപനം സ്വീകരിക്കുമെന്ന പ്രതീക്ഷയാണുള്ളത്. പല ട്രേഡ് യൂണിയനുകളും സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിന് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പക്ഷേ നിലവിലുള്ള ആക്ടും റൂളും പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടും തത്വത്തിൽ അംഗീകരിക്കാതെ മുന്നോട്ടുപോയാൽ അധിക വരുമാനമുണ്ടാകില്ലെന്നു മാത്രമല്ല, idle ആയിരിക്കുന്ന വാഹനങ്ങൾ ഓടിക്കാനും കൃത്യമായി ശമ്പളം കൊടുക്കാനും സാധിക്കാത്ത അവസ്ഥയുണ്ടാകും. ആക്ടിന്റെയും റൂളിന്റെയും പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിന്റെയും ബലത്തിൽ ഇപ്പോൾ മാനേജ്മെന്റ് ഉയർത്തുന്ന ആവശ്യം സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കണമെന്നാണ്. കഴിഞ്ഞ ഒരുവർഷത്തിനുള്ളിൽ ഒരുപാട് വെല്ലുവിളികൾക്കിടയിലും പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ നിർണ്ണായകമായ നിരവധി ശിപാർശകൾ നടപ്പിലാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ കരകയറ്റാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പ്രൊഫഷണൽ ബോർഡുണ്ടാക്കണമെന്ന് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശാനുസരണം പതിനഞ്ചംഗ ബോർഡുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ പ്രൊഫഷണൽസിനെ മാത്രം വച്ചുകൊണ്ടാണ് ഏഴംഗ ബോർഡ് രൂപീകരിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രൊഫഷണൽ ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച ഫയലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആദ്യം ഒപ്പിടാൻ നൽകിയത്. ഇപ്രകാരം ചരിത്രത്തിലാദ്യമായി ഏഴംഗങ്ങളുള്ള പ്രൊഫഷണൽ ബോർഡ് രൂപീകരിക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞിട്ടുണ്ട്. നിലവിൽ 93 സ്ഥലങ്ങളിലായി വ്യാപിച്ചിരിക്കുന്ന ഭരണസംവിധാനങ്ങൾ 15 ഓഫീസുകളായി ചുരുക്കണമെന്ന പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശയും നടപ്പാക്കിയിട്ടുണ്ട്. 2022 ജൂലൈ 18-ാം തീയതി മുതൽ കെ.എസ്.ആർ.ടി.സി.-യുടെ 93 ഓഫീസുകളെ 15 ഡിസ്ട്രിക്റ്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളാക്കി മാറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വികേന്ദ്രീകൃതമായി പ്രവർത്തിച്ചിരുന്ന 98 വർക്ക്ഷോപ്പുകളെ 22 എണ്ണമായി കേന്ദ്രീകരിച്ചുകൊണ്ട് പ്രൊഡക്ടിവിറ്റി കൗൺസിൽ സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയുടെ പ്രവർത്തനം നടപ്പാക്കാനുള്ള ചർച്ചകൾ യൂണിയനുകളുമായി നടത്തിവരികയാണ്.

ബസ് സ്റ്റാഫ് റേഷ്യോ 8.37 ശതമാനത്തിൽനിന്നും 6.97 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പ്രതിമാസം ഒരുകോടി രൂപയായിരുന്ന നോൺ-ടിക്കറ്റ് റവന്യൂ 12 കോടി രൂപയിലേയ്ക്ക് എത്തിയിരിക്കുന്നു. മുൻകാലങ്ങളിൽ മിനിമം ഡ്യൂട്ടി ഒരു വർഷം എത്രയുണ്ടായിരിക്കണമെന്ന സംവിധാനമില്ലാതെ, ഒരുദിവസം പോലും ഡ്യൂട്ടിക്ക് വരാത്ത ജീവനക്കാർപോലും ശമ്പളം വാങ്ങിയിരുന്നു. രണ്ടുമാസം പോലും ജോലി ചെയ്യാൻ ജീവനക്കാരില്ലാത്ത അവസ്ഥയുണ്ടായിരുന്നു. അതുകൊണ്ട് ഇത്തവണത്തെ ശമ്പള പരിഷ്കരണ കരാറിൽ ഒരു തൊഴിലാളി വർഷത്തിൽ കുറഞ്ഞത് 190 ദിവസമെങ്കിലും ജോലി ചെയ്തിരിക്കണമെന്ന നിബന്ധന വയ്ക്കുകയുണ്ടായി. Earning of per bus 11000 രൂപയായിരുന്നത് 15000 രൂപയിലേയ്ക്ക് ഉയർന്നിരിക്കുന്നു. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിനെക്കുറിച്ച് (കെ-സ്വിഫ്റ്റ്) നാം കേൾക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും 2022 ഏപ്രിൽ മുതലാണ് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞത്. കെ-സ്വിഫ്റ്റ് മുഖേന ദീർഘദൂര ബസ്സുകൾ മാത്രമെ സർവ്വീസ് നടത്താൻ പാടുള്ളൂവെന്നും നഷ്ടമുള്ള റൂട്ടുകൾ എടുക്കുന്നില്ലെന്നുമാണ് നേരത്തേ പറഞ്ഞിരുന്നത്. തിരുവനന്തപുരം നഗരത്തിലെ സിറ്റി ബസുകളെല്ലാം നഷ്ടത്തിലാണ് സർവ്വീസ് നടത്തിയിരുന്നത്. നിലവിൽ 25 ബസുകൾ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ കീഴിൽ മാറ്റിക്കഴിഞ്ഞു. നഷ്ടത്തിലുള്ള റൂട്ടുകൾകൂടി കെ-സ്വിഫ്റ്റ് ഏറ്റെടുത്ത് ലാഭത്തിലേയ്ക്ക് കൊണ്ടുവരികയാണ്. ചരിത്രത്തിലാദ്യമായി കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകളിലേയ്ക്ക് ചുവടുവയ്പ്പ് നടത്തുന്നതിന്റെ മുന്നോടിയായി 25 ഇലക്ട്രിക് ബസുകൾ വാങ്ങുകയും അടുത്ത രണ്ടുമാസത്തിനുള്ളിൽ ഇവയുടെ സർവ്വീസ് ആരംഭിച്ച് യാഥാർത്ഥ്യമാക്കുന്നതുമാണ്. ഡീസൽ വില വർദ്ധനവുകാരണം കെ.എസ്.ആർ.ടി.സി. കൂടുതൽ ഇലക്ട്രിക് ബസുകളുടെ സർവ്വീസ് നടത്താനാണുദ്ദേശിക്കുന്നത്.

കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ പമ്പുകളിൽ കെ.എസ്.ആർ.ടി.സി. ബസുകൾക്കുമാത്രമായിരുന്നു ഡീസലടിക്കാൻ അവസരമുണ്ടായിരുന്നത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ പമ്പുകൾ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന്റെ ഭാഗമായി 'യാത്രാ ഫ്യൂവൽസ്' എന്നൊരു പുതിയ സംരംഭം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ 'ഗ്രാമവണ്ടി' പദ്ധതിയെക്കുറിച്ച് പറഞ്ഞപ്പോൾ നടക്കാത്ത സ്വപ്നമെന്നാണ് പലരും പറഞ്ഞിരുന്നത്; എന്നാൽ ടി പദ്ധതി നടപ്പാക്കുകയും ആദ്യ ഗ്രാമവണ്ടി കേരളത്തിന്റെ തെക്കേയറ്റത്ത്, ശ്രീ. സി. കെ. ഹരീന്ദ്രൻ എം.എൽ.എ.-യുടെ മണ്ഡലമായ പാറശ്ശാലയിലെ കൊല്ലയിൽ പഞ്ചായത്തിൽ ഫ്ലാഗ് ഓഫ് ചെയ്യുകയുമുണ്ടായി. രണ്ടാമത്തെ ഗ്രാമവണ്ടി തൃശ്ശൂർ

ജില്ലയിൽ ശ്രീ. മുരളി പെരുനെല്ലിയുടെ മണ്ഡലത്തിൽപ്പെട്ട എളവള്ളി പഞ്ചായത്തിലും മൂന്നാമത്തേത് ശ്രീ. പി. ടി. എ. റഹീമിന്റെ മണ്ഡലത്തിലെയും ശ്രീ. പി. കെ. ബഷീറിന്റെ മണ്ഡലത്തിലെയും പഞ്ചായത്തുകളിലും സർവ്വീസ് ആരംഭിക്കുന്നതാണ്. ഗ്രാമവണ്ടി അവരവരുടെ പഞ്ചായത്തുകളിൽ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകളാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഡീസൽച്ചെലവ് പൂർണ്ണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ബസ് ഡ്രൈവർ, കണ്ടക്ടർ എന്നിവരെ കൊടുത്തുകൊണ്ട്, അവർ നിശ്ചയിക്കുന്ന റൂട്ടിലൂടെയും നിശ്ചയിക്കുന്ന സമയത്തുമാണ് ഗ്രാമവണ്ടികൾ സർവ്വീസ് നടത്തുന്നത്. ഇച്ഛാശക്തിയുള്ള എം.എൽ.എ.-മാരുണ്ടെങ്കിൽ അവരുടെ മണ്ഡലങ്ങളിൽ സർവ്വീസ് നടത്താൻ കഴിയുന്ന വിധത്തിൽ കെ.എസ്.ആർ.ടി.സി. ഗ്രാമവണ്ടികൾ യാഥാർത്ഥ്യമായിക്കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-ക്ക് നല്ല വരുമാനം നേടിത്തരുന്ന ബഡ്ജറ്റ് ടൂറിസം വൻഹിറ്റായിക്കഴിഞ്ഞു. 2017-നുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ ബസുകൾ വാങ്ങാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ ഗവൺമെന്റിൽനിന്നും കിഫ്ബി സഹായത്തോടെ 756.50 കോടി രൂപ ബസ് വാങ്ങാൻ അനുവദിക്കുകയും ആയതിനുള്ള ടെണ്ടർ നടപടി പൂർത്തിയാക്കി പുതിയ ബസുകൾ വാങ്ങാൻ തീരുമാനിച്ചിരിക്കുകയുമാണ്. ജീവനക്കാരുടെ രണ്ടുമാസത്തെ ശമ്പള കുടിശ്ശിക കൊടുക്കുന്നതിനും തുടർന്നുള്ള മാസങ്ങളിൽ മുടങ്ങാതെ ശമ്പളം നൽകുന്നതിനും ഗവൺമെന്റ് സഹായം ലഭ്യമാക്കുന്നതിനും പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ ശിപാർശകൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന ചർച്ചകളിലൂടെ അന്തിമ തീരുമാനമെടുക്കുന്നതാണ്. ഈ ആഴ്ചതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് എല്ലാമാസവും അഞ്ചാം തീയതിക്കുമുമ്പ് ശമ്പളം കൊടുക്കാനും സിംഗിൾ ഡ്യൂട്ടി പാറ്റേൺ ഉൾപ്പെടെയുള്ള പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനും കെ.എസ്.ആർ.ടി.സി.-യിലെ പ്രധാന പ്രതിസന്ധികൾ പരിഹരിക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തര പ്രാധാന്യമില്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായ സ്ഥിതിക്ക് അടിയന്തരപ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമായ കാര്യങ്ങൾ ഭരണപക്ഷ യൂണിയനുകൾക്കുകൂടി ബോദ്ധ്യമാക്കിക്കൊടുത്താൽ വളരെ നന്നായിരുന്നു. എത്രയോ കാലമായി സി.ഐ.ടി.യു.-ക്കാരും സമരത്തിലാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്

നമ്മുടേത് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്നൊരു സംസ്ഥാനമാണെന്നാണ്. കേരളത്തിൽ ആദ്യമായിട്ടാണോ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്നത്; എന്തെല്ലാം അവകാശവാദങ്ങളാണ് നിങ്ങൾ പറയുന്നത്? അങ്ങ് പറഞ്ഞത് യു.ഡി.എഫ്.-ന്റെ കാലത്തേക്കാൾ വരുമാനം വളരെയധികം വർദ്ധിച്ചുവെന്നും സർക്കാർ സഹായം രണ്ടിരട്ടിയിലധികം വർദ്ധിച്ചുവെന്നുമാണ്. എങ്കിൽപ്പിന്നെ എന്തുകൊണ്ടാണ് ശമ്പളം രണ്ടുമാസമായി കൊടുക്കാതിരിക്കുന്നത്? വരുമാനം വർദ്ധിക്കുന്നതോടൊപ്പം സർക്കാരിൽനിന്ന് കൂടുതൽ സഹായം ലഭിക്കുമ്പോഴെങ്കിലും ഈ പ്രതിസന്ധി പരിഹരിക്കാൻ കഴിഞ്ഞില്ലെങ്കിൽ എവിടെയാണ് പ്രശ്നമെന്ന് നിങ്ങൾ പരിശോധിക്കണ്ടേ? 'ഡീസലില്ല, അധികൃതർക്ക് കൂസലുമില്ല', 'മലബാറിൽ സ്തംഭിച്ച് കെ.എസ്.ആർ.ടി.സി.' എന്നിവ കേരള കൗമുദി പത്രത്തിൽ വന്നിട്ടുള്ള വാർത്തയാണ്. 'സർവ്വീസുകൾ വെട്ടിക്കുറച്ച് കെ.എസ്.ആർ.ടി.സി.', 'ഡീസലില്ല, ബസ്സില്ല, ശമ്പളവുമില്ല, വഴിയാധാരം' എന്നിങ്ങനെയാണ് പത്രങ്ങളിൽ വാർത്ത വരുന്നത്. ഈ ഓണത്തിന് തൊഴിലാളികൾക്ക് എന്താണ് കൊടുക്കുന്നതെന്ന് ഇതുവരെ പറഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഓണവും കോവിഡ് ഓണമായിരുന്നെങ്കിൽ കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്കിത് കണ്ണീരോണമായി മാറുകയാണ്. 2016-ൽ നിങ്ങൾ അധികാരത്തിൽ വരുമ്പോൾ 6200 ബസുകളും 5200 ഷെഡ്യൂളുകളും പതിനേഴലക്ഷം കിലോമീറ്റർ പ്രതിദിന സർവ്വീസും 36 ലക്ഷം യാത്രക്കാരും 48000 തൊഴിലാളികളുമുണ്ടായിരുന്നു. ഇപ്പോഴത്തെ സ്ഥിതിയെന്താണ്? 3500 ബസുകൾ, 5200 ഷെഡ്യൂളുകളുണ്ടായിരുന്ന സ്ഥാനത്ത് 3400 ഷെഡ്യൂളുകൾ, 48000 തൊഴിലാളികളുണ്ടായിരുന്ന സ്ഥാനത്ത് 26500 തൊഴിലാളികൾ, പതിനേഴലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തിയിരുന്ന സ്ഥാനത്ത് പത്തുലക്ഷം കിലോമീറ്റർ സർവ്വീസ്. ഇതിനോടൊപ്പം കെ.എസ്.ആർ.ടി.സി.-യിൽ സർവ്വീസ് നടത്തുന്ന പത്തൊമ്പതുലക്ഷം യാത്രക്കാരുമുണ്ട്. ഈ ഗവൺമെന്റ് ആറുവർഷംകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ എല്ലം തോല്വമാക്കിയിരിക്കുന്നു. യു.ഡി.എഫ്.-ന്റെ കാലത്ത് 2750 ബസ്സുകൾ വാങ്ങുകയും 20232 ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കുകയും ചെയ്ത സ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാർ ആറുവർഷംകൊണ്ട് 101 ബസ്സുകൾ മാത്രം വാങ്ങുകയും വെറും 525 പേരെ നിയമിക്കുകയും ചെയ്തു. 2018-നുശേഷം പി.എസ്.സി. വഴി നിങ്ങൾ നിയമിച്ച ജീവനക്കാരുടെ എണ്ണം പറയാമോ; ആരെയെങ്കിലും നിങ്ങൾ നിയമിച്ചിട്ടുണ്ടോ; ഡി.വൈ.എഫ്.ഐ. നേതാക്കന്മാർ ഇവിടെയുണ്ടല്ലോ; നിങ്ങൾക്കെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞുകൂടെ; അദ്ദേഹത്തിന് ബോദ്ധ്യമായെന്നു പറഞ്ഞകാര്യം നിങ്ങൾക്ക് ബോദ്ധ്യമായോ? അദ്ദേഹം ഇവിടെ പറഞ്ഞല്ലോ ഞങ്ങൾക്കെല്ലാം ബോദ്ധ്യമായെന്ന്. 4400 താല്ക്കാലിക ജീവനക്കാരെ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത്

സ്ഥിരപ്പെടുത്തിയെങ്കിൽ നിങ്ങൾ 8650 പേരെ പിരിച്ചുവിടുകയാണ് ചെയ്തത്. എന്തെല്ലാം പ്രഖ്യാപനങ്ങളാണ് നിങ്ങൾ നടത്തിയത്? പ്രതിപക്ഷത്തിരുന്നപ്പോൾ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് 24 മണിക്കൂർ തരികയാണെങ്കിൽ ഞങ്ങൾ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കിമാറ്റും എന്നായിരുന്നു. അദ്ദേഹം പിന്നീട് ധനകാര്യ വകുപ്പുമന്ത്രിയായപ്പോൾ പറഞ്ഞത് ആറുമാസം കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കി മാറ്റുമെന്നായിരുന്നു. ഒരുവർഷം കൊണ്ട് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് തലയുയർത്തി നിൽക്കാനുള്ള അവസരം ഞങ്ങളുണ്ടാക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. എല്ലാമാസവും കടംവാങ്ങി, കടം വാങ്ങി, കടത്തിന്റെ ഭാരം കൊണ്ട് തല നിവർക്കാൻ പറ്റാത്ത അവസ്ഥയിലേയ്ക്ക് തൊഴിലാളികൾ മാറിയ സ്ഥിതിയാണുണ്ടായിരിക്കുന്നത്.

ശമ്പളവും പെൻഷനും കൃത്യമായി നൽകുമെന്നും കെ.എസ്.ആർ.ടി.സി ലാഭത്തിലാക്കുമെന്നും പുതിയ ബസ്സുകൾ വാങ്ങുമെന്നും കടബാദ്ധ്യത സർക്കാർ ഏറ്റെടുക്കുമെന്നുമാണ് പ്രകടന പത്രികയിൽ പറഞ്ഞത്. സംസ്ഥാന ഗവൺമെന്റ് നൽകിയ ധനസഹായത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. തമിഴ്നാട് മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുമായി നല്ല ബന്ധത്തിലാണല്ലോ? അവിടത്തെ സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ അങ്ങൊന്ന് ചോദിച്ചറിയണം. തമിഴ്നാട് സർക്കാർ ഒരു വർഷം 5260 കോടി രൂപയാണ് അവിടത്തെ ട്രാൻസ്പോർട്ട് കോർപ്പറേഷന് നൽകുന്നത്. അവിടത്തെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് വരുന്ന നഷ്ടം മുഴുവനും സർക്കാർ നികത്തുകയാണ് ചെയ്യുന്നത്. Capital assistance -Rs.386 crores, Reimbursement for social cost on student concession - Rs.928 crores, Reimbursement of loss due to issue of free bus passes to women - Rs.1520 crores (ഈ സംവിധാനം കേരളത്തിൽ ഇല്ല), Loan to State transport undertakings with German Development Bank's assistance - Rs.1073 crores, Reimbursement of loss due to issue of concessional bus pass to Senior Citizens - Rs.52 crores, Reimbursement of difference in cost due to price increase in speed diesel/high speed diesel oil - Rs.1300 crores; എന്നിവയെല്ലാം തമിഴ്നാട് സർക്കാർ അവിടത്തെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് നൽകുന്ന സഹായങ്ങളാണ്, ഇവയെല്ലാം അങ്ങ് പരിശോധിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്ന് 75 മാസമായിട്ടും ഒരു മാസംപോലും മുടങ്ങാതെ ശമ്പളം നൽകാൻ സർക്കാരിന് സാധിച്ചിട്ടില്ല. തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം ലഭിക്കാതിരുന്നിട്ടും മാധ്യമങ്ങൾ വഴിയും പത്രങ്ങൾ വഴിയും മാനേജ്മെന്റും സർക്കാരും നിരന്തരം അവഹേളിച്ചിട്ടും ഒരു ദിവസം പോലും പണിമുടക്കാതെ എല്ലാ ദിവസവും സങ്കടത്തോടെ വീട്ടിൽനിന്നും ഇറങ്ങിവന്ന് എല്ലാ ദിവസവും ജോലി ചെയ്യുന്ന കെ.എസ്.ആർ.ടി.സി.-യിലെ

തൊഴിലാളികൾക്ക് ഞാനൊരു ബിഗ് സല്യൂട്ട് നൽകുകയാണ്. ആവർത്തിച്ചാവർത്തിച്ച് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചിട്ടും ശമ്പളം നൽകാൻ സർക്കാർ തയ്യാറാകുന്നില്ല. കോടതി പറഞ്ഞത് വരുമാനത്തിന്റെ ആദ്യപങ്ക് ജീവനക്കാരുടെ ശമ്പളത്തിന് നൽകണമെന്നാണ്. എന്നാൽ ഇവിടെ ചെയ്യുന്നതോ; എല്ലാ ചെലവും കഴിഞ്ഞ് തുക എന്തെങ്കിലുമുണ്ടെങ്കിൽ കൊടുക്കാമെന്ന നിലപാടാണ്. പണ്ട് ശ്രീ. ജഗതി ശ്രീകുമാർ പറഞ്ഞതുപോലെ 'വല്ലതുമുണ്ടെങ്കിൽ തരാം' എന്നുപറയുന്ന രീതിയിലാണ് സർക്കാർ എത്തിയിരിക്കുന്നത്. തൊഴിലാളികൾ ശമ്പളം ചോദിക്കുമ്പോൾ സിംഗിൾ ഡ്യൂട്ടി നടപ്പിലാക്കുന്നതിനെക്കുറിച്ച് പറയുന്നു. സിംഗിൾ ഡ്യൂട്ടി സംവിധാനമെന്നു പറഞ്ഞാൽ എട്ട് മണിക്കൂർ സിംഗിൾ ഡ്യൂട്ടി നടത്താൻ ഞങ്ങൾ തയ്യാറാണ്. അദ്ദേഹം ക്വാട്ട് ചെയ്ത മോട്ടോർ വർക്കേഴ്സ് ആക്ടിൽ അതിനെക്കുറിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ട്; അത് വായിച്ചു നോക്കിയാൽ മനസ്സിലാകും. എട്ട് മണിക്കൂർ ജോലി, എട്ട് മണിക്കൂർ വിനോദം, എട്ട് മണിക്കൂർ വിശ്രമം എന്നാവശ്യപ്പെട്ടുകൊണ്ട് ഷിക്കാഗോ തെരുവീഥികളിൽ രക്തംചീന്തിയ ആ തൊഴിലാളികളുടെ ഓർമ്മയ്ക്കു മുന്നിൽ നമ്മൾ മെയ് ദിനം ആഘോഷിക്കുമ്പോൾ എട്ട് മണിക്കൂർ ജോലി എന്നതിനുപകരം 12 മണിക്കൂർ ജോലി ചെയ്യണമെന്നല്ലേ നിങ്ങൾ പറയുന്നത്. ഒരു കമ്മ്യൂണിസ്റ്റ് സർക്കാരിനിത് ഭൂഷണമാണോ? ഓഫീസിൽ എ.സി. റൂമിലോ ഫാനിന്റെ ചുവട്ടിലിരുന്നോ കണക്കെഴുതുന്നതല്ല ഈ തൊഴിലാളികളുടെ ജോലി; മറിച്ച് ഈ സംസ്ഥാനത്തുള്ള 'ദേശീയ കുഴികളിലൂടെയും സംസ്ഥാന കുഴികളിലൂടെയും' പാടുപെട്ട് വണ്ടിയോടിക്കണം എന്നതാണ്. കണ്ടക്ടർമാർക്ക് ഒരു നിമിഷംപോലും ഇരിക്കാൻ കഴിയാതെ വണ്ടിയിൽ ബാലൻസ് ചെയ്തുനിന്ന് 12-ഉം 18-ഉം മണിക്കൂർ ജോലി ചെയ്താൽ അവരുടെ ആരോഗ്യസ്ഥിതിയെന്താകും; അവർ ആരോഗ്യത്തോടുകൂടി ഇരുന്നില്ലെങ്കിൽ അവരുടെ ശ്രദ്ധ നഷ്ടപ്പെട്ട് മാനസിക സംഘർഷമുണ്ടാകുകയും അതിന്റെ ഫലമായി ബസ്സോടിക്കുമ്പോൾ അപകടമുണ്ടാകുകയുമില്ലേ? കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസ്സുകളിലെ ജീവനക്കാർ 16 മണിക്കൂർവരെ ജോലി ചെയ്യുന്നുണ്ട്. 100 കെ.എസ്.ആർ.ടി.സി. സിഫ്റ്റ് ബസ്സുകളിൽ 50 ബസ്സുകളും അപകടത്തിൽപ്പെട്ടു. യാത്രക്കാരുടെ സുരക്ഷയെങ്കിലും കണക്കിലെടുക്കേണ്ടേ? തൊഴിൽ നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തി തോന്നിയതുപോലെ നിയമങ്ങൾ നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തൊഴിൽ നിയമങ്ങളും തൊഴിലാളികൾ സമരം ചെയ്ത് നേടിയെടുത്ത എല്ലാ അവകാശങ്ങളും ഒരു കമ്മ്യൂണിസ്റ്റ് സർക്കാർ പിച്ചിച്ചീന്തിയെറിയുന്ന അവസ്ഥയാണ് ഇന്ന് കേരളത്തിൽ കാണാൻ കഴിയുന്നത്. വരുമാനത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. കഴിഞ്ഞ മൂന്ന് മാസത്തെ ശരാശരി വരുമാനം 233 കോടി രൂപയാണ്. ഇതിൽ ശമ്പളം നൽകുന്നതിന് ആവശ്യമായി വരുന്നത് 80 കോടി രൂപ, ഡീസലിന് 95 കോടി രൂപ, രണ്ടിനുംകൂടി 175 കോടി രൂപ. ലോണടയ്ക്കാൻ 30 കോടി രൂപ മാറ്റിവച്ചാലും

28 കോടി രൂപ ബാക്കിവരുന്നുണ്ട്. എന്നിട്ടും എന്താണ് ശമ്പളം കൃത്യമായി കൊടുക്കാൻ സർക്കാരിന് കഴിയാത്തത്? ഇതിൽ കണക്കുകൾ പെരുപ്പിച്ച് കാണിച്ചിരിക്കുകയാണ്; വർദ്ധിച്ച നിരക്കിലാണ് ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നത്. ജൂലൈ മാസത്തിൽ ഡീസൽ ഇനത്തിൽ 102 കോടി രൂപ ചെലവഴിച്ചുവെന്നാണ് പറയുന്നത്. 12 ലക്ഷം കിലോമീറ്ററിന് നാല് കിലോമീറ്ററാണ് EPKM (Earnings per kilometer). അങ്ങനെവരുമ്പോൾ 12 ലക്ഷം കിലോമീറ്റർ സഞ്ചരിക്കുമ്പോൾ 85 കോടി രൂപ മാത്രം ചെലവാകേണ്ട സ്ഥാനത്ത് എപ്രകാരമാണ് കൂടുതൽ തുക ചെലവായത്? ജീവനക്കാർക്കുള്ള ശമ്പള കരാർ നടപ്പിലാക്കിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. 2016-ൽ നടപ്പിലാക്കേണ്ട ശമ്പള കരാറാണ് 2022-ൽ നടപ്പിലാക്കിയിട്ടുള്ളത്. ഇക്കാലയളവിൽ ജീവനക്കാർക്കുള്ള ഒരു ശമ്പള കരാർ നടപ്പാക്കാതെ നഷ്ടപ്പെടുത്തുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്. ശമ്പള കരാർ നടപ്പാക്കാതെ ഇത് വർഷങ്ങളായി മുടങ്ങിയെന്നും ബഹു. മന്ത്രി പറയുകയുണ്ടായി; ഈ സർക്കാരല്ലേ ഇത് മുടക്കിയത്? ശമ്പള കരാർ നടപ്പിലാക്കിയില്ലെന്ന് മാത്രമല്ല, അതിൽപ്പെടുന്ന മറ്റ് അലവൻസുകളൊന്നും ഇതുവരെയും കൊടുത്തിട്ടില്ല. ആറ് വർഷമായി ആശ്രിത നിയമനം നടത്താത്ത കാരണത്താൽ ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് മരണപ്പെട്ടവരുടെ ആശ്രിതർ കഴിഞ്ഞ ആറ് വർഷമായി ട്രാൻസ്പോർട്ട് ഓഫീസുകൾ കയറി ഇറങ്ങുകയാണ്. 2016 ഫെബ്രുവരിയിൽ അന്നത്തെ ശമ്പള കരാർ അവസാനിക്കുന്നതിന് മുമ്പ് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സർക്കാർ ശമ്പള കരാറുമായി ബന്ധപ്പെട്ട് ചർച്ചയ്ക്ക് വിളിച്ചപ്പോൾ സി.ഐ.ടി.യു. നേതാക്കൾ പറഞ്ഞത് പ്രസ്തുത കാലയളവിൽ നിലനിന്നിരുന്ന കരാർ അവസാനിക്കുന്നതിന് മുമ്പ് 7500 രൂപ ഇടക്കാലാശ്വാസം അനുവദിച്ചാൽ മാത്രമെ അവർ ചർച്ചയ്ക്ക് വരികയുള്ളൂവെന്നായിരുന്നു. എന്നാൽ പുതിയ സർക്കാർ വന്ന് അഞ്ച് കൊല്ലം കഴിഞ്ഞ് 1500 രൂപ മാത്രം ലഭിച്ചപ്പോൾ അവർക്ക് യാതൊരു പരാതിയുമില്ല. ഈ പ്രതിസന്ധിയിൽ എന്ത് പങ്കാണ് തൊഴിലാളികൾക്കുള്ളത്; സർക്കാരും മാനേജ്മെന്റും തീരുമാനിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുകയല്ലാതെ തൊഴിലാളികൾ എന്താണ് ചെയ്യേണ്ടത്? എല്ലാവരും തൊഴിലാളികളെയാണ് കുറ്റപ്പെടുത്തുന്നത്. ഇവിടെ നടപ്പാക്കിയ ഒരു സിറ്റി സർക്കുലർ പരിഷ്കാരത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ശരാശരി 12 ലക്ഷം രൂപ കളക്ഷനുണ്ടായിരുന്ന നൂറിലേറെ ബസ്സുകൾ സിറ്റി സർക്കുലർ സർവ്വീസിനായി ഏറ്റെടുത്തപ്പോൾ വരുമാനം 2.8 ലക്ഷം രൂപയായി കുറഞ്ഞിരിക്കുന്നു. സിറ്റി സർക്കുലർ സർവ്വീസ് ആകുന്നതിന് മുമ്പ് ടി ബസ്സുകളിൽ നിന്ന് 43.20 കോടി രൂപ വരുമാനം ലഭിച്ചിരുന്നതെങ്കിൽ സിറ്റി സർക്കുലർ സർവ്വീസായി പരിഷ്കരിച്ചപ്പോൾ വരുമാനം 10 കോടി രൂപയായി കുറഞ്ഞു. ഒറ്റ പരിഷ്കാരത്തിലൂടെ മാത്രം 33 കോടി രൂപയുടെ നഷ്ടമാണുണ്ടായത്. ഇതിന് തൊഴിലാളികളെ പഴിച്ചിട്ട് കാര്യമുണ്ടോ? സാധാരണ ജൻറം ബസ്സുകൾ സിറ്റി സർക്കുലർ ആകുന്നതിന്റെ ഭാഗമായി

പെയിന്റ് മാറ്റുന്നതിന് ഒരു ലക്ഷം രൂപയാണ് ചെലവ് വരുന്നത്. 25 ഇലക്ട്രിക് ബസ്സുകൾ ഇറക്കിയപ്പോൾ സിറ്റി സർക്കുലർ ആക്കിയ ബസ്സുകൾ വീണ്ടും പഴയ രൂപത്തിലാക്കാൻ വീണ്ടും 50,000 രൂപയുടെ അധികച്ചെലവാണുണ്ടായത്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം ലാഭകേന്ദ്രങ്ങൾ മൂന്ന് സോണുകളാക്കി മാറ്റുകയുണ്ടായി. കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുന്നതിന് 15 ജില്ലാ ഓഫീസുകളായി ക്രമീകരിച്ചു; എന്നിട്ട് ലാഭകരമായോ? ജില്ലാ ഓഫീസുകളിൽ ഇരിപ്പിടമൊരുക്കാൻതന്നെ ഒരാഴ്ച സമയംവേണ്ടിവന്നു. ഡിസ്ട്രിക്ട് കോമൺ പൂൾ സംവിധാനത്തിലൂടെ വർക്ക്ഷോപ്പുകൾ മൂന്ന്-നാലെണ്ണമായി ചുരുക്കിയപ്പോൾ എവിടെയെങ്കിലും അപകടത്തിൽപ്പെട്ട് റിപ്പയറാകുന്ന ബസ്സുകളെ ഈ വർക്ക്ഷോപ്പുകളിലേയ്ക്കെത്തിക്കുന്നതിന് കെട്ടിവലിച്ച് കൊണ്ടുവരേണ്ട അവസ്ഥയുണ്ടായി. മെക്കാനിക്കുകളുടെ ഡ്യൂട്ടി പരിഷ്കരണത്തിലൂടെ എന്ത് ലാഭമാണുണ്ടാക്കിയത്; മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ജോലിസമയം ഒരു മണിക്കൂർകൂടി വർദ്ധിപ്പിച്ചപ്പോൾ എന്ത് ലാഭമാണ് അവരുണ്ടാക്കിയത്? ഇതെല്ലാം പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരമാണ് ചെയ്തിരിക്കുന്നത്. പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് വലിച്ചുകീറി ചവറ്റുകുട്ടയിലെറിഞ്ഞാൽ കെ.എസ്.ആർ.ടി.സി രക്ഷപ്പെടും. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് എന്നൊരു കമ്പനി രൂപീകരിച്ചു. ഈ സർക്കാർ വധശിക്ഷ വിധിച്ച കെ.എസ്.ആർ.ടി.സി.-യുടെ വധശിക്ഷ നടപ്പിലാക്കുന്ന ആരാച്ചാരായിട്ടാണ് സ്വിഫ്റ്റ് കമ്പനി കൊണ്ടുവന്നിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-ക്ക് സർക്കാർ അനുവദിച്ച ഫണ്ടുപയോഗിച്ച് 110 സ്വിഫ്റ്റ് ബസ്സുകൾ വാങ്ങി. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ബസ്സുകളുടെ സർവ്വീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ ഡീസലും റൂട്ടുകളും മെയിന്റനൻസും ഡിപ്പോകളും കുറച്ച് പുതിയ ജീവനക്കാരെയും നിയമിച്ചതിൽമാത്രം മാസംതോറും 60 ലക്ഷം രൂപയാണ് നഷ്ടം സംഭവിച്ചിരിക്കുന്നത്. ഈ ബസ്സുകൾ കെ.എസ്.ആർ.ടി.സി.-യെ ഏൽപ്പിച്ചാൽ കൃത്യമായി ഓടിക്കില്ലേ; 60 ലക്ഷം രൂപ ലാഭമാകില്ലേ? ജീവനക്കാരിൽനിന്ന് നാഷണൽ പെൻഷൻ സ്കീമിനുവേണ്ടി പിരിച്ചെടുത്ത 115 കോടി രൂപയും കെ.എസ്.ആർ.ടി.സി. അടയ്ക്കേണ്ട തുകയും ഉൾപ്പെടെ 230,20,15,276 രൂപ ഇതുവരെയും അടച്ചിട്ടില്ല. റിട്ടയർ ചെയ്യുമ്പോൾ പെൻഷൻ ലഭിക്കാൻപോലും പ്രയാസകരമായ സ്ഥിതിയാണുള്ളത്. 95 ലക്ഷം രൂപ നൽകി വാങ്ങിയ ബസ്സിൽ എ.സി. ഇല്ല, പെയിന്റ് ചെയ്തതെല്ലാം പൊള്ളിയിരിക്കുന്നു, കൊണ്ടുവന്നപ്പോൾ തന്നെ 12 ഗ്ലാസ്സുകൾ വീണുടയുകയും നിലവാരമില്ലാത്ത നാല് ബാറ്ററികൾ പൊട്ടി ഒലിക്കുകയും ചെയ്തിരിക്കുന്നു. ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. 2026 ആകുന്നതോടുകൂടി എല്ലാ ബസ്സുകളുടേയും പെർമിറ്റ് കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ പുതിയ ബസ്സുകൾ വാങ്ങേണ്ടത് അനിവാര്യമാണ്. കാലാകാലങ്ങളായി രണ്ടായിരവും മൂവായിരവും ബസ്സുകൾ വാങ്ങിയാണ് കെ.എസ്.ആർ.ടി.സി. നിലനിർത്തിയിരുന്നതെങ്കിൽ ഇന്ന്

അതെല്ലാം നിലച്ചിരിക്കുന്നു. പെർമിറ്റ് കാലാവധി അവസാനിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി വളരെ ഗുരുതരമാകും. പുതിയ ബസ്സുകൾ വാങ്ങാതെ ലാഭകരമായ റൂട്ടുകളെല്ലാം കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിക്ക് കൈമാറി, തൊഴിലാളികൾക്ക് ശമ്പളം നൽകാതെ ഡീസൽ പ്രതിസന്ധിയുണ്ടാക്കി കെ.എസ്.ആർ.ടി.സി.-യെ ആറടി മണ്ണിൽ കുഴിച്ചുമൂടാൻ ശ്രമിക്കുന്ന സർക്കാരിന്റെ നയങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെടുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ബഹുമാനപ്പെട്ട വിഷയാവതാരകൻ കണക്കുകൾ വളരെ വ്യക്തമായി അവതരിപ്പിച്ചിരിക്കുകയാണ്. പ്രതിമാസം 233 കോടി രൂപ വരുമാനമുണ്ടെന്ന കള്ളക്കണക്കിനെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. ഇത്രയും വരുമാനമുള്ളത് ഏത് ആർ.ടി.സി.-യിലാണെന്ന് എനിക്കറിയില്ല. എന്തായാലും കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തെക്കുറിച്ച് ഞാൻ നേരത്തെതന്നെ സൂചിപ്പിച്ചിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം 28 കോടി രൂപ ലാഭമുണ്ടായെന്നും സൂചിപ്പിച്ചിരുന്നു.

ശ്രീ. ആന്റണി രാജു: സർ, കെ.എസ്.ആർ.ടി.സി.-യുടെ ചെലവുകളെല്ലാം കഴിഞ്ഞ് 28 കോടി രൂപ ബാക്കിയുണ്ടായിരുന്നിട്ടും ശമ്പളം നൽകാത്തതിന്റെ കാരണമാണ് അദ്ദേഹം ചോദിച്ചത്. 28 കോടി രൂപ മാത്രം ബാക്കിവച്ചുകൊണ്ട് ശമ്പളം കൊടുക്കാൻ കഴിയുമെന്നാണോ ഒരു ട്രേഡ് യൂണിയൻ നേതാവായ അങ്ങ് പറയുന്നത്? യഥാർത്ഥത്തിൽ ശമ്പളം കൊടുക്കാൻ 80 കോടിയിൽപ്പരം രൂപ വേണ്ടിവരുന്നുണ്ട്. അതാണ് ഇവിടത്തെ യഥാർത്ഥ പ്രശ്നം.

ശ്രീ. എം. വിൻസെന്റ്: സർ, ...(മൈക്ക് ഓഫ്)...

ശ്രീ. ആന്റണി രാജു: സർ, നോ.. നോ.. ഞാൻ വഴങ്ങുന്നില്ല. അങ്ങ് ദയവായി ഞാൻ പറയുന്നത് കേൾക്കൂ. ബഹുമാനപ്പെട്ട അവതാരകൻ പറഞ്ഞ കള്ളക്കണക്കുകൾ മുഴുവൻ നമ്മൾ കേട്ടുകൊണ്ടിരുന്നു. അതിന് മറുപടി പറയുമ്പോൾ എന്തിനാണ് അദ്ദേഹത്തിന് ഇത്രയധികം പൊള്ളുന്നത്? ഡീസലിന് ആവശ്യമായ തുകയും ബാങ്കിലെ അടവും കഴിഞ്ഞ് ബാക്കിയുള്ള 28 കോടി രൂപയിൽ നിന്നെന്തുകൊണ്ടാണ് ശമ്പളം കൊടുക്കാത്തതെന്നാണ് അദ്ദേഹം ചോദിച്ചത്. ശമ്പളം കൊടുക്കാൻ 80 കോടി രൂപ വേണം; അക്കാര്യത്തിലാണ് ഷോർട്ടേജുള്ളത്. ഇക്കാര്യത്തെ സംബന്ധിച്ച് അറിയാതെയെങ്കിലും സത്യം പറഞ്ഞതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. അതുപോലെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ കാര്യവും അങ്ങ് സൂചിപ്പിച്ചു.

ശ്രീ. എം. വിൻസെന്റ്: സർ, പോയിന്റ് ഓഫ് ഓർഡർ.. (മൈക്ക് ഓഫ്)....

ശ്രീ. ആന്റണി രാജു: സർ, നോ.. നോ.. എന്ത് പോയിന്റ് ഓഫ് ഓർഡർ... അടിയന്തരപ്രമേയത്തിൽ അടിസ്ഥാന വിരുദ്ധമായ കാര്യങ്ങളാണ് അങ്ങ്

സൂചിപ്പിച്ചത്; എന്നിട്ട് ഞാനിപ്പോൾ സത്യം പറയുമ്പോൾ എന്തിനാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്? (..ബഹളം...) കള്ളം പറഞ്ഞ് ജയിക്കുന്നതിനേക്കാൾ നല്ലത് സത്യം പറഞ്ഞ് തോൽക്കുന്നതാണ്. (....ബഹളം....) ഞാൻ പറഞ്ഞതിൽ എന്താണ് അൺപാർലമെന്ററിയായിട്ടുള്ളത്? (....ബഹളം....)

മി.സ്പീക്കർ: ദയവായി അംഗങ്ങൾ സീറ്റിലിരിക്കൂ.

ശ്രീ. ആന്റണി രാജു: സർ, ഞാൻ സത്യമല്ലേ പറയുന്നത്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് അപകടത്തിൽപ്പെടുന്ന രീതിയെക്കുറിച്ചുള്ള പെരുപ്പിച്ച കണക്കുകൾ അദ്ദേഹം സൂചിപ്പിച്ചു. ആരെ സഹായിക്കാനാണ് നിങ്ങളിത് ചെയ്യുന്നത്? ബാംഗ്ലൂരിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് പ്രൈവറ്റ് ബസിൽ വരണമെങ്കിൽ 5000-ത്തിലധികം രൂപ ആവശ്യമാണ്. എന്നാൽ 1500 രൂപ നിരക്കിൽ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ യാത്രചെയ്യാൻ സാധിക്കുമെന്നതാണ് ഇതിലുള്ള വ്യത്യാസം. ആരെ സഹായിക്കാനാണ് നിങ്ങൾ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിനെ ആക്രമിക്കുന്നത്? ജനങ്ങളെ സഹായിക്കാനാണ് സ്വിഫ്റ്റ് ബസ്സുകൾ നിരത്തിലിറക്കിയിരിക്കുന്നത്. രാജ്യത്തെ കുത്തക പ്രൈവറ്റ് മുതലാളിമാരെ സഹായിക്കാനാണ് ബഹുമാനപ്പെട്ട അംഗം സ്വിഫ്റ്റിനെ എതിർക്കുന്നത്. സ്വിഫ്റ്റ് അപകടത്തിൽപ്പെടുന്നെന്ന് സ്വകാര്യ മുതലാളിമാർ പറയുന്നതിനെ അദ്ദേഹം കൂട്ടുപിടിക്കുകയാണ്. ജീവനക്കാരെ നിയമിക്കാത്തത് സംബന്ധിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി.-യിലെ ബസ്സ്-സ്റ്റാഫ് അനുപാതം 6.97 ശതമാനമാണ്; ഇത് കർണ്ണാടകയിൽ 4.93 ശതമാനവും ദേശീയ ശരാശരി 5.5 ശതമാനവുമാണ്. ഇനിയും ജീവനക്കാരെ നിയമിച്ച് നിലവിലുള്ളവർക്കുകൂടി ശമ്പളം നൽകാൻ കഴിയാത്ത രീതിയിലാക്കണമെന്ന നിർദ്ദേശമാണ് ബഹുമാനപ്പെട്ട അവതാരകൻ മുന്നോട്ടുവച്ചിരിക്കുന്നത്.

സിംഗിൾ ഡ്യൂട്ടിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. ആക്ട് പ്രകാരം അങ്ങയുടെ നേതാക്കൾ കരാർ ഒപ്പുവച്ച് സമ്മതിച്ചശേഷമാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്. ടി കരാർ ഒപ്പിടുന്ന സമയം അങ്ങ് യൂണിയൻ നേതാവായിട്ടില്ല. അങ്ങയുടെ നേതാക്കൾ ഒപ്പിട്ട കരാറിന്റെ 38-ാം ഖണ്ഡികയിൽ പറയുന്നത്, 'ജീവനക്കാരിപ്പോൾ ചെയ്തുവരുന്ന അധിക സ്പ്രെയിനെടുക്കുന്ന ഡബിൾ ഡ്യൂട്ടി സമ്പ്രദായം നിർത്തലാക്കി, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടിലെ വ്യവസ്ഥകളനുസരിച്ച് സിംഗിൾ ഡ്യൂട്ടി സമയം ക്രമീകരിക്കും' എന്നാണ്. സിംഗിൾ ഡ്യൂട്ടി എന്താണെന്ന് അങ്ങേയ്ക്കറിയാമോ? സിംഗിൾ ഡ്യൂട്ടി സമ്പ്രദായത്തിൽ കണ്ടക്ടറും ഡ്രൈവറും എട്ട് മണിക്കൂർ വാഹനം ഓടിച്ചാൽ മതി. സിംഗിൾ ഡ്യൂട്ടി സംവിധാനത്തിൽ 12 മണിക്കൂർ ഡ്യൂട്ടിനോക്കണമെന്ന് അങ്ങ് ദുർവ്യാഖ്യാനം ചെയ്യുകയാണ്. യഥാർത്ഥത്തിൽ 8 മണിക്കൂറുപോലും ഡ്യൂട്ടിചെയ്യേണ്ടിവരുന്നില്ല. കാരണം, സിംഗിൾ ഡ്യൂട്ടി സംവിധാനത്തിൽ എട്ട് മണിക്കൂറിൽ 15 മിനിട്ട് സൈൻ

ഓൺ ചെയ്യാനും 15 മിനിട്ട് സൈൻ ഓഫ് ചെയ്യാനും വേണ്ടിവരും; ഈ സമയം വാഹനം ഓടിക്കുന്നില്ല. എട്ട് മണിക്കൂറിനുള്ളിൽ വാഹനം ഓടിക്കുമ്പോൾ അര മണിക്കൂർ വിശ്രമവും ലഭിക്കുന്നുണ്ട്. ഇപ്രകാരം സിംഗിൾ ഡ്യൂട്ടിയുടെ 8 മണിക്കൂറിൽപ്പോലും കണ്ടക്ടറും ഡ്രൈവറും 7 മണിക്കൂർ മാത്രം വാഹനമോടിച്ചാൽ മതിയാകും. നിയമവിരുദ്ധമായി സിംഗിൾ ഡ്യൂട്ടി നടപ്പിലാക്കുന്നുവെന്നാണ് അങ്ങ് മറ്റൊരാക്ഷേപമായി ഉന്നയിച്ചത്. ദി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 നടപ്പാക്കിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണോ? ഈ ആക്ട് നിലവിൽവന്നപ്പോൾ അങ്ങയുടെ നേതാക്കളാണ് ഇന്ത്യയും കേരളവും ഭരിക്കുന്നത്. ഈ ആക്ട്/റൂൾ നടപ്പാക്കാൻ കേരളത്തിന് ബാധ്യതയുണ്ട്; അത് നടപ്പാക്കാത്തതാണ് കെ.എസ്.ആർ.ടി.സി. ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് കാരണമായത്. ഈ നിയമം കർണ്ണാടകയിലും തമിഴ്നാട്ടിലും നടപ്പിലാക്കിയിട്ടുണ്ട്. ഇത് കേരളത്തിൽ നടപ്പിലാക്കുന്നതിന് അങ്ങയുടെ യൂണിയൻ ഉൾപ്പെടെയുള്ള ട്രേഡ് യൂണിയനുകൾ അംഗീകരിച്ച് ഒപ്പുവച്ചശേഷം ഇപ്പോൾ ശമ്പളപരിഷ്കരണം നടത്തിക്കഴിഞ്ഞപ്പോൾ, ഇവിടെ സിംഗിൾ ഡ്യൂട്ടി നടപ്പിലാക്കിയത് തെറ്റായിപ്പോയെന്ന രീതിയിൽ പറയുന്നതിന്റെ കാരണമെന്താണ്? ദി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടിൽ Section 16(1), Spread-over-ൽ പറയുന്നത്, "...... inclusive of interval for rest under section 15, they shall not spread-over more than 12 hours in any day" എന്നാണ്. എന്താണ് അതിന്റെ അർത്ഥം? തൊഴിലാളികൾ പന്ത്രണ്ട് മണിക്കൂർ ഇവിടെയുണ്ടാകണമെന്നാണ് പറയുന്നത്. രണ്ട് ഡ്യൂട്ടികളുടെ ഇടയിലുള്ള വിശ്രമവേളയെക്കുറിച്ച് സെക്ഷൻ 15(2) 'Daily intervals of rest' പ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നത്, "….allowed a period of rest of at least nine consecutive hours between the termination of duty on any one day and the commencement of duty on the next following day." എന്നാണ്. അങ്ങിവിടെ അന്താരാഷ്ട്ര തൊഴിൽ നിയമം വായിച്ചു. ഈ നിയമം നിലവിലുള്ളപ്പോഴാണ് 1961-ൽ അങ്ങയുടെ സർക്കാർ ദി മോട്ടോർ വർക്കേഴ്സ് ആക്ടുണ്ടാക്കിയത്. മോട്ടോർ വർക്കേഴ്സിന് പ്രത്യേക നിയമമാണ് നമ്മുടെ രാജ്യത്തുള്ളത്. തൊഴിലാളികൾ ഒപ്പിടുന്നതുമുതൽ തിരികെ പോകുന്നതുവരെയുള്ള 12 മണിക്കൂർ ഡ്യൂട്ടിസമയം അവർ അവൈലബിൾ ആയിരിക്കണമെന്നാണ് പറയുന്നത്. മാനേജ്മെന്റ് തീരുമാനിക്കുന്നതിനനുസരിച്ച് ഇടയ്ക്ക് 4 മണിക്കൂർ വിശ്രമം കൊടുക്കാം. ആ സമയം ജോലി ചെയ്യേണ്ട, വിശ്രമമാണ് നൽകുന്നത്; ഉറങ്ങണമെങ്കിൽ ഉറങ്ങുകയും ചെയ്യാം. ഇപ്രകാരം വിശ്രമം ചെയ്യുന്ന സമയത്തിനായി ഓവർടൈം കാശ് വാങ്ങുന്നതാണ് ഇവിടത്തെ പ്രശ്നം. അത് അവസാനിപ്പിക്കാതെ എങ്ങനെയാണ് നന്നാകുന്നത്? ജോലി ചെയ്യുന്ന സമയത്തിനാണ് ശമ്പളം നൽകുന്നത്. 8 മണിക്കൂർ ജോലി ചെയ്താൽ മതി; പക്ഷെ 8 മണിക്കൂറിൽ കൂടുതൽ സ്പ്രെഡ്-ഓവർ ഡ്യൂട്ടിയിൽ ജോലിയില്ല എന്ന

യാഥാർത്ഥ്യമാണ് അങ്ങ് മനസ്സിലാക്കേണ്ടത്. പ്രസ്തുത യാഥാർത്ഥ്യം ഉൾക്കൊണ്ടതിനുശേഷമാണ് കരാർ ഒപ്പുവച്ചിട്ടുള്ളത്. ഇപ്പോൾ എന്തിനാണ് മാറ്റിപ്പറയുന്നത്; ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ വേണ്ടിയാണോ നിങ്ങൾ ഒപ്പുവച്ചത്; ജനങ്ങളേയും തൊഴിലാളികളേയും പറ്റിക്കാൻ വേണ്ടിയായിരുന്നോ അത്? പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ പറയുന്നത്, " ...As multiple duties on the same day are contrary to The Motor Transport Workers Act and flouts the law, it leads to high bus-staff ratios and extra expenses towards allowances; and is a major cause for higher road accidents. the current practices concerning the duty pattern must be challenged. This will require an immediate end to the illegal duty patterns that have evolved over the years. Once this is changed, every worker will be required to present himself for 8 hours of steering duty as provided in the Motor Transport Workers' Act" എന്നാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും ഞാനും ഇതുസംബന്ധിച്ച് ചർച്ചചെയ്തപ്പോഴുണ്ടായ തർക്കവിഷയങ്ങളെത്തുടർന്ന് സർക്കാർ നിയമവകുപ്പ് സെക്രട്ടറിയിൽനിന്ന് നിയമോപദേശം തേടിയപ്പോൾ മറുപടി ലഭിച്ചത്, "While stretching the 'hours of work' with aid of the provisions under 16(1) of the Act, the period provided under section 13 can be extended to 12 hours with the inclusion of interval for rest" എന്നാണ്. 8 മണിക്കൂർ സ്റ്റിയറിംഗ് ഡ്യൂട്ടി നിശ്ചയിച്ചിട്ടുണ്ടെങ്കിലും അതിൽ 7 മണിക്കൂർ സ്റ്റിയറിംഗ് പിടിച്ചാൽ മതി. അരമണിക്കൂർ വിശ്രമവും ഒപ്പിട്ടതിനുശേഷം 15 മിനിട്ടും റാക്ക് കൊടുക്കുന്നതിന് 15 മിനിട്ടും എന്നിവയൊഴികെ 7 മണിക്കൂർ മാത്രമാണ് സ്റ്റിയറിംഗ് ഡ്യൂട്ടി. വിശ്രമം കൊടുക്കുന്ന ബാക്കി നാല് മണിക്കൂറിന് ഡബിൾ വേതനം കൊടുത്തുകൊണ്ട് ഈ സ്ഥാപനത്തെ നശിപ്പിക്കാനുള്ള നീക്കം അവസാനിപ്പിക്കണ്ടേ; അല്ലാതെ എങ്ങനെയാണിത് നന്നാകുന്നത്? അങ്ങ് സ്റ്റാഫ് - റേഷ്യോ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. സ്വകാര്യ ബസ്സുകളിലും കെ.എസ്.ആർ.ടി.സി.-യിലും എത്ര ജീവനക്കാരാണുള്ളത്? അതുകൊണ്ട് പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ട്രേഡ് യൂണിയൻ നേതാക്കൾ 13-01-2022-ൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിൽ പറയുന്ന 'ദി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്റ്റ്' നടപ്പിലാക്കാൻ തങ്ങൾ ബാദ്ധ്യസ്ഥരാണെന്നുപറഞ്ഞുകൊണ്ട് ഒപ്പുവച്ച കരാർ അംഗീകരിക്കാനും നടപ്പിലാക്കാനും തയ്യാറാകണം. അതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് നടപ്പിലാക്കിയാൽ ഓടാതെ കിടക്കുന്ന ബസ്സുകൾ ഓടിത്തുടങ്ങുമെന്നു മാത്രമല്ല, സർവ്വീസുകൾ വർദ്ധിപ്പിക്കുകയും എല്ലാ മാസവും അഞ്ചാം തീയതിക്കുള്ളിൽ ശമ്പളം കൊടുക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രിയെക്കുറിച്ച് സമുന്നതനായ സി.ഐ.ടി.യു. നേതാവും പരിണിതപ്രജ്ഞനായ രാഷ്ട്രീയ നേതാവുമായ ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞതൊന്നും ഞങ്ങൾ പറയില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. വിൻസെന്റിനോട് നിങ്ങളും കരാർ ഒപ്പുവച്ചില്ലേയെന്നാണ് ചോദിക്കുന്നത്. ഐ.എൻ.ടി.യു.സി. യൂണിയൻ മാത്രമാണോ കരാറിൽ ഒപ്പുവച്ചത്? സി.ഐ.ടി. യൂണിയനുൾപ്പെടെയുള്ള നേതാക്കൾ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ശ്രീ. ആനത്തലവട്ടം ആനന്ദൻ പാർട്ടി അറിയാതെയാണോ ശ്രീ. എം. വിൻസെന്റ് ഇവിടെപ്പറഞ്ഞതിനേക്കാൾ രൂക്ഷമായ ഭാഷയിൽ ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി നടത്തുന്ന കാര്യങ്ങളെക്കുറിച്ച് പ്രതികരിച്ചത്. അങ്ങ് അസ്വസ്ഥനാകാൻവേണ്ടി ആ ഭാഷയൊന്നും ശ്രീ. എം. വിൻസെന്റ് ഉപയോഗിച്ചില്ലല്ലോ; ഇതിന്റെ outcome എന്താണ്? കേരളത്തിലെ സാധാരണക്കാർ ആശ്രയിക്കുന്ന ഏറ്റവും വലിയ പൊതുഗതാഗത സംവിധാനമാണ് കെ.എസ്.ആർ.ടി.സി. കഴിഞ്ഞ ദിവസം എന്നെ കാണാനായി ഒരു സ്ത്രീ വന്നിരുന്നു. എറണാകുളം നഗരത്തിൽ മൂന്നുമണിക്കൂർ വീതം രണ്ട് ഫ്ലാറ്റിൽ വീട്ടുജോലിക്ക് പോകുന്ന അവർക്ക് കൂലിയായി 200 രൂപവച്ച് 400 രൂപയാണ് ലഭിക്കുന്നത്. മൂന്ന് പെൺകുട്ടികൾ അടങ്ങുന്നതാണ് അവരുടെ കുടുംബം. എന്റെയടുത്ത് വന്ന് അവരുടെ റൂട്ടിലേയ്ക്ക് ബസ്സില്ലാത്തതിനെക്കുറിച്ച് പറഞ്ഞ് കരയുകയാണ് ചെയ്തത്. അവർക്ക് ലഭിക്കുന്ന 400 രൂപയിൽ അങ്ങോട്ടുമിങ്ങോട്ടും 150 രൂപവച്ച് ഓട്ടോറിക്ഷയ്ക്ക് നൽകി ബാക്കിയുള്ള 100 രൂപയും കയ്യിൽവച്ചുകൊണ്ടാണ് കരയുന്നത്. ഈ തുകവച്ച് എങ്ങനെയാണ് അവർ ജീവിക്കുന്നത്? വീട്ടുജോലിക്ക് പോകുന്നവർ, കൂലിപ്പണിക്കാർ ഇങ്ങനെയുള്ള കേരളത്തിലെ സാധാരണക്കാർ കെ.എസ്.ആർ.ടി.സി. ബസിനെ ആശ്രയിച്ച് കഴിയുന്നവരാണ്. ദേശസാൽകൃത റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തിയാൽ കെ.എസ്.ആർ.ടി.സി. ഉടനെ അപ്പലേറ്റ് ട്രൈബ്യൂണലിൽ പരാതികൊടുക്കുകയും തുടർന്ന് ആ ബസ്സിന് ടി റൂട്ടിൽ സർവ്വീസ് നടത്തുന്നത് നിഷേധിക്കപ്പെടുകയും ചെയ്യും. ഇപ്പോഴുള്ള സ്ഥിതിയെന്താണ്? 12500 പ്രൈവറ്റ് ബസുകളുണ്ടായിരുന്ന കേരളത്തിൽ ഏഴായിരം പ്രൈവറ്റ് ബസുകൾ മാത്രമെ സർവ്വീസ് നടത്തുന്നുള്ളൂ. 44 ശതമാനം പ്രൈവറ്റ് ബസുകൾ കേരളത്തിൽ ഇപ്പോൾ സർവ്വീസ് നടത്തുന്നില്ലെന്ന് അങ്ങ് തന്നെ നിയമസഭയിൽ നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രൈവറ്റ് ബസുകളും ട്രാൻസ്പോർട്ട് ബസുകളും ഓടുന്നില്ലെന്ന് പറഞ്ഞാൽ അതിന്റെയർത്ഥം, സാധാരണക്കാരന്റെ പൊതുഗതാഗത സംവിധാനം നിങ്ങൾ ഇത്രയും തകർത്ത് തരിപ്പണമാക്കിയെന്നാണ്. ജനങ്ങൾ എങ്ങനെ

യാത്രചെയ്യും? ഒരു ടൂ വീലർപോലുമില്ലാത്ത സാധാരണക്കാരായ ആളുകളുടെ കാര്യമാണ് ഞാൻ പറയുന്നത്. പൊതുഗതാഗത സംവിധാനത്തെ ആശ്രയിച്ച് കഴിയുന്ന പാവപ്പെട്ടവർക്ക് എത്ര നിരുത്തരവാദപരമായും നിസ്സംഗതയോടും കൂടിയാണ് അങ്ങ് ഉത്തരം കൊടുത്തത്. ഗവൺമെന്റ് എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. ഇവിടെ ജീവനക്കാരുടെ ശമ്പളം മാത്രമല്ല പ്രശ്നം. ജീവനക്കാരുടെ ശമ്പളപ്രശ്നം വലിയ വിഷയംതന്നെയാണ്. 'Onam is at our door, but the employees of KSRTC still find no ray of hope, for not merely festival bonuses and other perquisites, but even for their salaries for the last two months' എന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്. ഒരു സ്ഥാപനത്തിലെ ജീവനക്കാരുടെ സ്ഥിതിയാണിത്. ദീർഘദൂര സർവ്വീസുകളും ലാഭമുണ്ടായിരുന്ന സർവ്വീസുകളും മുഴുവൻ സ്വിഫ്റ്റ് കമ്പനിയിലേയ്ക്ക് മാറ്റിയപ്പോൾ നിലവിലുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം അഞ്ചിരട്ടിയായി വർദ്ധിച്ചു. കെ.എസ്.ആർ.ടി.സി.-ക്ക് ലഭിച്ചുകൊണ്ടിരുന്ന ലാഭംകൂടി നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണുണ്ടായത്. തൽഫലമായി കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത് നഷ്ടത്തിലുമായി. അതല്ലേ പ്രശ്നം? എന്നിട്ട് അങ്ങ് സ്വിഫ്റ്റ് കമ്പനിയെയും ഷിഫ്റ്റ് സമ്പ്രദായത്തെയുംകുറിച്ചാണ് പറയുന്നത്. സ്വിഫ്റ്റ് കമ്പനിയിൽ കരാർ തൊഴിലാളികൾ മാത്രമാണുള്ളത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെയിരിപ്പുണ്ട്. കേരളത്തിൽ ധാരാളം പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലോടുന്നുണ്ടല്ലോ? ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രിയുടെ ഈ നയവുമായി വ്യവസായ വകുപ്പുമന്ത്രി മുന്നോട്ടുപോയാൽ നാളെ നഷ്ടത്തിലോടുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും സ്ഥിരം തൊഴിലാളികളെ മുഴുവൻ പിരിച്ചുവിട്ടശേഷം അവിടെ കരാർ തൊഴിലാളികളെ നിയമിക്കുമോ? അങ്ങനെ ചെയ്താൽ നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം ലാഭത്തിലാക്കാൻ സാധിക്കുമോ? ഇത് ആരുടെ നയമാണ്? ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യ ഭരിച്ച കാലഘട്ടങ്ങളിലെല്ലാം പാർലമെന്റിൽ പാസ്സാക്കിയ നിയമങ്ങൾ തൊഴിലാളികൾക്ക് വേണ്ടിയുള്ളതായിരുന്നു. ജവഹർലാൽ നെഹ്റുവിന്റെ ഭരണകാലം മുതൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് ഉൾപ്പെടെയുള്ളവ തൊഴിലാളികൾക്കു വേണ്ടിയുള്ള നിയമങ്ങളായിരുന്നു. ഇപ്പോൾ പാർലമെന്റിൽ ലേബർ കോഡ് കൊണ്ടുവന്നിട്ടുള്ളത് ആർക്കുവേണ്ടിയാണ്? അത് ഇന്ത്യയിലെ കോർപ്പറേറ്റുകൾക്ക് വേണ്ടിയാണ്. ആ ലേബർ കോഡിലാണ് 12 മണിക്കൂർ ഡ്യൂട്ടിയെക്കുറിച്ച് പറയുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം കൊടുക്കുന്ന ഒരു ഗവൺമെന്റ് പറയുന്നത് തൊഴിലാളികൾ 12 മണിക്കൂർ ജോലി ചെയ്യണമെന്നും സ്റ്റിയറിംഗിൽ പിടിച്ചിരിക്കുന്ന സമയം എട്ട് മണിക്കൂർതന്നെ വേണമെന്നുമാണ്. ബഹുമാന്യരായ വ്യവസായ വകുപ്പുമന്ത്രിക്കും തൊഴിൽ വകുപ്പുമന്ത്രിക്കും അതിനോട് യോജിപ്പുണ്ടോ? അങ്ങനെയെങ്കിൽ പാവപ്പെട്ട കർഷകത്തൊഴിലാളികളോട് നാളെ നിങ്ങൾ പറയും, 'എട്ട് മണിക്കൂർ നിങ്ങൾ ജോലി ചെയ്യുമ്പോൾ 8 മണിക്കൂർ

തുമ്പയിൽ പിടിക്കണ'മെന്ന്. സാധാരണ തുമ്പകൊണ്ട് ജോലിചെയ്യുന്ന കർഷക ത്തൊഴിലാളികൾ തുമ്പയിൽനിന്ന് മാറ്റി കൈ തിരുമാറുണ്ട്. അങ്ങനെ കൈ തിരുമ്മുന്ന സമയം നിങ്ങൾ ജോലിചെയ്യുന്നില്ലെന്ന് പറഞ്ഞ് മാറ്റിവയ്ക്കുമോ; അല്ലെങ്കിൽ കെട്ടിട നിർമ്മാണത്തിലേർപ്പെടുന്നവർ കൊലശ്ശേരി മാറ്റിവച്ച് വിശ്രമിക്കുകയോ നടുനിവർത്തുകയോ ചെയ്താൽ നിങ്ങൾ ആ സമയം ജോലി ചെയ്യുന്നതായി കണക്കാക്കില്ലേ? എപ്പോഴും കൊലശ്ശേരി കയ്യിൽപിടിച്ചിരിക്കുന്ന സമയം മാത്രമാണോ നിങ്ങൾ കണക്കാക്കുന്നത്? ഇത് എവിടത്തെ നിയമമാണ്; ആരാണ് ഇതെല്ലാം കൊണ്ടുവന്നത്? ദി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961-ലെ സെക്ഷൻ 13-ൽ പറയുന്നത്, 'Hours of work for adult motor transport workers :- No adult motor transport worker shall be required or allowed to work for more than eight hours in any day and forty-eight hours in any week:' എന്നാണ്. ഈ തൊഴിലാളികൾക്ക് വെളുപ്പിന് ആറ് മണിക്ക് ജോലിക്ക് കയറണം. ട്രാൻസ്പോർട്ട് സ്റ്റേഷന്റെ സമീപത്തല്ലാതെ താമസിക്കുന്നവർ വെളുപ്പിന് നാല് മണിക്ക് എഴുന്നേറ്റ് വരണം. അക്കാര്യങ്ങൾ നിങ്ങളൊന്ന് സങ്കൽപ്പിച്ച് നോക്കൂ. നാല് മണിക്ക് വീട്ടിൽനിന്നിറങ്ങി ആറ് മണിക്ക് ജോലിക്ക് ഹാജരായി വൈകുന്നേരം ആറ് മണി വരെ ജോലി ചെയ്ത് തിരികെ രണ്ട് മണിക്കൂർ യാത്രചെയ്ത് വീട്ടിലെത്തുന്നവർ അടുത്ത ദിവസം രാവിലെ വീണ്ടും ഇതുപോലെ പന്ത്രണ്ട് മണിക്കൂർ ജോലി ചെയ്യുകയാണ്. രണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടികളോടും ചോദിക്കാനുള്ളത്, ഇപ്രകാരം ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യത്തെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ; എങ്കിൽ കെ.എസ്.ആർ.ടി.സി.-യിൽ നടപ്പാക്കാൻ പോകുന്ന പന്ത്രണ്ട് മണിക്കൂർ ജോലി ചെയ്യണമെന്ന വ്യവസ്ഥ കേരളത്തിലാകമാനം നിങ്ങളുടെ നയമായിരിക്കുമോ; ഇതാണോ ഇടതുപക്ഷ ഗവൺമെന്റ്? ഇതിനെയാണ് ഞങ്ങൾ പറഞ്ഞത്, ഇത് തീവ്ര വലതുപക്ഷ വ്യതിയാനമാണെന്ന്. അതുകൊണ്ടാണ് സി.ഐ.ടി.യു.-വിന്റെ പരിണിത പ്രജ്ഞനായ, ഞങ്ങളെല്ലാവരും ആദരിക്കുന്ന നേതാവ് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉൾപ്പെടെയുള്ളവർ ഇതിനെ ശക്തമായി വിമർശിച്ചത്. എന്നിട്ടിപ്പോൾ പന്ത്രണ്ട് മണിക്കൂർ ജോലി ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ സി.ഐ.ടി.യു. നേതാക്കൾ ഉൾപ്പെടെയുള്ളവർ കയ്യടിക്കുന്നത് കണ്ടപ്പോൾ വളരെ രസകരമായി തോന്നി.

ശ്രീ. പി. നന്ദകുമാർ: സർ, എം.ടി.ഡബ്ല്യൂ. ആക്ട് പ്രകാരം ഐ.എൻ.ടി.യു.സി. നേതാക്കളും ഞങ്ങളടക്കമുള്ളവരും സംയുക്തമായി ഒപ്പുവച്ച നിരവധി കരാറുകൾ കേരളത്തിലുണ്ട്. ആ എം.ടി.ഡബ്ല്യൂ. ആക്ട് നടപ്പാക്കണോ, വേണ്ടയോ എന്നത് സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, എം.ടി.ഡബ്ല്യൂ. ആക്ടിന്റെ സെക്ഷൻ 13 ഞാൻ ക്വാട്ട് ചെയ്തല്ലോ. എം.ടി.ഡബ്ല്യൂ. ആക്ടിൽ എന്താണ് പരാമർശിക്കുന്നതെന്നും എന്താണ് ഉദ്ദേശിക്കുന്നതെന്നും എനിക്കറിയാം. അതിന്റെ സെക്ഷൻ 13 ക്വാട്ട്

ചെയ്തുകൊണ്ടാണ് ഞാൻ സംസാരിച്ചത്, അല്ലാതെ അത് എന്റെ മാത്രം അഭിപ്രായമല്ല. ബഹുമാനപ്പെട്ട മന്ത്രി സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി യു.ഡി.എഫ്. സർക്കാരിനോട് താല്പര്യമുള്ളയാളാണ്. അദ്ദേഹം എപ്പോഴും യു.ഡി.എഫ്. സർക്കാരിനെ അഭിനന്ദിക്കും. കഴിഞ്ഞ തവണ ഈ വിഷയം സംബന്ധിച്ച് സഭയിൽ കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന് അവതരണാനുമതി നൽകിയപ്പോൾ അദ്ദേഹം പറഞ്ഞത്, യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ആയിരത്തി ചില്വാനം കോടി രൂപ മാത്രമാണ് കൊടുത്തതെന്നും ഇപ്പോൾ അയ്യായിരം കോടി രൂപയോളം കൊടുത്തുവെന്നും ഇപ്രകാരം മൂവായിരത്തിയഞ്ഞൂറ് കോടി രൂപ അധികം കൊടുത്തുവെന്നുമാണ്. ഏത് കാലഘട്ടത്തിലായിരുന്നു ഇത്രയും തുക കൊടുത്തത് എന്നുള്ള ഏറ്റവും രസകരമായ കാര്യം ശ്രീ. എം. വിൻസെന്റ് ചോദിച്ചിരുന്നു. അന്ന് ആയിരംകോടി രൂപ കൊടുത്താൽ മതിയായിരുന്നു; കാരണം അത്രയും നല്ലരീതിയിൽ കെ.എസ്.ആർ.ടി.സി. പ്രവർത്തിച്ചിരുന്നതുകൊണ്ട് സർക്കാരിന്റെ സഹായം വളരെ കുറച്ചുമാത്രം മതിയായിരുന്നു. അന്ന് അയ്യായിരത്തി ഇരുന്നൂറ് ബസുകൾ പതിനേഴ് ലക്ഷം കി.മീറ്റർ ഓടുകയും അയ്യായിരത്തി ഇരുന്നൂറ് ഷെഡ്യൂളുകളും നാല്പത്തിയാറായിരം തൊഴിലാളികളുമുണ്ടായിരുന്നു. ഇപ്പോൾ തൊഴിലാളികളുടെ എണ്ണം ഇരുപത്താറായിരവും ബസ്സുകൾ പത്ത് ലക്ഷം കി.മീറ്റർ മാത്രം സഞ്ചരിക്കുകയും മൂവായിരത്തി നാന്നൂറ് ഷെഡ്യൂളുകളായി ചുരുങ്ങുകയും ചെയ്യുന്ന അവസ്ഥയിലെത്തിയിരിക്കുന്നു. അപ്പോഴും ഇത്രയും കാശ് നൽകണമെന്ന് പറയുകയാണെങ്കിൽ അത്ര മോശമായിട്ടാണ് നിങ്ങളുടെ ഭരണകാലത്ത് കെ.എസ്.ആർ.ടി.സി. ഓടുന്നതെന്ന് സ്വയം സമർത്ഥിക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇത്രയും തൊഴിലാളികളും സർവ്വീസുകളും ബസ്സുകളും ഷെഡ്യൂളുകളുമുണ്ടായിട്ടും സർക്കാർ ആയിരം കോടി രൂപ മാത്രം കൊടുത്താൽ മതിയായിരുന്നു. ഞങ്ങളുടെ ഭരണകാലത്ത് ഇതെല്ലാം നേർ പകുതിയായിരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ അന്ത്യമണി മുഴങ്ങിക്കൊണ്ടിരിക്കുന്ന ഈ സമയത്ത് ഞങ്ങൾ ഇത്രയും സഹായം നൽകിയെന്ന് പറഞ്ഞാൽ നിങ്ങളുടെ ഭരണകാലത്ത് കെ.എസ്.ആർ.ടി.സി.-യുടെ അവസ്ഥ അത്രയും മോശമായി എന്നാണ് മനസ്സിലാക്കുന്നത്. ദയവായി ഇക്കാര്യങ്ങളെല്ലാം പറയാതിരിക്കു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്. ഡീസലിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഞങ്ങൾക്കും കേന്ദ്രഗവൺമെന്റിനെതിരായ നിലപാടാണുള്ളത്. ഡീസലിന്റെ വില വർദ്ധിപ്പിച്ചതിന് ഞങ്ങളും സമരം ചെയ്തില്ലേ? കേന്ദ്ര ഗവൺമെന്റ് ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധിപ്പിക്കുമ്പോൾ അതിനാനുപാതികമായ വരുമാന വർദ്ധനവ് സംസ്ഥാന സർക്കാരിനും ലഭിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് വില വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം കഴിഞ്ഞ ആറ് വർഷമായി സംസ്ഥാനത്തിന് ലഭിച്ച

അധിക നികുതി വരുമാന വർദ്ധനവ് ഏകദേശം 7000 കോടി രൂപയാണ്. ഫ്യൂവൽ സബ്സിഡി വേണമെന്ന് ബഹുമാന്യരായ മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും ഗതാഗത വകുപ്പുമന്ത്രി പറയാത്തതെന്താണ്? സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനമെടുക്കാതെയും വർദ്ധിപ്പിച്ച തുക ഈടാക്കാതെയും എത്രയോ കുറഞ്ഞ നിരക്കിൽ ഡീസൽ ലഭിക്കുമായിരുന്നു. സംസ്ഥാന ഗവൺമെന്റ് ഫ്യൂവൽ സബ്സിഡി കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കണം. ഏതായാലും കേന്ദ്ര ഗവൺമെന്റ് അത് നൽകില്ല. ഇത് പാവപ്പെട്ടവർ യാത്ര ചെയ്യുന്ന വാഹനമാണ്, അത് തടസ്സമില്ലാതെ സർവ്വീസ് നടത്തുന്നതിനുള്ള സാഹചര്യമൊരുക്കണം. നിങ്ങളെ സഹായിക്കാൻ വേണ്ടിയാണ് ഞാൻ ഈ കാര്യങ്ങൾ പറയുന്നത്. കേന്ദ്രഗവൺമെന്റ് വില വർദ്ധിപ്പിച്ചതുകൊണ്ട് ആനുപാതികമായി സംസ്ഥാന ഗവൺമെന്റിന് ലഭിച്ച നികുതി വർദ്ധനവ് കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിലെങ്കിലും ഉപേക്ഷിക്കാൻ സർക്കാർ തയ്യാറായോ? കെ.എസ്.ആർ.ടി.സി.-ക്കും മത്സ്യബന്ധന ബോട്ടുകൾക്കും വള്ളങ്ങൾക്കും ഫ്യൂവൽ സബ്സിഡി കൊടുക്കണമെന്ന് പ്രതിപക്ഷം സഭയിൽ ആവശ്യപ്പെട്ടിരുന്നതാണ്. പ്രതിസന്ധിയുണ്ടാകുമ്പോൾ പിടിച്ചുനിൽക്കാൻ വേണ്ടിയാണ് ഫ്യൂവൽ സബ്സിഡി കൊടുക്കണമെന്ന് പറഞ്ഞത്. ഞാൻ നിങ്ങളുടെ മാനിഫെസ്റ്റോയൊന്നും വായിക്കുന്നില്ല; ശ്രീ. എം. വിൻസെന്റ് അത് വായിച്ചല്ലോ. ശരിക്കുംപറഞ്ഞാൽ അതിൽ നിങ്ങൾ എഴുതിവച്ചിരിക്കുന്നത് വായിച്ചാൽ ഞെട്ടും. മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ള 600 കാര്യങ്ങളിൽ 570 കാര്യങ്ങളും നടപ്പാക്കിയതിൽ ഫ്യൂവൽ സബ്സിഡി ഉൾപ്പെടുമോ? എന്തെല്ലാം കാര്യങ്ങളാണ് കഴിഞ്ഞ കുറെനാളുകളായി പറഞ്ഞുകൊണ്ടിരിക്കുന്നത്. 2020-21-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 3000 ഡീസൽ ബസുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുമെന്നുപറഞ്ഞ് വലിയ പ്രഖ്യാപനം നടത്തി. എല്ലാ ബസുകളും ഇലക്ട്രിക് ബസുകളാക്കി മാറ്റാൻ പോകുകയാണ്. അങ്ങനെ വരുമ്പോൾ ഡീസലിന്റെ ആവശ്യമുണ്ടാകില്ല; 25 കോടി രൂപയുടെ ഇന്ധന ചെലവ് ലാഭിക്കും, കെ.എസ്.ആർ.ടി.സി. ലാഭത്തിലേയ്ക്കു പോകുമെന്നൊക്കെയാണ് പറഞ്ഞത്. ഇപ്പോൾ സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നുണ്ടോ? നിങ്ങളുടെ മാനിഫെസ്റ്റോയിൽ പാവപ്പെട്ടവന്റെ പൊതുഗതാഗത സംവിധാനത്തെ സഹായിക്കാൻ കഴിയുന്ന ഏതെങ്കിലുമൊരുകാര്യം സംസ്ഥാനത്ത് ചെയ്തിട്ടുണ്ടോ? പൊതുഗതാഗത സംവിധാനം വളരെ സങ്കടകരവും പരിതാപകരവുമായ അവസ്ഥയിലേയ്ക്ക് പോകുകയാണ്. 2000-3000 കോടി രൂപയുടെ സഞ്ചിത നഷ്ടമല്ലേ ഉണ്ടായിരിക്കുകയുള്ളൂ. പൊതുഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി നിങ്ങൾ രണ്ട് ലക്ഷം കോടി രൂപയ്ക്ക് കെ-റെയിൽ പദ്ധതി കൊണ്ടുവരാൻ തീരുമാനിച്ചവരല്ലേ? 1000 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് കൊടുത്താൽ അവരുടെ എല്ലാ പ്രശ്നങ്ങളും ഒരുപരിധിവരെ തീർത്തുകൊണ്ട് ബാക്കി കാര്യങ്ങളുംകൂടി

കൈകാര്യം ചെയ്യാമല്ലോ? രണ്ട് ലക്ഷം കോടി രൂപയുടെ കെ-റെയിൽ പദ്ധതി കൊണ്ടുവരാൻ പോകുന്നത് ആർക്കുവേണ്ടിയാണ്;അതിനുവേണ്ടിയാണോ കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്നത്? ഹൈവേയുടെ വീതി വർദ്ധിപ്പിക്കരുതെന്നും അങ്ങനെ വീതി വർദ്ധിപ്പിച്ചാൽ കെ-റെയിലിലെ യാത്രക്കാരുടെ എണ്ണം കുറയുമെന്നാണ് പറയുന്നത്. അഥവാ ഹൈവേയുടെ വീതി വർദ്ധിപ്പിച്ചാലും റോഡിലൂടെ യാത്രചെയ്യുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകില്ലേ? അങ്ങനെവരുമ്പോൾ ട്രെയിനിലെ യാത്രക്കാർ കുറയും. ഹൈവേയുടെ വീതി വർദ്ധിപ്പിച്ചാലും ടോൾ ചാർജ്ജ് ഇരട്ടിയാക്കേണ്ടിവരും;ടോൾ ചാർജ്ജ് ഇരട്ടിയാകുമ്പോൾ ആളുകൾ കെ-റെയിലിൽ യാത്രചെയ്യും എന്നൊക്കെയാണ് കെ-റെയിൽ പദ്ധതിയുടെ ഡി.പി.ആർ.-ൽ നിങ്ങൾ എഴുതിവച്ചിരിക്കുന്നത്. അതിന്റെ ഭാഗമായാണോ ഇപ്രകാരം കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്നത്? കേരളത്തിലെ ആരോഗ്യം-വിദ്യാഭ്യാസ മേഖലകളെപ്പോലെ കെ.എസ്.ആർ.ടി.സി.-യും വളരെ പ്രധാനപ്പെട്ട മേഖലയാണ്. ഇതിന്റെ പ്രൊവൈഡർ സംസ്ഥാന സർക്കാരായതുകൊണ്ട് ഇതിൽ ലാഭമല്ല പരിഗണിക്കേണ്ടത്; മറിച്ച് ഇതൊരു സേവനമായി കണക്കാക്കണം. ലാഭമുണ്ടാക്കാൻ വേണ്ടിയാണോ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്? നിലവിൽ ഇതിന്റെ സർവ്വീസ് പ്രൊവൈഡറായ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. കേരളത്തിലെ സാധാരണക്കാരന്റെ പൊതുഗതാഗത സംവിധാനത്തെ മുഴുവൻ തകർക്കുകയും പാവപ്പെട്ടവർ എങ്ങനെയെങ്കിലും യാത്ര ചെയ്യട്ടെയെന്ന് കരുതുകയും അവൻ നടന്നുപോകട്ടെയെന്ന് തീരുമാനിക്കുകയും ചെയ്യുന്ന ഈ സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ്: സർ, കേരളത്തിലെ പൊതുഗതാഗത സംവിധാനം തകർന്ന അപകടകരമായ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട മെമ്പർ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ഒരു പൊതുമേഖല സ്ഥാപനം വളരെ നല്ലരീതിയിൽ മുന്നോട്ടുപോകണമെങ്കിൽ അവിടത്തെ ജീവനക്കാരെ വിശ്വാസത്തിലെടുക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽപ്പോലും ജീവനക്കാരെയും യൂണിയനെയും വെല്ലുവിളിച്ച് മുന്നോട്ടുപോകാനാണ് തീരുമാനിക്കുന്നത്. ഇനി കുറച്ചുദിവസങ്ങൾക്കുള്ളിൽ ഓണാഘോഷം വരികയാണ്. എന്നിട്ടുപോലും കുടിശ്ശികയായ ശമ്പളം ഓണത്തിന് കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നില്ല. വളരെ ചെറിയ ലാഭമേയുള്ളൂ എന്നുമാത്രം പറയുകയും അതിനെ ലഘൂകരിച്ച് കാണിക്കുകയുമല്ലാതെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുമെന്ന ഉറപ്പുപോലും നൽകാതിരുന്ന നിരുത്തരവാദപരമായ മറുപടിയാണ്

നൽകിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്താൻ ഫ്യൂവൽ സബ്സിഡിയുൾപ്പെടെ കൊടുത്തുകൊണ്ട് മുന്നോട്ടുപോകണമെന്ന നിർദ്ദേശം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുന്നോട്ടുവയ്ക്കുകയുണ്ടായി. ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിന് ഫസ്റ്റ് പ്രയോറിറ്റി നൽകണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽനിന്ന് പുറത്തുപോയി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. അനൂപ് ജേക്കബ്: സർ, കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകൾ വെട്ടിക്കുറച്ചതുകാരണം യാത്രാക്ലേശം വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. നഗര-ഗ്രാമ പ്രദേശമെന്ന വ്യത്യാസമില്ലാത്ത നിലയിലാണ് കെ.എസ്.ആർ.ടി.സി.-യുടെ ഷെഡ്യൂളുകളിലെ കുറവ് ബാധിച്ചിരിക്കുന്നത്. അതുസംബന്ധിച്ച് ധാരാളം പരാതികളും ഉടലെടുത്തിരിക്കുകയാണ്. പ്രത്യേകിച്ച്, കോവിഡിന്റെ ഭാഗമായി നിർത്തലാക്കിയ നിരവധി സർവ്വീസുകൾ പുനരാരംഭിച്ചിട്ടില്ലെന്നു മാത്രമല്ല, അവ പുനരാരംഭിക്കാൻ സാധിക്കാത്ത അവസ്ഥയിലുമാണുള്ളത്. നാളിതുവരെ നാമമാത്രമായ സർവ്വീസുകൾ മാത്രമാണ് പുനരാരംഭിച്ചത്. അതിരൂക്ഷമായ യാത്രാക്ലേശം ഇന്ന് കേരളത്തിൽ അനുഭവപ്പെടുന്നുണ്ട്. ഇതിനൊടൊപ്പം കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാനുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. നിർത്തിവച്ചിരിക്കുന്ന ആശ്രിത നിയമനങ്ങളുടെ കാര്യത്തിൽ മാനുഷിക പരിഗണന കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. കെ.എസ്.ആർ.ടി.സി. എന്ന പൊതുഗതാഗത സംവിധാനത്തെ ശാക്തീകരിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി. സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

10.57 AM]

## IV. ശ്രദ്ധ ക്ഷണിക്കൽ

### (1) നാളികേര വിലത്തകർച്ച

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, വിലത്തകർച്ചമൂലം ഗുരുതര പ്രതിസന്ധിയിലായ കേരകർഷകരെ രക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. കേരളത്തിലെ നാളികേര കർഷകർ ഗുരുതര പ്രതിസന്ധി നേരിടുകയാണ്. നാളികേരത്തിന്റെയും കൊപ്രയുടെയും വിലത്തകർച്ചമൂലം 42 ലക്ഷത്തിലേറെയുള്ള കേരകർഷകർ, കർഷകത്തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ, കൊപ്ര കച്ചവടക്കാർ എന്നിവർ തീരാദുരിതത്തിലായിരിക്കുകയാണ്. ഈ അടുത്തകാലത്ത് ഇന്ത്യ ഒപ്പുവച്ച ഇൻഡോ-പസഫിക് കരാറിന്റെയും മറ്റ് അന്താരാഷ്ട്ര കരാറുകളുടെയും ഫലമായി നാളികേരവും നാളികേര ഉല്പന്നങ്ങളും അനിയന്ത്രിതമായി ഇറക്കുമതി ചെയ്യുന്നതുകൊണ്ടാണ് നാളികേരത്തിന്റെ വിലത്തകർച്ചയുണ്ടായത്. ഇത് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഗുരുതരമായി ബാധിച്ചുവെന്നു മാത്രമല്ല, ഗ്രാമീണ ജനങ്ങളുടെ നിത്യജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുകയുമാണ്. കൊപ്ര സംഭരിക്കാനുള്ള കേന്ദ്ര ഏജൻസിയായ National Agricultural Co-operative Marketing Federation of India Ltd. (NAFED)-ന്റെ നിഷേധാത്മകമായ കർഷകവിരുദ്ധ നിലപാടിന്റെ ഫലമായി സംഭരണം അട്ടിമറിക്കപ്പെട്ടു. എണ്ണ ഉൽപ്പാദക സംഘങ്ങളോ കമ്പനികളോ നാളികേരം സംഭരിക്കാൻ പാടില്ലെന്ന നിബന്ധന നാഫെഡ് കൊണ്ടുവന്നതിന്റെ ഫലമായി കേരഫെഡിനും മികച്ച നിലയിൽ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്ന നിരവധി സഹകരണ സംഘങ്ങൾക്കും സംഭരിക്കാനുള്ള അനുവാദം ഇല്ലാതെയായി. ഈ നിലപാടിലൂടെയാണ് നാഫെഡ് കൊപ്ര സംഭരണത്തെ അട്ടിമറിച്ചത്. പൊതുമാർക്കറ്റിൽ 28 രൂപ വിലയുണ്ടായിരുന്ന നാളികേരത്തിന് സംസ്ഥാന സർക്കാർ 32 രൂപ വില നിശ്ചയിച്ച് സംഭരിക്കാൻ തീരുമാനിച്ചെങ്കിലും അഞ്ച് സംഘങ്ങൾ മാത്രമാണ് സംഭരണം ഏറ്റെടുത്തത്. സംസ്ഥാനത്തുനിന്നും ഒരു വർഷത്തിൽ ഒരു തെങ്ങിൽനിന്ന് 50 നാളികേരം മാത്രമെ സംഭരിക്കുകയുള്ളൂവെന്ന് നിഷ്കർഷിച്ചു കൊണ്ട് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധന ഒഴിവാക്കണമെന്നും ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നാളികേരവും സംഭരിക്കാനുള്ള നിലപാടെടുക്കണമെന്നുമാണ് ആവശ്യപ്പെടുന്നത്. പൊതുമാർക്കറ്റിൽ 28 രൂപയുണ്ടായിരുന്ന നാളികേരത്തിന് 32 രൂപയായി വില വർദ്ധിപ്പിച്ച സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുകയാണ്. ക്വിന്റലിന് 9200 രൂപ വിലയുണ്ടായിരുന്ന മിൽ കൊപ്രയ്ക്ക് 8700 രൂപയും ഉണ്ട കൊപ്രയ്ക്ക് 16200 രൂപയിൽനിന്ന് 14100 രൂപയായും കൊട്ടത്തേങ്ങയ്ക്ക് 9750 രൂപയിൽനിന്ന് 9000 രൂപയായും വില കുറഞ്ഞിരിക്കുകയാണ്. ഇപ്രകാരം എല്ലാ രംഗത്തും വില കുറഞ്ഞുവരികയാണ് ചെയ്യുന്നത്.

11. 00 A.M]

ഉദാരവൽക്കരണത്തിന്റെ ഫലമായി കാർഷിക സമ്പദ്വ്യവസ്ഥ തകരുകയും നാട്ടിലെ കർഷകരുടെ എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുകയുമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വൻതോതിൽ മൂലധനനിക്ഷേപം നടത്തിയാൽമാത്രമെ കേരകർഷകരെ രക്ഷിക്കാൻ കഴിയുകയുള്ളൂ. നാളികേരത്തിന്റെ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനായി നാളികേര വികസന ബോർഡിന്റെ സഹായത്തോടെ എണ്ണായിരത്തോളം സൊസൈറ്റികളും അമ്പതിലേറെ ഫെഡറേഷനുകളും 29 കമ്പനികളും രൂപീകരിക്കുകയുണ്ടായി. എന്നാൽ നാളികേര വികസന ബോർഡിന്റെ സാമ്പത്തിക-സാങ്കേതിക സഹായം ലഭിക്കാതെ ഈ സംവിധാനം താറുമാറായി. കേരളത്തിന്റെ ഉല്പന്നമായ നാളികേരത്തെ ആശ്രയിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് കർഷകരെ വിലത്തകർച്ച സൃഷ്ടിച്ച പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടുത്തണം. സർക്കാർ നിശ്ചയിച്ച 32 രൂപയ്ക്ക് കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന മുഴുവൻ നാളികേരവും സംഭരിക്കാൻ എല്ലാ പഞ്ചായത്തുകളിലും സഹകരണ സംഘങ്ങളെ ചുമതലപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കണമെന്നും ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ഈ പ്രമേയത്തിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്ന വിഷയം വളരെ ഗൗരവമർഹിക്കുന്നതാണ്. അദ്ദേഹം പറഞ്ഞ വിഷയങ്ങൾ തന്നെയാണ് കേരളത്തിലെ നാളികേര സംഭരണത്തിന് ഏറെ തടസ്സമുണ്ടാക്കുന്ന അവസ്ഥയുണ്ടാക്കിയത്. ആഗോള-വാണിജ്യ കരാറുകളുടെ ചരിത്രം പരിശോധിച്ചാൽ അവയിൽ പലതും രാജ്യത്തിന്റെ താല്പര്യം പൂർണ്ണമായും സംരക്ഷിക്കപ്പെടുന്നവയല്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. 2022 മേയ് മാസത്തിൽ ജപ്പാനിൽ അമേരിക്കയുടെ നേതൃത്വത്തിൽ ഇൻഡ്യ, ഇൻഡോനേഷ്യ, മലേഷ്യ, വിയറ്റ്നാം എന്നിങ്ങനെ 13 രാജ്യങ്ങളുമായുണ്ടാക്കിയ 'ഇൻഡോ-പസഫിക് ഇക്കണോമിക് ഫ്രെയിംവർക്ക് ഉടമ്പടിയിൽ കൃഷി ഒരു പ്രധാന ഘടകമായിരുന്നു. നാളികേരമുൾപ്പെടെയുള്ള പല പ്രധാന വിളകളും വലിയരീതിയിൽ ഉല്പാദിപ്പിക്കുന്ന മറ്റ് രാജ്യങ്ങളും ഈ ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഉടമ്പടിപ്രകാരമുള്ള വിളകളുടെ ഇറക്കുമതി വരുംവർഷങ്ങളിൽ ഇൻഡ്യയിൽ വ്യാപകമാകാൻ സാധ്യതയുണ്ട്. പ്രത്യേകിച്ച് വലിയതോതിൽ നാളികേരം ഉല്പാദിപ്പിക്കുന്ന രാജ്യങ്ങളായ ഇൻഡോനേഷ്യ, മലേഷ്യ എന്നിവിടങ്ങളിൽനിന്നും കുറഞ്ഞവിലയ്ക്ക് കൊപ്ര ഇറക്കുമതി ചെയ്യേണ്ടതായിവരും. കേരളത്തിലെ കൊപ്രയുടെ വിലയിടിവിന് ഇതൊരു കാരണമായി മാറാൻ സാധ്യതയുണ്ട്. കൂടാതെ, പാമോയിലിന്റെ ഇറക്കുമതി തീരുവ കുറച്ചത്

വെളിച്ചെണ്ണയുടെ ഉപയോഗത്തിൽ കുറവുവരികയും തൽഫലമായി നാളികേരത്തിന്റെയും കൊപ്രയുടെയും വിലയിടിവിന് കാരണമാകുകയും ചെയ്തു. വർഷങ്ങൾക്കുശേഷം, കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ കേന്ദ്ര ഏജൻസിയായ നാഫെഡ് കൊപ്ര സംഭരണത്തിന് തയ്യാറാകുകയും 9-2-2022-ലെ സർക്കാർ ഉത്തരവ് 08/2022/അഗ്രി. പ്രകാരം മാർക്കറ്റ് ഫെഡ്, കേര ഫെഡ് എന്നിവയെ കൊപ്ര സംഭരണത്തിനുള്ള സ്റ്റേറ്റ് ലെവൽ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്യുകയുണ്ടായി. പ്രസ്തുത ഉത്തരവുപ്രകാരം കേന്ദ്രസർക്കാർ നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കേരഫെഡും മാർക്കറ്റ് ഫെഡും കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ മുഖേന കിലോയ്ക്ക് 105.90 രൂപ നിരക്കിൽ കേരളത്തിൽ നാളികേര കർഷകരിൽനിന്നും കൊപ്ര സംഭരണം ആരംഭിച്ചിരുന്നു. എന്നാൽ കർഷകരിൽനിന്നും കൊപ്ര, പച്ചത്തേങ്ങ എന്നിവ നേരിട്ട് സംഭരിക്കുന്ന കേരഫെഡ്, മാർക്കറ്റ് ഫെഡ് എന്നിവ ഉൾപ്പെടെയുള്ള സഹകരണ സ്ഥാപനങ്ങൾ സംഭരണ കാലയളവിൽ മറ്റൊരുതരത്തിൽ കൊപ്രയോ പച്ചത്തേങ്ങയോ സ്വന്തം ആവശ്യത്തിന് സംഭരിക്കാൻ പാടുള്ളതല്ലെന്ന വ്യവസ്ഥ നാഫെഡ് നിഷ്കർഷിക്കുകയുണ്ടായി. ഇത് കേരഫെഡ് ഉൾപ്പെടെയുള്ള ചില സഹകരണ സ്ഥാപനങ്ങൾക്ക് കൊപ്ര സംഭരിക്കാൻ തടസ്സം സൃഷ്ടിച്ചു. നാഫെഡിന്റെ പ്രസ്തുത വ്യവസ്ഥയിൽ കേരളത്തിന് ഇളവ് അനുവദിക്കണമെന്ന് സംസ്ഥാന സർക്കാർ നിരവധിതവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടെങ്കിലും അവരത് അംഗീകരിക്കാത്ത സാഹചര്യത്തിലാണ് കേരഫെഡ് സ്റ്റേറ്റ് ലെവൽ ഏജൻസിയായി നിശ്ചയിക്കപ്പെട്ട സംഘങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് പുനർരജിസ്ട്രേഷൻ നടത്തി മാർക്കറ്റ് ഫെഡിന്റെ നേതൃത്വത്തിൽ കൊപ്രസംഭരണം നടത്തിയത് . എന്നാൽ നടപടിക്രമങ്ങളിലെ സ്വാഭാവികമായ കാലതാമസംമൂലം കേന്ദ്രസർക്കാർ നിശ്ചയിച്ച കാലയളവിനുള്ളിൽ കാര്യമായ കൊപ്രസംഭരണം നടത്താൻ സാധിച്ചില്ല. കാലാവസ്ഥാ വ്യതിയാനം, ഉയർന്ന ഉല്പാദനച്ചെലവ് എന്നിവകാരണം കൊപ്ര ഉല്പാദനം കുറഞ്ഞതും സംഭരണത്തിനെ ദോഷകരമായി ബാധിച്ചു. കേന്ദ്രസർക്കാരിന്റെ ഈ നിലപാട് കേരകർഷകരെ സാരമായി ബാധിക്കുമെന്നതിനാൽ സംസ്ഥാനസർക്കാർ പച്ചത്തേങ്ങ സംഭരണം വിപുലമാക്കാൻ തീരുമാനിക്കുകയും അതിലേയ്ക്കായി കേരഫെഡ്, വി.എഫ്.പി.സി.കെ., പ്രാഥമിക സഹകരണ സംഘങ്ങൾ, കർഷക ഉല്പാദക സംഘങ്ങൾ, കാർഷിക കർമ്മസേന എന്നിവരുടെ നേതൃത്വത്തിൽ 57 സംഭരണ കേന്ദ്രങ്ങൾവഴി വിപുലമായി പച്ചത്തേങ്ങ സംഭരണം ആരംഭിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരിന്റെ പച്ചത്തേങ്ങ സംഭരണത്തിൽ കർഷകന് കിലോയ്ക്ക് 32 രൂപ ലഭിക്കുമ്പോൾ കേന്ദ്രസർക്കാരിന്റെ കൊപ്ര സംഭരണത്തിൽ കർഷകന് ആനുപാതികമായി ലഭിക്കുന്ന പച്ചത്തേങ്ങയുടെ വില കിലോയ്ക്ക് 28.60 രൂപ മാത്രമാണ്. നിലവിൽ 5384 കർഷകരിൽനിന്നും 1988

മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും 5,78,18,513 രൂപ നാളികേരത്തിന്റെ വിലയായി കർഷകർക്ക് അക്കൗണ്ടിൽ നൽകുകയുമുണ്ടായി. കേന്ദ്രസർക്കാരിന്റെ കൊപ്ര സംഭരണത്തിൽ 50,000 മെട്രിക് ടൺ കൊപ്ര സംഭരിക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും 116.4 മെട്രിക് ടൺ കൊപ്ര മാത്രമെ സംഭരിക്കാൻ കഴിഞ്ഞുള്ളൂ. കൊപ്ര സംഭരണം ആഗസ്റ്റ് 1-ന് അവസാനിച്ച സാഹചര്യത്തിൽ സംഭരണ കാലാവധി മൂന്നുമാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം നാളിതുവരെ കേന്ദ്ര സർക്കാർ പരിഗണിച്ചില്ല. പച്ചത്തേങ്ങയുടെ വില കുറവായി വരുന്ന സാഹചര്യത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ച് പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമാക്കുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സർക്കാർ നിശ്ചയിച്ച 32 രൂപയ്ക്ക് പച്ചത്തേങ്ങ സംഭരിക്കുന്നതിലേയ്ക്കായി കേരളത്തിലെ എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെയും സേവനം ലഭ്യമാക്കുന്നതിന് സഹകരണ വകുപ്പും കൃഷിവകുപ്പും കൂടിയാലോചിച്ച് ഒരു പഞ്ചായത്തിൽ ഒരു കേന്ദ്രം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സഹകരണ സംഘങ്ങളുമായും സഹകരണ വകുപ്പുമായും ഈ വിഷയത്തെക്കുറിച്ച് ചർച്ച നടത്തുകയും പരമാവധി സഹകരണ സംഘങ്ങൾ ഇതിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കൊപ്ര സംഭരണം അവസാനിച്ച സാഹചര്യത്തിൽ കേരളത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് മൂന്നുമാസത്തേയ്ക്കുകൂടി സംഭരണം നീട്ടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കേന്ദ്രസർക്കാർ അംഗീകരിച്ച് നൽകുന്നമുറയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അടിസ്ഥാനസൗകര്യമുള്ള സഹകരണ സ്ഥാപനങ്ങളെ സംഭരണത്തിനുവേണ്ടി മുന്നോട്ടുകൊണ്ടുവരുന്നതാണ്.

(2) ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ

ശ്രീ. രമേശ് ചെന്നിത്തല: സർ, ആലപ്പുഴ ജില്ലക്കാർ ആശ്രയിക്കുന്ന ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സ്ഥിതി അതീവ ഗുരുതരാവസ്ഥയിലേയ്ക്ക് മാറിയിരിക്കുകയാണ്. ഈ മെഡിക്കൽ കോളേജിൽ ഒരു സൂപ്രണ്ട് ഇല്ലാതായിട്ട് എത്രയോ കാലമായി. നിലവിലുള്ള താൽക്കാലിക സൂപ്രണ്ടിന് ഈ പദവി വേണ്ടെന്ന് എഴുതിക്കൊടുത്തിരിക്കുകയാണ്. അവിടെ ആരും സൂപ്രണ്ടായി സേവനമനുഷ്ഠിക്കാൻ തയ്യാറാകുന്നില്ല. സാധാരണക്കാർ ആശ്രയിക്കുന്ന ജില്ലയിലെ ഏക മെഡിക്കൽ കോളേജിൽ പതിനായിരക്കണക്കിന് രോഗികളാണ് ഓരോദിവസവും വന്നുപോകുന്നത്. മറ്റ് ജില്ലകളിൽ രണ്ടുംമൂന്നും മെഡിക്കൽ

കോളേജുകളും സ്വകാര്യ മെഡിക്കൽ കോളേജുകളുമുള്ളപ്പോൾ ആലപ്പുഴ ജില്ലയിൽ ഈ മെഡിക്കൽ കോളേജ് മാത്രമാണുള്ളത്. രൂക്ഷമായ മരുന്നുക്ഷാമം, കാരുണ്യ ഫാർമസിയിൽപ്പോലും മരുന്ന് ലഭിക്കാത്ത അവസ്ഥ, ഹൃദയ-വൃക്ക-ശ്വാസകോശ രോഗികൾ തുടർച്ചയായി കഴിക്കുന്ന മരുന്നുകൾ ഡോക്ടർമാർ ആശുപത്രിയുടെ പുറത്തുള്ള കടകളിൽനിന്നും വാങ്ങാൻ എഴുതിക്കൊടുക്കുന്നു, RSBY (Rashtriya Swasthya Bima Yojana) പദ്ധതിപ്രകാരം ഡിസ്ചാർജ് ചെയ്യുന്ന രോഗികൾക്ക് മരുന്നോ മറ്റ് സഹായങ്ങളോ ലഭിക്കുന്നില്ല എന്നിങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ നിർദ്ധന രോഗികളെ പ്രതിസന്ധിയിലാക്കുകയാണ്. വിദഗ്ദ്ധ ചികിത്സയ്ക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും ഗുരുതരമായ പ്രശ്നംതന്നെയാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്ന നടപടികൾ പകുതിവഴിയിലായിരിക്കുന്നു. ആശുപത്രിയിലെ ഒബ്സർവേഷൻ വിഭാഗത്തിൽ ആവശ്യത്തിന് കിടക്കകളില്ലാത്തതിന്റെ ഫലമായി ഒരു കിടക്കയിൽ ഒന്നിലധികം രോഗികളെ ഒരുമിച്ച് കിടത്തേണ്ട സാഹചര്യമാണുള്ളത്. 14, 15, 16 എന്നീ നമ്പർ വാർഡുകളിലെ രോഗികൾ തറയിലാണ് കിടക്കുന്നത്. മോർച്ചറിയിൽ സോളാർ സംവിധാനം നിലച്ചിട്ട് രണ്ടുവർഷമായെങ്കിലും അറ്റകുറ്റപ്പണി നടത്താൻപോലും ആളില്ലാത്ത അവസ്ഥയാണ്. സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും മെഡിക്കൽ-പാരാമെഡിക്കൽ സ്റ്റാഫുകളുടെയും അഭാവം ആശുപത്രിയുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിച്ചിരിക്കുന്നു. കാർഡിയോളജി-ഫോറൻസിക് മെഡിസിൻ വിഭാഗങ്ങളിൽ പ്രൊഫസർമാരില്ല; ഗ്യാസ്ട്രോഎൻറോളജി വിഭാഗത്തിലും ഡോക്ടർമാരുടെ ക്ഷാമം രൂക്ഷമാണ്. നിലവിലുള്ള ഡോക്ടർ ഹെൽത്ത് സർവ്വീസസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് പ്രവർത്തിക്കുന്നത്. ഇവിടത്തേയ്ക്ക് കൂടുതൽ തസ്തികകളും ജീവനക്കാരെയും അനുവദിക്കാനുള്ള നിവേദനങ്ങൾ നൽകി എല്ലാവരും മടുത്തിരിക്കുകയാണ്. കൂടാതെ, സ്കാനിംഗും റേഡിയോളജി വിഭാഗവും പേരിനുമാത്രമാണ് പ്രവർത്തിക്കുന്നത്. ആശുപത്രിയിൽ സ്കാനിംഗ് സൗകര്യമില്ലാത്തതുകൊണ്ട് എല്ലാ സ്കാനിംഗും പുറത്തുള്ള സ്ഥാപനങ്ങളിൽനിന്നാണ് നടത്തിക്കൊണ്ടിരിക്കുന്നത്; അതുകൊണ്ടുതന്നെ സ്വകാര്യ സ്കാനിംഗ് സ്ഥാപനങ്ങൾക്ക് ചാകരയാണ്. മിക്ക പരിശോധനകളും RSBY പദ്ധതി ചൂഷണം ചെയ്തുകൊണ്ട് സി.പി.ഐ.(എം) നിയന്ത്രണത്തിലുള്ള സ്വകാര്യ ലാബുകളിലാണ് നടത്തുന്നത്. ഈ ആശുപത്രിയിലെ മെഷീനുകൾ കേടാകുന്നത് അവർക്ക് സന്തോഷമാണ്. ട്രോമാ കെയർ വിഭാഗത്തിലെ അവസ്ഥയും മോശമായതുകൊണ്ട് അപകടങ്ങളിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയ്ക്കെത്തുന്നവരെ ആലപ്പുഴ മെഡിക്കൽ കോളേജിൽനിന്ന് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയാണ്. എന്റെ മണ്ഡലത്തിലുള്ളവരോട് ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജിൽ പോകാനാണ് ഞാൻ

പറയുന്നത്, ആലപ്പുഴ മെഡിക്കൽ കോളേജിൽ പോകാൻ പറയാറില്ല; കാരണം ആരെയെങ്കിലും ഇവിടേയ്ക്ക് അയച്ചാൽ അയാൾ തിരിച്ചുവരുന്നത് ആംബുലൻസിൽ ശവമടക്കിനുള്ള അവസ്ഥയിലായിരിക്കും. ജില്ലയിലെ വളരെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ എന്നിവർക്ക് വൻതുക മുടക്കി സ്വകാര്യ ആശുപത്രികളിൽ ചികിത്സിക്കാനുള്ള ജീവിതസാഹചര്യമില്ല. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ഗതികേട് മറ്റൊരു ആശുപത്രിയിലും കാണാൻ സാധിക്കില്ല; കാരണം അവിടെ അത്രയും വൃത്തിഹീനമായ അന്തരീക്ഷമാണുള്ളത്. ആവശ്യത്തിന് സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അവിടെ പോയി പരിശോധിച്ചാൽ സത്യാവസ്ഥ മനസ്സിലാകും. ആലപ്പുഴ ജില്ലയിലെ ഒൻപത് എം.എൽ.എ.-മാരെയും വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശനം നടത്തണം. ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. സജി ചെറിയാൻ ഇവിടെയുണ്ടല്ലോ; അങ്ങ് ആശുപത്രിയുടെ സ്ഥിതിഗതികൾ പരിശോധിക്കണം. ഇത്തരത്തിൽ വൃത്തിഹീനമായ മെഡിക്കൽ കോളേജ് സംസ്ഥാനത്തുണ്ടോയെന്ന് നമ്മൾ ആലോചിക്കണം. ഈ ആശുപത്രിയിലെത്തുന്ന രോഗികൾ മറ്റ് രോഗങ്ങളുമായി തിരിച്ചുപോകുന്ന അവസ്ഥയാണുള്ളത്. ഉപയോഗശൂന്യമായ മെഡിക്കൽ വേസ്റ്റുകൾ നീക്കം ചെയ്യാതെ കെട്ടിക്കിടക്കുകയാണ്; അതിൽനിന്നും ആളുകൾക്ക് രോഗമുണ്ടാകുന്നുവെന്നും ആർ.എസ്.ബി.വൈ. കൗണ്ടറുകൾ രോഗീസൗഹൃദമല്ലെന്നും പരാതികൾ നിലനിൽക്കുകയാണ്. രാവിലെ 10.00 മണിക്ക് ഡിസ്ചാർജ് ചെയ്യുന്നവർക്കുപോലും ഇൻഷ്വറൻസ് കാർഡ് പതിപ്പിക്കാൻ വൈകുന്നേരംവരെ കാത്തിരിക്കേണ്ട അവസ്ഥയാണുള്ളത്. അവിടെ ചാർജ്ജെടുത്ത ആശുപത്രി സൂപ്രണ്ട് രണ്ടുതവണ രാജിവയ്ക്കുകയുണ്ടായി; കാരണം അവിടെ ജോലി ചെയ്യാൻ ആരും തയ്യാറാകുന്നില്ല. പ്രസ്തുത മെഡിക്കൽ കോളേജിൽ രോഗികളെ ഒരുവിധത്തിലും ചികിത്സിക്കാൻ സാധിക്കാത്ത അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം, ഹരിപ്പാട് മേഖലകളിലുള്ളവർ കോട്ടയം മെഡിക്കൽ കോളേജിലാണ് ചികിത്സ തേടിപോകുന്നത്. ആരോഗ്യ മേഖലയിൽ ഒന്നാം സ്ഥാനത്താണെന്ന് നമ്മളെല്ലാവരും അഭിമാനിക്കുന്ന കേരളത്തിലെ ഒരു മെഡിക്കൽ കോളേജിന്റെ സ്ഥിതിയാണിത്. പൊതുജനങ്ങൾക്കിടയിൽ അതിശക്തമായ അഭിപ്രായ വ്യത്യാസം നിലനിൽക്കുകയും സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ ആശുപത്രി സന്ദർശിച്ച് അവിടത്തെ പ്രശ്നങ്ങളിൽ ഇടപെടണം. ഞാൻ ഹരിപ്പാട് മണ്ഡലത്തിൽ നാടിനുവേണ്ടി ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ ശ്രമം നടത്തിയതിന്റെ പേരിൽ എനിക്ക് വിജിലൻസ് കേസ് നേരിടേണ്ടി വന്നിട്ടുണ്ട്. എല്ലാ ജില്ലകളിലും രണ്ടുംമൂന്നും സ്വകാര്യ

മെഡിക്കൽ കോളേജുകളുള്ള സ്ഥാനത്ത് ആലപ്പുഴ ജില്ലയിൽ ആകെ ഒരു മെഡിക്കൽ കോളേജ് മാത്രമാണുള്ളത്. ഇവിടത്തെ രോഗികൾ എറണാകുളം മെഡിക്കൽ കോളേജിലേയ്ക്കോ സ്വകാര്യ ആശുപത്രിയിലേയ്ക്കോ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കോ പോകേണ്ടിവരികയാണ്. സാധാരണ തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും ഒരു സൗകര്യവും ലഭിക്കാത്ത ആലപ്പുഴ മെഡിക്കൽ കോളേജിന്റെ ശോച്യാവസ്ഥ മാറ്റിയെടുക്കാൻ അടിയന്തര ശ്രമമുണ്ടാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിൽ പ്രത്യേക ശ്രദ്ധ കൊടുത്തുകൊണ്ടും ഇടപെടൽ നടത്തിക്കൊണ്ടുമാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. ഈ പതിനഞ്ച് മാസക്കാലയളവിനിടയിൽ ഞാൻ മൂന്നുതവണ ആലപ്പുഴ മെഡിക്കൽ കോളേജ് സന്ദർശിക്കുകയും ശ്രീ. എച്ച്. സലാം, എം.എൽ.എ.-യും അഡീഷണൽ ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരുമായി അവലോകന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിനുമുമ്പും അതിനുശേഷവും ഓൺലൈൻ മുഖേന നിരവധി യോഗങ്ങൾ വിളിച്ചുചേർക്കുകയും പ്രവർത്തന പുരോഗതി ഉറപ്പാക്കുകയും ചെയ്തിരുന്നു. ഈ സന്ദർഭത്തിലാണ് ആലപ്പുഴ മെഡിക്കൽ കോളേജ് ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടത്. കോവിഡ് കാലത്ത് ഏറ്റവുമധികം സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം 2021-ൽ കേരളത്തിന് ലഭിച്ചപ്പോൾ ഏറ്റവുമധികം സൗജന്യ ചികിത്സ നൽകിയ മെഡിക്കൽ കോളേജ് എന്ന അംഗീകാരം ലഭിച്ചത് ആലപ്പുഴ മെഡിക്കൽ കോളേജിനായിരുന്നു. കഴിഞ്ഞ നാല് വർഷങ്ങൾക്കിടയിൽ 2022-ൽ ഏറ്റവുമധികം ഉയർന്ന രോഗീവർദ്ധനവുണ്ടായതിന്റെ ഫലമായി ഒ.പി.-യും ഐ.പി.-യും വലിയ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. സർജറികളുടെയും മറ്റു പ്രൊസീജ്യറുകളുടെയും കാര്യത്തിലും ഈ വർഷം വർദ്ധനവുണ്ടായിട്ടുണ്ട്.

ആശുപത്രിയിൽ രോഗീസൗഹൃദാന്തരീക്ഷം ഉറപ്പാക്കുന്നതിനായി അനുവദിച്ച പദ്ധതിയിലുൾപ്പെടുത്തി ഈ സർക്കാരിന്റെ ആദ്യവർഷം 50 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് 923 കിടക്കകൾ ഓക്സിജൻ കിടക്കകളാക്കി മാറ്റാൻ സാധിച്ചിട്ടുണ്ട്. നേരത്തെ 93 ഓക്സിജൻ കിടക്കകൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 923 എണ്ണമുണ്ട്. ഇതുകൂടാതെ രോഗീസൗഹൃദ പദ്ധതിയുടെ ഭാഗമായി 28 ലക്ഷം രൂപ ചെലവഴിച്ച് പേഷ്യന്റ് ഷിഫ്റ്റിംഗ് ട്രോളികളും ഇൻഫർമേഷൻ ഡിസ്പ്ലേ ബോർഡുകളും ടെലിവിഷനുകളും സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ യൂറോളജി വിഭാഗത്തിൽ 90 ലക്ഷം രൂപ വിലയുള്ള ലാപ്രോസ്കോപ്പിക് ക്യാമറയും

അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ആദ്യമായാണ് ഇത്തരത്തിലൊരു ഉപകരണം താക്കോൽ ദ്വാര ശസ്ത്രക്രിയയ്ക്കായി ലഭ്യമാക്കിയത്. കാർഡിയോ തൊറാസിക് വിഭാഗത്തിന് കൃത്യമായ രോഗനിർണ്ണയവും അതുവഴി മികച്ച ചികിത്സയും ലഭ്യമാക്കുന്നതിന് 72,38,000 രൂപ മുതൽമുടക്കി 3D, 4D എക്കോ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ വിദഗ്ദ്ധ ചികിത്സയ്ക്കായി 31.44 ലക്ഷം രൂപ മുതൽമുടക്കി video gastrostomy, colonoscope with video processor/light source-ഉം സ്ഥാപിച്ചിട്ടുണ്ട്. കോവിഡിന്റെ മൂന്ന് തരംഗത്തിനുശേഷമുള്ള കാലഘട്ടത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ വർദ്ധനവുണ്ടായതു കൊണ്ടാണ് രോഗികളുടെ എണ്ണത്തിലും ഒ.പി.-യിലും ഐ.പി.-യിലും വർദ്ധനവുണ്ടായത്. കോവിഡ് കാലത്ത് ആലപ്പുഴ ജില്ലയിലെ ഏക തീവ്ര പരിചരണ വിഭാഗമുള്ള ഈ കോവിഡ് ആശുപത്രിയിൽ ധാരാളം രോഗികൾ, പ്രത്യേകിച്ച് രണ്ടാം തരംഗത്തിലും മൂന്നാം തരംഗത്തിലും ഇവിടെ ചികിത്സ തേടിയിട്ടുണ്ട്. രോഗികളുടെ എണ്ണത്തിലെ വർദ്ധനവ് മരുന്നുകളുടെ വർദ്ധിച്ച ഉപഭോഗത്തിന് കാരണമായിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം മെഡിക്കൽ കോളേജിന്റെ ഇൻഡന്റ് പ്രകാരം നൽകേണ്ട മുഴുവൻ മരുന്നുകളും നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തേയ്ക്കുള്ള ഇൻഡെന്റിന്റെ 40 ശതമാനം ഇതിനോടകം വിതരണം ചെയ്തുവെന്നാണ് കെ.എം.എസ്.സി.എൽ. ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. മരുന്നിന്റെ കൂടുതൽ ഉപഭോഗംമൂലം ഉപഭോഗത്തിലുണ്ടായിട്ടുള്ള വ്യത്യാസവും മറ്റുകാര്യങ്ങളും കണക്കിലെടുത്ത് ഏപ്രിൽ-മേയ് മാസങ്ങളിൽ കെ.എം.എസ്.സി.എൽ.-ഉമായി യോഗങ്ങൾ വിളിച്ചുചേർക്കുകയും ചില മരുന്നുകൾക്കുണ്ടായേക്കാവുന്ന ലഭ്യതക്കുറവ് പരിഹരിക്കാൻ വാർറൂം അടിസ്ഥാനത്തിൽ പ്രവർത്തനം നടത്തണമെന്നുള്ള നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. രോഗികൾക്ക് ബുദ്ധിമുണ്ടാകാത്ത തരത്തിൽ മുൻപ് തുടർന്നുവന്ന വിധത്തിൽ വിവിധ സ്കീമുകളിൽപ്പെടുത്തി മരുന്ന് വിതരണം ചെയ്യാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ എം.ആർ.ഐ. സ്കാൻ, മാമോഗ്രാഫി, അൾട്രാ സൗണ്ട് സ്കാൻ, സി.ടി. സ്കാൻ, ഡിജിറ്റൽ മാമോഗ്രാഫി തുടങ്ങിയവ പ്രവർത്തിച്ചുവരുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഡി.എസ്.എ. മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ഇവിടെ എക്സ്റേ, സി.ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ, എമർജൻസി അൾട്രാ സൗണ്ട് സ്കാൻ എന്നിവ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. എക്സ്റേ വിഭാഗത്തിൽ ഒരു ദിവസം അഞ്ഞൂറ്റിപതിനഞ്ചോളം പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ദിവസേന തൊണ്ണൂറോളം സി.ടി. സ്കാനും നൂറോളം അൾട്രാ സൗണ്ട് സ്കാനും നടത്തുന്നതോടൊപ്പം എം.ആർ.ഐ. സ്കാൻ മുഖേന 20 മുതൽ 25 കേസുകളിൽ

രോഗനിർണ്ണയവും നടത്തിവരുന്നുണ്ട്. ഒരിക്കൽ ഞാൻ ആലപ്പുഴ മെഡിക്കൽ കോളേജ് സന്ദർശിച്ചപ്പോൾ സ്കാനിംഗിന് ഉയർന്ന നിരക്ക് കൊടുക്കേണ്ടി വരുന്നെന്ന പരാതി രോഗികളിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മറ്റ് മെഡിക്കൽ കോളേജുകളുമായി താരതമ്യം ചെയ്തുകൊണ്ട് സ്റ്റാൻഡേർഡൈസ് ചെയ്യാൻ നിർദ്ദേശം നൽകുകയും അതിന്റെ ഫലമായി ആലപ്പുഴ മെഡിക്കൽ കോളേജിലെ സ്കാനിംഗ് ഉൾപ്പെടെയുള്ളവയുടെ നിരക്കിൽ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ നിലവിലെ അനുവദനീയമായ അദ്ധ്യാപക തസ്തികയിലും അധികരിച്ച് മൂന്ന് സീനിയർ റെസിഡന്റുമാരെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു. ഈ ആശുപത്രിയിൽ സ്ഥിരം സൂപ്രണ്ടായി ഡോ. സജീവ് ജോർജ്ജ് സേവനമനുഷ്ഠിച്ചുവരുന്നു. ആലപ്പുഴ ജില്ലയിൽ കോവിഡ് രോഗ തീവ്ര ചികിത്സ നൽകുന്ന ഏക ആശുപത്രി എന്ന നിലയിലും രോഗികളുടെ ബാഹുല്യവും കണക്കിലെടുത്ത് നിലവിലെ അനുവദനീയമായ തസ്തികയ്ക്കുപുറമേ അധികമായി 120 സ്റ്റാഫ് നഴ്സുമാരെയും 214 പാരാ മെഡിക്കൽ ജീവനക്കാരെയും വിവിധ സ്കീമുകൾവഴി നിയമിച്ച് സേവനം നൽകിവരുന്നുണ്ട്. ദിവസേന മൂവായിരത്തിലധികം രോഗികളും അവരുടെ കൂട്ടിരിപ്പുകാരുമായി ഏകദേശം ആറായിരംപേർ വന്നുപോകുന്ന ആശുപത്രിയുടെ ശുചീകരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ ഫണ്ടുപയോഗിച്ച് അത്യാധുനിക ശുചീകരണ മെഷീനുകളായ ബാറ്ററി ഓപ്പറേറ്റഡ് ഫ്ലോർ സ്ക്രബർ ഡ്രയർ മെഷീനുകൾ, ബാറ്ററി ഓപ്പറേറ്റഡ് സ്വീപ്പിംഗ് മെഷീൻ, ജെറ്റ് പമ്പ്, വിവിധതരം വാക്വം ക്ലീനറുകൾ, മിനി ഫ്ലോർ ക്ലീനിംഗ് മെഷീനുകൾ, സാനിറ്ററി പാഡ് ഡിസ്പോസിംഗ് മെഷീനുകൾ തുടങ്ങി അൻപത് ലക്ഷത്തോളം വിലവരുന്ന ഉപകരണങ്ങൾ ഈ സർക്കാരിന്റെ ആദ്യവർഷംതന്നെ ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ആധുനിക ശുചീകരണ മെഷീനുകളുടെ സഹായത്തോടെ ഹൗസ് കീപ്പിംഗ് വിഭാഗം മെഡിക്കൽ കോളേജ് ആശുപത്രിയിലെ വാർഡുകൾ, വരാന്തകൾ, ഹാളുകൾ, വിവിധ ഓഫീസുകൾ എന്നിവ ശുചീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രദ്ധയിൽപ്പെടുത്തിയകാര്യം വിശദമായി പരിശോധിക്കുന്നതോടൊപ്പം ടി ആശുപത്രിയിൽ രോഗീസൗഹൃദവും ജന സൗഹൃദാന്തരീക്ഷവും ഉണ്ടാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതുമാണ്. ക്ലീനിംഗ് സപ്പോർട്ടിംഗ് സ്റ്റാഫായി കുടുംബശ്രീ മുഖേന 100 തൊഴിലാളികളെ പ്രത്യേക സേവനത്തിനായി നിയോഗിച്ചിട്ടുണ്ട്. പകർച്ചവ്യാധി തടയുന്നതിന്റെ ഭാഗമായി കൊതുകുനശീകരണവും കാര്യക്ഷമമായി നടക്കുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം പരിസരത്തെ കൊതുകുനശീകരണത്തിനായി ഫോഗിംഗും കൂത്താടി നശീകരണത്തിനായി ആഴ്ചയിൽ രണ്ടു ദിവസം Labside spray-യും വാർഡുകളിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഫ്യൂമിഗേഷനും നടത്തിവരുന്നുണ്ട്.

ആശുപത്രി മാലിന്യങ്ങളായ ബയോ മെഡിക്കൽ മാലിന്യങ്ങൾ ഉത്ഭവ കേന്ദ്രത്തിൽവച്ചുതന്നെ തരംതിരിച്ച് ബാഗുകളിൽ ടാഗ് ചെയ്തുവയ്ക്കുന്നു. ഇവ ഹൗസ് കീപ്പിംഗ് ജീവനക്കാർ ശേഖരിച്ച് അതത് ദിവസംതന്നെ താൽക്കാലിക സംഭരണ കേന്ദ്രത്തിലെത്തിക്കുകയും മേൽ സ്ഥലത്തുനിന്നും എല്ലാ ദിവസവും ഇതിന്റെ കരാർ ഏറ്റെടുത്തിരിക്കുന്ന 'കെൽ' എന്ന ഏജൻസി മുഖേന നിർമ്മാർജ്ജനം നടത്തിവരികയും ചെയ്യുന്നുണ്ട്. ഇവിടത്തെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് സ്ഥാപിക്കാനുള്ള ഭരണാനുമതി 2016 ജൂലൈ മാസത്തിലും ഒരു ട്രോമാകെയർ ബ്ലോക്കിനുള്ള ഭരണാനുമതി 2013-ലുമാണ് ലഭിച്ചത്. ട്രോമാകെയർ ബ്ലോക്കിന്റെ റിവൈസ്ഡ് റേറ്റ് 2015-ൽ സമർപ്പിച്ച് ഇത്രയും വർഷങ്ങളായിട്ടും നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ തുടർച്ചയായി പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്ത് നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള നടപടികൾ ഉറപ്പാക്കുന്നതാണ്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിക്കുകയും ഇവിടത്തേയ്ക്കാവശ്യമായ എക്യുപ്മെന്റ്സ് കെ.എം.എസ്.സി.എൽ. മുഖാന്തരം പ്രൊക്യുവർ ചെയ്യുന്നതുമാണ്. സെപ്റ്റംബർ മാസത്തോടെ എക്യുപ്മെന്റ്സ് സാധ്യമാക്കി ഹാൻഡ്ഓവർ ചെയ്യാമെന്നാണ് അറിയിച്ചിരിക്കുന്നത്; അങ്ങനെയെങ്കിൽ സെപ്റ്റംബർ മാസത്തോടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. അതോടൊപ്പം ട്രോമാകെയർ ബ്ലോക്ക്, കോംപ്രിഹെൻസീവ് സ്ട്രോക്ക് യൂണിറ്റ്, ഗൈനക്കോളജി ബ്ലോക്ക് എന്നിവയുടെ നിർമ്മാണവും ഉടൻ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, ഞങ്ങൾ ഇക്കാര്യം ചർച്ച ചെയ്യുകയും പി.ഡബ്ല്യൂ.ഡി. വർക്കുകളുടെ അവലോകനം നടത്തുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തീരദേശ മേഖലയിലെ ജനങ്ങൾ ആശ്രയിക്കുന്ന ഒരു മെഡിക്കൽ കോളേജായതു കൊണ്ടുതന്നെ തുടർന്നും വികസനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതാണ്. അനുദിനം അവിടത്തെ പ്രവൃത്തികൾ വിശകലനം ചെയ്ത് ഇടപെടലുകൾ നടത്തുന്നുണ്ട്. കൂടാതെ അവിടെയൊരു പ്ലാസ്റ്റിക് സർജറി വിഭാഗം ആരംഭിക്കുന്ന കാര്യം ആലോചനയിലാണ്. ഈ രീതിയിൽ അക്കാദമിക്കായും ചികിത്സാപരമായ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്തിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഈ മെഡിക്കൽ കോളേജിൽ അടിയന്തരമായി വേണ്ട കാർഡിയോളജി, മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗങ്ങളിലേയ്ക്കുള്ള സ്റ്റാഫുകളുടെ അഭാവം പരിഹരിക്കുന്നതിന് നടപടി

സ്വീകരിക്കുമോ? ഇവിടെയൊരു സൂപ്രണ്ട് ഉണ്ടെന്നാണ് അങ്ങ് പറഞ്ഞത്, എന്നാൽ അദ്ദേഹം അവിടെ ജോലി ചെയ്യാൻ തയ്യാറല്ലെന്നും രാജിക്കത്ത് നൽകിയിരിക്കുന്നുവെന്നുമാണ് അറിയാൻ കഴിഞ്ഞത്. അവിടെ കഴിഞ്ഞ ഒരുവർഷത്തിനിടയിൽ ചുമതലയേൽക്കുന്ന മൂന്നാമത്തെ സൂപ്രണ്ടാണ് ഇദ്ദേഹം. ആദ്യത്തെ സൂപ്രണ്ട് മാറിപ്പോയി, അതുകഴിഞ്ഞ് മറ്റൊരു സൂപ്രണ്ടിന് ചാർജ്ജ് കൊടുത്തപ്പോൾ അദ്ദേഹവും പറഞ്ഞത് അവിടെ ഡ്യൂട്ടി ചെയ്യാൻ താൽപ്പര്യമില്ലെന്നാണ്. പുതിയതായി ചുമതലയേറ്റ സൂപ്രണ്ടിനും അവിടെ ജോലി ചെയ്യാൻ താല്പര്യമില്ലെന്ന വാർത്ത ഇന്നലത്തെ പത്രങ്ങളിലുണ്ടായിരുന്നു. വളരെ കുത്തഴിഞ്ഞ നിലയിലാണ് അവിടെ കാര്യങ്ങൾ പോകുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നതല്ല, ഈ ആശുപത്രി നല്ല രീതിയിൽ പ്രവർത്തിക്കേണ്ടത് ആ നാട്ടിലെ ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യമാണ്. ചെങ്ങന്നൂരിൽ ഇപ്പോൾ വലിയൊരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്വകാര്യ മേഖലയിൽ തുടങ്ങിയിട്ടുള്ളതുകൊണ്ട് ശ്രീ. സജി ചെറിയാന് വലിയ പ്രശ്നമുണ്ടാകില്ല. ഞങ്ങളെപ്പോലുള്ളവരാണ് പ്രയാസം അനുഭവിക്കുന്നത്. നല്ലൊരു ശതമാനം രോഗികൾ ആ ആശുപത്രിയെ ആശ്രയിക്കുന്നുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പൊതുവെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം ഗണ്യമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിന്റെ കഴിഞ്ഞ നാലുവർഷത്തെ ചരിത്രത്തിനിടയിലെ ഏറ്റവും ഉയർന്ന ഒ.പി.-യും ഐ.പി.-യുമാണുള്ളത്. രോഗികളുടെ അഡ്മിഷൻ നടത്തേണ്ടിവരുമ്പോൾ, വാർഡുകളിലുള്ള ബെഡ് സ്ട്രെംഗ്തിനെക്കാളധികംപേർ അവിടെയെത്തുന്ന സാഹചര്യമാണുള്ളത്. ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങളിലും ചികിത്സയിലുള്ള മികവുംകൊണ്ടാണ് ആളുകൾ ഈ ആശുപത്രിയിലെത്തുന്നത്. എന്നാൽ രോഗികളുടെ എണ്ണംകൂടി കണക്കിലെടുത്ത് അധികമായി തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്ന് ആരോഗ്യവകുപ്പിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിലുൾപ്പെടെ അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇവിടത്തെ സൂപ്രണ്ട് തുടരാൻ കഴിയില്ലെന്ന് ഔദ്യോഗികമായി അറിയിച്ചിട്ടില്ല. അദ്ദേഹം യോഗങ്ങളിലുൾപ്പെടെ പങ്കെടുത്തുകൊണ്ട് ആശുപത്രിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിക്കാം.

11.23 AM]

## V. സബ്മിഷൻ

### (1) ഓൺലൈൻ വായ്പാ തട്ടിപ്പ്

ശ്രീ. വി. ജോയി: സർ, കഴിഞ്ഞ ദിവസം ഓൺലൈൻ റമ്മി ഗെയിമുമായി ബന്ധപ്പെട്ട സബ്മിഷനുള്ള മറുപടിയിൽ ഇതിനെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിരുന്നു. എന്നാൽ ഓൺലൈൻ വായ്പാ തട്ടിപ്പിന്റെ കാര്യത്തിൽ അതിനേക്കാൾ ഭയാനകമായ സ്ഥിതിയുണ്ടായിരിക്കുന്ന സാഹചര്യത്തിൽ അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ശാസ്ത്രസാങ്കേതികവിദ്യ അനുദിനം വളരുന്നതോടൊപ്പം അതുവഴിയുള്ള തട്ടിപ്പും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെല്ലാവർക്കും മൊബൈൽ ഫോണുള്ള സ്ഥിതിയാണുള്ളത്. ഒരുവീട്ടിൽത്തന്നെ അഞ്ചും ആറും ഏഴും മൊബൈൽ ഫോണുകളുണ്ട്. ഈ മൊബൈൽ ഫോണുകൾവഴി നടക്കുന്ന ഒരു പ്രധാന തട്ടിപ്പാണ് ഓൺലൈൻ വായ്പാ തട്ടിപ്പ്. മൊബൈൽ ഫോണുകളിൽ വരുന്ന ഒരു എസ്.എം.എസ്. ആണ് ഇതിനാധാരം. ആ എസ്.എം.എസ്.-ന്റെ മോഡൽ ഇപ്രകാരമാണ്. "Your Rs.60,000 cash loan has been approved; please withdraw cash within 24 hours". എന്നിട്ട് അതിനുതാഴെ ഒരു ലിങ്ക് നൽകുകയും അതിൽ ക്ലിക്ക് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്യും. ആ ലിങ്കിൽ ക്ലിക്ക് ചെയ്യുന്നതോടെ ഒരു 'ആപ്പ്' ഡൗൺലോഡാകും. ആ ആപ്പ് ഡൗൺലോഡായാൽ, നമ്മുടെ ഫോണിലുള്ള ഫോട്ടോകളും മറ്റ് പ്രധാനപ്പെട്ട വിവരങ്ങളുമെല്ലാം ഈ ആപ്പിലേയ്ക്ക് മാറുന്ന സംവിധാനമാണുള്ളത്. ഇവ ഈ ആപ്പിലേയ്ക്ക് മാറിയെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടാൽ bargaining ആരംഭിക്കുകയാണ്. അവർ ആദ്യം രണ്ടായിരം, മൂവായിരം രൂപയിൽ തുടങ്ങുന്ന ചെറിയ തുകയാണ് ആവശ്യപ്പെടുന്നത്. ഒരു വലിയ തുക ലഭിക്കുമെന്നുള്ളതുകൊണ്ട് ഉപഭോക്താക്കൾ ആദ്യമേ പണം കൊടുക്കുകയാണ്. പക്ഷെ, ഒരു പരിധികഴിയുമ്പോൾ പണം കൊടുത്തില്ലെങ്കിൽ അവർ ഉപഭോക്താക്കളെ ഭീഷണിപ്പെടുത്തുകയും സ്ത്രീകളാണെങ്കിൽ, അവരുടെ ഫോട്ടോയിലെ തല വെട്ടിമാറ്റി, നഗ്ന ചിത്രത്തിൽ ആ ഫോട്ടോ എഡിറ്റ് ചെയ്ത് ചേർക്കുകയും അവ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും അയച്ചുകൊടുക്കുകയുമാണ് ചെയ്യുന്നത്. പലരും ഈ കാര്യം പുറത്തുപറയാതെ വളരെ വേദനയോടെ സഹിച്ചുപോകുന്ന സാഹചര്യമാണുള്ളത്. ചിലർ ആത്മഹത്യ ചെയ്യുന്നതിനായി ഞരമ്പറുത്ത സംഭവങ്ങൾപോലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റൊന്ന്, കേരളത്തെ സംബന്ധിച്ച് സഹകരണ ബാങ്കുകളുടെ പേരിലും ഈ കെണിയൊരുക്കി വരികയാണ്. അയ്യായിരം രൂപ മുതൽ ഇരുപത്തിയെണ്ണായിരം രൂപവരെ ജാമ്യമില്ലാതെ ഞൊടിയിടയിൽ വായ്പ നൽകാമെന്ന് എസ്.എം.എസ്. സന്ദേശം അയച്ചുകൊണ്ട് നടത്തുന്നതാണ് ഇത്തരം തട്ടിപ്പുകൾ. ഇതിന്റെ ഭാഗമായി വയനാട്,

മാനന്തവാടി കാർഷിക സഹകരണ ബാങ്കിന്റെ പേരിലാണ് ഇതുമായി ബന്ധപ്പെട്ട അവസാന തട്ടിപ്പ് നടന്നിരിക്കുന്നത്. സൈബർ സെക്യൂരിറ്റി വിംഗിൽനിന്നും ലഭിച്ച വിവരമനുസരിച്ച്, പ്രതിദിനം ഇത്തരത്തിലുള്ള രണ്ടുലക്ഷം എസ്.എം.എസ്.-കളെങ്കിലും മൊബൈൽ ഫോണുകളിൽ ലഭിക്കുന്നുണ്ട്. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. ഇക്കാര്യത്തിൽ മാധ്യമങ്ങളുടെ സഹായത്തോടെ അറിയിപ്പ് നൽകാനുള്ള സംവിധാനത്തെക്കുറിച്ച് അന്വേഷിക്കുന്നതോടൊപ്പം ബോധവൽക്കരണത്തിന്റെ ഭാഗമായി പോലീസിൽനിന്നുള്ള വോയ്സ് മെസേജ് നൽകാൻ കഴിയുമോയെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നിയമനടപടി സ്വീകരിക്കാൻ കഴിയുമോയെന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാമൂഹികമായി വളരെ പ്രാധാന്യമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇന്നത്തെ സമൂഹത്തിൽ ഒഴിച്ചുകൂടാനാകാത്ത വസ്തുവായ മൊബൈൽ ഫോണുമായി ബന്ധപ്പെട്ട് വിവിധ രീതിയിലുള്ള ചതിക്കുഴികളാണുണ്ടായിക്കൊണ്ടിരിക്കുന്നത്. അവ പൂർണ്ണമായി മനസ്സിലാക്കത്തക്ക വിധത്തിൽ ബോധവൽക്കരണം അടിയന്തരമായി നടത്തേണ്ടതുണ്ടെന്നാണ് ഈ സംഭവങ്ങളെല്ലാം തെളിയിക്കുന്നത്. നിരവധി പേർ വലിയതോതിൽ തട്ടിപ്പിനിരയാകുന്നുണ്ട്. നമ്മുടെ സമൂഹത്തിന്റെ പ്രത്യേകതയെന്ന് പറയുന്നത്, വായ്പ ലഭിക്കാവുന്ന സ്രോതസ്സുകളിൽ നിന്നെല്ലാം പണം വാങ്ങുന്ന നിലപാടാണ് പലരും സ്വീകരിക്കുന്നത്. അത്തരം മാനസികാവസ്ഥയുള്ളവരെ എളുപ്പത്തിൽ വായ്പാ വാഗ്ദാനത്തിലൂടെ വഞ്ചിക്കാൻ സാധിക്കും. ഇത് എപ്രകാരമാണ് പ്രാവർത്തികമാക്കുന്നതെന്നാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഓൺലൈൻ ആപ്പുകൾവഴി വായ്പയെടുത്ത് ചതിക്കുഴിയിൽപ്പെടുന്ന സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്നുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാതെയും മണി ലെൻഡേഴ്സ് ആക്ടിന് വിരുദ്ധമായും മറ്റ് സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ഇതിനുപിന്നിൽ പ്രവർത്തിക്കുന്നതെന്ന സൂചനകളാണ് പോലീസിന് ലഭിച്ചിട്ടുള്ളത്. മണി ലെൻഡിംഗ് ആപ്പുകൾ ഡൗൺലോഡ് ചെയ്യുന്ന ഉപഭോക്താവിന്റെ വ്യക്തിപരമായ വിവരങ്ങൾ ശേഖരിക്കുന്നതിനായി അവ എപ്രകാരമാണ് ലഭ്യമാകുന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. 30 ശതമാനത്തോളം തുക പ്രോസസ്സിംഗ് ഫീസായി ഈടാക്കി, ഒരാഴ്ച കാലാവധിക്ക് ചെറിയ തുക വായ്പയായി നൽകും. തിരിച്ചടവിൽ വീഴ്ച വരുത്തുന്നവരെ നിരന്തരം ഭീഷണിപ്പെടുത്തുകയും അപകീർത്തികരമായ സന്ദേശങ്ങളയച്ച് മാനസിക സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്ന രീതിയാണ് വായ്പാകമ്പനികൾ അവലംബിച്ചു വരുന്നത്. ഇത്തരം തട്ടിപ്പുകേസ്സുകൾക്കെതിരെ പോലീസ് ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ കാര്യക്ഷമമായ അന്വേഷണവും നിയമനടപടികളും ഉറപ്പുവരുത്തുന്നതിനായി പത്തൊൻപത് സൈബർ പോലീസ്

സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ ഓൺലൈൻ വായ്പാ തട്ടിപ്പുകേസ്സുകളുടെ കുറ്റാന്വേഷണങ്ങളിൽ സഹായിക്കാൻ പ്രത്യേകം പരിശീലനം ലഭിച്ച പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഹൈടെക് എൻക്വയറി സെല്ലും പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഓൺലൈൻ വായ്പാ തട്ടിപ്പ് സംഘങ്ങളുടെ ചതിക്കുഴിയിൽപ്പെടാതിരിക്കാൻ സംസ്ഥാന പോലീസിന്റെ സോഷ്യൽ മീഡിയാ സെൽ, ജനമൈത്രി സുരക്ഷാ പദ്ധതി എന്നിവയിലൂടെ ആവശ്യമായ ബോധവൽക്കരണവും നടത്തിവരികയാണ്.

(2) പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ സബ്മിഷനുള്ള നോട്ടീസ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കാണ് നൽകിയിരുന്നത്. ഇന്നത്തെ സാഹചര്യത്തിൽ അദ്ദേഹത്തിന് സഭയിൽ വരാൻ സാധിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി സബ്മിഷന് മറുപടി നൽകുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ ഏറ്റവും വലിയ നീതിരഹിത നടപടി നടക്കുന്നതിനെക്കുറിച്ചാണ് സൂചിപ്പിക്കാനുള്ളത്. വിവിധ പ്രവൃത്തികൾക്കായി എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ച്, എല്ലാ ഫോർമാലിറ്റിയും പൂർത്തിയാക്കി അത് ജില്ലാ കളക്ടർക്ക് കൈമാറി, അവിടെനിന്നും എ.എസ്.-ഉം ടി.എസ്.-ഉം ലഭിച്ച് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കിയ എന്റെ നിയോജകമണ്ഡലത്തിലെ പന്ത്രണ്ട് പ്രവൃത്തികൾക്കുള്ള പണം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടില്ല. ഇതുകൂടാതെ വർക്ക് പൂർത്തിയാക്കി ബിൽ സബ്മിറ്റ് ചെയ്ത നാല് പ്രവൃത്തികൾക്കും പണം അനുവദിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതും എന്നാൽ തുക തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്പോസിറ്റ് ചെയ്തിട്ടില്ലാത്തതുമായ മൂന്ന് വർക്കുകളാണ് മറ്റൊരു ലിസ്റ്റിലുള്ളത്. ഒരു നിയോജകമണ്ഡലത്തിൽ ഒരു വർഷം കൊണ്ട് ചെയ്തുതീർക്കേണ്ട പത്തൊമ്പത് വർക്കുകൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് ഞാൻ ഇക്കാര്യത്തെക്കുറിച്ച് വ്യക്തിപരമായി സംസാരിച്ചപ്പോൾ അദ്ദേഹം വളരെ പോസിറ്റീവായ നിലപാടാണ് സ്വീകരിച്ചത്. എന്നിട്ടും ഇക്കാര്യത്തിൽ മാറ്റമുണ്ടാകാത്തതാണ് പ്രധാനപ്പെട്ട പ്രശ്നം. പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ. പക്ഷേ തുക ലഭിക്കാതെ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥന് എന്തുചെയ്യാൻ കഴിയും? തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആസ്തിയിൽ ഉൾപ്പെട്ട വർക്കുകളിൽ വകുപ്പിൽനിന്നും തുക ഡെപ്പോസിറ്റ് ചെയ്യാത്തതുകൊണ്ട് എല്ലാ പ്രവൃത്തികളും ഹോൾഡ് ചെയ്ത് പോകുകയാണ്.

ഇക്കാരണത്താൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാതെ ഏഴുകോടിയോളം രൂപയുടെ വർക്കുകൾ മുടങ്ങികിടക്കുകയാണ്. വിവിധ ഘട്ടങ്ങളിലായി പത്തൊമ്പത് പ്രവൃത്തികളാണ് പൂർത്തിയാക്കാത്ത നിലയിലുള്ളത്. ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുള്ള മെല്ലെപ്പോക്കിന്റെ ഭാഗമായി പലതവണ കത്ത് നൽകിയിട്ടും യാതൊരു പുരോഗതിയും ഇക്കാര്യത്തിലുണ്ടാകുന്നില്ല. ഭരണാനുമതി ലഭിച്ചതും എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും തുക ഡെപ്പോസിറ്റ് ചെയ്യാത്തതുമായ പ്രവൃത്തികൾ കഴിയുന്നത്രവേഗം പൂർത്തിയാക്കണം. എല്ലാ പ്രവൃത്തികളും ഒരു വർഷക്കാലം കൊണ്ട് പൂർത്തീകരിക്കണമെന്ന ഗവൺമെന്റിന്റെ ഇന്റൻഷൻ നടപ്പാക്കുന്നതിനുള്ള തീവ്ര യത്നത്തിലാണ് സാമാജികർ പ്രവർത്തിക്കുന്നത്. ഞാൻ ചില എം.എൽ.എ.-മാരോട് സംസാരിച്ചപ്പോൾ അവർക്കും ഇതേ അനുഭവം ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. പൊതുതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി ശരിയായ രീതിയിൽ മുന്നോട്ടുപോകുന്ന തദ്ദേശസ്വയംഭരണ വകുപ്പ് തുക കെട്ടിവയ്ക്കാത്തതുകൊണ്ടുമാത്രം വിത്ത്ഹോൾഡ് ചെയ്തിരിക്കുന്ന പത്തൊമ്പത് പ്രവൃത്തികൾക്കും അനുമതി നൽകാൻ അടിയന്തര തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സബ്മിഷൻ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ എം.എൽ.എ.-എ.ഡി.എഫ്.-ന്റെ (Asset Development Fund) പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ്. ഇതുപ്രകാരം പതിനെട്ടോളം പ്രവൃത്തികളാണ് ഏറ്റെടുത്തിരിക്കുന്നത്. അതിൽ ചില ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ തലത്തിൽ ന്യൂനതകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചതിന്റെ ഭാഗമായി അദ്ദേഹം ചൂണ്ടിക്കാണിച്ച നാല് വർക്കുകളുടെ തുക ഇപ്പോൾതന്നെ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്; അവശേഷിക്കുന്ന ബില്ലുകളുടെ ന്യൂനതകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവ എത്രയുംവേഗം പരിഹരിച്ച് പ്രവൃത്തികൾ പെട്ടെന്ന് പൂർത്തീകരിക്കാനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്. ചില ബില്ലുകളിലുള്ള ന്യൂനതകൾ പരിഹരിക്കാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ന്യൂനതകൾ എത്രയുംവേഗം പരിഹരിച്ച് പ്രവൃത്തികൾ ചെയ്തുതീർക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ആകെ പതിനെട്ട് പ്രവൃത്തികളിൽ നാലെണ്ണത്തിന് തുക അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവയുടെ ന്യൂനതകൾ പരിഹരിച്ച് എത്രയുംവേഗം പ്രവൃത്തികൾ ചെയ്തുതീർക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (3) പാഠ്യപദ്ധതിയിൽ നിയമപഠനം ഉൾപ്പെടുത്തൽ

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, നിയമവ്യവസ്ഥയെക്കുറിച്ചുള്ള അജ്ഞതമൂലം ഒരു വ്യക്തിക്ക് ശിക്ഷ ലഭിക്കാതിരിക്കാനുള്ള കാരണമാകുന്നില്ല എന്നുള്ള നിയമ തത്വമാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്. നിയമ വ്യവസ്ഥയെക്കുറിച്ചുള്ള അജ്ഞത ശിക്ഷിക്കപ്പെടാതിരിക്കാൻ ഒരു കാരണമല്ലായെന്ന നിയമതത്വം നിലവിലുള്ള രാജ്യമാണ് നമ്മുടേത്. നിയമസഭയിലും പാർലമെന്റിലും പാസ്സാക്കുന്ന നിയമം ഗസറ്റിൽ പ്രസിദ്ധീകരിച്ചാൽ അത് എല്ലാവരും അറിയുമെന്ന സങ്കൽപ്പമാണുള്ളത്. നിയമരംഗത്ത് പ്രവർത്തിക്കുന്നവർക്കുപുറമെ പൊതുജനങ്ങളും സാമാന്യ നിയമവ്യവസ്ഥകൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. Rule of law ശരിയായ രീതിയിൽ നടപ്പാക്കുന്ന സമൂഹത്തെയാണ് മാതൃകാസമൂഹമായി കരുതപ്പെടുന്നത്. അതിലേയ്ക്കായി പൊതുജനങ്ങൾക്ക് നിയമവ്യവസ്ഥയെ സംബന്ധിച്ച സാമാന്യമായ അറിവ് ലഭിക്കേണ്ടത് അനിവാര്യമാണ്. പൊതുജനങ്ങൾക്ക് നിയമപരിജ്ഞാനം നൽകാൻ ധാരാളം ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും അവയൊന്നും ഫലപ്രദമാകുന്നില്ല. ദുർബ്ബല വിഭാഗങ്ങളെ സഹായിക്കാൻ കഴിയുന്ന നിരവധി നിയമങ്ങൾ നാട്ടിൽ നിലനിൽക്കുന്നുണ്ടെങ്കിലും അവർക്കെതിരെ ഒട്ടനവധി അതിക്രമങ്ങൾ നടക്കുന്നുണ്ട്. അത്തരം അതിക്രമങ്ങളെ ചെറുക്കാനാവശ്യമായ നിയമബോധം അവരിൽ വളർത്തുന്നതിനുള്ള മാർഗ്ഗം പൊതുനിയമ അവബോധമുണ്ടാക്കുകയെന്നതാണ്. പല രാജ്യങ്ങളിലും നടപ്പാക്കി വരുന്ന പദ്ധതിയാണ് Public Legal Education. എന്നാൽ സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്ന നിയമപഠനത്തിന് Law related education എന്നാണ് പറയുന്നത്. സ്കൂൾ തലത്തിൽ 8-ാം ക്ലാസ്സ് മുതൽ വിദ്യാർത്ഥികൾക്ക് നിയമപരിജ്ഞാനം പകർന്നുനൽകാൻ കഴിയണം. ഉദാഹരണമായി ഏതെങ്കിലും കുട്ടി അതിക്രമത്തിനിരയാകാൻ ഇടയായാൽ പോക്സോ ആക്ടിലെ സെക്ഷൻ 19(7), സെക്ഷൻ 20 എന്നിവ പ്രകാരമുള്ള പരിരക്ഷ ലഭിക്കുമെന്ന അറിവ് കുട്ടിക്കുണ്ടാകേണ്ടത് അത്യാവശ്യമാണ്. അതുപോലെ അപകടമുണ്ടാകുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ, പൊതുമുതൽ നശിപ്പിച്ചാൽ ലഭിക്കാവുന്ന ശിക്ഷ, സർക്കാർ ഉദ്യോഗസ്ഥരുടെ തൊഴിൽ തടസ്സപ്പെടുത്തുന്നതിനുള്ള ശിക്ഷ, കൈക്കൂലി നൽകുന്നതിനും സ്ത്രീധനം വാങ്ങുന്നതിനും മയക്കുമരുന്ന് ഉപയോഗിക്കുന്നതോടൊപ്പം അവ കൈവശം വയ്ക്കുന്നതിനും തുടങ്ങി നിരവധി വിഷയങ്ങൾ സംബന്ധിച്ച അടിസ്ഥാന നിയമപരിജ്ഞാനം പ്ലസ്ടു തലം കഴിയുന്ന വിദ്യാർത്ഥികൾക്കുണ്ടായിരിക്കണം. ഇത്തരത്തിൽ നിയമബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിന് ഹൈസ്കൂൾതലം മുതൽ നിയമപഠനം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ സ്വാഗതാർഹമാണ്. ഭരണഘടനാ മൂല്യങ്ങൾ കുട്ടികളിൽ വികസിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ഭരണഘടനയുടെ ആമുഖം, മൗലികാവകാശങ്ങൾ, മൗലിക കർത്തവ്യങ്ങൾ, നിർദ്ദേശക തത്വങ്ങൾ എന്നിവ നിലവിൽ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച വിവരങ്ങൾ പാഠപുസ്തകത്തിൽ

ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ സംരക്ഷിക്കുന്നതിനുവേണ്ടി ക്രോഡീകൃതമായ വിവിധ നിയമങ്ങളെക്കുറിച്ച് പാഠ്യപദ്ധതിയിൽ കൂടുതൽ ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭരണഘടനാപരമായ അവകാശങ്ങളെയും കർത്തവ്യങ്ങളെയും കുറിച്ച് കുട്ടികളെ കൂടുതൽ ബോധവാന്മാരാക്കുന്നതിനും ഉത്തമ പൗരന്മാരായി വളർന്നുവരാൻ അവരെ സഹായിക്കുന്നതിനുംവേണ്ടി നിയമപഠനം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. മയക്കുമരുന്നിന്റെ ഉപയോഗം, പരിസര മലിനീകരണം, സൈബർ കുറ്റകൃത്യങ്ങൾ, സ്ത്രീ സുരക്ഷ എന്നിവ സംബന്ധിച്ച നിയമങ്ങൾ, ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട നിയമങ്ങൾ എന്നിവ കുട്ടികൾ അറിഞ്ഞിരിക്കേണ്ടതാണ്. സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച് ജനങ്ങളുടെയും കുട്ടികളുടെയും പ്രതീക്ഷകളും ആഗ്രഹങ്ങളും നിർദ്ദേശങ്ങളും പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി സമാഹരിക്കുന്നതിനാവശ്യമായ ജനകീയ ചർച്ചകൾ ആഗസ്റ്റ് 21-ന് ആരംഭിക്കുകയാണ്. നിയമപഠനമടക്കമുള്ള കാര്യങ്ങൾ പാഠ്യപദ്ധതിയിലും പാഠപുസ്തകത്തിലും ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് പാഠ്യപദ്ധതി പരിഷ്കരണ ഘട്ടത്തിൽ ആലോചിക്കുന്നതാണ്. അങ്ങ് സൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിൽ ബുദ്ധിമുട്ടില്ലെന്നറിയിക്കുകയാണ്.

### (4) ആംബുലൻസ് സർവ്വീസുകൾക്കുള്ള പ്രവർത്തന മാർഗ്ഗരേഖ

ശ്രീ. സജി ചെറിയാൻ: സർ, സംസ്ഥാനത്ത് സർക്കാർ-സ്വകാര്യ ആശുപത്രികളും സ്വകാര്യ വ്യക്തികളും സംഘടനകളും ഇന്ന് വ്യാപകമായി ആംബുലൻസ് സർവ്വീസ് നടത്തുന്നുണ്ട്. സ്വകാര്യ ആംബുലൻസുകൾ വിവിധ തരത്തിലുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തിയതിനുശേഷം പല നിരക്കുകളാണ് ആളുകളിൽനിന്നും ഈടാക്കുന്നത്. അവർ ഈടാക്കുന്ന നിരക്കുകളെ സംബന്ധിച്ച് ഏകീകരണമില്ലെന്നു മാത്രമല്ല, ആളുകളുടെ ആവശ്യകത വല്ലാതെ ചൂഷണം ചെയ്യുകയുമാണ്. നിരത്തുകളിലൂടെ ആംബുലൻസുകൾ സഞ്ചരിക്കുമ്പോൾ യഥാർത്ഥത്തിൽ അടിയന്തര സാഹചര്യങ്ങൾക്കു വേണ്ടിയാണോ സഞ്ചരിക്കുന്നതെന്ന് സംശയിക്കേണ്ട സാഹചര്യമാണുള്ളത്. ആതുരസേവനത്തിന്റെ മറവിൽ ആംബുലൻസുകളുപയോഗിച്ച് വ്യാപകമായ ദുർവിനിയോഗം നടത്തപ്പെടുന്നുണ്ടെന്നും നിരവധി ആക്ഷേപങ്ങൾ അടുത്തകാലത്ത് ഉയർന്നുവന്നിട്ടുണ്ട്. ഇക്കൂട്ടത്തിൽ മയക്കുമരുന്ന് കടത്തുന്നതായും ചില ആരോപണങ്ങൾ ഉയർന്നുവരുന്നുണ്ട്. ക്രിമിനലുകൾ കൊലപാതകമടക്കം നടത്തുന്നതിനും ആംബുലൻസുകൾ ഉപയോഗിക്കുന്നുണ്ടെന്ന വാർത്തകളാണ് പുറത്തുവരുന്നത്. ആംബുലൻസുകൾ ശരിയായ രീതിയിലാണോ സർവ്വീസ് നടത്തുന്നതെന്നത് സംബന്ധിച്ച് വേണ്ടത്ര പരിശോധനാ സംവിധാനം നിലവിലില്ല. നിലവിലെ നിയമ സാഹചര്യങ്ങളനുസരിച്ച് ഇത് മനസ്സിലാക്കി ഇടപെടൽ നടത്താൻ പോലീസ് ഉദ്യോഗസ്ഥർക്കും ഗതാഗത വകുപ്പ്

ഉദ്യോഗസ്ഥർക്കും കഴിയുന്നില്ല. ആംബുലൻസ് ഡ്രൈവർമാർ പലപ്പോഴും അപക്വമായി പെരുമാറുകയും അവർ നടത്തുന്ന സർവ്വീസിന് അമിത ചാർജ്ജ് വാങ്ങുകയും അവ ഉടമയ്ക്ക് കൊടുക്കാതിരിക്കുകയും ചെയ്യുന്നതായി നിരവധി പരാതികൾ പുറത്തുവരുന്നുണ്ട്. ഗുരുതര രോഗം ബാധിച്ച നൂറുകണക്കിന് രോഗികളെ അടിയന്തരമായി ആശുപത്രികളിൽ എത്തിക്കേണ്ട സന്ദർഭങ്ങളിലും അപകടത്തിൽപ്പെട്ടവരെ ആശുപത്രികളിൽ എത്തിക്കേണ്ട സാഹചര്യത്തിലും മൃതദേഹങ്ങൾ വീടുകളിൽ എത്തിക്കേണ്ട സമയങ്ങളിലും പക്വതയോടെ പെരുമാറേണ്ട ഡ്രൈവർമാരുടെ ഭാഗത്തുനിന്നും ചില പോരായ്മകളുണ്ടാകുന്നുണ്ട്. ഈ സാഹചര്യങ്ങൾ മനസ്സിലാക്കി ആംബുലൻസ് സർവ്വീസുകൾക്ക് ഒരു പ്രവർത്തന മാർഗ്ഗരേഖ നിശ്ചയിക്കണമെന്നാണ് പ്രധാനമായും ആവശ്യപ്പെടുന്നത്. അതിനാൽ സ്വകാര്യ-സർക്കാർ ആംബുലൻസുകൾക്ക് ജി.പി.എസ്. അധിഷ്ഠിതമായ വി.എൽ.ടി.ഡി. (Vehicle Location Tracking Device) നിർബന്ധമാക്കുന്നതിനും നിരക്കുകൾ ഏകീകരിക്കുന്നതിനും ഡ്രൈവർമാർക്ക് പെരുമാറ്റച്ചട്ടം ഏർപ്പെടുത്തുന്നതിനും ബോധവൽക്കരണം നൽകുന്നതിനും മറ്റു സംവിധാനങ്ങൾ നിർബന്ധമാക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): സർ, ബഹുമാനപ്പെട്ട സജി ചെറിയാൻ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഉന്നയിച്ചിരിക്കുന്നത്. ആംബുലൻസുകളുമായി ബന്ധപ്പെട്ട് നിരവധി പരാതികളാണ് സംസ്ഥാനത്തൊട്ടാകെ ഇന്ന് ഉയർന്നുവന്നിരിക്കുന്നത്. രക്ഷാദൗത്യങ്ങളുടെ ഭാഗമായി ആരോഗ്യമേഖലയിലെ പ്രധാന കണ്ണിയായി പ്രവർത്തിക്കുന്ന സേവന വിഭാഗമാണ് സംസ്ഥാനത്തെ ആംബുലൻസ് സർവ്വീസ്. എന്നാൽ സംസ്ഥാനത്തെ ആംബുലൻസുകൾക്ക് ഏകീകൃത വാടക നിരക്കില്ലാതെ പൊതുജനങ്ങളെ ചൂഷണം ചെയ്യുന്നതുൾപ്പെടെയുള്ള നിരവധി പരാതികൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും ഈ രംഗത്തെ നിയമലംഘനം തടയുന്നതിനും നിയന്ത്രണം കൊണ്ടുവരുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഐ.എം.എ. പ്രതിനിധികൾ, ആംബുലൻസ് സംഘടനാ പ്രതിനിധികൾ, ആംബുലൻസ് ഓണേഴ്സ് അസോസിയേഷൻ പ്രതിനിധികൾ എന്നിവരുടെ യോഗം ഗതാഗത വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-11-2021-ൽ ചേരുകയും ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുകയുമുണ്ടായി. ആംബുലൻസുകൾക്ക് ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) അധിഷ്ഠിത വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് നിർബന്ധമാക്കി സുരക്ഷാമിത്ര സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തണമെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസ്, ബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസ്, ട്രാൻസ്പോർട്ട് ആംബുലൻസ് എന്നീ മൂന്ന് തരത്തിലുള്ള ആംബുലൻസുകളാണ് നിലവിൽ ഉപയോഗിക്കപ്പെടുന്നത്.

ഇത്തരം വാഹനങ്ങൾക്ക് പ്രത്യേക നിറം, ബോർഡിൽ എഴുതാവുന്ന കാര്യങ്ങൾ, ലൈറ്റുകൾ, ഹോൺ, സൈറൺ, ടെലി ഫെസിലിറ്റി എന്നിവ സംബന്ധിച്ച് പൊതുവായ മാർഗ്ഗരേഖ തയ്യാറാക്കുവാൻ ഗതാഗത കമ്മീഷണറെ അന്നത്തെ യോഗത്തിൽ ചുമതലപ്പെടുത്തുകയുണ്ടായി. ആംബുലൻസ് ഡ്രൈവർമാർക്കിടയിൽ മികച്ച ബോധവൽക്കരണം നടത്തിയാൽ സമൂഹം പ്രതീക്ഷിക്കുന്ന പക്വതയാർന്ന പെരുമാറ്റം ലഭിക്കുന്നതാണ്. ഇവർക്ക് വർഷത്തിലൊരിക്കൽ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതുണ്ട്. ആംബുലൻസ് ഡ്രൈവർമാരുടെ പേര് റസ്ക്യൂ പൈലറ്റ്/റസ്ക്യൂ ക്യാപ്റ്റൻ എന്ന് മാറ്റാനുള്ള നടപടി സ്വീകരിച്ചാൽ അവരുടെ പ്രൊഫഷന്റെ ഗൗരവം വർദ്ധിക്കുമെന്നാണ് കരുതുന്നത്. കൂടാതെ ഡ്രൈവർമാർക്ക് വർഷത്തിലൊരിക്കൽ ഐ.എം.എ.-യുടെയും മോട്ടോർ വാഹന വകുപ്പിന്റെയും നേതൃത്വത്തിൽ പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഡ്രൈവർമാർക്ക് പ്രത്യേക നിറമുള്ള ജാക്കറ്റ് യൂണിഫോമും ബാഡ്ജും ധരിക്കാൻ അനുവാദം നൽകുന്നതിനുള്ള അഭ്യർത്ഥന ഗവൺമെന്റ് പരിഗണിക്കുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന ആംബുലൻസുകൾ അമിത ചാർജ്ജ് ഈടാക്കുന്നത് നിയന്ത്രിക്കുന്നതിനായി ഏകീകൃത വാടക നിശ്ചയിക്കുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫെയർ റിവിഷൻ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് നിലവിൽ സർക്കാർ പരിശോധിച്ചുവരികയുമാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയുംവേഗം തീരുമാനം കൈക്കൊള്ളുന്നതാണ്.

## (5) ഗോശ്രീ പാലങ്ങളും റോഡുകളും ഏറ്റെടുക്കൽ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, ഗോശ്രീ വികസന അതോറിറ്റിയുടെ രൂപീകരണവും ഗ്രോശ്രീ പാലങ്ങളുടെ നിർമ്മാണവും വൈപ്പിൻ നിയോജകമണ്ഡലത്തിന്റെ ഭാഗമായ വൈപ്പിൻകരയുടെ മാറ്റങ്ങൾക്ക് തുടക്കംകുറിച്ച സുപ്രധാന ചുവടുവയ്പായിരുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, ഡി.പി. വേൾഡ്, എൽ.എൻ.ജി. പെട്രോനെറ്റ് ഉൾപ്പെടെയുള്ള വൻകിട വ്യവസായ സ്ഥാപനങ്ങളുടെ കടന്നുവരവിന് ഗോശ്രീ പാലങ്ങൾക്ക് സുപ്രധാന പങ്കാണുള്ളത്. വൈപ്പിൻകരക്കാരുടെ പുറം ലോകത്തേയ്ക്കുള്ള പ്രധാന മാർഗ്ഗമായ ഗോശ്രീ പാലങ്ങൾ മൂന്ന് പാലങ്ങൾ ഉൾപ്പെട്ടതാണ്. കണ്ടെയ്നർ ഉൾപ്പെടെ നിരവധി ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്ന ഈ പാലങ്ങൾ ഗതാഗതത്തിന് തുറന്നുകൊടുത്തിട്ട് 18 വർഷം പൂർത്തിയായിരിക്കുകയാണ്. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഭാരമേറിയ നൂറുകണക്കിന് കണ്ടെയ്നർ ലോറികളും ബസ്സുകളും മറ്റ് വാഹനങ്ങളും ദിനംപ്രതി കടന്നുപോകുന്ന ഈ പാലങ്ങളുടെ പരിപാലനച്ചുമതല നൽകിയിരിക്കുന്നത് എഞ്ചിനീയറിംഗ് വിഭാഗമില്ലാത്ത GIDA (Goshree Islands Development Authority)-യ്ക്കാണ്. അതുകൊണ്ടുതന്നെ

പാലങ്ങളുടെ ബലക്ഷമത പരിശോധനയും അറ്റകുറ്റപ്പണികളും സമയബന്ധിതമായി നടത്താൻ സാധിക്കാറില്ല. ജനങ്ങളുടെ ജീവന് ഭീഷണി നേരിടുന്ന തരത്തിൽ പാലങ്ങളുടെ കൈവരികൾ തകരുകയും ഗർത്തങ്ങളും കേടുപാടുകളും രൂപപ്പെടുകയും ചെയ്യതിനാൽ ഇത് പ്രതിഷേധങ്ങൾക്ക് വഴിവച്ചിരിക്കുകയാണ്. 'ജിഡ' -യുടെ കഴിഞ്ഞ ജനറൽ കൗൺസിൽ യോഗത്തിൽ ഈ പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ തീരുമാനമെടുക്കുകയും അതിൻപ്രകാരം ഫയൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുമാണ്. നാം വിഭാവന ചെയ്യുന്ന തിരുവനന്തപുരം-കാസർഗോഡ് തീരദേശ റോഡ് യാഥാർത്ഥ്യമാകുമ്പോൾ ഫോർട്ട് കൊച്ചിയും വൈപ്പിനും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം/എലിവേറ്റഡ് ഹൈവേ വരുന്നമുറയ്ക്ക് എറണാകുളം നഗരത്തിലേയ്ക്കെത്താനുള്ള ഏറ്റവും പ്രധാനപ്പെട്ട ഷോർട്ട് കട്ട് വൈപ്പിനിൽ നിന്നുള്ളതായിരിക്കും. മാത്രമല്ല, കൊച്ചി നഗരത്തെ അന്താരാഷ്ട്ര പ്രശസ്തിയുള്ള മഹാനഗരമായി ഉയർത്തുമെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുൾപ്പെടെ സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളത്; അദ്ദേഹത്തിന്റെ സ്വപ്നവും അതുതന്നെയാണ്. ആയതിനാൽ ഗോശ്രീ പാലങ്ങളും അനുബന്ധ അപ്രോച്ച് റോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഗോശ്രീ പാലങ്ങൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട കെ. എൻ. ഉണ്ണികൃഷ്ണൻ സബ്മിഷനിലൂടെ ആവശ്യപ്പെട്ടത്. പ്രസ്തുത പാലങ്ങൾ നിലവിൽ 'ജിഡ'യാണ് പരിപാലനം നടത്തിക്കൊണ്ടിരിക്കുന്നത്. ജിഡ സെക്രട്ടറി ആവശ്യപ്പെട്ടതനനുസരിച്ച് പാലങ്ങളുടെ കുഴികൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണി, ഉപരിതലം പുതുക്കൽ എന്നീ പ്രവൃത്തികൾ നിയമാനുസൃതമായി ഡെപ്പോസിറ്റ് വർക്കായി നടത്തുന്നതാണെന്ന് ജിഡയെ അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ/ വകുപ്പിന്റെ/മറ്റ് വകുപ്പുകളുടെ ആസ്തി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടില്ല. ഏതൊരു വകുപ്പിന്റെയും കണ്ടെയ്നർ ലോറി പോലുള്ള വലിയ വാഹനങ്ങളുടെ ഭാരം സംസ്ഥാനത്തെ റോഡുകൾക്ക് താങ്ങാൻ കഴിയാത്ത തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. അവ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. കോവിഡ് കാലഘട്ടത്തിൽ റോഡുകളിലൂടെ പരിമിതമായ വാഹനങ്ങൾ മാത്രം ഉപയോഗിച്ചിരുന്നതുകൊണ്ട് ടി കാലയളവിൽ റോഡുകൾക്ക് അല്പം ആശ്വാസം ലഭിച്ചിരുന്നു. മികച്ച ഗുണനിലവാരത്തിൽ റോഡുകൾ നിർമ്മിക്കാതിരിക്കുകയും പ്രോപ്പർ ഡ്രെയിനേജ് സംവിധാനമില്ലാതിരിക്കുകയും ചെയ്യുന്ന കാലത്തോളം ഈ പ്രശ്നം നമ്മൾ ചർച്ച ചെയ്യേണ്ടിവരുന്നതാണ്. പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇത് ജിഡയുടെ മാത്രം പ്രശ്നമല്ല. കേരളത്തിലെ ഏകദേശം രണ്ടേമുക്കാൽ ലക്ഷം

കിലോമീറ്റർ റോഡുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ മാറ്റിക്കഴിഞ്ഞാൽ ഏകദേശം രണ്ടേകാൽ ലക്ഷത്തോളം കിലോമീറ്റർ മറ്റ് വകുപ്പുകളുടെ ചുമതലയിൽപ്പെട്ട റോഡുകളാണ്. ഈ റോഡുകളിൽ മഹാഭൂരിപക്ഷവും പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗങ്ങളിൽ പലരും ആവശ്യപ്പെടുന്നത്. അത് നല്ല കാര്യമാണ്; പി.ഡബ്ല്യു.ഡി.-യെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷകരമായ കാര്യം കൂടിയാണ്. ജനങ്ങൾ പി.ഡബ്ല്യു.ഡി.-യിൽ വിശ്വാസമർപ്പിക്കുകയും പി.ഡബ്ല്യു.ഡി.-യുടെ പ്രവൃത്തിയിലുള്ള ക്രെഡിബിലിറ്റി അംഗീകരിക്കുകയും ചെയ്യുന്നുവെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. പൊതുമരാമത്ത് വകുപ്പിന്റെ 100 ശതമാനം റോഡുകളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള നെട്ടോട്ടത്തിലാണ് വകുപ്പ് പ്രവർത്തിക്കുന്നത്. മുപ്പതിനായിരത്തോളം കിലോമീറ്റർ റോഡുകളിൽ മഹാഭൂരിപക്ഷവും നല്ലനിലയിലുള്ളതാണ്. അത് 100 ശതമാനവും പെർഫെക്ടാക്കുക എന്നുള്ളതാണ് ഇപ്പോഴുള്ള ഉത്തരവാദിത്വം. അതിന് ബി.എം & ബി.സി. പോലുള്ള ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വലിയ സാമ്പത്തിക ബാദ്ധ്യതയുള്ള പ്രവർത്തനങ്ങൾ പരമാവധി നടത്തിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ മറ്റ് വകുപ്പുകളുടെ റോഡ് ഏറ്റെടുക്കുന്നത് പ്രയാസമുള്ള കാര്യമാണെന്ന് സഭയെ അറിയിക്കുകയാണ്.

### (6) ഏറനാട്ടിലെ റോഡ് നവീകരണം

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിപ്രകാരം എരഞ്ഞിമാവ് മുതൽ എടവണ്ണവരെയും അരീക്കോട് സൗത്ത് പുത്തലം മുതൽ മഞ്ചേരി നെല്ലിപ്പറമ്പ് വരെയുമുള്ള 186 കോടി രൂപയുടെ പ്രവൃത്തി കെ.എസ്.ടി.പി.-നിർമ്മാണച്ചുമതല ഏറ്റെടുത്ത് നടപ്പാക്കിവരികയാണ്. ടി പദ്ധതിയുടെ 80 ശതമാനം പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞാൻ 2021 ജൂലൈ മാസം നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ 12-8-2021-ന് അദ്ദേഹം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും എം.എൽ.എ.-യുടെയും യോഗം വിളിച്ചു ചേർക്കുകയും യോഗതീരുമാനം നടപ്പാക്കാൻ പ്രയാസം നേരിട്ടതിനെത്തുടർന്ന് 11-3-2022-ന് കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ടീം ലീഡർ, കരാറുകാരൻ എന്നിവരെയുൾപ്പെടുത്തി മറ്റൊരു യോഗം വിളിച്ചുചേർക്കുകയും ചെയ്തിരുന്നു. ഏറനാട് മണ്ഡലത്തിന്റെ ഹൃദയഭാഗമായ അരീക്കോട് ടൗണിലെ സെന്ററിന്

20-25 ലക്ഷം രൂപ വിലവരുന്ന ഒന്നരമീറ്റർ സ്ഥലം റോഡിന്റെ ഇരുവശങ്ങൾക്കുമായി എല്ലാ രാഷ്ട്രീയ പാർട്ടികളും വ്യാപാരി വ്യവസായികളും സ്ഥലമുടമകളുംകൂടി സൗജന്യമായി വിട്ടുനൽകിയിരുന്നു. വേൾഡ് ബാങ്കിന്റെ പി.എ.പി. സ്കീം പ്രകാരം ചുറ്റുമതിൽ, ഗേറ്റ് എന്നിവ പൊളിച്ചാൽ പുനർനിർമ്മാണം നടത്തിക്കൊടുക്കേണ്ടതാണ്. സൗജന്യമായി വിട്ടുകൊടുത്ത ഭൂമിയിൽ ഫുട്പാത്തിന്റെ നിർമ്മാണം നടത്തുകയും റോഡിന്റെ വീതി വർദ്ധിപ്പിക്കുകയും ചെയ്തെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ചീഫ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗതീരുമാനം നടപ്പാക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാകുന്നില്ല. കരാറുകാരൻ പറയുന്നത് വ്യക്തമായ ഉത്തരവ് ലഭിക്കാതെ ഇതിന്റെ മെഷർമെന്റ് അറിയാൻ സാധിക്കില്ലെന്നും അതുകൊണ്ട് പ്രവൃത്തി ചെയ്യാൻ കഴിയില്ലെന്നുമാണ്. ഞാൻ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം വളരെ പോസിറ്റീവായ നിലപാടാണ് സ്വീകരിച്ചത്. പ്രോജക്ട് ഡയറക്ടർക്ക് കത്തുകൊടുത്താൽ അതിന്മേൽ തീരുമാനമെടുക്കുകയില്ല. പി.ഡബ്ല്യു.ഡി. സെക്രട്ടറിക്ക് കത്ത് കൊടുത്തപ്പോൾ ടി വിഷയം അദ്ദേഹം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്നും അടിയന്തരമായി പ്രവൃത്തി ചെയ്യാമെന്ന് മന്ത്രി അറിയിച്ചുവെന്നുമാണ് പറഞ്ഞത്. ഈ സബ്മിഷന് നോട്ടീസ് നൽകിയപ്പോൾ അവർ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടാകും; അതിന്റെ ഫലമായി ഇപ്പോൾ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പി.എ.പി. സ്കീം എവിടെ ചെയ്യണമെന്നോ എങ്ങനെ ചെയ്യുമെന്നോ ഇതിന്റെ എസ്റ്റിമേറ്റ് കൊടുത്തിട്ടുണ്ടോയെന്നും സംബന്ധിച്ച് വ്യക്തതയില്ലാതെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട നല്ലൊരു പദ്ധതിയാണ് ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം പൂർത്തീകരിക്കാതിരിക്കുന്നത്. ഇത് ഗൗരവമായ വിഷയമാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സാണ് (പേപ്പർ ഉയർത്തിക്കാട്ടി). ഈ മിനിട്ട്സ് താഴെത്തട്ടിലേയ്ക്ക് കൊടുത്തപ്പോൾ അതിൽ മേലുദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല; ഇതിലൊരു ഡിജിറ്റൽ ഒപ്പെങ്കിലും രേഖപ്പെടുത്തേണ്ടതല്ലേ? അത്തരത്തിലുള്ള ഒപ്പ് ഇതിൽ കാണുന്നില്ല. മുൻകാലങ്ങളിൽ റോഡിന്റെ വീതി വർദ്ധിപ്പിക്കുമ്പോൾ പഴയകാലത്തുണ്ടാക്കിയ വീടിന്റെ മതിലിനോ മറ്റും എന്തെങ്കിലും തകരാറുണ്ടായാൽ അത് അടിയന്തരമായി പരിഹരിക്കുമായിരുന്നു. എന്നാലിപ്പോൾ ആ

പ്രവൃത്തി ചെയ്തുകഴിഞ്ഞാൽ അടിയന്തരമായി അത് പൊളിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം കൊടുക്കുകയാണ്. ഇതിനുള്ള അധികാരം ഇദ്ദേഹത്തിന് ആരാണ് നൽകിയത്? ഉദാഹരണത്തിന് ഇവിടെയൊരു കെട്ടിടമുണ്ടെന്ന് കരുതുക. റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഈ കെട്ടിടത്തിന്റെ അടുത്തുള്ള ചുറ്റമതിൽ പൊളിച്ചാൽ അത് പിന്നീട് നിർമ്മിച്ചുനൽകാമെന്നൊരു മാനുഷിക പരിഗണന നൽകണ്ടേ; നമ്മൾ ജനപ്രതിനിധികളല്ലേ; ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശാശ്വതപരിഹാരം കാണണം. അങ്ങ് ഒരുപാട് വിഷനും ആശയങ്ങളും നടപ്പിലാക്കാൻ വെമ്പൽ കൊള്ളുന്ന വ്യക്തിയാണ്. അതുകൊണ്ട് ഇക്കാര്യത്തിലൊരു തീരുമാനമെടുക്കുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് ഒരു യോഗം ചേർന്ന് ഈ പ്രശ്നം പരിഹരിച്ച് രണ്ടുമാസംകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കണമെന്നും എത്രയുംവേഗം ഉദ്ഘാടനം നടത്തുന്നതിന് അവസര മുണ്ടാക്കാൻ തയ്യാറാകണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ പ്രസക്തമായ പ്രശ്നമാണ് ശ്രീ. പി. കെ. ബഷീർ ഉന്നയിച്ചത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒന്നു-രണ്ട് തവണ നേരിട്ടും അല്ലാതെയും ഇടപെട്ടിട്ടുണ്ട്. എരഞ്ഞിമാവ് റോഡ് നവീകരണം അവിടത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട വിഷയമാണ്. റോഡ് നവീകരണത്തിന് സൗജന്യമായി സ്ഥലം വിട്ടുനൽകിയവർക്ക് ചുറ്റമതിലും ഗേറ്റും പുനർനിർമ്മിച്ച് നൽകണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഇത് പി.എ.പി.-ൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തിയാണ്. ഭൂമി ഏറ്റെടുക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന നഷ്ടം (ഭൂമി ആയാലും കെട്ടിടമായാലും ഓഫീസായാലും മറ്റ് പ്രശ്നങ്ങളായാലും) നികത്തപ്പെടണം/പുനർനിർമ്മിക്കപ്പെടണം എന്നുള്ളത് പി.എ.പി. സ്കീമിന്റെ പ്രത്യേകതയാണ്. അങ്ങനെ പരിശോധിക്കുമ്പോൾ അദ്ദേഹം പറഞ്ഞത് വളരെ ന്യായമായ ആവശ്യമാണ്. എഞ്ചിനീയർ ഇതിന്റെ എസ്റ്റിമേറ്റ് നൽകിയിരുന്നുവെങ്കിലും ഇ.പി.സി. (Engineering Procurement and Construction) കോൺട്രാക്ട് പ്രകാരം ചെയ്യേണ്ട അളവുകൾകൂടി ഉൾപ്പെട്ടതിനാൽ അതിൽ മാറ്റംവരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഡിസൈൻ മുതൽ അവസാനംവരെയുള്ള എല്ലാ കാര്യങ്ങളും കരാറുകാരൻതന്നെ കോ-ഓർഡിനേറ്റ് ചെയ്യണമെന്നതാണ് ഇ.പി.സി. കോൺട്രാക്ടിന്റെ പ്രത്യേകത. അതുകൊണ്ടാണ് മറ്റ് വർക്കുകളിൽനിന്നും ഇ.പി.സി. വ്യത്യസ്തമാകുന്നത്. സാധാരണ സ്വകാര്യ മേഖലയിലാണ് ഇ.പി.സി. വ്യാപകമായി നടക്കാറുള്ളത്. എൻ.എച്ച്.എ.ഐ.-

യുടെ ചില പ്രവൃത്തികളിലും ഇ.പി.സി. വരാറുണ്ട്. ഇത്തരത്തിൽ ഇ.പി.സി.-യിൽ ചില പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് കെ.എസ്.ടി.പി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചു ചേർക്കുന്നതാണ്.

(7) പെരുവാമൂഴി-പിറവം റോഡ് പൂർത്തീകരണം

ശ്രീ. അനൂപ് ജേക്കബ്: സർ, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മാണം നടത്തുന്ന പിറവം നിയോജകമണ്ഡലത്തിലെ പിറവം-പെരുവാമൂഴി റോഡിന്റെ ഡി.പി.ആർ.-ലുള്ള അപാകതകളെക്കുറിച്ചാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇത് റീബിൽഡ് കേരള പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന കെ.എസ്.റ്റി.പി.-യുടെ വർക്കുകളിലൊന്നാണ്. ഡി.പി.ആർ. പ്രകാരം റോഡിൽ വെള്ളം കയറാത്ത സ്ഥലങ്ങളിൽ കോൺക്രീറ്റ് ചെയ്യാനും വെള്ളം കയറുന്ന സ്ഥലങ്ങളിൽ ആവശ്യത്തിന് ഉയർത്താതെ നിർമ്മാണം നടത്താൻപോകുന്ന സ്ഥിതിവിശേഷമാണുള്ളത്. ചില കലുങ്കുകളുടെ വീതിയും നീളവും അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട് ക്രമീകരിക്കാൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയാകുമ്പോൾ റോഡിന്റെ ലെവൽ ഒരേ രീതിയിലാണ് വരേണ്ടത്; എന്നാൽ പല ഭാഗങ്ങളിലും റോഡ് ലെവൽ ഒരേ രീതിയിൽ വരുന്നില്ല. പ്രാദേശികമായ വിഷയങ്ങൾ മനസ്സിലാക്കാതെയും അവിടത്തെ ജനപ്രതിനിധികളുമായി ചർച്ച ചെയ്യാതെയുമാണ് ഉദ്യോഗസ്ഥർ അവരുടെ യുക്തിക്കനുസൃതമായി ഡി.പി.ആർ. തയ്യാറാക്കിയത്. ഇപ്രകാരം, 2018-ൽ അപാകതകളോടുകൂടി തയ്യാറാക്കിയ പ്രസ്തുത ഡി.പി.ആർ.-ന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ അനുമതി ലഭ്യമാക്കി ടെണ്ടർ നൽകിയിരിക്കുന്നത്. ഈ പ്രോജക്ടിന് ജർമ്മൻ ബാങ്കിന്റെ സഹായമുള്ളതുകൊണ്ട് ഡി.പി.ആർ.-ൽ മാറ്റം വരുത്താൻ സാധിക്കില്ലെന്നാണ് കെ.എസ്.റ്റി.പി. ഉദ്യോഗസ്ഥർ പറയുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പൂർണ്ണമായും പൊളിച്ചെഴുതാൻ സാധിക്കില്ലെങ്കിലും ഇക്കാര്യത്തിൽ പ്രായോഗികമായ സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. ഇതുമായി ബന്ധപ്പെട്ട് നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും പരാതികൾ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഓഫീസിൽ രണ്ടു-മൂന്ന് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ.-ൽ അനിവാര്യമായ മാറ്റം വരുത്താനുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുന്നതിന് നിർദ്ദേശം നൽകണം; എന്നാൽ അതിന്റെ

പേരിൽ പ്രവൃത്തി നടപ്പാക്കുന്നതിൽ കാലതാമസമുണ്ടാകാൻ പാടില്ലെന്നുകൂടി ഉറപ്പുവരുത്തണം. ഈ പ്രവൃത്തി അനന്തമായി നീട്ടികൊണ്ടുപോകാതെ സമയബന്ധിതമായി പൂർത്തിയാക്കാനും ഡി.പി.ആർ.-ലെ വിഷയങ്ങൾ പരിഹരിക്കാനും ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അടിസ്ഥാനപ്രശ്നങ്ങൾ മനസ്സിലാക്കി പ്രോജക്ടുകൾ തയ്യാറാക്കാൻ കർശന നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ചത് കെ.എസ്.റ്റി.പി. പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയമാണ്. കെ.എസ്.റ്റി.പി. പ്രവൃത്തിയുടെ പ്രത്യേകതകളെക്കുറിച്ച് എല്ലാവർക്കുമറിയാവുന്നതാണ്. മറ്റ് പ്രവൃത്തികളുമായി താരതമ്യം ചെയ്യുമ്പോൾ കെ.എസ്.റ്റി.പി. പ്രവൃത്തിക്ക് നിരവധി നിബന്ധനകളുണ്ടെങ്കിലും മറ്റ് സഹായങ്ങൾ ലഭിക്കാറുണ്ട്. അതുകൊണ്ടുതന്നെ ഇത് മറ്റ് പ്രവൃത്തികളിൽനിന്നും വ്യത്യസ്തമാണ്. പെരുവാമൂഴി-പിറവം റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച വിഷയങ്ങൾ ശരിയാണ്. 2018-ൽ ഡി.പി.ആർ. തയ്യാറാക്കിയ ഈ പ്രവൃത്തി നടപ്പാക്കിക്കൊണ്ടിരുന്ന അവസരത്തിൽ ജനപ്രതിനിധികളോടും വിവിധ രാഷ്ട്രീയ പാർട്ടികളോടും ചർച്ച ചെയ്ത് കുറെക്കൂടി പ്രാക്ടിക്കലായി കാര്യങ്ങൾ ചെയ്യണമെന്ന് കെ.എസ്.റ്റി.പി.-യെ അറിയിച്ചിരുന്നതാണ്. ഈ പ്രവൃത്തിയുടെ കാര്യത്തിൽ മാത്രമല്ല, പൊതുവെ കെ.എസ്.റ്റി.പി.-യുടെ എല്ലാ പ്രവൃത്തികളുമായി ബന്ധപ്പെട്ടും ഈ നിർദ്ദേശം നൽകിയിരുന്നു. ചിലയിടങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെടുന്നുവെന്ന് പരാതി ലഭിച്ചതിനെത്തുടർന്ന് പരിശോധന നടത്താനും കൺസ്ട്രക്ഷൻ സൂപ്പർവിഷൻ കൺസൾട്ടന്റ്, പ്രോജക്ട് മാനേജ്മെന്റ് ടീം, വകുപ്പുദ്യോഗസ്ഥർ എന്നിവർ സംയുക്തമായി സ്ഥലം സന്ദർശനം നടത്തി അപാകത പരിഹരിക്കാനും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി കൃത്യമായി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും നിർമ്മാണ പ്രവർത്തനത്തിൽ കൃത്യമായ കാര്യങ്ങൾ നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താനും കെ.എസ്.റ്റി.പി.-യുടെ പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

(8) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിലെ ജനങ്ങൾ ഏറെ നാളുകളായി ആഗ്രഹിക്കുന്ന മൂന്ന് ആർ.ഒ.ബി. (Railway Over Bridge)-കളായ വാതുരുത്തി, വടുതല, അറ്റ്ലാന്റിസ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഒച്ചിഴയും വേഗത്തിലാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 2016-17-ലാണ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കിഫ്ബി പദ്ധതി മുഖേന ഈ പാലങ്ങളുടെ നിർമ്മാണം ബഡ്ജറ്റ് പ്രൊവിഷൻ ഉൾപ്പെടുത്തി നടപ്പാക്കാൻ

തീരുമാനിച്ചത്. പടിഞ്ഞാറൻ കൊച്ചിയിലെ പതിനായിരക്കണക്കിനാളുകൾ ജോലിക്കായും വിദ്യാഭ്യാസത്തിനായും മറ്റിതര ആവശ്യങ്ങൾക്കായും നഗരത്തിലെത്താൻ ആശ്രയിക്കുന്ന പ്രധാന മാർഗ്ഗമാണ് വാത്തുരുത്തി റെയിൽവേ മേൽപ്പാലം. എറണാകുളം ജില്ലയിലെ വാത്തുരുത്തി മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10-7-2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 942/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകുകയും RBDCK-യെ (Roads and Bridges Development Corporation of Kerala Limited) എസ്.പി.വി. ആയി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇൻഡ്യൻ നേവി, ഇൻഡ്യൻ റെയിൽവേ, ദേശീയപാത എന്നിവയുടെ നിയന്ത്രണത്തിലാണുള്ളത്. കൂടാതെ നേവൽ എയർപോർട്ടിന് സമീപത്ത് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഇൻഡ്യൻ നേവിയിൽനിന്നും എൻ.ഒ.സി. ലഭിക്കേണ്ടതുമുണ്ട്. പദ്ധതിയുടെ അലൈൻമെന്റിന്റെ അംഗീകാരത്തിനുവേണ്ടി വിവിധതരം അലൈൻമെന്റുകൾ പരിശോധിക്കുകയും ഇവ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ തലത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇൻഡ്യൻ നേവി എന്നിവിടങ്ങളിലെ അധികൃതരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. വിവിധതരം അലൈൻമെന്റുകൾ പരിശോധിച്ചെങ്കിലും കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇൻഡ്യൻ നേവി എന്നിവരുടെ അംഗീകാരം നാളിതുവരെ ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിക്കാൻ സാധിച്ചില്ല. വടുതല ആർ.ഒ.ബി.-യുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ വടുതല, ചിറ്റൂർ, ചേരാനെല്ലൂർ, വരാപ്പുഴ പ്രദേശങ്ങളിലെ ജനങ്ങൾക്ക് നഗരത്തിലേയ്ക്ക് വരുന്നതിനുള്ള അക്സസ് ഉണ്ടായിരിക്കുന്നതാണ്. ടി പദ്ധതിക്ക് കിഫ്ബി 27-7-2017-ൽ 47.76 കോടി രൂപ പ്രോജക്ട് കോസ്റ്റായി അംഗീകരിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് റിക്വിസിഷൻ നൽകുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് 23-08-2017-ന് റെയിൽവേ നിർദ്ദേശിച്ച മാറ്റങ്ങൾക്കനുസൃതമായി റെയിൽവേയിൽനിന്ന് അപ്രൂവൽ നൽകിയെങ്കിലും നാളിതുവരെയും അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുമായി ബന്ധപ്പെട്ട് ആദ്യഘട്ട സ്ഥലവില നിർണ്ണയം, കെട്ടിടത്തിന്റെ വിലനിർണ്ണയം, ആർ.ആർ. പാക്കേജ് എന്നിവ പൂർത്തീകരിച്ച് സ്ഥലം അടിയന്തരമായി ഏറ്റെടുക്കേണ്ടതിനാൽ ആ വിഷയത്തിലും അടിയന്തര ശ്രദ്ധയുണ്ടാകണം. അറ്റ്ലാന്റിസ് ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായി JnNURM-ൽ ഉൾപ്പെടുത്തിയ പദ്ധതിയായിരുന്നു. പക്ഷെ, പിന്നീട് RBDCK-യെ അതിന്റെ നിർവ്വഹണ ഏജൻസിയായി മാറ്റുകയും അതുമായി ബന്ധപ്പെട്ട് കോർപ്പറേഷന് അന്നത്തെ ഗവൺമെന്റ് സാമ്പത്തിക സഹായം നൽകി ഏകദേശം 1.01 ഹെക്ടർ

സ്ഥലം ഏറ്റെടുക്കുകയും ചെയ്തിരുന്നു. ബാക്കിസ്ഥലം ഏറ്റെടുത്ത് പദ്ധതി പൂർത്തീകരണ നടപടികളുമായി RBDCK മുന്നോട്ടുപോയെങ്കിലും ഭൂമി ഏറ്റെടുത്ത് നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. മേൽ സൂചിപ്പിച്ച മൂന്ന് ആർ.ഒ.ബി.-കളും നഗരത്തിലെ പൊതുഗതാഗത സംവിധാനത്തിന് ഏറ്റവും അനിവാര്യമായതുകൊണ്ട് ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെട്ട് ആവശ്യമായ സഹായങ്ങൾ ചെയ്ത് നടപടി പൂർത്തീകരിക്കാൻ തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

12.00 Noon]

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ടി. ജെ. വിനോദ് സൂചിപ്പിച്ച മൂന്ന് റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നം അദ്ദേഹത്തിന്റെ മണ്ഡലത്തിലുൾപ്പെട്ടതാണെങ്കിലും ഇവ പൊതുവെ കേരളം ചർച്ച ചെയ്യുകയും പരിഹാരം കാണണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവയാണ്. ഇന്ത്യയിൽ റെയിൽവേ ട്രാക്കുകളുടെ നീളം പരിശോധിച്ചാൽ ലെവൽ ക്രോസ്സുകൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. നമ്മുടെ ജനകീയമായ ആവശ്യത്തിന്റെ വിജയം കൂടിയാണിത്. പല സംസ്ഥാനങ്ങളിലും ലെവൽക്രോസ്സ് ഇല്ലാത്തതുകാരണം ഉണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് നമുക്കറിയാം. ഇന്ന് ലെവൽക്രോസ്സുകളിൽ മണിക്കൂറുകളോളം ആളുകൾ വാഹനവുമായി കാത്തുനിൽക്കുന്ന സ്ഥിതിയാണുള്ളത്. ഇതിന് പരിഹാരം കാണുന്നതിനായി എൽ.ഡി.എഫ്. സർക്കാർ ലെവൽക്രോസ്സുകളില്ലാത്ത കേരളം എന്ന ആശയം നടപ്പിലാക്കാൻ ഈ വർഷം വേഗതയാർന്ന നടപടികളുമായി മുന്നോട്ടു പോയിട്ടുണ്ടെന്ന് പ്രത്യേകം അറിയിക്കുകയാണ്. ബഹു. അംഗം എറണാകുളം ജില്ലയിൽ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ വടുതല, വാത്തുരുത്തി, അറ്റ്ലാന്റിസ് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമാണ് അവതരിപ്പിച്ചത്. ലെവൽക്രോസ്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ജി.എ.ഡി. (ജനറൽ എഗ്രിമെന്റ് ഡ്രോയിംഗ്സ്) ആവശ്യമാണ്. ഒരു പദ്ധതിയുടെ അലൈൻമെന്റും ഡ്രോയിംഗും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങൾക്കും റെയിൽവേയുടെ അംഗീകാരം വേണം. എന്നാൽ ഇക്കാര്യങ്ങളിൽ റെയിൽവേയുടെ ഭാഗത്തുനിന്ന് മെല്ലെപ്പോക്കാണുള്ളത് എന്നതൊരു വസ്തുതയാണ്; ഇക്കാര്യം റെയിൽവേയെ അറിയിച്ചിട്ടുമുണ്ട്. വടുതല, വാത്തുരുത്തി, അറ്റ്ലാന്റിസ് എന്നീ മൂന്ന് മേൽപ്പാലങ്ങളും കിഫ്ബി ധനസഹായത്തോടെ ആർ.ബി.ഡി.സി.കെ. നിർമ്മിക്കുന്നവയാണ്. വടുതല ആർ.ഒ.ബി.-ക്കായി 47 കോടി 72 ലക്ഷം രൂപയും അറ്റ്ലാന്റിസ് ആർ.ഒ.ബി.-ക്കായി 89 കോടി 77 ലക്ഷത്തി നാൽപ്പതിനായിരം രൂപയും കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഈ രണ്ട് പദ്ധതികളുടെയും സ്ഥലം

ഏറ്റെടുക്കൽ നടപടി പുരോഗമിക്കുകയാണ്. വടുതല ആർ.ഒ.ബി.-യുടെ സർവ്വേ, സബ്-ഡിവിഷൻ, ആർ.ആർ. പാക്കേജ് തയ്യാറാക്കൽ, വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കൽ, കെട്ടിട വാല്യുവേഷനുള്ള റിപ്പോർട്ട് എന്നീ ജോലികൾ പുരോഗമിക്കുകയാണ്. ഇവ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ജി.എ.ഡി.-ക്ക് റെയിൽവേയുടെ അംഗീകാരം ലഭിച്ചത് ഗുണകരമാണ്. അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികളും സബ്-ഡിവിഷൻ സർവ്വേ, ബി.വി.ആർ. പ്രിപ്പറേഷൻ, പ്രീ-വാല്യുവേഷൻ തുടങ്ങിയ നടപടിക്രമങ്ങളും പുരോഗമിക്കുകയാണ്. കൊച്ചിൻ കോർപ്പറേഷൻ ഏറ്റെടുത്ത ഭൂമി കൈമാറുന്നതിനുള്ള പ്രമേയം കോർപ്പറേഷൻ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ജി.എ.ഡി. റെയിൽവേ നിർദ്ദേശിച്ച മാറ്റങ്ങളോടെ അംഗീകാരത്തിനായി വീണ്ടും സമർപ്പിച്ചിരിക്കുകയാണ്. വാത്തുരുത്തി മേൽപ്പാലത്തിനാവശ്യമായ ഭൂമി ദേശീയപാതാ അതോറിറ്റി, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ നേവി എന്നിവയുടെ നിയന്ത്രണത്തിലാണ്. പദ്ധതിപ്രദേശം നേവി എയർപോർട്ടിനു സമീപമായതിനാൽ നേവിയുടെ എൻ.ഒ.സി. ആവശ്യമാണ്. ഭൂമി വിട്ടുകിട്ടുന്നതിനും നേവിയുടെ എൻ.ഒ.സി. ലഭിക്കുന്നതിനുമുള്ള പരിശ്രമം തുടരുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. പ്രസ്തുത വിഷയം ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച സാഹചര്യത്തിൽ ഇതിന്റെ തുടർനടപടിക്കായി പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയെ നേരിട്ട് ചുമതലപ്പെടുത്തുന്നതാണ്.

## (9) കണ്ണൂർ ജില്ലാ ആശുപത്രിയുടെ വികസനം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കണ്ണൂർ ജില്ലയിലെ ആസ്ഥാന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ആശുപത്രിയിൽ അടുത്ത കാലത്താണ് അത്യാധുനികമായ കാത്ത് ലാബ് ഉദ്ഘാടനം ചെയ്തത്. അവിടെ ഇതിനോടകം നിരവധി സങ്കീർണ്ണമായ ഹൃദയ സംബന്ധമായ രോഗങ്ങൾ വിജയകരമായി ഭേദപ്പെടുത്തുകയുണ്ടായി. ഹൃദയാഘാതമേറ്റ് ഗുരുതരമായി മരണത്തെ മുഖാമുഖം കണ്ട പത്തിൽപ്പരം ആളുകളെയും മറ്റ് ഗുരുതരാവസ്ഥയിലുള്ള 124 പേരെയും രക്ഷപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. കിഫ്ബിയിൽനിന്നും 8 കോടി രൂപ, ജില്ലാ പഞ്ചായത്തിന്റെ 10 ലക്ഷം രൂപ, ജില്ലാ ആശുപത്രി ഫണ്ടിൽനിന്നും ബാക്കി തുക എന്നിവ സമാഹരിച്ച് കാത്ത് ലാബ് നിർമ്മിച്ചതുകൊണ്ടാണ് ഈ പ്രവർത്തനങ്ങളെല്ലാം നടത്താൻ സാധിച്ചത്. കഴിഞ്ഞ മാസം ജൂലൈ 26-ാം തീയതിയാണ് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി ആ ലാബ് ഉദ്ഘാടനം ചെയ്തത്. സർക്കാർ മെഡിക്കൽ കോളേജിലോ, സ്വകാര്യമെഡിക്കൽ കോളേജിലോ ഉള്ളതിനേക്കാൾ ആധുനിക സൗകര്യങ്ങളോടെയുള്ള കാത്ത് ലാബാണ് ഉദ്ഘാടനം ചെയ്യപ്പെട്ടതെങ്കിലും അവിടെ അടിയന്തര സൗകര്യങ്ങളുടെയും ജീവനക്കാരുടെയും

അപര്യാപ്തത നിലനിൽക്കുന്നുണ്ട്. കാർഡിയോളജി, നെഫ്രോളജി എന്നീ മേഖലകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തിക നിശ്ചയിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചാൽ മാത്രമെ സാധാരണക്കാർക്ക് ഗുണകരമായ നേട്ടങ്ങൾ ലഭ്യമാകുകയുള്ളൂ. നിലവിൽ ടി ആശുപത്രിയിൽ കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങളിൽ താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റിലും അഡീഷണൽ ചാർജ്ജും വഹിക്കുന്ന ഡോക്ടർമാരുടെ സേവനമാണ് ലഭ്യമാക്കിയിരിക്കുന്നത്. അവർക്ക് സ്ഥലംമാറ്റം വരികയാണെങ്കിൽ ലാബിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാകുന്നതാണ്. ആധുനിക സൗകര്യങ്ങളുള്ള കാത്ത് ലാബിന്റെ പ്രവർത്തനക്ഷമതയ്ക്കും ഗുണകരമായി അത് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ആവശ്യമായ ജീവനക്കാരെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും ഈ മേഖലയിൽ നിയോഗിക്കുന്നതിനും ഇത് കൂടുതൽ ജനക്ഷേമകരമായി മാറ്റിയെടുക്കുന്നതിനും നടപടി സ്വീകരിക്കണം. ടി ആശുപത്രിയിൽ ബഹുമാനപ്പെട്ട മന്ത്രിയും ഞാനും നേരിട്ട് സന്ദർശനം നടത്തി വിലയിരുത്തിയതാണ്. അതൊടൊപ്പം ജില്ലാ ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗം കെട്ടിടത്തിന്റെ പ്രവൃത്തിയും പൂർത്തീകരിക്കേണ്ടതുണ്ട്. ഈ രണ്ടു കാര്യങ്ങളിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കണ്ണൂർ ജില്ലാ ആശുപത്രിയിൽ 2400 ഒ.പി.-യും 400 ഐ.പി.-യുമാണുള്ളത്. ഇവിടെ സൂപ്രണ്ടും ഡെപ്യൂട്ടി സൂപ്രണ്ടും അടക്കം 59 ഡോക്ടർമാരുൾപ്പെടെ മൊത്തം 513 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളാണുള്ളത്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന 42-ഉം ആർ.എസ്.ബി.വൈ. മുഖേന 70-ഉം എച്ച്.എം.സി. മുഖേന 42-ഉം കരാർ/ അഡ്ഹോക് മുഖേന 14-ഉം വർക്കിംഗ് അറേഞ്ച്മെന്റും മറ്റുള്ളവരുംകൂടി 28-ഉം ചേർന്ന് മൊത്തം 196 താൽക്കാലിക ജീവനക്കാരുൾപ്പെടെ 709 ജീവനക്കാരാണ് ഇവിടെ സേവനമനുഷ്ഠിച്ചുവരുന്നത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഞാൻ ബഹുമാന്യനായ എം.എൽ.എ.-യ്ക്കൊപ്പം രണ്ടുമൂന്നു തവണ സന്ദർശനം നടത്തിയിട്ടുണ്ട്. കഴിഞ്ഞ മാസമാണ് അവിടെ ആധുനിക കാത്ത് ലാബിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തത്. 17 ഡിപ്പാർട്ടുമെന്റുകൾ മുഖാന്തരം സ്പെഷ്യാലിറ്റി സേവനവും കാർഡിയോളജി, നെഫ്രോളജി ഡിപ്പാർട്ടുമെന്റുകൾ മുഖാന്തരം സൂപ്പർ സ്പെഷ്യാലിറ്റി സേവനവും ഇവിടെ ലഭ്യമാക്കിവരുന്നുണ്ട്. കാത്ത് ലാബ്, എക്സ്റേ ലാബ്, സി.റ്റി. സ്കാനിംഗ്, ഫാർമസി എന്നിവയുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്. തിങ്കൾ, വ്യാഴം, ദിവസങ്ങളിൽ കാർഡിയോളജി ഒ.പി.-യും ചൊവ്വ, വെള്ളി ദിവസങ്ങളിൽ നെഫ്രോളജി ഒ.പി.-യുമാണുള്ളത്. നെഫ്രോളജി വിഭാഗത്തിൽ നിലവിൽ അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ള ഒരു നെഫ്രോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 19 ഡയാലിസിസ് മെഷീനുകളുടെ സഹായത്തോടെ നാലു

ഷിഫ്റ്റുകളിലുമായി 130 രോഗികൾക്ക് ഡയാലിസിസ് സേവനവും നൽകി വരുന്നുണ്ട്. ശ്വാസ തടസ്സമുള്ള വൃക്കരോഗികൾക്ക് ജീവൻ രക്ഷിക്കുന്നതിനുള്ള ഫെമോറൽ സേവനം നെഫ്രോളജിസ്റ്റ് നേരിട്ട് നൽകുന്നതോടൊപ്പം വൃക്കരോഗ നിർണ്ണയത്തിനുവേണ്ടി കിഡ്നി ബയോപ്സി ടെസ്റ്റും നടത്തിവരുന്നു. ഹീമോ ഡയാലിസിസ് കൂടാതെ പെരിറ്റോണിയൽ ഡയാലിസിസും ഇവിടെ നടത്തിവരുന്നുണ്ട്. കൺസൾട്ടന്റ് റേഡിയോ ഡയഗ്നോസിസ് -1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II-1, ഡയാലിസിസ് ടെക്നീഷ്യൻ-3, റേഡിയോഗ്രാഫർ ഗ്രേഡ് II-1, എക്സ്റേ അറ്റൻഡന്റ്-1, മോർച്ചറി ടെക്നീഷ്യൻ-1, മോർച്ചറി അറ്റൻഡന്റ്-1, മെഡിക്കൽ റെക്കോർഡ്സ് അറ്റൻഡന്റ്-1, ലാബ് ടെക്നീഷ്യൻ-1 എന്നിങ്ങനെ 13 തസ്തികകൾ ഈ ആശുപത്രിയിൽ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും 8 കോടി രൂപയും ജില്ലാ പഞ്ചായത്തിൽനിന്നും 10 ലക്ഷം രൂപയും ആശുപത്രിയുടെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഫണ്ടിൽനിന്നും ഏകദേശം 1 കോടി രൂപയും ഉൾപ്പെടെ 9 കോടിയോളം രൂപ ചെലവഴിച്ചുകൊണ്ടാണ് ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ആധുനിക കാത്ത് ലാബ് സജ്ജമാക്കിയത്. കാത്ത് ലാബിന്റെയും സി.സി.യു.-വിന്റെയും പ്രവർത്തനത്തിന്റെ ഭാഗമായി ധാരാളം രോഗികൾക്ക് മികച്ച സേവനം നൽകിവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രൈമറി ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെ അവിടെ നടത്താൻ കഴിഞ്ഞിട്ടുണ്ട്. 133 ഹൃദ്രോഗികൾക്ക് കാത്ത് ലാബിൽനിന്നും ചികിത്സ നൽകിയിട്ടുണ്ട്. കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചതോടെ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി, പേസ് മേക്കർ ഇംപ്ലാന്റേഷൻ, തുടങ്ങി വിവിധ സേവനങ്ങൾ നൽകിവരുന്നുണ്ട്. പ്രൈമറി ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെ 58 ആൻജിയോ പ്ലാസ്റ്റിയാണ് ചെയ്തിട്ടുള്ളത്. ഇതുവരെ 7415 എക്കോ ടെസ്റ്റുകളും 484 ടി.എം.ടി.-യും 43 ഹോൾട്ട് ടെസ്റ്റുകളും നടത്തിയിട്ടുണ്ട്. ഇവിടെ 58 പി.ടി.സി.എ.-യും 2 പെരിഫറൽ പ്രൊസീജ്യറും 15 പ്രൈമറി പി.ടി.സി.എ.-യും നടത്തിയിട്ടുണ്ട്. കാർഡിയോളജി, നെഫ്രോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി കൺസൾട്ടന്റ് കാർഡിയോളജി-2, കൺസൾട്ടന്റ് ന്യൂറോളജി-1, കൺസൾട്ടന്റ് നെഫ്രോളജി-1, കാത്ത് ലാബ് അസിസ്റ്റന്റ് സർജൻ-1, നെഫ്രോളജി അസിസ്റ്റന്റ് സർജൻ-1 എന്നിങ്ങനെ 6 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള കാർഡിയോളജിസ്റ്റ് ഈ ആശുപത്രിയിൽ മെഡിസിൻ കൺസൾട്ടന്റായി സേവനമനുഷ്ഠിച്ചുവരികയാണ്. കാർഡിയോളജിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബിരുദ യോഗ്യതയുള്ള അദ്ദേഹത്തെ കാത്ത്- ലാബിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ സൂപ്പർ സ്പെഷ്യാലിറ്റി ബിരുദം നേടിയിട്ടുള്ള ഇവിടെയുള്ള മറ്റൊരു അസിസ്റ്റന്റ് സർജനെയും കാത്ത് ലാബിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ തസ്തികളിലേയ്ക്കുള്ള സ്ഥിര നിയമനവും തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലാണ്.

(10) കുന്നംകുളം താലൂക്കാശുപത്രിയുടെ വികസനം

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രതിദിനം നൂറുകണക്കണിന് രോഗികൾ എത്തിച്ചേരുന്ന ആശുപത്രിയാണ് കുന്നംകുളം താലൂക്കാശുപത്രി. സമീപ ജില്ലകളായ പാലക്കാട്, മലപ്പുറം എന്നിവയുമായി അതിർത്തി പങ്കിടുന്ന പ്രദേശമായതിനാൽ ഇവിടെനിന്നുള്ള രോഗികൾ ഈ ആശുപത്രിയെ ആശ്രയിക്കാറുണ്ട്. ടി ആശുപത്രിയിൽനിന്നും 30 കി. മീ. അകലെയാണ് തൃശ്ശൂർ മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. കുന്നംകുളം താലൂക്കാശുപത്രിയുടെ വികസനപ്രവർത്തനങ്ങൾ കിഫ്ബി മുഖേന നടപ്പാക്കുന്നതിനുള്ള ഭരണാനുമതി 2020 ഫെബ്രുവരി മാസത്തിൽ വകുപ്പിൽനിന്നും ലഭിക്കുകയും ഇൻകെൽ ലിമിറ്റഡിനെ എസ്.പി.വി. (Special Purpose Vehicle) ആയി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇൻകെൽ ലിമിറ്റഡ് ഡി.പി.ആർ. സമർപ്പിച്ചതിനുശേഷം കിഫ്ബി നാല് തവണ അവലോകനയോഗങ്ങൾ ചേർന്നെങ്കിലും കഴിഞ്ഞ രണ്ടുവർഷക്കാലമായിട്ടും കിഫ്ബിയിൽനിന്നും അനുമതി ലഭ്യമാക്കി നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ നടത്തണമെന്നും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ആശുപത്രിയുടെ സാങ്കേതിക സൗകര്യങ്ങളും അടിസ്ഥാനസൗകര്യങ്ങളും വികസിപ്പിക്കാനാവശ്യമായ പദ്ധതി എത്രയുംവേഗം ആരംഭിക്കണമെന്നും ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കുന്നംകുളം നിയോജകമണ്ഡലത്തിലെ താലൂക്കാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് 2017-ൽ കിഫ്ബി മുഖേന ഫണ്ട് അനുവദിക്കാൻ തീരുമാനിക്കുകയും ആയതിനുള്ള ഭരണാനുമതി 2019-ൽ നൽകുകയും ചെയ്തിട്ടുണ്ട്. 124 കിടക്കകളോടുകൂടിയ ചികിത്സാ സൗകര്യങ്ങളുള്ള ടി ആശുപത്രിയിൽ ദിവസേന ഏകദേശം 1100 പേർ ഔട്ട്-പേഷ്യന്റായും നൂറ്റിഇരുപതോളം ആളുകൾ ഇൻ-പേഷ്യന്റായും ചികിത്സതേടിയെത്തുന്നുണ്ട്. ഈ ആശുപത്രിയുടെ ഗൈനക്കോളജി വിഭാഗത്തിൽ ഒരു മാസം ഏകദേശം 120 പ്രസവങ്ങളും 80 മേജർ സർജറികളും നടക്കാറുണ്ട്. സർജറി വിഭാഗത്തിൽ 10 മൈനർ സർജറികളും ഇ.എൻ.ടി. വിഭാഗത്തിൽ 30 മേജർ സർജറികളും 40 മൈനർ സർജറികളും സാധാരണയായി നടത്തിവരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സംവിധാനമുള്ള ഈ ആശുപത്രിയിൽ നിരവധിയാളുകൾ പീഡിയാട്രിക്-ജനറൽ മെഡിസിൻ-നേത്ര വിഭാഗങ്ങളിൽ ദിവസേന ചികിത്സയ്ക്കായി ആശ്രയിക്കാറുണ്ട്. ഈ ആശുപത്രിയിൽ നിലവിൽ 24 രോഗികൾക്ക് ഡയാലിസിസും നൽകി വരുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിനുവേണ്ടിയുള്ള കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭനടപടി ആരംഭിക്കുകയും 1 കോടി 10 ലക്ഷം രൂപ

എം.എൽ.എ. ഫണ്ടിൽനിന്നും ചെലവഴിച്ചുകൊണ്ട് പേവാർഡ് സൗകര്യത്തിനുള്ള നിർമ്മാണപ്രവൃത്തികൾ നടത്തിവരികയും ചെയ്യുന്നുണ്ട്. കുന്നംകുളം താലൂക്കാശുപത്രിയുടെ സമഗ്രവികസനം ലക്ഷ്യംവച്ച് 2019-ലാണ് കിഫ്ബി ധനസഹായത്തോടെ നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിനായി എസ്.പി.വി. ആയി ഇൻകെൽ ലിമിറ്റഡിനെ തെരഞ്ഞെടുത്തത്. നിലവിൽ 97 കോടി 12 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇൻകെൽ ലിമിറ്റഡ് സമർപ്പിച്ച റിപ്പോർട്ടിന്മേൽ Technical, Structural design എന്നിവയുടെ അവലോകനം നടത്തിവരുന്നതായി കിഫ്ബി അറിയിച്ചിട്ടുണ്ട്. നിലവിൽ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണുള്ളത്. കിഫ്ബിയുടെ ഡിസൈൻ അവലോകന വിഭാഗം ചൂണ്ടിക്കാട്ടിയ അപാകത പരിഹരിച്ചുകൊണ്ട് തിരുത്തൽ വരുത്തിയ അനുബന്ധ ഡ്രോയിംഗുകൾ ഉൾപ്പെടെയുള്ള സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട് ഇൻകെൽ ലിമിറ്റഡ് കിഫ്ബിക്ക് സമർപ്പിച്ചെങ്കിലും കിഫ്ബിയുടെ പരിശോധനയിൽ അവ പൂർണ്ണമായും തൃപ്തികരമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ച GRIHA (Green Rating for Integrated Habitat Assessment) മാനദണ്ഡങ്ങൾക്കുമനുസൃതമായും സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗുകളും പുതുക്കിയ എസ്റ്റിമേറ്റും സമർപ്പിക്കാൻ ഇൻകെൽ ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയതിലേയ്ക്കായി നൽകിയ മറുപടി പരിശോധിച്ചു വരികയാണെന്നും കിഫ്ബി അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കിഫ്ബി നിർദ്ദേശിച്ച GRIHA മാനദണ്ഡപ്രകാരം തൃപ്തികരമാണെങ്കിൽ അന്തിമ റിപ്പോർട്ട് തയ്യാറാക്കി അടുത്ത് ചേരുന്ന കിഫ്ബിയുടെ ബോർഡ്/എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതാണെന്നും പദ്ധതിയുടെ ധനകാര്യാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും കിഫ്ബി അറിയിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച് നാലഞ്ച് വർഷമായിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച് ബന്ധപ്പെട്ട എസ്.പി.വി.-കളെ പ്രത്യേകമായി വിളിച്ചുവരുത്തി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ അനന്തമായി നീട്ടിക്കൊണ്ടുപോകാൻ കഴിയില്ലെന്നുള്ള കർശന നിലപാട് സർക്കാർ അറിയിച്ചിട്ടുണ്ട്. സമയക്രമം നിശ്ചയിച്ച് അതിനനുസൃതമായി പ്രവർത്തിക്കുന്നില്ലെങ്കിൽ നിലവിലെ ഉത്തരവ് റദ്ദാക്കി പ്രവൃത്തികൾ മറ്റ് എസ്.പി.വി.-കളെ ഏൽപ്പിക്കുന്ന കാര്യവും യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. കിഫ്ബിയുടെ പരിശോധനാ നടപടിക്കനുസൃതമായി എസ്.പി.വി.-കൾ അവരുടെ പ്ലാനും എസ്റ്റിമേറ്റും കിഫ്ബിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആരോഗ്യ വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച്, ചെക്ക് ലിസ്റ്റ് തയ്യാറാക്കി കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

12.14 PM]

## VI. റിപ്പോർട്ടുകളുടെ സമർപ്പണം

(1) താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിച്ചു.

(i) 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (നെന്മാറ): സർ, 2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അംഗമായ ഞാൻ സമർപ്പിക്കുന്നു.

(ii) 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (നെന്മാറ): സർ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അംഗമായ ഞാൻ സമർപ്പിക്കുന്നു.

(2) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ എക്സ്-ഒഫിഷ്യോ അംഗമായ ഞാൻ സമർപ്പിക്കുന്നു.

(3) 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(4) 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. സി. മൊയ്തീൻ: സർ, 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

12.16 PM]

## VII. റൂളിംഗ്

### നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ നോട്ടീസുകൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ...ഓർഡർ... സഭയുടെ നടപ്പുസമ്മേളനത്തിൽ 23-08-2022-ന് മറുപടി പറയേണ്ട നക്ഷത്രചിഹ്നമിട്ട ചോദ്യമായി സഭയിൽ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്ന 26 നോട്ടീസുകൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യമാക്കി മാറ്റിയെന്നും അപ്രകാരം മാറ്റിയപ്പോൾ ചട്ടം 39-ന്റെ ക്ലിപ്ത നിബന്ധന പ്രകാരം നോട്ടീസ് നൽകിയ അംഗത്തോട് വാങ്മൂലം ഉത്തരം നൽകേണ്ടതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടില്ലെന്നും ഇത്തരം നടപടി ക്രമപ്രകാരമല്ലെന്നും കാണിച്ച് കോൺഗ്രസ് നിയമസഭാ കക്ഷി സെക്രട്ടറി ശ്രീ. എ. പി. അനിൽ കുമാർ ചെയറിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് അംഗങ്ങൾ നൽകിയിരുന്ന നോട്ടീസും അനുബന്ധ രേഖകളും ചെയർ വിശദമായി പരിശോധിച്ചു.

2022 ആഗസ്റ്റ് 23-ാം തീയതി മറുപടിക്കായി നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളായി അംഗങ്ങൾ സമർപ്പിച്ച 26 നോട്ടീസുകളും വിശദമായ പരിശോധനയ്ക്കുശേഷമാണ് നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളായി അനുവദിക്കപ്പെട്ടത്. വാക്കാൽ മറുപടി പറയുന്നതിനുള്ള ചോദ്യങ്ങളുടെ നോട്ടീസുകളെ ഏത് സാഹചര്യത്തിലാണ് നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളായി

പരിഗണിക്കേണ്ടത് എന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥകൾ സഭാചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള നിർദ്ദേശം നമ്പർ 1-ൽ അടങ്ങുന്നുണ്ട്. പ്രസ്തുത നിർദ്ദേശമനുസരിച്ച് പൊതുവിൽ വേണ്ടത്ര പൊതുപ്രാധാന്യം ഇല്ലാത്തതും സഭാതലത്തിൽ വിശദമാക്കത്തക്ക വിധത്തിൽ യാതൊരു നയപരമായ അടിസ്ഥാനമില്ലാത്തതും കേട്ടുകേഴ്വിയെയും കിംവദന്തിയെയും അടിസ്ഥാനമാക്കി പൊതുജനങ്ങളുടെ തെറ്റിദ്ധാരണ ദൂരീകരിക്കുന്നതുമായ ചോദ്യങ്ങൾ നക്ഷത്ര ചിഹ്നമിടാത്തവയാക്കി മാറ്റാവുന്നതാണ്. പ്രസ്തുത നിർദ്ദേശങ്ങളിലെ 1 (സി), (ഇ), (ജി) എന്നീ ഇനങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപ്രകാരമാണ് ഇവിടെ പരാമർശവിധേയമായ 26 ചോദ്യങ്ങളും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്. ഇത് തികച്ചും ക്രമപ്രകാരം ചെയ്ത നടപടിയായിരുന്നു. മാത്രമല്ല, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 39-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് "സ്പീക്കറുടെ അഭിപ്രായത്തിൽ വാക്കാൽ മറുപടി നൽകുന്നതിന് കൊടുത്തിട്ടുള്ള ഏതെങ്കിലും ചോദ്യത്തിന് രേഖാമൂലമുള്ള മറുപടി നല്കുന്നതാണ് കൂടുതൽ ഉചിതമെങ്കിൽ, സ്പീക്കർക്ക് അങ്ങനെയുള്ള ചോദ്യം രേഖാമൂലമുള്ള മറുപടി നൽകുന്നതിനുള്ള ചോദ്യങ്ങളുടെ പട്ടികയിൽ ചേർക്കാൻ നിർദ്ദേശം നൽകാവുന്നതാണ്" എന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ക്രമരഹിതമായോ ചട്ടവിരുദ്ധമായോ ഒന്നും സംഭവിച്ചിട്ടില്ലെന്നാണ് കാണുന്നത്.

എന്നാൽ ആഗസ്റ്റ് 23-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ചോദ്യം നമ്പർ 7-ന്റെ (സി) 'പിരിവിൽ സംസ്ഥാനത്തെ എം.പി.-മാരിൽ മഹാഭൂരിപക്ഷവും പാർലമെന്റിൽ സംസ്ഥാന വികസന താൽപ്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാന വികസനത്തിന് ഗുണമാകുന്ന തരത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ സംസ്ഥാന സർക്കാർ അവരോട് ആവശ്യപ്പെടുമോ' എന്ന ചോദ്യം അൺഫെയർ ആണെന്നും അംഗത്തിന്റെ നോട്ടീസ് വേണ്ട രീതിയിൽ എഡിറ്റ് ചെയ്യാതെ അനുവദിക്കപ്പെട്ടത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യവും ചെയർ വിശദമായി പരിശോധിച്ചു.

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 36(2) (എ) മുതൽ (യു) വരെയുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് ചോദ്യങ്ങൾ സംബന്ധിച്ച നോട്ടീസിന് അനുമതി നൽകുന്നത്. നോട്ടീസുകളിൽ പലപ്പോഴും കടന്നുകൂടാറുള്ള വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ, ആരോപണങ്ങളോ, വിശേഷണങ്ങളോ, അപകീർത്തികരമായ സ്റ്റേറ്റ്മെന്റുകളോ ഒഴിവാക്കിയാണ് അന്തിമാനുമതി നൽകുന്നത്. മുകളിൽ പരാമർശിച്ചിട്ടുള്ള ചോദ്യത്തിന്റെ നോട്ടീസ് പരിശോധിച്ച് എഡിറ്റ് ചെയ്ത് അനുമതി നൽകുന്ന കാര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചതായാണ് കാണുന്നത്. ഈ സഭയുടെ കാലത്ത് ഒന്നാം സമ്മേളനത്തിൽതന്നെ 8-6-2021-ൽ ഇതുസംബന്ധിച്ച് ചെയർ വ്യക്തമായ റൂളിംഗ് നൽകിയിട്ടും ഇത്തരത്തിലുള്ള അപാകത ചോദ്യങ്ങളുടെ ലിസ്റ്റിൽ കടന്നുകൂടുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാനാവില്ല. ഇത്തരം വീഴ്ചകൾ മേലിൽ ആവർത്തിക്കരുതെന്ന് ബന്ധപ്പെട്ടവരെ ചെയർ ശക്തമായി താക്കീത് ചെയ്യുന്നു.

ചോദ്യങ്ങൾ തയ്യാറാക്കുന്ന വേളയിൽ ഇത്തരം ആക്ഷേപകരവും അനുചിതവുമായ പരാമർശങ്ങൾ കടന്നുകൂടാതിരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ മുൻ റൂളിംഗിലൂടെ പ്രത്യേകമായി ഓർമ്മിപ്പിച്ചിരുന്നെങ്കിലും ഇപ്പോഴും ചില അംഗങ്ങൾ നൽകുന്ന നോട്ടീസുകളിലൂടെ ബോധപൂർവ്വം ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്തുന്നുവെന്ന് കാണുന്നതിൽ ചെയറിന്റെ അസന്തുഷ്ടിയും ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

12.21 PM]

## VIII. നിയമനിർമ്മാണകാര്യം

1. <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:</u>

(i) <u>2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ</u>

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. നൗഷാദ്]

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭേദഗതി ചെയ്യുന്നതിലുള്ള വ്യവസ്ഥകളോട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജില്ലാസഹകരണ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട് പ്രകാരം നിശ്ചയിച്ചിരുന്ന രണ്ട് വർഷക്കാലയളവ് മൂന്ന് വർഷമായി ഉയർത്താനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. കേരള ബാങ്ക് രൂപീകരിച്ച് മൂന്നുവർഷം തികയുകയാണ്. സംസ്ഥാന സഹകരണബാങ്കും ജില്ലാ സഹകരണ ബാങ്കുകളും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും അടങ്ങുന്ന ത്രിതല ഘടനയ്ക്കുപകരം ജില്ലാസഹകരണ ബാങ്കുകളെ ഇല്ലാതാക്കി ദ്വിതല ഘടനയാക്കി മാറ്റുകയാണ് ചെയ്തത്. ഇത് കാരണം താരതമ്യേന ശക്തമായ രീതിയിൽ പ്രവർത്തിക്കുകയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ പ്രതിസന്ധികളിൽ സഹായിക്കുകയും ചെയ്തിരുന്ന ജില്ലാ ബാങ്കുകൾ പൂർണ്ണമായും ഇല്ലാതെയായി. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ പ്രതിസന്ധികൾ നേരിടുമ്പോൾ മുൻകാലങ്ങളിൽ ജില്ലാ ബാങ്കുകൾക്ക് അവയെ സർക്കാരിന്റെ അനുമതിയോടുകൂടി സഹായിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ നിലവിൽ കേരള ബാങ്കിന് അപ്രകാരമുള്ള സഹായങ്ങൾ ചെയ്യുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭിക്കാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. സംസ്ഥാനത്തിന്റെ മാത്രം അധീനതയിലുള്ള സംസ്ഥാന സഹകരണ ബാങ്കുകളെ കേന്ദ്ര സർക്കാരിന്റെ അധീനതയിലാക്കുന്ന നടപടിയായിരുന്നു കേരള ബാങ്ക് രൂപീകരണം. അത് ഫിസ്കൽ ഫെഡറലിസം എന്ന തത്വത്തിനുതന്നെ എതിരാണ്. ആയതിനാൽ സുശക്തമായ ജില്ലാ സഹകരണ ബാങ്കുകൾ ഇല്ലാതാക്കുന്ന ബില്ലിലെ വ്യവസ്ഥയോട് ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സംസ്ഥാനത്ത് അറിയപ്പെടുന്ന ജില്ലാ സഹകരണ ബാങ്കാണ്. കാലാകാലങ്ങളിൽ മാറി വരുന്ന സർക്കാരുകൾ ആവിഷ്കരിക്കുന്ന എല്ലാ പദ്ധതികളും വളരെ വിജയകരമായി നടപ്പിലാക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ ഏകദേശം 4500 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുകയും 3600 കോടിയോളം രൂപയുടെ വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. ഈ ബാങ്കിന്റെ ഏകദേശം 54 ബ്രാഞ്ചുകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞവർഷം ജില്ലാ സഹകരണ ബാങ്കിന്റെ ലാഭം രണ്ടേകാൽ കോടി രൂപയായിരുന്നു. ഏകീകരണത്തിൽ പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്ക് Core banking, RTGS (Real-Time Gross

Settlement), NEFT (National Electronic Funds Transfer), Cheque truncation system, ATM (Automated Teller Machine) എന്നിങ്ങനെ നൂതനമായ എല്ലാ സാങ്കേതികവിദ്യകളും ഉപയോഗിച്ചാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഏകദേശം രണ്ട് ലക്ഷം ഉപഭോക്താക്കൾ ഈ ബാങ്കിൽ ഇടപാടുകൾ നടത്തുന്നുണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ലയനവുമായി ബന്ധപ്പെട്ട് രണ്ട് പ്രാവശ്യം വിളിച്ചുകൂട്ടിയ ജനറൽ ബോഡി യോഗങ്ങളിൽ മൂന്നിൽ-രണ്ട് മെജോറിറ്റിയോടുകൂടിയാണ് എ-ക്ലാസ് മെമ്പർമാർ പ്രമേയത്തെ എതിർത്തത്. അതുപോലെ ലയനം സംബന്ധിച്ച് റിസർവ് ബാങ്ക് വിളിച്ച രണ്ട് ജനറൽ ബോഡി യോഗങ്ങളിലും മൂന്നിൽ-രണ്ട് മെജോറിറ്റിയോടുകൂടിയാണ് അമാൽഗമേഷൻ തീരുമാനത്തെ സംഘങ്ങൾ എതിർത്തത്. അതുകൊണ്ടാണ് ഈ ജില്ലാ സഹകരണ ബാങ്ക് ഇപ്പോഴും മലപ്പുറം ജില്ലാ സഹകരണ ബാങ്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കി മാറ്റുന്നതിന് പ്രസ്തുത ആക്ട് പ്രകാരം നിശ്ചയിച്ചിരുന്ന രണ്ട് വർഷക്കാലയളവ് എന്നത് മൂന്നുവർഷമായി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതിയാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. റിസർവ് ബാങ്ക് കക്ഷിയായ രണ്ട് കേസ്സുകൾ ഇപ്പോഴും ഹൈക്കോടതിയിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ റിസർവ് ബാങ്കിന്റെ അനുവാദം നിയമപ്രകാരം ലഭിക്കുമോയെന്ന് സംശയത്തോടെ കാണേണ്ടിയിരിക്കുന്നു. അതുകൊണ്ട് മലപ്പുറം ജില്ലാ ബാങ്കിനെ ശത്രുതയോടുകൂടി കാണാതെ നിലവിൽ പ്രവർത്തിക്കുന്ന രീതിയിൽത്തന്നെ തുടരാനുള്ള പ്രവർത്തനാനുമതി നൽകണമെന്ന് അപേക്ഷിക്കുകയാണ്. ബാങ്കിന്റെ പ്രവർത്തനം പ്രശസ്തമായ രീതിയിലാണ് നടക്കുന്നതെന്ന് ബഹുമാന്യനായ മന്ത്രിക്ക് അറിയാവുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ ബാങ്കിനെ വിശ്വാസത്തിലെടുത്തുകൊണ്ട് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനത്തിന് തടസ്സം നിൽക്കാതെ കേരള ബാങ്കിൽനിന്ന് ആവശ്യമായ സഹായം നൽകി ഈ ബാങ്കിന് പ്രവർത്തിക്കാനുള്ള അവസരമുണ്ടാക്കണം. സഹകരണ സ്ഥാപനങ്ങളിൽ വർദ്ധിച്ചുവരുന്ന ക്രമക്കേടുകളെക്കുറിച്ച് വളരെ ഗൗരവമായി ചർച്ച ചെയ്യണം. വാർത്താമാധ്യമങ്ങളിലും വർത്തമാനപത്രങ്ങളിലും വിഷ്വൽമീഡിയയിലും ദിവസേന ഇതുസംബന്ധിച്ച വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ വിശ്വാസ്യതയെ തകർക്കുന്നതിനായി വലിയതോതിലുള്ള നിഗൂഢശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ട് അടിയന്തരമായി നടപടി സ്വീകരിക്കണം. ക്രമക്കേടുകൾ കണ്ടെത്തുന്ന സഹകരണസംഘങ്ങളിൽ അവ എന്താണെന്നത് സംബന്ധിച്ച് വളരെ ഗഹനമായ രീതിയിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണം. ഇത് ലാഘവത്തോടെ കാണേണ്ട വിഷയമല്ല. സഹകരണ മേഖലയിലെ താഴെത്തട്ടിലുള്ള പ്രൈമറി സംഘം മുതൽ അപ്പെക്സ്

സംഘത്തിന്റെ ഭരണസമിതിയിൽവരെ ദീർഘകാലം അംഗമായിരുന്ന ആളെന്ന നിലയിൽ നമ്മുടെ പ്രിയപ്പെട്ട മന്ത്രിക്ക് സഹകരണമേഖലയുടെ കരുത്തിനെക്കുറിച്ച് നന്നായറിയാവുന്നതാണ്. ഈ വിഷയം വളരെ ഗൗരവതരമായി കണക്കിലെടുത്തില്ലെങ്കിൽ സഹകരണ മേഖല ആർജ്ജിച്ച പുരോഗതി നമുക്ക് നഷ്ടപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മൾ സഹകരണ മേഖലയെ സംബന്ധിച്ച് അഭിമാനംകൊള്ളുന്നവരാണ്. വൈവിദ്ധ്യ വത്കരണത്തിലൂടെ ലോകത്തിന് മാതൃക സൃഷ്ടിച്ച സാമ്പത്തിക സ്രോതസ്സായ സഹകരണ പ്രസ്ഥാനം തകർന്നാൽ സംഭവിക്കാൻ പോകുന്ന ഗുരുതരമായ ഭവിഷ്യത്തിനെ സംബന്ധിച്ച് വളരെ ഗൗരവമായി കാണണം. ആഡിറ്റ് സംവിധാനത്തിൽ ഒരു കാരണവശാലും ക്രമക്കേടുകൾ വരാതിരിക്കുന്നതിന് ഏതെങ്കിലും തരത്തിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പഴുതടച്ചുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ സാധിക്കണം. സംസ്ഥാനത്ത് ICM (Institute of Co-operative Management), ACSTI (Agricultural Co-operative Staff Training Institute) എന്നീ രണ്ട് സ്ഥാപനങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുകയും ജീവനക്കാർക്കാവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്യുന്നുണ്ട്. സഹകരണ വകുപ്പിൽ ജോലി ചെയ്യുന്ന യൂണിറ്റ് ഇൻസ്പെക്ടർ മുതൽ ആഡിറ്റർമാർ അടക്കമുള്ളവർക്കാണ് അത്യാവശ്യമായി ട്രെയിനിംഗ് കൊടുക്കേണ്ടത്. എല്ലാ സംഘങ്ങളിലും നൂതനമായ സാങ്കേതികവിദ്യകളുപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയ സാഹചര്യത്തിൽ അവിടെ നടക്കുന്ന ക്രമക്കേടുകൾ മനസ്സിലാക്കണമെങ്കിൽ പരിശീലനം ആവശ്യമാണ്. ഇത്തരം സംഘങ്ങൾ ഇൻസ്പെക്ട് ചെയ്യുന്ന ഉദ്യോഗസ്ഥർക്കാവശ്യമായ പരിശീലനം വിദഗ്ദ്ധരുടെ സാന്നിദ്ധ്യത്തിൽ നൽകിയാൽ മാത്രമെ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. സഹകരണ മേഖല ഡിജിറ്റലൈസേഷനിലേയ്ക്ക് പോകുകയാണ്. ജീവനക്കാരും ഭരണസമിതി അംഗങ്ങളും അത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനുള്ള ഫലപ്രദമായ നടപടി ആവശ്യമാണ്. ആര് ഭരിക്കുന്ന സംഘങ്ങളായിരുന്നാലും ഇത്തരം വാർത്തകൾ ആവർത്തിക്കാതിരിക്കാനുള്ള ഫലപ്രദമായ ഇടപെടലുകൾ നടത്തണമെന്നതാണ് സഹകരണ മേഖലയിൽ അടിയന്തരമായി ചെയ്യേണ്ട കാര്യം. സഹകരണ മേഖലയുടെ വിശ്വാസ്യതയെ തകർക്കുന്നതിനുവേണ്ടി നടക്കുന്ന ആസൂത്രിതമായ ഗൂഢശ്രമങ്ങളെ ചെറുക്കുന്നതിനായി സർക്കാർ ഗൗരവമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ കുറച്ചുകൂടി വളരെ കൃത്യമായി സഹകരണ മേഖലയിൽ ഇടപെട്ടുകൊണ്ട് ഏതെല്ലാം തരത്തിലുള്ള പരിശോധന ആവശ്യമാണെന്ന് കണ്ടെത്തി അത് നടത്താനുള്ള ഫലപ്രദമായ നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ശ്രീ. പി. ഉബൈദുള്ള: സർ, അങ്ങ് സഹകരണ മേഖല ആർജ്ജിച്ച കരുത്തിനെ സംബന്ധിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. എന്നാലിപ്പോൾ

കേന്ദ്ര ഗവൺമെന്റ് സഹകരണ മന്ത്രാലയം രൂപീകരിക്കുകയും അഞ്ച് ലക്ഷം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. സഹകരണ ശൃംഖലയിലെ ഏറ്റവും പ്രധാനപ്പെട്ട കണ്ണിയെന്നുപറയുന്നത് Primary Agricultural Credit Society (PACS)കളാണ്. യഥാർത്ഥത്തിൽ പ്രാഥമിക സംഘങ്ങളെ തകർക്കുന്ന നടപടിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഭാവിയിൽ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികൾ; നബാർഡ് ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളുടെ സഹായങ്ങളും സബ്സിഡികളുമൊക്കെ നിർദ്ദിഷ്ട മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾവഴി വിതരണം ചെയ്യുമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം പ്രാഥമിക സഹകരണ സംഘങ്ങളെ തകർക്കുന്ന നടപടിയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുമെന്നാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കേന്ദ്ര സഹകരണ മന്ത്രാലയം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചെങ്കിലും അതിന്റെ പ്രവർത്തനങ്ങളെ വളരെ സംശയത്തോടുകൂടിയാണ് നമ്മൾ നോക്കിക്കാണുന്നത്. സഹകരണ മേഖലയിൽ അതുണ്ടാക്കിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ചില്ലറയല്ല. മിക്കവാറും എല്ലാ ഗ്രാമപ്രദേശങ്ങളിലും മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകളുടെ രൂപീകരണവും പ്രവർത്തനങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, നമ്മൾ പ്രൈമറി തലത്തിൽ കൊടുക്കുന്ന പലിശനിരക്കിനെക്കാളും ഉയർന്ന നിരക്കിൽ അവർ നിക്ഷേപം സ്വീകരിക്കുന്നതിനെ വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. സഹകരണ മന്ത്രാലയം രൂപീകരിച്ചുതന്നെ നമ്മുടെ സഹകരണ മേഖലയെ തകർക്കാനാണെന്ന് സംശയിക്കുന്ന തരത്തിലാണ് കാര്യങ്ങൾ പോകുന്നത്. വലിയ തോതിലുള്ള ഇടപെടലാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്.

ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കേണ്ട ഒരു വിഷയത്തെക്കുറിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സഹകരണ മേഖലയിൽ ഏകദേശം രണ്ടര ലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ട്. കുറെ വർഷങ്ങൾക്ക് മുമ്പ്, മരണപ്പെട്ട ടി. ശിവദാസ മേനോൻ ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. പാലോളി മുഹമ്മദ് കുട്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഹകരണ വകുപ്പുമന്ത്രിയുമായിരുന്ന സന്ദർഭത്തിൽ നിക്ഷേപത്തെയും അതിന്റെ യൂട്ടിലൈസേഷനെയും സംബന്ധിച്ച് ഫലപ്രദമായ ഒന്നുരണ്ട് യോഗങ്ങൾ വിളിച്ചുകൂട്ടിയിരുന്നു. മലപ്പുറം ജില്ലാ ബാങ്കിന്റെ പ്രസിഡന്റെന്ന നിലയിൽ ഞാനും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ആ യോഗത്തിൽ ഉണ്ടായിരുന്നോയെന്ന് എനിക്കറിയില്ല. നമ്മുടെ സഹകരണ

മേഖലയിലെ നിക്ഷേപം വികസന പ്രവർത്തന രംഗത്തേയ്ക്ക് എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നത് സംബന്ധിച്ച വിഷയത്തിൽ വളരെ ഗൗരവതരമായ ചർച്ച നടത്തുകയുണ്ടായി. ഇന്ന് സാമ്പത്തികമായി പല മേഖലകളും പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വികസന പ്രവർത്തന രംഗത്ത് പണമില്ലാത്ത അവസ്ഥയാണ്. മറ്റ് ഏജൻസികളിൽനിന്നും നമ്മൾ പണം കടമെടുക്കുകയാണ്. അതിനാൽ രണ്ടര ലക്ഷം കോടി രൂപയെന്നുള്ളത് ചെറിയ നിക്ഷേപമല്ല; വലിയ നിക്ഷേപമാണ്. പല പ്രൈമറി ബാങ്കുകൾക്കും സർപ്ലസ് ഫണ്ടാണുള്ളത്. അവരുടെ നിക്ഷേപത്തിന് പലിശ നൽകുന്നുണ്ടെങ്കിലും അവ യൂട്ടിലൈസ് ചെയ്യാൻ സാധിക്കുന്നില്ല. പല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകളിലും കെട്ടിക്കിടക്കുന്ന പണം എപ്രകാരം നമ്മുടെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ചിന്തിക്കണം. ധനകാര്യ വിദഗ്ദ്ധരുമായും മുഖ്യമന്ത്രിയുമായും പ്രതിപക്ഷനേതാവുമായും അങ്ങ് ആലോചിച്ച് ഈ ഫണ്ട് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് എപ്രകാരം പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യണം. മലപ്പുറം ജില്ലയിലെ പല പ്രൈമറി ബാങ്കുകളിലും കെട്ടിക്കിടക്കുന്ന ഫണ്ട് യൂട്ടിലൈസ് ചെയ്യാൻ സാധിക്കുന്നില്ല; പക്ഷെ ബാങ്കുകൾക്ക് നിക്ഷേപത്തിനുള്ള പലിശ നൽകേണ്ടതുണ്ട്. ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നത് നന്നായിരിക്കും.

സഹകരണ സ്ഥാപനങ്ങളുടെ പുരോഗതിക്ക് നിർണ്ണായകമായ പങ്ക് വഹിച്ചത് അവിടത്തെ ജീവനക്കാരാണ്. നമ്മുടെ പുരോഗതിയിൽ അവർ വഹിച്ച പങ്ക് ഒരു കാരണവശാലും മറക്കാൻ പാടില്ല. സഹകരണ മേഖലയുടെ പുരോഗതിയോടൊപ്പം അതിന്റെ പ്രവർത്തനത്തിൽ സജീവ പങ്കാളിത്തം വഹിച്ചുകൊണ്ടിരിക്കുന്ന ജീവനക്കാരുടെ മനോവീര്യം തകർക്കുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. ജീവനക്കാരുടെ അവകാശങ്ങൾ നിഷേധിക്കുന്ന നിയമ ഭേദഗതികളും അവരുടെ പ്രൊമോഷൻ സാധ്യതകൾ നിഷേധിക്കുന്ന സഹകരണ ചട്ടം ഭേദഗതികളും പിൻവലിക്കാൻ സർക്കാർ തയ്യാറാകണം. കഴിഞ്ഞദിവസം കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ (അതിന്റെ പ്രസിഡന്റ് ശ്രീ. പി. ഉബൈദുള്ള, എം.എൽ.എ. ആണ്) സെക്രട്ടേറിയറ്റിന്റെ മുന്നിൽ ഒരു സമരം സംഘടിപ്പിച്ചിരുന്നു. നിലവിലുള്ള സഹകരണ ചട്ടം ഭേദഗതിയിൽ സഹകരണ ജീവനക്കാർ നേടിയെടുത്ത അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന വ്യവസ്ഥകളാണുള്ളത്. ഈ പുരോഗതിയിൽ നിർണ്ണായക പങ്ക് വഹിച്ച ജീവനക്കാരെ നിരാശപ്പെടുത്തുകയും ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുന്ന തരത്തിൽ അവരുടെ പ്രൊമോഷന്

തടസ്സമായിനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അങ്ങ് ശ്രദ്ധിക്കണം. അത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അതൊഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഈ ബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ ഭേദഗതി ചെയ്യുന്നതിലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. ജില്ലാ സഹകരണ ബാങ്കുകളെ കേരള ബാങ്കിന്റെ ഭാഗമാക്കുന്നതിന് 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ട് പ്രകാരം നിശ്ചയിച്ച രണ്ട് വർഷക്കാലയളവ് എന്നത് മൂന്ന് വർഷമായി ഉയർത്താനാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ജില്ലാ സഹകരണ ബാങ്കുകളെ ഇല്ലാതാക്കി കേരള ബാങ്ക് രൂപീകരിച്ച നടപടിയെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സമീപകാലത്ത് കൈക്കൊണ്ട ഏറ്റവും വികലമായ നടപടിയായാണ് കക്ഷിരാഷ്ട്രീയത്തിനതീതമായി കേരള ജനത കാണുന്നത്. അത് പ്രതിപക്ഷം മാത്രമല്ല, കേരളത്തിലെ പൊതുസമൂഹം, സഹകാരികൾ, ഈ മേഖലയെ ആശ്രയിച്ച് കഴിയുന്ന നമ്മുടെ നാട്ടിലെ ഗ്രാമീണ ജനത എന്നിവരെല്ലാം ഈ തീരുമാനത്തിനെതിരെ അതിശക്തമായ പ്രതിഷേധം നാളുകളായി അറിയിക്കുന്നുണ്ടെങ്കിലും സർക്കാർ അത് പുനഃപരിശോധിക്കാതെ കേരള ബാങ്കുമായി മുന്നോട്ടുപോകുന്ന കാഴ്ചയാണ് നിസ്സഹായതയോടെ നമ്മൾ നോക്കിക്കാണുന്നത്. കേരളത്തിൽ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ പതിറ്റാണ്ടുകളായി നാം നടത്തിയ പരിശ്രമങ്ങളിലൂടെ കെട്ടിപ്പടുത്ത സഹകരണ പ്രസ്ഥാനത്തെ എത്ര ലാഘവത്തോടെയാണ് ഈ സർക്കാർ ദുർബലപ്പെടുത്തുന്നത്? രാഷ്ട്രീയ ലാഭത്തിനുവേണ്ടി നിയമസഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് നമ്മുടെ മഹിതമായ സഹകരണ പാരമ്പര്യത്തെ ഇല്ലാതാക്കുന്ന ഈ നടപടിയെ ഇരിക്കുന്ന കൊമ്പ് സ്വയം മുറിക്കുന്ന നടപടിയായി മാത്രമെ കാണാൻ സാധിക്കുകയുള്ളൂ. അതിൽനിന്നും സർക്കാർ പിന്തിരിയണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേരള ബാങ്കിനെ പ്രാരംഭ ഘട്ടത്തിൽ അനുകൂലിച്ചവർപോലും ഇന്ന് കക്ഷി രാഷ്ട്രീയ ഭേദമെന്യേ ഈയൊരു തീരുമാനം വൻപരാജയമാണെന്ന് സമ്മതിച്ചു കൊണ്ടിരിക്കുകയാണ്. അനധിവിദൂര ഭാവിയിൽ കേരള ബാങ്കിനെ പിരിച്ചുവിട്ട് പഴയ ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് തിരിച്ചുവരാൻ കേരളം നിർബന്ധിതമാകുമെന്ന സാഹചര്യമുണ്ടാകുന്നതാണ്. ജില്ലാ സഹകരണ ബാങ്കുകൾ പിരിച്ചുവിട്ടതിനുശേഷം കേരള ബാങ്ക് രൂപീകരിച്ചിട്ട് ഇപ്പോൾ മൂന്ന് വർഷം കഴിയുന്നു. സംസ്ഥാനത്ത് നിലനിന്നിരുന്ന ത്രീ ടയർ സിസ്റ്റം (സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ) ഇല്ലാതാക്കി ടു ടയർ സിസ്റ്റം ഏർപ്പെടുത്തുകയുണ്ടായി. താരതമ്യേന വളരെ നന്നായി മുന്നോട്ടുപോയിരുന്ന നമ്മുടെ സഹകരണ പ്രസ്ഥാനങ്ങളുടെ, പ്രത്യേകിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ നില വളരെ

പരിതാപകരമാക്കാനാണ് യഥാർത്ഥത്തിൽ ഈ സംവിധാനം വഴിവച്ചത്. ഒരു ഘട്ടത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ സഹായിച്ചുകൊണ്ടിരുന്ന ജില്ലാ ബാങ്കുകൾ ഇല്ലാതായതോടെ അവയ്ക്ക് ഇന്ന് എങ്ങനെ മുന്നോട്ട് പോകാൻ കഴിയുമെന്ന വലിയൊരു ആശങ്കയാണ് ഇവിടെ പങ്കുവയ്ക്കുന്നത്. നേരത്തെ ജില്ലാ ബാങ്കുകൾക്ക് പ്രൈമറി ബാങ്കുകളെ സഹായിക്കാനുള്ള സാഹചര്യമുണ്ടായിരുന്നു. പക്ഷേ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇടപെടലും പുതിയ തീരുമാനങ്ങളും കാരണം ഇന്ന് അതിനുള്ള സാഹചര്യങ്ങൾ പൂർണ്ണമായും ഇല്ലാതാകുന്ന അവസ്ഥയാണുണ്ടായിരിക്കുന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി ലഭിക്കാത്ത സാഹചര്യമാണ് ഇപ്പോൾ പലപ്പോഴും ചൂണ്ടിക്കാണിക്കുന്നത്. ഇപ്പോൾ കരുവന്നൂർ ബാങ്കിൽ നിക്ഷേപം തിരികെ ലഭിക്കാതെ, ജീവൻ നഷ്ടപ്പെടുന്ന എത്രയോ നിക്ഷേപകർ അവരുടെ ആശങ്കയുമായി മുന്നോട്ടുവന്നിട്ടുണ്ട്. നേരത്തെ ജില്ലാ സഹകരണ ബാങ്കുണ്ടായിരുന്നപ്പോൾ ഇത്തരം കാര്യങ്ങൾ സംഭവിച്ചാൽ അവരെ സഹായിക്കാൻ സാധിക്കുമായിരുന്നു. പക്ഷേ ഇന്ന് കേരള ബാങ്കിന് സഹകരണ സംഘത്തെപ്പോലും ഒരു വിധത്തിലും സഹായിക്കാൻ കഴിയാത്തത് നമ്മുടെ മുന്നിൽ ഒരുദാഹരണമായി നിൽക്കുകയാണ്. സംസ്ഥാനത്തിന്റെ മാത്രം അധീനതയിലുള്ള സംസ്ഥാന സഹകരണ ബാങ്കുകളെ ഫലത്തിൽ കേന്ദ്ര സർക്കാരിന്റെ അധീനതയിലാക്കുന്ന നടപടിയാണ് കേരള ബാങ്ക് രൂപീകരണത്തിലൂടെ സംഭവിച്ചിരിക്കുന്നത്. നമ്മുടെ ഫിസ്കൽ ഫെഡറലിസം പൂർണ്ണമായും തകർക്കുന്ന നടപടിയായി മാത്രമെ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. കേരള ജനതയുടെ എല്ലാ ബാങ്കിംഗ് ആവശ്യങ്ങളും നിറവേറ്റാൻ പര്യാപ്തമാക്കുന്നവിധം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയോടെ ഏറെ കൊട്ടിഘോഷിച്ച് നടപ്പിലാക്കിയ കേരള ബാങ്കിന്റെ എല്ലാ പ്രസക്തിയും ഇന്ന് നഷ്ടപ്പെട്ടിരിക്കുകയാണ്. കേരള ബാങ്ക് രൂപീകരണത്തിനുവേണ്ടി ആർ.ബി.ഐ.-യുടെ എല്ലാ മാനദണ്ഡങ്ങളും അംഗീകരിച്ച് അവസാനം ആർ.ബി.ഐ. കേരളത്തിലെ സഹകരണ മേഖലയെത്തന്നെ പിടിമുറുക്കുന്ന അവസ്ഥയിലേയ്ക്കെത്തിയിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇപ്പോൾ കേരള ബാങ്കാണ് ആർ.ബി.ഐ.-യ്ക്ക് കേരളത്തിൽ പിടിമുറുക്കാൻ അവസരമൊരുക്കി ക്കൊടുത്തത്. ജില്ലാ സഹകരണ ബാങ്ക് ഇല്ലാതാകുമ്പോൾ പാവപ്പെട്ടവന് ആറോ ഏഴോ ശതമാനം പലിശയ്ക്ക് വായ്പ കൊടുക്കാമെന്ന് സർക്കാർ പറഞ്ഞിരുന്നു. എന്നാലിപ്പോൾ പാവപ്പെട്ടവന് കേരള ബാങ്കിലേയ്ക്ക് കയറിച്ചെല്ലാൻപോലും കഴിയാത്ത അവസ്ഥയാണുള്ളത്. സംസ്ഥാന തലത്തിലുള്ള കേരള ബാങ്കിന് ജനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. സഹകരണ തത്വംപോലും മറന്നാണ് ന്യൂ ജനറേഷൻ ബാങ്കുകളെപ്പോലെ കേരള ബാങ്ക് ജനങ്ങളോട് പെരുമാറുന്നത്. കേരള ബാങ്ക് വന്നതുമൂലം പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളുടെപോലും നിലനിൽപ് ഭീഷണിയിലായിരിക്കുന്നു. പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ജില്ലാ സഹകരണ ബാങ്കുകൾ നൽകിവരുന്ന

പലിശ നിരക്ക് കുറച്ചതുമൂലം അവ വൻ പ്രതിസന്ധിയിലേയ്ക്കാണ് പോകുന്നത്. പ്രാഥമിക തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിലെ നിയമനങ്ങളിലുണ്ടായിരുന്ന റിസർവേഷൻ ഇല്ലാതായതും ഈ മേഖലയിലുണ്ടായിരിക്കുന്ന വലിയൊരു പ്രതിസന്ധിയാണ്. കേരള ബാങ്ക് നിലവിൽ വന്നതോടെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളിലുണ്ടായിരുന്ന എൻ.ആർ.ഐ. അക്കൗണ്ടുകൾ ഉൾപ്പെടെയുള്ള നൂതന സംവിധാനങ്ങൾ ആർ.ബി.ഐ.-യ്ക്ക് സറണ്ടർ ചെയ്യുകയും തൽഫലമായി കേരള ബാങ്കിൽ ഈ സംവിധാനങ്ങൾ ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായിരിക്കുന്നു. ഇതിലൂടെ 'കക്ഷത്തിലിരിക്കുന്നത് പോകുകയും ചെയ്തു, ഉത്തരത്തിലിരിക്കുന്നത് എടുക്കാനും കഴിയുന്നില്ലെന്ന' അവസ്ഥയാണുള്ളത്. അതുകൊണ്ട്, ജില്ലാ സഹകരണ ബാങ്കുകളെ പുനരുജ്ജീവിപ്പിക്കുക, പഴയ സംവിധാനത്തിലേയ്ക്ക് കേരളത്തെ തിരിച്ച് കൊണ്ടുവരിക എന്നതാണ് ഈ സന്ദർഭത്തിൽ ആവശ്യപ്പെടാനുള്ളത്. പതിറ്റാണ്ടുകളായി നാം ഉയർത്തിക്കൊണ്ടുവന്ന സഹകരണ പ്രസ്ഥാനത്തെ അതിശക്തമായ നിലയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള തീരുമാനമുണ്ടാകണം; ദുരഭിമാനംവെടിഞ്ഞ് സർക്കാർ അതിന് തയ്യാറാകണം. കരുവന്നൂർ ബാങ്ക് തട്ടിപ്പ് പുറത്തുവന്നതിനുശേഷം സഹകരണ മേഖലയ്ക്ക് നഷ്ടപ്പെട്ട വിശ്വാസ്യത വീണ്ടെടുക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച നടപടികളൊന്നും നാളിതുവരെയായി ഫലപ്രാപ്തിയിലെത്തിയിട്ടില്ല. സർക്കാർ സഹകരണ വകുപ്പിലെ ഓഡിറ്റ് ഏകീകരിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സമിതി ചേർന്നതായി അറിയാൻ കഴിഞ്ഞു. സഹകരണ മേഖലയിലെ സ്വതന്ത്ര ഓഡിറ്റ് സംവിധാനമില്ലാതാക്കി, തമിഴ്നാട് മാതൃകയിൽ ഏകീകൃത ഓഡിറ്റ് സമ്പ്രദായം കൊണ്ടുവന്നതിലൂടെ സ്വകാര്യ ഏജൻസിക്ക് ചുമതല കൊടുക്കാനുള്ള ഗൂഢലക്ഷ്യം ഇതിന്റെ പിന്നിലുണ്ടോയെന്ന് സംശയിക്കുകയാണ്. സഹകരണ മേഖലയിലെ അഴിമതി പട്ടിക ഓരോ ദിവസവും വർദ്ധിച്ച വരുന്നുണ്ടെങ്കിലും കുറ്റം ചെയ്തവർക്കെതിരെ നടപടിയെടുക്കാനുള്ള സംവിധാനം സഹകരണ വകുപ്പിൽ നിലവിലുണ്ടോയെന്ന് സത്യത്തിൽ ആശങ്കയുണ്ട്. അഴിമതി നടത്തിയ ആളുകൾ ദിവസങ്ങൾക്കുള്ളിൽ ജാമ്യത്തിലിറങ്ങുകയും അഴിമതി കണ്ടെത്തിയ ഓഡിറ്റർ ഒരു വർഷത്തോളം സസ്പെൻഷനിൽ കഴിയേണ്ടിയുംവന്ന വിചിത്രമായ സാഹചര്യമാണ് നിലനിൽക്കുന്നത്. കരുവന്നൂർ, കണ്ടല, മൈലപ്ര, മത്സ്യഫെഡ് എന്നിങ്ങനെ സഹകരണ ബാങ്കുകളുടെ അഴിമതി പട്ടിക നീളുന്നുണ്ടെങ്കിലും അതിന് കാരണക്കാരായവരുടെ കയ്യിൽനിന്നും തുക തിരിച്ച് പിടിക്കാനുള്ള സംവിധാനം കാര്യക്ഷമമാക്കിയെങ്കിൽ മാത്രമെ ഭാവിയിൽ ഇത്തരം ദുഷ്പ്രവൃത്തികൾ ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ. അടുത്ത കാലത്തായി നടന്ന സഹകരണ അഴിമതിക്കഥകളിൽ, ബാങ്കിന്റെ ഫണ്ട് പൂർണ്ണമായും ഉപയോഗിച്ച് ആരംഭിക്കുന്ന ഉപസ്ഥാപനങ്ങൾ പ്രത്യേകം പ്രവർത്തിക്കുന്നതായും അവയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യാനുള്ള വ്യവസ്ഥപോലുമില്ലാത്തതായാണ് കാണുന്നത്. ഈ

സ്ഥാപനങ്ങളിലെ സാമ്പത്തിക കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിൽ വകുപ്പിനുണ്ടാകുന്ന തടസ്സം വിരൽ ചൂണ്ടുന്നത് അതിന്റെ അഴിമതി സാധ്യതയിലേയ്ക്കാണ്. അതിന്റെ ഫലമായി സഹസ്ഥാപനങ്ങൾ തകരുകയും ഉപസ്ഥാപനം കൊഴുക്കുകയും ചെയ്യുന്ന അവസ്ഥ സഹകരണ പ്രസ്ഥാനങ്ങളുടെ തകർച്ചയ്ക്ക് കാരണമായിക്കൊണ്ടിരിക്കുകയാണ്. മൈലപ്ര, പാലാ മാർക്കറ്റിംഗ് സഹകരണ ബാങ്ക് തുടങ്ങിയവയെല്ലാം ഇതിനുദാഹരണങ്ങളാണ്. 22-11-2021-ൽ ആർ.ബി.ഐ. പുറത്തിറക്കിയ മുന്നറിയിപ്പ് നോട്ടീസ് കേരളത്തിലെ സഹകരണ സംഘങ്ങളെ ഏറെ ആശങ്കയിലാക്കിയിരിക്കുകയാണ്. ആർ.ബി.ഐ. ലൈസൻസില്ലാത്ത സംഘങ്ങൾ പേരിനൊപ്പം 'ബാങ്ക്' എന്ന പദം ഉപയോഗിക്കരുതെന്നും ഇത്തരം സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് കേന്ദ്ര നിക്ഷേപ ഗ്യാരന്റി കോർപ്പറേഷന്റെ സുരക്ഷയില്ലെന്നും സഹകരണ സംഘങ്ങളിലെ നോമിനൽ/അസോസിയേറ്റ് അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കരുതെന്നുമാണ് പ്രസ്തുത നോട്ടീസിൽ പറയുന്നത്. ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കുമെന്ന് പറഞ്ഞെങ്കിലും ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഇപ്പോഴും ഇരുട്ടിൽ തപ്പുകയാണ്. സഹകാരികളുടെ ആശങ്ക പരിഹരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണം. സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പരിധി രണ്ട് ലക്ഷം രൂപ എന്നുള്ളത് ഉയർത്തുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ആയത് സംബന്ധിച്ച് യാതൊരു ഉത്തരവുകളും ഇറങ്ങിയതായി അറിയാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപം നഷ്ടപ്പെട്ട ഒരാൾക്ക് അത് തിരികെ ലഭിക്കണമെങ്കിൽ, സംഘം വൈൻഡ്-അപ് ചെയ്യുമ്പോൾ മാത്രമെ സാധിക്കുകയുള്ളൂവെന്നാണ് ഇപ്പോൾ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതിന് മാറ്റമുണ്ടായില്ലെങ്കിൽ സഹകരണ സ്ഥാപനത്തോടുള്ള വിശ്വാസ്യത നിലനിർത്താൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നതാണ്. സഹകരണ മേഖലയെ ഒരുമിച്ചുനിന്ന് സംരക്ഷിക്കേണ്ട സർക്കാർ അത് രാഷ്ട്രീയവൽകരിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. രാഷ്ട്രീയ പ്രതിയോഗികളുടെ സഹകരണ സ്ഥാപനങ്ങൾ പിരിച്ചുവിട്ട് ഭരണം കയ്യാളാൻ ശ്രമിക്കുന്ന ഭരണകൂട ഭീകരത സഹകരണ വകുപ്പിൽ നിലനിൽക്കുകയാണ്. മിൽമ, കാർഷിക ഗ്രാമ വികസന ബാങ്ക് എന്നിവയെല്ലാം ഇതിന്റെ അവസാനത്തെ ഉദാഹരണങ്ങൾ മാത്രമാണ്. കേന്ദ്ര സർക്കാർ യാതൊരു നിയന്ത്രണവുമില്ലാതെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സംഘങ്ങൾ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സഹകരണ സ്ഥാപനങ്ങൾ കൂൺ പോലെ ആരംഭിക്കുന്ന സാഹചര്യത്തിൽ, രാഷ്ട്രീയപ്രേരിതമായി സഹകരണ സ്ഥാപനങ്ങളെ തകർക്കാൻ ഒരു ഭാഗത്ത് സർക്കാരും ശ്രമിക്കുമ്പോൾ സഹകരണ മേഖലയെക്കുറിച്ചുള്ള നമ്മുടെ വിശ്വാസ്യതയാണ് തകരുന്നത്. ഒരു വശത്ത് സഹകരണ മേഖലയുടെ സംരക്ഷകനായി സർക്കാർ അഭിനയിക്കുകയും മറുഭാഗത്ത് അന്തകനായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യം അവസാനിപ്പിക്കണം. 2021-ലെ

ആഡിറ്റ് റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്താകെയുള്ള 1625 പ്രാഥമിക സഹകരണ സംഘങ്ങളിൽ 726 എണ്ണം നഷ്ടത്തിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2022-ലെ ആഡിറ്റ് പൂർത്തിയാകുമ്പോഴേയ്ക്കും ബഹുഭൂരിഭാഗം ബാങ്കുകളും നഷ്ടത്തിലേയ്ക്ക് പോകുമെന്ന സൂചനയാണ് ലഭിക്കുന്നത്. ഇങ്ങനെ സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നത് വളരെ ഗൗരവമായി കാണണം. സഹകരണ വകുപ്പ് ഇപ്പോൾ സമഗ്രമായ നിയമനിർമ്മാണത്തിന് ഒരുങ്ങുകയാണ്. ഇതുമായി ബന്ധപ്പെട്ട് സമഗ്രമായ ബിൽ അടുത്ത സഭയിൽ വരുമെന്ന് വാർത്തകൾ വരുന്നുണ്ട്. ഇത്തരം സന്ദർഭത്തിൽ കേരളത്തിലെ എല്ലാ ജനങ്ങൾക്കും പങ്കുള്ള, പ്രത്യേകിച്ച് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരെയും വിശ്വാസത്തിലെടുത്ത് സഹകരണ മേഖലയെ ശക്തിപ്പെടുത്താനുതകുന്ന വിധത്തിലുള്ള നിയമനിർമ്മാണങ്ങളായിരിക്കണം ഈ സഭയിൽ വരേണ്ടത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താൽപ്പര്യമെടുക്കണം. ഒരു നാടിന്റെ വികസനത്തിൽ ആ നാട്ടിലെ സഹകരണ പ്രസ്ഥാനങ്ങൾക്കും വിദ്യാലയങ്ങൾക്കുമാണ് യഥാർത്ഥ പങ്ക് എന്നുപറഞ്ഞ നമ്മുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു മുതലുള്ള നമ്മുടെ പ്രധാനമന്ത്രിമാർ മുൻകാലങ്ങളിൽ പറഞ്ഞിട്ടുള്ള വാക്കുകൾ നമുക്കെല്ലാവർക്കും ആവേശം പകരുന്നതും കക്ഷിരാഷ്ട്രീയത്തിനതീതമായി ശ്രുവിച്ചിട്ടുള്ളതും ഏറ്റെടുത്തിട്ടുള്ളതുമാണ്. അത് കേരളത്തിൽ നടപ്പിലാക്കാൻ നമുക്ക് കഴിയണം. കക്ഷിരാഷ്ട്രീയത്തിനതീതമായാണ് പല ബില്ലുകളും ഈ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടത്. അക്കാര്യത്തിൽ ഒരു പുനർവിചിന്തനം സർക്കാർ നടത്തണം; പ്രത്യേകിച്ച് ഭൂരിപക്ഷത്തിന്റെ താൽപ്പര്യംപോലും ഉൾക്കൊള്ളാതെ ജനാധിപത്യവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ഇല്ലാതാക്കാനും ആ ജില്ലയിലെ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കെതിരെയും സംസ്ഥാന സർക്കാർ നടത്തുന്ന ഗൂഢശ്രമത്തിൽനിന്നും പിന്തിരിയണം. ഒരു ജില്ലാ ബാങ്കിനെ ലയിപ്പിക്കാൻ സാധിക്കാതെ വന്നപ്പോൾ നിയമവിരുദ്ധമായ മറ്റ് നടപടികളുമായി മുന്നോട്ടുപോകുന്ന ഈ നീക്കത്തിൽനിന്നും ഇനിയെങ്കിലും പിന്തിരിയണമെന്ന അഭ്യർത്ഥനയോടെ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ കൊച്ചുകേരളം പല മേഖലകളിലും ലോകത്തിന് മാതൃകയായി മികവ് പുലർത്തി തലയുയർത്തി നിൽക്കുകയാണ്. ആയുർദൈർഘ്യം, സാക്ഷരത, സ്ത്രീകളുടെ വിദ്യാഭ്യാസം, പൊതുവിദ്യാഭ്യാസം തുടങ്ങിയവയെല്ലാം കേരളത്തിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ഗ്രാമീണ മേഖലയുടെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും ഏറെ സഹായകരമായ നമ്മുടെ

സഹകരണ മേഖലയും എടുത്തുപറയാവുന്ന ഒന്നാണ്. സമീപ വർഷങ്ങളിൽ സഹകരണ ബാങ്കിംഗ് മേഖലയിലെ മികവിന് കേരള ബാങ്കിന് ദേശീയ തലത്തിൽ അവാർഡുൾപ്പെടെ നിരവധി ബഹുമതികൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഏർപ്പെടുത്തിയ അവാർഡിന് അർഹമായത് കേരളത്തിന്റെ അഭിമാനമായ കേരള ബാങ്കാണ്. സഹകരണ മേഖലയിലെ വായ്പാ വിതരണത്തിന്റെ വളർച്ച അടക്കമുള്ള പ്രവർത്തനങ്ങളാണ് ഫെഡറേഷൻ വിലയിരുത്തിയിരുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഗ്രാമീണ ജനതയ്ക്കും കർഷകർക്കും മെച്ചപ്പെട്ട ബാങ്കിംഗ് സേവനങ്ങൾ ഉറപ്പാക്കുന്ന ദ്വിതല സംവിധാനം വിജയകരമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ജനാധിപത്യ പ്രവർത്തനം, വിഭവ സമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിൽ കൈവരിച്ച നേട്ടം, മികച്ച വായ്പാ തിരിച്ചടവ്, കുടിശ്ശിക നിർമ്മാർജ്ജന യജ്ഞം, മികച്ച ലാഭനേട്ടം, ഭരണ നൈപുണ്യം, വിവര സാങ്കേതികവിദ്യയുടെ ഉപയോഗം, കമ്പ്യൂട്ടർവത്കരണം തുടങ്ങിയ നിരവധി നേട്ടങ്ങൾ പരിഗണിച്ചാണ് കേരള ബാങ്കിന് അംഗീകാരം ലഭിച്ചത്. സംസ്ഥാനത്ത് സഹകരണ മേഖലയിലെ നിക്ഷേപം രണ്ടര ലക്ഷം കോടി രൂപയായി ഉയർന്നിട്ടുണ്ട്. മഹാപ്രളയങ്ങളും കോവിഡും വന്നുചേർന്ന ഈ ദുരിതകാലത്തും സാമ്പത്തിക പ്രയാസങ്ങളുള്ള കാലത്തും നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ക്യാമ്പയിനിൽ വൻ വിജയം നേടാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിരുന്നു. ആറായിരം കോടി രൂപ ലക്ഷ്യമിട്ട സ്ഥാനത്ത് 7254 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞു. സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ നിക്ഷേപ ഗ്യാരണ്ടിയില്ല എന്ന വസ്തുതാവിരുദ്ധമായ പ്രചരണങ്ങൾക്കിടയിലാണ് നിക്ഷേപ സമാഹരണത്തിലെ ഈ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. കേരള ബാങ്കിന്റെ പ്രവർത്തനലാഭം 336.39 കോടി രൂപയും അറ്റലാഭം 77.24 കോടി രൂപയുമാണ്. ബാങ്കിന്റെ ഐ.ടി. സംയോജനം ഈ വർഷം പൂർത്തിയാക്കുന്നതോടെ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാകുന്ന സാഹചര്യമുണ്ടാകുന്നതാണ്. വനിതകൾക്ക് സ്വയംതൊഴിലിനായി കേരള ബാങ്കിന്റെ മഹിള ശക്തി സ്വയംതൊഴിൽ സഹായ വായ്പ പദ്ധതിപ്രകാരം വനിത സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ അഞ്ച് ലക്ഷം രൂപ വരെ വായ്പ നൽകുന്നത് വലിയ മുന്നേറ്റത്തിന് വഴിവയ്ക്കുന്നതാണ്. വനിത സംരംഭകർക്കായി നിരവധി പദ്ധതികളുണ്ടെന്ന് മാത്രമല്ല, അവയ്ക്കെല്ലാം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും നബാർഡിന്റെയും പലിശയിളവ് ലഭിക്കുകയും ചെയ്യുന്നുണ്ട്. പ്രതിസന്ധിയിലാകുന്ന സഹകരണ ബാങ്കുകളെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന സംരക്ഷണനിധി സഹകരണ മേഖലയ്ക്കാകെ രക്ഷാകവചമാകുന്നതാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ മിച്ച ധനവും

കരുതൽ ധനവും ഉപയോഗിച്ചുള്ള സഞ്ചിത നിധിയിൽ 500 കോടി രൂപ ഉറപ്പാക്കാനാണ് ശ്രമിക്കുന്നത്. ജന്മിത്വത്തെ തകർത്തെറിഞ്ഞ ഭൂപരിഷ്കരണ നടപടി, കാര്യക്ഷമമായ പൊതുമേഖലാ സംവിധാനങ്ങൾ തുടങ്ങിയ സവിശേഷ സാഹചര്യങ്ങൾ കേരളത്തെ ലോക ഭൂപടത്തിൽ സവിശേഷമായ സ്ഥാനത്തിന് അർഹമാക്കിയിട്ടുണ്ട്. കേരളത്തിന്റെ ഈ മുന്നേറ്റത്തിൽ ഇടതുപക്ഷ കർഷക രാഷ്ട്രീയത്തോടൊപ്പം സഹകരണ മേഖലയും നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. നാടിന്റെ വികസനത്തിന് വലിയ സംഭാവന നൽകുന്ന സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള ഗൂഢപദ്ധതികൾക്കെതിരെ പൊതുസമൂഹം ജാഗ്രത പുലർത്തേണ്ടതുണ്ട്. രാജ്യത്തിന്റെ ധനം മൂലധന ശക്തികൾക്ക് വിട്ടുകൊടുക്കുന്നതിനായി കേന്ദ്രത്തിലെ ബി.ജെ.പി. ഭരണം തുടർച്ചയായ നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടര ലക്ഷം കോടി രൂപ നിക്ഷേപമുള്ള കേരളത്തിന്റെ സഹകരണ മേഖലയിൽ കോർപ്പറേറ്റുകളുടെയും കേന്ദ്രത്തിന്റെയും കഴുകൻ കണ്ണുകൾ പതിയാൻ തുടങ്ങിയിട്ട് നാളേറെയായി. കേരളത്തിന്റെ ഭദ്രമായ സാമ്പത്തിക അടിത്തറ തകർക്കുന്നതിന് സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന നടപടിയിലൂടെ സാധിക്കുമെന്നാണ് കേന്ദ്ര സർക്കാരും ബി.ജെ.പി.-യും കണക്കുകൂട്ടുന്നത്. സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യത തകർക്കാനും അതുവഴി സഹകരണ മേഖലയെ തകർക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് അടുത്ത ദിവസങ്ങളിലായി സഹകരണ പ്രസ്ഥാനത്തെ മുൻനിർത്തി ബി.ജെ.പി.-യും സംഘ് പരിവാറും കോൺഗ്രസ്സും ഒരു വിഭാഗം മാധ്യമങ്ങളും കള്ളപ്രചരണങ്ങൾ നടത്തുന്നത്. സഹകരണ മേഖലയിൽ ചില ഒറ്റപ്പെട്ട തെറ്റായ സംഭവങ്ങളുണ്ടായിട്ടുണ്ട്. അത്തരം സംഘങ്ങളെ ഒരു രാഷ്ട്രീയ പരിഗണനയും വിട്ടുവീഴ്ചയുമില്ലാതെ നന്നാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതോടൊപ്പം സഹകരണ നിയമത്തിലും ചട്ടങ്ങളിലുമുള്ള വ്യവസ്ഥകളെ മുൻനിർത്തി കുറ്റക്കാർക്കെതിരെ മുഖംനോക്കാതെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിക്ഷേപകരുടെ നയാപൈസപോലും നഷ്ടപ്പെടില്ലെന്ന് സർക്കാർ ഉറപ്പുനൽകുന്നുവെന്ന് മാത്രമല്ല, കുറ്റക്കാരുടെ സ്വത്തുക്കൾ കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ഇതൊന്നും കാണാതെയുള്ള വിമർശനങ്ങൾക്ക് മറ്റ് ലക്ഷ്യങ്ങളുണ്ട്. ബാങ്കിംഗ് മാത്രമല്ല, കയർ, കൈത്തറി, മത്സ്യ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ തുടങ്ങി ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട വലിയൊരു ശൃംഖലയാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. കെയർ ഹോം പദ്ധതിയിലൂടെ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട ആയിരങ്ങൾക്ക് വീടുകൾ നിർമ്മിച്ചുനൽകാൻ കഴിഞ്ഞു. ഇങ്ങനെ മനുഷ്യത്വപരമായ മുഖത്തോടെ, കരുത്തോടെ നിലകൊള്ളുന്ന കേരളത്തിലെ സഹകരണ മേഖലയിലെ സാമ്പത്തികശേഷി കോർപ്പറേറ്റുകൾക്ക് അപഹരിക്കാൻ വഴിയൊരുക്കുന്ന നിലപാടാണ് നരേന്ദ്രമോദി സർക്കാർ ലക്ഷ്യമിടുന്നത്. 2020

സെപ്റ്റംബറിൽ ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കിയ ബാങ്കിംഗ് നിയമഭേദഗതിയുടെ പ്രധാന ഉള്ളടക്കം ഇതുതന്നെയാണെന്ന് വ്യക്തമാക്കുന്നുണ്ട്. സംസ്ഥാന വിഷയമായ സഹകരണം കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ കീഴിലുള്ള പ്രത്യേക മന്ത്രാലയമാക്കുന്നതിന് പിന്നിൽ ഇത്തരം പ്രത്യേക അജണ്ടകളുണ്ടെന്ന് കാണാൻ കഴിയുന്നു. രാഷ്ട്രീയ സങ്കുചിത താൽപ്പര്യങ്ങളോടെ സംഘപരിവാറിന്റെ ഈ അജണ്ടകൾക്ക് അരികുനിൽക്കുകയാണ് സംസ്ഥാനത്തെ പ്രതിപക്ഷവും ഒരു വിഭാഗം മാധ്യമങ്ങളുമെന്ന് എല്ലാവരും തിരിച്ചറിയണം. കേരളത്തിൽ സാധാരണക്കാരന് വിവാഹം, വിദ്യാഭ്യാസാവശ്യങ്ങൾ, മറ്റാവശ്യങ്ങൾ എന്നിവയുണ്ടാകുമ്പോൾ അവയ്ക്ക് പെട്ടെന്ന് പരിഹാരം കാണാൻ കഴിയുന്ന സംവിധാനങ്ങളാണ് സഹകരണ സ്ഥാപനങ്ങൾ. അവിടെ ലഭിക്കുന്ന നിക്ഷേപങ്ങളെല്ലാം അതാത് ബാങ്കിന്റെ പരിധിയിൽ വായ്പകളായി മാറുമ്പോൾ നമ്മുടെ സമൂഹത്തിൽ സമ്പത്ത് വ്യാപിക്കുകയാണ് ചെയ്യുന്നത്.

1.00 P.M.]

ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട ബാങ്കുകൾ വഴി വിജയ് മല്യയും നീരവ് മോദിയും പതിനായിരക്കണക്കിന് കോടി രൂപ അപഹരിച്ചെടുത്തത് നാം കണ്ടതല്ലേ; എങ്ങനെയാണ് അവർക്കതിന് കഴിയുന്നത്? സഹകരണ സ്ഥാപനങ്ങൾ നാട്ടിൻപുറത്തെ സാധാരണക്കാരായ തൊഴിലാളികളുടെയും ജീവനക്കാരുടെയും ചെറിയ സമ്പാദ്യങ്ങൾ സാധാരണക്കാർക്കുവേണ്ടി ഉപയോഗപ്പെടുത്തുമ്പോൾ ബാങ്കിംഗ് മേഖലയിലെ പല സ്ഥാപനങ്ങളിലെയും സമ്പാദ്യം വിജയ് മല്യയും നീരവ് മോദിയും പോലുള്ള കോർപ്പറേറ്റുകളും വൻകിട കുത്തകകളും അപഹരിച്ചെടുക്കുകയാണ്. ഇവിടങ്ങളിൽ കുന്നുകൂടിയ പണം കൈവശപ്പെടുത്തണമെന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള നടപടികളുമായാണ് രാജ്യം ഭരിക്കുന്ന ബി.ജെ.പി. മുന്നോട്ടുപോകുന്നത്; അതിന്റെ ഭാഗമായി കേരളത്തിലും അവർ ചില നീക്കങ്ങൾ നടത്തുന്നുണ്ട്. നേരത്തെ അഞ്ഞൂറിന്റെയും ആയിരത്തിന്റെയും നോട്ട് അസാധുവാക്കിയ ഘട്ടത്തിൽ ആ നോട്ടുകൾ മാറ്റിയെടുക്കാനുള്ള അവകാശത്തിൽനിന്ന് സഹകരണ മേഖലയെ ഒഴിവാക്കിയതിൽ വലിയ പ്രതിഷേധങ്ങളുണ്ടായി. ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ കേരളത്തിൽ പരസ്യമായ പ്രതിഷേധങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. പക്ഷേ ഇക്കാര്യത്തിൽ യു.ഡി.എഫ്.-ഉം കോൺഗ്രസ്സും സ്വീകരിച്ച സമീപനമെന്തായിരുന്നു? ഒരുമിച്ചുനിന്ന് പ്രതിഷേധിച്ച് പ്രതിരോധം തീർക്കേണ്ട ഘട്ടത്തിൽ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം സ്വീകരിച്ച സമീപനത്തെക്കുറിച്ച് എല്ലാവർക്കുമറിയാവുന്നതാണ്. സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് പിരിച്ചുവിടപ്പെട്ട ബാങ്കാണ് തൃശ്ശൂരിലെ പുത്തൂർ സർവ്വീസ് സഹകരണബാങ്ക്. കാലങ്ങളായി യു.ഡി.എഫ്. ഭരിച്ചുകൊണ്ടിരുന്ന പുത്തൂർ സർവ്വീസ് സഹകരണ ബാങ്കിൽ ഈ അടുത്ത മൂന്ന് മാസം മുമ്പ് നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ജയിച്ചു; സഹകാരികൾ ആ നിലപാടാണ്

സ്വീകരിച്ചത്. കരുവന്നൂർ ബാങ്കിന്റെ പ്രശ്നങ്ങൾ വലിയരീതിയിൽവന്ന ഘട്ടത്തിലാണ് പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് യു.ഡി.എഫ്. ഭരിച്ചിരുന്നത്. അവിടെ അഴിമതിയും ക്രമക്കേടുമൊക്കെ വന്നതിനാൽ ഭരണസമിതിയെ പിരിച്ചുവിട്ടു. ഇത് എൽ.ഡി.എഫ്.-ന്റെ കാലത്തുണ്ടായ സംഭവമല്ല; സഹകാരികൾക്ക് പണം കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് ഭരണസമിതിയെ നേരത്തെത്തന്നെ പിരിച്ചുവിട്ടത്. തുടർന്ന് അവിടെ തെരഞ്ഞെടുപ്പ് നടന്ന സന്ദർഭത്തിൽ യു.ഡി.എഫ്.-നെയും കോൺഗ്രസ്സിനെയും ഈ സഹകരണ മേഖലയെ തകർക്കുന്ന സമീപനങ്ങൾ സ്വീകരിക്കുന്നവരെയും സഹകാരികൾ ഒറ്റപ്പെടുത്തിയ കാഴ്ചയാണ് കാണാൻ സാധിച്ചത്. കേരളത്തിന്റെ സമ്പത്ത് ഉപയോഗപ്പെടുത്തിക്കൊണ്ട്, സംസ്ഥാനത്തിന്റെ നാനാമുഖമായ വികസന പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്താൻ കേരള ബാങ്കിലൂടെ നമുക്ക് കഴിയും. കേരള ബാങ്ക് കേരളത്തിന്റെ സ്വന്തം ബാങ്കാണ്. കേരളത്തിന് സ്വന്തമായി കെ-ഫോണുണ്ടായിരിക്കുന്നു; അങ്ങനെ ഓരോന്നും നമ്മൾ സ്വന്തമായി സംഘടിപ്പിച്ചെടുക്കുകയാണ്. അതിൽ ഉയർന്നുവരുന്ന അഭിപ്രായങ്ങളും അഭിപ്രായവ്യത്യാസങ്ങളും ചർച്ചചെയ്ത് ഈ രീതിയിലുള്ള പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. ആ നിലയിൽ ഇതിനെ കാണണമെന്നും പരിഗണിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതിയെ അംഗീകരിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. യു. എ. ലത്തീഫ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി ബില്ലിനെ ഞാൻ എതിർക്കുന്നു. ഈ ഭേദഗതി വായിക്കുമ്പോൾ തോന്നുന്നത് കേരളത്തിലെ ജില്ലാ ബാങ്കുകൾക്കെല്ലാം മൂന്ന് കൊല്ലത്തെ സമയം നീട്ടിക്കൊടുക്കുന്നുവെന്നാണ്. എന്നാൽ ഇതിലുള്ള വസ്തുതയെന്തു പറയുന്നത്, 13 ബാങ്കുകൾ ലയിച്ചു; ഇനി ലയിക്കാൻ ബാക്കിയുള്ളത് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് മാത്രമാണ്; അതുകൊണ്ട് ഈ ബിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ഇന്ന് കേരളത്തിലെ സഹകരണ മേഖലകൾ നേരിടുന്ന പ്രധാന പ്രശ്നം മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിൽ ലയിക്കാത്തതുകൊണ്ടല്ല. ഇതുമായി ബന്ധപ്പെട്ട് നാലഞ്ച് കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കാം. ഒന്ന്, സഹകരണ ബാങ്കുകൾക്കുമേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി കേന്ദ്ര ബാങ്ക് രൂപീകരിക്കുന്നു. രാജ്യത്തെ സഹകരണ ബാങ്കുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ നടപടിയാരംഭിച്ചതിന്റെ ഭാഗമായി അപ്പെക്സ് ബോഡി രൂപീകരിച്ചു. അപ്പെക്സ് കോർപ്പറേഷൻ ഡെവലപ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് കമ്പനി രജിസ്റ്റർ ചെയ്തു. സഹകരണ

ബാങ്കുകൾക്കും സംഘങ്ങൾക്കും റീ-ഫിനാൻസ് ഫെസിലിറ്റി ഉറപ്പുവരുത്തുക, മൂലധനസഹായം ഉറപ്പുവരുത്തുക, സംഘങ്ങളുടെ വളർച്ച, വികസനം, സാമ്പത്തിക സ്ഥിരത എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങളെന്ന് അതിന്റെ പ്രവർത്തന രേഖയിൽ പറയുന്നുണ്ട്. നബാർഡിന്റെ കാർഷിക വായ്പകൂടി ഇതിലേയ്ക്ക് വരുമ്പോൾ കേരള ബാങ്ക് ഉൾപ്പെടെയുള്ള എല്ലാ ബാങ്കുകളുടെയും കേന്ദ്ര ബാങ്കായി ഇത് മാറുകയും നമ്മുടെ സഹകരണ മേഖല തകരുകയും ചെയ്യും. അതുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര സഹകരണ വകുപ്പുമന്ത്രി ശ്രീ. അമിത് ഷാ നിങ്ങളുടെ പുതിയ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വള്ളംകളി കാണാൻ മുഖ്യാതിഥിയായി എത്തുമ്പോൾ ഈ പ്രശ്നങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഈ മേഖലയെ രക്ഷിക്കാൻ ആവശ്യപ്പെടുകയും വേണം.

രണ്ട്, ഇന്ത്യയിലെ സഹകരണ ബാങ്കുകളുടെ രംഗത്ത് കേരളം ഒന്നാം സ്ഥാനത്താണെന്ന് അവകാശപ്പെടുമ്പോൾത്തന്നെ 2021-ലെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ 1561 ബാങ്കുകളിൽ 726 എണ്ണം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനുള്ള കാരണങ്ങൾ കണ്ടുപിടിച്ച് അവയെ സഹായിക്കണം.

മൂന്ന്, 'ബാങ്ക്', ബാങ്കർ, ബാങ്കിംഗ്, ചെക്ക്' എന്നീ പദങ്ങൾ സഹകരണ ബാങ്കുകൾ ഉപയോഗിക്കരുതെന്ന ആർ.ബി.ഐ.-യുടെ നിർദ്ദേശം നടപ്പായാൽ ഇവയ്ക്ക് നിലനിൽക്കാൻ സാധിക്കുകയില്ല. ഇതിനെ നേരിടുന്നതിന് ഭരണ-പ്രതിപക്ഷ കക്ഷികൾ യോജിച്ചുള്ള മുന്നേറ്റം ആവശ്യമായതിനാൽ അക്കാര്യത്തിൽ ഗവൺമെന്റ് മുൻകയ്യെടുക്കണം.

നാല്, സഹകരണ ബാങ്കുകൾ പരിധിയിൽക്കൂടുതൽ പിൻവലിച്ച തുകയ്ക്കും നിക്ഷേപങ്ങളുടെ പലിശയ്ക്കും ആദായനികുതി അടയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കേരള ബാങ്ക് ആയിരത്തിഅറുന്നൂറോളം ബാങ്കുകൾക്ക് നോട്ടീസ് അയച്ചിരിക്കുന്നു. ക്ഷേമ പെൻഷനും കെ.എസ്.ആർ.ടി.സി. പെൻഷനും സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്യുമ്പോൾ മിക്കവാറും സംഘങ്ങൾക്ക് മൂന്ന്-നാല് കോടി രൂപയോളം പിൻവലിക്കേണ്ടിവരുന്നുണ്ട്. ലക്ഷക്കണക്കിന് രൂപ ആദായനികുതി നൽകിയാൽ ബാങ്കുകളുടെ പ്രവർത്തനം മോശമാകും. അത് തടയാൻ ഗവൺമെന്റ് മുൻകയ്യെടുക്കുകയോ ബാങ്കുകളെ അത്തരം നടപടികളിൽനിന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയോ വേണം.

അഞ്ചാമതായി, ജപ്തി നടപടിക്ക് ചരിത്രത്തിലില്ലാത്ത ഫീസ് ഈടാക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇതുവരെ ജപ്തി നടപടിക്ക് 1000 രൂപ ഫീസ് മതിയായിരുന്നു. അതിപ്പോൾ ഒരു ലക്ഷം രൂപയിൽ താഴെ പിരിച്ചെടുക്കേണ്ടതിന് 5000 രൂപയും അതിന് മുകളിലാണെങ്കിൽ 7.5 ശതമാനവും ഫീസ്

നൽകണമെന്നമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതായത് 10 ലക്ഷം രൂപ കിട്ടാക്കടിശ്ശികയുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് കേസ് ഫയൽ ചെയ്യാൻ 75000 രൂപ ഫീസ് നൽകണം. സാധാരണഗതിയിൽ ജപ്തി നടപടി ചെയ്തുകൊണ്ടിരുന്നത് ബാങ്കിൽ തന്നെയുള്ള ഉദ്യോഗസ്ഥരാണ്. അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത് ബാങ്കുകളാണ്; അതിൽ ഗവൺമെന്റിന് യാതൊരു ചെലവുമില്ലാത്തതുകൊണ്ട് ഈ കമ്മീഷൻ വ്യവസ്ഥ ഒഴിവാക്കണം.

ആറ്, ഈ അടുത്ത കാലത്ത് ചില ബാങ്കുകളിലുണ്ടായ അഴിമതിയും വെട്ടിപ്പും കാരണം ജനങ്ങൾക്കിടയിലുണ്ടായ വിശ്വാസത്തകർച്ച വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കണം. ഇതൊക്കെയല്ലേ ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ? അതിനെ അഡ്രസ്സ് ചെയ്യാതെ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള രണ്ടാമത്തെ ബില്ലാണ് ഈ സഭയിൽ കൊണ്ടുവരുന്നത്. ഇത്രയും വലിയ പ്രാധാന്യം ആ ബില്ലിനുണ്ടോ? കഴിഞ്ഞ ദിവസം ഭരണപക്ഷത്തുനിന്നും സംസാരിച്ച ശ്രീ. എ. എൻ. ഷംസീർ ഒന്നുരണ്ട് കാര്യങ്ങൾ മുസ്ലീംലീഗിനെക്കുറിച്ച് സൂചിപ്പിച്ചു. മുസ്ലീംലീഗാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഭരിക്കുന്നതെന്നും മുസ്ലീംലീഗിന് ജില്ലയിലെ സാധാരണ ജനങ്ങളോട് യാതൊരു താൽപ്പര്യവുമില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഭരിക്കുന്നത് മുസ്ലീംലീഗല്ല; യു.ഡി.എഫ്. ആണ്. മുസ്ലീംലീഗിന്റെ പ്രതിനിധിയായി ഞാൻ പ്രസിഡന്റും കോൺഗ്രസ് നേതാവായ യു.ഡി.എഫ്.-ന്റെ മലപ്പുറം ജില്ലാ ചെയർമാൻ ശ്രീ. പി. ടി. അജയ് മോഹൻ അതിന്റെ വൈസ് പ്രസിഡന്റുമാണ്. യു.ഡി.എഫ്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് ഭരിക്കുന്നത് യു.ഡി.എഫ്.-ന്റെ രാഷ്ട്രീയതീരുമാനത്തിന്റെയും നിയമപരമായ കാര്യങ്ങളുടെയും അടിസ്ഥാനത്തിലാണ്. ഇത് വസ്തുതകൾക്ക് നിരക്കാത്തതാണ്. കഴിഞ്ഞ കുറച്ച് വർഷങ്ങൾക്ക് മുമ്പ് അന്തരിച്ച ശിഹാബ് തങ്ങളുടെ സ്മരണയ്ക്കായി മലപ്പുറം ജില്ലയിലെ ഏറ്റവും പാവപ്പെട്ടവർക്കുവേണ്ടി മലപ്പുറം ജില്ലയിൽ മാത്രം 5300-ലധികം വീടുകൾ ജാതി, മതം, രാഷ്ട്രീയം എന്നിവ നോക്കാതെ ഞങ്ങൾ നിർമ്മിച്ചുകൊടുത്തിട്ടുണ്ട്. സി.പി.ഐ.(എം.) അടക്കമുള്ള പ്രവർത്തകർക്കും വീട് ലഭിച്ചിട്ടുണ്ട്; ആ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയാണ് ഞാൻ. മഞ്ചേരി മെഡിക്കൽ കോളേജിലെ മുഴുവൻ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും കഴിഞ്ഞ 17 വർഷമായി സൗജന്യ ഭക്ഷണം നൽകുന്നുണ്ട്. മഞ്ചേരിയിലെ പാവപ്പെട്ട കിഡ്നി രോഗികൾക്ക് നയാപൈസപോലും പ്രതിഫലം വാങ്ങാതെ സൗജന്യമായി ഡയാലിസിസ് ചെയ്തുകൊടുക്കുന്നുണ്ട്. ഇതൊക്കെ ലാഭേച്ഛ കൂടാതെ പാവപ്പെട്ടവരെ സഹായിക്കാൻവേണ്ടി മുസ്ലീംലീഗ് ചെയ്യുന്നതാണ്. അതുകൊണ്ട് കാര്യമില്ലാതെ ഞങ്ങളെ എതിർക്കരുത്. യു.ഡി.എഫ്. കേരള ബാങ്കിൽ ചേരാതെ നിൽക്കുന്നത്

നിയമപരമായ നിലപാടിന്റെ അടിസ്ഥാനത്തിലാണ്. 7-3-2019-നും 18-7-2019-നും ചേർന്ന രണ്ട് ജനറൽ ബോഡി യോഗങ്ങളിലും ഹാജരായ 129 മെമ്പർമാരിൽ 97 പേരും രജിസ്ട്രാറിന്റെ അമാൽഗമേഷൻ പ്രമേയത്തിന് എതിരായി വോട്ടുചെയ്തു. 32 പേർ മാത്രമാണ് പ്രമേയത്തിനനുകൂലമായി വോട്ടു ചെയ്തത്. അങ്ങനെയാണ് ലയനം വേണ്ടെന്ന് തീരുമാനിച്ചത്. ഈ രണ്ട് യോഗങ്ങളിലും ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ജില്ലാ കളക്ടറും ജോയിന്റ് രജിസ്ട്രാറും പങ്കെടുത്തിരുന്നു. ഈ ജനാധിപത്യ രീതി സ്വീകരിച്ച ഞങ്ങളെ എന്തിന്റെ അടിസ്ഥാനത്തിലാണ് എതിർക്കുന്നത്? മാത്രമല്ല, 23-12-2020-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ നോട്ടിഫിക്കേഷൻ പ്രകാരം 1-04-2021 മുതൽ The Banking Regulation (Amendment) Act 2020 ഇന്ത്യയിലാകെ ബാധകമാക്കി. അതിലെ Sec.44(A) r/w. Sec.56 പ്രകാരം, അംഗസംഘങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിന് മെർജർ പ്രമേയം പാസ്സായാൽ മാത്രമേ ബാങ്കിൽ ലയിപ്പിക്കാൻ പാടുള്ളൂവെന്ന വ്യവസ്ഥ നിർബന്ധമാക്കി. അമാൽഗമേഷൻ പ്രൊപ്പോസലിന്റെകൂടെ ആർ.ബി.ഐ.-യ്ക്ക് അയയ്ക്കേണ്ട രേഖകൾ താഴെപ്പറയുന്നവയാണ്.

1. A copy of the resolution passed in the meeting;
2. The number of shareholders present in the meeting;
3. The number of shareholders voted in favour of the resolution;
4. The number of shareholders voted against the resolution.

മേൽ സൂചിപ്പിച്ചവയാണ് ആർ.ബി.ഐ. കണക്കാക്കുന്നതെങ്കിൽ എങ്ങനെയാണ് കേരള ബാങ്കിൽ ലയിപ്പിക്കുന്നത്? നിയമപരമായി ഒരു കാലത്തും ലയിപ്പിക്കാൻ സാധിക്കാത്ത തരത്തിലുള്ള ആർ.ബി.ഐ. റെഗുലേറ്ററി ക്രൈറ്റീരിയ പ്രകാരമുള്ള നിബന്ധനകളാണ് ആർ.ബി.ഐ. മുന്നോട്ടുവച്ചിരിക്കുന്നത്. ഞങ്ങൾ കേരള ബാങ്കിന്റെ സിംഗിൾ ബെഞ്ചിനെതിരെ ഒൻപതോളം റിട്ട് അപ്പീൽ ഫയൽ ചെയ്തിരുന്നു. കേരള നിയമസഭ ആക്ട് പാസ്സാക്കിയപ്പോൾ ഞങ്ങൾ അവയെല്ലാം പിൻവലിക്കുകയുണ്ടായി. പക്ഷെ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ 79 പ്രൈമറി ബാങ്കുകളും ബാങ്കിന്റെ ഭരണസമിതിയും വീണ്ടും ഫയൽ ചെയ്ത കേസ്സുകൾ [W.P(C) No. 28650/2021, W.P(C) No.1035/2022] ഇപ്പോഴും നിലനിൽക്കുകയാണ്. പ്രസ്തുത കേസ്സുകളിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കക്ഷിയാണ്. പ്രസ്തുത ബാങ്ക് വർഷങ്ങളായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സഞ്ചിത നഷ്ടം 700 കോടി രൂപയിലധികമാണെന്നും ലേലം വേണമെങ്കിൽ എൻ.പി.എ. 7 ശതമാനവും നെറ്റ്

എൻ.പി.എ. 5 ശതമാനത്തിൽ താഴെയായിരിക്കണമെന്നും ആർ.ബി.ഐ. നിഷ്കർഷിച്ചിരുന്നെങ്കിലും ഇത് പാലിക്കാൻ സാധിച്ചിട്ടില്ലെന്നത് സത്യമാണ്. അപ്പോൾ എങ്ങനെയാണ് ലയിപ്പിക്കുന്നത്? മാത്രമല്ല, മുമ്പ് പുറപ്പെടുവിച്ച ഒമ്പതോളം ഓർഡിനൻസുകളിൽ മിക്കതും ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 213, 214 എന്നിവയ്ക്ക് വിരുദ്ധമായിരുന്നു. കേരള ബാങ്കിൽ ലയിക്കാത്തതുകൊണ്ട് മലപ്പുറത്തെ സാധാരണക്കാർക്ക് ഒരു ആനുകൂല്യവും നഷ്ടപ്പെട്ടിട്ടില്ല. മാത്രമല്ല, ഈ സാഹചര്യത്തിലും നബാർഡ് മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് 200 കോടി രൂപ പാസ്സാക്കിത്തന്നിട്ടുണ്ട്. ഞങ്ങൾക്ക് 4500 കോടി രൂപയുടെ ഡെപ്പോസിറ്റുണ്ട്. കേരള ബാങ്ക് നൽകുന്ന എല്ലാ സ്കീമുകളും ഞങ്ങൾ വിജയകരമായി നടപ്പാക്കുന്നുണ്ട്. കേരള ബാങ്കിൽ ലയിച്ചവരുടെ സ്ഥിതിയെന്താണ്? കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ കേരള ബാങ്കിന്റെ ആസ്ഥാനത്ത് സി.പി.ഐ.(എം) അനുകൂല സംഘടന നടത്തിയ സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി ശ്രീ. കെ. എസ്. സുനിൽ കുമാർ പറഞ്ഞത്, 'ഞങ്ങൾ കേരള ബാങ്കിൽ ലയിക്കണമെന്ന് വാദിച്ചവരാണ്, എന്നാൽ ഇപ്പോൾ അത് ഞങ്ങളെ തിരിഞ്ഞുകൊത്തുന്നു' എന്നാണ്. കേരള ബാങ്കിന്റെ തീരുമാനങ്ങളും നടപടികളും ജീവനക്കാർക്ക് എതിരായതുകൊണ്ട് അതിൽനിന്ന് പിൻവലിക്കണമെന്ന് സി.ഐ.ടി.യു. സംഘടന ആവശ്യപ്പെട്ട വിവരം മിക്ക പത്രങ്ങളും റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതായത്, അതിലേയ്ക്ക് പോയ ജീവനക്കാരുടെ സ്ഥിതി അപ്രകാരമായിരുന്നു; ഇനി അതിലേയ്ക്ക് പോകാത്ത ആൾക്കാരെ എന്തിനാണ് ശ്രീ. എ. എൻ. ഷംസീറേ അങ്ങോട്ട് ക്ഷണിക്കുന്നത്? ഞങ്ങൾ നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പിൻബലത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ബാങ്കാണ്. നിയമത്തിന്റെയടി സ്ഥാനത്തിൽ ഒരിക്കലും ലയിക്കാൻ സാധിക്കാത്ത മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ഞെക്കിക്കൊല്ലരുതെന്നും നല്ലനിലയിൽ പ്രവർത്തിക്കാൻ അനുവദിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. അതുപോലെ പി.ടി.എസ്.-നെ നിയമിക്കാൻ അനുവദിക്കുന്നില്ല, പ്രൊമോഷൻ നൽകാൻ അനുവദിക്കുന്നില്ല, ഇടയ്ക്കിടെ വിജിലൻസ് വിംഗിൽനിന്ന് സന്ദർശനം നടത്തുകയാണ്. അത് അവസാനിപ്പിച്ച് ഒരു സഹകരണ സൗഹൃദം നമ്മൾ തമ്മിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മലപ്പുറത്തെ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ യു.ഡി.എഫ്. ബാങ്കുകൾക്ക് ഒരു പരിഗണനയും നൽകുന്നില്ല. ഇത്രമാത്രം പാർട്ടിവൽകരണം ഒരു കാലത്തുമുണ്ടായിട്ടില്ല. യു.ഡി.എഫ്. ബാങ്കുകളുടെ നിരവധി അപേക്ഷകൾ, ബൈലോ ഭേദഗതി, ക്ലാസ് മാറ്റം, ബിൽഡിംഗ് അപേക്ഷകൾ എന്നിവയെല്ലാം അവിടെ കെട്ടിക്കിടക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ സൊസൈറ്റികൾ മാത്രം ധാരാളം സർവ്വീസുകൾ നടത്തി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, മലപ്പുറത്തെ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ യു.ഡി.എഫ്. ബാങ്കുകളുടെ ബൈലോ ഭേദഗതിക്ക് അംഗീകാരം നൽകുന്നില്ലെന്നും നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ടെന്നും ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. എത്രയോ ക്രമക്കേടുകൾ നടത്തിയ ബാങ്കുകൾക്ക് നിങ്ങൾ സൂപ്പർ ഗ്രേഡ് കൊടുക്കുന്നുണ്ട്. സഹകരണ പ്രസ്ഥാനം കേരളത്തിന്റെ മൊത്തം വികാരമാണല്ലോ; അതനുസരിച്ചുള്ള നടപടികളല്ലേയുണ്ടാകേണ്ടത്? മലപ്പുറം ജില്ലയിൽ ബൈലോ ഭേദഗതികൾ ഇല്ലേയെന്ന് ശനിയാഴ്ച കൂടിയ ഡി.ഡി.സി.-യിൽ ഞാൻ ചോദിച്ചപ്പോൾ ജോയിന്റ് രജിസ്ട്രാർ മറുപടി പറഞ്ഞത്, ബൈലോ ഭേദഗതികൾ ഒന്നും ഇല്ലെന്നാണ്. ഞാൻ അപ്പോൾ ചില ബാങ്കുകളുടെ കാര്യം ഉദാഹരണ സഹിതം പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് അദാലത്ത് നടത്തണമെന്നാണ്. നമ്മുടെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തണം. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ഒറ്റപ്പെടുത്താനുള്ള ശ്രമം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ? അത് നിങ്ങളുടെ രാഷ്ട്രീയ തീരുമാനമായിരിക്കും. സഹകരണ ബാങ്കുകളുടെയും പ്രാഥമിക സഹകരണ സംഘങ്ങളുടെയും ബൈലോ ഭേദഗതി ചെയ്തത് നിങ്ങൾ അപ്രൂവ് ചെയ്ത് കൊടുക്കുന്നില്ല. നിങ്ങൾ ക്ലാസിഫിക്കേഷൻ കൊടുക്കുന്നില്ല; ഡെപ്പോസിറ്റ് കുന്നുകൂടിയിരിക്കുന്നു. ഇങ്ങനെ എല്ലാ കാര്യത്തിലും രാഷ്ട്രീയം കാണരുത്. ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ് ഞാൻ സൂചിപ്പിക്കുന്നത്.

ശ്രീ. എ. എൻ. ഷംസീർ: സർ, യഥാർത്ഥത്തിൽ പലിശ വാങ്ങുന്നത് ഇസ്ലാം വിശ്വാസത്തിനെതിരാണ്. പലിശ വാങ്ങാൻ പാടില്ലെന്നും പലിശ വാങ്ങുന്നവനും കൊടുക്കുന്നവനും കുറ്റമാണ് ചെയ്യുന്നതെന്നുമാണ് ഇസ്ലാം മതം പറയുന്നത്. ഇപ്രകാരം പലിശ കൊടുക്കുന്ന സ്ഥാപനത്തിന്റെ മേധാവിയായി മുസ്ലീംലീഗിലെ നേതാക്കൾ ഇരിക്കുന്നത് ശരിയാണോ?

ശ്രീ. യു. എ. ലത്തീഫ്: സർ, മുസ്ലീം സമുദായത്തിൽപ്പെട്ടയാളെന്ന നിലയ്ക്ക് അത് ശ്രീ. എ. എൻ. ഷംസീറിന് ബാധകമാണോ?

ശ്രീ. പി. കെ. ബഷീർ: സർ, ശ്രീ. എ. എൻ. ഷംസീർ ഇസ്ലാം മതത്തിൽ വിശ്വസിക്കുന്നുണ്ടോ; അങ്ങ് കാനേഷുമാരി മുസ്ലീം ആണോ, താങ്കൾ ഏത് നിലപാടാണ് ഇപ്പോൾ സ്വീകരിക്കുന്നത്? ഗൾഫ് രാജ്യങ്ങളുൾപ്പെടെ എല്ലായിടത്തുമുള്ള ബാങ്കുകൾ പലിശ വാങ്ങുന്നുണ്ട്. അതിനൊരു ഉത്തരം പറയണം. കാരണം ആ കാറ്റഗറിയിലാണോ നിങ്ങളെ മന്ത്രിയാക്കുന്നതെന്നുകൂടി ഞങ്ങൾക്കറിയണം.

ശ്രീ. എ. എൻ. ഷംസീർ: സർ, .....(മൈക്ക് ഓഫ്).... മുസ്ലീം ആകണമെങ്കിൽ മുസ്ലീംലീഗ് ഓഫീസിൽനിന്നുള്ള സർട്ടിഫിക്കറ്റ് വാങ്ങിയാൽ മാത്രമെ മുസ്ലീം ആകുകയുള്ളുവെന്നല്ലേ നിങ്ങൾ പറയുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 287 പ്രകാരം ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നൂറ് ശതമാനവും ശരിയല്ല. മുസ്ലീംലീഗ് ഓഫീസിൽനിന്ന് സർട്ടിഫിക്കറ്റുണ്ടെങ്കിൽ മാത്രമെ ഇസ്ലാമായി കണക്കാക്കുകയുള്ളുവെന്ന് പറയുന്നത് തെറ്റാണ്. അദ്ദേഹത്തിന് ഇസ്ലാമിനെക്കുറിച്ചും മുസ്ലീംലീഗിനെക്കുറിച്ചും അറിയില്ല.

മി. ചെയർമാൻ: ശ്രീ. യു. എ. ലത്തീഫ്, അങ്ങ് ചുരുക്കണം. വഴങ്ങിയതുകാരണം സമയം ഒരുപാട് പോയി.

ശ്രീ. യു. എ. ലത്തീഫ്: സർ, ഇസ്ലാം മതമെന്ന് പറയുന്നത് മുസ്ലീംലീഗിന് മാത്രം ബാധകമല്ല, എല്ലാ മുസ്ലീംങ്ങൾക്കും ബാധകമാണെന്ന് ശ്രീ. എ. എൻ. ഷംസീർ മനസ്സിലാക്കുന്നത് നല്ലതാണ്. ഈ വേദി അതിനുവേണ്ടി ഞങ്ങൾ ഉപയോഗിക്കുന്നില്ല. അതിന് ഞങ്ങളുടെ മതസംഘടനകളുണ്ട്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ, അതിനെ നിങ്ങൾക്കറിയില്ലേ; ആ സംഘടനകൾ ഉത്തരം നൽകും. അതുകൊണ്ട് മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. മറ്റുള്ള ബാങ്കുകളുടെ ഭരണസമിതി മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റേതുപോലെ നിലനിർത്തിക്കൊണ്ട് കേരള ബാങ്കിന്റെ ലേബലിൽ ഒരു സോഫ്റ്റ്വെയർ പ്രവർത്തിപ്പിച്ച് പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അനന്തസാധ്യതയുള്ള സഹകരണ മേഖലയിൽ രാഷ്ട്രീയം നോക്കാതെ എന്നും ഒരുമിച്ച് പ്രവർത്തിക്കുന്നവരാണെന്ന സമീപനമാണ് ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ ഞങ്ങളോട് സ്വീകരിച്ചിട്ടുള്ളത്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനോടും അതേ സമീപനം സ്വീകരിക്കണമെന്ന് വളരെ വിനയത്തോടെ സഹകരണ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ സഹകരണ ബാങ്കുകളുടെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഡയറക്ടർമാർ എന്നിവരുടെ ഓണറേറിയം വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ചതാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് അത് വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മിനിഞ്ഞാന്ന് മലപ്പുറത്ത് ചേർന്ന ഡി.ഡി.സി. യോഗത്തിൽ മലപ്പുറത്ത് പതിനായിരത്തിലധികം പ്ലസ് വൺ സീറ്റുകൾ ഇനിയും ആവശ്യമുണ്ടെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ വകുപ്പിൽനിന്നും ഗവൺമെന്റിന് നൽകിയ റിപ്പോർട്ടിൽ മലപ്പുറം ജില്ലയിൽ 373 സീറ്റുകൾ അധികമാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് മലപ്പുറം ജില്ലയിലെ പ്ലസ് വൺ, ഡിഗ്രി സീറ്റുകൾ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: ഇത് ബില്ലിന്റെ വിഷയമല്ലല്ലോ?

ശ്രീ. യു. എ. ലത്തീഫ്: സർ, മലപ്പുറം ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി വി. അബ്ദുറഹിമാൻ ഈ യോഗത്തിൽ പങ്കെടുക്കുകയും ഇക്കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ന്യൂസ് പ്രിന്റിനെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഞാൻ സംസാരിച്ചപ്പോൾ ചന്ദ്രിക ദിന പത്രത്തെ സഹായിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതിനുള്ള കാരണം, പരസ്യയിനത്തിൽ ഗവൺമെന്റ് അഞ്ച് കോടിയോളം രൂപ ചന്ദ്രിക ദിനപത്രത്തിന്റെ കമ്പനിക്ക് നൽകാനുണ്ട്. ഞാൻ മുമ്പ് സൂചിപ്പിച്ച കാരണങ്ങൾ അടിസ്ഥാനപ്പെടുത്തി ഈ പത്രത്തിന് സബ്സിഡി നിരക്കിൽ അസംസ്കൃത വസ്തുക്കൾ നൽകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ടും തെറ്റിദ്ധാരണ നീക്കുന്നതിനുവേണ്ടിയാണ് ഈ ക്ലാരിഫിക്കേഷൻ നടത്തുന്നതെന്നും കൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ നിന്നുകൊണ്ടാണ് ഭരണ-പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചത്. ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ സഹകരണ മേഖലയിൽ യോജിച്ച പ്രവർത്തനങ്ങൾ വളർന്നുവരേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ച നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. ഈ മേഖലയിൽ ആശങ്കകൾക്കൊന്നും അടിസ്ഥാനമില്ലാതെ മുന്നോട്ടുപോകാൻ സാധിക്കുന്ന ഒട്ടനവധി തീരുമാനങ്ങൾ നടപ്പാക്കിക്കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ജില്ലാ സഹകരണ ബാങ്കുകൾ കേരള ബാങ്കിൽ ലയിക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കണമെന്ന ഈ നിയമ ഭേദഗതി അംഗീകരിച്ചാൽ മാത്രമെ മലപ്പുറം ജില്ലാ ബാങ്കിന് നിലനിൽക്കാൻ സാധിക്കുകയുള്ളൂവെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. നിലവിൽ കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന കേസുകളെല്ലാം അവസാനിച്ചിരിക്കുന്നു. ആർ.ബി.ഐ.-യുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് ഉടനെ ലയനപ്രക്രിയ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. ഇവിടെ ചില അംഗങ്ങൾ അടിസ്ഥാന രഹിതമായ കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. 2021-ൽ ഇവിടെ പാസാക്കിയ നിയമത്തിലെ ഭേദഗതിപ്രകാരം ആക്ടിലെ വകുപ്പ് (2), ഉപവകുപ്പ് (ia)-ൽ താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട് "Provided that if the general body of a District Co-operative Bank has not passed the resolution under section 14A, it shall continue as such for a period of two years from the date of commencement of the Kerala Co-operative Societies (Amendment) Act, 2021 or till the Registrar completes the process under clauses (a), (b)

and (c) of sub-section (1) of Section 74H, whichever is earlier;". 15-1-2020 മുതലുള്ള രണ്ടുവർഷക്കാലത്തിനകം മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള നടപടി പൂർത്തീകരിച്ചിട്ടില്ല. ഈ നിയമം പാസാക്കിയില്ലെങ്കിൽ സ്വാഭാവികമായും മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് തുടരാൻ സാധിക്കില്ല. അതിനുവേണ്ടിയാണ് ഇപ്പോൾ ഈ നിയമം പാസ്സാക്കുന്നതെന്ന് തിരിച്ചറിയണം. അതോടൊപ്പം ലയനം ലക്ഷ്യംവയ്ക്കുന്ന സാഹചര്യത്തിൽ 2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ടിലെ 74H വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ (എ), (ബി), (സി) പ്രകാരമുള്ള നടപടി പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നതാണ്. ഈ പ്രതിസന്ധി ഒഴിവാക്കുന്നതുകൂടി ഈ നിയമ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്; അക്കാര്യം കൃത്യമായി തിരിച്ചറിയണം.

2021-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്ടിലെ വ്യവസ്ഥകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശരിവച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തർക്കത്തിന്റെ പ്രശ്നങ്ങളൊന്നും നിലവിലില്ല. ഇതുമായി ബന്ധപ്പെട്ട് ആർ.ബി.ഐ.-യുടെ അനുമതി ലഭിക്കാനുള്ള നടപടി പുരോഗമിച്ചുവരികയാണ്. അത് തീർപ്പാകുന്നമുറയ്ക്ക് ഒരു വർഷ കാലാവധിക്കുള്ളിൽത്തന്നെ ലയനവുമായി ബന്ധപ്പെട്ട പ്രക്രിയകൂടി പൂർത്തീകരിക്കാനാണ് ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ചില പരാമർശങ്ങൾ ഉന്നയിക്കുകയുണ്ടായി. ഒരു ഉത്തമ സഹകാരിയായ ശ്രീ. പി. അബ്ദുൽ ഹമീദ് മുന്നോട്ടുവച്ച ഒട്ടനവധി ക്രിയാത്മകമായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുകയാണ്. അദ്ദേഹം സൂചിപ്പിച്ചത് മുമ്പ് ജില്ലാ സഹകരണ ബാങ്കുകൾ Primary Agricultural Credit Society (PACS)-കളെ സഹായിച്ചിരുന്നതുപോലെ കേരള ബാങ്ക് സഹായം നൽകുന്നില്ലെന്നാണ്. ആ വാദം തെറ്റാണെന്ന് അങ്ങയോട് വിനയപൂർവ്വം അറിയിക്കുകയാണ്. കാരണം ഈ അടുത്ത കാലത്ത് കൊടുത്തിട്ടുള്ള വായ്പകൾ മാത്രം പരിശോധിച്ചാൽ ഇക്കാര്യം ബോദ്ധ്യപ്പെടുന്നതാണ്. കേരള ബാങ്ക് രൂപം കൊണ്ടതിനുശേഷം PACS-ന് 2020-ൽ 7264 കോടിരൂപയും 2022-ൽ 9472 കോടിരൂപയും നൽകുകയുണ്ടായി; ഇതിലൂടെ 2208 കോടിരൂപയുടെ വർദ്ധനവാണുണ്ടായിരിക്കുന്നത്. PACS-ന് ഇത്രയധികം കോടി രൂപ ഈ കാലഘട്ടത്തിൽ കേരള ബാങ്ക് നൽകിയിട്ടുണ്ടെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. മുമ്പ് ലഭിച്ചുകൊണ്ടിരുന്ന രീതിയിലുള്ള ഗുണങ്ങൾ സാധാരണക്കാർക്ക് ലഭിക്കുന്നില്ലെന്ന അങ്ങയുടെ വാദവും തെറ്റാണ്. കേരള ബാങ്കിന്റെ 769 ശാഖകളിൽനിന്ന് 35 ഇനം വായ്പകൾ നൽകുന്നുണ്ട്. അതിൽ അടിസ്ഥാനരഹിതമായ വാദം ഉന്നയിച്ചത് ശ്രീ. സജീവ് ജോസഫാണ്. കേരള

ബാങ്കിന്റെ ശാഖകളിൽനിന്ന് അഞ്ച് ലക്ഷം രൂപവരെ ഈടില്ലാതെ വായ്പ നൽകുന്ന സമ്പ്രദായമുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. ദുരന്തകാലത്ത് ദുരിതബാധിത പ്രദേശങ്ങളിലുള്ളവർ നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനമെടുത്തത്. അഞ്ചുലക്ഷം രൂപവരെ ഈടില്ലാത്ത വായ്പ നൽകുന്നുവെന്ന മാത്രമല്ല, ആദ്യത്തെ ഒരു വർഷം തിരിച്ചടവ് നടത്തേണ്ടതുമില്ല. തിരിച്ചടവിന് കൂടുതൽ സമയം കൊടുത്തുകൊണ്ടാണ് ടി വായ്പ നൽകിക്കൊണ്ടിരിക്കുന്നത്. വ്യക്തികൾക്ക് അറുപത് ലക്ഷം രൂപവരെ സബ്സിഡിയോടുകൂടി വായ്പ നൽകുന്നുണ്ട്. എം.എസ്.എം.ഇ.-കൾക്ക് ഓരോ പ്രോജക്ടുകൾക്കുമായി ഒരു കോടിരൂപവരെ നൽകുന്നുണ്ട്. ഇത്തരത്തിൽ ഡി.സി.ബി. ആയി പ്രവർത്തിച്ചിരുന്നതിനേക്കാൾ കൂടുതൽ തരത്തിലുള്ള വിവിധ വായ്പാ സംവിധാനങ്ങളാണ് കേരള ബാങ്ക് മുഖേന നൽകിക്കൊണ്ടിരിക്കുന്നത്. അതുകൂടാതെ അവർ കൊടുത്ത വായ്പയുടെ കണക്ക് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത് 2020-ൽ ഉണ്ടായിരുന്ന 40156.86 കോടി രൂപയുടെ സ്ഥാനത്ത് ഇപ്പോൾ 42,772 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ടെന്നാണ്. ഇപ്രകാരം 2,616 കോടിരൂപയുടെ വർദ്ധനവാണുണ്ടായിരിക്കുന്നത്. അതുകൊണ്ട് കേരള ബാങ്കിൽനിന്ന് നൽകുന്ന വായ്പാ സംവിധാനങ്ങളെക്കുറിച്ച് പറഞ്ഞ വാദങ്ങളെല്ലാം അടിസ്ഥാനരഹിതമാണെന്ന് ഈ സംഭവങ്ങളിലൂടെ വ്യക്തമാകുന്നതാണ്. കേരള ബാങ്ക് രൂപീകരണത്തോടെ സാധാരണക്കാർക്ക് രണ്ടുശതമാനം പലിശ കുറച്ച് കാർഷിക വായ്പ ലഭിക്കുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. മുമ്പ് പ്രവർത്തിച്ചുകൊണ്ടിരുന്ന പല നാഷണലൈസ്ഡ് ബാങ്കുകളും അപ്രത്യക്ഷമാകുകയും എസ്.ബി.ടി. അടക്കം എസ്.ബി.ഐ.-യിൽ ലയിക്കുകയും മറ്റ് യൂണിയൻ ബാങ്കുകൾ ഉൾപ്പെടെ കാനറ ബാങ്കിൽ ലയിക്കുകയും ചെയ്തപ്പോൾ പല ബാങ്ക് ശാഖകളും അടച്ചുപൂട്ടിയ സ്ഥിതിവിശേഷമാണുണ്ടായത്. ഇന്ന് ആ സ്ഥാനത്തുനിന്നുകൊണ്ട് മുഴുവൻ ചുമതലയും നിർവ്വഹിക്കുന്നത് കേരള ബാങ്കും PACS-കളുമാണ്. സഹകരണ രംഗത്ത് കേരള ബാങ്കിന്റെ രൂപീകരണം ഗുണകരമാകില്ലെന്ന വാദം അസ്ഥാനത്താണ്. ഈ മേഖലയിൽ കേരള ബാങ്ക് രൂപീകരിച്ചില്ലായിരുന്നുവെങ്കിൽ ഇന്ന് പ്രവർത്തിക്കുന്ന ചില ജില്ലാ ബാങ്കുകൾ ഉണ്ടാകില്ലായിരുന്നെന്ന യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. കാരണം, വലിയ നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഏതാണ്ട് ലിക്വിഡേഷന്റെ ഘട്ടംവരെ എത്തിനിൽക്കുന്ന സ്ഥിതിയായിരുന്നു. കേരളത്തിലെ ഏഴ് ജില്ലാ സഹകരണ ബാങ്കുകൾ നഷ്ടത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ആ സ്ഥാനത്ത് 2020-ൽ 64 കോടി രൂപയുടെ ലാഭവും 2021-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 77.24 കോടി രൂപയും ലാഭവും നേടിക്കൊണ്ടാണ് കേരള ബാങ്ക് പ്രവർത്തിക്കുന്നതെന്ന് അഭിമാനപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ്. അതേസമയം

സഞ്ചിത നഷ്ടം മുമ്പത്തെക്കാളും കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. അതുകൊണ്ട് കേരള ബാങ്കിന്റെ രൂപീകരണം അടിസ്ഥാന രഹിതമായിപ്പോയെന്ന വാദം നിലനിൽക്കുന്നതല്ല. ഇത്തരം വിഷയങ്ങളിൽ ഒരിക്കലും ബാങ്കിനെ ശത്രുക്കളായി കാണാതെ തികച്ചും വിശ്വാസത്തിലെടുക്കുന്ന രീതിയാണ് സ്വീകരിക്കേണ്ടത്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ വിശ്വാസത്തിലെടുത്തില്ലെങ്കിൽ ഈ നിയമം കൊണ്ടുവരേണ്ട കാര്യമില്ലായിരുന്നു. ഈ നിയമം കൊണ്ടുവന്നില്ലെങ്കിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ ഗതിയെന്താകും; ആർ.സി.എസ്.-ന്റെയോ ആർ.ബി.ഐ.-യുടെയോ കേരള ബാങ്കിന്റെയോ കീഴിലല്ലാതായാൽ ഈ ബാങ്കിന് നിൽക്കാൻ സാധിക്കുമോ? യഥാർത്ഥത്തിൽ മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ സഹായിക്കാനും സംരക്ഷിക്കാനും സഹകാരികൾക്ക് സഹായകരമായ കാര്യങ്ങളാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതുകൊണ്ട് തെറ്റിദ്ധാരണ മാറ്റുന്നതോടൊപ്പം എല്ലാവരും അക്കാര്യം തിരിച്ചറിയുക കൂടിവേണം.

ശ്രീ. പി. കെ. ബഷീർ: സർ, സഹകരണ ബാങ്കുകളുടെ ജനറൽ ബോഡി യോഗം ചേർന്ന് ബൈലോ ഭേദഗതി സംബന്ധിച്ചും ക്ലാസിഫിക്കേഷൻ സംബന്ധിച്ചും അംഗീകാരത്തിനായി സമർപ്പിച്ച ഫയലുകൾ ജോയിന്റ് രജിസ്ട്രാർ ഓഫീസുകളിൽ രണ്ടു-മൂന്ന് വർഷങ്ങളായി കെട്ടിക്കിടക്കുകയാണ്. അക്കാര്യത്തിൽ സർക്കാർ എന്തുനടപടി സ്വീകരിക്കും? നാളിതുവരെയും ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ അവയ്ക്കുള്ള അംഗീകാരം നൽകിയിട്ടില്ല. ഇതിനുള്ള പരിഹാരമാർഗ്ഗമെന്താണ്? ബഹുമാനപ്പെട്ട മന്ത്രി ഇതുമായി ബന്ധപ്പെട്ട് അദാലത്ത് നടത്തുമെന്ന് പ്രസ്താവന നടത്തിയിരുന്നു. ഇക്കാര്യത്തിൽ സമയബന്ധിതമായി തീരുമാനമെടുക്കാനുള്ള നിർദ്ദേശം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, തീർച്ചയായും ഉണ്ടാകുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. സഹകരണ കാര്യാലയങ്ങൾ ഇ-ഓഫീസുകളായി മാറ്റിയപ്പോൾ 90 ദിവസത്തിൽ കൂടുതൽ ഇത്തരം ഫയലുകൾ ഓഫീസുകളിൽ കെട്ടിക്കിടക്കാൻ പാടില്ലെന്ന് നിർദ്ദേശം നൽകിക്കൊണ്ട് ഡാഷ്ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഏതെങ്കിലും കേസ്സുകൾ ഇപ്രകാരം മുടങ്ങിക്കിടക്കുന്നതായി അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയാൽ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ ഉറപ്പായും പ്രശ്നപരിഹാരം നടത്തുന്നതാണ്. സഹകരണ മേഖലയിൽ പ്രഖ്യാപിച്ച ഓഡിറ്റ് സംവിധാനം ഫലപ്രദമായി നടക്കുന്നില്ലെന്ന് വിമർശനം വരികയുണ്ടായി; അത് കൃത്യമായി നടത്തിയിട്ടുണ്ടെന്ന് വിനയപൂർവ്വം അറിയിക്കുകയാണ്. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന് സർക്കാർ കത്ത് നൽകിയതുപ്രകാരം ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥയെ ഓഡിറ്റ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ടീം ഓഡിറ്റ്

നടന്നുകൊണ്ടിരിക്കുകയാണ്; ട്രയൽ അവിടെയാണ് ആരംഭിച്ചത്. അത് ഓരോ ജില്ലകളിലേയ്ക്കും ടീമായി വരികയാണ്. എല്ലാ ജില്ലകളിലെയും ഓഡിറ്റ് സംവിധാനത്തിൽ മാറ്റം വരുത്തണമെന്ന ശ്രീ. പി. അബ്ദുൽ ഹമീദിന്റെ ആവശ്യം കൃത്യമായി നടപ്പാക്കുന്നതിനും കർശനമായ പരിശോധനകൾ നടത്തുന്നതിനും പിശകുകൾ കണ്ടാൽ പാർട്ടി ഭേദമെന്യേ മുഖം നോക്കാതെ കൃത്യമായ നടപടി സ്വീകരിക്കുന്നതിനും സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. കരുവന്നൂർ സഹകരണ ബാങ്കിലെ പ്രശ്നം അതിനൊരുദാഹരണമാണ്. അവിടെ ഭരിച്ചിരുന്നത് എൽ.ഡി.എഫ്. ഭരണസമിതിയാണെങ്കിലും തട്ടിപ്പുമായി ബന്ധപ്പെട്ട് ടി ബാങ്കിലെ ഏഴ് ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും ഇപ്പോൾ രണ്ടുപേർ ജയിലിൽ തുടരുകയുമാണ്. ഈ സംഭവം നടന്നിട്ട് എത്രനാളായി? അതുകൂടാതെ മുഴുവൻ ഭരണസമിതിക്കാരെയും പിരിച്ചുവിടുകയും അവരുടെയെല്ലാം പേരിൽ ക്രൈം കേസും സിവിൽ കേസും രജിസ്റ്റർ ചെയ്യുകയും അവരുടെ പ്രോപ്പർട്ടി അറ്റാച്ച് ചെയ്ത് നഷ്ടം ഈടാക്കാനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഈ തട്ടിപ്പിൽ ഉൾപ്പെട്ട ഒരാളെപ്പോലും വെറുതെ വിട്ടില്ലെന്നു മാത്രമല്ല, വകുപ്പിലെ 16 ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരുപക്ഷെ ജോയിന്റ് രജിസ്ട്രാർ ഉൾപ്പെടെയുള്ള 16 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത സംഭവം സഹകരണ വകുപ്പിന്റെ ചരിത്രത്തിൽത്തന്നെ ആദ്യത്തേതായിരിക്കും. അക്കാര്യത്തിൽ ഗവൺമെന്റ് ഒരു വിട്ടുവീഴ്ചയും ചെയ്തിട്ടില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ അങ്ങ് ഭയപ്പെടേണ്ടതില്ല. കൃത്യവും കർക്കശവുമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്.

ശ്രീ. പി. ഉബൈദുള്ള: സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിക്കുന്നത് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരാണ്. ഒരു സാമ്പത്തിക സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിക്കണമെങ്കിൽ ആ സ്ഥാപനത്തിലെ ജീവനക്കാർ സംതൃപ്തരാകണം. ബാങ്കുകളിൽ നിക്ഷേപം വർദ്ധിക്കുന്നതിലൂടെ ബാങ്കുകൾ വളർന്നുവലുതാകുന്നത് ജീവനക്കാരുടെ ആത്മാർത്ഥതകൊണ്ടാണ്. അത്തരത്തിൽ നിക്ഷേപം വർദ്ധിച്ചു വരുന്ന ബാങ്കുകളിൽ, നേരത്തേ സബ്സ്റ്റാഫായി ജോലിയിൽ പ്രവേശിച്ച് പ്രൊമോഷൻ ലഭിച്ച് വരുന്നവർ സെക്രട്ടറിയോ അസിസ്റ്റന്റ് സെക്രട്ടറിയോ ആയി നിയമിതരാകാൻ പാടില്ലെന്ന നിബന്ധനയുണ്ടായിരുന്നു. നിലവിലെ ജീവനക്കാരുടെ പ്രൊമോഷൻ സാധ്യത തടയുന്ന തരത്തിലുള്ള ചട്ട ഭേദഗതിയാണ് സഹകരണ വകുപ്പ് അവതരിപ്പിച്ചിരിക്കുന്നത്. ഇതിനെതിരെ കേരളത്തിലെ ഏറ്റവും പ്രബല സംഘടനയായ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ കഴിഞ്ഞ മാസം 24-ാം തീയതി സെക്രട്ടേറിയറ്റ് മാർച്ച്

നടത്തുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽവച്ച് ഓർഗനൈസേഷൻ നേതാക്കൾ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. അക്കാര്യം പുനഃപരിശോധിക്കാനും ജീവനക്കാരെ വിശ്വാസത്തിലെടുത്ത് അവരെ സംതൃപ്തരാക്കി മുന്നോട്ടു കൊണ്ടുപോകാനും അങ്ങയുടെ ഭാഗത്തുനിന്ന് നടപടി സ്വീകരിക്കുമോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരള ബാങ്ക് രൂപീകരിച്ചില്ലെങ്കിൽ ഇന്ന് പ്രവർത്തിക്കുന്ന ചില ജില്ലാ ബാങ്കുകൾക്ക് നിലനിൽക്കാൻ സാധിക്കുമായിരുന്നോയെന്ന് അങ്ങ് ചോദിക്കുകയുണ്ടായി. കേരളത്തിൽ ഏറ്റവും നല്ലരീതിയിൽ പ്രവർത്തിക്കുകയും വർഷങ്ങളായി ലാഭം നേടുകയും ചെയ്യുന്ന ജില്ലാ ബാങ്കായിരുന്നു മലപ്പുറം ജില്ലാ സഹകരണ ബാങ്ക്. ബാങ്കുകളുടെ ഏകോപനം നടപ്പാക്കിയതിന്റെ ഭാഗമായി ബാങ്കുകൾക്ക് സ്വന്തമായി നിലനിൽക്കാൻ കഴിയില്ലെന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതുപോലെ പഞ്ചാബിലും ജില്ലാ ബാങ്കുകളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ഒറ്റ ബാങ്കായി മാറ്റുകയുണ്ടായി. എന്നാൽ അവിടെ ഒരു ജില്ലാ ബാങ്കിന് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അനുമതി അവർ നൽകിയിരിക്കുകയാണ്. അപ്രകാരം പ്രവർത്തിക്കാൻ ഇവിടെയും നമുക്ക് സാധിക്കുമായിരുന്നു. ഏകോപനവുമായി ബന്ധപ്പെട്ട് ജനാധിപത്യ രീതിയിൽ അവിടത്തെ ജനങ്ങളുടെ അഭിപ്രായം സ്വീകരിക്കുകയാണുണ്ടായത്. എന്നാലിവിടെ നാലിൽ മൂന്ന് ഭൂരിപക്ഷവും കേരള ബാങ്കിൽ ലയിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടും ആ ബാങ്കിനെ ലയിപ്പിച്ചേ അടങ്ങൂവെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ ബില്ലുമായി വീണ്ടും വന്നിരിക്കുന്നത്. മാത്രമല്ല, ഏറ്റവും കുറഞ്ഞ പലിശ നിരക്ക് ഈടാക്കിക്കൊണ്ട് ജനങ്ങളെ സഹായിക്കാൻ മലപ്പുറം ജില്ലാ സഹകരണ ബാങ്കിന് സാധിച്ചുവെന്ന് കേരളത്തിലെ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. എന്നാൽ സംസ്ഥാന സഹകരണ ബാങ്കിനോ കേരള ബാങ്കിനോ മറ്റ് ജില്ലാ ബാങ്കുകൾക്കോ സാധിക്കാത്ത രീതിയിൽ ഏറ്റവും കുറഞ്ഞ പലിശ നിരക്ക് ഈടാക്കിക്കൊണ്ട് ജനങ്ങളെ സഹായിക്കാൻ മുന്നോട്ടുവരികയും രണ്ട് ഡസനിലേറെയുള്ള പ്രൈമറി സഹകരണ സംഘങ്ങൾക്ക് പലിശരഹിത വായ്പ കൊടുത്തുകൊണ്ട് അതിനെ ഉയർത്തിക്കൊണ്ടുവരാൻ പരിശ്രമിക്കുകയും ചെയ്തിട്ടുള്ള ജില്ലാ ബാങ്കാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്ക്. ഇത്തരത്തിൽ വ്യത്യസ്തമായി പ്രവർത്തിച്ച ടി ബാങ്കാണ് നഷ്ടപ്പെടാൻ പോകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. വി. എൻ. വാസവൻ: സർ, ശ്രീ. പി. ഉബൈദുള്ള സൂചിപ്പിച്ചത് ജീവനക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചാണ്. മലപ്പുറം ജില്ലയിലെ മണി എന്നയാൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.-യുടെ

അടിസ്ഥാനത്തിൽ വന്ന വിധിയെ ആസ്പദമാക്കിയാണ് ചട്ട ഭേദഗതി വന്നിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ചർച്ച ആരംഭിച്ചിട്ട് നാലു വർഷത്തോളമായി. ടി ചട്ട ഭേദഗതി അടിയന്തരമായി നടപ്പാക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള ഓർഡറിൽ എന്തെങ്കിലും അപാകത കണ്ടെത്തി ജീവനക്കാരുടെ സംഘടനകൾ പരാതി നൽകിയാൽ അവരുമായി ചർച്ച ചെയ്ത്, അവരെ വിശ്വാസത്തിലെടുത്തുകൊണ്ട് തീർപ്പുകൽപ്പിക്കുന്ന ശൈലിയായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നത്. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ ഒറ്റപ്പെടുത്തിയതുകൊണ്ട് ഇനി ടി ബാങ്കിന് പിടിച്ചുനിൽക്കാൻ കഴിയില്ലെന്ന് ശ്രീ. കുറുക്കോളി മൊയ്തീൻ സൂചിപ്പിക്കുകയുണ്ടായി. 2021-ൽ സഭ പാസ്സാക്കിയ നിയമമനുസരിച്ച് ആ ബാങ്കിന് കേരള ബാങ്കിൽ ലയിച്ചേ മതിയാകൂ; ഒറ്റയ്ക്ക് നിൽക്കാൻ സാധിക്കില്ല. ഈ ബാങ്കിന് എങ്ങനെ ഒറ്റയ്ക്ക് നിൽക്കാൻ സാധിക്കുമെന്നാണ് ആർ.ബി.ഐ. തന്നെ ചോദിക്കുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ അഫിഡവിറ്റ് സമർപ്പിച്ചതുകൊണ്ടുമാത്രം ഈ ബാങ്കിന് ഒറ്റയ്ക്ക് നിന്നുകൊണ്ട് മുന്നോട്ടുപോകാനാകില്ല. ഈ ബാങ്ക് ചെയ്ത സേവനങ്ങളെക്കുറിച്ചോ അത് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നോ ഞാൻ പറഞ്ഞില്ല. കേരളത്തിലെ ഏഴോളം ജില്ലാ ബാങ്കുകൾ നഷ്ടത്തിലായിരുന്ന ഘട്ടത്തിലാണ് കേരള ബാങ്ക് രൂപീകരിച്ചത്. പ്രത്യേകിച്ച് ചില ജില്ലാ ബാങ്കുകൾ ലിക്വിഡേഷൻ ഘട്ടം വരെ എത്തിയിരുന്നു. ആ സ്ഥാനത്താണ് കേരള ബാങ്ക് രൂപീകരിച്ചശേഷം ആദ്യവർഷം 64 കോടിയിൽപ്പരം രൂപയുടെയും രണ്ടാംവർഷം 74.24 കോടി രൂപയുടെയും ലാഭമുണ്ടാക്കിയത്. ഇതിന്റെ രൂപീകരണം ശരിയായ രീതിയിൽ അല്ലെന്ന വാദങ്ങൾക്ക് അടിസ്ഥാനമില്ല. കേരള ബാങ്കിന്റെ രൂപീകരണം ശരിയായിരുന്നുവെന്ന നിഗമനത്തിലേയ്ക്കാണ് എത്തിയിരിക്കുന്നത്. ഇവിടെ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തണമെന്ന ആവശ്യം നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ഇവിടെ എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കിയെന്നാണ് ശ്രീ. സജീവ് ജോസഫ് ചോദിച്ചത്. ഞങ്ങൾ പലകാര്യങ്ങളും നടപ്പാക്കിയിട്ടുണ്ട്. പൊതുവിൽ പിന്നാക്കം പോകുന്ന സംഘങ്ങളെ മുന്നോട്ടുകൊണ്ടുവരുന്നതിനുവേണ്ടി ഒരു നയം സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എനിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചത്. അത്തരത്തിൽ കൺസോർഷ്യം രൂപീകരിക്കുമ്പോൾ ഒരു സംഘത്തിനുമാത്രം പരിമിതപ്പെടുത്താതെ പൊതുവിൽ പിന്നാക്കം പോകുന്ന സംഘങ്ങളെ മുന്നോട്ടു കൊണ്ടുവരുന്ന തരത്തിലുള്ള നയം സ്വീകരിക്കുന്ന കാര്യംകൂടി പരിഗണനയിലെടുത്തിട്ടുണ്ട്. കരുവന്നൂർ സഹകരണ ബാങ്കിന് മാത്രമായുണ്ടാക്കിയ

കൺസോർഷ്യം മാറ്റിവച്ചിട്ട്, പാർട്ടിഭേദമെന്യേ കേരളത്തിൽ പിന്നാക്കം നിൽക്കുന്ന സംഘങ്ങളെ സംരക്ഷിക്കാൻ സഹായിക്കുന്ന രൂപത്തിലാണ് സഹകരണ സംരക്ഷണ നിധി രൂപീകരിക്കാൻ തീരുമാനിച്ചത്. കാരണം സംഘങ്ങളുടെ പ്രവർത്തനം പിന്നോട്ടുപോയാൽ പൊതുവിൽ അത് സഹകരണമേഖലയെ മോശമായി ബാധിക്കും. സഹകരണ സംരക്ഷണ നിധിയിലേയ്ക്ക് ഫണ്ട് ഉയർത്തുന്നവരെ ബുദ്ധിമുട്ടിക്കാതെ ലാഭത്തിൽനിന്ന് മാത്രം റിസർവ് ഫണ്ട് നൽകുന്നുണ്ട്. സർപ്ലസ് ഫണ്ടുള്ള സംഘങ്ങൾക്ക് നിക്ഷേപം നടത്താനുള്ള അവസരവും നൽകിക്കൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ആ നിർദ്ദേശം നടപ്പാക്കുന്നതോടുകൂടി ഭാവിയിൽ ഒരാൾക്കും നിക്ഷേപം സംബന്ധിച്ച ആശങ്കയില്ലാതെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നതാണ്. ഇതിനുള്ള സ്കീം തയ്യാറായിട്ടുണ്ട്, അതിന്റെ നിബന്ധനകൾ കൂട്ടിച്ചേർത്ത് ഓർഡറാക്കുന്ന കാര്യങ്ങൾ മാത്രമാണ് ബാക്കിയുള്ളത്. പുതുതായി ഞങ്ങൾ തയ്യാറാക്കിയ സ്കീമിനെക്കുറിച്ചുള്ള ഭാവി കാഴ്ചപ്പാടാണിത്. നിക്ഷേപ ഗ്യാരന്റി സ്കീമിൽ വർദ്ധനവുണ്ടായിട്ടില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. ബോർഡ് തീരുമാനമെടുത്താൽ മാത്രമെ റൂൾ അമെന്റ് ചെയ്തശേഷം അഞ്ചുലക്ഷം രൂപയാക്കി നൽകാൻ കഴിയുകയുള്ളൂയെന്ന നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്തുകയുണ്ടായി. ലിക്വിഡേഷന്റെ അവസ്ഥയിലേയ്ക്കുപോയ സംഘത്തിനുമാത്രമെ ടി തുക നൽകുകയുള്ളൂവെന്ന വ്യവസ്ഥയ്ക്ക് മാറ്റം വരുത്തുകയും അല്ലാത്ത ഘട്ടങ്ങളിലും ഇടപെടൽ നടത്തുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീമിന് അവസരമൊരുക്കുന്ന രൂപത്തിൽ റൂളിൽ ഭേദഗതി വരുത്തുകയുമാണ് ചെയ്യുന്നത്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംസ്ഥാനത്ത് വരുന്നതുമായി ബന്ധപ്പെട്ട് പരാതികളും വിമർശനങ്ങളുമുണ്ടായി എന്നത് ശരിയാണ്. അക്കാര്യത്തിൽ നേരത്തേ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ ആ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട സജീവ് ജോസഫും മറ്റ് രണ്ടു പേരും സൂചിപ്പിച്ചത് ആർ.ബി.ഐ.-യുടെ നോട്ടീസുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തതെന്നാണ്. ഒരിക്കൽ അക്കാര്യങ്ങളെക്കുറിച്ച് വളരെ വ്യക്തമായി ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ മൂന്നുകാര്യങ്ങളാണ് ആർ.ബി.ഐ. പറഞ്ഞത്. ഒന്ന്, ബാങ്ക്, ബാങ്കിംഗ്, ബാങ്കർ എന്നീ പദങ്ങൾ ഉപയോഗിക്കാൻ പാടില്ല; രണ്ട്, മെമ്പർഷിപ്പിന്റെ കാര്യത്തിൽ വോട്ടവകാശമുള്ള മെമ്പർമാരെ മാത്രമെ മെമ്പർമാരായി പരിഗണിച്ച് ബിസിനസുമായി മുന്നോട്ടുപോകാവൂ; മൂന്ന്, കേന്ദ്ര നിക്ഷേപ ഗ്യാരന്റി സ്കീമിൽനിന്ന് നമുക്ക് ഒരുരൂപപോലും തരില്ല എന്നുമാണ്. ഈ മൂന്ന് വിഷയങ്ങളും പരിശോധിച്ചശേഷം സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനത്തിൽ ഒന്നാമതായി, ആർ.ബി.ഐ.-ക്ക് കത്തെഴുതി; രണ്ടാമതായി, കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തെഴുതി; മൂന്നാമതായി, ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ കേസ്

ഫയൽ ചെയ്തു. പക്ഷെ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങളുപയോഗിക്കാൻ പാടില്ലെന്ന തരത്തിൽ ആർ.ബി.ഐ. ചില അടിസ്ഥാനരഹിതമായ കാര്യങ്ങൾ പറയുന്നുണ്ട്. ബി.ആർ. ആക്ടിന്റെ പരിധിയിൽ ബാങ്കിന് നൽകിയിട്ടുള്ള ഡെഫനിഷൻ പ്രകാരം, 'പൊതുജനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുകയും പൊതുജനങ്ങൾക്ക് വായ്പകൊടുക്കുകയും ചെയ്യുന്നതാണ് ബാങ്ക് എന്നാണ്. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ മെമ്പർമാർക്കുമാത്രം നിക്ഷേപം, വായ്പ എന്നിവ അനുവദിക്കണമെന്നും മെമ്പർമാർമാരുമായി മാത്രം ബിസിനസ്സ് നടത്തണമെന്നുമാണ്. ഇതിനെല്ലാമുപരി 97-ാം ഭരണഘടനാ ഭേദഗതി റദ്ദുചെയ്തുകൊണ്ട് രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സുപ്രധാന വിധിയിൽ പറയുന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ഇന്ത്യൻ ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ, 32-ാമത്തെ എൻട്രിയിൽ കൃത്യമായി നിർവ്വചിക്കുന്നത്, കോ-ഓപ്പറേറ്റീവ് എന്നത് സ്റ്റേറ്റ് സബ്ജക്ടാണ് എന്നാണ്. 97-ാം ഭരണഘടന ഭേദഗതി വിഷയവുമായി ബന്ധപ്പെട്ട് അതിന്മേലുള്ള ഡിസ്പ്യൂട്ടിലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അവസാനത്തെ വിധി അതാണ്. കോ-ഓപ്പറേറ്റീവ് എന്നത് സ്റ്റേറ്റ് സബ്ജക്ടാണെന്ന് കൃത്യമായി നിർവ്വചിച്ചിരിക്കുന്നു. കണ്ണൂർ ജില്ലയിലെ മാവിലായി ബാങ്ക് ഇതുമായി ബന്ധപ്പെട്ട ഒരു ഡിസ്പ്യൂട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ കൊണ്ടുവന്നിരുന്നു. പ്രസ്തുത കേസുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഭരണാഘടനാ ബഞ്ചിന്റെ സുപ്രധാനമായ മറ്റൊരു വിധിയുണ്ട്. അതിൻപ്രകാരം എ-ക്ലാസ്, ബി-ക്ലാസ്, സി-ക്ലാസ്, ഡി-ക്ലാസ് എന്നീ ബിസിനസ്സിന്റെ കാര്യം തരംതിരിക്കേണ്ടതില്ലെന്നു മാത്രമല്ല, വോട്ടവകാശവും ആവശ്യമില്ല. ചിട്ടിയിൽ ചേരുന്നവർക്കും വായ്പയെടുക്കുന്നവർക്കും സി-ക്ലാസോ ഡി-ക്ലാസോ മെമ്പർഷിപ്പ് മതിയാകും. അവരെ ആ രൂപത്തിൽ പരിഗണിച്ചാൽ മതിയെന്നും അത് അംഗീകരിക്കണമെന്നുമാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. ആർ.ബി.ഐ.-യുടെ രണ്ടാമത്തെ വാദവും നിലനിൽക്കില്ലെന്ന സൂചനയാണ് ലഭിച്ചിരിക്കുന്നത്. മൂന്നാമതായി, കേന്ദ്ര നിക്ഷേപഗ്യാരന്റി സ്കീമിൽനിന്നും ഒരു രൂപപോലും നമുക്ക് നൽകില്ലെന്നാണ്. ഇതിലെ വസ്തുതയെന്തു പറയുന്നത്, നാളിതുവരെ ഒരുരൂപപോലും നൽകിയിട്ടില്ല എന്നതാണ്; പിന്നെ എന്തിനാണ് ഒരുരൂപപോലും തരില്ലെന്ന് പറയുന്നത്? ഈ മൂന്നുകാര്യങ്ങളും നിലനിൽക്കില്ലെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ തിരിച്ചറിഞ്ഞ് ഈ വിഷയത്തിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം യോജിച്ചുകൊണ്ടുള്ള പ്രക്ഷോഭം ആർ.ബി.ഐ.-യുടെ മുമ്പിൽ നടത്തിയിരുന്നു. കഴിഞ്ഞ മൂന്ന് ദിവസം മുമ്പ് ശ്രീ. എം. എം. മണി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ എന്നിവർ പങ്കെടുത്തുകൊണ്ട് കട്ടപ്പനയിൽ എൽ.ഡി.എഫ്.-യു.ഡി.എഫ്. ഉൾപ്പെടെ എല്ലാ

സഹകാരികളും ചേർന്ന് സഹകാരി സംഗമം നടത്തിയിരുന്നു. ഇത് എല്ലാ ജില്ലകളിലും നടന്നുവരികയാണ്. ഇതിലൂടെ സൂചിപ്പിക്കുന്നത് നമ്മൾ യോജിച്ച പോരാട്ടത്തിലേയ്ക്ക് കടന്നുവരുന്നുവെന്നാണ്. അതോടൊപ്പം ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ സ്യൂട്ട് ഫയൽ ചെയ്തെങ്കിലും സ്വാഭാവികമായും സ്യൂട്ട് പരിഗണിക്കുന്നതിന് കാലതാമസമുണ്ടാകാറുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ സർക്കാർ ആവശ്യമായ കാര്യങ്ങളൊന്നും ചെയ്തില്ലെന്ന് പറയുന്നത് ശരിയല്ല. ഈ വിഷയവുമായി ബന്ധപ്പെട്ടെടുത്ത തീരുമാനങ്ങളെല്ലാം നടപ്പാക്കിയിട്ടുണ്ട്.

നിക്ഷേപങ്ങൾ/സർപ്ലസ് ഫണ്ട് ലാഭകരമായി വിനിയോഗിക്കാനുള്ള പദ്ധതിയെക്കുറിച്ച് മുമ്പ് ചർച്ച ചെയ്തിരുന്നു; ഇപ്പോഴത് വീണ്ടും പരിഗണനയ്ക്കെടുത്തിട്ടുണ്ട്. പ്ലാനിംഗ് ബോർഡിൽവച്ച് നടത്തിയ ചർച്ചയിൽ അതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുകയും അവരത് സമ്മതിക്കുകയും ചെയ്തു. തദ്ദേശസ്വയംഭരണ വകുപ്പും സഹകരണ വകുപ്പും യോജിച്ചുകൊണ്ട് നാടിന്റെ വികസന പ്രക്രിയയിൽ സർപ്ലസ് ഫണ്ട് വിനിയോഗിക്കാനാവശ്യമായ പുതിയ പ്രോജക്ടുകൾ തയ്യാറാക്കി പ്രവർത്തനം നടത്തുന്നതിനായി രണ്ടുപ്രാവശ്യം ചർച്ചകൾ നടത്തിയിരുന്നു. അത് തുടർന്ന് മുന്നോട്ടുകൊണ്ടുപോകുമെന്നും ഫലപ്രദമായ ഇടപെടൽ നടത്തുന്നതാണെന്നും വിനയപൂർവ്വം അറിയിക്കുകയാണ്. കേരള ബാങ്കിനെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനങ്ങൾ മുഴുവൻ ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിൽ കൊണ്ടുവന്നുവെന്ന് പറഞ്ഞപ്പോൾ ഒരു കാര്യത്തിൽ തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട്. കേരള ബാങ്ക് രൂപീകരിക്കുന്നതിന് മുമ്പുതന്നെ കേരളത്തിലെ സംസ്ഥാന സഹകരണ ബാങ്കും ചില ഡി.സി.ബി.-കളും ആർ.ബി.ഐ.-യുടെ നിയന്ത്രണത്തിലായിരുന്നു. പക്ഷേ ബി.ആർ. ആക്ട് വന്നതിനുശേഷം കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതുകൊണ്ടാണ് അക്കാര്യങ്ങൾ നിങ്ങൾ തിരിച്ചറിയാത്തത്. എല്ലാ കാര്യങ്ങളും തിരിച്ചറിഞ്ഞു കൊണ്ടാണ് വിമർശനങ്ങൾ ഉന്നയിക്കേണ്ടത്. നമുക്ക് അംഗീകാരം നൽകി കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ഇത് സഹകരണ മേഖലയിൽത്തന്നെ നിലനിൽക്കണമെന്നാണ് ആർ.ബി.ഐ. ഒന്നമത്തെ ക്ലോസായി പറഞ്ഞിട്ടുള്ളത്. അക്കാര്യത്തിൽ തെറ്റിദ്ധാരണയുണ്ടാകരുത്. പക്ഷപാതപരമായി വകുപ്പിലെ ഉദ്യോഗസ്ഥർ പെരുമാറുന്നത് എവിടെ ചൂണ്ടിക്കാണിച്ചാലും അക്കാര്യത്തിൽ കൃത്യമായി ഇടപെടുമെന്നു മാത്രമല്ല, ഒരു കാരണവശാലും പാർഷ്യലായി നടപടി സ്വീകരിക്കാൻ അനുവദിക്കുകയുമില്ല. ഓണറേറിയം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട യു. എ. ലത്തീഫിന്റെ ഭാഗത്തുനിന്നുണ്ടായ നിർദ്ദേശത്തെക്കുറിച്ച് ചർച്ച ചെയ്യാവുന്നതാണ്. ഭരണപക്ഷവും പ്രതിപക്ഷവും ചേർന്ന് എല്ലാ വിഭാഗം സഹകാരികളെയും ഉൾപ്പെടുത്തി സമഗ്രമായ നിയമ ഭേദഗതി നടത്തുന്നതിനുള്ള ബിൽ അടുത്ത സഭയിൽ അവതരിപ്പിക്കുന്നതാണ്;

തുടർന്ന് അത് സെലക്ട് കമ്മിറ്റിക്ക് വിടുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ചെയറിനോട് അഭ്യർത്ഥിക്കാം. അതുമായി ബന്ധപ്പെട്ട കരട് നിയമം തയ്യാറായിട്ടുണ്ടെന്ന് സഭയെ അറിയിക്കുകയാണ്. കുറ്റമറ്റ നിയമം കൊണ്ടുവന്നാൽ ഈ രംഗത്തെ പോരായ്മകൾ പരിഹരിക്കാൻ കഴിയുന്നതാണ്. ജപ്തി നടപടിയുമായി ബന്ധപ്പെട്ട ഫീസ് വർദ്ധനവ് ഏതെങ്കിലും തരത്തിൽ വന്നിട്ടുണ്ടെങ്കിൽ അവ പരിശോധിക്കുകയും അക്കാര്യത്തിൽ വ്യത്യാസങ്ങൾ വരുത്തി ലഘൂകരിക്കാനാവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യുന്നതാണ്. പി.എ.സി.എസ്.-ന് എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കാൻ നേരത്തെതന്നെ നിയമം ഉണ്ടായിരുന്നില്ല. ചിലകൂട്ടർ അക്കാര്യം അറിയാതെ സ്വീകരിച്ചിരുന്നെങ്കിൽ അത് അബദ്ധമാണ്. അതിനുശേഷം ചില ബാങ്കുകൾ മറ്റ് ചില നാഷണലൈസ്ഡ് ബാങ്കുകൾ/കൊമേഴ്സ്യൽ ബാങ്കുകളുമായി ബന്ധപ്പെടുത്തി ഇക്കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നു. കേരള ബാങ്കിന്റെ ആധുനികവൽക്കരണം ത്വരിതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഒന്നാംഘട്ടം പ്രവർത്തിച്ചുതുടങ്ങിയെന്ന സന്തോഷവാർത്ത അറിയിക്കുകയാണ്. ഇത് ആർ.ടി.ജി.എസ്, നെഫ്റ്റ്, മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ്, എ.ടി.എം. എന്നിവയെല്ലാം ഉൾക്കൊള്ളുന്ന വിപ്രോയുടെ ഓൺഗോയിംഗ് പ്രോജക്ടാണ്. കോട്ടയം ഹെഡ് ഓഫീസായുള്ള ബാങ്കിന്റെ പ്രവൃത്തിയാണ് ആദ്യം പൂർത്തീകരിച്ചത്. രണ്ടാം ഘട്ടത്തിൽ വയനാടും കോഴിക്കോടും പ്രവൃത്തികൾ നടപ്പാക്കി ഡിസംബർ മാസത്തോടുകൂടി പൂർണ്ണമാക്കുന്ന തരത്തിൽ പ്രോജക്ട് അവസാനിക്കുന്നതാണ്. ഭാവിയിൽ പി.എ.സി.എസ്.-മായി ഒരു ഐ.ടി. ഇന്റഗ്രേഷൻ നടത്താനുള്ള ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തുകഴിഞ്ഞിട്ടുണ്ട്. സമീപകാല ഭാവിയിൽ ഈ രംഗത്തെ ക്രമക്കേടുകൾ തടയാൻ മറ്റൊരു സുതാര്യമായ സംവിധാന മുണ്ടാക്കുന്നതിന് അത് ഏറെ സഹായകരമാകും. കേരളത്തിലെ സഹകരണ മേഖല എൽ.ഡി.എഫ്.-യു.ഡി.എഫ്. എന്നുള്ള കക്ഷി വ്യത്യാസമില്ലാതെ എല്ലായ്പ്പോഴും യോജിച്ച പ്രവർത്തനങ്ങൾ ഉയർത്തിക്കൊണ്ട് നാടിന്റെ പുരോഗതി ലക്ഷ്യംവച്ചുകൊണ്ടുള്ള കാഴ്ചപ്പാടിലാണ് മുന്നോട്ടുനീങ്ങുന്നത്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തുടർന്നും ആ കാഴ്ചപ്പാട് മുൻനിർത്തി പ്രവർത്തിക്കുന്നതിന് സഹായകരമായ രൂപത്തിൽ സമഗ്രമായ നിയമ ഭേദഗതികൂടി വരേണ്ടതുണ്ട്. നിലവിൽ, ചെറിയ രൂപത്തിലുള്ള ബിസിനസ് നടത്തിക്കൊണ്ടിരിക്കുന്ന കാലഘട്ടമല്ല; മറിച്ച് ഈ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന വൻതോതിലുള്ള നിക്ഷേപങ്ങളും ഇടപെടലും ഉൾപ്പെടെയുള്ള കാര്യങ്ങൾ നിയന്ത്രിക്കാൻ സഹായിക്കുന്ന രൂപത്തിലുള്ള സംവിധാനമുണ്ടാകണം. ജീവനക്കാരുടെ ട്രെയിനിംഗിന് സ്കീം തയ്യാറാക്കി കൃത്യമായി ട്രെയിനിംഗ് നൽകിത്തുടങ്ങിയിട്ടുണ്ട്. കാലഘട്ടത്തിനനുയോജ്യമായ രൂപത്തിൽ ആധുനിക ബാങ്കിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട് എപ്രകാരം കോംപീറ്റ് ചെയ്ത് മുന്നോട്ടുപോകണമെന്ന്

പഠിപ്പിക്കുന്നതുപോലെ ഈ രംഗത്തെ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തി നമ്മൾ മുന്നോട്ട് പോകുകയാണ്. ഇവ രണ്ടും ചേർത്ത് ഈ മേഖല കുറ്റമറ്റതാക്കുന്നതിനുള്ള സമഗ്രമായ നിയമ ഭേദഗതിയും നയപരമായ നീക്കങ്ങളുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ നിലയിലുള്ള നീക്കങ്ങൾക്ക് എല്ലാവരുടെയും സഹായസഹകരണങ്ങളുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലായിരുന്നു.)

മി. ചെയർമാൻ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. യു. എ. ലത്തീഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു. എന്റെ 2 (ബി) നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ചെയർമാൻ: ശബ്ദവോട്ട് മതിയാകില്ലേ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോൾ ആണോ ശബ്ദവോട്ട് ആണോ വേണ്ടതെന്ന് ചെയറിന് തീരുമാനിക്കാൻ സാധിക്കില്ല.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പോൾ നടത്താം.

മി. ചെയർമാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .....

(സഭാംഗങ്ങൾ ശബ്ദ വോട്ട് രേഖപ്പെടുത്തി)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ബെൽ അവസാനിച്ചതിനുശേഷം വാതിൽ തുറന്ന് അംഗങ്ങൾ സഭയ്ക്കകത്ത് പ്രവേശിച്ചിട്ടുണ്ട്.

മി. ചെയർമാൻ: ബെൽ അവസാനിച്ചതിനുശേഷം വാതിൽ തുറന്ന് ആരും അകത്ത് പ്രവേശിക്കുകയില്ല.

ശ്രീ. ടി. സിദ്ദിഖ്: സർ, എം.എൽ.എ.-മാർ വാതിൽ തുറന്ന് സഭയ്ക്കകത്തേയ്ക്ക് പ്രവേശിച്ചിട്ടുണ്ട്.

മി. ചെയർമാൻ: ഇവിടെയുള്ള കുറെ അംഗങ്ങൾ ബെൽ അവസാനിക്കുന്നതിനുമുമ്പാണ് സഭയ്ക്കകത്ത് കയറിയത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ബെൽ അവസാനിച്ചതിനുശേഷം എം.എൽ.എ.-മാരും മന്ത്രിമാരും സഭയ്ക്കകത്ത് പ്രവേശിച്ചിട്ടുണ്ട്.

മി. ചെയർമാൻ: ശരി. അക്കാര്യം പരിശോധിക്കാം. അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ റീ-പോൾ ചെയ്യാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോൾ ചെയ്യുന്നതിന് നടപടിക്രമമുണ്ട്. ആദ്യം ബെല്ലടിക്കും; ബെൽ അവസാനിച്ചാൽ വാതിൽ അടയ്ക്കും; അതിനുശേഷം ഒരാളുപോലും സഭയ്ക്കകത്ത് കയറാൻ പാടില്ലെന്നതാണ് നിയമം. ഇന്ന് എല്ലാ വാതിലിലൂടെയും അംഗങ്ങൾ സഭയ്ക്കകത്ത് പ്രവേശിച്ചു. ഇവിടെ തെറ്റായ നടപടിക്രമമാണുണ്ടായത്. തെറ്റായ നടപടിക്രമത്തെ തെറ്റെന്ന് മാത്രമെ സൂചിപ്പിക്കാൻ സാധിക്കുകയുള്ളൂ. ഒരു കാലത്തുമുണ്ടാകാത്ത കാര്യങ്ങളാണ് പോൾ നടക്കുന്ന സമയത്തുണ്ടായത്. നിയമവും റൂളും വിവരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാരുൾപ്പെടെ എല്ലാവരും അത് ലംഘിക്കുകയാണുണ്ടായത്. ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിയമം പാസ്സാക്കുന്ന നടപടിക്രമത്തോട് എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾ സഹകരിക്കാം.

മി. ചെയർമാൻ: വാതിൽ അടച്ചോ ഇല്ലയോയെന്ന് ഇവിടെയിരുന്ന് കാണാൻ കഴിയില്ല. ബെൽ അവസാനിച്ചശേഷം അംഗങ്ങൾ പ്രവേശിച്ചിരുന്നോയെന്ന കാര്യം പരിശോധിക്കും. പ്രതിപക്ഷനേതാവ് വളരെ വിശദമായി സംസാരിച്ചു. അക്കാര്യം പരിശോധിക്കാമെന്ന് ചെയർ അറിയിക്കുകയും ചെയ്തതാണ്. ഇനി അതിന്മേൽ ചർച്ചയില്ല; റീ-പോൾ നടത്താം.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.......................

(വോട്ട് രേഖപ്പെടുത്തുന്നതിന് ചില സാങ്കേതിക തകരാറുള്ളതിനാൽ സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri Manjalamkuzhy Ali: Sir, I move the following amendment:

181.In Clause 2 for the word " principal" the word " Principal" shall be substituted.

Dr. N. Jayaraj: Sir, I move the following amendments:

183. In the proviso to section 2(ia) proposed to be amended by Clause 2 for the words " three years" the word " three" shall be substituted.

187. Clause 2 shall be recast as follows:

" 2. Amendment of section 2.– In section 2 of the Kerala Co-operative Societies Act, 1969 (Act 21 of 1969) (hereinafter referred to as the principal Act), in the proviso to clause (ia) for the words " two years" , the words " three years" shall be substituted."

Shri Ramachandran Kadannappalli: Sir, I move the following amendment:

186. In the proviso to section 2(ia) proposed to be amended by Clause 2 for the word " three" the words " three and half" shall be substituted.

<u>മി. ചെയർമാൻ</u>: 148 മുതൽ 180 വരെയുള്ള ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യേണ്ടതാകയാൽ ക്രമപ്രകാരമല്ല; ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. ചെയർമാൻ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 183, 187 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

<u>Shri P. Abdul Hameed</u>: Sir, I move the following amendments:

188. In Clause 3 for the word " cesser" the word " cessation" shall be substituted.

190. In Clause 3(a) after the words " have been taken" the word " legally" shall be inserted.

191. In Clause 3(b) for the word " Gazette" the words " Kerala Gazette" shall be substituted.

മി. ചെയർമാൻ: മറ്റ് ഭേദഗതി അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ചെയർമാൻ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 188, 190, 191 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri T. V. Ibrahim: Sir, I move the following amendments:

115. In the long title after the word "Kerala" the word "State" shall be inserted.

140. Clause 1(2) shall be recast as follows:-

“ (2) It shall come to force at once.”

Shri P. Abdul Hameed: Sir, I move the following amendments:

119. In the preamble for the word “ expedient” the word “ appropriate” shall be substituted.

121. In the preamble the word “ further” shall be deleted.

126. In the preamble before the word “ purposes” the word “ following” shall be inserted.

132. In the enacting formula for the word “ BE” the word “ Be” shall be substituted.

133. In the enacting formula for the word “ enacted” the word “ constitute” shall be substituted.

134. In Clause 1(1) after the word “ Kerala” the word “ State” shall be inserted.

136. In Clause 1(2) for the word “ deemed” the word “ assumed” shall be substituted.

137. In Clause 1(2) for the words “ come into force” the words “ take effect” shall be substituted.

138. In Clause 1(2) the words “ day of ” shall be deleted.

Shri P. Ubaidulla: Sir, I move the following amendments:

120. In the preamble for the word “ expedient” the word “ convenient” shall be substituted.

131. In the preamble for the word “ hereinafter” the word “ henceforth” shall be substituted.

Shri Sebastian Kulathunkal: Sir, I move the following amendments:

135. In Clause 1(1) the word “ Second” shall be deleted.

Shri Kurukkoli Moideen: Sir, I move the following amendment:

144. Clause 1(2) shall be recast as follows:-

“ (2) It shall come to force on such date as the Government may by notification in the Gazette appoint.”

മി. ചെയർമാൻ: 109-ാം നമ്പർ ഭേദഗതി ശീർഷകത്തിലുള്ളതാകയാൽ ക്രമപ്രകാരമല്ല. 116-ാം നമ്പർ ഭേദഗതി മുതൽ 118-ാം നമ്പർ ഭേദഗതി വരെ 115-ാം നമ്പർ ഭേദഗതിക്കും 122-ാം നമ്പർ ഭേദഗതി മുതൽ 125-ാം നമ്പർ ഭേദഗതി വരെ 121-ാം നമ്പർ ഭേദഗതിക്കും 141-ാം നമ്പർ ഭേദഗതി മുതൽ 143-ാം നമ്പർ ഭേദഗതി വരെ 140-ാം നമ്പർ ഭേദഗതിക്കും 145-ാം നമ്പർ ഭേദഗതി മുതൽ 147-ാം നമ്പർ ഭേദഗതി വരെ 144-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ചെയർമാൻ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 115, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 119, 121, 126, 132, 133, 134, 136, 137, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 120, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ചെയർമാൻ: 2022-ലെ കേരള സഹകരണസംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ശബ്ദവോട്ടോടെ പാസ്സായിരിക്കുന്നു.

2.00 P.M.]

(ii) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ഉമ തോമസ്: സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു. രാഷ്ട്രീയ താൽപ്പര്യം ഉദ്ദേശിച്ചുകൊണ്ട് മാത്രമാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്. കേരള മാരിടൈം ബോർഡിലേയ്ക്ക് മാറ്റപ്പെട്ട തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സർക്കാർ ജീവനക്കാരായി തുടരുവാൻ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനും മാരിടൈം ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതിനും കൊച്ചിയിൽ മേഖല ഓഫീസ് ആരംഭിക്കുന്നതിനും ചെയർമാന്റെ യോഗ്യത പുനർനിശ്ചയിക്കുന്നതിനും ചെയർമാന്റെയും വൈസ് ചെയർമാന്റെയും അംഗങ്ങളുടെയും കാലാവധി അഞ്ചുവർഷത്തിൽനിന്ന് മൂന്നുവർഷമാക്കി നിജപ്പെടുത്തുന്നതിനുമുൾപ്പെടെയുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ബോർഡിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്താനുള്ള സർക്കാരിന്റെ അധികാര പരിധി വർദ്ധിപ്പിക്കുന്നതിലൂടെ ബോർഡിന്റെ സ്വയംഭരണാധികാരത്തെ ഹനിക്കുന്ന വിധത്തിലുള്ള വ്യവസ്ഥകളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണമെന്ന് പറയുന്ന അവസരത്തിൽത്തന്നെ ഈ ബില്ലിലൂടെ പ്രവർത്തന ശൈലിയിൽ അധികാര കേന്ദ്രീകരണം നടത്തുന്നതിന്റെയും ഉത്തമ ഉദാഹരണമാണ് സൂചിപ്പിക്കുന്നത്. 2017-ൽ ആരംഭിച്ച് അഞ്ചുവർഷത്തിനുള്ളിൽ പൂർണ്ണമായും സാമ്പത്തികമായി സ്വയംഭരണ അധികാരമുള്ള സ്ഥാപനമായി മാറുവാൻ വിഭാവനം ചെയ്ത ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാരിന് സാധിച്ചിട്ടില്ല. സംസ്ഥാനത്തെ നോൺ മേജർ പോർട്ടുകളുടെ ഭരണവും നിയന്ത്രണവും ചുമതലപ്പെടുത്തിയിരിക്കുന്ന കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പര്യാപ്തമായ ഭരണപരമായ നടപടി

സ്വീകരിക്കാതെ ജീവനക്കാരെ സംബന്ധിച്ച സാമ്പത്തികബാദ്ധ്യതകൾ ഏറ്റെടുത്തുകൊണ്ടും ബോർഡിന്റെ സ്വയംഭരണത്തെ ഹനിക്കുന്ന രീതിയിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിനുള്ള വ്യവസ്ഥകളുംകൂടി ഉൾപ്പെടുത്തിയ ഒരു നിയമനിർമ്മാണ നിർദ്ദേശമാണ് ഈ ബില്ലിലൂടെ മുന്നോട്ടുവച്ചിരിക്കുന്നത്. പ്രസ്തുത നിർദ്ദേശങ്ങൾ മൂലനിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങൾക്കുവേണ്ടി കേരള മാരിടൈം ബോർഡ് രൂപീകരിക്കേണ്ടതും അപ്രകാരമുള്ള തുറമുഖങ്ങളുടെയും ചില സംരംഭങ്ങളുടെയും ഭരണവും നിയന്ത്രണവും നടത്തിപ്പും ആ ബോർഡിൽ നിക്ഷിപ്തമാക്കുന്നതിന് വേണ്ടിയുമാണ് 2017-ലെ കേരള മാരിടൈം നിയമം കൊണ്ടുവരുന്നതെന്ന് പ്രസ്തുത ബില്ലിന്റെ ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 'സാഗർമാല' പദ്ധതി പ്രകാരമുള്ള സംസ്ഥാനത്തിന്റെ വിഹിതം നേടിയെടുക്കാനും തുറമുഖങ്ങളുടെ കണക്ടിവിറ്റിക്കും സമഗ്രമായ റോഡ്/റെയിൽ വികസനങ്ങൾക്കുമുള്ള പദ്ധതി പ്രാവർത്തികമാക്കാനും സംസ്ഥാനത്തെ തീരസംരക്ഷണം ഉറപ്പാക്കാനും മാരിടൈം ബോർഡുവഴി സാധിക്കുമെന്നാണ് ബിൽ അവതരിപ്പിച്ചുകൊണ്ട് അന്നത്തെ മന്ത്രി അവകാശപ്പെട്ടത്. എന്നാൽ, കഴിഞ്ഞ അഞ്ചുവർഷമായി തീരസംരക്ഷണത്തിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ദിനംപ്രതി സംസ്ഥാനത്തെ തീരപ്രദേശങ്ങൾ ശോഷിച്ചുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വീടും മത്സ്യബന്ധനോപകരണങ്ങളും തൊഴിലും നഷ്ടപ്പെടുകയും ദൈനംദിന ജീവിതം വഴിമുട്ടി നിൽക്കുകയുമാണ്. ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചത്? തീരസംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ വീടും തൊഴിലും സംരക്ഷിക്കണ മെന്നാവശ്യപ്പെട്ട് വിലപിക്കുന്നവർക്കുംവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെട്ട് പരിഹാരനടപടി സ്വീകരിക്കണം. മാരിടൈം ആക്ടിന്റെ നിയമനിർമ്മാണത്തിനായി പ്രസിദ്ധീകരിച്ച ബില്ലിൽ പരാമർശിച്ചിരിക്കുന്നത് ആദ്യസാമ്പത്തിക വർഷത്തിൽ 2843 ലക്ഷം രൂപയും തുടർന്നുവരുന്ന അഞ്ചുവർഷത്തേയ്ക്ക് അതിന്റെ പത്ത് ശതമാനം വർദ്ധനയോടുകൂടിയ തുകയും ആവർത്തക ചെലവായി സർക്കാർ ടി ബോർഡിന് നൽകണമെന്നാണ്. സ്ഥാപനഘട്ടത്തിന്റെ ആരംഭത്തിനുശേഷം വിവിധ റവന്യൂ മാർഗ്ഗങ്ങൾ വർദ്ധിപ്പിച്ച് സർക്കാരിൽനിന്നുള്ള സാമ്പത്തിക സഹായമില്ലാതെ ബോർഡ് പൂർണ്ണമായും സ്വയംഭരണാധികാരമുള്ളതായി തീരുന്നതാണ്. 2017-ൽ ആരംഭിച്ച് അഞ്ചുവർഷത്തിനുള്ളിൽ പൂർണ്ണമായും സാമ്പത്തിക സ്വയംഭരണാധികാരമുള്ള സ്ഥാപനമാകേണ്ട ബോർഡിന്റെ ജീവനക്കാരുമായി ബന്ധപ്പെട്ട ബാദ്ധ്യതകൾ സർക്കാർ തിരികെ ഏറ്റെടുക്കുന്ന രീതിയിലാണ് പുതിയ ബില്ലിലെ 7, 8 വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ബില്ലിന്റെ 7-ാം വകുപ്പിൽ ജീവനക്കാർ

സർക്കാർ ജീവനക്കാരായി എല്ലാ ആനുകൂല്യങ്ങളോടെയും തുടരുമെന്ന് വ്യവസ്ഥ ചെയ്യുമ്പോൾ 8-ാം വകുപ്പിൽ പ്രോവിഡന്റ് ഫണ്ടിലെയും സൂപ്പർ ആന്വേഷൻ ഫണ്ടിലെയും ബാദ്ധ്യതകൾ ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന പ്രധാന ആക്ടിലെ സെക്ഷൻ 18 റദ്ദാക്കുകയും ചെയ്തിരിക്കുകയാണ്. അതായത്, ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് ഭാവിയിൽ അധിക ബാദ്ധ്യതയുണ്ടാക്കുന്ന വ്യവസ്ഥകളാണ് ബില്ലിലുള്ളത്. നിലവിൽ ജീവനക്കാരുടെ ആനുകൂല്യങ്ങൾ സർക്കാരിൽനിന്നും നൽകുന്നതിൽ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരില്ലെന്ന പരാമർശം ശരിയല്ല. ബോർഡ് രൂപീകരണത്തെത്തുടർന്ന് ഓപ്ഷൻ നൽകി ബോർഡിന്റെ ജീവനക്കാരായി മാറിയതും പുതിയ നിയമനിർമ്മാണത്തിലൂടെ വീണ്ടും സർക്കാർ ജീവനക്കാരായി മാറുന്നതുമായ ജീവനക്കാർക്ക് അപ്രകാരം ബോർഡിലെ ജീവനക്കാരായി മാറിയില്ലായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ സേവന-വേതന വ്യവസ്ഥകളും സെക്യൂരിറ്റിയും ഉറപ്പാക്കേണ്ടത് ആവശ്യമാണ്. കാരണം, അതാത് കാലഘട്ടത്തിലെ നിയമങ്ങൾക്കനുസൃതമായിട്ടാണ് പ്രസ്തുത ഉദ്യോഗസ്ഥർ പ്രവർത്തിച്ചിട്ടുള്ളത്. ഈ ഉദ്യോഗസ്ഥർക്ക് യാതൊരു ആനുകൂല്യങ്ങളും നഷ്ടപ്പെടില്ലെന്ന് ഉറപ്പാക്കുന്ന വ്യവസ്ഥകൾകൂടി നിയമത്തിലുൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കൂടാതെ, അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്ന അവസരത്തിൽ ബോർഡിന്റെ ഭാഗം വിശദീകരിക്കുന്നതിനും ബോർഡുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപങ്ങളുണ്ടെങ്കിൽ അത് പരിഗണിക്കുന്നതിനും ന്യായമായും ഒരവസരം നൽകുന്ന വ്യവസ്ഥ ഈ ഭേദഗതിയിലൂടെ ഒഴിവാക്കേണ്ടതാണ്. ബില്ലിലെ 9-ാം വകുപ്പിൽ നിർദ്ദേശിക്കുന്ന ഭേദഗതിപ്രകാരം, സർക്കാരിന് ഒരു ഉത്തരവിലൂടെ ഏത് സമയത്തും ബോർഡിന്റെ ഭരണം അഡ്മിനിസ്ട്രേറ്ററിലൂടെ കയ്യടക്കാവുന്നതാണ്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നതിന് ആറുമാസക്കാലത്തേയ്ക്ക് പരിധി നിശ്ചയിച്ചിരുന്ന വ്യവസ്ഥ കാറ്റിൽ പറത്തിയിരിക്കുന്നു. സർക്കാർ ആരെ സഹായിക്കാനാണ് ഈ ബില്ലിൽ ഇത്തരമൊരു ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്? മാരിടൈം ബോർഡിന്റെ ആസ്ഥാനം കൊച്ചിയിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതാണ് മറ്റൊരു ഭേദഗതി. ഈ മാറ്റത്തിന്റെ ആവശ്യമെന്താണ്; നിലവിൽ മധ്യകേരളത്തിലും വടക്കൻ കേരളത്തിലുമാണ് പ്രധാന തുറമുഖങ്ങൾ സ്ഥിതി ചെയ്യുന്നത്. ഈ സന്ദർഭത്തിൽ ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതിലൂടെ ആരുടെ ഭരണപരമായ സൗകര്യമാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ഓഫീസർ ഈ ബോർഡിലെ എക്സ്-ഒഫീഷ്യോ അംഗമാണ്. ഈ ബോർഡിന്റെ ആസ്ഥാനം കൊച്ചിയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നത് അദ്ദേഹത്തിന്റെ

സൗകര്യപ്രകാരവും ആവശ്യപ്രകാരവുമാണോയെന്ന് സർക്കാർ വ്യക്തമാക്കണം. ബോർഡിന് പ്രവർത്തന സ്വാതന്ത്ര്യം നൽകുന്നതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകളോ സുരക്ഷാ പ്രശ്നങ്ങളോ സംഭവിച്ചെന്നോ ബോർഡിന്റെ പ്രവർത്തനത്തിലും കർത്തവ്യനിർവ്വഹണത്തിലും തുടർച്ചയായി വീഴ്ചയുണ്ടായിട്ടുണ്ടെന്നോ അതുമൂലം ബോർഡിന്റെ സാമ്പത്തിക സ്ഥിതിയിലോ തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തിലോ നിലവാര തകർച്ചയുണ്ടായിട്ടുള്ളതായി ബില്ലുമായി ബന്ധപ്പെട്ട ചർച്ചയിലൊന്നും സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതുവരെയും വെളിപ്പെടുത്തിയിട്ടില്ല. ആയതിനാൽ, ബോർഡിന്റെ പ്രവർത്തന സ്വാതന്ത്ര്യം കവർന്നെടുക്കുന്നതും മൂലനിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധവുമായ ഈ ഭേദഗതികളോട് യോജിക്കാൻ സാധിക്കില്ലെന്ന് അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ടി. വി. ഇബ്രാഹിം]

ശ്രീ. സജി ചെറിയാൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എച്ച്. സലാം): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2017-ലാണ് കേരള മാരിടൈം ബോർഡ് ആക്ട് നിയമസഭ പാസാക്കിയത്. തുറമുഖ ഡയറക്ടറേറ്റിനെയും അനുബന്ധമായി പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളെയും ലയിപ്പിച്ചുകൊണ്ടാണ് മാരിടൈം ബോർഡ് രൂപീകരിക്കപ്പെട്ടത്. വിയോജനക്കുറിപ്പിന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തരത്തിലുള്ള സാമ്പത്തിക ബാദ്ധ്യതയിലേയ്ക്ക് സർക്കാർ എത്തിപ്പെടുന്ന സാഹചര്യം ഈ ബില്ലിന്റെ ഭേദഗതിയിലൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. ബില്ലിന്റെ 3-ാം ഉപവകുപ്പിൽ ബോർഡിന്റെ ആസ്ഥാനം കൊച്ചിയിൽനിന്ന് തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതിനെക്കുറിച്ചാണ് പറയുന്നത്. 4-ാം ഉപവകുപ്പിൽ ചെയർമാനെ നാമനിർദ്ദേശം ചെയ്യുന്നതിനെക്കുറിച്ചാണ് പറയുന്നത്. ഇതിൽ 'പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത' എന്നുള്ള ഭാഗം മാറ്റി 'സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത' എന്ന് മാറ്റം വരുത്തുകയാണ് ചെയ്തിരിക്കുന്നത്. 17-ാം വകുപ്പിൽ തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകളെക്കുറിച്ചാണ് പരാമർശിക്കുന്നത്. പ്രസ്തുത ഭേദഗതിയിൽ തുറമുഖ ഡയറക്ടറേറ്റിന്റെ ഭാഗമായിരുന്ന ജീവനക്കാരെ മാരിടൈം ബോർഡിൽ ലയിപ്പിച്ചപ്പോഴുണ്ടായ പ്രശ്നങ്ങളെക്കുറിച്ചും അത് പരിഹരിക്കുന്നതിനായി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിപാലിക്കാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ചുമാണ് പരാമർശിച്ചിരിക്കുന്നത്.ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ

വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയതുപോലെ ഈ ബിൽ അവതരിപ്പിച്ചതിലൂടെ ഏതെങ്കിലും നിലയ്ക്കുള്ള സാമ്പത്തിക ബാദ്ധ്യതയുണ്ടാകുകയില്ലെന്ന് കൃത്യമായി പറയാൻ സാധിക്കുന്നതാണ്. ഭരണപരമായ സൗകര്യത്തിനും വികസനപ്രക്രിയയിൽ സർക്കാരിന്റെ ഇടപെടലുകൾ കൂടുതൽ ഉറപ്പുവരുത്തുന്നതിനും ഉതകുന്ന തരത്തിലുള്ള ഭേദഗതികളാണ് ഈ ബില്ലിന്റെ ഭാഗമായി മുന്നോട്ടുവച്ചിട്ടുള്ളത്. മാരിടൈം ബോർഡിന്റെ പ്രവർത്തന പരിധിയിലെത്തപ്പെടുന്ന തുറമുഖങ്ങളുടെ വികസനത്തിനായി സർക്കാർ കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനാണ് ഈ ഭേദഗതി നിർദ്ദേശങ്ങൾ കൊണ്ടുവന്നിരിക്കുന്നത്. ലോകവ്യാപാര മേഖലയിൽ തുറമുഖങ്ങൾക്കും ഷിപ്പിംഗ് മേഖലയ്ക്കും ഏറെ പ്രാധാന്യമുണ്ടെന്ന് മാത്രമല്ല, ഒരുകാലത്തും അതിന്റെ പ്രാധാന്യം കുറഞ്ഞുപോകുന്നുമില്ല. ലോകവ്യാപാരത്തിന്റെ ഏകദേശം 80 ശതമാനം ചരക്കുനീക്കങ്ങളും തുറമുഖങ്ങൾ വഴിയാണ് നടക്കുന്നത്. ഇതുസംബന്ധിച്ച കണക്കുകൾ പരിശോധിക്കുമ്പോഴാണ് നമ്മുടെ നാടിന്റെ ഈ രംഗത്തുള്ള കുറവിനെക്കുറിച്ച് ബോധ്യമാകുന്നത്. രാജ്യങ്ങളുടെയും സമ്പദ്ഘടനയുടെയും വളർച്ചയിലും വികാസത്തിലും പങ്കുവഹിക്കുന്ന ഘടകങ്ങളിൽ ഉൽപ്പാദനവും ചരക്കുകൾ നീക്കം ചെയ്യാനുള്ള കണക്ടിവിറ്റിയും ഏറ്റവും പ്രധാനപ്പെട്ടതാണ്. ഇതിലേയ്ക്കായി റെയിൽവേ, വിമാനത്താവളം, റോഡുകൾ എന്നീ മേഖലകൾ മാത്രമാണ് ഏറ്റവും പ്രധാനപ്പെട്ടതായി കണക്കാക്കുന്നത്. എന്നാൽ ലോകവ്യാപാരത്തിന്റെ കണക്ക് പരിശോധിക്കുമ്പോൾ ജലഗതാഗത മേഖല പ്രയോജനപ്പെടുത്തിക്കൊണ്ട് തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കത്തിലൂടെയാണ് ആകെയുള്ള വ്യാപാരത്തിന്റെ വലിയപങ്കും നിറവേറ്റപ്പെടുന്നത്. എന്നാൽ അത്തരം സാധ്യതകൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയുന്നില്ലെന്നുള്ളത് വലിയൊരു കുറവാണ്. പക്ഷെ ഈ മേഖലയുടെ കൂടുതൽ സാധ്യതകൾ ഉപയോഗപ്പെടുത്താൻ നമുക്കിപ്പോഴും കഴിയുന്നില്ല. യഥാർത്ഥത്തിൽ മാരിടൈം ബോർഡ് നിലവിൽ വന്നതിനുശേഷമാണ് ജലഗതാഗത മേഖലയിൽ ചെറിയൊരളവിലെങ്കിലും ഈ സാധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞത്. കേരളത്തിന് 590 കിലോമീറ്റർ കടൽത്തീരവും നോട്ടിഫൈ ചെയ്ത ഏകദേശം 17 തുറമുഖങ്ങളുമുണ്ട്. എന്നാൽ നാല് തുറമുഖങ്ങളിൽ മാത്രമാണ് ചെറിയ തോതിലെങ്കിലും കപ്പൽ സർവ്വീസ് നടത്തുന്നത്. വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുമ്പോൾ കേരളത്തിന്റെ തുറമുഖ മേഖലയെ കൂടുതൽ സജീവമാക്കുന്നതിനായി വ്യാപാര/സഞ്ചാര മേഖലകളിലെ സാധ്യതകളെ എപ്രകാരം പ്രയോജനപ്പെടുത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ചുകൂടി ഗൗരവമായി ചിന്തിക്കണം. മാരിടൈം ബോർഡ് നിലവിൽ വന്നതിനുശേഷം കഴിഞ്ഞ വർഷമാണ് ഈ മേഖലയിലൂടെ ആഭ്യന്തര ചരക്കുനീക്കം നടത്താൻ കേരളം പരിശ്രമിച്ചത്. ചെലവുകുറഞ്ഞതും വേഗത്തിലുള്ളതുമായ ചരക്കുനീക്കം ലക്ഷ്യംവച്ച് നീങ്ങിയതിന്റെ ഫലമായി കഴിഞ്ഞ വർഷം കപ്പൽ ചരക്ക് ഗതാഗതത്തിലൂടെ 3033 കണ്ടെയ്നറുകൾ

നമ്മുടെ തുറമുഖംവഴി എത്തിക്കാൻ കഴിഞ്ഞു. എന്നാൽ കപ്പൽ കമ്പനികളുടെ ചില നിലപാടുകൾ കാരണം അത് മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമായാൽ കൊല്ലം പോർട്ട്, പഴയകാല പ്രൗഢിയുള്ള ആലപ്പുഴ തുറമുഖം, കൊച്ചി മേജർ പോർട്ട്, ബേപ്പൂർ, അഴീക്കൽ തുടങ്ങിയ കേരളത്തിലെ തുറമുഖങ്ങളുമായും തൂത്തുക്കുടി, മംഗലാപുരം എന്നീ തുറമുഖങ്ങളുമായും കണക്ടിവിറ്റിയുണ്ടാക്കാൻ സാധിക്കും. ആ നിലയിൽ സംസ്ഥാനത്തിനകത്തും മറ്റ് സംസ്ഥാനങ്ങളുമായി ബന്ധപ്പെടുത്തിയും ഈ മേഖലയിൽ ചെയ്യാൻ കഴിയുന്ന സാധ്യതകളെ ഉപയോഗപ്പെടുത്തിയാൽ വളരെ നല്ല നിലയിൽ മുന്നോട്ടുപോകാൻ കഴിയുന്നതാണ്. അത്തരം സാധ്യതകളെ ഈ മേഖലയിലെ പ്രധാന പ്രവർത്തന മേഖലകളായി കണക്കാക്കാൻ ഗവൺമെന്റിന് കഴിയണം. ലോകവ്യാപാര ഭൂപടത്തിൽ സ്ഥാനം നേടിയ ആലപ്പുഴയുടെ ചരിത്രപരമായ പാരമ്പര്യം പരിശോധിച്ചാൽ പ്രധാനമായും കാണാൻ കഴിയുന്നത് രാജാകേശവദാസ് നിർമ്മിച്ചെടുത്ത ഒരു നഗരവും അതിന്റെ സംവിധാനങ്ങളും അദ്ദേഹത്തിന്റെ കാലത്ത് പണികഴിപ്പിക്കപ്പെട്ട ആലപ്പുഴ തുറമുഖവുമാണ്. ആലപ്പുഴയിലെ നഗരങ്ങളിലൂടെയുള്ള കനാലുകളുടെ സവിശേഷത, തുറമുഖം/കടൽപ്പാലം മുതൽ പുന്നമട കായൽ വരെ ജലഗതാഗതത്തിലൂടെ എത്താൻ കഴിയുന്ന സൗകര്യം എന്നിവയെല്ലാം എല്ലാവരുടെയും ശ്രദ്ധയാകർഷിക്കുന്നവയാണ്;കൂടാതെ കോട്ടയം, ഇടുക്കി എന്നിവിടങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ യഥേഷ്ടം ജലമാർഗ്ഗം എത്തിച്ചുകൊണ്ടിരുന്ന ഈ മേഖലയ്ക്ക് അത്രയും പ്രൗഢിയുണ്ടായിരുന്നതാണ്. നഗരത്തിൽനിന്ന് നോക്കിയാൽ ഒട്ടനവധി കനാലുകൾ കാണാൻ സാധിക്കുമെന്നത് സവിശേഷതയർഹിക്കുന്നു. പഴയകാലത്തെ രാജ്യാന്തര വ്യാപാരത്തിന്റെ കേന്ദ്രങ്ങളിലൊന്നായി ആലപ്പുഴയെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ആ തുറമുഖം നശിച്ചുപോയിരിക്കുന്നു. ആലപ്പുഴയിലെ പൈതൃക പദ്ധതിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് തുറമുഖ വകുപ്പ് പുതിയ കടൽപ്പാല നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കുകയും അതിലേയ്ക്കാവശ്യമായ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. അത് പൂർത്തീകരിക്കുമ്പോൾ സ്വാഭാവികമായും ആലപ്പുഴ തുറമുഖത്തെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കും. അവിടെ നേരത്തെയുണ്ടായിരുന്ന വ്യാപാരത്തിന്റെ സാധ്യത അല്പം കുറഞ്ഞുവെങ്കിലും ആലപ്പുഴയിലെ പരമ്പരാഗതമായ കയർ മേഖലയുടെ വ്യാപാര സാധ്യതകളെയും മത്സ്യോത്പന്നങ്ങളുടെ കയറ്റുമതിയുമായി ബന്ധപ്പെട്ട സാധ്യതകളെയും നല്ല രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന ഭൗതികമായ എല്ലാ ചുറ്റുപാടും ആലപ്പുഴ നഗരത്തിനുണ്ട്. ആലപ്പുഴ കടൽപ്പാലം നിലകൊള്ളുന്നത് എന്റെ നിയോജക മണ്ഡലത്തിന്റെ വടക്കേയറ്റത്തും കടലും കായലും സംയോജിക്കുന്ന തോട്ടപ്പള്ളിയുടെ തെക്കേയറ്റത്തുമാണ്. ഉൾനാടൻ മേഖലയെയും കടലോര മേഖലയെയും നന്നായി ബന്ധിപ്പിക്കാൻ കഴിയുന്നതും പ്രകൃതിദത്തമായ ധാരാളം പ്രത്യേകതകളുമുള്ള ഇത്തരം

സാധ്യതകളെ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കണ്ണിചേർത്താൽ നമ്മുടെ വ്യാപാര മേഖലയെ നല്ലരീതിയിൽ വികസിപ്പിക്കാൻ കഴിയും. വിനോദസഞ്ചാര മേഖലയിൽ തുറമുഖ മേഖലയെക്കൂടി ബന്ധപ്പെടുത്തി ഉപയോഗപ്പെടുത്തണം. കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ ആലപ്പുഴയിൽ ധാരാളം വിനോദസഞ്ചാരികൾ എത്തിച്ചേരുന്നുണ്ട്. ജലാശയങ്ങളും വയലുകളും വഴിയുള്ള ബോട്ട് യാത്രയും മറ്റുമാണ് അവിടത്തെ പ്രത്യേകത. കൂടാതെ, സഞ്ചാരികൾക്ക് ഹൗസ്ബോട്ടിലൂടെയുള്ള യാത്രയും താമസസൗകര്യവും അവിടത്തെ പ്രധാനപ്പെട്ട ആകർഷണങ്ങളാണ്. ഇന്ന് ആലപ്പുഴയിലെത്തുന്ന ആയിരക്കണക്കിന് സഞ്ചാരികൾ ആ സാധ്യതകൾമാത്രം ഉപയോഗിച്ച് മടങ്ങിപ്പോകുന്ന സാഹചര്യമാണുള്ളത്. കുറച്ച് സഞ്ചാരികൾ അവിടെനിന്ന് കൊല്ലത്തേയ്ക്കുകൂടി യാത്രചെയ്തുവരുന്നത് കാണാൻ സാധിക്കും. അവിടത്തെ പ്രത്യേകത കണക്കിലെടുത്ത് ഇത്തരത്തിൽ എത്തിപ്പെടുന്ന സഞ്ചാരികളെ തീരത്തുള്ള ടൂറിസം കേന്ദ്രങ്ങളിൽ എത്തിക്കാൻ സാധിക്കുന്നതാണ്. പോർട്ട് മ്യൂസിയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവേശനം നൽകുന്നതിലൂടെ സഞ്ചാരികളെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ മാറുന്നതാണ്.

ശ്രീമതി യു. പ്രതിഭ: സർ, ജലാശയങ്ങളാൽ സമൃദ്ധമായ ചെറിയ ജില്ലയാണ് ആലപ്പുഴ. ആലപ്പുഴയുടെ പഴയകാല പൈതൃകത്തിന്റെ സ്മാരകമായി നിൽക്കുന്ന കടൽപ്പാലത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. വിനോദസഞ്ചാര മേഖലയ്ക്കും വ്യാപാര മേഖലയ്ക്കും ഒരുപോലെ പ്രാധാന്യമുണ്ടായിരുന്ന നമ്മുടെ നാട് 'കിഴക്കിന്റെ വെനീസ് എന്ന് ഒരുകാലത്ത് അറിയപ്പെട്ടിരുന്നു. കൂടാതെ, ആലപ്പുഴയ്ക്കും കൊല്ലത്തിനുമിടയ്ക്കാണ് ഏറ്റവും വലിയ ഗതാഗത കുരുക്കുണ്ടാകുന്നത്. കേരളത്തിന്റെ വടക്കുനിന്നും വരുന്ന എം.എൽ.എ.-മാരിൽ കൂടുതൽപേരും കോവിഡിനുശേഷം കാറിലാണ് യാത്രചെയ്യുന്നത്. കൊല്ലം ബൈപ്പാസ് വന്നതോടെ അവിടെവരെയുള്ള യാത്ര സുഗമമായിട്ടുണ്ട്. എന്നാൽ ചേർത്തലവരെയുള്ള ഭാഗത്തെ ഗതാഗതക്കുരുക്കിന് പ്രധാന തടസ്സമായി നിൽക്കുന്നത് കണ്ടെയ്നർ ട്രാൻസ്പോർട്ടേഷനാണ്. റോഡിലൂടെ ഏകദേശം ഒരു കിലോമീറ്റർ ദൈർഘ്യമുള്ള, ട്രെയിൻ പോകുന്നതുപോലെ കടന്നുപോകുന്ന കണ്ടെയ്നർ ലോറികൾ വലിയ അപകടങ്ങൾക്കും ഗതാഗതക്കുരുക്കിനും കാരണമാകുന്നുണ്ട്. ഇത്തരം കണ്ടെയ്നറുകൾ ജലപാതയിലൂടെ കൊണ്ടു പോകുകയാണെങ്കിൽ ഒരു പരിധിവരെ ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കാൻ സാധിക്കും. ദേശീയപാതയുടെ വീതി വർദ്ധിപ്പിക്കാൻ പോകുന്നുവെന്ന വാർത്ത ശുഭകരമാണ്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എല്ലായിടത്തും ആരംഭിച്ചിട്ടുണ്ട്. വാഹനങ്ങളുടെ പെരുപ്പവും ഗതാഗതക്കുരുക്കും പരിഹരിക്കാനുള്ള വലിയ ഇടപെടൽ കൊല്ലം-കോട്ടപ്പുറം ജലപാത പ്രാവർത്തികമാകുന്നതിലൂടെ സാധ്യമാകില്ലേ; അത്തരം കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എച്ച്. സലാം: സർ, ബഹുമാന്യയായ അംഗം വളരെ പ്രധാനപ്പെട്ട കാര്യമാണ് സൂചിപ്പിച്ചത്. റോഡ് മാർഗ്ഗം ചരക്ക് നീക്കം നടത്തുമ്പോൾ ഗതാഗതക്കുരുക്ക് ഉണ്ടാകുന്നുണ്ട്. മറ്റൊന്ന്, ഗ്യാസ് ഉൾപ്പെടെയുള്ള ചരക്കുകൾ റോഡ് മാർഗ്ഗം കൊണ്ടുപോകുന്നതും അപകടകരമാണ്; ഇത് ഏത് നിലയ്ക്കും അപകടം സംഭവിക്കാൻ കാരണമാകുന്നതാണ്; ഇപ്രകാരം അപകടങ്ങൾ സംഭവിച്ചിട്ടുമുണ്ട്. നമ്മുടെ സുരക്ഷപോലും വകവയ്ക്കാതെയാണ് ഇവയുടെ ചരക്കുനീക്കം നടത്തുന്നതെന്നത് ഗൗരവമുള്ള കാര്യമാണ്. ഇത്തരം ചരക്കുനീക്കം ജലമാർഗ്ഗം നടത്തിയാൽ അപകടങ്ങൾ ഒഴിവാക്കാൻ കഴിയുന്നതാണ്.

കേരളത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ പ്രധാനപ്പെട്ടതായി ഒന്നുംതന്നെയില്ല. കടൽ യാത്ര വിദേശസഞ്ചാരികളും ആഭ്യന്തര ടൂറിസ്റ്റുകളും ഒരുപോലെ ഇഷ്ടപ്പെടുന്നു. കൊല്ലം, കൊച്ചി, ആലപ്പുഴ എന്നീ പ്രദേശങ്ങളിലാണ് ആഭ്യന്തര ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്നത്. ഒരു കടൽയാത്ര സൗകര്യപ്പെടുത്തിക്കൊണ്ടും മൈനർ തുറമുഖങ്ങളെ കണക്ട് ചെയ്ത് ടൂറിസവുമായി ബന്ധപ്പെടുത്തിക്കൊണ്ടുമുള്ള സർവ്വീസ് പൊതുവിൽ ആരംഭിക്കാനുള്ള സാധ്യത കാണുന്നുണ്ട്. കൊല്ലം, ആലപ്പുഴ, കൊച്ചി, ബേപ്പൂർ, അഴീക്കൽ, തലശ്ശേരി എന്നിവിടങ്ങളുമായി കണക്ട് ചെയ്താൽ കായൽ സഞ്ചാരത്തിനായി മാത്രം എത്തിപ്പെടുന്ന ടൂറിസ്റ്റുകളെ അവിടെനിന്ന് ക്യാച്ച് ചെയ്ത് കടൽയാത്രയ്ക്കുകൂടി എത്തിക്കാനും അപ്രകാരം ടൂറിസം വികസന സാധ്യത ഉറപ്പുവരുത്താനും കഴിയും. പരമ്പരാഗത വ്യവസായമേഖല തളർച്ച നേരിടുന്ന ഇന്നത്തെ അവസ്ഥയിൽനിന്ന് മുന്നേറ്റം നൽകുന്നതിന് പുതിയൊരു വഴിയായി ടൂറിസം മേഖലയെ കൂടുതൽ വികസിപ്പിക്കാനുള്ള സാധ്യത കണ്ടെത്തണം. ഗവൺമെന്റ് ആ കാഴ്ചപ്പാട് മുന്നോട്ടുവച്ചിട്ടുണ്ട്; അത്തരം കാഴ്ചപ്പാടുകളെ തുറമുഖങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഈ മേഖലയെ കൂടുതൽ വികസിപ്പിക്കാൻ കഴിയുമെന്ന് പരിശോധിക്കണം. ആലപ്പുഴ ഉൾപ്പെടെയുള്ള പോർട്ടുകളെക്കുറിച്ച് ആവശ്യമായ പഠനം നടത്തി ടൂറിസ്റ്റ് സെന്ററായി വികസിപ്പിക്കുന്നതിന് നിലവിൽ നിരവധി സ്കീമുകളുണ്ട്. കപ്പൽ സർവ്വീസിലൂടെ കടൽ യാത്രയ്ക്കുള്ള സൗകര്യം ഉപയോഗപ്പെടുത്തുന്നതിന്റെ സാധ്യതയെക്കുറിച്ചും അലോചിക്കേണ്ടതാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഉൾനാടൻ ജലഗതാഗതവും കടലും വാട്ടർ സ്പോർട്സിനുവേണ്ടി പ്രയോജനപ്പെടുത്താനുള്ള നിർദ്ദേശം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എച്ച്. സലാം: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. വാട്ടർ സ്പോർട്സ് വളരെ സാധ്യതയുള്ള കായികയിനമാണ്. നമുക്ക് ധാരാളം ജലാശയങ്ങളുണ്ടെങ്കിലും അവകായികതാരങ്ങൾക്ക് ഉപയോഗപ്പെടുത്താൻ

കഴിയാത്ത സാഹചര്യമാണുള്ളത്. ആലപ്പുഴ എന്നുപറയുമ്പോൾതന്നെ ജലത്തിന്റെ മേളയാണ് ഓർമ്മവരുന്നത്; അവിടെ കയാക്കിംഗും കനോയിംഗുമൊക്കെ നടത്താറുണ്ട്. എന്നാൽ, ചില കായിക ഇനങ്ങളുമായി ബന്ധപ്പെട്ട് ആലപ്പുഴയിലെ കായികതാരങ്ങൾ കൊച്ചിയിലും മറ്റ് നഗരങ്ങളിലുമാണ് പരിശീലനം നടത്തുന്നത്. നമുക്ക് ചുറ്റുമുള്ള ഭൗതിക സാധ്യതകൾ ശരിയായ രീതിയിലുള്ള പ്ലാനിംഗിന്റെ അഭാവംമൂലം വിനിയോഗിക്കപ്പെടുന്നതിന് നീണ്ടകാലയളവ് വേണ്ടിവരുന്നുണ്ട്. അത്തരം കാര്യങ്ങൾ കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 'സാഗർമാല' പദ്ധതിയുടെ ഭാഗമായി സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ നീക്കിവച്ചുവെന്ന് പറയപ്പെടുന്ന 75,000 കോടി രൂപ വിവിധ പദ്ധതികളിലൂടെ പരമാവധി നേടിയെടുക്കണം. ഈ പദ്ധതിയിൽ കേന്ദ്രഗവൺമെന്റിന്റെ കാഴ്ചപ്പാടുകൂടി ഉൾപ്പെടുന്നുണ്ട്. 'സാഗർമാല' പദ്ധതിയിലൂടെ രാജ്യത്തെമ്പാടുമുള്ള തുറമുഖങ്ങളുടെ വികസന പദ്ധതികൾ അദാനിക്ക് തീറെഴുതാനാണ് കേന്ദ്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് വിവിധ സ്കീമുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഈ പദ്ധതിയെ ശരിയായ നിലയിൽ ഉപയോഗപ്പെടുത്താനും ചെറുകിട-ഇടത്തരം തുറമുഖങ്ങളെ നവീകരിക്കാനും വികസിപ്പിക്കാനും അതുവഴി തീരസംരക്ഷണവും തൊഴിൽ സാധ്യതകളും വികസിപ്പിച്ചെടുക്കാനും കഴിയുന്ന വിവിധ പദ്ധതികൾ സർക്കാർ തയ്യാറാക്കണം. 'സാഗർമാല' പദ്ധതിയുമായി ബന്ധപ്പെടുത്തി അത്തരം പദ്ധതികൾ എപ്രകാരം സാധ്യമാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കണം. ബില്ലിലെ ഇത്തരം ഭേദഗതികൾ നടപ്പിലാക്കുന്നതോടുകൂടി മാരിടൈം മേഖലയിൽ മികച്ച ഏകോപനം സൃഷ്ടിക്കാനും സർക്കാരിന് ഈ മേഖലയുടെ വികസനത്തിന് മുന്നിൽനിൽക്കുവാനും കഴിയും. ഈ ഭേദഗതി അംഗീകരിച്ചുകൊണ്ട് ചൂണ്ടിക്കാണിക്കപ്പെട്ട ഇത്തരം സാധ്യതകൾ വ്യാപാര മേഖലയെയും പരമ്പരാഗത മേഖലയെയും പുനരുജ്ജീവിപ്പിക്കാൻ കഴിയുന്നതാണ്. വിനോദസഞ്ചാരമേഖലയെയും സ്പോർട്സ് മേഖലയെയും ഉപയോഗപ്പെടുത്തി ജലഗതാഗത മേഖല വികസിപ്പിക്കാനും അതുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കാനും സർക്കാർ നടപടി സ്വീകരിക്കണം. ഭരണപരമായ കാര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും സൗകര്യപ്പെടുത്താനും കഴിയുന്ന ബില്ലിലെ ഭേദഗതി നിർദ്ദേശങ്ങളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം (<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനൊരു പശ്ചാത്തലമുണ്ട്. 2017-ൽ രൂപീകരിച്ച മാരിടൈം ബോർഡിനെ സംബന്ധിച്ച ഭേദഗതികൾ വളരെ സങ്കുചിത താല്പര്യങ്ങളുടെ പേരിൽ വീണ്ടും സഭയുടെ മുന്നിൽ കൊണ്ടുവന്നിരിക്കുകയാണ്. 2014-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ഇതുമായി ബന്ധപ്പെട്ട് ആദ്യത്തെ ബിൽ കൊണ്ടുവരുന്നത്. സമുദ്രങ്ങളുമായി ബന്ധപ്പെട്ട നിയമ നിർമ്മാണമാകുമ്പോൾ അതിൽ കേന്ദ്രത്തിന് പങ്കുള്ളതുകൊണ്ടാണ് അന്ന് ബിൽ പ്രസിഡന്റിന്റെ അസന്റിനുവേണ്ടി അയച്ചത്. 2017-ൽ ഇടതുപക്ഷ ഗവൺമെന്റ് കൊണ്ടുവന്ന ബില്ലിനെത്തുടർന്നാണ് മാരിടൈം ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുകയും ഏതാനും വർഷങ്ങൾ പിന്നിട്ടശേഷം ഈ ഭേദഗതികൾ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നത്. മാരിടൈം ബോർഡ് എന്നതുകൊണ്ടു ദ്ദേശിക്കുന്നത് ചെറിയ നോൺ മേജർ പോർട്ട് എന്നാണ്. ചെറിയ പോർട്ടുകളുടെയും ജലഗതാഗതത്തിന്റെയും ഉൾനാടൻ ജലഗതാഗതത്തിന്റെയും വികസനം, മത്സ്യബന്ധനം, മത്സ്യത്തൊഴിലാളികളെ സഹായിക്കൽ എന്നിങ്ങനെ തീരദേശമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് മാരിടൈം ബോർഡുകൾ എല്ലായിടത്തും സ്ഥാപിച്ചിരിക്കുന്നത്. മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ കേന്ദ്രീകരിക്കാൻ ഇങ്ങനെയൊരു ബോർഡുണ്ടായാൽ ആ മേഖലയിൽ നല്ല വികസനം സാധ്യമാകുന്നതാണ്.

കൂടുതൽ തീരദേശമുള്ള സംസ്ഥാനങ്ങളായ ഗുജറാത്തിലും മഹാരാഷ്ട്രയിലും തമിഴ്നാട്ടിലുമാണ് ആദ്യം മാരിടൈം ബോർഡുകൾ സ്ഥാപിച്ചത്. 2014-ൽ ആദ്യ ബിൽ കൊണ്ടുവരികയും 2017-ൽ ഇടതുപക്ഷ സർക്കാർ ഇത് നിയമമാക്കുകയും ചെയ്തു. പക്ഷെ, കേരളത്തിൽ മാരിടൈം ബോർഡ് നിലവിൽ വന്നതിനുശേഷമുള്ള അഞ്ചുവർഷക്കാലത്തെ പ്രവർത്തനങ്ങൾ ആശാവഹമാണോയെന്ന പരിശോധന നടത്തേണ്ടതുണ്ട്. കേരളത്തിൽ 17-ൽപ്പരം ചെറുകിട തുറമുഖങ്ങളാണുള്ളത്. ഈ മേഖലയിൽ ഊന്നൽ നൽകാനാണ് മാരിടൈം ബോർഡുണ്ടാക്കിയത് 2017 മുതൽ 2022 വരെയുള്ള അഞ്ച് വർഷത്തിനിടയിൽ നമ്മുടെ ചെറുകിട പോർട്ടുകൾക്ക് എന്തെങ്കിലും മാറ്റമുണ്ടായിട്ടുണ്ടോ? വലിയ സാധ്യതകളുണ്ടായിരുന്ന ആ പോർട്ടുകൾക്ക് നേതൃത്വം നൽകാൻ മാരിടൈം ബോർഡിന് സാധിച്ചില്ല. ഈ പോർട്ടുകൾ നല്ലരീതിയിൽ വികസിപ്പിച്ചാൽസംസ്ഥാനത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കാനും ഉത്തേജനം നൽകാനും പുതിയ വരുമാന സ്രോതസ്സുകളുണ്ടാക്കാനും സാധിക്കും. എന്നാൽ അഞ്ചുകൊല്ലത്തെ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ നിരാശാജനകമാണെന്നു മാത്രമല്ല, ആ ദിശയിൽ ഒരു നീക്കവും നടത്താൻ സാധിച്ചിട്ടുമില്ല. അഴീക്കൽ, ബേപ്പൂർ, കൊല്ലം തുടങ്ങിയ

തുറമുഖങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. പൊന്നാനിയിലും പരപ്പനങ്ങാടിയിലും താനൂരിലും വലിയ സാധ്യതകളും പദ്ധതിനിർദ്ദേശങ്ങളുമുണ്ടായിരുന്നെങ്കിലും ആ ദിശയിൽ യാതൊരു പ്രവർത്തനവും നടക്കാത്തതിന്റെ ഭാഗമായി നമുക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കാതെ വന്നിരിക്കുന്നു. ഇക്കാര്യങ്ങൾ പരിശോധിക്കപ്പെടണം.

മത്സ്യബന്ധനത്തിന്റെ സ്ഥിതിയെന്താണ്? അഖിലേന്ത്യാ തലത്തിലെ കണക്ക് പ്രകാരം കേരള സംസ്ഥാനത്തിന് 3.9 മില്യൺ ടൺ മത്സ്യസമ്പത്ത് വിനിയോഗിക്കാം. സൗകര്യങ്ങളുടെ അപര്യാപ്തതമൂലം അതിന്റെ $^2/_3$ ഭാഗം (2.6 മില്യൺ ടൺ) മത്സ്യസമ്പത്ത് മാത്രമെ കേരളത്തിലെ തീരങ്ങൾ വഴി ശേഖരിക്കാൻ സാധിക്കുന്നുള്ളൂ. കഴിഞ്ഞ അഞ്ചുവർഷം മാരിടൈം ബോർഡ് ഉണ്ടായിരുന്നല്ലോ; ഈ കാലയളവിൽ മത്സ്യസമ്പത്തിന്റെ ശേഖരണം വർദ്ധിപ്പിക്കാൻ മാരിടൈം ബോർഡ് എന്ത് പ്രവൃത്തിയാണ് നിർവ്വഹിച്ചത്? യാതൊന്നും ചെയ്തിട്ടില്ലെന്നു മാത്രമല്ല, കേവലം നോക്കുകുത്തിയായി നിൽക്കുകയാണ് ചെയ്തത്; ഇത് മാരിടൈം ബോർഡിന്റെ വലിയൊരു പോരായ്മയാണ്. തീരദേശ ഉൾനാടൻ ജലഗതാഗത പുരോഗതിക്ക് കാര്യമായ നീക്കങ്ങൾ നടത്താൻ കേരള മാരിടൈം ബോർഡിന് സാധിച്ചില്ല. ഇവിടെ കൊട്ടിഘോഷിക്കപ്പെട്ട പദ്ധതികളൊന്നും പ്രാവർത്തികമായിട്ടില്ല.. കൊല്ലം, കൊച്ചി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ഒരു പ്രവൃത്തിയും നടത്തിയിട്ടില്ല. ചരക്ക് ഗതാഗതത്തിനും ജനങ്ങളുടെ യാത്രയ്ക്കുമായി ജലഗതാഗതം സംബന്ധിച്ച നിരവധി നിർദ്ദേശങ്ങളുണ്ടായിരുന്നിട്ടും യാതൊന്നും നടപ്പാക്കിയിട്ടില്ല. നാട്ടിലെ റോഡ് ട്രാഫിക്കിന്റെ പ്രയാസം എല്ലാവർക്കുമറിയാവുന്നതാണ്. റോഡിലൂടെ വലിയൊരു കണ്ടെയ്നർ പോയാൽ കുറേ സമയത്തേയ്ക്ക് വലിയ ഗതാഗതക്കുരുക്ക് രൂപപ്പെടുന്നതിനെക്കുറിച്ച് ശ്രീമതി യു. പ്രതിഭ സൂചിപ്പിച്ചു. അതിനുള്ള നല്ലൊരു പരിഹാരമാർഗ്ഗമാണ് തീരദേശങ്ങളിലൂടെ ചരക്ക് നീക്കം നടത്തുന്നത്. അതിനെ ഫോക്കസ് ചെയ്ത് പ്രവർത്തിക്കേണ്ട മാരിടൈം ബോർഡ് കഴിഞ്ഞ അഞ്ചുകൊല്ലം അതിലേയ്ക്കാവശ്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. ഒരു സാധ്യതയുമില്ലാത്തതും സംസ്ഥാനത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വലിയ പ്രയാസങ്ങളുണ്ടാക്കുന്നതും വലിയ ദുരന്തമായി മാറുമെന്ന് എല്ലാവരും പ്രവചിക്കുന്നതുമായ കെ-റെയിലിനുവേണ്ടിയാണ് സർക്കാർ രണ്ടുലക്ഷം കോടി രൂപ ചെലവഴിക്കാൻ ശ്രമിക്കുന്നത്. അതിന്റെ ചെറിയൊരംശം പണമുണ്ടെങ്കിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നല്ല രീതിയിലുള്ള ജലപാതയുണ്ടാക്കാൻ സാധിക്കുമായിരുന്നു. കെ-റെയിലിന്മേൽ സർക്കാർ കാണിക്കുന്ന താൽപ്പര്യം ജലഗതാഗതത്തിന്റെ കാര്യത്തിലുണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. 'Gods Own Country' ആണ് കേരളം.

ദൈവം കനിഞ്ഞരുളി നൽകിയ സാധ്യതകളെ ഉപയോഗപ്പെടുത്താതെ കെ-റെയിലിന്റെ പിന്നാലെ പോകുന്നത് ഏറെ സങ്കടകരമാണ്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് പൂർത്തിയാക്കുമെന്ന് പറഞ്ഞ കൊല്ലം-കോട്ടപ്പുറം ജലപാതയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രവർത്തനം നടത്തിയിട്ടുണ്ടോ? അതിനുപകരം നമ്മൾ കെ-റെയിലിന് കല്ലിടാനാണ് പോയത്. കെ-റെയിലിന് കല്ല് സ്ഥാപിക്കുകയല്ല ചെയ്യേണ്ടിയിരുന്നത്; മറിച്ച് രാജ്യത്തെ പാവപ്പെട്ടവരുടെ വീടിന്റെ അകത്തളങ്ങളിലും അവന്റെ നെഞ്ചത്തുമാണ് നിങ്ങൾപോയി കല്ലിട്ടത്. നിങ്ങൾ ചെയ്യേണ്ടത് അതല്ലായിരുന്നു; അതിനുപകരം കൊല്ലം-കോട്ടപ്പുറം പാത പ്രവർത്തനയോഗ്യമാക്കാനായിരുന്നു ശ്രമിക്കേണ്ടിയിരുന്നത്. തെക്കു-വടക്ക് കാസർഗോഡ് മുതൽ കന്യാകുമാരി വരെ ജലപാത വികസിപ്പിച്ചെടുക്കാൻ കഴിയുന്ന നമ്മുടെ സംസ്ഥാനത്ത് അതുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും ഗവൺമെന്റ് ചെയ്തിട്ടില്ല. ഭേദഗതിചെയ്ത പുതിയ മാരിടൈം ബോർഡ് വരുമ്പോഴെങ്കിലും അക്കാര്യത്തിൽ ശ്രദ്ധയുണ്ടാകണം.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, കേരളത്തിന്റെ ഏറ്റവും വലിയ വരുമാന സ്രോതസ്സെന്ന് പറയുന്നത് പ്രവാസികളാണ്. എന്റെ മണ്ഡലത്തിൽ ആയിരത്തോളം പേർ ഇപ്പോഴും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കപ്പൽ ജീവനക്കാരായി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നുണ്ട്. ഏറ്റവും ഭീകരമായ തണുപ്പിലും നല്ല ചൂടിലുമാണ് അവർ ജോലി ചെയ്യുന്നത്. ഇവർ All Kerala Seamen's Association എന്നൊരു കൂട്ടായ്മ രൂപീകരിച്ച് കഴിഞ്ഞ നിരവധി വർഷങ്ങളായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബന്ധപ്പെട്ടവരെയും സമീപിച്ച് അവരുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ട വീഥിയിലാണ്. അവർ മടങ്ങിവരുമ്പോൾ വിവിധ ആവശ്യങ്ങൾക്കും മക്കൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുംവേണ്ടി മുംബൈയെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. അവരുടെ അവകാശങ്ങളിലും പെൻഷനടക്കമുള്ള കാര്യങ്ങളിലും ഈ ബോർഡുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ സാധിക്കുമോ; അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. കാസർഗോഡും മഞ്ചേശ്വരവും കൂടുതൽ കപ്പൽ തൊഴിലാളികളുള്ള നാടാണ്. അവരുടെ ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മഞ്ചേശ്വരം അംഗമെന്ന നിലയിലാണ് ഇക്കാര്യം അദ്ദേഹം സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. വളരെക്കാലം കപ്പലിൽ ജോലി ചെയ്ത് നാടിന് സമ്പത്തുണ്ടാക്കിത്തരുന്ന വിഭാഗമെന്ന നിലയിൽ ഇവരെ നമ്മൾ സഹായിക്കണം. അവർക്ക് ആനുകൂല്യങ്ങളും സൗകര്യങ്ങളും ഒരുക്കുകയെന്നത് പ്രധാനംതന്നെയാണ്. മാരിടൈം ബോർഡ് വന്നതിനുശേഷമാണ് ഒരു ചരക്ക് കപ്പലിന്റെ സർവ്വീസ് ആരംഭിച്ചത്. J M Baxi Group-ന്റെ Chowgule-8 എന്ന ചരക്ക് കപ്പൽ സർവ്വീസ് ആരംഭിച്ച് ഒൻപത് മാസമായപ്പോൾ നിർത്തലാക്കിയത് ഏറെ അപമാനകരമാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ കെ-റെയിലിലൂടെ എത്തിച്ചേരാനെടുക്കുന്ന സമയത്തെക്കുറിച്ചും കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ജലഗതാഗതത്തിലൂടെ എത്തുന്നതിനെടുക്കുന്ന സമയത്തിന്റെയും ലാഭനഷ്ടങ്ങളെയും തൊഴിൽ സാധ്യതകളെയുംകുറിച്ച് പഠിച്ചുകൊണ്ടാണോ അങ്ങ് പ്രസംഗം നടത്തുന്നത്; ഹൗസ് ബോട്ടിന്റെ സ്പീഡ് എത്രയാണ്? കെ-റെയിൽ വേണ്ടെന്ന യു.ഡി.എഫ്.-ന്റെ വാദത്തിനൊപ്പം ഇത് കൊണ്ടുപോകുന്നത് ശരിയാണോയെന്ന് പരിശോധിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ ശ്രദ്ധിക്കേണ്ട കാര്യമുണ്ട്. ജലഗതാഗതത്തിന് വേണ്ടത്ര വേഗതയില്ലെന്നാണ് നിങ്ങളുടെ ആക്ഷേപം. ലോകത്ത് പലയിടത്തും നല്ലവേഗതയിലുള്ള ജലഗതാഗത സർവ്വീസ് നടക്കുന്നുണ്ട്. കെ-റെയിൽ കൊണ്ടുണ്ടാകുന്ന ഡാമേജ് നമ്മൾ പരിശോധിക്കണം. കടലും കായലുമൊക്കെ ദൈവം നമുക്ക് സൃഷ്ടിച്ചുതന്നതാണ്. അതിൽക്കൂടി ഗതാഗതം നടത്തിയാൽ മതി. എന്നാൽ നിങ്ങളിവിടെ പുതിയൊരു വിഭജന മതിൽ/വിഭജന രേഖ കേരളം മുഴുവൻ കെട്ടിപ്പൊക്കാൻ പോകുകയാണ്. നിലവിലുള്ള നല്ല സാധ്യതകളെ നിങ്ങൾ ഉപയോഗപ്പെടുത്താത്തതിലുള്ള കാര്യമാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. ഇന്ന് പുലർച്ചെ ഇടുക്കിയിൽ ഉരുൾപൊട്ടി അഞ്ച് പാവപ്പെട്ടയാളുകൾ മരണപ്പെട്ട വലിയൊരു ദുരന്തമുണ്ടായി. നമ്മുടെ പരിസ്ഥിതിയും ചുറ്റുപാടുകളുമൊക്കെ നോക്കി ബാലൻസ് ചെയ്യുന്ന തരത്തിലുള്ള വികസനമാണുണ്ടാകേണ്ടത്. നമ്മൾ സർവ്വീസ് ആരംഭിച്ച ചരക്കുകപ്പൽ ഒൻപത് മാസം കൊണ്ട് നിർത്തലാക്കിയ സ്ഥിതിയാണുള്ളത്. ഒരുപക്ഷെ ആരംഭത്തിൽ അതിൽ കുറച്ച് നഷ്ടമുണ്ടാകും. നമ്മുടെ മെട്രോ റെയിൽ തുടക്കത്തിൽ നഷ്ടമായിരുന്നില്ലേ; ഇപ്പോഴും നഷ്ടത്തിലാണെന്നാണ് കേൾക്കുന്നത്. നഷ്ടത്തിലാണെന്ന് പറഞ്ഞ് നിർത്താൻ സാധിക്കുമോ; കുറെ കഴിയുമ്പോൾ ശരിയാകുമെന്ന് പറയുന്നതുപോലെ ചരക്ക് ഗതാഗതം പൂർണ്ണമായും ജലഗതാഗതത്തിലൂടെ തിരിച്ചുവിട്ടാൽ നമ്മുടെ റോഡുകൾക്ക് വലിയ റിലാക്സാകും. ഇത്ര ടണ്ണിനുമുകളിലുള്ള ചരക്കുകൾ ജലഗതാഗതം വഴി കൊണ്ടുപോകണമെന്ന നിർദ്ദേശമുണ്ടായാൽ റോഡിലെ ഗതാഗതക്കുരുക്ക് ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും. ഇക്കാര്യങ്ങളെല്ലാം നമുക്ക് ഭാവിയിൽ ചിന്തിക്കാവുന്നതാണ്. ഇങ്ങനെയൊരു സാധ്യതയുണ്ടെന്ന് എല്ലാവരും അറിയണ്ടേ; തുടക്കത്തിൽ നഷ്ടമാണെന്ന് കരുതി കപ്പൽ ഗതാഗതം നിർത്തലാക്കിയത് ശരിയായില്ല.

മാരിടൈം ബോർഡും മത്സ്യബന്ധന വകുപ്പും ശുഷ്കാന്തി കുറഞ്ഞ പ്രവർത്തനമാണ് നടത്തുന്നത്. കേന്ദ്രത്തിന്റെ സാഗർമാല പദ്ധതിയിൽ നിന്നും ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ പുതിയ പദ്ധതികൾ സമർപ്പിച്ച് കോടികൾ നേടിയെടുക്കുകയാണ്. എന്നാൽ കേരളം ഇതുമായി ബന്ധപ്പെട്ട് പദ്ധതി സമർപ്പിക്കുകയോ അതിലേയ്ക്കായി ഫണ്ട്

ലഭിച്ചിട്ടുണ്ടെന്നോ അറിയാൻ സാധിച്ചിട്ടില്ല. കേന്ദ്രത്തിന്റെ ഫണ്ട് നമുക്കുകൂടി അവകാശപ്പെട്ടതാണ്. മേൽപ്പറഞ്ഞ സംസ്ഥാനങ്ങളെപ്പോലെ കേരളത്തിനും 598 കി.മീ. തെക്കുവടക്ക് കടൽത്തീരമാണുള്ളത്; അത് ഉപയോഗപ്പെടുത്തണം. മറ്റ് സംസ്ഥാനങ്ങളെപ്പോലെ നമുക്കും അതിന് അവകാശമുണ്ട്. ഇക്കാര്യത്തിൽ മാരിടൈം ബോർഡിന്റെയും വകുപ്പിന്റെയും ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ടെന്ന് മാത്രമല്ല, അഞ്ചുവർക്കാലത്തെ പ്രവർത്തനങ്ങളുടെ മിസ്മാനേജ്മെന്റും ഉണ്ടായിട്ടുണ്ട്.

മാസങ്ങളോളം മാരിടൈം ബോർഡിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന് പത്രവാർത്തയുണ്ടായിരുന്നു. ശമ്പളക്കുടിശ്ശിക ഇപ്പോഴും നിലനിൽക്കുകയാണ്. ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് നിക്ഷേപം ആകർഷിക്കാൻ മാരിടൈം ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ എവിടെയും എത്തിയില്ല. കേരളത്തിലെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് നിക്ഷേപം സ്വീകരിക്കുമെന്ന് കൊട്ടിഘോഷിക്കപ്പെട്ടെങ്കിലും നിക്ഷേപങ്ങളൊന്നും സ്വീകരിക്കാൻ അവർക്ക് സാധിച്ചില്ല. എല്ലാവരും ഈയൊരു കൺസെൻസസ്സിലാണ് പോകുന്നത്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾക്കും അതിന്റെ വികസനത്തിനുംവേണ്ടിയാണ് മാരിടൈം ബോർഡ് സ്ഥാപിച്ചത്. 2017-ലെ മൂല ആക്ടിൽ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. അനന്തമായ അഡ്മിനിസ്ട്രേഷൻ ഭരണത്തിനാണ് ഈ ഭേദഗതി വകവയ്ക്കുന്നത്. അത് നിങ്ങളോ ഞങ്ങളോ ചെയ്യേണ്ട കാര്യമല്ല. ഇതിനൊരു ബോർഡ് രൂപീകരിച്ച്, അവരാണ് ഇക്കാര്യങ്ങൾ ചെയ്യേണ്ടത്. ബോർഡിന്റെ അധികാരം അഡ്മിനിസ്ട്രേറ്ററിലൂടെ സർക്കാർ കവർന്നെടുക്കുന്നത് അംഗീകരിക്കാൻ കഴിയില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, അങ്ങ് പറയുന്നത് ചരക്കുഗതാഗതത്തെക്കുറിച്ചും ചെറിയ തുറമുഖങ്ങളെക്കുറിച്ചുമാണ്. കേരളത്തിന് അറബ് രാജ്യങ്ങളുമായുള്ള ബന്ധത്തെക്കുറിച്ച് എല്ലാവർക്കുമറിയാം. പ്രത്യേകിച്ച് കാസർഗോഡ് ജില്ലയ്ക്ക് പണ്ട് കാലംമുതലേ നല്ല ബന്ധമാണുണ്ടായിരുന്നത്. കാസർഗോഡ് ജില്ലയിലെ ചരക്കുഗതാഗതവുമായി ബന്ധപ്പെട്ട 'മഞ്ചു' ഉരുവ്യവസായത്തെക്കുറിച്ചും എല്ലാവർക്കുമറിയാം. അന്ന് ഉരു അവിടെ നിർമ്മിച്ച്, അറബ് രാജ്യങ്ങളിലേയ്ക്ക് അയച്ചിരുന്നു, അതിന്റെ പേരിൽ നല്ല ബന്ധമാണുണ്ടായിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ചെറിയൊരു തുറമുഖവും അവിടെയുണ്ടായിരുന്നു.അതുകൊണ്ട് കാസർഗോഡ് തുറമുഖം വികസിപ്പിച്ചെടുക്കുന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്? കപ്പൽ ചരക്കുഗതാഗതവുമായി ബന്ധപ്പെട്ടും കാസർഗോഡ് ജില്ലക്കാർക്ക് നല്ല ബന്ധമാണുള്ളത്. ചരക്കുഗതാഗതത്തിന്റെ ഭാഗമായി സമുദ്രത്തിലൂടെ കപ്പലുകൾക്ക് സുഗമമായി

സഞ്ചരിക്കണമെങ്കിൽ അതിനുള്ളിൽ കപ്പൽ ജോലിക്കാർ ഉണ്ടായിരിക്കണം. കേരളത്തിൽത്തന്നെ ഏറ്റവും കൂടുതൽ കപ്പൽ ജോലിക്കാർ അധിവസിക്കുന്നത് കാസർഗോഡ് ജില്ലയിലാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അസംബ്ലി മണ്ഡലത്തിൽതന്നെ 300-ഉം ഉദുമ മണ്ഡലത്തിൽ 400-ഉം കപ്പൽ ജീവനക്കാരുണ്ടാകുമെന്നാണ് കരുതുന്നത്. കപ്പൽ ജീവനക്കാരുടെ പ്രധാനപ്പെട്ട കേന്ദ്രം ഉപ്പളയാണ്. മുംബൈയിലെ മസ്ജിദ് ബന്ദറിലാണ് കപ്പൽ തൊഴിലാളികളുടെ താമസസ്ഥലമായ Seamen's Hostel സ്ഥിതി ചെയ്യുന്നത്. ജീവിതകാലം മുഴുവൻ കടലിൽ കഴിച്ചുകൂട്ടിയവരാണ് കപ്പൽ തൊഴിലാളികൾ. ചില ജീവനക്കാർ, കപ്പൽ യാത്ര പുറപ്പെട്ട് നാലും അഞ്ചും ആറും മാസംവരെ കടലിൽത്തന്നെയായിരിക്കും. റിട്ടയർ ചെയ്യുന്ന അവസാന നാളുകളിൽ നയാപൈസപോലും പെൻഷനായോ ആനുകൂല്യമായോ അവർക്ക് ലഭിക്കുന്നില്ല. അത്തരത്തിലൊരു ആനുകൂല്യം അവർക്കും അവരുടെ കുടുംബത്തിനും ലഭിക്കേണ്ടതല്ലേയെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, അങ്ങയുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. അങ്ങ് പറഞ്ഞ ഒരു കാര്യം കാസർഗോഡ് ജില്ലയുടെ മൊത്തത്തിലുള്ള വികസനത്തെക്കുറിച്ചും മറ്റൊന്ന് കാസർഗോഡ് ഉറമുഖത്തിന്റെ വികസനത്തെക്കുറിച്ചുമാണ്. അങ്ങനെ എല്ലാ നിലയിലുള്ള വികസനവും കാസർഗോഡുണ്ടാകണം. കപ്പൽ തൊഴിലാളികളെക്കുറിച്ച് അങ്ങ് സൂചിപ്പിച്ചത് വളരെ പ്രസക്തമായ കാര്യമാണ്. അവരുടെ ജീവിതത്തിന്റെ നല്ലൊരു ഭാഗവും കപ്പലിൽ ചെലവഴിച്ചവരായതിനാൽ അവർക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകണമെന്ന അഭിപ്രായമാണുള്ളത്. പ്രസ്തുത ബില്ലിൽ യാതൊരു റിപ്പോർട്ടിന്റെ പിൻബലവും മറ്റ് ആരോപണങ്ങളുമില്ലാതെ സർക്കാരിന് എപ്പോൾ വേണമെങ്കിലും ബോർഡ് പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്ററെ കൊണ്ടുവരാമെന്ന തരത്തിൽ അവതരിപ്പിച്ചിരിക്കുന്ന ജനാധിപത്യവിരുദ്ധ ഭേദഗതിയെ അതിശക്തമായി എതിർക്കുകയാണ്. എല്ലായ്പ്പോഴും പട്ടിണിയിലും വറുതിയിലും പ്രയാസത്തിലും ഉപജീവനം നടത്തുന്ന നമ്മുടെ തീരദേശപ്രദേശക്കാർക്ക് മത്സ്യബന്ധനത്തിനുള്ള ബോട്ടുകൾ ഓടിക്കണമെങ്കിൽ മണ്ണെണ്ണ ആവശ്യമാണ്. തമിഴ്നാട് ഗവൺമെന്റ് കേന്ദ്ര സർക്കാരിനോട് ആവശ്യമായ ഇടപെടൽ നടത്തിയതിന്റെ ഫലമായി പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ഇരുപതുരൂപയ്ക്കാണ് ഒരു ലിറ്റർ മണ്ണെണ്ണ കൊടുക്കുന്നത്. എന്നാൽ കേരളത്തിലെ ഒരു മത്സ്യത്തൊഴിലാളിക്ക് ഒരു ലിറ്റർ മണ്ണെണ്ണ ലഭിക്കണമെങ്കിൽ 134 രൂപ കൊടുക്കേണ്ട ഗതികേടാണുള്ളത്. ഈ സന്ദർഭത്തിൽ കേരള ഗവൺമെന്റ് ഇടപെടൽ നടത്തേണ്ടതല്ലേ; പാവപ്പെട്ടവരുടെ പ്രശ്നങ്ങളിലല്ലാതെ മറ്റാരുടെ പ്രശ്നങ്ങളിലാണ് സർക്കാർ ഇടപെടേണ്ടത്?

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യപദ്ധതിയിൽ ഗുണഭോക്താക്കൾക്ക് കൊടുക്കാനുള്ള തുക അടിയന്തരമായി നൽകണം. അറുപത് വയസ്സിന് മുകളിലുള്ളവർക്ക് നൽകുന്ന പെൻഷൻ ഇനത്തിൽ മൂന്നു മാസത്തെ കുടിശ്ശിക നിലനിൽക്കുന്നുണ്ട്; അത് കൊടുക്കാനുള്ള നടപടിയുണ്ടാകണം. മത്സ്യത്തൊഴിലാളികൾക്ക് മറൈൻ എഞ്ചിൻ വാങ്ങുന്നതിന് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ സബ്സിഡികൾ നിലവിൽ അനുവദിക്കാത്ത സാഹചര്യമാണുള്ളത്. മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിനായി നൽകിക്കൊണ്ടിരുന്ന ധനസഹായ പദ്ധതി വർഷങ്ങളായി പെന്റിംഗിലാണ്. ചെറുതും വലുതുമായ യാനങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസും ഈ സർക്കാർ വർദ്ധിപ്പിച്ച സാഹചര്യമാണുള്ളത്; ചെറിയ യാനങ്ങൾക്ക് 150 രൂപയിൽനിന്ന് 800 രൂപയായും വലിയ ബോട്ടുകൾക്കുള്ള ഫീസ് അയ്യായിരം രൂപയിൽനിന്ന് പതിനായിരം രൂപയായും വർദ്ധിപ്പിച്ചിരിക്കുന്നു. പാവപ്പെട്ടവരുടെ എല്ലാ പ്രശ്നങ്ങളിലും സർക്കാർ ഇടപെടൽ നടത്തുന്നതിനും അവരുടെ ഭവന നിർമ്മാണ പദ്ധതിയിൽ വീടുകൾ നൽകുന്നതിലുണ്ടായ വീഴ്ച പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, വിഴിഞ്ഞത്ത് കഴിഞ്ഞ രണ്ടരവർഷമായി നടന്നുകൊണ്ടിരുന്ന ക്രൂ ചെയിഞ്ചിംഗിലൂടെ തുറമുഖത്തിന് ഏകദേശം പതിമൂന്ന് കോടി രൂപയുടെ റവന്യൂ വരുമാനമാണ് ലഭിച്ചിരുന്നത്. എന്നാൽ കോവിഡ് കാലത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിക്കണമെന്ന ഉത്തരവിറക്കിയിരുന്നു. അതുമായി ബന്ധപ്പെട്ട് ക്രൂ ചെയിഞ്ചിംഗും നിർത്തിവച്ചിരിക്കുന്ന സാഹചര്യമാണുള്ളത്. സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് ക്രൂ ചെയിഞ്ചിംഗ് പുനരാരംഭിക്കണമെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിച്ചത് വളരെയേറെ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. കോവിഡിനുശേഷം ബാക്കിയെല്ലാ നടപടികളും പുനഃസ്ഥാപിച്ചെങ്കിലും ക്രൂ ചെയിഞ്ചിംഗ് വിഷയം മാത്രം നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടിയുണ്ടാകണം. തീരദേശത്തെ കടൽ ഭിത്തികളെല്ലാം തകർന്നിരിക്കുന്നതിനാൽ വീടുകളിലും യാനങ്ങളിലുമെല്ലാം വെള്ളം കയറി ഉപകരണങ്ങളുൾപ്പെടെയുള്ളവ നശിച്ചുപോകുന്ന സ്ഥിതി വിശേഷമാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ഒരു സ്ഥലത്തുപോലും പുതിയ കടൽഭിത്തി നിർമ്മിക്കുകയോ കേടുപാട് സംഭവിച്ചതിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയോ ചെയ്തിട്ടില്ല. ഇക്കാര്യങ്ങളിലെല്ലാം ഇടപെടൽ നടത്തുന്നത് നല്ലതായിരിക്കും. തീരദേശവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെല്ലാം ഇടപെടാൻ അധികാരമുള്ള ബോർഡെന്ന നിലയിൽ മാരിടൈം ബോർഡിനായി സമഗ്രമായ

നിയമനിർമ്മാണമാണ് നടത്തേണ്ടത്. ഇത്തരത്തിൽ ഇടയ്ക്കിടയ്ക്ക് ചെറിയ ഭേദഗതികളുമായി വരാതെ, നിലവിൽ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ ആവശ്യമാണോയെന്ന് പുന:പരിശോധന നടത്തുന്നതിനായി ഈ ബിൽ അതേ സബ്ജക്ട് കമ്മിറ്റിക്കുതന്നെ അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊണ്ട് നിർത്തുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ലോക മാരിടൈം രംഗത്ത് വലിയ തോതിലുള്ള പുരോഗതിയും മാറ്റങ്ങളുമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ലോക വ്യാപാരത്തിന്റെ 80 ശതമാനവും തുറമുഖങ്ങൾവഴിയാണ് നടക്കുന്നതെന്നാണ് ഈ രംഗത്തെ ലോക സമ്പദ്‌വ്യവസ്ഥയിലുള്ള സ്വാധീനവും പ്രാധാന്യവും വ്യക്തമാക്കുന്നത്. ഏതാണ്ട് 7500 കിലോമീറ്ററിലധികം കടൽത്തീരമുള്ള ഇന്ത്യാരാജ്യത്തും തുറമുഖങ്ങൾ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകുന്നുണ്ട്. ഇന്ത്യൻ ഉപദ്വീപിന്റെ 90 ശതമാനം വാണിജ്യാവശ്യങ്ങളും നിർവ്വഹിക്കപ്പെടുന്നത് തുറമുഖങ്ങൾ വഴിയാണ്. 590 കിലോമീറ്റർ തീരദേശമുള്ള കേരളത്തിന് ഈ രംഗത്ത് ഗണ്യമായ സംഭാവനകൾ നൽകാൻ കഴിയേണ്ടതാണ്. എന്നാൽ കൊച്ചിയൊഴികെ സംസ്ഥാനത്തുള്ള ചെറുകിട തുറമുഖങ്ങൾക്കൊന്നും സമ്പദ്‌വ്യവസ്ഥയ്ക്ക് കാര്യമായ സംഭാവനകൾ നൽകാൻ കഴിയുന്ന തരത്തിലുള്ള വളർച്ചയുണ്ടായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. നമ്മുടെ സംസ്ഥാനത്തിന് തുറമുഖങ്ങൾ വഴിയുള്ള വാണിജ്യത്തിൽ വലിയൊരു പാരമ്പര്യം അവകാശപ്പെടാനുണ്ടെങ്കിലും സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ വാണിജ്യവൽക്കരിക്കാനുള്ള നയപരമായ മാറ്റങ്ങൾ വരുത്തുന്നതിൽ നാം പരാജയപ്പെട്ടതുകൊണ്ടാണ് കാര്യമായ സംഭാവനകൾ നൽകാൻ സാധിക്കാത്തത്. രാജ്യത്തെ മാരിടൈം സംസ്ഥാനങ്ങളുടെ യോഗങ്ങളിൽ നിരന്തരമായി ഈ വിഷയം ഉന്നയിക്കപ്പെട്ടതിന്റെ ഫലമായി 2012-ൽ മാരിടൈം സ്റ്റേറ്റുകൾക്ക് മാരിടൈം ബോർഡുകൾ രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകി. ദേശീയ നയത്തിൽവന്ന ഈ മാറ്റം ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടക തുടങ്ങിയ ഇന്ത്യയിലെ പ്രധാനപ്പെട്ട മാരിടൈം സംസ്ഥാനങ്ങൾ ഉപയോഗപ്പെടുത്തുകയും അവരെല്ലാം 2012-ൽ സംസ്ഥാന മാരിടൈം ബോർഡുകൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. മാത്രമല്ല, ഈ സംസ്ഥാനങ്ങളിലെ മാരിടൈം ബോർഡുകളെ സാങ്കേതികമായും ഭരണപരമായും മികച്ച ബോർഡുകളാക്കി മാറ്റുന്നതിന് അവർ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തു. തൽഫലമായി ഇവിടങ്ങളിലെ തുറമുഖങ്ങൾ വാണിജ്യപരമായും സാമ്പത്തികമായും സ്വയംപര്യാപ്തതയിൽ എത്തുകയും ഈ സംസ്ഥാനങ്ങളുടെ സമ്പദ്ഘടനയ്ക്ക് ശക്തമായ പിന്തുണ നൽകാനുള്ള കരുത്താർജ്ജിക്കുകയും ചെയ്തു. കേരളത്തിന്റെ പ്രധാനപ്പെട്ട കൊച്ചി തുറമുഖം കേന്ദ്ര സർക്കാരിന്റെ നേരിട്ടുള്ള ഭരണത്തിലാണ്. ബേപ്പൂർ,

അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുടങ്ങി പതിനേഴ് നോൺ-മേജർ തുറമുഖങ്ങളാണ് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ളത്. ഈ തുറമുഖങ്ങളുടെ ഭരണനിർവ്വഹണത്തിനുവേണ്ടിയാണ് 2017-ൽ കേരള മാരിടൈം ബോർഡ് ആക്ട് നിയമസഭ പാസ്സാക്കുകയും തുടർന്ന് കേരള മാരിടൈം ബോർഡിന് രൂപം നൽകുകയും ചെയ്തത്. മേൽപ്പറഞ്ഞ വസ്തുതകളിൽനിന്നും റോഡുകൾ, റെയിൽവെ, വിമാനത്താവളങ്ങൾ എന്നിവപോലെ മുന്തിയ പരിഗണനയും ശ്രദ്ധയും ലഭിക്കേണ്ട മേഖലയാണ് സംസ്ഥാനത്തെ തുറമുഖങ്ങളെന്നത് വ്യക്തമാണ്. എന്നാൽ സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കുന്നതിനും ആവശ്യമായ ഭരണപരമായ പരിഷ്കാരങ്ങൾ ഈ രംഗത്ത് കൊണ്ടുവരുന്നതിനും നാം പിന്നിലായിപ്പോയി. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് മാരിടൈം രംഗത്ത് മറ്റ് സംസ്ഥാനങ്ങളോട് കിടപിടിക്കാൻ കഴിയുന്ന തരത്തിൽ വളരാൻ കഴിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ തുറമുഖരംഗത്ത് നല്ല നിലയിൽ നിക്ഷേപം നടത്തിയ എല്ലാ രാജ്യങ്ങളും വമ്പിച്ച സാമ്പത്തിക പുരോഗതി കൈവരിച്ച ചരിത്രമാണ് നമ്മുടെ മുന്നിലുള്ളത്. 590 കിലോമീറ്റർ തീരദേശമുള്ള കേരളത്തിന് ദൗർഭാഗ്യവശാൽ വിവിധ കാരണങ്ങൾകൊണ്ട് ഈ രംഗത്ത് പ്രത്യേക നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നഷ്ടപ്പെട്ട അവസരങ്ങളെ ഓർത്ത് വിലപിക്കുന്നതിൽ കാര്യമില്ല. സജീവമായ ഇടപെടലുകളിലൂടെ നമ്മുടെ തുറമുഖങ്ങളെയും തീരങ്ങളെയും ചലനാത്മകമാക്കി സംസ്ഥാനത്തിന്റെ ചരക്ക് പാസഞ്ചർ ഗതാഗത രംഗത്ത് ശ്രദ്ധേയമായ സ്ഥാനം ഉറപ്പാക്കുകയാണ് വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തെ പരിപോഷിപ്പിക്കുവാൻ ശക്തമായ നടപടി സ്വീകരിച്ചുവരികയാണ്. തുറമുഖങ്ങളുടെ ഫീഡർ സംവിധാനമായി സംസ്ഥാനത്തെ ഉൾനാടൻ ജലഗതാഗത മേഖലയ്ക്ക് മാറുവാൻ കഴിയും. അതോടെ വാണിജ്യരംഗത്ത് മാത്രമല്ല ടൂറിസം രംഗത്തും വലിയതോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാമ്പത്തിക രംഗത്ത് വമ്പിച്ച മുന്നേറ്റമുണ്ടാക്കാനും കഴിയുമെന്നതിൽ തർക്കമില്ല. തുറമുഖ വികസനത്തിൽ വിഴിഞ്ഞം രാജ്യത്തിന് മാതൃകയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ നമ്മുടെ ചെറുകിട തുറമുഖങ്ങളുടെ മുമ്പിൽ വമ്പിച്ച വികസന സാധ്യതയാണ് തെളിഞ്ഞുവരുന്നത്. ഈ അവസരം നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയണം. ഇതുമുന്നിൽ കണ്ടുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള മാരിടൈം ബോർഡ് ആക്ട് പാസാക്കിയത്. എന്നാൽ ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച മാരിടൈം ബോർഡിന്റെ ഭരണ നിർവ്വഹണത്തിലുണ്ടായ പ്രായോഗികവും ഭരണപരവുമായ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാനാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. നിലവിലുള്ള തുറമുഖ ഡയറക്ടറേറ്റും അനുബന്ധ സ്ഥാപനങ്ങളും ലയിപ്പിച്ചാണ് മാരിടൈം ബോർഡ് രൂപീകരിച്ചത്. സ്വാഭാവികമായും അവിടെ ജോലി ചെയ്തിരുന്ന

ജീവനക്കാർക്ക് ചില ആശങ്കകളുണ്ടായി. അവരുടെ സർവ്വീസ് കണ്ടീഷനുകളുടെ ചില പ്രശ്നങ്ങൾ ഉന്നയിച്ച് ജീവനക്കാരുടെ സംഘടനകൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയുണ്ടായി. സർക്കാർ ജീവനക്കാരായി പി.എസ്.സി. മുഖാന്തരം സർവ്വീസിൽവന്ന ഇവരുടെ ശമ്പളം, ലീവ്, പെൻഷൻ, സ്ഥലംമാറ്റം തുടങ്ങിയ കാര്യങ്ങളിലാണ് അവർക്ക് ആശങ്കയുണ്ടായിരുന്നത്. ഇവരുടെ പ്രശ്നത്തിൽ ഉചിതമായ തീരുമാനമെടുക്കാൻ കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് തുറമുഖ സെക്രട്ടറി വിവിധ യൂണിയനുകളുമായി ചർച്ച നടത്തുകയും അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ആക്ടിൽ ഭേദഗതി വരുത്തിയാൽ മാത്രമെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ, അഞ്ചു വർഷത്തെ അനുഭവത്തിൽനിന്നും ചില വ്യവസ്ഥകളിൽ മാറ്റം വരുത്തിയാൽ മാത്രമെ ബോർഡിന് ഗുണപരമായും ഫലപ്രദമായും പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂവെന്നും വ്യക്തമായി. ചില രംഗങ്ങളിൽ ഭരണപരമായ അധികാരങ്ങൾ ബോർഡിന് നൽകേണ്ടതുണ്ടെന്നും സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി ബോർഡ് പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതുണ്ട്. അതിനുവേണ്ടിയുള്ള മാറ്റങ്ങളാണ് ഇപ്പോൾ വരുത്തിയിട്ടുള്ളത്. മാരിടൈം രംഗത്തു നാം പിൻബഞ്ചുകാരാണ്. മുന്നിലേക്കെത്തണമെങ്കിൽ ചടുലമായി നീങ്ങേണ്ടിവരും. അതിനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. ഈ ഭേദഗതികൾ സംസ്ഥാനത്ത് മാരിടൈം ബോർഡിൽ സമൂലമായ അഴിച്ചുപണി നടത്തുന്നതിന് ഉപകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുതകുന്ന തരത്തിൽ പ്രധാനപ്പെട്ട ചില ഭേദഗതികളാണ് ഇതിൽ വരുത്തിയിട്ടുള്ളത്. ഇതിലെ പ്രധാനപ്പെട്ട ഭേദഗതികളെക്കുറിച്ച് മാത്രം സൂചിപ്പിക്കാം.

3-ാം വകുപ്പിലെ ഭേദഗതി: നിലവിലെ മൂന്നാം വകുപ്പിലെ മൂന്നാം ഉപവകുപ്പുപ്രകാരം ആസ്ഥാനം കൊച്ചിയിലാണ് നിശ്ചയിച്ചിരിക്കുന്നത്. തിരുവനന്തപുരത്താണ് തുറമുഖ ഡയറക്ടറേറ്റ് സ്ഥിതി ചെയ്യുന്നത്. ഭരണപരമായ സൗകര്യത്തിന് ആസ്ഥാനം തിരുവനന്തപുരത്ത് ആകുന്നതാണ് ഉചിതം. അതുകൊണ്ട് ആസ്ഥാനം തിരുവനന്തപുരത്തും റീജിയണൽ ഓഫീസ് കൊച്ചിയിലും സ്ഥാപിക്കാൻ നിർദ്ദേശിക്കുന്നുണ്ട്.

നിലവിലെ മൂന്നാം വകുപ്പിലെ നാലാം ഉപവകുപ്പിന്റെ ഭേദഗതി: ബോർഡിന്റെ വൈസ് ചെയർമാൻ പ്രിൻസിപ്പൽ സെക്രട്ടറിയിൽ കുറയാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനെയാണ് നിശ്ചയിച്ചിരുന്നത്. ഇത് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് തടസ്സമാകുന്നുണ്ട്. അതുകൊണ്ട് പ്രിൻസിപ്പൽ സെക്രട്ടറി എന്നതിനുപകരം സെക്രട്ടറി പദവിയുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നതാണ് അഭികാമ്യം. പൊതുഭരണം, വിദ്യാഭ്യാസം മുതലായ

വകുപ്പുകളുടെ സെക്രട്ടറിയായിരുന്ന ശ്രീമതി ലിഡ ജേക്കബ് ഐ.എ.എസ്.-നെ സർക്കാർ വൈസ് ചെയർമാനായി നിയമിച്ചു. എന്നാൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ റാങ്കില്ലാത്തതിനാൽ കോടതിയിൽ കേസ് വന്നതുകൊണ്ട് അവർക്ക് രാജിവയ്ക്കേണ്ടിവന്നു. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

നിലവിലെ മൂന്നാം വകുപ്പിൽ നാലാം ഉപവകുപ്പിലെ പത്താം ഇനമായി 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ: മെമ്പർ സെക്രട്ടറി' എന്ന് ഉൾപ്പെടുത്തണം. നിലവിലുള്ള ആക്റ്റിൽ മാരിടൈം ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡ് മെമ്പർ അല്ല. ഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് മാരിടൈം ബോർഡിന് ഒരു മെമ്പർ സെക്രട്ടറി ആവശ്യമാണ്. ഈ ആവശ്യം പരിഹരിക്കുന്നതിനാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

നിലവിലെ മൂന്നാം വകുപ്പിൽ അഞ്ചാം ഉപവകുപ്പിന്റെ ഭേദഗതി: നിലവിൽ മാരിടൈം ബോർഡിന്റെ കാലാവധി അഞ്ചുവർഷമാണ്. ഇത് മൂന്നുവർഷമായി പരിമിതപ്പെടുത്തുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. അതുകൊണ്ട് ഈ മാറ്റവും ഭേദഗതിയിൽ വരുത്തിയിട്ടുണ്ട്.

8-ാം വകുപ്പിന്റെ ഭേദഗതി: ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഭരണപരമായ ഒരു നിർദ്ദേശം നൽകാൻ ഇപ്പോഴത്തെ ആക്ട് പ്രകാരം സർക്കാരിന് നിർവ്വാഹമില്ല. ഇത് സർക്കാരിന്റെ അധികാരം പരിമിതപ്പെടുത്തുന്നു. അതുകൊണ്ട് സർക്കാരിന് സ്വമേധയാ നിർദ്ദേശം നൽകുവാനുള്ള അധികാരം കൂട്ടിച്ചേർത്ത് ഭേദഗതിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ആ അധികാരങ്ങൾ നിലനിർത്തിക്കൊണ്ട് ഭരണനിയന്ത്രണം ബോർഡിനെ ഏൽപ്പിക്കാനാണ് ഈ ഭേദഗതി നിർദ്ദേശിക്കുന്നത്.

90-ാം വകുപ്പിന്റെ ഭേദഗതി: ആവശ്യമെങ്കിൽ ബോർഡിനെ പിരിച്ചുവിട്ട് ഭരണനിയന്ത്രണം സർക്കാരിന് ഏറ്റെടുക്കുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ല. അനിവാര്യഘട്ടങ്ങളിൽ ഭരണനിർവ്വഹണത്തിനായി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുവാൻ ഈ ഭേദഗതി നിർദ്ദേശിക്കുന്നു.

91-ാം വകുപ്പിന്റെ ഭേദഗതി: സർക്കാരിന് നയപരമായ നിർദ്ദേശങ്ങൾ മാത്രമെ മാരിടൈം ബോർഡിന് നൽകാൻ കഴിയുകയുള്ളുവെന്നാണ് നിലവിലെ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇത് സർക്കാരിന്റെ നിയന്ത്രണാധികാരത്തെ പരിമിതപ്പെടുത്തുന്നു. പ്രാധാന്യമുള്ള എല്ലാ വിഷയങ്ങളിലും കോടതി നിർദ്ദേശം നൽകുവാൻ സർക്കാരിന് കഴിയണം. ഇതിലേയ്ക്കുവേണ്ടിയാണ് പ്രസ്തുത വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

92-ാം വകുപ്പിന്റെ ഭേദഗതി: തുറമുഖപരിധി (പോർട്ട് ലിമിറ്റ്) നിശ്ചയിക്കുവാനുള്ള അധികാരം ബോർഡിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നത്. അതുകൊണ്ട് ഇതിലേയ്ക്കായി സർക്കാരിന്റെയും അനുമതി ആവശ്യമാണ്. അതുകൊണ്ടാണ് പ്രധാന ആക്ടിലെ 92-ാം വകുപ്പിൽ 'സംസ്ഥാന സർക്കാരുമായും ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായും' എന്ന് ഭേദഗതി ചെയ്യാൻ തീരുമാനിച്ചത്.

വളരെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങളാണ് അംഗങ്ങൾ സമർപ്പിച്ചിട്ടുള്ളത്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെക്കുറിച്ചാണ് ശ്രീമതി ഉമ തോമസ് സൂചിപ്പിച്ചത്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നേരത്തെ ലഭിച്ചിരുന്ന അതേ രീതിയിൽ നൽകാനുള്ള സംവിധാനം ഈ വകുപ്പിലുണ്ട്. ഭരണ സൗകര്യത്തിനുവേണ്ടിയാണ് ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്തേയ്ക്ക് മാറ്റുന്നതെന്ന് നേരത്തെ പറഞ്ഞിരുന്നു. തൂത്തുക്കുടി, മംഗലാപുരം പോലുള്ള സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് ശ്രീ. എച്ച്. സലാം സൂചിപ്പിച്ചത് തികച്ചും സ്വാഗതാർഹമാണ്. ആലപ്പുഴ തുറമുഖത്തെ പഴയകാല പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരണമെന്ന ആവശ്യവും ഉന്നയിക്കുകയുണ്ടായി. കേരളത്തിലെ എല്ലാ തുറമുഖങ്ങളേയും വികസിപ്പിക്കാനാണ് മാരിടൈം ബോർഡ് ലക്ഷ്യമിടുന്നത്. കണ്ടെയ്നർ ലോറികൾ റോഡുകളിൽ വലിയ തോതിൽ പ്രശ്നം സൃഷ്ടിക്കുന്നുണ്ടെന്ന് ശ്രീമതി യു. പ്രതിഭ സൂചിപ്പിച്ചു. തികച്ചും ആ ലക്ഷ്യ പൂർത്തീകരണത്തിന് വേണ്ടിയായിരുന്നു കണ്ടെയ്നറുകൾ കൂടുതൽ ഉൾക്കൊള്ളാൻ സാധിക്കുന്ന കപ്പൽ സർവ്വീസ് ആരംഭിച്ചത്. ഉദ്ദേശിച്ചതുപോലെ കമ്പനിക്ക് റിട്ടേൺ ചരക്കുകളുടെ ലഭ്യത കുറഞ്ഞ കാരണത്താൽ അവർക്ക് കൂടുതൽ ലാഭമുള്ള ചില സെക്ടറുകളിലേയ്ക്ക് മാറുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടുമാത്രമല്ല അതിന്റെ പ്രവർത്തനം നിർത്തിയത്. കപ്പൽ സർവ്വീസ് പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി കപ്പൽ കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ട്. അടുത്തുതന്നെ സർവ്വീസ് പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴയിലെ ടൂറിസം സാധ്യതകളെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ടൂറിസം മേഖലയിൽ നേട്ടമുണ്ടാക്കാൻ ജലഗതാഗതം പരിപോഷിപ്പിക്കുന്നതിലൂടെ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. എൻ. ഷംസുദ്ദീൻ J M Baxi Group-ന്റെ കപ്പൽ സർവ്വീസ് നിർത്തലാക്കിയതിനെക്കുറിച്ച് പറഞ്ഞു. എന്നാൽ അതിലൂടെ അവർക്കാണ് നഷ്ടമുണ്ടായത്. ഗവൺമെന്റ് നേരത്തെ ഓഫർ ചെയ്ത ഇൻസെൻറ്റീവുകളെല്ലാം കൃത്യമായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാനാഗ്രഹിക്കുന്നു. ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകിയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. ഇടക്കാലത്ത് മാരിടൈം ബോർഡിന്റെ ഫണ്ട് ഉപയോഗിക്കേണ്ടതുണ്ടോയെന്നും അല്ലെങ്കിൽ അത്

ഗവൺമെന്റ് നേരിട്ട് കൊടുക്കേണ്ടതുണ്ടോയെന്നുമുള്ള ആശയക്കുഴപ്പമുണ്ടായപ്പോൾ ഒരാഴ്ച കൊണ്ട് പ്രശ്നം പരിഹരിക്കാൻ സാധിച്ചുവെന്നു മാത്രമല്ല, ഉദ്യോഗസ്ഥർക്ക് പരിപൂർണ്ണമായും ശമ്പളം നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ല കപ്പൽ തൊഴിലാളികൾ കൂടുതലുള്ള നാടാണെന്ന് ശ്രീ. എ. കെ. എം. അഷ്റഫും ശ്രീ. എൻ. എ. നെല്ലിക്കുന്നും സൂചിപ്പിച്ചത് ശരിയാണ്. ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുതന്നെയാണ് കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കൂടുതൽ കാര്യങ്ങൾ ചെയ്യാൻകഴിയുമോയെന്ന് ഭാവിയിൽ പരിശോധിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ് ക്രൂ ചെയിഞ്ചിംഗ് പുനരാരംഭിക്കുന്നതിനെക്കുറിച്ചാണ് സൂചിപ്പിച്ചത്. കോവിഡുമായി ബന്ധപ്പെട്ട് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ക്രൂ ചെയിഞ്ചിംഗ് അനുവദിക്കപ്പെടാത്ത പ്രത്യേക സാഹചര്യത്തിലാണ് ആ സാഹചര്യം മുതലെടുത്ത് കേരളത്തിലെ വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചെയിഞ്ചിംഗ് ആരംഭിച്ചത്. അതു വലിയ വിജയമാകുകയും വൻതോതിൽ വരുമാനം നേടുന്നതിന് സഹായകരമാകുകയും ചെയ്തു. അത് തുടർച്ചയായി കൊണ്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിച്ചത്. പക്ഷേ കോവിഡ് പ്രോട്ടോകോളുമായി ബന്ധപ്പെട്ട് പല പ്രവർത്തനങ്ങളും പിൻവലിക്കേണ്ടി വന്നതിന്റെകൂട്ടത്തിൽ കേന്ദ്ര ഗവൺമെന്റ് ക്രൂ ചെയിഞ്ചിംഗിനുള്ള അനുവാദംകൂടി പിൻവലിക്കുകയാണ് ചെയ്തത്. ബഹു. കേന്ദ്ര മന്ത്രിയുമായും വിവിധ വകുപ്പുകളുമായും കത്തിലൂടെയും മെയിൽ സന്ദേശത്തിലൂടെയും ഇത് പുനരാരംഭിക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടുകൊണ്ട് പലപ്പോഴായി ബന്ധപ്പെട്ടിട്ടുണ്ട്. ചില നിർദ്ദേശങ്ങൾ പരിഗണിക്കാമെന്ന് സൂചിപ്പിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്ന് കത്തുകളും ലഭിച്ചിട്ടുണ്ട്. അടുത്തുതന്നെ അക്കാര്യത്തിൽ പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിനായി ഒരുമിച്ചുനിന്നുകൊണ്ട് ശ്രമം നടത്തുന്നതിനായി എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുകയാണ്. 2017-ലെ കേരള മാരിടൈം ബോർഡ് നിലവിൽ വന്നെങ്കിലും അതിലെ നിയമത്തിലെ പോരായ്മകൾ കാരണം ലക്ഷ്യം വച്ച രൂപത്തിൽ പ്രവർത്തിക്കാൻ കഴിഞ്ഞില്ലെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ പറയുകയുണ്ടായി. ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുതന്നെയാണ് ഗവൺമെന്റ് ഇത്തരത്തിൽ ഭേദഗതികൾ കൊണ്ടുവന്നിരിക്കുന്നത്. ബഹു. അംഗങ്ങൾ ഉന്നയിച്ച നിർദ്ദേശങ്ങളെല്ലാം സർക്കാർ പരിഗണിക്കുകയും ആവശ്യമായ ഭേദഗതികൾ കൊണ്ടുവരുന്നതുമാണ്. ഇപ്പോൾ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച നിലയിൽ ഈ ബിൽ പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

3.00 P. M.]

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ശ്രീ. എച്ച്. സലാം, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എച്ച്. സലാം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എച്ച്. സലാം അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ ........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ .............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2-ൽ " ആക്റ്റിന്റെ" എന്നതിന് പകരം "ആക്റ്റിലെ" എന്ന് ചേർക്കുക.

176. ഖണ്ഡം 2(1) താഴെപ്പറയും പ്രകാരം മാറ്റുക:-

"(3) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്തും മേഖലാ ഓഫീസ് കൊച്ചിയിൽ ആയിരിക്കുന്നതുമാണ്."

179. പ്രധാന ആക്റ്റിലെ 3(4)(i)-ൽ "പരിജ്ഞാനമുള്ള ഒരാൾ" എന്നതിന് പകരം "പരിജ്ഞാനമുള്ളയാൾ" എന്ന് ചേർക്കുക.

212. ഖണ്ഡം 2(2)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(i) താഴെപ്പറയും പ്രകാരം മാറ്റുക.

"(i) ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം ഷിപ്പിംഗിലും മാരിടൈം നിയമത്തിലും പരിജ്ഞാനമുള്ള ഒരാൾ ആയിരിക്കേണ്ടതുമാണ്."

219. ഖണ്ഡം 2(2)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 3(4)(ii)-ൽ "സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിനുപകരം "'ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

161. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (3) ൽ " തിരുവനന്തപുരത്ത്" എന്നതിന് പകരം " തിരുവനന്തപുരം" എന്ന് ചേർക്കുക.

164. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ഒരു" എന്നത് ഒഴിവാക്കുക.

188. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " ചെയ്യേണ്ടതും" എന്നതിന് പകരം "ചെയ്ത് നിയമിക്കേണ്ടതും" എന്ന് ചേർക്കുക.

202. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "വൻകിട തുറമുഖങ്ങളിലോ" എന്നത് ഒഴിവാക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

165. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "ഒരു റീജിയണൽ ആഫീസ് കൊച്ചിയിൽ" എന്നതിനു പകരം "കൊച്ചിയിലും കോഴിക്കോട്ടും റീജിയണൽ ഓഫീസുകൾ ഉണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

206. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " വൻകിട തുറമുഖങ്ങളിലോ മാരിടൈം

ബോർഡുകളിലോ എക്സിക്യൂട്ടീവ് ചെയർപേഴ്സൺ/മാനേജിംഗ് ഡയറക്ടർ/വകുപ്പ് അദ്ധ്യക്ഷൻ എന്ന നിലയിൽ" എന്നതിന് പകരം "തുറമുഖ കാര്യങ്ങളിൽ" എന്ന് ചേർക്കുക.

213. ഖണ്ഡം 2(2)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(i) താഴെപ്പറയും പ്രകാരം മാറ്റുക.

" (i) ചെയർമാനെ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അദ്ദേഹം സംസ്ഥാന സർക്കാരിൽ പ്രിൻസിപ്പൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ആളോ ആയിരിക്കേണ്ടതാണ്."

218. ഖണ്ഡം 2(2)(ബി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ii)-ൽ "സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്നതിന് പകരം "സംസ്ഥാന സർക്കാരിൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

171. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "റീജിയണൽ" എന്നതിനു പകരം "മേഖലാ" എന്ന് ചേർക്കുക.

199. ഖണ്ഡം 2(2)(എ) പ്രകാരം ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "ആയതോ ആയിരുന്നതോ" എന്നത് ഒഴിവാക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

173. ഖണ്ഡം 2(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(3)-ൽ "കൊച്ചിയിൽ" എന്നതിനു പകരം "വീതം കൊച്ചിയിലും കോഴിക്കോട്ടും" എന്ന് ചേർക്കുക.

178. ഖണ്ഡം 2(2)(എ) ഒഴിവാക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

177. ഖണ്ഡം 2(2) നീക്കം ചെയ്യുക.

214. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i) ചുവടെപ്പറയും പ്രകാരം മാറ്റുക.

"(i) പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാതെ അഖിലേന്ത്യാ സർവ്വീസിൽ ഉള്ളതോ ആയിരുന്നതോ ആയ ഒരാളെയോ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അധീനതയിലുള്ള വൻകിട തുറമുഖങ്ങളിലോ മാരിടൈം ബോർഡുകളിലോ എക്സിക്യൂട്ടീവ് ചെയർപേഴ്സൺ, മാനേജിംഗ് ഡയറക്ടർ, വകുപ്പദ്ധ്യക്ഷൻ എന്നീ നിലകളിൽ ഏതെങ്കിലും ഒന്നിൽ ഭരണ പരിചയമുള്ളയാളെയോ ചെയർമാനായി സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്."

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

180. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "ചെയർമാനെ" എന്നതിന് മുൻപായി "ബോർഡിന്റെ" എന്ന് ചേർക്കുക.

193. ഖണ്ഡം 2 (2) (എ) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(4)(i) ൽ "സർവ്വീസിലെ ഒരു ഉദ്യോഗസ്ഥൻ ആയതോ ആയിരുന്നതോ ആയ ഒരാളോ" എന്നതിന് പകരം "സർവീസിൽ ആയതോ ആയിരുന്നതോ ആയ ഒരു ഉദ്യോഗസ്ഥനോ" എന്ന് ചേർക്കുക.

201. ഖണ്ഡം 2(2)(എ) പ്രകാരം ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ

(i) " പൊതുമേഖലയിലോ" എന്നതിന് പകരം "തുറമുഖവുമായി ബന്ധപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങളിലോ" എന്ന് ചേർക്കുക.

(ii) "പൊതുമേഖലയിലെ" എന്നതിന് ശേഷം "രാജ്യത്തെ മറ്റേതെങ്കിലും" എന്ന് ചേർക്കുക.

207. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " മാരിടൈം ബോർഡുകളിലോ" എന്നതിന് ശേഷം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

181. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "ചെയർമാനെ" എന്നതിന് പകരം "ചെയർപേഴ്സണെ" എന്ന് ചേർക്കുക.

183. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ "സംസ്ഥാന" എന്ന വാക്ക് ഒഴിവാക്കുക.

208. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " എന്ന നിലയിൽ" എന്നതിന് പകരം "എന്നീ ഏതെങ്കിലും നിലയിൽ" എന്ന് ചേർക്കുക.

224. ഖണ്ഡം 2(2)(ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 3(4)(ii)-ൽ "കുറയാത്ത" എന്നതിനു പകരം " താഴെയല്ലാത്ത" എന്ന് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

194. ഖണ്ഡം 2 (2) (എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(4) (i) ൽ "സർവീസിലെ" എന്നതിനുശേഷം "പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത" എന്ന് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210. ഖണ്ഡം 2(2)(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3(4)(i)-ൽ " ഭരണപരിചയമുള്ള" എന്നതിന് പകരം "ഭരണപരിചയം ഉള്ളതും ഷിപ്പിങ്ങിലും മാരിടൈം നിയമത്തിലും പരിജ്ഞാനം ഉള്ളതുമായ" എന്ന് ചേർക്കുക.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

225. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(iii) താഴെപ്പറയും പ്രകാരം മാറ്റി ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

(iii) ഗവൺമെന്റ് സെക്രട്ടറി (തുറമുഖ വകുപ്പ്)എക്സ് ഒഫീഷ്യോ അംഗം

(iv) ഗവൺമെന്റ് സെക്രട്ടറി (മത്സ്യബന്ധന വകുപ്പ്) എക്സ് ഒഫീഷ്യോ അംഗം.

ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

226. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(vi) താഴെപ്പറയുന്ന പ്രകാരം മാറ്റി ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

"(vi) കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന്റെ പ്രതിനിധി : എക്സ് ഒഫീഷ്യോ അംഗം"

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

228. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) താഴെപ്പറയും പ്രകാരം മാറ്റുക.

" (ix)സംസ്ഥാന സർക്കാർ നാമനിർദ്ദേശം : അംഗങ്ങൾ.

ചെയ്യുന്ന നാല് അംഗങ്ങൾ

കുറിപ്പ് : ഇവരിൽ ഒരാൾ ചെറുകിട തുറമുഖ മേഖലയിൽ നിന്നുള്ള തൊഴിലാളി പ്രതിനിധി ആയിരിക്കേണ്ടതാണ്."

229. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) താഴെപ്പറയും പ്രകാരം മാറ്റുക.

" (ix) സംസ്ഥാന സർക്കാർ നാമനിർദ്ദേശം: അംഗങ്ങൾ.

ചെയ്യുന്ന ഷിപ്പിങ്ങിലും മാരിടൈം നിയമത്തിലും പരിജ്ഞാനം ഉള്ള നാല് അംഗങ്ങൾ

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

230. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) താഴെപ്പറയും പ്രകാരം മാറ്റുക.

" (ix) സംസ്ഥാന സർക്കാർ നാമനിർദ്ദേശം: അംഗങ്ങൾ.

ചെയ്യുന്ന ഷിപ്പിങ്ങിലും മാരിടൈം നിയമത്തിലും പരിജ്ഞാനം ഉള്ള അഞ്ച് അംഗങ്ങൾ"

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

232. പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) താഴെപ്പറയും പ്രകാരം മാറ്റുക.

" (ix) സംസ്ഥാന സർക്കാർ : അംഗങ്ങൾ.

നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ

കുറിപ്പ് : ഇവരിൽ ഒരാൾ ചെറുകിട തുറമുഖ മേഖലയിൽ നിന്നുള്ള തൊഴിലാളി പ്രതിനിധി ആയിരിക്കേണ്ടതാണ് "

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

233. ഖണ്ഡം 2(2)(സി) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(x)-ൽ "ഓഫീസർ" എന്നതിന് പകരം "ആഫീസർ" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

236. ഖണ്ഡം 2 (3) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 (5) ൽ "മൂന്ന് " എന്നതിന് പകരം "നാല് " എന്ന് ചേർക്കുക.

മി. സ്പീക്കർ: 158-ാം നമ്പർ ഭേദഗതി 157-ാം നമ്പർ ഭേദഗതിക്കും 162, 163 എന്നീ നമ്പർ ഭേദഗതികൾ 161-ാം നമ്പർ ഭേദഗതിക്കും 182-ാം നമ്പർ ഭേദഗതി 183-ാം നമ്പർ ഭേദഗതിക്കും 184 മുതൽ 187 വരെയുള്ള ഭേദഗതികൾ 188-ാം നമ്പർ ഭേദഗതിക്കും 203 മുതൽ 205 വരെയുള്ള ഭേദഗതികൾ 206-ാം നമ്പർ ഭേദഗതിക്കും 231-ാം നമ്പർ ഭേദഗതി 228-ാം നമ്പർ ഭേദഗതിക്കും 237 മുതൽ 241 വരെയുള്ള ഭേദഗതികൾ 236-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 172-ാം നമ്പർ ഭേദഗതി 171-ാം നമ്പർ ഭേദഗതിയിൽ അടങ്ങുന്നതിനാലും അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതിയിൽ, പ്രധാന ആക്റ്റിലെ വകുപ്പ് 3(4)(ix) പ്രകാരം നാല് അംഗങ്ങളെ നിയമിക്കാമെന്നാണ് പറയുന്നത്. അതിൽ പരിജ്ഞാനമുള്ളവരെ നിയമിക്കുകയില്ലെന്ന വാശി വയ്ക്കേണ്ട കാര്യമില്ല; ആരെ വേണമെങ്കിലും നിയമിച്ചോളൂ. പക്ഷെ അത് ഗവൺമെന്റിന്റെ തീരുമാനപ്രകാരമായിരിക്കണം. ഇന്നരൂപത്തിൽ വേണമെന്ന് പറയുന്നില്ല. പക്ഷേ ഒരു നിബന്ധന മാത്രമെയുള്ളൂ, ഈ നിയമത്തെക്കുറിച്ച് പരിജ്ഞാനമുള്ള നാലുപേരെ നിയമിക്കണം. അത് അംഗീകരിക്കുന്നതിന് എന്ത് തടസ്സമാണുള്ളത്?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, മാരിടൈം ബോർഡിൽത്തന്നെ പരിജ്ഞാനമുള്ളവരുണ്ട്. അതുകൊണ്ടാണ് അതിനെക്കുറിച്ച് പ്രത്യേകം പരാമർശിക്കാത്തത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 171-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 157, 176, 179, 212, 219 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 161, 164, 188, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 165, 206, 213, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 173, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 177, 214 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 180, 193, 201, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 181, 183, 208, 224 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 228, 229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

245. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ " സർക്കാരിന്" എന്നതിന് ശേഷം ","എന്ന ചിഹ്നം ചേർക്കുക.

255. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8 -ൽ " ബോർഡിന് " എന്നതിന് ശേഷം " ," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

247. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ, " സ്വമേധയോ " എന്നതിന് പകരം " സ്വന്തം താൽപര്യം പ്രകാരമോ " എന്ന് ചേർക്കുക.

250. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ " ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടു കൂടിയോ" എന്നതിന് പകരം "ബോർഡിന്റെ തീരുമാനപ്രകാരം" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

256. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ " മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയോ" എന്നതിന് പകരം " മുൻകൂട്ടിയുള്ള അനുമതിയോടും അംഗീകാരത്തോടുകൂടിയും" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

257. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8-ൽ " മുൻകൂട്ടിയുള്ള" എന്നതിന് പകരം " മുൻകൂർ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 243-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 246-ാം നമ്പർ ഭേദഗതി 245-ാം നമ്പർ ഭേദഗതിക്കും 249, 251, 252 എന്നീ നമ്പർ ഭേദഗതികൾ 250-ാം നമ്പർ ഭേദഗതിക്കും 253, 254 എന്നീ നമ്പർ ഭേദഗതികൾ 255-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 245, 255 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 247, 250 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

260. പ്രധാന ആക്റ്റിലെ വകുപ്പ് 9(1)ൽ "ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെയും" എന്നതിന് പകരം "ബോർഡിന്റെ സെക്രട്ടറിയുടെയും" എന്ന് ചേർക്കുക.

261. പ്രധാന ആക്റ്റിലെ വകുപ്പ് 9(2)-ൽ "ആഫീസർ," എന്ന വാക്കിനും ചിഹ്നത്തിനും പകരം "ആഫീസർ ബോർഡിന്റെ സെക്രട്ടറി എന്ന നിലയിൽ " എന്നത് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

263. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)ൽ "സർക്കാരിന്റെ താല്പര്യങ്ങൾക്ക് അനുസരിച്ചാണ് ബോർഡ് പ്രവർത്തിക്കുന്നതെന്നും" എന്നതിന് പകരം "ബോർഡ് " എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

266. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)ൽ "താൽപര്യങ്ങൾക്കനുസരിച്ചാണ്" എന്നതിന് പകരം "നിർദ്ദേശപ്രകാരമാണ് " എന്ന് ചേർക്കുക.

276. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "സാമ്പത്തികമായ കരുതലുകൾ" എന്നതിന് പകരം "സാമ്പത്തിക മര്യാദകൾ" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

271. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "താല്പര്യങ്ങൾക്കനുസരിച്ചാണ്" എന്നതിനു പകരം "മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ്" എന്ന് ചേർക്കുക.

288. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ " എല്ലാ" എന്നതിന് ശേഷം "ഭരണപരമായ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "താല്പര്യങ്ങൾക്കനുസരിച്ചാണ്" എന്നതിനു പകരം "ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

273. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "താല്പര്യങ്ങൾക്കനുസരിച്ചാണ്" എന്നതിന് പകരം "ഉത്തമ താല്പര്യങ്ങൾക്കനുസരിച്ചാണ്" എന്ന് ചേർക്കുക.

286. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ " കരുതലുകൾ ഉൾപ്പെടെ" എന്നതിന് ശേഷം "സർക്കാർ അനുശാസിക്കുന്ന" എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

274. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "സാമ്പത്തികമായ" എന്നതിന് പകരം "സാമ്പത്തിക" എന്ന് ചേർക്കുക.

291. ഖണ്ഡം (4) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "നടപടിക്രമങ്ങളും" എന്നതിന് ശേഷം "ബോർഡ്" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

275. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "സാമ്പത്തികമായ" എന്നതിനുപകരം "സാമ്പത്തികപരമായ" എന്ന് ചേർക്കുക.

285. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ " കരുതലുകൾ" എന്നതിന് പകരം "കരുതൽ നടപടികൾ" എന്ന് ചേർക്കുക.

294. ഖണ്ഡം (4) പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "നടപടിക്രമങ്ങളും" എന്നതിന് ശേഷം "കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും" എന്ന് ചേർക്കുക.

295. ഖണ്ഡം (4) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "ഉറപ്പുവരുത്തേണ്ടതാണ്" എന്നതിന് പകരം "ഉറപ്പു വരുത്തേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

280. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "സാമ്പത്തികമായ കരുതലുകൾ" എന്നതിന് പകരം "സാമ്പത്തിക അച്ചടക്കം" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

292. ഖണ്ഡം (4) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(2)-ൽ "നടപടിക്രമങ്ങളും" എന്നതിനുശേഷം "നിർദ്ദേശങ്ങളും" എന്ന് ചേർക്കുക.

മി. സ്പീക്കർ: 262-ാം നമ്പർ ഭേദഗതി ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 267 മുതൽ 269 വരെയുള്ള ഭേദഗതികൾ 266-ാം നമ്പർ ഭേദഗതിക്കും 277 മുതൽ 279 വരെയുള്ള ഭേദഗതികൾ 276-ാം നമ്പർ ഭേദഗതിക്കും 281 മുതൽ 283 വരെയുള്ള ഭേദഗതികൾ 280-ാം നമ്പർ ഭേദഗതിക്കും 287, 289, 290 എന്നീ നമ്പർ ഭേദഗതികൾ 288-ാം നമ്പർ ഭേദഗതിക്കും 293-ാം നമ്പർ ഭേദഗതി 294-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 260, 261 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 266, 276 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 271, 288 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 272-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 273, 286 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 274, 291 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 275, 285, 294, 295 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 280-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 292-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിൽ വകുപ്പ് 13(1) ൽ "ഉത്തരവ് " എന്നതിന് പകരം "മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ്" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

301. ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 13(1) താഴെ പറയുന്ന പ്രകാരം മാറ്റുക.

" (1) ഷിപ്പിങ്ങിലും മാരിടൈം നിയമത്തിലും പരിജ്ഞാനമോ ഭരണപരിചയമോ ഉള്ളതും അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്തതുമായ ഒരു

ഉദ്യോഗസ്ഥനെ സർക്കാരിന് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറായി നിയമിക്കാവുന്നതാണ്."

മി. സ്പീക്കർ: 298, 299 എന്നീ നമ്പർ ഭേദഗതികൾ ഖണ്ഡം നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## ആറാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

302. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ " നിലവിലുള്ള" എന്നതിന് മുമ്പായി "സംസ്ഥാനത്ത്" എന്ന വാക്ക് ചേർക്കുക.

303. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ " നിലവിലുള്ള" എന്നതിന് ശേഷം"എല്ലാ" എന്ന വാക്ക് ചേർക്കുക.

305. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ " ചട്ടങ്ങളും" എന്നതിന് ശേഷം "നടപടിക്രമങ്ങളും" എന്ന വാക്ക് ചേർക്കുക.

308. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ " പാലിച്ചുകൊണ്ട്" എന്നതിന് പകരം "പാലിച്ച്" എന്ന വാക്ക് ചേർക്കുക.

316. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "സാമ്പത്തിക അച്ചടക്കം" എന്ന് ചേർക്കുക.

333. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (1 എ)-ൽ "കർത്തവ്യമാണ്" എന്നതിന് പകരം "കർത്തവ്യമായിരിക്കുന്നതാണ് " എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

319. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "സാമ്പത്തിക കരുതലുകൾ" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

323. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിനുപകരം "സാമ്പത്തിക ഉത്തരവാദിത്തം" എന്നു ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

324. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "കണക്കുകളുടെ കൃത്യത" എന്നത് ചേർക്കുക.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

326. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14(1 എ)-ൽ "സാമ്പത്തികമര്യാദ" എന്നതിന് പകരം "സാമ്പത്തിക അച്ചടക്കവും സുതാര്യതയും" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

327.ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 14 (1 എ) ൽ "സാമ്പത്തിക മര്യാദ ഉറപ്പു വരുത്തുക " എന്നതിന് പകരം "സാമ്പത്തിക അടച്ചടക്കവും, സുതാര്യതയും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: 304-ാം നമ്പർ ഭേദഗതി 305-ാം നമ്പർ ഭേദഗതിക്കും 310 മുതൽ 315 വരെയുള്ള ഭേദഗതികളും 317, 318 എന്നീ നമ്പർ ഭേദഗതികളും 316-ാം നമ്പർ ഭേദഗതിക്കും 320 മുതൽ 322 വരെയുള്ള ഭേദഗതികൾ 319-ാം നമ്പർ ഭേദഗതിക്കും 334-ാം നമ്പർ ഭേദഗതി 333-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 316-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 302, 303, 305, 308, 333 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 319-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഏഴാം വകുപ്പ്</u>

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

> 7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 17-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "പ്രസ്തുത തസ്തികകൾ" എന്ന വാക്കുകൾക്ക് പകരം "ആ തസ്തികകളുടെ എൻട്രി കേഡർ" എന്ന് ചേർക്കണം.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

336. ഖണ്ഡം 7-ൽ " ഇനിപ്പറയുന്ന " എന്നതിന് പകരം "താഴെപ്പറയുന്ന" എന്ന് ചേർക്കുക.

340. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " നിശ്ചയിക്കപ്പെട്ട " എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്ന് ചേർക്കുക.

370. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(2)-ൽ "തടയുന്നതല്ല" എന്നതിന് പകരം "തടസ്സപ്പെടുത്തുന്നതല്ല" എന്ന് ചേർക്കുക.

384. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "സർക്കാർ" എന്ന വാക്ക് ഒഴിവാക്കുക.

386. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "മേൽനോട്ടവും" എന്നതിന് പകരം "നിയന്ത്രണവും" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

341. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്17(1)-ൽ" നിശ്ചയിക്കപ്പെട്ട" എന്നതിന് പകരം "നിശ്ചയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

342. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " ദിവസവും അന്നുവരെയും" എന്നതിന് പകരം "തീയതി വരെയും" എന്ന് ചേർക്കുക.

344. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " ഉറമുഖ കാര്യാലയങ്ങളിലും" എന്നതിന് പകരം "കാര്യാലയങ്ങളിലും" എന്ന് ചേർക്കുക.

347. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും" എന്നതിന് പകരം " എല്ലാ ജീവനക്കാരും" എന്ന് ചേർക്കുക.

353. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " അവകാശങ്ങളും" എന്നതിന് ശേഷം " ആനുകൂല്യങ്ങളും" എന്ന് ചേർക്കുക.

371. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ൽ " തുടരുന്ന ജീവനക്കാരെ" എന്നതിന് പകരം " തുടരുന്ന ജീവനക്കാരുടെ സേവനം" എന്ന് ചേർക്കുക.

378. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ൽ " അവരുടെ സേവനം" എന്നത് ഒഴിവാക്കുക.

391. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ " അവർക്ക് മേലുള്ള" എന്ന വാക്കുകൾക്ക് പകരം "അവരുടെ മേൽ" എന്ന വാക്കുകൾ ചേർക്കുക.

409. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "ഈ ആക്റ്റിനും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനുമിടയിൽ" എന്നതിന് പകരം "ഈ ആക്റ്റിനും 2022 -ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ഓർഡിനൻസിനുമിടയിൽ " എന്ന് ചേർക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

345. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " ജോലി നോക്കിയിരുന്ന" എന്നതിന് പകരം "സേവനമനുഷ്ഠിച്ചിരുന്ന" എന്ന് ചേർക്കുക.

382. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 17(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3)(1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാരുടെ സേവനം, പ്രസ്തുത വകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ട അവരുടെ അവകാശങ്ങൾക്ക് ഹാനിവരുത്താത്ത വിധത്തിൽ വിനിയോഗിക്കുന്നതിന് സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ്. "

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

348. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 (1) -ൽ " ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും" എന്നീ വാക്കുകൾക്ക് പകരം " ജീവനക്കാർ" എന്ന് ചേർക്കുക.

364. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 17(2)-ൽ "ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും" എന്നതിന് പകരം "ജീവനക്കാർക്ക്" എന്ന് ചേർക്കുക.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

350. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും" എന്നതിന് പകരം " അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും തുടരാവുന്നതും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റുകാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും" എന്നത് ചേർക്കുക.

400. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4)-ൽ "ബോർഡിന്റെ റെഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ നടത്തേണ്ടതുമാണ്" എന്നതിനുപകരം "ബോർഡിന്റെ റെഗുലേഷൻ പ്രകാരം നിർണ്ണയിക്കപ്പെടുന്ന സേവനവേതന വ്യവസ്ഥകൾ അനുസരിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ടതാണ് " എന്ന് ചേർക്കുക.

410. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "തിരിച്ച് സർക്കാർ ജീവനക്കാരായി" എന്നതിനു ശേഷമുള്ള വാക്കുകൾക്ക് പകരം "മാറ്റുമ്പോൾ അപ്രകാരമുള്ള ജീവനക്കാർക്ക് ഈ ആക്റ്റ് പ്രകാരം ബോർഡിലെ ജീവനക്കാരായി മാറിയില്ലായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ സേവന വേതന ആനുകൂല്യങ്ങളും സീനിയോറിറ്റിയും ഉറപ്പാക്കേണ്ടതും നിലവിൽ അവർക്കു ലഭിച്ചിരിക്കുന്ന യാതൊരു ആനുകൂല്യങ്ങളും നഷ്ടമാകുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ് " എന്ന് ചേർക്കുക.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

351. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " അവകാശങ്ങളും" എന്നതിന് പകരം " അവകാശങ്ങളോടും" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

354. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1)-ൽ " അവരുടെ സ്വപ്രാന്വേഷണോട്ടുകൂടി" എന്നതിന് പകരം " അവർ പെൻഷനാകുന്നതോടു കൂടി" എന്ന് ചേർക്കുക.

387. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "മേൽനോട്ടവും " എന്നതിന് ശേഷം "നിയന്ത്രണവും" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

363. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(1), 17(2), 17(3) എന്നിവയ്ക്ക് പകരം ചുവടെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

"17. (1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നിശ്ചിത തീയതിയിൽ തുറമുഖ ഡയറക്ടറേറ്റിലും തുറമുഖ കാര്യാലയങ്ങളിലും ജോലി നോക്കിയിരുന്ന ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ഐച്ഛികമായി ബോർഡിലെ ജീവനക്കാരായി മാറുകയോ സർക്കാർ ജീവനക്കാരായി തുടരുകയോ ചെയ്യാവുന്നതും ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ അവർക്ക് ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും ആനുകൂല്യങ്ങളും ലഭ്യമാകുന്നതുമാണ്. അവർ വിരമിക്കുന്നമുറയ്ക്ക് അത്തരം തസ്തികകൾ ഇല്ലാതാകുന്നതുമാണ്. സർക്കാർ ജീവനക്കാരായി തുടരുന്ന ജീവനക്കാരുടെ സേവനം അവർക്ക് ലഭ്യമായ അവകാശങ്ങൾക്ക് ഹാനിവരുത്താത്ത വിധത്തിൽ വിനിയോഗിക്കുന്നതിന് സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ്.

എന്നാൽ അപ്രകാരം തുടരുന്ന സർക്കാർ ജീവനക്കാരുടെ മേൽനോട്ടവും അവർക്ക് മേലുള്ള അച്ചടക്ക നടപടികൾക്കുള്ള അധികാരവും ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്."

ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

365. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(2)-ൽ "ഓപ്ഷൻ നൽകി" എന്നതിന് ശേഷം "സ്വമേധയാ' എന്ന് ചേർക്കുക.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

377. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 17(3)-ൽ " ഹാനി വരുത്താത്ത" എന്നതിന് പകരം "ഹാനികരമാകാത്ത" എന്ന് ചേർക്കുക.

401. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4)-ൽ "ബോർഡിന്റെ" എന്നതിന് ശേഷം "/സർക്കാരിന്റെ" എന്ന വാക്കും ചിഹ്നവും ചേർക്കുക.

405. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "ആക്റ്റിനെ തുടർന്ന് " എന്നതിനുശേഷം "അവരുടെ നിലവിലുള്ള സേവന വേതന വ്യവസ്ഥകളിൽ" എന്ന് ചേർക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

385. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "ജീവനക്കാരുടെ" എന്നതിന് ശേഷം "ഭരണപരമായ" എന്ന് ചേർക്കുക.

393. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4)-ൽ " പ്രസ്തുത" എന്നതിനുപകരം "ഇപ്രകാരം ഒഴിവു വരുന്ന" എന്നത് ചേർക്കുക.

404. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "ഈ ആക്റ്റ്" എന്നതിന് പകരം "പ്രധാന ആക്റ്റ്" എന്ന് ചേർക്കുക.

408. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(5)-ൽ "ഈ ആക്റ്റിനും" എന്നതിന് പകരം "പ്രധാന ആക്റ്റിനും" എന്ന് ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

392. ഖണ്ഡം 7(3)-ന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

" എന്നിരുന്നാലും ഒന്നാം മുൻ ക്ലിപ്തനിബന്ധനയിലെ വ്യവസ്ഥപ്രകാരം ബോർഡ് നടപടി സ്വീകരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരന് സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിൻമേൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്."

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

398. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17(4)-ൽ "അപ്രകാരമുള്ള തസ്തികകളിൽ ബോർഡിന്റെ റഗുലേഷനുകൾ പ്രകാരമുള്ള നിയമനങ്ങൾ" എന്നതിനുപകരം "അത്തരം തസ്തികകളിൽ ബോർഡിന്റെ റഗുലേഷൻ പ്രകാരം നിയമനം" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

416. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 17 (5) ചുവടെ പറയും പ്രകാരം മാറ്റുക.

"(5) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് നിശ്ചയിക്കപ്പെട്ട ദിവസം ബോർഡിലെ ജീവനക്കാരായി മാറിയവർക്ക് 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിലാകുന്നതിനെ തുടർന്ന് പദവിയിലോ സീനിയോറിറ്റിയിലോ നഷ്ടമോ സേവന വേതന വ്യവസ്ഥയിൽ ദോഷകരമായ മാറ്റങ്ങളോ കൂടാതെ സർക്കാർ ജീവനക്കാരായി തുടരുന്നതിന് റീ ഓപ്റ്റ് ചെയ്യാവുന്നതാണ്. ഈ ആക്റ്റിനും 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ആക്റ്റിനുമിടയിൽ ബോർഡിലെ ജീവനക്കാരായി മാറിയ ജീവനക്കാരെ തിരിച്ച് സർക്കാർ ജീവനക്കാരായി മാറ്റുന്നതിൽ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം അതിൽ സർക്കാരിന് ഉചിതമായ തീരുമാനമെടുക്കാവുന്നതും സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് ."

മി. സ്പീക്കർ: 346-ാം നമ്പർ ഭേദഗതി 345-ാം നമ്പർ ഭേദഗതിക്കും 355 മുതൽ 357 വരെയുള്ള ഭേദഗതികൾ 354-ാം നമ്പർ ഭേദഗതിക്കും 388 മുതൽ 390 വരെയുള്ള ഭേദഗതികൾ 387-ാം നമ്പർ ഭേദഗതിക്കും 399-ാം നമ്പർ ഭേദഗതി 400-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, എന്റെ വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി ഭേദഗതികളോടെ സ്വീകരിക്കുന്നു. ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയതനുസരിച്ച് ഈ ഭേദഗതി ബില്ലുവഴി ചേർക്കാനുദ്ദേശിക്കുന്ന ക്ലിപ്ത നിബന്ധനയ്ക്കുശേഷം രണ്ടാമത്തെ ക്ലിപ്തനിബന്ധന ആയിട്ടാണ് ചേർക്കേണ്ടത്. എന്നാൽ നിലവിലുള്ള ക്ലിപ്തനിബന്ധനയിൽ അടുത്ത വാചകമായി "ഏതെങ്കിലും ജീവനക്കാരനെതിരെ ബോർഡ് അച്ചടക്ക നടപടി എടുക്കുന്ന സംഗതിയിൽ പ്രസ്തുത ജീവനക്കാരന് സർക്കാരിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും പ്രസ്തുത അപ്പീലിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്." എന്ന് ചേർക്കണം എന്ന ഭേദഗതിയോടെ അംഗീകരിക്കുന്നു.

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച 336-ാം നമ്പർ ഭേദഗതിയും ഭേദഗതിയോടെ സ്വീകരിച്ച 392-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 340, 370, 384, 386 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 341, 342, 344, 347, 353, 371, 378, 391, 409 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 345, 382 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 348, 364 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച 350, 400, 410 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 354, 387 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 365-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 377, 401, 405 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 385, 393, 404, 408 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

418. പ്രധാന ആക്റ്റിലെ വകുപ്പ് 18 താഴെപ്പറയും പ്രകാരം മാറ്റുക:

" 18. പ്രൊവിഡന്റ് ഫണ്ടിലും അതുപോലുള്ള മറ്റു ഫണ്ടുകളിലും ഉള്ള ശേഖരം കൈമാറ്റം ചെയ്യൽ.- 2022-ലെ കേരള മാരിടൈം ബോർഡ് ഭേദഗതി ആക്റ്റ് നിലവിൽ വരുന്നതിനു മുമ്പു വരെ ഈ ആക്റ്റിന്റെ 17-ാം വകുപ്പ് പ്രകാരം ബോർഡിലെ ജീവനക്കാരായി മാറിയ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിലും സൂപ്പർ ആനുവേഷൻ ഫണ്ടുകളിലും അതുപോലുള്ള മറ്റു

ഫണ്ടുകളിലും വരവ് വച്ചിട്ടുള്ള തുക ഏതെങ്കിലും ഉണ്ടെങ്കിൽ ബന്ധപ്പെട്ട അക്കൗണ്ടുകളുടെ വിശദാംശങ്ങൾ സഹിതം സർക്കാരിലേക്ക് കൈമാറേണ്ടതും 2022 ജനുവരി 19 മുതൽ പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട ബാധ്യതകൾ സർക്കാരിന്റെ ബാധ്യതകൾ ആയിരിക്കുന്നതുമാണ്"

മി. സ്പീക്കർ: 417-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 419-ാം നമ്പർ ഭേദഗതി 418-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതി അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒൻപതാം വകുപ്പ്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

421. ഖണ്ഡം 9 (1) (എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90 (1) (എ)-ൽ " ഉത്തരവിൽ " എന്നതിന് മുമ്പായി " സർക്കാർ " എന്ന് ചേർക്കുക.

445. ഖണ്ഡം 9(2) (എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 90(2) (ബി)-ൽ " സർക്കാർ നിയമിക്കുന്ന" എന്നത് ഒഴിവാക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

425. ഖണ്ഡം 9(1)(എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90(1)(എ)-ൽ " ഉത്തരവിൽ പറയുന്ന കാരണങ്ങളാൽ" എന്നതിന് പകരം "ഗൗരവമേറിയ അടിയന്തരഘട്ടമെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിൽ ബന്ധപ്പെട്ട സർക്കാർ ഏജൻസികൾ/ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന വസ്തുതാ വിവര റിപ്പോർട്ടുകളുടെയോ ഓഡിറ്റ് റിപ്പോർട്ടുകളുടെയോ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന കാര്യകാരണങ്ങളാൽ" എന്നത് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

427. 9(1)(ബി പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 90(1)(ബി)-ൽ " വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന കാലയളവിലേക്ക്" എന്നതിനു ശേഷം "/മൂന്ന് മാസത്തിൽ കവിയാത്ത" എന്നത് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

431. ഖണ്ഡം 9(1)(ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90(1)(ബി)-ൽ " വിനിർദ്ദേശിക്കാവുന്ന" എന്നതിന് ശേഷം " ആറു മാസത്തിൽ കവിയാത്ത" എന്നത് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

434. ഖണ്ഡം 9 (1) (ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90 (1) (ബി) -ൽ " വിനിർദ്ദേശിക്കാവുന്ന" എന്നതിന് ശേഷം " ഒരു വർഷത്തിൽ അധികരിക്കാത്ത" എന്ന് ചേർക്കുക.

454. പ്രധാന ആക്റ്റിലെ വകുപ്പ് 90(3)-ൽ "അതിലംഘനത്തിനുള്ള" എന്നതിന് പകരം "അഡ്മിനിസ്ട്രേറ്ററുടെ" എന്നത് ചേർക്കുക.

455. പ്രധാന ആക്റ്റിലെ വകുപ്പ് 90(3)(എ)-ൽ "അതിലംഘനത്തിനുള്ള" എന്ന വാക്കിന് പകരം "അഡ്മിനിസ്ട്രേറ്ററുടെ" എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

439. ഖണ്ഡം 9(1)(ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90(1)(ബി)-ൽ " ഈ ആക്റ്റിൻകീഴിൽ" എന്നതിന് പകരം " പ്രധാന ആക്റ്റിൻകീഴിൽ" എന്ന് ചേർക്കുക.

446. ഖണ്ഡം 9(2) (എ) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 90(2) (ബി)-ൽ " സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ" എന്നതിന് പകരം " (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർ" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

441. ഖണ്ഡം 9(1)(സി) ഒഴിവാക്കുക.

ശ്രീ. കെ. ജെ. മാക്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

451. പ്രധാന ആക്റ്റിലെ വകുപ്പ് 90(2)(സി)-ൽ "സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതാണ്" എന്നതിന് പകരം "അഡ്മിനിസ്ട്രേറ്റർക്ക് നിയമാനുസൃതം കൈകാര്യം ചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

462. ഖണ്ഡം 9(3)(ബി) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 90(3)(സി)യുടെ ക്ലിപ്തനിബന്ധനയിൽ "ഈ" എന്നതിനുപകരം " 3-ാം " എന്ന് ചേർക്കുക.

മി. സ്പീക്കർ: 422 മുതൽ 424 വരെയുള്ള ഭേദഗതികൾ 421-ാം നമ്പർ ഭേദഗതിക്കും 432-ാം നമ്പർ ഭേദഗതി 431-ാം നമ്പർ ഭേദഗതിക്കും 442 മുതൽ 444 വരെയുള്ള ഭേദഗതികൾ 445-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 421, 445 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 425-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 427-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 431-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 434, 454, 455 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 439, 446 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 441-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ജെ. മാക്സി അവതരിപ്പിച്ച 451-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 462-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പത്താം വകുപ്പ്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

464. ഖണ്ഡം 10(1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91(1)-ൽ " പ്രാധാന്യമുള്ള" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

465. ഖണ്ഡം 10(1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 91(1)-ൽ " കാര്യങ്ങൾ" എന്ന വാക്കിന് പകരം " വിഷയങ്ങൾ" എന്ന വാക്ക് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

469. ഖണ്ഡം 10(1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 91(1)-ൽ " കാര്യങ്ങൾ" എന്നതിന് പകരം "സംഗതികൾ" എന്ന് ചേർക്കുക.

476. ഖണ്ഡം 10(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 91(2)-ൽ "കാര്യമാണോ" എന്നതിന് പകരം "സംഗതിയാണോ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

471. ഖണ്ഡം 10(1) (എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 91 (1)-ൽ "നയപരമായ" എന്ന വാക്ക് ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

472. ഖണ്ഡം 10(1)(എ) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 91(1)-ൽ " നയപരമായ" എന്നതിന് പകരം "പ്രാധാന്യമുള്ള കാര്യങ്ങൾ സംബന്ധിച്ച" എന്നത് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

477. ഖണ്ഡം 10(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 91(2)-ൽ "കാര്യമാണോ" എന്നതിന് പകരം "വിഷയമാണോ" എന്ന് ചേർക്കുക.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

481. ഖണ്ഡം 10(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 91(2) താഴെപ്പറയുന്ന പ്രകാരം മാറ്റുക:

" (2)-ാം ഉപവകുപ്പ് പ്രകാരം ഒരു നിർദ്ദേശം നൽകുന്നത് സംബന്ധിച്ച കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്."

മി. സ്പീക്കർ: 466, 467, 468 എന്നീ നമ്പർ ഭേദഗതികൾ 465-ാം നമ്പർ ഭേദഗതിക്കും 478 മുതൽ 480 വരെയുള്ള ഭേദഗതികൾ 477-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 464-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 469, 476 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 471-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 472-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 477-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 481-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പതിനൊന്നാം വകുപ്പ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

482. ഖണ്ഡം 11 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 92-ൽ "സംസ്ഥാന സർക്കാരുമായും" എന്നതിന് പകരം" സംസ്ഥാന സർക്കാരിന്റെ തുറമുഖ വകുപ്പുമായും" എന്ന് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

483. ഖണ്ഡം 11 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 92-ൽ " സംസ്ഥാന സർക്കാരുമായും ഭാരത സർക്കാരിന്റെ ഷിപ്പിംഗ് മന്ത്രാലയവുമായും" എന്നതിന് പകരം " കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

487. ഖണ്ഡം 11 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 92-ൽ “ ഷിപ്പിംഗ്" എന്നതിന് പകരം "തുറമുഖ, ഷിപ്പിംഗ്, ജലപാത" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

488. പ്രധാന ആക്റ്റിലെ വകുപ്പ് 92-ൽ “ തയ്യാറാക്കാവുന്നതാണ്" എന്നതിന് പകരം "തയ്യാറാക്കേണ്ടതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 484 മുതൽ 486 വരെയുള്ള ഭേദഗതികൾ 483-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 487-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 488-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

489. ഖണ്ഡം 12-ൽ " പ്രാബല്യമില്ലാതായി തീർന്നിരുന്നാൽതന്നെയും" എന്നതിന് മുന്നിലായി "2022 ആഗസ്റ്റ് 8-ാം തീയതി" എന്ന് ചേർക്കുക.

491. ഖണ്ഡം 12(ബി)-ൽ "പ്രാബല്യമില്ലാതായിതീർന്നതിനു" എന്നതിന് പകരം "പ്രാബല്യമില്ലാതായിതീർന്നതിന്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

490. ഖണ്ഡം 12(എ)-ൽ "നടപടിയോ" എന്നതിന് ശേഷം "നടപടികളോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതി അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 489, 491 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ദീർഘശീർഷകത്തിൽ " ആക്റ്റ്" എന്നതിന് പകരം " നിയമം" എന്ന് ചേർക്കുക.

117. ദീർഘശീർഷകത്തിൽ " ആക്റ്റ്" എന്നതിനു ശേഷം "ബോർഡിന്റെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി നിലനിർത്തുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

119. പീഠികയിൽ " കേരള" എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

121. പീഠികയിൽ " ഇതിനുശേഷം" എന്നതിന് പകരം "താഴെ" എന്ന് ചേർക്കുക.

130. പീഠികയിൽ " യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "അനുയോജ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

140. ഖണ്ഡം 1(1)-ൽ " പറയാം" എന്നതിനുപകരം "വിളിക്കാം" എന്ന് ചേർക്കുക.

141. ഖണ്ഡം 1(2)-ൽ " ഇത് " എന്നതിനുപകരം "ഈ ആക്റ്റ് " എന്ന് ചേർക്കുക.

144. ഖണ്ഡം 1(2)-ൽ " തീയതി" എന്നതിനു ശേഷം "മുതൽ" എന്ന് ചേർക്കുക.

147. ഖണ്ഡം 1(2)-ൽ " കരുതപ്പെടേണ്ടതാണ്." എന്നതിനു പകരം "കണക്കാക്കപ്പെടേണ്ടതാണ്. " എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ് സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. പീഠികയിൽ " ആക്റ്റ്" എന്ന് വരുന്നിടത്തെല്ലാം "നിയമം" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. പീഠികയിൽ "ഇതിനുശേഷം" എന്നതിന് പകരം "ഇനിപ്പറയുന്ന" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. പീഠികയിൽ " ആവശ്യങ്ങൾക്കായി" എന്നതിന് പകരം "വ്യവസ്ഥകൾ പ്രകാരം" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129. പീഠികയിൽ " ആവശ്യങ്ങൾക്കായി" എന്നതിന് പകരം "ആവശ്യത്തിന്" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

132. പീഠികയിൽ " യുക്തമായിരിക്കുകയാൽ;" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ;" എന്ന് ചേർക്കുക.

156. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക.

" (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ് ".

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

137. ഖണ്ഡം 1(1)-ൽ " ആക്റ്റിന് " എന്നതിനുപകരം "നിയമത്തിന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 111, 112 എന്നീ നമ്പർ ഭേദഗതികൾ ശീർഷകത്തിൽ ആയതിനാൽ ക്രമപ്രകാരമല്ല. 118-ാം നമ്പർ ഭേദഗതി 117-ാം നമ്പർ ഭേദഗതിക്കും 131-ാം നമ്പർ ഭേദഗതി 130-ാം നമ്പർ ഭേദഗതിക്കും 133-ാം നമ്പർ ഭേദഗതി 132-ാം നമ്പർ ഭേദഗതിക്കും 143, 145, 146 എന്നീ നമ്പർ ഭേദഗതികൾ 144-ാം നമ്പർ ഭേദഗതിക്കും 153 മുതൽ 155 വരെയുള്ള ഭേദഗതികൾ 156-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും 134, 135 എന്നീ നമ്പർ ഭേദഗതികൾ 132-ൽ അടങ്ങുന്നതിനാലും പ്രസ്തുത ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച 115, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 119, 121, 130, 140, 141, 144, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 132, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ആഗസ്റ്റ് മാസം 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 03.23-ന് പിരിഞ്ഞു.)

## അനുബന്ധം

(i) നക്ഷത്രചിഹ്നമിട്ട (*61) ചോദ്യത്തിന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ (ബി) പിരിവിന്റെ അനുബന്ധം

വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായി വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി വനസംരക്ഷണസമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് അവരെ പങ്കാളികളാക്കി വനപരിപാലന, വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തൽ, നിയമാനുസൃതവും നീതിപൂർവ്വവുമായി വനവിഭവങ്ങൾ വിനിയോഗിക്കൽ, വനസംരക്ഷണം മുതലായവ വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിൽ നിക്ഷിപ്തമാണ്.

കേരള സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതിയിൻകീഴിൽ ശോഷിത വനങ്ങളുടെ പുനരുദ്ധാരണം നഗരപ്രദേശങ്ങളിൽ വനാവരണം വർദ്ധിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടി നടത്തിവരുന്നു. ഇതിലൂടെ സമിതിയിലെ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കി വരുന്നു.

തടിയിതര വനവിഭവങ്ങളുടെ വിൽപ്പനയ്ക്കായി വനം വകുപ്പ് ആരംഭിച്ച വിപണന ശൃംഖലയാണ് "വനശ്രീ". ഇതിനായി FDA-കളുടെ നേതൃത്വത്തിൽ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെ അംഗങ്ങൾ ശാസ്ത്രീയമായ രീതിയിൽ വനവിഭവ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനം എന്നിവ നടത്തി വനവിഭവങ്ങൾ വനശ്രീ മുഖേന വിൽപ്പന നടത്തുന്നു. വനമേഖലയിൽനിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും യന്ത്രങ്ങളുടെ സഹായത്തോടെ കൂടുതൽ കാര്യക്ഷമതയോടുകൂടി മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും അതുവഴി വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും 'വനശ്രീ' മുഖാന്തരം ലഭ്യമാക്കുകയും ചെയ്യുന്നു.

കേന്ദ്ര സർക്കാർ ഏജൻസിയായ TRIDFED-ന്റെയും സംസ്ഥാന സർക്കാരിന്റെയും (75:25 CSS) ധനസഹായത്തോടെ ചെറുകിട വന വിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന MSP for MFP പദ്ധതിപ്രകാരം വനാശ്രിത സമൂഹം വനങ്ങളിൽനിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകി ന്യായമായ വില സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നടപടിയും കൂടാതെ നിലവിലുള്ള വനശ്രീകളുടെ വിപുലീകരണം, ആധുനികവൽക്കരണം, രൂപീകരണം എന്നിവയ്ക്കുള്ള ധനസഹായവും ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നുണ്ട്. ആയത് ടി സമിതികൾ വഴി നടപ്പാക്കുന്നു.

കൂടാതെ പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത സമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നു.

വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനപരിപാലന തത്വത്തിൻ കീഴിൽ സംസ്ഥാനത്ത് നിലവിൽ 60 ഇടങ്ങളിൽ വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന്റെയും പദ്ധതി പ്രദേശങ്ങളുടെ പരിപാലനത്തിന്റെയും ചുമതല നൽകിയിരിക്കുന്നത് പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്ന വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾക്കാണ്. ഇക്കോ ടൂറിസം പദ്ധതി പ്രദേശങ്ങളിൽ സന്ദർശക സുരക്ഷയ്ക്കായും പദ്ധതി പ്രദേശത്തിന്റെ പരിപാലനത്തിനും സംരക്ഷണത്തിനുമായി വനസംരക്ഷണ സമിതി ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചുവരുന്നു. ഇതുവഴി വനാശ്രിതരായ വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സഹായകരമാകുന്നു.

(ii) നക്ഷത്രചിഹ്നമിട്ട (*63) ചോദ്യത്തിന് ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ (എ) പിരിവിന്റെ വിശദാംശങ്ങൾ

പട്ടികജാതി വികസന വകുപ്പ്

- വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിച്ചുവരുന്നു.
- വിവിധ പദ്ധതികളിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുള്ള വീടുകളുടെ പൂർത്തീകരണത്തിനായി ഒന്നര ലക്ഷം രൂപ അനുവദിക്കുന്ന പ്രത്യേക ഭവന പൂർത്തീകരണ പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

- ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, ഭൂരഹിത ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും അനുവദിക്കുന്ന ആദിവാസി

പുനരധിവാസ മിഷൻ, പുനരധിവാസ മേഖലകളിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്ന ട്രൈബൽ റീഹാബിലിറ്റേഷൻ ഡെവലപ്മെന്റ് മിഷൻ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

- കേടുപാടുകൾ സംഭവിച്ച വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 1.50 ലക്ഷം രൂപ വരെ അർഹരായവർക്ക് അനുവദിക്കുന്ന ഭവനപുനരുദ്ധാരണ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(iii) പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 29-06-2022-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1029-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നൽകിയ പുതുക്കിയ മറുപടി

ഉപ്പുവെള്ള പ്രതിരോധ ബണ്ട്

(1029)ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം-2 ൽ ക്രമ നം. 720 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തുകയുടെ (400.00 ലക്ഷം രൂപ) ഇരുപത് ശതമാനം തുകയായ 80.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.